# സംഘസാഹിത്യത്തിൽ മുദ്രിതമായ ചേരസംസ്കൃതിയുടെ സവിശേഷതകൾ: 'എട്ടുത്തൊകൈ'യെ മുൻനിർത്തിയുള്ള പഠനം


മിഥുൻ കെ.എസ്.


കോഴിക്കോട് സർവ്വകലാശാലയിൽ മലയാളം
പി.എച്ച്.ഡി. ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന പ്രബന്ധം


മാർഗ്ഗദർശകൻ
ഡോ. പി.വി. പ്രകാശ് ബാബു

മലയാള വിഭാഗം
ശ്രീ കേരളവർമ കോളേജ്
(കോഴിക്കോട് സർവ്വകലാശാല)
തൃശൂർ



ജൂൺ 2015

Dr. P.V. Prakas Babu
Supervising Teacher
Department of Malayalam
Sree Keralavarma College,
Kanattukara Post,
Thrissur, Kerala - 680 011

## CERTIFICATE

This is to certify that the thesis entitled "സംഘസാഹിത്യത്തിൽ മുദ്രിതമായ ചേരസംസ്കൃതിയുടെ സവിശേഷതകൾ: 'എട്ടുത്തൊകൈ'യെ മുൻനിർത്തിയുള്ള പഠനം" submitted to University of Calicut for the fulfillment of the Degree of Doctorate of Philosophy in Malayalam is the orginal work carried out by Midhun K.S carried out in the Department of Malayalam Sree Kerala Varma College, Thrissur under my supervision and that the thesis has not been previously submitted for the award of any Degree, Diploma, Fellowship or other similar titles and it has not been published so far either in full or part.

THRISSUR — Dr. P.V. PRAKAS BABU

25.06.2015

**MIDHUN K.S**
Research Scholar
Department of Malayalam
Sree Kerala Varma College,
Kanattukara.P.O.
Thrissur, Kerala - 680 011

## DECLARATION

I hereby declare that the thesis entitled "**സംഘസാഹിത്യത്തിൽ മുദ്രിതമായ ചേരസംസ്കൃതിയുടെ സവിശേഷതകൾ: 'എട്ടുത്തൊകൈ'യെ മുൻനിർത്തിയുള്ള പഠനം**" submitted to University of Calicut for the fulfillment of the Degree of Doctorate of Philosophy in Malayalam is the original work carried out by me in the Department of Malayalam under the guidance of Dr. P.V. Prakas Babu, Supervising Teacher, Department of Malayalam, Sree Kerala Varma College, Thrissur -11 and it has not formed the basis full or partial for the award of any Degree, Diploma or other similar titles earlier and no part of the thesis has been published or sent for publication at the time of submission.

THRISSUR MIDHUN K.S

25.06 . 2015

# നന്ദി

ഈ പ്രബന്ധം തയ്യാറാക്കുന്നതിന്റെ ഓരോഘട്ടത്തിലും മാർഗ്ഗനിർദ്ദേശവും അതിനോടനുബന്ധിച്ചുള്ള സഹായങ്ങളും നൽകിയത് ശ്രീ വിവേകാനന്ദ കോളേജിലെ മലയാളവിഭാഗം മേധാവിയായ ഡോ.പി.വി. പ്രകാശ്ബാബുവാണ്. മാഷിനോടുള്ള എനിക്കുള്ള നന്ദിയും ആദരവും ഹൃദയഭാഷയിൽ പ്രകാശിപ്പിക്കുന്നു. ഈ പ്രബന്ധരചനയിൽ എന്നോടു സഹകരിച്ച ശ്രീ കേരളവർമ്മകോളേജിലെ പ്രിൻസിപ്പൾമാരായിരുന്ന പ്രൊഫ.കെ.ജയചന്ദ്രൻ, പ്രൊഫ.കെ.മധു എന്നിവരെയും ഇപ്പോഴത്തെ പ്രിൻസിപ്പലായ ലത ടീച്ചറെയും ഈയവസരത്തിൽ ഓർക്കുന്നു. പ്രബന്ധരചനയുടെ തുടക്കം മുതലേ സമയബന്ധിതമായി ഈ പ്രബന്ധം ചെയ്തു തീർക്കുവാൻ എന്നെ പ്രോത്സാഹിപ്പിക്കുകയും മറ്റ് സഹായങ്ങൾ ചെയ്തു തരികയും ചെയ്ത കേരളസർവ്വകലാശാലയിലെ എമിററ്റസ് ഫെല്ലോയും തൃശൂർ കേരളവർമ്മകോളേജിലെ മലയാളവിഭാഗം മുൻമേധാവിയുമായിരുന്ന ഡോ.എൻ.അനിൽകുമാർ, തൃശൂർ ശ്രീ കേരളവർമ്മ കോളേജിലെ മലയാളവിഭാഗം മേധാവി ഡോ.കെ.കൃഷ്ണകുമാരി, ശ്രീ കേരളവർമ്മ കോളേജിലെ അദ്ധ്യാപകരായ പ്രൊഫ.സി.കെ.പ്രസന്നൻ, ഡോ.വി.സി.സുപ്രിയ, ഡോ.രാജേഷ് എന്നിവരോടുള്ള കടപ്പാട് ഹൃദയപൂർവ്വം സ്മരിക്കുന്നു. പ്രബന്ധ രചനയിൽ അലട്ടിയിരുന്ന സംശയങ്ങളെ ദൂരീകരിക്കുകയും മുന്നോട്ടുള്ള വഴി വ്യക്തമായി കാണിച്ചു തരുകയും ചെയ്ത ഡോ സി.ആദർശിനെയും പ്രബന്ധ പൂരണത്തിനുവേണ്ടി കൃത്യമായ നിർദ്ദേശങ്ങൾ നൽകിയ ഗവൺമെന്റ് മോടൽ ഹയർ സെക്കണ്ടറി സ്ക്കൂളിലെ മലയാള വിഭാഗം അധ്യാപകനായ ഡോ.പി.എ.ഷാനിനെയും നന്ദിയോടെ ഓർക്കുന്നു. കൂടാതെ എസ്.കെ.വി.സി യിലെ മറ്റ് അദ്ധ്യാപകരോടും പ്രത്യേകിച്ച് ഡോ. ജയനിഷയോടും (വകുപ്പ് മേധാവി, സംസ്കൃത വിഭാഗം) ഈയവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

പ്രബന്ധ രചനയിൽ ഉണർവ്വും പ്രതീക്ഷയും നൽകി ഏതുസമയവും സഹായിച്ച മധുര കാമരാജ് സർവ്വകാലശാലയിലെ മലയാള വിഭാഗം അദ്ധ്യാപകരായ ഡോ.എം. സനൽകുമാർ, ഡോ.കെ. ശ്രീകുമാരി, ഡോ.ടി.ജിതേഷ് എന്നിവരോടുള്ള നന്ദി മനസ്സിൽ സൂക്ഷിക്കുന്നു.

ഈ പ്രബന്ധ പൂർത്തീകരണത്തിന് എന്നെ സഹായിക്കുകയും സംഘപാട്ടുകളുടെ വ്യാഖ്യാനങ്ങളിൽ വന്ന സംശയങ്ങളെ ദൂരികരിക്കുകയും അനുബന്ധ സഹായങ്ങൾ ചെയ്തതും തഞ്ചാവൂർ തമിഴ് സർവ്വകലാശാലയിലെ എന്റെ സുഹൃത്തുക്കളായ, മു. സതീഷ്കുമാർ, ലോ. ശരവണൻ, പാ. ജെനീഫാ റാണി, പി. ശാന്തി, കി. കോകില, പാ. ഭൂവന (അരിവിയൽ തമിഴ്വിഭാഗം) ന. പ്രകാശ്, താ. ബാലു (തമിഴ് വിഭാഗം) കോ. മതിവാനൻ, ഷൈലേഷ്, പാ. അരുൺരാജ് (പുരാവസ്തുശാസ്ത്ര വിഭാഗം) എന്നിവരോടും പൂനൈ ഡെക്കാൺ കോളേജിലെ ജി. മണികണ്ഠനോടും വാക്കുകൾക്കതീതമായ എന്റെ കൃതജ്ഞത അറിയിക്കുന്നു.

ഈ പഠനത്തിൽ ആവശ്യമായ ആകരസാമഗ്രികൾ ശേഖരിച്ചത് ശ്രീ കേരളവർമ്മ കോളേജ് ലൈബ്രറി, തഞ്ചാവൂർ തമിഴ് സർവ്വകലാശാല ലൈബ്രറി, തഞ്ചാവൂർ സരസ്വതി മഹാൽ ലൈബ്രറി, മൈസൂർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ലൈബ്രറി, കേരള സർവ്വകലാശാല തമിഴ്, മലയാള വിഭാഗം ലൈബ്രറി, കേരളസർവ്വകലാശാല സെൻട്രൽ ലൈബ്രറി പാളയം എന്നിവിടങ്ങളിലെ അധികാരികളോടും പ്രത്യേകിച്ച് ഡോ.പദ്മറാവു, ഡോ.ബി.വി. ശശികുമാർ എന്നീ അദ്ധ്യാപകരോടും ഇന്റർനാഷ്ണൽ സ്ക്കൂൾ ഓഫ് ദ്രവിഡിയൻ ലാംഗ്വേജസ് ഡയറക്ടറായ ഡോ.പണിക്കർ, സീനിയർ ഫെല്ലോയായ നടുവട്ടം ഗോപാലകൃഷ്ണൻ ലൈബ്രറേറിയനായ

ശ്രീമതി ബിന്ദുവിനോടും കെ.സി.എച്ച്.ആർ ഡയറക്ടറായ ഡോ. പി.ജെ. ചെറിയാനോടും എന്റെ നിസ്സീമമായ നന്ദി അറിയിക്കുന്നു. കൂടാതെ പ്രബന്ധ പൂരണത്തിനായി നിരന്തരം പ്രചോദിപ്പിക്കുകയും അനുബന്ധ സഹായങ്ങൾ ചെയ്തുതന്നവരുമായ പ്രിയപ്പെട്ട സുഹൃത്തുക്കളായ അനിതാബാലൻ, ഡോ.കെ. പി. ബിജു, (തത്ത്വചിന്താവിഭാഗം. എസ്.കെ.വി.സി, തൃശൂർ) പ്രൊഫ.ശരത്ചന്ദ്രൻ എ. ദിവാകരൻ (സസ്യ ശാസ്ത്രവിഭാഗം, എസ്.കെ.വി.സി,തൃശൂർ) സുമേഷ്.എൻ.വി (ജന്തുശാസ്ത്രവിഭാഗം, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട) ഡോ. കെ. സുനിൽ കുമാർ (രാഷ്ട്രമീമാംസ വിഭാഗം, എസ്.കെ.വി.സി, തൃശൂർ) പ്രൊഫ. അനൂപ്. കെ. ജി (വാണിജ്യവിഭാഗം, എസ്.കെ.വി.സി. തൃശൂർ), സന്തോഷ്. എം. ആർ (ബാബാ ആറ്റോമിക് റിസർച്ച് സെന്റർ, മൈസൂർ) ഷഹീർഷാ. എസ്. കെ, രേഷ്മ. കെ. യു (ഭൂമിശാസ്ത്ര വിഭാഗം) എന്നിവരോടും മലയാള വിഭാഗത്തിലെ ഗവേഷകരോടും എന്റെ നന്ദി അറിയിച്ചുകൊള്ളുന്നു.

തൃശൂർ

25.06.2015

മിഥുൻ.കെ.എസ്

# ഉള്ളടക്കം


| | |
|---|---|
| **ആമുഖം** | 1–6 |
| **ഭൂപടങ്ങൾ** | |
| **ചുരുക്കെഴുത്തുകൾ** | |
| **അദ്ധ്യായം 1. സാഹിത്യവും സംസ്ക്കാരപാരമ്പര്യവും** | **7–31** |
| **1.1 സാഹിത്യം** | 7–12 |
| 1.1.2 എഴുത്തുകാരനും എഴുത്തും | |
| 1.1.3 സാഹിത്യവും കാലവും | |
| **1.2 സംസ്ക്കാരം** | 12–17 |
| 1.2.1 സാഹിത്യവും സംസ്ക്കാരവും | |
| **1.3 പാരമ്പര്യം** | 17–19 |
| **1.4 സംസ്ക്കാരപഠനം** | 19–24 |
| 1.4.1 സംസ്ക്കാരപാരമ്പര്യ പഠനം | |
| **പിൻകുറിപ്പുകൾ** | 24–31 |
| **അദ്ധ്യായം 2. ദ്രാവിഡം** | **32–56** |
| **2.1 പദനിഷ്പത്തി** | 32–35 |
| **2.2 ദ്രാവിഡരുടെ ഉത്ഭവം, ആഗമനം, വ്യാപനം** | 35–48 |
| 2.2.1 മെഡിറ്ററേനിയൻ വാദം | |
| 2.2.2 ആഫ്രിക്കൻ വാദം | |
| 2.2.3 സൈന്ധവ സംസ്ക്കാര വാദം | |
| **2.3 തെക്കേ ഇന്ത്യയിൽ ദ്രാവിഡരുടെ ആഗമനകാലം** | 48–50 |
| **പിൻകുറിപ്പുകൾ** | 50–56 |
| **അദ്ധ്യായം 3. തമിഴകം** | **57–126** |
| **3.1 അതിരുകൾ** | 57–58 |
| **3.2 ഭാഷ** | 59–61 |
| 3.2.1ലിപി | |
| **3.3 ദേശങ്ങൾ** | 62–63 |
| 3.3.1 തെൻപാണ്ഡി | |
| 3.3.2 കുട്ടനാട് | |
| 3.3.3 കുടനാട് | |
| 3.3.4 കർക്കാനാട് | |
| 3.3.5 വേണാട് | |
| 3.3.6 പൂഴിനാട് | |
| 3.3.7 പൻറിനാട് | |
| 3.3.8 ചീതനാട് | |
| 3.3.9 മലാട് | |
| 3.3.10 പുനൽനാട് | |
| 3.3.11 തെക്കൻഅരുവാനാട് | |
| 3.3.12 വട അകുവാനാട് | |
| **3.4 രാജ്യങ്ങൾ** | 63–66 |
| 3.4.1 പാണ്ഡ്യരാജ്യം | |
| 3.4.2 ചോഴരാജ്യം | |
| 3.4.3 ചേരരാജ്യം | |
| 3.4.4 തൊണ്ടൈരാജ്യം | |
| 3.4.5 കൊങ്ങുരാജ്യം | |

| | |
|---|---|
| **3.5 നാട്ടുരാജ്യങ്ങൾ** | **66–69** |
| 3.5.1 കോസറകൾ | |
| 3.5.2 വേളിർരാജാക്കന്മാർ | |
| 3.5.3 ആയ് | |
| 3.5.4 അതിയാമാൻ | |
| 3.5.5 കാരി | |
| 3.5.6 ഓരി | |
| 3.5.7 പേകൻ | |
| 3.5.8 നള്ളി | |
| 3.5.9 നന്നൻ | |
| 3.5.10 നല്ലിയക്കോടൻ | |
| 3.5.11 പൊരുനൻ | |
| 3.5.12 പാണ്ഡ്യൻമാരൻ | |
| 3.5.13 തൊണ്ടൈമാൻ ഇളന്തികരൈയൻ | |
| 3.5.14 പാരി | |
| **3.6 സംഘകാല നിർണയം** | **70–83** |
| **3.6.1 ശാസനങ്ങൾ** | **70–75** |
| 3.6.1.1 അശോകശാസനം | |
| 3.6.1.2 തിരുക്കോവിലൂർ ശാസനം | |
| 3.6.1.3 ജംപൈശാസനം | |
| 3.6.1.4 പുകലൂർശാസനം | |
| 3.6.1.5 മാങ്കുളം ശാസനം | |
| 3.6.1.6 അഴകർ ശാസനം | |
| 3.6.1.7 ഹത്തികുംബാശാസനം | |
| 3.6.1.8 വേൾവിക്കുടിചെപ്പേട് | |
| 3.6.1.9 ചിന്നമണൂർ ചെപ്പേട് | |
| **3.6.2 നാണയങ്ങൾ** | **75–76** |
| 3.6.2.1 പാണ്ഡ്യപ്പെരുവഴുതി | |
| 3.6.2.2 ചേരർ ഇരുമ്പൊറൈ | |
| 3.6.2.3 മാകോതൈ | |
| 3.6.2.4 ചേന്തൻ | |
| **3.6.3 സ്മാരകങ്ങൾ** | **76–78** |
| **3.6.4 വിദേശസൂചനകൾ** | **78–81** |
| 3.6.4.1 ബാബിലോണിയ | |
| 3.6.4.2 ഈജിപ്ത് | |
| 3.6.4.3 ജൂതർ | |
| 3.6.4.4 അസീറിയ | |
| 3.6.4.5 നെപുസ്ടെനെതർ | |
| 3.6.4.6 ഗ്രീക്ക് | |
| 3.6.4.7 ടോളമി രാജാക്കന്മാർ | |
| 3.6.4.8 സ്ട്രാബോ | |
| 3.6.4.9 പ്ലിനിയസ് സെക്കൻഡൻസ് | |
| 3.6.4.10 പെരിപ്ലസ് എറിത്രയൻസി | |
| 3.6.4.11 ക്ലൗഡിയസ് ടോളമേയ്സ് | |
| 3.6.4.12 പ്യൂട്ടിംഗർ ടേബിൾ | |
| **3.7 സംഘകാലഘട്ടം** | **81–83** |
| **3.8 സംഘം** | **83–86** |
| 3.8.1 ആദ്യസംഘം | |

3.8.2 രണ്ടാം സംഘം

3.8.3 മൂന്നാം സംഘം

**3.9 സംഘസാഹിത്യം** **86–100**

**3.9.1 ഐന്തിണകൾ** **86–89**

3.9.1.1 കുറിഞ്ഞിനിലം

3.9.1.2 മുല്ലനിലം

3.9.1.3 പാലനിലം

3.9.1.4 മരുതനിലം

3.9.1.5 നെയ്തൽ

**3.9.2 എട്ടുത്തൊകൈ** **89–96**

3.9.2.1 നറ്റിണൈ

3.9.2.2. കുറുന്തൊകൈ

3.9.2.3 ഐങ്കുറുനൂറ്

3.9.2.4 കലിത്തൊകൈ

3.9.2.5 അകനാനൂറ്

3.9.2.6 പുറനാനൂറ്

3.9.2.7 പതിറ്റുപത്ത്

3.9.2.8 പരിപാടൽ

**3.9.3 പത്തുപ്പാട്ട്** **96–98**

**3.9.4 പതിനെൺ കീഴ്ക്കണക്ക്** **98–100**

**3.10 സംഘകാലസാമൂഹ്യ ജീവിതം** **100–116**

3.10.1 ജനത, മതവിശ്വാസം

3.10.2 സ്ത്രീ

3.10.3 ഈശ്വര സങ്കൽപ്പം

3.10.4 ഭരണം

3.10.5 രാജാവ്

3.10.6 യുദ്ധം

3.10.7 ഭക്ഷണം

3.10.8 മദ്യപാനം

3.10.9 കൈത്തൊഴിലും വസ്ത്രാഭരണാധികളും

3.10.10 വാണിജ്യം

3.10.11 ചിത്രകല

3.10.12 വിനോദങ്ങൾ

3.10.13 പാർപ്പിടം

**പിൻകുറിപ്പുകൾ** **116–126**

**അദ്ധ്യായം 4. സംഘകാല ചേരസംസ്ക്കാരം** **127–238**

**4.1 ചേരനാടിന്റെ അതിരുകൾ** **127–133**

4.1.1 തെക്ക്

4.1.2 വടക്ക്

4.1.3 പടിഞ്ഞാറ്

4.1.4 കിഴക്ക്

**4.2 ചേരനാടിന്റെ പ്രാചീനത** **133–135**

**4.3 കേരളമെന്ന പേര്** **135–137**

**4.4. സംസ്ക്കാരിക ചരിത്രത്തിന്റെ പ്രകൃതിഭൂമിക** **137–157**

4.4.1 തിണവ്യവസ്ഥ

4.4.2 മഴ

4.4.3 കൃഷി

**4.5. സംഘകാല ചേരസംസ്ക്കാരം** 157–200

**4.5.1 ജനവിഭാഗങ്ങൾ** 157–174

4.5.1.1 ഉഴവർ

4.5.1.2 ഗോസമുദായങ്ങൾ

4.5.1.3 വേട്ടയാടുന്ന സമുദായങ്ങൾ

4.5.1.3.1 വേട്ടയാടൽ

4.5.1.4 തച്ചൻ

4.5.1.5 കൊല്ലൻ

4.5.1.6 പരതവർ

4.5.1.7 വേളിർ

4.5.1.8 മറവർ

4.5.1.9 മള്ളർ

4.5.1.10 മഴവർ

4.5.1.11 പാണർ

4.5.1.12 വേലർ

4.5.1.13 അന്തണർ

**4.5.2 സാമൂഹ്യജീവിതം** 175–200

4.5.2.1 വിശ്വാസങ്ങൾ

4.5.2.2 സംസ്ക്കാരചടങ്ങുകൾ

4.5.2.3 ഉത്സവങ്ങൾ

4.5.2.4 നൃത്തങ്ങൾ

4.5.2.5 വാദ്യോപകരണങ്ങൾ

4.5.2.6. വിനോദങ്ങൾ

4.5.2.7. വസ്ത്രാഭരണങ്ങൾ

4.5.2.8. ഭക്ഷണം

**4.6 മലനാട്ടുഭാഷ** 201–234

4.6.1 സ്വനിമതലം

4.6.2. രൂപിമതലം

4.6.3. വ്യാകരണതലം

**പിൻകുറിപ്പുകൾ** 234–238

**അദ്ധ്യായം 5. ഉപസംഹാരം** 239–243

ഗ്രന്ഥസൂചി 244–265

**അനുബന്ധങ്ങൾ** 266–319

**1. സംഘസാഹിത്യ പ്രസാധന ചരിത്രം**

**2. സംഘകാല ചേരനാട്ടുകവികൾ**

**3. സംഘകാല ചേരരാജാക്കാന്മാർ**

**4. മലനാട്ടുവഴക്കങ്ങൾ**

**5. സംഘകാല ഉപാദാനങ്ങൾ**

**6. സംഘകാല ഉപാദാനചിത്രങ്ങൾ**

**7. സംഘകാല ചേരരാജ്യം (ഭൂപടം)**

**8. സാങ്കേതിക പദസൂചി**

# ചുരുക്കെഴുത്തുകൾ

| | | |
|---|---|---|
| അകനാനൂറ് | – | അകം. |
| ആഖ്യാതം | – | ആഖ്യാ. |
| ഇച്ഛാവാചി | – | ഇച്ഛാ.വാ. |
| ഐങ്കുറുനൂറ് | – | ഐങ്കു. |
| കലിത്തൊകൈ | – | കലി. |
| കർത്താവ് | – | കർത്താ. |
| കുറുഞ്ചിപ്പാട്ട് | – | കുറിഞ്ചി. |
| കുറുന്തൊകൈ | – | കുറു. |
| ക്രിയാനാമം | – | ക്രി.നാ. |
| ചിറുപാണാറ്റുപട | – | ചിറു. |
| ചേർന്ന ധാതു | – | ചേ.ധാ. |
| ചേർന്ന വിഭക്തി | – | ചേ.വി. |
| തദ്ധിത നാമം | – | തദ്ധി.നാ. |
| തിരുതൊണ്ടാർ പുരാണം | – | തിരു.തൊ.പു. |
| തിരുമുരുമാറ്റുപട | – | തിരു. |
| തൊൽക്കാപ്പിയം | – | തൊൽ. |
| തൊൽക്കാപ്പിയം എഴുത്തധികാരം | – | തൊൽ. എഴു. |
| തൊൽക്കാപ്പിയം ചൊല്ലധികാരം | – | തൊൽ.ചൊൽ. |
| ധാതു | – | ധാ. |
| നറ്റിണൈ | – | നറ്റി. |
| നടുവിനയച്ചം | – | നടു.വി. |
| നാമം | – | നാ. |
| നാമവിശേഷണം | – | നാ.വി. |
| നാമവിശേഷണ ധാതു | – | നാ.വി.ധാ. |
| നിപാതം | – | നിപാ. |
| നെടുനെൽവാട | – | നെടു. |
| പതിറ്റുപ്പത്ത് | – | പതി. |
| പരിപാടൽ | – | പരി. |
| പട്ടിനിപ്പാല | – | പട്ടിനി. |
| പുറനാനൂറ് | – | പുറം. |
| പൂർണ്ണക്രിയ | – | പൂ.ക്രി. |
| പെരുമ്പാണാറ്റുപ്പട | – | പെരു. |
| പൊരുനാരാറ്റുപ്പട | – | പൊരു. |
| പേരച്ചം | – | പേ. |
| പേരച്ചധാതു | – | പേ.ധാ. |
| മധുരക്കാഞ്ചി | – | മധുര. |
| മലൈപ്പടുകടാം | – | മലൈ. |
| മുല്ലപ്പാട്ട് | – | മുല്ല. |
| യുക്തരൂപം | – | യുക്ത.രൂ. |
| രൂപാഖ്യാതക്രിയ | – | രൂപാ.ക്രി. |
| വിനയച്ചം | – | വിന. |
| വിഭക്തിധാതു | – | വി.ധാ. |

## ഭൂപടങ്ങൾ


| | | | |
|---|---|---|---|
| 1. | സഹാറൻ സംസ്ക്കാരത്തിന്റെ വ്യാപനം | – | 44 |
| 2. | തമിഴകം | – | 58 |
| 3. | ദ്രാവിഡ ഭാഷകളുടെ വ്യാപനം | – | 61 |
| 4. | ചേരനാടിന്റെ അതിരുകൾ | – | 130 |

Midhun K.S. “The attributes of the Chera culture as engraved in sangam literature : A study through ‘ettuthokai' “ Thesis. Department of Malayalm of Sree keralavarma college, University of Calicut, 2015.

# ആമുഖം

പ്രാചീന തമിഴകത്തിന്റെ സുവർണ്ണകാലമാണ് സംഘകാലഘട്ടം. ഈ കാലഘട്ടത്തിലെഴുതപ്പെട്ട സാഹിത്യകൃതികളാണ് സംഘം കൃതികളെന്ന് പൊതുവെ അറിയപ്പെടുന്നത്. ചേര ചോഴ പാണ്ഡ്യദേശങ്ങൾ ചേർന്ന തമിഴകത്തിൽ പ്രചാരത്തിലിരുന്ന സാഹിത്യഭാഷയായ ചെന്തമിഴിലാണ് ഈ കൃതികളെഴുതപ്പെട്ടത്. കേവലം സാഹിത്യകൃതികൾ എന്നതിലുപരി ദേശസംസ്ക്കാരവുമായി അഭേദ്യബന്ധമുള്ള ഈ കൃതികൾ വിശാല തമിഴകത്തിന്റെ സാംസ്ക്കാരിക ചരിത്രാംശങ്ങൾ മനസ്സിലാക്കാനുള്ള മുഖ്യ ഉപാദാനങ്ങളാണ്. എട്ടാം നൂറ്റാണ്ടിലെഴുതപ്പെട്ട *ഇറൈനാർ അകപ്പൊരുളി*ലാണ് സംഘത്തെപ്പറ്റി ആദ്യമായി പരാമർശിച്ചു കാണുന്നത്.

സംഘകൃതികളെ 'എട്ടുത്തൊകൈ' 'പത്തുപ്പാട്ട്' എന്നീ രണ്ടു പ്രധാന സമുച്ചയങ്ങളായാണ് വിഭജിച്ചിരിക്കുന്നത്. എട്ടുത്തൊകൈ എന്നത് എട്ടു പ്രത്യേക ഗ്രന്ഥസമൂഹങ്ങളായി ശേഖരിക്കപ്പെട്ടിട്ടുള്ള 2421 ചെറിയ പാട്ടുകളുടെയും പത്തുപ്പാട്ട് തനിത്തനിയായി നിൽക്കുന്ന പത്തു ദീർഘപാട്ടുകളുടെയും സമാഹാരങ്ങളാണ്. എട്ടുത്തൊകൈയിൽ നറ്റിണൈ, കുറുന്തൊകൈ, ഐങ്കുറുനൂറ്, പതിറ്റുപ്പത്ത്, പരിപാടൽ, കലിത്തൊകൈ, അകനാനൂറ്, പുറനാനൂറ് എന്നിവയും പത്തുപ്പാട്ടിൽ തിരുമുരുകാറ്റുപ്പട, പൊറുനാരാറ്റുപ്പട, ചിറ്റുപാണാറ്റുപ്പട, പെരുമ്പാണാറ്റുപ്പട, മുല്ലപ്പാട്ട്, മധുരക്കാഞ്ചി, നെടുനെൽവാട, കുറിഞ്ചിപ്പാട്ട്, പട്ടിനിപ്പാല, മലൈപടുകടാം എന്നിവയും ഉൾപ്പെടുന്നു. സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളുടെ ഏറെക്കുറെ വിശ്വാസയോഗ്യമായ വസ്തുതകളും സാമ്പത്തിക ജീവിതത്തിന്റെ യഥാർത്ഥചിത്രങ്ങളും സംഘകൃതികളിൽ നിന്നും ലഭിക്കുന്നുണ്ട്. അന്നത്തെ മനുഷ്യരുടെ ജീവിതരീതിയും ജീവിതാനന്ദങ്ങളും പരിവേദനങ്ങളും യുദ്ധവീര്യവും ആഹാര്യ ആചാര്യ സവിശേഷതകളുമെല്ലാം സംഘം കൃതികളിൽ പ്രതിഫലിക്കുന്നുണ്ട്. ഈ പ്രാചീന കാലഘട്ടത്തിലെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക ജീവിതത്തെപ്പറ്റി മനസ്സിലാക്കാൻ കഴിയുന്ന പ്രധാന ചരിത്രരേഖകളാണ് സാഹിത്യകൃതികൾകൂടിയായ സംഘം കൃതികൾ.

പണ്ടത്തെ വിശാല തമിഴകത്തിന്റെ ഒരു ഭാഗമായിരുന്നു ചേരനാട് അഥവാ ഇന്നത്തെ കേരളം മിക്കവാറും കേരളത്തിന്റെ അതിർത്തിയിൽപ്പെട്ട നാടുകളെയാണ് സംഘകാലത്ത് 'ചേരം' എന്ന് വിളിച്ചിരുന്നത് വേണാട്, കർക്കാനാട്, കുട്ടനാട്, കുടനാട്, പൂഴിനാട് എന്നിവയാണ് ചേരനാട്ടിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങൾ. പിന്നീട് ചേരരാജ്യത്തിന്റെ വിസ്തൃതി വർദ്ധിച്ചതായി ചരിത്രരേഖകൾ സൂചിപ്പിക്കുന്നുണ്ട്. സംഘകൃതികൾ എഴുതപ്പെട്ട കാലഘട്ടത്തിൽ ഒരു പൊതുസാഹിത്യഭാഷയാണ് തമിഴകത്തിൽ നിലനിന്നിരുന്നത്. ചേരരാജ്യത്തിലെ പല കവികളും സംഘസാഹിത്യത്തിലേക്ക് സംഭാവന ചെയ്തവരാണ്. അതുകൊണ്ട്, ഒരു പൊതുസാഹിത്യഭാഷയിൽ എഴുതപ്പെട്ടതും, ചേരനാട്ടുകവികളുടെ സംഭാവനകൾ ഉള്ളതുകൊണ്ടും ഈ ദ്രാവിഡ കാവ്യപാരമ്പര്യം തമിഴരുടെ മാത്രമല്ല കേരളീയരുടെയും കൂടി സാഹിത്യ പൈതൃകത്തിന്റെ സുപ്രധാനമായ ഭാഗമാകുന്നു.

**പ്രബന്ധശീർഷകം**

'സംഘസാഹിത്യത്തിൽ മുദ്രിതമായ ചേരസംസ്കൃതിയുടെ സവിശേഷതകൾ: 'എട്ടുത്തൊകൈ'യെ മുൻനിർത്തിയുള്ള പഠനം' എന്നതാണ് പ്രബന്ധശീർഷകം. 'എട്ടു

ത്തൊകൈ'യിലെ പാട്ടുകളിൽ പരാമർശിക്കപ്പെടുന്ന ചേരനാട്ടിലെ സാംസ്കാരിക സവി ശേഷതകൾ എന്തൊക്കെയാണെന്ന് കണ്ടെത്തി കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യ ത്തോട് അത് എത്രത്തോളം ബന്ധപ്പെട്ടു കിടക്കുന്നു എന്ന് പരിശോധിക്കുകയാണ് ഇതി ലൂടെ ചെയ്യുന്നത്.

**പഠനമേഖല**

സംഘസാഹിത്യത്തിൽ ഉൾപ്പെട്ട എട്ടുത്തൊകൈയിലെ പാട്ടുകളെ അടിസ്ഥാന മാക്കിയാണ് ഈ പഠനം നിർവ്വഹിച്ചിരിക്കുന്നത്. ഇതിൽ തന്നെ ചേരരാജ്യവുമായി ബന്ധ പ്പെട്ടുകിടക്കുന്ന പാട്ടുകൾ, ചേരദേശത്തിലെ കവികളെഴുതിയ പാട്ടുകൾ, ചേരരാജാക്കൻമാരെ പറ്റിപാടിയ പാട്ടുകൾ, ചേരരാജാക്കന്മാർ പാടിയ പാട്ടുകൾ, ചേരദേശവും പ്രദേശങ്ങളും കട ന്നുവരുന്ന പാട്ടുകൾ എന്നിങ്ങനെ തരംതിരിച്ച് പഠിച്ചിരിക്കുന്നു. ഇപ്രകാരം മൂന്നൂറ്റിപതി നാല് പാട്ടുകൾ ചേരരാജ്യവുമായി ബന്ധപ്പെടുന്നുവെന്ന് *ചേരവേന്തർ ചെയ്യുട്കോവൈ* (1947) എന്ന ഗ്രന്ഥത്തിൽ എം.രാഘവയ്യങ്കാർ രേഖപ്പെടുത്തുന്നു. ചേരരാജ്യവുമായി ബന്ധപ്പെട്ട പാട്ടുകളെക്കുറിച്ച് വിശദമായി പഠിച്ച അവ്വൈ ദുരൈസ്വാമിപ്പിള്ള (2002), എം.ഇ.മാണിക്യവാ സകംപിള്ള (1970) എന്നിവർ അകനാനൂറ് പുറനാനൂറ് എന്നിവയിലെ ചിലപാട്ടുകളെയും ഐങ്കൂറുനൂറിനെയും ചേരകൃതിയായി ഉൾപ്പെടുത്തി ആകെ എഴുനൂറ്റി ഇരുപത്തിരണ്ട് പാട്ടു കൾ ചേരരാജ്യവുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് കണ്ടെത്തുന്നു. ഈ എഴുനൂറ്റി ഇരു പത്തി രണ്ട് പാട്ടുകളെയാണ് സവിശേഷമായി ഈ പഠനമേഖലയിൽ ഉൾക്കൊള്ളിച്ചിരി ക്കുന്നത്.

**പ്രസക്തിയും പ്രാധാന്യവും**

എട്ടുത്തൊകൈയിലെ പാട്ടുകളെ മുൻനിർത്തി നിരവധി ചരിത്രപഠനങ്ങൾ തമിഴിലും ഇംഗ്ലീഷിലും വന്നിട്ടുണ്ടെങ്കിലും പ്രകൃതി, സംസ്കാരം, ഭാഷ എന്നീ മൂന്നു ഘടകങ്ങളെ അടിസ്ഥാനമാക്കി ചേരരാജ്യത്തിന്റെ സാംസ്കാരിക ചരിത്രത്തെ കണ്ടെത്താനുള്ള വിശദ മായ പഠനങ്ങളൊന്നും നടന്നതായി അറിയുന്നില്ല. തമിഴകമെന്ന ഒരൊറ്റ സംസ്കാരത്തിലാ യിരുന്ന ആദി ചേരരാജ്യത്തിന്റെ സാംസ്കാരിക സവിശേഷതകൾ പിൽക്കാല കേരളം ഒരു പരിധിവരെ പിൻതുടരുന്നുണ്ട്. കേരളത്തിന്റെ സാംസ്കാരിക ഘടകങ്ങൾക്ക് തമിഴക സംസ്കാരത്തിൽ നിന്നുള്ള തുടർച്ച കണ്ടെത്തുകവഴി കേരളത്തിന്റെ സാംസ്കാരിക പാര മ്പര്യത്തിന് സംഘകാലത്തിൽ വേരുകൾ ഉണ്ടെന്ന് കണ്ടെത്തുകയാണ് ഈ പഠനത്തിൽ ചെയ്യുന്നത്. ഇപ്രകാരം കേരളത്തിന്റെ പാരമ്പര്യ സത്തയെ തിരിച്ചറിയന്നു എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി.

**പൂർവ്വപഠനങ്ങൾ**

സംഘസാഹിത്യത്തെക്കുറിച്ചും, സാംസ്കാരത്തെക്കുറിച്ചും വിശദമായ പഠനങ്ങൾ നടത്തിയവരിൽ ഭൂരിഭാഗവും തമിഴ് പണ്ഡിതരാണ്. പഠനങ്ങൾ നടത്തിയവരിൽ പ്രമുഖർ, എം.രാഘവയ്യങ്കർ, അവ്വൈ. ദുരൈസ്വാമിപിള്ള, എം.ഇ. മാണിക്യവാസകം പിള്ള, വി.പി.പു രുഷോത്തം എൽ.വി.രാമസ്വാമി അയ്യർ എന്നിവരാണ്. ഈ പണ്ഡിതന്മാരുടെ പഠനങ്ങൾ സംഘപ്പാട്ടുകളെ ചേരസംസ്കാരവുമായി ബന്ധപ്പെടുത്തുന്നവയാണ്. എം.രാഘവയ്യങ്കാ രുടെ *'Some Aspects of Kerala and Tamil Literature Part I & Part II (1948, 1950) ചേരവേന്തർ*

*ചെയ്യുട്ക്കോവൈ (1947)* എന്നീ കൃതികൾ ചേരസംസ്കാരത്തെക്കുറിച്ച് പഠിക്കുന്ന ആദ്യമാതൃകകളാണ്. *Some Aspects of Kerala and Tamil Literature* എന്ന കൃതിയിൽ ചേരരാജ്യത്തിലെ ഭാഷയുടെയും ഉത്സവങ്ങളുടെയും ജാതികളുടെയും പ്രത്യേകതളെ, ചൂണ്ടിക്കാണിക്കുന്നുണ്ട്. *'ചേരവേന്തർ ചെയ്യുട്ക്കോവൈ'* എന്ന ഗ്രന്ഥത്തിൽ ചേരരാജ്യവുമായി ബന്ധപ്പെട്ട പാട്ടുകളെ ചരിത്രപശ്ചാത്തലത്തിൽ വിശദമായി പഠിച്ചിരിക്കുകയാണ്. ദുരൈസ്വാമിപ്പിള്ളയുടെ *'ചേരമന്നർ വരലാറ്' (2002)* എന്ന ഗ്രന്ഥം ചേരരാജാക്കന്മാരെ പറ്റിയുള്ള ചരിത്രഗ്രന്ഥമാണെങ്കിലും ചേരസംസ്ക്കാരത്തെപറ്റിയും ഇതോടൊപ്പം പഠിക്കാൻ ശ്രമിക്കുന്നുണ്ട്. മാണിക്യവാസകം പിള്ളയുടെ *Culture of the Ancient Cheras: A Study in Cultural Reconstruction (1970)* എന്ന ഗ്രന്ഥം ചേരസംസ്ക്കാരത്തെ വിശദമായി പ്രതിപാദിക്കുന്ന കൃതിയാണ്. ചേരരാജ്യത്തിലെ സാമൂഹ്യജീവിതം, മതം, ജാതി, ആചാരങ്ങൾ, ഉത്സവങ്ങൾ തുടങ്ങി എല്ലാ സാംസ്ക്കാരിക സവിശേഷതകളെയും ഈ കൃതി പഠനവിധേയമാക്കുകയും കേരളത്തിന്റെ സംസ്ക്കാരവുമായി അവയ്ക്കുള്ള ബന്ധം എപ്രകാരമാണെന്നും പഠിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ ചേരനാടിന്റെ പ്രകൃതി സവിശേഷതകളെയോ ഭാഷാ പ്രത്യേകതകളെയോ ഈ പഠനത്തിൽ പരാമർശിക്കുന്നില്ല. എൽ.വി.ആറിന്റെ *Pictures of Ancient Kerala Life (1942)* എന്ന ലേഖനത്തിൽ ചേരരാജ്യത്തിന്റെതും ഇന്നും കേരളത്തിൽ നിലവിലുള്ളതുമായ ചില സാംസ്ക്കാരിക സവിശേഷതകളെ കണ്ടെത്താനുള്ള ശ്രമമാണ്. വി.പി. പുരുഷോത്തം *സംഘമന്നർ കാലൈനിലൈ (1989)* എന്ന ഗ്രന്ഥത്തിൽ ചേരരാജ്യക്കന്മാരെയും അവരുടെ ഭരണചരിത്രത്തെയും വിശദമായി പഠിച്ചിരിക്കുകയാണ്, ആനുഷംഗികമായി ചേരനാടിന്റെ സവിശേഷതകളെയും സൂചിപ്പിക്കുന്നുണ്ട്. കൂടാതെ സു.വേ.നടരാജന്റെ *ചേരർ തിരുനാട് (1968)*, പെ.രാമലിംഗത്തിന്റെ *കരവൂരെ വഞ്ചി - പഴയ ചേരതലൈനഗർ (1977)*, അർദ്ധനാരീശ്വർ ചിദംബനാർ എഴുതിയ *ചേരർ വരലാറ് (1962)* സി.ബാല്യസുബ്രഹ്മണ്യന്റെ *A Study of the Literature of Cera County up to 11th Centuary AD (1980)*, കെ.ജി. ശേഷയ്യരുടെ *Cera Kings of the Sangam Period (1937)* മ.പശുമലിംഗത്തിന്റെ *സംഘകാലവഞ്ചി: സംഘകാലത്തിൽ വഞ്ചിയും കരവൂരും (1984)* നാല്വാർ ച സോമസുന്ദരഭാരതീയരുടെ *Chera Kingdom and Cheras of Yore (1979)* കൃഷ്ണസ്വാമി അയ്യങ്കാരുടെ *ചേരൻ വഞ്ചി (1940)* തുടങ്ങി നിരവധികൃതികൾ ചേരരാജ്യവുമായി ബന്ധപ്പെട്ട കൃതികളാണെങ്കിലും ഇവയെല്ലാം ചരിത്രകൃതികളായി മാത്രം ഒതുങ്ങി നിൽക്കുന്നവയാണ്. മലയാളത്തിൽ ഇളംകുളം കുഞ്ഞൻപിള്ള, കേസരി ബാലകൃഷ്ണപിള്ള, മേലങ്ങത്ത് നാരായണൻകുട്ടി, എ.ശ്രീധരമേനോൻ, പി.കെ.ഗോപാലകൃഷ്ണൻ, എസ്.കെ. വസന്തൻ തുടങ്ങിയവർ സംഘകൃതികളിൽ നിന്ന് കേരളചരിത്രത്തെയും സംസ്ക്കാരത്തെയും കണ്ടെത്താൻ ശ്രമിച്ചവരാണ്. പക്ഷേ ഈ പഠനങ്ങളൊക്കെ കേരളചരിത്രത്തെ പഠിക്കുമ്പോൾ മാത്രം പരാമർശിച്ചുപോകുന്ന അദ്ധ്യായങ്ങളായി മാത്രം ചുരുങ്ങിപോകുന്നു. പൂർവ്വ പഠനങ്ങളിൽ നിന്ന് വ്യത്യസ്തമായി സംഘംകൃതികളിൽ നിന്ന് കണ്ടെത്തുന്ന ചേരരാജ്യത്തിന്റെ പ്രകൃതി, സംസ്ക്കാരം, ഭാഷ എന്നീ സവിശേഷതകളെ ഒരുമിച്ച് 'ചേരസംസ്കാരം' എന്ന തലക്കെട്ടിൽ ഗൗരവപൂർവ്വം സമീപിക്കുകയും ഇവയ്ക്ക് ഇന്നത്തെ കേരളവുമായുള്ള ബന്ധത്തെ അന്വേഷിക്കുയാണ് പഠനത്തിലൂടെ ചെയ്യുന്നത്.

**പഠനരീതി**

സാഹിത്യകൃതികളിൽ നിന്ന് സാംസ്കാരികാംശങ്ങളെ കണ്ടെത്തുന്ന പഠനരീതിയാണ് ഈ പ്രബന്ധത്തിൽ അവലംബിച്ചിരിക്കുന്നത്. സംഘകാലസാഹിത്യകൃതികളിൽ പരാമർശി

ക്കുന്ന സാംസ്ക്കാരിക ഘടകങ്ങളെ ഇഴപിരിച്ച് അടയാളപ്പെടുത്തുകയും അവ എപ്രകാരം ഇന്നത്തെ കേരളവുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് രേഖപ്പെടുത്തുകയുമാണ് ഈ പഠന ത്തിലൂടെ ഉദ്ദേശിക്കുന്നത്. സാഹിത്യത്തെ സാംസ്ക്കാരത്തിന്റെ പ്രതിനിധാനമായി മനസ്സി ലാക്കുന്ന ഒരു സമീപനമാണ് ഈ പഠനത്തെ നിർണ്ണയിക്കുന്നത്. ഭൂതകാലത്തേയും വർത്ത മാനകാലത്തേയും തമ്മിൽ ബന്ധിപ്പിക്കുന്നവയായി സാഹിത്യകൃതികളിലെ സാംസ്ക്കാരിക ഘട കങ്ങളെ കണ്ട് 'സാംസ്കാരിക പാരമ്പര്യ പഠനം' എന്ന നിലയിലാണ് ഈ പഠനം നിർവ്വഹി ച്ചിരിക്കുന്നത്.

സംഘസാഹിത്യത്തെ സമഗ്രാവലോകനത്തിന് വിധേയമാക്കി പഠനമേഖലയായ എട്ടു ത്തൊകൈയുടെ പ്രാധാന്യം വ്യക്തമാക്കി അതിലെ ചേരപാട്ടുകളെ സൂക്ഷ്മ വിശകലനം ചെയ്ത്, സംഘസാഹിത്യത്തിന്റെ കാലവും പ്രാധാന്യവും മൂല്യവും ചരിത്രാടിസ്ഥാനത്തിൽ മന സ്സിലാക്കുകയും സംഘപ്പാട്ടുകൾ ചരിത്രത്തിന്റെ/ആ പ്രത്യേക കാലഘട്ടത്തിന്റെ ഉത്പന്നങ്ങളാ ണെന്ന് കണ്ടെത്തുകയും ചെയ്യുന്നു. സാധാരണ സാഹിത്യകൃതികളിൽ നിന്ന് ചരിത്രാംശ ങ്ങളെ കണ്ടെത്തുമ്പോൾ പഠനത്തിലെ ചരിത്രവസ്തുതകൾ സാഹിത്യകൃതികളിൽ മാത്രം ഒതുങ്ങി പോകാറുണ്ട്, അതുകൊണ്ടാണ് സംഘകാലഘട്ടത്തിനു സമാന്തരമായുള്ള പൗരസ ത്യവും പാശ്ചാത്യവുമായ ചരിത്ര രേഖകളെ ഈ പഠനത്തിനായി ഉപയോഗിക്കുന്നത്. കൂടാതെ സംഘകാലവുമായി ബന്ധപ്പെട്ട ശാസനങ്ങൾ, ചെപ്പേടുകൾ, നാണയങ്ങൾ, സ്മാരകങ്ങൾ, വിദേശസഞ്ചാരികളുടെ കുറിപ്പുകൾ എന്നിവയും ഈ പഠനമേഖലയുമായി ബന്ധപ്പെട്ടുകിട ക്കുന്ന ആധാര രേഖകളാണ്.

ഈ പഠനത്തിന്റെ പ്രാഥമിക ഉപാദാനങ്ങൾ സംഘംകൃതികളുടെ മൂലകൃതികളാണ്. ഇതിനായി സ.വേ.സുബ്രഹ്മണ്യൻ പരിശോധിച്ച് പുറത്തിറക്കിയ *'തമിഴ് ചെവ്വിയൽ നൂൽകൾ മൂലം മുഴുവതും (തമിഴ് ക്ലാസിക്കൽ കൃതികൾ മൂലം മുഴുവനും) (2008)* എന്ന ഗ്രന്ഥത്തെ യാണ് ആശ്രയിച്ചിരിക്കുന്നത്. ദ്വിതീയതൃതീയ ഉപാദാനങ്ങളായി സംഘകൃതികളുടെ വ്യാ ഖ്യാനങ്ങളെയും അവയെ കുറിച്ചുള്ള പഠനങ്ങളെയും ഒപ്പം ചരിത്രരേഖകളെയും എടുത്തി രിക്കുന്നു. പുറനാനൂറ്, പതിറ്റുപ്പത്ത് എന്നീ കൃതികൾക്ക് മലയാളത്തിലുള്ള വ്യഖ്യാനങ്ങ ളായ യഥാക്രമം വി.ആർ. പരമേശ്വരൻ പിള്ളയുടെയും (1997) ജി. വൈദ്യനാഥ അയ്യരുടെയും (1997) മറ്റ് ആറ് കൃതികൾക്ക് തമിഴിലുണ്ടായ വ്യാഖാനങ്ങളായ കലിത്തൊകൈ (നാച്ചിനാർ ക്കിനിയർ,1987) ഐങ്കുറനൂറ് (ഉ.വേ.സ്വാമിനാഥയ്യർ, 1957) കുറുന്തൊകൈ (രാ.രാഘവയ്യങ്കാർ, 1993) നറ്റിണൈ (വിദ്വാൻ.എച്ച്.വേങ്കടരാമൻ, 1989) പരിപാടൽ (പുലിയൂർ കേസിൻ, 2009) അകനാനൂറ് (നാ.വു.വേങ്കടസ്വാമി നാട്ടാർ, രാ.വേങ്കടാചലം പിള്ള, 1969) എന്നിവയെയുമാണ് ആശ്രിയിച്ചിരിക്കുന്നത്.

**പ്രബന്ധസംവിധാനം**

ഈ പഠനത്തെ ആമുഖം കൂടാതെ അഞ്ചദ്ധ്യായങ്ങളായാണ് ക്രമീകരിച്ചിരിക്കുന്നത്. *'സാഹിത്യവും സംസ്ക്കാരപാരമ്പര്യവും'* എന്ന ഒന്നാം അദ്ധ്യായത്തിൽ സാഹിത്യം, സംസ്ക്കാരം പാരമ്പര്യം ഇവ എന്താണെന്ന് വിശദീകരിച്ച് സാഹിത്യവും സംസ്ക്കാരവും തമ്മിലുള്ള ബന്ധം എപ്രകാരമാണെന്നും പഠിച്ചിരിക്കുന്നു. തുടർന്ന് സംസ്ക്കാരപഠനത്തെ

ക്കുറിച്ച് വിശദമാക്കുകയും സംസ്ക്കാരപാരമ്പര്യ പഠനം എന്താണെന്ന് വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. ഈ അദ്ധ്യായത്തിന്റെ അവസാനം സാഹിത്യത്തിൽനിന്ന് സംസ്ക്കാരികചരിത്രം കണ്ടെത്തുന്ന ചില പഠനങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്യുന്നു. '*ദ്രാവിഡ*'മെന്ന രണ്ടാം അദ്ധ്യായത്തിൽ 'ദ്രാവിഡം' എന്ന പദത്തിന്റെ നിഷ്പത്തിയെക്കുറിച്ചും ദ്രാവിഡജനതയുടെ വരവിനെപ്പറ്റിയുള്ള പ്രധാനപ്പെട്ട സിദ്ധാന്തങ്ങളായ പ്രോട്ടോസ ഹാറീയൻ, ആഫ്രിക്കൻ, മെഡിറ്ററേനിയൻ, സൈന്ധവ സംസ്ക്കാരബന്ധം എന്നിവയേയും ദക്ഷിണേന്ത്യയിലെ ദ്രാവിഡരുടെ കുടിയേറ്റകാലത്തേയും വിശദമാക്കിയിരിക്കുന്നു. മൂന്നാം അദ്ധ്യായമായ '*തമിഴക*'ത്തിൽ 'തമിഴകം' എന്ന ഭൂമേഖലയുടെ അതിരുകൾ, ഭാഷ, ലിപി, ദേശങ്ങൾ സംഘകാല ഉപാദാനങ്ങൾ, സംഘകാലം, സംഘം, സംഘംകൃതികൾ, സംഘകാലസംസ്ക്കാരം എന്നിവയെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. '*സംഘകാലചേരസംസ്കാരം*' എന്ന മുഖ്യ അദ്ധ്യായത്തിൽ ആദ്യം ചേരനാടിന്റെ അതിരുകൾ, ചേരനാടിന്റെ പഴമ എന്നിവ വിവരിച്ചതിനുശേഷം *സാംസ്ക്കാരിക ചരിത്രത്തിന്റെ പ്രകൃതിഭൂമിക, സംഘകാലചേരസംസ്ക്കാരം, മലനാട്ടു ഭാഷ* എന്നിങ്ങനെ മൂന്നായി തരംതിരിച്ചാണ് പഠിച്ചിരിക്കുന്നത്. ഇതിൽ *സാംസ്ക്കാരിക ചരിത്രത്തിന്റെ പ്രകൃതി ഭൂമിക*' എന്ന ഒന്നാം ഭാഗത്തിൽ ചേരനാടിന്റെ ഭൂപ്രകൃതി എപ്രകാരമാണ് സംഘകൃതികളിൽ പരാമർശിക്കപ്പെടുന്നതെന്നും അത് എപ്രകാരമാണ് ചേരനാടിന്റെ സംസ്ക്കാരത്തെയും സാമ്പത്തിക സ്ഥിതിയെയും സ്വാധീനിച്ചതെന്നും വിശദമാക്കിയിരിക്കുന്നു. *സംഘകാല ചേരസംസ്ക്കാരം* എന്ന രണ്ടാം ഭാഗത്ത് സംഘകാല ചേരനാട്ടിലെ ജനവിഭാഗങ്ങളെയും, അവരുടെ സാമൂഹ്യജീവിതം, വിശ്വാസങ്ങൾ, സംസ്ക്കാരചടങ്ങുകൾ, ഉത്സവങ്ങൾ, നൃത്തങ്ങൾ, വാദ്യോപകരണങ്ങൾ, വിനോദങ്ങൾ, വസ്ത്രധാരണരീതി, ആഹാരരീതികൾ എന്നിവ *പാട്ടു*കളിൽ നിന്ന് അടയാളപ്പെടുത്തുന്നു. *മലനാട്ടുഭാഷ* എന്ന മൂന്നാംഭാഗത്ത് ചേരനാട്ടുഭാഷയുടെ പ്രത്യേകതകൾ സ്വനിമതലം, രൂപിമതലം, വ്യാകരണതലം എന്നിങ്ങനെ മൂന്നായി വർഗ്ഗീകരിച്ച് പഠിക്കാൻ ശ്രമിച്ചിരിക്കുന്നു. സംഘ സാഹിത്യത്തിൽ പ്രയോഗത്തിലുള്ളതും സമകാല തമിഴിൽ പ്രയോഗത്തിൽ ഇല്ലാത്തതും പ്രചാരലുപ്തമായതും എന്നാൽ മലയാളം സൂക്ഷിക്കുന്നതുമായ ഭാഷാപ്രത്യേകതകളെയാണ് ഈ ഭാഗത്ത് പഠന വിധേയമാക്കിയിരിക്കുന്നത്. ഇപ്രകാരം, *സ്വനിമതലം* എന്ന ഭാഗത്ത് സംഘസാഹിത്യത്തിൽ പ്രയോഗത്തിലിരുന്ന സ്വനങ്ങളുടെ സവിശേഷതകളെയും *രൂപിമതലം* എന്ന ഭാഗത്ത് പദങ്ങളുടെ സവിശേഷതകളെയും ചർച്ചചെയ്തിരിക്കുന്നു. ഈ അദ്ധ്യായങ്ങളിലൂടെ കണ്ടെത്തിയ നിഗമനങ്ങളുടെ ക്രോഡീകരമാണ് അഞ്ചാം അദ്ധ്യായമായ ഉപസംഹാരത്തിൽ ചേർത്തിരിക്കുന്നത്.

പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട സംഘസാഹിത്യ കൃതികളുടെ പ്രസിദ്ധീകരണ ചരിത്രത്തെ കുറിച്ചുള്ളതാണ് ഒന്നാം അനുബന്ധം. അനുബന്ധം രണ്ടിൽ സംഘകാല ചേരനാട്ടുകവികൾ ആരൊക്കെയാണെന്നും അവർ പാടിയ പാട്ടുകളെയും ക്രോഡീകരിച്ചിരിക്കുന്നു. മൂന്നാം അനുബന്ധത്തിൽ സംഘം പാട്ടുകളിൽ എപ്രകാരമാണ് ചേരരാജാക്കന്മാർ പരാമർശിക്കപ്പെടുന്നതെന്ന് ക്രോഡീകരിച്ചിരിക്കുന്നു. നാലാം അനുബന്ധത്തിൽ സംഘസാഹിത്യത്തിൽ പരാമർശിക്കപ്പെടുന്ന മലനാട്ടുവഴക്കങ്ങളെ പദം, ഇംഗ്ലീഷ് അർത്ഥം, വ്യാകരണരൂപം, പരാമർശിക്കപ്പെട്ട കൃതി, പാട്ട്, വരി എന്നിങ്ങനെ ചേർത്ത Index ആണ് ചേർത്തിരിക്കുന്നത്. അനുബന്ധം അഞ്ചിൽ സംഘസാഹിത്യ ഉപാദാനങ്ങളായ സ്മാരകങ്ങളെ (me-

morial stones) യും നാണയങ്ങളെ (coins) യുമാണ് പരാമർശിക്കപ്പെടുന്നത്. *സ്മാരകങ്ങളെ* സംഘകാവ്യം, പാടിയകവി, പാടപ്പെട്ട രാജാവ്, പാട്ടും വരിയും, പാട്ട്, സ്മാരകങ്ങൾ എന്നിങ്ങനെയും നാണയങ്ങളെ നാണയത്തിന്റെ രണ്ട് വശം എപ്രകാരമാണെന്നും അവയുടെ കാലം, കണ്ടെത്തിയ സ്ഥലം, ലോഹം, തൂക്കം എന്നിങ്ങനെയും പട്ടിക തിരിച്ച് തരംതിരിച്ചിരിക്കുന്നു. സംഘകാല ഉപാദാനങ്ങളായ ശാസനങ്ങളുടെയും നാണയങ്ങളുടെയും ചില ചിത്രങ്ങളാണ് അനുബന്ധം ആറിൽ നിബന്ധിച്ചിരിക്കുന്നത്. എട്ടാം അനുബന്ധത്തിൽ കൃത്യമായ തോത് ഉപയോഗിക്കാതെ Arc GIS 9.3 എന്ന മാപ്പിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ച് നിർമ്മിച്ച സംഘകാല ചേരനാടിന്റെ ഭൂപടവും ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്ന വ്യാകരണ രൂപങ്ങളെയാണ് സാങ്കേതിക പദസൂചിയായി അനുബന്ധം എട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Midhun K.S. “The attributes of the Chera culture as engraved in sangam literature : A study through ‘ettuthokai' “ Thesis. Department of Malayalm of Sree keralavarma college, University of Calicut, 2015.

# അദ്ധ്യായം 1

# സാഹിത്യവും സംസ്ക്കാരപാരമ്പര്യവും

### 1.1 സാഹിത്യം

മനുഷ്യ ജീവിതത്തിന്റെ  വളർച്ചയെ സ്വാധീനിക്കുന്ന അവന്റെ മാനസിക വ്യാപാരത്തിന്റെ പ്രതിഫലനമാണ് സാഹിത്യം. ഇത് ഭാഷയിലൂടെയും മറ്റ് പ്രകടനകലാരൂപങ്ങളിലൂടെയും പുറത്തു വരുന്നു. ഇന്ന് ഒരേ അർത്ഥത്തിൽ  ഉപയോഗിക്കുന്ന ലിറ്ററേച്ചർ, സാഹിത്യം എന്നീ പദങ്ങളുടെ  വാച്യാർത്ഥം ഭിന്നമാണ്. സാഹിത്യം സഹിതത്തിന്റെ ഭാവമാണ്. സഹിതം എന്ന സംസ്കൃത ശബ്ദത്തിന് ഒന്നിച്ചു ചേരൽ, പരസ്പര ആപേക്ഷയുള്ളവയും തുല്യരൂപങ്ങളുമായ അനേകം ധർമ്മങ്ങൾ ഒരേ ക്രിയയിൽ അന്വയിക്കൽ, അനേകം പേർ തുല്യനിലയിൽ ഒരേ കർമ്മത്തിൽ പങ്കുചേരൽ, കലർത്തുന്നത്, യോജിപ്പ് എന്നൊക്കെയാണ് അർത്ഥം.[1] അനേകം ധർമ്മങ്ങൾ, അനേകം രൂപങ്ങൾ, അനേകം പേർ, ഇങ്ങനെ അനേകങ്ങൾ വ്യാപരിക്കുന്ന ഒരു പ്രക്രിയയാണ് സാഹിത്യം. അത് ശബ്ദാർത്ഥങ്ങളുടെ കൂടിച്ചേരൽ മാത്രമല്ല, ശബ്ദവും അർത്ഥവും സൃഷ്ടിക്കുന്ന വൈകാരിക ബോധത്തിന്റെ തിരിച്ചറിവാണ് എഴുത്തുകാരനിലും സഹൃദയനിലും അക്ഷരക്കൂട്ടങ്ങൾ പ്രകടനകലാരൂപങ്ങൾ എന്നിവ സൃഷ്ടിക്കുന്ന സാഹതീയത്വം. ഏതൊരു മനുഷ്യനും മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയാണ്. അവന്റെ ഏതൊരു പ്രവൃത്തിയിലും മനുഷ്യജീവിതം മുഴുവനായി അടങ്ങിയിരിക്കുന്നു. ഇതുപ്പോലെ മനുഷ്യനുമായി ബന്ധപ്പെട്ടതെല്ലാം ഉൾക്കൊള്ളുന്നതാണ് ഒരോ കലാസൃഷ്ടിയും[2].  മനുഷ്യ ജീവിതത്തിന്റെ ഭാഗമായി എന്തെല്ലാം വരുന്നുണ്ടോ അതിനെല്ലാം സാഹിത്യത്തിലും ഇടമുണ്ട്. തൻമൂലം വികാരം, ഭാവന എന്നിവയോടൊപ്പം വിചാരവും സാഹിത്യത്തിന്റെ ഉള്ളടക്കത്തിലും ഭാവത്തിലും സാഹിത്യമാകുന്നു. അക്ഷരം എന്നർത്ഥമുള്ള ലിറ്ററ (Littera) എന്ന ലാറ്റിൻ ശബ്ദത്തിൽ നിന്നാണ് ഇംഗ്ലീഷിലുപയോഗിക്കുന്ന ലിറ്ററേച്ചർ (Literature) എന്ന പദത്തിന്റെ  ഉത്ഭവം. ഇതിന്റെ വാച്യാർത്ഥമാണ് *അക്ഷര*വുമായി ബന്ധപ്പെട്ടുകിടക്കുന്നത്, അക്ഷരത്തിലുള്ള രചന എന്നാണ് ഇതിന്റെ അർത്ഥം.  *ലിറ്ററേച്ചറി*ൽ രൂപത്തിനും ഭാഷയ്ക്കുമാണ് പ്രാധാന്യം[3].

സാഹിത്യത്തെ പലതരത്തിൽ മനസ്സിലാക്കാറുണ്ട്. വായനക്കാരന്റെ ഭാവനയെ ഉത്തേജിപ്പിക്കുന്ന അതുല്യമായ ജീവിതവീക്ഷണത്തോടുകൂടിയ ഒരു കൂട്ടം വാക്കുകളാലുള്ള പ്രവൃത്തികളെ സാഹിത്യമെന്നു പറയാം. കവിത, നാടകം തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. അതായത്, സാഹിത്യ രചന എന്നത് മനുഷ്യവർഗ്ഗത്തിന്റെ വൈകാരികവും അലൗകികവും സൈദ്ധാന്തികവുമായ വർഗ്ഗബോധം സംബോധന ചെയ്യുന്ന സാർവ്വത്രിക ഭാവമോ സൃഷ്ടിയോ ആണ്, പതിനാലാം നൂറ്റാണ്ടുവരെ സാഹിത്യമെന്നതു എഴുത്തു (text)മാത്രമായിരുന്നു. അതിനുശേഷമാണ് ഈയൊരു ചിന്ത കടന്നു വരുന്നത്.[4] പതിനെട്ടാം നൂറ്റാണ്ടിൽ സാഹിത്യം ഭാവനാപരവും സൃഷ്ടിപരവുമായ ചിട്ടയോടുകൂടിയ എഴുത്തായിരുന്നു[5].

മനുഷ്യന്റെ വൈയക്തികവും സാമൂഹികവുമായ താത്പര്യങ്ങളെ മുൻനിർത്തിയാണ് സാഹിത്യം ഉരുത്തിരിഞ്ഞത്. മനുഷ്യന്റെ ജീവിതവും ജീവസന്ധാരണ പ്രവർത്തനങ്ങളുമാണ് ആത്യന്തികമായി അവന്റെ ബോധമണ്ഡലത്തെയും കലാസാഹിത്യ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത്. അവൻ ജീവിതത്തിൽ ദർശിച്ചതും അനുഭവിച്ചതുമായ വൈവിദ്ധ്യമാർന്ന നിരവധി കാര്യങ്ങളുടെ ഭാഷാമാദ്ധ്യമത്തിലൂടെയുള്ള ആവിഷ്ക്കാരമാണ് സാഹിത്യം[6]. നല്ല സാഹിത്യകൃതി എപ്പോഴും കലാചാതുരിയുള്ളതും ചോദ്യങ്ങൾ ഉയർത്തുവാനും പുത്തൻ

കാഴ്ചപ്പാടുകൾ ഉണ്ടാക്കുവാനും ആത്മാവിനെയും ലോകത്തെയും അറിയുവാനും വികസിപ്പിക്കുവാനും ഭാവനയെ ഉത്തേജിപ്പിക്കുവാനും ചേതനയെ പുതുക്കുവാനുമുള്ള ശക്തി നൽകുന്നു[7]. മനുഷ്യന്റെ സർഗ്ഗപ്രവൃത്തിയുടെയും ഭാവനയുടെയും ആകെ തുകയാണ് സാഹിത്യം. എഴുതപ്പെട്ടതോ ചിത്രീകരിക്കപ്പെട്ടതോ പറയപ്പെട്ടതോ പാടപ്പെട്ടതോ വരക്കപ്പെട്ടതോ എന്നിവയുടെയെല്ലാം സമുച്ചയമാകുന്നു സാഹിത്യം. മനുഷ്യന്റെ ഗുണാത്മകമായ വശങ്ങളെ പ്രകീർത്തിക്കുന്നതാകണമെന്നില്ല അത് നിഷേധാത്മകമായ അംശങ്ങളെ മനുഷ്യ നന്മക്കു വേണ്ടി ഉപയോഗിക്കുകയും കൂടി സാഹിത്യം ചെയ്യുന്നു[8].

സാഹിത്യം എന്തെന്ന് കൃത്യമായി പറയുക ശ്രമകരമായ ഒന്നാണ്. ഒരു നിർവ്വചനത്തിലൂടെ മനസ്സിലാക്കുന്നത് അതിനേക്കാളേറെ ബുദ്ധിമുട്ടു സൃഷ്ടിക്കുന്നതും. എങ്കിലും സാഹിത്യമെന്തെന്ന് ചുരുക്കി പറഞ്ഞാൽ താൻ കാണുന്നതെന്താണോ അതാണ് സാഹിത്യം അല്ലെങ്കിൽ എല്ലാം സാഹിത്യമാണ് നാം അത് ആ രീതിയിൽ വായിച്ചാൽ എന്ന് *ജിം മേയർ* രേഖപ്പെടുത്തുന്നു[9]. കൃത്യമായ മാനദണ്ഡങ്ങളെ മുൻനിർത്തിയുള്ള മാനദണ്ഡ സമീപനം (Criterial Approach[10]) അനുസരിച്ച് സാഹിത്യത്തെ ഇപ്രകാരം നിർവചിക്കാം, പൗരാണിക കാലത്തും നവോത്ഥാന കാലത്തും സാഹിത്യം അഥവാ എഴുത്ത് മനസ്സിലാക്കിയിരുന്നത് സാഹിത്യഗുണത്തോടുകൂടിയ ഒന്നായിട്ടാണ്[11]. അദ്ധ്യാപകരാൽ വിദ്യാർത്ഥികൾക്ക് പഠിപ്പിക്കാൻ കഴിയുന്ന മൂല്യ ഗുണങ്ങളോടുകൂടിയ എല്ലാ എഴുത്തിനെയും സാഹിത്യമെന്നു പറയാം[12]. സമൂഹത്തെ സ്വയം അതിന്റെ ചരിത്രഗതിയിലൂടെ നിർവ്വചിക്കാൻ കഴിയുന്ന ഭാഷാധർമ്മ സംഹിതയാണ് സാഹിത്യരചനകൾ. ഇത്തരം സൃഷ്ടികളുടെ കലാപരതയാണ് ആദ്യമായി പരിഗണിക്കുന്നത്, അതിന്റെ സൗന്ദര്യാത്മകമായ ഗുണദോഷവിചിന്തനങ്ങൾ രണ്ടാമത് മാത്രമാണ്. ഈ കൃതികളുടെ വായനയിലൂടെ ഉണ്ടാകുന്ന വെളിച്ചത്തിൽ നിന്നാണ് സമൂഹം അതിനെ സ്വയം നിർവ്വചിക്കുന്നത്[13].

വാക്കുകളുടെ അർത്ഥത്തെ മുൻനിർത്തിയുള്ള പ്രാഗ്‌രൂപസമീപനം (Prototype Approach[14]) അനുസരിച്ച് സാഹിത്യകൃതികൾക്ക് ഈ സവിശേഷതകൾ ആവശ്യമാണ്:

- എഴുതപ്പെട്ടതാകണം
- രൂപകം, ശൈലികൾ, രമണീയ വാക്യഘടന, വൃത്തം, താളം, പ്രാസം എന്നീ ഭാഷയുടെ ശ്രദ്ധാപൂർവ്വമായ ഉപയോഗത്താൽ എഴുതപ്പെട്ടതാകണം.
- പദ്യം, ഗദ്യം, നാടകം തുടങ്ങി സാഹിത്യമാതൃകകൾ
- രസാനുഭൂതിയോടുകൂടി വായിക്കാൻ കഴിയണം
- ധ്വനി പൂർണ്ണമായിരിക്കണം[15].

ഇപ്പറഞ്ഞ രണ്ടുമാനദണ്ഡങ്ങളിലും ഈ കാലഘട്ടത്തിൽ സാഹിത്യം വിലയിരുത്തപ്പെടുന്നു. പക്ഷെ സമൂഹവുമായും സാഹിത്യം ഉൾക്കൊള്ളുന്ന സംസ്കാരികഭൂമിയായും സാഹിത്യത്തിനുള്ള ബന്ധം എപ്രകാരം എന്ന നിലയിലാണ് സമകാലീന ലോകം സാഹിത്യത്തെ കൂടുതലായി പഠിക്കാൻ ശ്രമിക്കുന്നത്. ഒരു സമൂഹത്തിന്റെയും സംസ്കാരത്തിന്റേയും സ്വാധീനതയാൽ, എഴുത്തുകാരന്റെ മാനസികലോകത്തിലെ വിചാരവികാരങ്ങളുടെ ഭവ്യമായ

എഴുത്തോ പ്രകടനകലാരൂപമോ ആണ് സാഹിത്യം. അത് എപ്പോഴും വായനക്കാരനെയും സമൂഹത്തെയും മാനസികവ്യാപാരത്തെയുമെല്ലാം സ്വാധീനിക്കാൻ കഴിവുള്ളതോ അതിന്റെ പ്രതിഫലനങ്ങളോ ആയിരിക്കണം.

### 1.1.2 എഴുത്തുകാരനും എഴുത്തും

എഴുത്തുകാരൻ ഒരു സാമൂഹ്യജീവിയാണ്. അവൻ മറ്റ് വ്യക്തികളിൽ നിന്ന് വ്യത്യസ്തനാകുന്നത് സമൂഹവുമായി കൂടുതൽ സംവദിക്കുന്നു എന്നുള്ളതുകൊണ്ടാണ്. പക്ഷെ ഒരു വ്യക്തിയും ഒരു സ്വകാര്യവ്യക്തിയല്ലെന്നും അയാൾ സാമാന്യ സ്വഭാവങ്ങളോടു കൂടിയ ഒരു സത്തയാണെന്നുമാണ് സാർത്രിന്റെ അഭിപ്രായം. ഒരു വ്യക്തിയും സമൂഹത്തിൽ നിന്നൊറ്റപ്പെട്ടോ തനിച്ചോ അല്ല സ്ഥിതിയ്യുന്നത്. അയാളൊരു സാമാന്യ വ്യക്തി (Common Individual)യാണ്. ചരിത്ര സംഭവങ്ങളെ നിർണ്ണായകമായി സ്വാധീനിക്കുന്നത് സമൂഹങ്ങളുടെ ഘടന തന്നെയാണ്. ഈ ഘടനകളുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ടു തന്നെയാണ് വ്യക്തികളും ചരിത്ര സംഭവങ്ങളെ സ്വാധീനിക്കുന്നത്. വ്യക്തികളുടെ പ്രവർത്തനങ്ങൾക്ക് ശക്തിയും കാര്യക്ഷമതയും സിദ്ധിക്കുന്നത് സമൂഹത്തിൽ നിന്നാണ്. സാർവ്വത്രിക നിയമങ്ങളെയും സത്യങ്ങളെയും ഒരു പ്രത്യേക രീതിയിൽ അവതരിപ്പിക്കാനും ആവിഷ്ക്കരിക്കാനും സാധിക്കുന്നു എന്നതാണ് വ്യക്തിയുടെ പ്രത്യേകത (The individual lives universality in a particular way) ഏതു ചരിത്ര സംഭവത്തിൻമേലും സ്വന്തമായ ഒരു വ്യക്തി മുദ്ര പതിപ്പിക്കാൻ വ്യക്തികൾക്കു കഴിയും[16]. സാധാരണ വ്യക്തിക്കുമേൽ സമൂഹം ചെലുത്തുന്ന സ്വാധീനമാണിതിനെ സഹായിക്കുന്നത്. വ്യക്തിയായ എഴുത്തുകാരൻ ഭാഷയിലെ പദങ്ങളെയും ചിഹ്നങ്ങളെയും ആവർത്തിച്ച് പ്രയോഗിക്കുമ്പോൾ അവയുടെ ശാസ്ത്രീയമായ അർത്ഥം മാറിപോകുന്നില്ല. കാരണം ശാസ്ത്രജ്ഞന്റെ വ്യക്തിത്വം സന്നിഹിതമല്ല തന്നെ - ആ ഭാഷ അപൗരുഷേയ (Impersonal)മാണെന്നു സാരം[17]. സാഹിത്യകാരനായ, പ്രതിഭാശാലിയായ വ്യക്തി ഭാഷ ഉപയോഗിക്കുമ്പോൾ അതിന്റെ സ്വാഭാവികവും പരമ്പരാഗതവുമായ അർത്ഥസമ്പത്തിനോട് വ്യക്തിഗതമായ ഒരു ഘടകം കൂട്ടിച്ചേർക്കപ്പെടുന്നു. ഇങ്ങനെ വ്യക്തിക്കുമുമ്പേ നിലവിൽ വന്ന പ്രതീകങ്ങളും അർത്ഥങ്ങളും കൂട്ടിയിണക്കി എഴുതുന്നു. അപ്പോൾ ആവിഷ്ക്കരിക്കപ്പെടുന്ന മനുഷ്യകഥയും മനുഷ്യേതര കഥയും സമൂഹത്തിന്റെ ഉത്പന്നമായി മാറുന്നു. കാരണം എഴുത്തുകാരൻ എന്ന വ്യക്തി ചിന്തിക്കുന്നതെല്ലാം സംസ്കാരത്തിനധിഷ്ഠിതമായി നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥയിൽ നിന്നു കൊണ്ടു തന്നെയായിരിക്കും. സമൂഹം എങ്ങനെ പ്രവർത്തിക്കുന്നുവോ അതുപോലെയായിരിക്കും സാമൂഹ്യ ജീവിയായ എഴുത്തുകാരന്റെ കൃതിയും പ്രവർത്തിക്കുക, അതുകൊണ്ടാണ് സമൂഹത്തിന്റെ പ്രതിഫലനമാണ് സാഹിത്യം എന്ന വാദം ഉയർന്നുവന്നത്.

### 1.1.3 സാഹിത്യവും കാലവും

സാഹിത്യമാതൃകകളിൽ അതെഴുതപ്പെടുന്ന കാലഘട്ടത്തിന്റെ സ്വാധീനത വ്യക്തമായി കടന്നു വരാറുണ്ട്. സാഹിത്യത്തിൽ പ്രകടമാകുന്ന കാലത്തിന്റെ ഏറ്റക്കുറച്ചിലുകൾ എഴുത്തുകാരന്റെ മാനസികാവസ്ഥയെ കേന്ദ്രീകരിച്ചായിരിക്കും നടക്കുന്നത്. ജീവിതത്തിലെ സമയം ഒരു സാകല്യമല്ല - ഒരു കഥയോ കൃതിയോ പോലെ, ജീവിതം സ്വയം ആഖ്യാനം ചെയ്യുന്ന ഒന്നല്ല, അതു ജീവിക്കുക മാത്രമാണ് ചെയ്യുന്നത്- ഒരു പൂർവ്വാപരക്രമത്തിലൂടെ

എഴുത്തുകാരൻ ഈ പൂർവ്വാപരക്രമത്തെ സ്വന്തം കൃതിയിലേക്കു പകർത്തി അതിനെ പരിരക്ഷിക്കുന്നു. വായനക്കാരന്റെയോ, ശ്രോതാവിന്റെയോ ഇന്ദ്രിയങ്ങൾക്ക് വിഷയീഭവിക്കാത്ത കാര്യങ്ങളെയാണ് എഴുത്തുകാരൻ അവരുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ജീവിതത്തിന്റെ ഈ പ്രവാഹം തന്നെയാണ് ആഖ്യാനം – ആദിമധ്യാന്ത രൂപങ്ങളോടുകൂടിയ പ്രവാഹഗതി. ജീവിത പ്രവാഹത്തിലൂടെയും പ്രകൃതിയിലൂടെയും മുന്നേറുന്ന മനുഷ്യരുടെ താരതമ്യേന യുള്ള മൂല്ല്യവും പ്രാധാന്യവും ഒരു കഥയിലൂടെയാണ് നാം ശരിക്കുമനസ്സിലക്കുന്നത്. കാല പ്രവാഹം എന്നും എല്ലായിടത്തും ഒരു പോലെയാണ്. എന്നാൽ ആഖ്യാതരൂപം സിദ്ധിക്കുമ്പോൾ അത് മൂല്ല്യവത്തായിത്തീരുന്നു. കാലത്തിന്റെ ചിലഭാഗങ്ങളെ ഒഴിവാക്കിക്കൊണ്ടും മറ്റു ചിലഭാഗങ്ങളെ ഞൊറിഞ്ഞെടുത്തു ചുരുക്കിയാണ് എഴുത്തുകാരൻ കാലപ്രവാഹത്തിന് കഥയിലൂടെ രൂപം നൽകുന്നത്[18]. സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങളെയാണ് എഴുത്തുകാരൻ ഓരോ കാലഘട്ടങ്ങളായി തരംതിരിച്ച് പറയാൻ ശ്രമിക്കുന്നത്. എഴുത്തുകാരൻ ജീവിക്കുന്ന കാലഘട്ടത്തിന്റെയോ അദ്ദേഹം കേട്ടറിഞ്ഞ കാലഘട്ടത്തിന്റെയോ പ്രതിഫലമോ സ്വാധീനമോ അവിടെ കാണാം. എഴുത്തുകാരൻ മുന്നോട്ടുവക്കുന്ന ആശയം (വീക്ഷണകോണം) സ്ഥലകാലവുമായി ബന്ധപ്പെട്ടുകിടക്കുന്നുണ്ട്. ഇവയിൽ സ്ഥലപരമായ പരിപ്രേക്ഷ്യമാണു ഏറ്റവും പ്രധാനം. എഴുത്തുകാരൻ എവിടെ നിൽക്കുന്നു ഏതു ദിശയിലേക്കു നോക്കുന്നു. ഏതു സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നു എന്നതൊക്കെയാണ് സ്ഥലപരമായ ഘടകങ്ങളിലുൾപ്പെടുന്നത്. എഴുത്തുകാരനുൾപ്പെടുന്ന കാലത്തിന്റെ പ്രത്യേകതകളും അയാളുടെ വീക്ഷണത്തെ സ്വാധീനിക്കുന്നു. ഒരു കൃതി എത്രമാത്രം സങ്കീർണ്ണമാണോ അത്രയ്ക്കും ഈ രണ്ടു പരിപ്രേക്ഷ്യങ്ങളുടെയും പരസ്പര സ്വാധീനം സങ്കീർണ്ണമായിരിക്കും[19]. ഇപ്രകാരം സാഹിത്യ കൃതികളിലുണ്ടാകുന്ന കാലസൂചനകൾ എഴുത്തുകാരൻ മുന്നോട്ടുവയ്ക്കുന്ന മുഖ്യാശയവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു പറയാം. കാരണം എഴുത്തുകാരൻ മുന്നോട്ടുവയ്ക്കുന്ന ആശയം ഏറ്റവും എളുപ്പം വിനിമയം ചെയ്യാനുള്ള മാർഗ്ഗമായാണ് കൃതികളിൽ സ്വാഭാവികമായി സ്ഥലകാല രൂപങ്ങൾ കടന്നുവരുന്നത്.

സമൂഹത്തിന്റെ പ്രതിഫലനമാണ് സാഹിത്യം എന്നാശയത്തിന് പ്ലേറ്റോയുടെ കലാനുകരണ സിദ്ധാന്തത്തോളം പഴക്കമുണ്ട്[20]. സാഹിത്യകൃതിയിലെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഉപയോഗിക്കുന്ന മാദ്ധ്യമമെന്ന നിലയിലല്ലാതെ ഒരു പ്രത്യേക കാലഘട്ടം വ്യക്തമായ സ്വാധീനം എഴുത്തുകാരനിലും അവരിലൂടെ സാഹിത്യകൃതികളിലും സൃഷ്ടിക്കാറുണ്ട്. അതായത് സമുദായ ശരീരം സോന്മേഷം പ്രവർത്തിക്കുമ്പോൾ മുഖത്തു പ്രത്യക്ഷപ്പെടുന്ന പ്രസന്ന ഭാവമാണ് കല. നേരെ മറിച്ച് സമുദായഗാത്രം പരിക്ഷീണവും രോഗബാധിതമായിരിക്കുന്ന കാലങ്ങളിൽ അതിന്റെ കലാവദനം മ്ലാനവും അസന്തുഷ്ടവുമായി കാണപ്പെടുന്നുണ്ട്[21]. പുരാതനഗ്രീസിന്റെ ചരിത്രത്തിൽ ഏറ്റവും പ്രധാനമായഘട്ടം പാരിസകന്മാരോടുള്ള യുദ്ധമാണ്. ആ യുദ്ധത്തിൽ ഗ്രീസ് വിജയികളായി . അതോടുകൂടി ഗ്രീസിന്റെ സർവ്വതോന്മുഖമായ ഉത്ക്കർഷമാരംഭിച്ചു. പെരിക്ലിസിന്റെ സംരക്ഷണയിൽ ആതൻസ് നഗരം ജനാധിപത്യത്തിന്റെയും ചിന്തയുടെയും സംസ്കാരത്തിന്റെയും റാണിയായി പരിലസിച്ചു വെറും ആട്ടവും പാട്ടുമായിക്കഴിഞ്ഞിരുന്ന യവനനാടകം ഈസിക്കില്ലസ്, സോഫോക്ലിസ്സ്, യൂറിപ്പിഡിസ്സ് എന്നിവരുടെ വിദഗ്ദ നേതൃത്വത്തിൽ ലോകോത്തരമായ കലയായിത്തീർന്നു ഫിസിയാസ്സിന്റെ പ്രതിമാശില്പത്തെ അതിശയിപ്പിക്കുന്ന യാതൊരു ശില്പവും ഇന്നുവരെ ലോകത്തിലുണ്ടായിട്ടി

ല്ല. പോളിഗ് നോട്ടസ്സിന്റെ ചിത്രങ്ങൾ യാതൊന്നും കണ്ടുകിട്ടിയിട്ടില്ലെങ്കിലും, അവ. ഫിസിയാസ്സിന്റെ ശില്പങ്ങൾ പോലെ നിസ്തുലങ്ങളായിരുന്നുവെന്നാണ് അക്കാലത്തുണ്ടായവർ പറയുന്നത്. ചിന്താലോകത്തിലും അഭൂതപൂർവ്വമായ ഉണർവ്വുണ്ടായിരുന്നുവെന്നതിനുദാഹരണമാണ് സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവർ. ഈ കലാകാരന്മാരും ചിന്തകന്മാരും അന്നത്തെ ജീവിതത്തിൽ മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പങ്കെടുത്ത് അതിന്റെ സാംസ്ക്കാരികമായ മൂല്യത്തെ സ്വകൃതികളിൽ ശാശ്വതമായി പ്രതിഷ്ഠിച്ചു. അവർ അന്നത്തെ സമുദായത്തോടു ബന്ധമില്ലാത്ത ഒരു ദന്തഗോപുരത്തിലല്ല ജീവിച്ചത്. ഈസ്ക്കില്ലസ്, ഒരു സേനാനായകനായിരുന്നു. സോക്രട്ടീസിനെ ആതൻസിലെ ജനകീയ കോടതി ദൈവദ്രോഹത്തിനു വിസ്തരിച്ചപ്പോൾ, അദ്ദേഹം പ്രതിഭാഗത്തുനിന്നുദ്ധരിച്ച തെളിവുകളിലൊന്ന് താൻ ആതൻസിനു സൈനിക സേവനം ചെയ്തിട്ടുണ്ടെന്നുള്ളതായിരുന്നു. അവരുടെ കലാജീവിതം സാമുദായിക ജീവിതത്തിന്റെ വിശിഷ്ടമായ ഒരു പ്രസ്ഫുരണമായിരുന്നുവെന്ന് ചുരുക്കത്തിൽ പറയാം. അതിനു ശേഷം ഗ്രീസിനു രണ്ടായിരത്തിലധികം വർഷങ്ങളുടെ ചരിത്രമുണ്ട്. പക്ഷെ ഗ്രീസ് രാഷ്ട്രീയമായും സാമ്പത്തികമായും സാംസ്കാരികമായും അധഃപതിച്ച കാലത്തിന്റെ ചരിത്രമാണിത്. മുമ്പു പറഞ്ഞവരോടു കിടപിടിക്കത്തക്ക യാതൊരു പേരും ഈ നീണ്ട കാലപ്രവാഹത്തിലത്രയും കണ്ടുകിട്ടിയില്ല. ഒരു വശത്ത് നൂറുകൊല്ലത്തെ ചരിത്രം, പക്ഷെ ആ നൂറുകൊല്ലത്തിലാണ് ഗ്രീസ് വാസ്തവത്തിൽ ജീവിച്ചത്. ഇതേപ്പോലെ സമൂഹത്തിന്റെ സ്വാധീനമാണ് കലകളുടെ വളർച്ചയെ സ്വാധീനിക്കുന്നതെന്ന് റോം, ഇറ്റലി, ഇംഗ്ലണ്ട്, ഭാരതം എന്നീ രാജ്യങ്ങളുടെ സാംസ്കാരിക ചരിത്രം പരിശോധിച്ചുകൊണ്ട് ഉദാഹരണ സഹിതം എം.പി.പോൾ രേഖപ്പെടുത്തുന്നുണ്ട്[22]. കലയും കാലവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഗ്രീക്ക് നാടകങ്ങളെ അവലംബിച്ചുകൊണ്ട് 19-ാം നൂറ്റാണ്ടിൽ പണ്ഡിത ഗാനരചയിതാക്കളാൽ ജർമ്മൻ ദേശീയബോധത്തിന്റെ ഫലമായി ഉടലെടുത്തതാണ് വാഗ്നേരിയൻ സംഗീത നാടകങ്ങൾ. ഇതേ സമയത്തു തന്നെ ജർമ്മൻ ദേശീയബോധത്തിന്റെ ഫലമായി ഉണ്ടായതാണ് പുതിയ സംഗീതാഭിരുചിയും. ഇതെല്ലാം സമൂഹത്തിന്റെ മാറ്റങ്ങളുടെ ഫലമായാണ് കലകളിൽ നടക്കുന്നതെന്ന് വ്യക്തമായി പറയാം. ഒരു സാഹിത്യരൂപം പ്രതിഭാസമ്പന്നനായ ഒരാളിൽ നിന്നു മാത്രം ഉടലെടുക്കുന്ന സംഗതിയല്ല. അത് എഴുത്തുകാരന്റെയും, സഹൃദയ, പ്രകൃതി ജീവിതബോധം എന്നിവയുടെ പരസ്പരബന്ധത്തിലൂടെയാണ് നിർമ്മിക്കപ്പെടുന്നത്[23]. അതുകൊണ്ടാണ് സാഹിത്യകൃതികൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് പ്രധാനമായും സാമൂഹ്യചലനങ്ങൾ കൊണ്ടും സാമൂഹ്യചലനങ്ങളുടെ സ്വാധീനമോ അവയുടെ പ്രതികരണമോ കൊണ്ടും സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന സത്യാവസ്ഥകളെ മുൻനിർത്തികൊണ്ടുമാണെന്ന് പറയുന്നത്[24].

സാഹിത്യകൃതി പാരമ്പര്യമൂല്യങ്ങളെയും സ്ഥലകാലങ്ങളെയും ഉൾക്കൊള്ളുന്നുണ്ട്. ഈ പാരമ്പര്യം ചരിത്രകാലഘട്ടത്തെയോ പ്രകൃതിയെയോ മാത്രമല്ല എല്ലാ കാലഘട്ടങ്ങളേയും പ്രദേശങ്ങളെയും ഉൾക്കൊള്ളുന്നുണ്ട്[25]. മറ്റൊരു തരത്തിൽ പറഞ്ഞാൽ സാമൂഹ്യാനുഭവങ്ങളെയും, സാമൂഹ്യപുരാവൃത്തങ്ങളെയും പ്രത്യയശാസ്ത്രത്തിന്റെയും ലക്ഷ്യത്തിന്റേയും സാമൂഹ്യാചാരങ്ങളുടെയുമെല്ലാം സൂക്ഷിച്ചുവെയ്ക്കലാണ് സാഹിത്യത്തിൽ കാണുന്നതെന്ന് പറയാം[26]. സാഹിത്യകൃതികളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഈ സമൂഹ്യാന്തരീക്ഷമാണ്, ഭാഷയെന്ന ഘടകം മാറ്റിനിർത്തിയാൽ സാഹിത്യത്തിൽ പ്രകടമാകുന്ന വൈകാ

രികാവസ്ഥയെ വ്യതിരിക്തമായി നിർത്തുന്നത് ഓരോ സമൂഹത്തെയും വ്യത്യസ്തമാകുന്ന ഘടകങ്ങൾ സാഹിത്യത്തിൽ പ്രതിഫലിച്ചു കാണുന്നതുകൊണ്ടാണ്[27]. ഈ വിധമുള്ള പ്രതിഫലനത്തിൽ ഏറ്റവും പ്രാധാനപ്പെട്ടത്, സംസ്കാരികമൂല്യങ്ങളുടെയും നിയമങ്ങളുടെയും പ്രതിഫലനമാണ്. ചുരുക്കത്തിൽ മനുഷ്യനിർമ്മിതമായ സാഹിത്യകൃതികൾ സർഗ്ഗാത്മകമാണെങ്കിലും അവയിൽ ലൗകീക താല്പര്യങ്ങൾ വ്യക്തമായി കാണാൻ സാധിക്കുമെന്ന് പറയാം[28].

സ്വപ്നമേഖലകളിൽ വിവരിക്കാനുള്ള മനുഷ്യമനസ്സിന്റെ അവകാശതയെ അംഗീകരിക്കുന്ന ലെനിൽ സാഹിത്യകാരന്റെ സ്വപ്നങ്ങൾ സാമൂഹിക പുരോഗതിക്കു അനുയോജ്യമാകണമെന്ന് നിർദ്ദേശിക്കുന്നു[29]. കല സമൂഹത്തിന്റെ ആവിഷ്കാരമാണെന്നു പറയുന്ന ക്രിസ്റ്റഫർ കാഡ്വൽ, മുത്ത് ചിപ്പിയുടെ ഉത്പന്നമെന്നപോലെ കല സമൂഹത്തിന്റെ ഉത്പന്നമാണെന്ന് വ്യക്തമാക്കുന്നു[30]. സമൂഹവുമായി യാതൊരു ബന്ധവുമില്ലാതെ, ബഹുജന ഹൃദയങ്ങളിൽ നിന്നു വാർന്നുവീഴുന്ന ആശയങ്ങളോട് അകന്ന് സ്വന്തം ചിന്തകളിൽ നിന്നു മാത്രം സംസ്കാരം നേടി വളരുന്ന ഒരു മനുഷ്യൻ മന്ദബുദ്ധിയും യാഥാസ്തികനും ലോകത്തിന്റെ പുരോഗമന പ്രവണതകൾക്കു ബദ്ധവൈരിയുമായി പരിണമിക്കുന്നുവെന്ന് മാക്സിംഗോർക്കി അഭിപ്രായപ്പെടുന്നു. സമൂഹവും സാഹിത്യവും വിപുലമായ അർത്ഥത്തിൽ ഒന്നുതന്നെയാണ്. അതു കൊണ്ടുതന്നെ സാഹിത്യസൃഷ്ടി സമൂഹത്തിനവകാശപ്പെട്ടതും സമൂഹത്തിന്റെ ആഗ്രഹങ്ങൾ പ്രതിഫലിക്കേണ്ടതുമാണ് എന്നും അദ്ദേഹം യുക്തിയോടെ സമർത്ഥിക്കുന്നു.[31]

സാഹിത്യത്തെയും സാഹിത്യവും സമൂഹവും  കാലവും തമ്മിലുള്ള ബന്ധത്തെ മുൻ നിർത്തിയുള്ള ഈ അഭിപ്രായങ്ങളെല്ലാം സാഹിത്യം സമൂഹത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണെന്നും സമൂഹത്തിന്റെ സ്വാധീനമാണ് സാഹിത്യമെന്നുമാണ് സൂചിപ്പിക്കുന്നത്. സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും കൂടിച്ചേരലിന്റെ പ്രതിഫലനങ്ങൾ മനസ്സിലാക്കാൻ മനുഷ്യൻ എന്ന കൂട്ടായ വ്യവസ്ഥയ്ക്ക് എളുപ്പം കഴിയുന്നു, ഇത് മറ്റ് ജീവികളിൽ നിന്ന് അവനെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. പ്രകൃതിയോടും അവൻ ജീവിക്കുന്ന ചുറ്റുപാടിനോടുമുള്ള ഈയൊരു സവിശേഷമായ നിരീക്ഷണമോ ഉൾക്കൊള്ളലോ ആണ് സാഹിത്യം. സംസ്കാരവും സമൂഹവും അതുൾക്കൊള്ളുന്ന കാലഘട്ടത്തിന്റെ നേർപതിപ്പുകളാണ്. ഈ വിധമല്ലാത്ത, യഥാർത്ഥ ജീവിതത്തിൽ നിന്ന് ആകന്നു നിൽക്കുന്ന കല ഉപകാരമല്ലാത്ത  ഗണിതസൂത്രവാക്യം പോലെയാണ്[32].

#### 1.2 സംസ്ക്കാരം

മനുഷ്യന്റെ കൂട്ടായ്മയുടെ ഫലമായി ഉരുത്തിരിഞ്ഞ സാമൂഹികാന്തരീക്ഷത്തിന്റെ ആകെത്തുകയാണ് സംസ്കാരം. സമൂഹവും അതിന്റെ  ഭാവപകർച്ചകളും ലിപി ഉണ്ടായ കാലം മുതൽ സാഹിത്യകൃതികളിൽ പ്രതിഫലിച്ചുകാണുന്നുണ്ട്. മനുഷ്യൻ തന്റെ ചുറ്റുപ്പാടുകളുമായി താദാത്മ്യം പ്രാപിച്ച് ജീവിച്ചതുകൊണ്ടാണ് ഇന്നത്തെ മനുഷ്യവളർച്ച സാദ്ധ്യമായതും പ്രകൃതി അവന്റെ ജീവിതത്തിന്റെ ഭാഗമായതും. ഇങ്ങനെ വളർന്നുവന്ന ഒരു സമൂഹത്തിൽ, കാലാന്തരത്തിൽ, പല കൊടുക്കൽ വാങ്ങലുകളിലൂടെയും പ്രകൃതിയുടെയും സ്വാധീനത്താൽ ഒരു പ്രത്യേക ജീവിതവ്യവസ്ഥയും മൂല്യബോധവും ഉടലെടുക്കുന്നു. അത് ആ പ്രത്യേക സമൂഹത്തിന്റെ വ്യത്യസ്തമായ ജീവിത ഘടകങ്ങളെ എടുത്തു കാണിക്കുന്ന സംസ്കാരമായി മാറുന്നു.

കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ നിരവധി പുതിയ സൈദ്ധാന്തിക വിചാരങ്ങൾ ഇടപെട്ട കാലഘട്ടമാണ് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം. ഈ അവസരത്തിലാണ് സംസ്കാരം എന്ന പദത്തിനും അത് മുന്നോട്ടുവയ്ക്കുന്ന വൈകാരിക അർത്ഥവ്യാപ്തിക്കും പ്രാധാന്യം കൈവരുന്നത്. വ്യത്യസ്ത സാംസ്ക്കാരിക സന്ദർഭങ്ങളിൽ വ്യത്യസ്തങ്ങളായ അർത്ഥങ്ങളിൽ ഉപയോഗിക്കുന്ന പദമാണ് സംസ്ക്കാരം. കൃഷിയുമായി ബന്ധപ്പെട്ട പദമായാണ് കൾച്ചർ[33] ആദ്യ കാലഘട്ടങ്ങളിൽ ഉപയോഗിച്ചിരുന്നത്. ഇംഗ്ലീഷ് ഭാഷയിലെ തന്നെ ഏറ്റവും സങ്കീർണ്ണമായ പദങ്ങളിൽ ഒന്നാണ് സംസ്ക്കാരം എന്ന് റെയ്മണ്ട് വില്യംസ് *കീവേഡ്സ്* എന്ന ഗ്രന്ഥത്തിൽ പറയുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയിലാണ് സംസ്ക്കാരമെന്ന പദം യൂറോപ്യൻ അക്കാദമിക ചിന്തകളിൽ വ്യാപകമായി കടന്നു വരുന്നത്. കൃഷിയുമായി ബന്ധപ്പെട്ട നാമപദമായ കൾച്ചർ എന്ന പദത്തിന് പിന്നീട് മാനസികമായി വികാസം പ്രാപിച്ച മനുഷ്യാവസ്ഥ എന്നർത്ഥം കൈവന്നു. പിന്നീട് നരവംശശാസ്ത്രപരമായ നിർവ്വചനങ്ങൾ അനുഷ്ഠാന സമ്പ്രദായങ്ങളും  ആചാരക്രമങ്ങളും ഉൾപ്പെട്ട സവിശേഷമായ ഒരു ജീവിതരീതിയായി സംസ്ക്കാരത്തെ  വ്യാഖ്യാനിച്ചു. സംസ്ക്കാരമെന്ന പദം ഓരോ കാലഘട്ടത്തിലും വ്യത്യസ്തങ്ങളായ അർത്ഥങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. ഇന്ന് ഒരു സമൂഹത്തിന്റെ സംസ്ക്കാരമെന്നു പറയുന്നത്,  ആ സമൂഹം കാലന്തരത്തിൽ നേടിയ സാമൂഹികവും മാനസികവുമായ ഉയർച്ചയും അതിൽ നിന്നു ഉരിത്തിരിഞ്ഞ സാമൂഹ്യബോധവുമാണ്, ഈ സാമൂഹ്യബോധം  ജനങ്ങളിൽ അന്തർലീനമായിരിക്കും. ഇന്ന് വിശാലമായ അർത്ഥത്തിൽ സംസ്കാരമെന്ന പദം ഉപയോഗിക്കുന്നുണ്ട്.  *സംസ്ക്കാരം* എന്ന പദത്തെ  മുൻനിർത്തിയുള്ള നിരവധി നിർവ്വചനങ്ങളുണ്ട്, അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു;

സംസ്കാരമെന്ന സംജ്ഞയുടെ വ്യത്യസ്തങ്ങളായ അർത്ഥവിവക്ഷകളെ പരാമർശിച്ചുകൊണ്ട് ഒരു വ്യക്തിയുടെയോ ഒരു സംഘത്തിന്റെയോ ഒരു  ഒരു വർഗ്ഗത്തിന്റെയോ മുഴുവൻ സമൂഹത്തിന്റെയോ വികാസത്തെ കുറിക്കുന്നതാണ് സംസ്ക്കാരമെന്ന്ടി.എസ്.എലിയറ്റ് അഭിപ്രായപ്പെടുന്നു.  ഒരു വ്യക്തിയുടെ സംസ്ക്കാരം ഒരു സംഘത്തിന്റെയോ വർഗ്ഗത്തിന്റെയോ സംസ്ക്കാരത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നതെന്നും ആ വർഗ്ഗസംസ്ക്കാരം പൊതുസമൂഹത്തിന്റെ സംസ്ക്കാരത്തെ അപേക്ഷിച്ചിരിക്കുന്നുവെന്നും പറയാം[34]. വിജ്ഞാനം, വിശ്വാസം, കല, ധാർമ്മികത, ആചാരനടപടികൾ, ബൗദ്ധികമായ മറ്റുകഴിവുകൾ എന്നിങ്ങനെ സാമൂഹികജീവി എന്ന നിലയിൽ മനുഷ്യൻ നേടിയിട്ടുള്ള എല്ലാ സവിശേഷതകളും ചേർന്നതാണ് സംസ്ക്കാരമെന്ന് ഇ.ബി. ടെയ്ലർ സംസ്ക്കാരത്തെ പറ്റിപറയുന്നു[35]. റെയ്മണ്ട് വില്ല്യംസ് *കൾച്ചർ ആന്റ് സൊസൈറ്റീസ് 1780-1950 (1966)* എന്ന ഗ്രന്ഥത്തിൽ മനസ്സിന്റെ സാമാന്യസ്ഥിതിയും  ഘടനയുമാണ് ആദ്യമായി അത് അർത്ഥമാക്കുന്നത് എന്ന് അഭിപ്രായപ്പെടുന്നു രണ്ടാമതായി സമൂഹത്തിലാകെയുള്ള മാനസിക വികാസത്തിന്റെ സാമാന്യതലമാണത്. കഥകളുടെ ഒരു പൊതുവായ തലത്തെയാണ് മൂന്നാമതായി സംസ്ക്കാരമെന്ന പദം കുറിക്കുന്നത്. നാലാമതായി അത് ഭൗതികവും ആത്മീയവുമായ ജീവിതത്തിന്റെ സമഗ്രതയെ  കുറിക്കുന്നു[36]. ഹെൻട്രി ലൂക്കാച്ചിന്റെ അഭിപ്രായത്തിൽ സംസ്ക്കാരമെന്നത് മനസ്സിന്റെയോ അഭിരുചിയുടേയോ പെരുമാറ്റത്തിന്റെയോ പരിശീലനവും വിമലീകരണവു

മാണ്[37]. മാക്ഐവർ സംസ്ക്കാരത്തെ നിർവ്വചിക്കുന്നത് സംസ്ക്കാരം നമ്മുടെ ജീവിതാവ സ്ഥകളുടെ സ്വഭാവം, ചിന്ത, ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട കല, സാഹിത്യം, മതം, വിനോദം, അനുഭൂതി എന്നിവയുടെ പ്രകാശനമായാണ്[38].

സംസ്ക്കാരം എന്നതു വില്ല്യംസിനു ചിലപ്പോൾ പൂർണ്ണതയുണ്ടാക്കുന്ന മാതൃകയാണ്. മറ്റു ചിലപ്പോൾ കലാസാഹിത്യകൃതികളാണ്, ഇനിയും ചിലപ്പോൾ ധൈഷണിക വികാസമോ മാനസിക ഔന്നിത്യമോ ആണ്. സമഗ്രമായ ജീവിതശൈലി, ചിഹ്നവ്യവസ്ഥ, വിഭവഘടന എന്നിങ്ങനെയും റയ്മണ്ട് വില്ല്യംസിന്റെ ശിഷ്യനായ ഈഗിൾടൺ സംസ്ക്കാരത്തെക്കുറിച്ച് പറയുന്നു[39]. ചിന്തിക്കപ്പെടുകയും പറയപ്പെടുകയും ചെയ്തവയിൽ ഏറ്റവും മഹത്തായത് എന്നാണ് മാത്യു അറനോൾഡ് സംസ്കാരത്തെ നിർവ്വചിക്കുന്നത്[40].

സംസ്കൃതി എന്ന പദം തന്നെ *സത്താ*യതും *ശ്രേഷ്ഠ*മായതുമായ ഒന്നിനെയാണ് സൂചിപ്പിക്കുന്നത്. സത്ഭാവങ്ങളുടെ സല്ലയനമായ സംസ്കൃതിവ്യക്തിയുടേയും സമൂഹത്തി ന്റെയും ആന്തരികമായ നന്മയിലും ശുദ്ധിയിലും കുടികൊള്ളുന്ന ഒന്നാണ്, ആശയങ്ങൾ, സങ്കല്പങ്ങൾ, ധർമ്മങ്ങൾ, ജ്ഞാതിഭാവങ്ങൾ, ശിഷ്ടാചാരങ്ങൾ എന്നിങ്ങനെ സമൂഹത്തിൽ നിൽക്കുന്ന സത്ഭാവങ്ങളുടെ സമ്മിശ്രമാണ് സംസ്ക്കാരം[41]. സൗന്ദര്യത്തേയും മാനുഷിക വികാരങ്ങളേയും ഉൾക്കൊള്ളാൻ കഴിവുള്ള ചിന്തയുടെ പ്രവർത്തനമാണ് സംസ്ക്കാരം[42]. സംസ്ക്കാരം മനുഷ്യന്റെ മാത്രം സവിശേഷതയാണ്. സാമൂഹിക ശാസ്ത്രജ്ഞന്മാർ സംസ്ക്കാരം എന്ന പദം ഉപയോഗിക്കുന്നത് ഒരുജനതയുടെ ആശയങ്ങൾ, അഭിപ്രായങ്ങൾ പെരുമാറ്റരീതി, ജീവിതശൈലി തുടങ്ങിയവയെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ടാണ്. ഭാഷ, ആശ യങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ധർമ്മങ്ങൾ, നിയമങ്ങൾ, കലാസൃ ഷ്ടികൾ, സ്ഥാപനങ്ങൾ, ഉപകരണങ്ങൾ, സാങ്കേതിക വിദ്യകൾ എന്നിവയൊക്കെ സംസ്ക്കാ രത്തിന്റെ സാക്ഷ്യങ്ങളാണ്[43].

ഷെല്ലിസിയോൺ, എലിസബത്ത് കോസ്‌ലെസ്കി എന്നിവർ സംസ്ക്കാരത്തെ ഇപ്രകാരം നിർവ്വചിക്കുന്നു; ഒരു സമൂഹത്തിലെ വ്യക്തികൾ പരസ്പര വിനിമയത്തിന് ഉപ യോഗിക്കുന്ന വിശ്വാസങ്ങൾ, മൂല്യങ്ങൾ, ആചാരങ്ങൾ, പെരുമാറ്റരീതികൾ, കലാരൂപങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന വ്യവസ്ഥയാണ് സംസ്ക്കാരം. തുടർന്ന്, മിക്കപ്പോഴും സംസ്ക്കാരം വിലയിരുത്തുന്നത് ഭക്ഷണം  സംഗീതം, വസ്ത്രധാരണം, ആഘോഷം എന്നിവയിലൂടെയാ ണ്. എന്നാൽ സംസ്ക്കാരം യഥാർത്ഥത്തിൽ ഈ പ്രത്യക്ഷഘടകങ്ങളിൽ നിന്ന് ബൃഹത്തായി നിൽക്കുന്ന ഒന്നാണ്. ഒരു വർഗ്ഗം ഒരു സമൂഹം ഒരു പ്രത്യേക മതം എന്നിവയ്ക്കിടയിൽ പര സ്പരം പങ്കുവെക്കുന്ന ചിന്തകളുടെയും, മൂല്യങ്ങളുടെയും, പെരുമാറ്റരീതികളുടെയും സമന്വ യമാണ് സംസ്ക്കാരം. സംസ്ക്കാരം നിർവ്വചിക്കപ്പെടുന്നത് പിറവിയിലൂടെ മാത്രമല്ല പിറവി യെടുക്കുന്ന സമൂഹമോ മതമോ വർഗ്ഗമോ അതിനെ നിർവ്വചിക്കുന്ന ഘടകങ്ങളാണ്. സംസ്ക്കാരം സ്ഥായിയല്ല ചലനാത്മകമാണ്. മനുഷ്യവംശത്തേക്കാൾ ബൃഹത്തായ സംസ്ക്കാ രത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ലിംഗ വ്യവസ്ഥ, മനുഷ്യവിഭാഗങ്ങൾ, മതം ആചാരവി ശ്വാസങ്ങൾ തുടങ്ങിയവയാണെന്ന് പറയുന്നു[44].

സംസ്ക്കാരം എന്നാൽ മനുഷ്യന്റെ അറിവിന്റെയും വിശ്വാസത്തിന്റെയും സ്വഭാവത്തിന്റെയും സമന്വയ മാതൃകയാണ്. ഭാഷകൾ, ആശയങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ബഹിഷ്കരണങ്ങൾ, നിയമാവലികൾ, സ്ഥാപനങ്ങൾ, ഉപകരണങ്ങൾ, പ്രവൃത്തിരീതികൾ, കലാപ്രവർത്തനങ്ങൾ, മുതലായവ ഉൾക്കൊള്ളുന്നതാണ് സംസ്ക്കാരം. കൂടാതെ പരസ്പര മൂല്യങ്ങൾ, വിശ്വാസങ്ങൾ, അറിവ് എന്നിവയും സമൂഹത്തിൽ യഥാസമയം ആർജ്ജിക്കുന്ന പെരുമാറ്റ മര്യാദകളും സംസ്ക്കാരത്തിൽ അടങ്ങിയിരിക്കുന്നു. കരകൗശലം, പറഞ്ഞതും എഴുതപ്പെട്ടതുമായ  ചരിത്രം, സാഹിത്യം, സംഗീതം, നാടകം, നൃത്തം, ദൃശ്യകലകൾ ആഘോഷങ്ങൾ, സസ്യസമ്പത്തുക്കളുടേയും ഔഷധപ്രയോഗങ്ങളുടെയും തദ്ദേശിയ അറിവുകൾ, വാസ്തുവിദ്യാരീതി, ചരിത്രപരമായ സ്ഥലങ്ങൾ, പാരമ്പര്യ സാങ്കേതിക വിദ്യകൾ, സൗഖ്യപ്പെടുത്തലുകളുടെ പാരമ്പര്യരീതികൾ, പ്രവൃത്തി വിഭവങ്ങളുടെ പാരമ്പര്യവിനിയോഗം, വ്യക്തികളുടെയും സമൂഹത്തിന്റെയും ക്ഷേമവും സ്വത്വവും സംഭാവന ചെയ്യുന്ന സാമൂഹിക പ്രവർത്തനരീതികൾ എന്നിവയും ഉൾക്കൊള്ളുന്നു[45]. വ്യക്തിതന്നെ രൂപപ്പെടുത്തുകയും വർത്തമാനകാലത്തിൽ നിന്നും ഭൂതകാലത്തിൽ നിന്നും പ്രേഷണം ചെയ്യുന്നതുമെല്ലാം സംസ്ക്കാരത്തിലടങ്ങിയിരിക്കുന്നുവെന്ന് ആവ്ർച്ച് പറയുന്നു[46]. മനസ്സിന്റെ കൂട്ടായ പ്രവർത്തനഫലമായ സംസ്ക്കാരം രണ്ട് വർഗ്ഗങ്ങളെ തമ്മിൽ വേർതിരിക്കുന്ന ഘടകമായും നിൽക്കുന്നുണ്ട്[47]. കുറച്ചുകൂടി വ്യക്തമായി മറ്റ്സുമാട്ടോ, സംസ്ക്കാരമെന്നാൽ മനസ്ഥിതി, മൂല്യങ്ങൾ, വിശ്വാസങ്ങൾ, സ്വഭാവങ്ങൾ എന്നിവ ഒരു വർഗ്ഗത്താൽ പങ്കുവെയ്ക്കപ്പെടുന്നതും പക്ഷെ വ്യക്തികളിൽനിന്ന്, വ്യത്യസ്തവും ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേക്ക് കൈമാറ്റം ചെയ്യുന്നതുമാണ് എന്നു പറയുന്നു[48]. തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ജീവിതമൂല്ല്യങ്ങളായാണ് സംസ്ക്കാരത്തെ മറ്റ്സുമാട്ടോ നിർവ്വചിക്കുന്നത്. സ്പെൻസർ സംസ്ക്കാരത്തെ, ജീവിതക്രമീകരണങ്ങൾ വിശ്വാസമൂല്ല്യങ്ങൾ, നയങ്ങൾ, നടപടികൾ, സ്വഭാവാചാരങ്ങൾ തുടങ്ങിയവ ഒരു ജനസമൂഹത്തിൽ പങ്കുവെയ്ക്കപ്പെടുന്നതും വ്യക്തികളെ തമ്മിൽ സ്വാധീനിക്കുന്നതുമാണെന്ന്  നിർവ്വചിക്കുന്നു[49].

ഒരുതരത്തിൽ നെഹ്റു പറഞ്ഞതുപോലെ നിർവ്വചനത്തിനതീതമാണ് സംസ്ക്കാരം[50]. പ്രകൃതി, മനുഷ്യൻ, മനുഷ്യൻ ഉൾക്കൊള്ളുന്ന സമൂഹം എന്നീ ത്രിമാനങ്ങളുടെ കൂടിച്ചേരലിലൂടെ സൃഷ്ടിക്കുന്ന പൊതുബോധമാണ് സംസ്ക്കാരത്തിന് അടിസ്ഥാനം. സംസ്ക്കാരം ഭൂതകാലത്തിന്റെ പെരുമയെയും പാരമ്പര്യത്തിന്റെ ശ്രേഷ്ഠതയെയും വർത്തമാനകാലത്തിന്റെ പ്രസക്തിയെയും ഭാവികാലത്തിന്റെ ലക്ഷ്യത്തെയും ഒരുമിച്ചു നിർമ്മിക്കാൻ കഴിയുന്ന ബോധമായി മാറികഴിഞ്ഞിരിക്കുന്നു. ഇത് സാദ്ധ്യമാകുന്നത് കാലം സൃഷ്ടിക്കുന്ന സാമൂഹ്യബോധത്തിലൂടെയാണ്. അതുകൊണ്ട് ഒരു സവിശേഷ പ്രകൃതിയുടെ സ്വാധീനതയിലുണ്ടാകുന്ന മനുഷ്യജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്ന എല്ലാ ഘടകങ്ങളിലും കാലം അവശേഷിപ്പിക്കുന്നവയും പിന്തുടരുന്നതുമായ ഘടകങ്ങളെ സാംസ്ക്കാരിക ഘടകളെന്നും ഈ ഘടകങ്ങൾ ചേർന്നുള്ള പ്രത്യേക ബോധത്തെ സംസ്ക്കാരമെന്നും പറയാം.

സംസ്ക്കാരത്തെ സ്വാധീനിക്കുന്ന പ്രധാനഘടകങ്ങൾ ഒരു സമൂഹം ഉൾക്കൊള്ളുന്ന പ്രകൃതിയും ആ പ്രകൃതി ഉൾക്കൊള്ളുന്ന സാമൂഹ്യജീവിയായ മനുഷ്യനുമാണ്. കാലാവസ്ഥ, ഭൂപ്രകൃതിയാൽ ഒറ്റപ്പെട്ടു നിൽക്കാൻ സഹായിക്കുന്ന അതിരുകൾ, സമുദ്രം, പുഴ, സസ്യ

ജാലങ്ങൾ തുടങ്ങി പ്രകൃതിസഹജമായ ഘടകങ്ങളെല്ലാം സംസ്ക്കാരത്തിന്റെ അടിസ്ഥാനഘടകങ്ങളാണ്. ഈ അടിസ്ഥാനഘടകങ്ങളിൽ നിന്ന് മനുഷ്യന്റെ ജീവിതയാത്രയിൽ ഉണ്ടാകുന്നതും ഉണ്ടാക്കപ്പെടുന്നതുമായ വ്യക്തികേന്ദ്രീകൃതമായ സവിശേഷ ചെയ്തികളെ സമൂഹത്തിന്റേതായി മാറ്റപ്പെടാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുമ്പോൾ അവ കൂട്ട വ്യവസ്ഥയിലുള്ള മനുഷ്യർ അംഗീകരിക്കപ്പെടുകയും അത് കാലാന്തരത്തിൽ ആ മനുഷ്യവർഗ്ഗത്തിന്റെ വൈകാരിക അവശേഷിപ്പിക്കുകളായി മാറപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ അവശേഷിക്കപ്പെടുന്ന സാംസ്ക്കാരിക ഘടകങ്ങളിൽ പ്രധാനപ്പെട്ടത് ഭാഷ, ആചാരങ്ങൾ, വിനോദം, നൈതീക ബോധം, അനുഷ്ഠാനങ്ങൾ എന്നിവയാണ്. ഈ ക്രിയകളിലെല്ലാം അവന്റെ പ്രകൃതിയുടെ അനുകരണങ്ങളോ സ്വാധീനമോ ഇടപെടലുകളോ സ്വഭാവികമായി കടന്നു വരുന്നു. കാരണം പ്രകൃതിയുടെ ഉത്പന്നമാണ് മനഷ്യൻ, അവന്റെ ഉത്പന്നമാണ് സംസ്ക്കാരം.

### 1.2.1 സാഹിത്യവും സംസ്ക്കാരവും

സാഹിത്യം മനുഷ്യന്റെ സംവേദനമാദ്ധ്യമമാണ്. സ്വത്വസാംസ്ക്കാരിക പ്രതിഫലനമാണ് മനുഷ്യന്റെ വൈകാരികാവിഷ്ക്കാരമായ സാഹിത്യമാതൃകകളിൽ പ്രത്യക്ഷപ്പെടുന്നത്. മനുഷ്യൻ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ ഒരു ഭാഗമെന്ന നിലയ്ക്കും സമൂഹത്തെ വ്യക്തമായി അറിയാവുന്ന ഒരു സാമൂഹ്യജീവി എന്ന നിലയിലും എഴുത്തുകാരൻ സൃഷ്ടിക്കുന്ന സാഹിത്യമാതൃകകളിൽ സമൂഹത്തിന്റെയും അതുൾകൊള്ളുന്ന സംസ്ക്കാരഘടകങ്ങളുടെയും സാന്നിദ്ധ്യമുണ്ടാകും. എഴുത്തുകാരന്റെ സൃഷ്ടികളെല്ലാം ഭാഷാകേന്ദ്രകൃതമായാണ് പുറത്തുവരുന്നതെങ്കിലും സഹൃദയനിൽ ഭാഷ സൃഷ്ടിക്കുന്ന അവ്യാഖ്യേയമായ അനുഭൂതിയും സ്വഭാവികമായ വൈകാരികഭാവവും സാഹിത്യസൃഷ്ടിയെ സംസ്കാരവുമായി ബന്ധിപ്പിച്ചു നിർത്തുമ്പോഴെ സാദ്ധ്യമാകൂ. ഒരു എഴുത്ത് കാലഘട്ടത്തെ സംബന്ധിച്ചും കാലഘട്ടത്തെ കുറിക്കുന്ന സമൂഹത്തെ സംബന്ധിച്ചും എപ്രകാരം ബന്ധപ്പെട്ടുകിടക്കുന്നു എന്നതിന്റെ അടിസ്ഥാനമാക്കിയാണ് ആ എഴുത്ത് കാലത്തെ അറിയുന്നതും കാലത്തിന്റെ സ്മാരകമായി നിലനിൽക്കുന്നതും. എഴുത്തിന്റെ/സാഹിത്യമാതൃകയുടെ മുമ്പിലുള്ള സഹൃദയലോകത്തിൽ അത് എപ്രകാരം സ്വാധീനം ചെലുത്തുന്നു എന്നത് പ്രധാനമായും സാംസ്ക്കാരികമായ താദാത്മ്യം പ്രാപിക്കുന്നതിലൂടെയാണ് നടക്കുന്നത്. ഇങ്ങനെയുള്ള കൃതികൾ സഹൃദയന്റെ മനസ്സിലെ സാംസ്ക്കാരിക പ്രാഗ്‌രൂപങ്ങളിലേക്ക് ചെന്നെത്തുകയും ഒപ്പം സഹൃദയന്റെ ഓരോ വായനയിലും, പാരമ്പര്യത്തിലേക്കും പൈതൃകത്തിലേക്കും അദ്ദേഹം പിന്നിലേക്ക് സഞ്ചരിക്കുകയും ചെയ്യുന്നു. അതായത് ഭാഷസൃഷ്ടിക്കുന്ന ഈ സാംസ്ക്കാരിക ബോധം വെറും ഭാഷയിൽ മാത്രം ഒതുങ്ങി നിൽക്കാതെ അതിന്റെ പിന്നിലെ സ്വത്വ സംസ്ക്കാരബോധങ്ങളിലേക്ക് കടന്നു ചെല്ലുന്നു. മറ്റൊരു സംസ്ക്കാരധാരയിലെ കൃതികൾ വായിക്കുമ്പോൾ സഹൃദയന് നഷ്ടപ്പെടുന്ന സംസ്ക്കാരപൈതൃകബോധമാണിത്. അതായത് എഴുത്തുകാരന്റെ തീർത്തും സ്വകാര്യമായ സാഹിത്യകൃതികൾ സാംസ്ക്കാരികമായ ഒരു വിതാനത്തിലേക്ക് ഉയരുന്നത് എഴുത്തുകാരന്റെ ഇപ്രകാരമുള്ള സമൂഹത്തോടുള്ള ബന്ധം കൊണ്ടാണ്.

ഓരോ പ്രദേശത്തിനും അതിന്റേതായ സവിശേഷതകളുള്ള സംസ്ക്കാരമുണ്ടാകും. എന്നാൽ സമൂഹത്തിൽ പൊതുസ്വഭാവത്തോടു കൂടി കാണുന്ന ആ സംസ്ക്കാരം വ്യക്തികളിൽ വിഭിന്നമായി കാണപ്പെടുന്നു. സാഹിത്യകൃതിയെ ഒരു സമൂഹത്തിന്റെ ഉല്പന്നമെന്ന

നിലയിൽ സമഗ്രമായി ദർശിച്ചാണ് സംസ്ക്കാരപഠനം സാദ്ധ്യമാകുന്നത്. പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, സമുദായികനിയമങ്ങൾ തുടങ്ങി ജീവിതത്തിന്റെ എല്ലാ വശങ്ങളുമായി ഇത് ബന്ധപ്പെടുന്നുണ്ട്. സംസ്ക്കാര രൂപവൽക്കരണത്തിൽ പാരമ്പര്യത്തിനും സമകാലിക ജീവിതത്തിനും നിർണ്ണായകമായ പങ്കുണ്ടെന്നു കാണാം. സംസ്ക്കാരിക ജീവിതത്തെ മനുഷ്യനുൾക്കൊള്ളുന്ന സമൂഹവുമായി ബന്ധിപ്പിച്ചു നിർത്തുന്നത് അവന്റെ പാരമ്പര്യബോധമാണ്. ഇത് സമൂഹത്തെയും സംസ്ക്കാരത്തെയും ഊട്ടിയുറപ്പിക്കുന്ന കണ്ണികൂടിയാണ്.

### 1.3 പാരമ്പര്യം

ഒരു വ്യക്തി സ്വാർജ്ജിതമായും അല്ലാതെയും നേടുന്ന സംസ്കാരത്തിന്റെ ആകെത്തുകയാണ് ആ വ്യക്തിയുടെ പാരമ്പര്യം എന്നു പറയാം. പരം, പര എന്നീ ധാതുക്കളുടെ സമുച്ചയമായ പരമ്പര എന്ന സംസ്കൃത പദത്തിൽ നിന്നാണ് പാരമ്പര്യം എന്ന മലയാള പദത്തിന്റെ നിരുക്തി[51]. ഇംഗ്ലീഷിൽ ട്രഡീഷൻ (tradition) എന്ന പദമാണ് പാരമ്പര്യം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നത്. ട്രഡീർ (tradere) എന്ന ലാറ്റിൻ ധാതുവിൽ നിന്നാണ് ഈ പദത്തിന്റെ നിരുക്തി[52].

ഒരു ജനതയുടെ സാംസ്ക്കാരിക ജീവിതത്തിന്റെ ഭൂതകാലത്തെയും ഭാവികാലത്തേയും ബന്ധിപ്പിക്കുന്ന ഘടകമാണ് പാരമ്പര്യം. ഒരു ജനത തങ്ങളുടെ പൊതുസ്വത്തായി പരിഗണിക്കുന്നതും , തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നതുമായ വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, കഥകൾ, മിത്തുകൾ, വിജ്ഞാനം തുടങ്ങിയവയുടെ ആകെത്തുകയാണ് പാരമ്പര്യം. നിയമശബ്ദാവലിയിലാണ് പാരമ്പര്യം എന്ന പദം ആദ്യമായി ഉപയോഗിച്ചു കാണുന്നത്. കൈമാറ്റം ചെയ്യപ്പെടുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ ഭൗതിക വസ്തുക്കളെയാണ് പാരമ്പര്യം എന്ന ശബ്ദം സൂചിപ്പിക്കുന്നത്[53]. പിന്നീട് നിയമത്തിന്റെ അധികാര പിൻബലത്തിലെന്നപോലെ കൈമാറ്റം ചെയ്യപ്പെടുന്ന ഏതിനേയും പാരമ്പര്യം എന്ന പദം ഉൾക്കൊള്ളാൻ തുടങ്ങി. തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടുവരുന്ന ആശയങ്ങൾ, കഥകൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, രീതിക്രമങ്ങൾ എന്നിവയെല്ലാം പാരമ്പര്യം എന്ന പദം വിവക്ഷിക്കാൻ തുടങ്ങിയതിങ്ങനെയാണ്. ഒരു വ്യക്തിയിൽ രണ്ടു വിധത്തിലുള്ള പാരമ്പര്യം സ്വാധീനം ചെലുത്തുന്നുണ്ട്, ഒന്ന് ബാഹ്യവും മറ്റേത് ആന്തരികവുമാണ്. സ്വന്തം പൂർവ്വികരിൽ നിന്ന് ലഭ്യമാകുന്നതും വ്യക്തിയുടെ ശാരീരിക പ്രത്യേകതകൾ തുടങ്ങി സ്വഭാവങ്ങളിലും പെരുമാറ്റരീതികളിലുംവരെ പ്രത്യക്ഷമാകുന്നതുമായ സവിശേഷതകളാണ് ആദ്യത്തേത്. ഇതിനെ ജൈവികപാരമ്പര്യമായി കണക്കാക്കാം. ജീവശാസ്ത്രദൃഷ്ട്യാ ജീനുകൾ വഴി കൈമാറ്റം ചെയ്യപ്പെടുന്ന പ്രത്യേകതകളാണിവ. രണ്ടാമത്തേത് മനോനിഷ്ഠവും മനുഷ്യന്റെ സംസ്ക്കാരസത്തയുമായി ബന്ധപ്പെട്ടതുമാണ്. മനുഷ്യരാശിയുടെ സംസ്ക്കാരസത്ത എന്ന നിലയിൽ പ്രപഞ്ചത്തിൽ ഇന്നോളം സംഭവിച്ചതൊക്കെയും അവയോടുള്ള മനുഷ്യന്റെ പ്രതികരണങ്ങളും ജീവിതവീക്ഷണവും തത്ത്വചിന്തയുമെല്ലാം ഉൾച്ചേർന്ന ഈ പാരമ്പര്യത്തെ സാംസ്ക്കാരികപാരമ്പര്യമായാണ് പരിഗണിക്കുന്നത്. സംസ്ക്കാരത്തോട് ബന്ധപ്പെട്ട പാരമ്പര്യമാണ് സാഹിത്യ നിർമ്മിതിയിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നത്[54]. സാംസ്ക്കാരിക ഘടകങ്ങളുടെ പുനർവിന്യാസമായികരുതുന്ന പാരമ്പര്യത്തെ പറ്റി പ്രധാനപ്പെട്ട നിർവ്വ

ചനങ്ങൾ ഇവയാണ്;

തുടർച്ചയായി കൈമാറ്റം ചെയ്തു പോരുന്ന ഭൂതകാലത്തിന്റെ ആധികാരികമായ വർത്തമാനകാല സാന്നിദ്ധ്യമാണ് പാരമ്പര്യമെന്ന് മാർട്ടിൻ ക്രീജിയർ അഭിപ്രായപ്പെടുന്നു[55].

പൂർവ്വികർ പകർന്നേകുന്ന ആശയാഭിലാഷങ്ങൾ പിൻതലമുറ ഏറ്റുവാങ്ങി നിലനിർത്തുമ്പോൾ പാരമ്പര്യത്തിന് അനുസ്യൂതഭാവം കൈവരുന്നു. കഴിഞ്ഞ കാലത്ത് നിലനിർത്തിയതും വർത്തമാനകാലത്തിൽ കുറെപേരെങ്കിലും പിന്തുടർന്നുപോരുന്നതുമായ ആചാരങ്ങളും സ്ഥാപനങ്ങളും പാരമ്പര്യത്തിന്റെ ഭാഗമായിത്തീരുന്നു[56].

കാലത്തിന്റെ ഗതിവിഗതികളിലൂടെ സ്വന്തം അസ്തിത്വം നിലനിർത്തിപോരുന്ന ഒരു ജനത അതിന്റെ സങ്കീർണ്ണങ്ങളായ അനുഭവസഹസ്രങ്ങളിൽ നിന്ന് ചികഞ്ഞെടുത്ത് സംഭരിച്ചു സംരക്ഷിച്ചു പോരുന്ന നേട്ടങ്ങളുടെയും കോട്ടങ്ങളുടേയും ആകെത്തുകയാണ് പാരമ്പര്യം[57].

ഈ നിർവ്വചനങ്ങളിലെല്ലാം പാരമ്പര്യം ഭൂതകാലത്തിലെ സംസ്കാരശേഷിപ്പുകളുടെ ആത്മനിഷ്ഠമായ ബോധതലമാണെന്ന് വ്യക്തമാണ്. സമൂഹവും അതിൽ നിന്നുണ്ടാകുന്ന സാംസ്ക്കാരികസവിശേഷതകളും പാരമ്പര്യബോധം ജനങ്ങളിൽ ഉണ്ടാകുന്നു. ആത്മസത്തയെ ആസ്വദിക്കാനും ഭാവിയിലേക്കുള്ള മനുഷ്യജീവിതത്തിന് മുതൽക്കൂട്ടായും പാരമ്പര്യഘടകങ്ങൾ നിലനിൽക്കുന്നു. ഭൂതകാലഗന്ധമുള്ള ജനപാരമ്പര്യമാണ് സംസ്ക്കാരം. ഇത് ചരിത്രഗതിയുടെ സംഭാവനയാണ്. ചരിത്രാവബോധമുള്ളവനേ തന്റെ യഥാർത്ഥ പാരമ്പര്യത്തെ കണ്ടെത്താനാവൂ. വർത്തമാനകാല ജീവിതദുരിതങ്ങളിൽ ചരിത്രവബോധത്തിലൂടെ അവന്റെ മനസ്സ് കണ്ടെത്തുന്ന അതിജീവനത്തിന്റെ ഭാഗംകൂടിയാണ് പാരമ്പര്യ സ്മരണയും അതിൽ അഭിമാനം കൊള്ളുന്ന സാംസ്ക്കാരികസ്വത്വവും.

വ്യക്തിയും വ്യക്തിസൃഷ്ടിക്കുന്ന സാമൂഹ്യബോധവും സാംസ്ക്കാരികധാരണകളിൽ നിന്ന് അകന്നു നിൽക്കുന്നില്ല എന്നതാണ് പാരമ്പര്യ ചിന്തയിൽ നിന്ന് മനസ്സിലാക്കുന്ന ഒരു കാര്യം. അതായത്, സാംസ്കാരികഘടകങ്ങളും പാരമ്പര്യഘടകങ്ങളും ഏദേശം ഒരേ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. പ്രകൃതിയേയും അതുൾക്കൊള്ളുന്ന സമൂഹവും സൃഷ്ടിക്കുന്ന നിർവ്വചിക്കാൻ കഴിയാത്ത ബന്ധം സംസ്ക്കാരത്തിലും പാരമ്പര്യത്തിലും കാണാം. പാരമ്പര്യവും സാഹിത്യവും സംസ്ക്കാരവും തമ്മിലുള്ള ബന്ധത്തെ ഇപ്രകാരം ക്രോഡീകരിക്കാം;

- സാമൂഹ്യജീവിയായ മനുഷ്യന്റെ ജീവിത സാകല്യത്തിന്റെ പ്രധാനഭാഗങ്ങളാണ് സംസ്ക്കാരം, പാരമ്പര്യം, സാഹിത്യം എന്നിവ.

- മനുഷ്യന്റെ അനുഭവങ്ങൾ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ മുദ്രകളായി സാഹിത്യകൃതികളിൽ പ്രത്യക്ഷമാകുന്നു.

- സ്ഥായിയായതും താത്കാലികവുമായ മാറ്റളെല്ലാം തന്നെ സാഹിത്യകൃതികളിൽ എഴുത്തുകാരന്റെ കാവ്യലക്ഷ്യമനുസരിച്ച് എഴുതപ്പെടുന്നത് സാംസ്ക്കാരിക പാരമ്പര്യമുദ്ര

കളുടെ പിൻബലത്തോടൊപ്പമാണ്. അത് സഹൃദയന്റെ മനസ്സിൽ ഉണ്ടാക്കുന്ന നവ്യാനുഭൂതിയോടൊപ്പം പാരമ്പര്യബോധത്തെയും സൃഷ്ടിക്കുന്നു.

നാനാതരം സാമൂഹിക ബന്ധങ്ങളോടു കൂടിയ മനുഷ്യന്റെ വികാരവിചാരങ്ങളെയും ആഗ്രഹാഭിലാഷങ്ങളെയും ജീവിതവീക്ഷണഗതിയെയും ചിത്രീകരിക്കുന്ന സാഹിത്യകൃതി സാമൂഹിക ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്നു. ഇപ്രകാരം സാഹിത്യത്തെ പരമ്പരാഗത ആസ്വാദന രീതിയിൽ നിന്ന് മാറ്റി നിർത്തി സാഹിത്യമാതൃകകളിൽ കടന്നു വരുന്ന സാംസ്ക്കാരിക പാരമ്പര്യത്തെയും സമൂഹത്തെയും പഠിക്കുന്ന പുതിയ രീതി പത്തൊമ്പതാം നൂറ്റാണ്ടോടുകൂടിയാണ് ആരംഭിച്ചത്. പ്രത്യേകം സംജാതമായ സാമൂഹ്യാന്തരീക്ഷമാണ്, സാഹിത്യകൃതിയിലെ സമൂഹത്തെയും സംസ്ക്കാരത്തെയും അന്വേഷിക്കാൻ പ്രേരിപ്പിച്ചത്. സമൂഹത്തിന്റെ ഉത്പന്നമാണ് സാഹിത്യമെന്നും സാഹിത്യം സാംസ്ക്കാരിക ചരിത്രത്തെ വഹിക്കുന്നതെന്നുമുള്ള ചിന്തകൾ പത്തൊമ്പതാം നൂറ്റാണ്ടോടുകൂടിയാണ് ശക്തിപ്പെടുന്നത്. ഈയൊരു സവിശേഷ സാഹചര്യത്തിൽ ഉടലെടുത്ത സാഹിത്യ നിരൂപണ പദ്ധതിയാണ് സംസ്ക്കാരപഠനം.

### 1.4 സംസ്ക്കാരപഠനം

ഇരുപതാംനൂറ്റാണ്ടിന്റെ അവസാനശതകങ്ങളിൽ ലോകശ്രദ്ധ പിടിച്ചു പറ്റിയ നൂതന ചിന്താപദ്ധതിയാണ് കൾച്ചറൽസ്റ്റഡീസ് (Cultural Studies) അഥവാ സംസ്ക്കാരപഠനം. സംസ്ക്കാരപഠനം എന്നു പറഞ്ഞാൽ സംസ്ക്കാരത്തെക്കുറിച്ചുള്ള പഠനപദ്ധതിയാണെന്നു തോന്നാമെങ്കിലും നിഷ്കൃഷ്ടമായ അർത്ഥമല്ല അതിനുള്ളത്. സാംസ്ക്കാരികഘടകങ്ങളെ മുൻനിർത്തി സാഹിത്യ പഠനവും കലാനിരൂപണവും നടത്തുന്ന പദ്ധതിയെയാണ് അത് അർത്ഥമാക്കുന്നത്[58].

വിക്ടോറിയൻ കാലഘട്ടത്തിലെ സാഹിത്യം അതെഴുതപ്പെട്ട കാലത്തോട് വലിയ ബന്ധമൊന്നും പുലർത്തിയിരുന്നില്ല. അക്കാലത്തെ എഴുത്തുകാർ വിഷയങ്ങൾക്കു വേണ്ടി ചരിത്ര സംഭവങ്ങളിൽ അഭയം പ്രാപിക്കുകയാണ് ചെയ്തിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ഈ വിശ്വാസം തകർന്നു. ശാസ്ത്രപുരോഗതിയും വ്യവസായ യുഗത്തിന്റെ പിറവിയും വലിയ മാറ്റങ്ങളുണ്ടാക്കി. ചെലവുകുറഞ്ഞ രീതിയിൽ പുസ്തകങ്ങളും പത്രങ്ങളും പ്രസിദ്ധീകരിക്കാൻ തുടങ്ങിയതോടെ ആശയവിനിമയത്തിന്റെയും വായനയുടെയും മേഖലകൾ കൂടുതൽ സജീവമായി സാഹിത്യാസ്വാദനം മദ്ധ്യവർഗ്ഗത്തിലേക്കും തൊഴിലാളി വർഗ്ഗത്തിലേക്കും ദ്രുതഗതിയിൽ വ്യാപിച്ചു. കാവ്യഭാഷയിൽ നിന്നു വ്യത്യസ്തമായി ഗദ്യഭാഷയ്ക്ക് വ്യവഹാരഭാഷയോടുണ്ടായിരുന്ന അടുപ്പവും ഇതിനു കാരണമായി. റിയലിസത്തിന്റെ കാലഘട്ടത്തിൽ വ്യവഹാര ഭാഷയ്ക്കു ഗദ്യഭാഷയിലുണ്ടായിരുന്ന സ്വാധീനം ദൃഢമായതോടെ ഗദ്യകൃതികൾ ജനങ്ങൾ കൂടുതൽ വായിക്കാൻ തുടങ്ങി. നോവലും ചെറുകഥകളുമായിരുന്നു ഇവരുടെ മാദ്ധ്യമങ്ങളായി വർത്തിച്ചത്. ഇക്കാലത്തെ മിക്ക എഴുത്തുകാരും മദ്ധ്യവർഗ്ഗത്തിൽ നിന്നായിരുന്നതു കൊണ്ടുതന്നെ ഈ കൃതികൾ സാമൂഹിക സാംസ്ക്കാരിക ജീവിതവുമായി കൂടുതൽ അടുത്തുനിന്നു. ഈയൊരു സാമൂഹികപശ്ചാത്തലത്തിൽ നിലനിന്നിരുന്ന മുതലാളിത്ത സംസ്ക്കാരത്തെയും ആചാരവിശ്വാസങ്ങളെയും

തകർത്തുകൊണ്ടും സമൂഹത്തിലെ താഴക്കിടയിലുള്ളവരുടെ സ്വാതന്ത്ര്യക്കുറിച്ചുള്ള ഒരു വിചാരധാര ഉയർന്നുവന്നു പ്രധാനമായും ഇത് മൂന്നു തരത്തിലാണ്;

i) സാഹിത്യത്തിലെയും സംഗീതത്തിലെയും ചിത്ര, ദൃശ്യകലകളിലെയും ഉദാത്ത മാതൃകകളെ സംസ്കാരത്തിന്റെ ഉത്തമമാതൃകകളാക്കിക്കൊണ്ട് അവയെ വിശദമായി പഠിപ്പിക്കുന്ന രീതി മനുഷ്യരാശി കൈവരിച്ച ധൈഷണികവും മാനസികവുമായ ഉന്നമനത്തിന്റെ പരകോടിയായി സംസ്കാരത്തെ കാണുന്ന വരേണ്യസങ്കല്പനമാണിത്. മാത്യു അർനോൾഡ്, എഫ്.ആർ. ലിവിനീ, ക്യൂഡിലിവീസ് തുടങ്ങിയവരാണ് ഇതിന്റെ വക്താക്കൾ.

ii) സാമൂഹികശാസ്ത്രത്തിന്റെ വിശകലനോപാധികൾ ഉപയോഗിച്ചുകൊണ്ട് പ്രത്യേക സമൂഹങ്ങളുടെ സംസ്കാരത്തെയും ജീവിതശൈലിയെയും പഠനവിഷയമാക്കുന്ന നരവംശ ശാസ്ത്രത്തിന്റെ സങ്കീർണ്ണവും സമഗ്രവുമായ ജീവിതശൈലിയുടെ ഭാഗമായിവരുന്നതെന്തും സംസ്ക്കാരമായാണ് ഇതിന്റെ വക്താക്കളായ എഡ്വേർഡ് ബർനെറ്റ്, ടൈലർ എന്നിവർ കാണുന്നത്.

iii) മാർക്സിസ്റ്റ് വിചാരത്തിന്റെ കേന്ദ്രപരികല്പനയായ അടിത്തറ, മേൽപ്പുര എന്ന സ്ഥല രൂപകങ്ങൾ ഉല്പാദനപരമായ അടിത്തറയിൽ നിർണ്ണയിക്കപ്പെടുന്നു. ഇതാണ് മൂന്നാമത്തെ രീതി. ഇതനുസരിച്ച് സംസ്ക്കാരമെന്നത് ഭൗതിക ബന്ധങ്ങളുടെ അടിത്തറയിൽ നിലയുറപ്പിച്ച ഒന്നായിത്തീരുന്നു[59].

ഈ പറഞ്ഞ വിചാരധാരകളെ സമന്വയിപ്പിച്ചുകൊണ്ടും അവയിലെ തത്വങ്ങൾ അവഗണിച്ചുകൊണ്ടും ഒരു നവീന ധൈഷണിക ചിന്താപദ്ധതിയായി സംസ്കാരത്തെ സമീപിച്ച സമകാലിക സംസ്ക്കാരപഠനകേന്ദ്രം ബ്രിട്ടനിലെ ബർമിങ് ഹാം സർവ്വകലാശാലയിൽ 1964 ൽ സ്ഥാപിക്കപ്പെട്ട *സെന്റർ ഫോർ കണ്ടമ്പററി കൾച്ചർ സ്റ്റഡീസ്* ആണ്, ഈ പഠന പദ്ധതിക്ക് പ്രത്യേക പഠന വിഷയമെന്ന നിലയിൽ സ്ഥാനം നേടിക്കൊടുത്തത് ഈ സ്ഥാപനമാണ്. ഈ സ്ഥാപനത്തിന്റെ പ്രഥമ ഡയറക്ടറാണ് *ദി യൂസസ് ഓഫ് ലിറ്ററസി (1967)* എന്ന കൃതിയുടെ കർത്തവായ റിച്ചാർഡ് ഹൊഗാർട്ട് (1918–2014) റെയ്മണ്ട് വില്യംസ് (1921–1988) ഇ.പി.തോംസൺ (1924–1993), സ്റ്റുവർട്ട് ഹൾ (1932–2014) എന്നിവരാണ് ഈ സ്ഥാപനവുമായി ബന്ധപ്പെട്ടും അല്ലാതെയും ഈ പഠന പദ്ധതിക്ക് ബ്രിട്ടനിലും ബ്രിട്ടന്റെ പുറത്തും സർവ്വദേശീയ തലത്തിലും അംഗീകാരം നേടിക്കൊടുത്തവർ.

സന്ദിഗ്ധത (ambiguity)യുടേയും സങ്കീർണ്ണതയുടേയും (complexity) വരണ്യേത (eppism)യുടേയും സമീകരണമായി ഉന്നതകല (high art) വാഴ്ത്തപ്പെട്ട കാലത്താണ് സംസ്കാര പഠനങ്ങൾ ഉയിർകൊള്ളുന്നത്[60]. 1970 കളോടെ സംസ്ക്കാരപഠനങ്ങൾ സാഹിത്യവിമർശനത്തിലെ സൗന്ദര്യമൂല്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് പകരം കർത്തൃത്വം (subjectivity) സ്വത്വം (identity) സാമൂഹികാർത്ഥങ്ങൾ (social meaning) സാമൂഹിക മൂല്യങ്ങൾ (social values ) അധികാരം (power) തുടങ്ങിവയെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉന്നയിച്ചു

തുടങ്ങി[61] ഇത് സാഹിത്യത്തിലും സമൂഹത്തിലും വിപ്ലകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. സംസ്കാര പഠനം സംസ്കാരത്തെ കാണുന്നത് സമൂഹത്തിൽ വിവിധ വിഭാഗങ്ങൾ തമ്മിൽ സംസ്കാര മൂലധനം പങ്കിടുന്നതിനെചൊല്ലി നടക്കുന്ന മത്സരമായാണ്[62]. ഇതെല്ലാം സൂചിപ്പിക്കുന്നത് സമൂഹത്തിലെ അധികാരകിട മത്സരങ്ങൾക്കെതിരെയും ഏകാധിപത്യ വിശ്വാസങ്ങൾക്കെതിരെയും രൂപം പ്രാപിച്ച വിമർശന പദ്ധതിയാണ് സംസ്കാരപഠനം എന്നാണ്. സംസ്കാരപഠനത്തെ സൗന്ദര്യാത്മക വിമർശന പദ്ധതിയിൽ നിന്നു വ്യത്യസ്തമാക്കുന്നതും ഈ ഘടകങ്ങൾ തന്നെയാണ്.

സമകാലിക കലാപഠനങ്ങളിൽ സാഹിത്യം പരിഗണിക്കപ്പെടുന്നത് ഒരു സാംസ്ക്കാരിക രൂപമായിട്ടാണ്. കല സാമൂഹിക മാറ്റത്തിനായി സ്വയം പര്യാപ്തമാകുന്നതെവിടെയാണ് എന്നന്വേഷിക്കുകയാണ് സംസ്ക്കാരപഠനങ്ങൾ ചെയ്യുന്നത്. സംസ്ക്കാരപഠനമുൾപ്പെടെയുള്ള ആധുനിക വിജ്ഞാനധാരകളെല്ലാം വളർന്നതും വളരുന്നതും മൂന്നാംലോകത്തല്ല, പാശ്ചാത്യഅക്കാദമിക സ്ഥാപനങ്ങളിലാണ്. മൂന്നാംലോക സംസ്ക്കാരപഠനത്തിന് അതിന്റേതായ ഒരു ശാസ്ത്രമുണ്ടാകണമെങ്കിൽ രണ്ടു കാര്യങ്ങൾ വേണം, ഒന്ന് പടിഞ്ഞാറൻ സംസ്കാരപഠനം ഉയർന്നു വന്നതിന്റെ ചരിത്ര സാഹചര്യത്തെ മനസ്സിലാക്കാനും വിലയിരുത്താനും കഴിയണം. രണ്ട് മൂന്നാംലോകത്തിന്റെ വിഭിന്നത മനസ്സിലാക്കാൻ കഴിയണം[63]. സംസ്ക്കാരപഠനങ്ങൾക്ക് അതിന്റെ ലക്ഷ്യം നിറവേറ്റാനുള്ള സാഹചര്യങ്ങൾ പ്രധാനമായും മൂന്നാം ലോകരാജ്യങ്ങളിലാണ്. അവിടുത്തെ ജനങ്ങളിൽ അധിനിവേശ സംസ്കാരത്തിന്റെ ശേഷിപ്പുകൾ ഇപ്പോഴും നിലനിൽക്കുന്നു. സൗന്ദര്യാത്മക വിമർശന പദ്ധതികൾ മൂന്നാം ലോകരാജ്യങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നത് ഈ അധിനിവേശ രാഷ്ട്രീയത്തെ നിലനിർത്തുവാനാണ്. ജനങ്ങളുടെ പ്രതിരോധത്തിലൂന്നുന്ന രാഷ്ട്രീയ സംസ്ക്കാരവും മുതലാളിത്ത സാമ്രാജ്യത്വശക്തികളും അവകൊണ്ടു വന്ന സംസ്ക്കാരവും തമ്മിലുള്ള സംഘർഷമാണ് മൂന്നാം ലോകസംസ്ക്കാരമണ്ഡലത്തെ മുഖ്യമായി നിർണ്ണയിക്കുന്നത്. ഈ സംസ്ക്കാരിക കലഹത്തെ വിശദമായി ചരിത്ര പാഠത്തിന്റെ പശ്ചാത്തലത്തിൽ പഠിക്കാനാണ് സംസ്ക്കാര പഠനങ്ങൾ ശ്രമിക്കുന്നത്.[64]

മാത്യു അർനോൾഡിന്റെ ദേശീയതയിലൂന്നിയ സംസ്ക്കാര സങ്കല്പത്തിന്റെ വിമർശനമായാണ് ബ്രിട്ടനിൽ സംസ്ക്കാരപഠനം രൂപപ്പെടുന്നത്. ബ്രിട്ടീഷ് സംസ്ക്കാരത്തിന്റെ രണ്ടു ഘടകങ്ങൾ ഈസ്റ്റ് ഹോവ് ചൂണ്ടിക്കാട്ടുന്നത് ഇങ്ങനെയാണ; ആദ്യഘട്ടം സംസ്ക്കാരവാദമാണ്, 1960കളിൽ ഈ സമീപനമാണ് മേൽക്കൈ നേടിയത്. 1970കളോടെ സംസ്ക്കാരപഠനത്തിൽ ഘടനാവാദത്തിന്റെ സ്വാധീനം വന്നു. ലൂയി അൽത്തൂസറിന്റെയും റൊളാങ് ബാർത്തിന്റെയും സമീപനങ്ങൾ ഇക്കാലത്ത് ബ്രിട്ടീഷ് സംസ്ക്കാരപഠനത്തിൽ സ്വാധീനം ചെലുത്തി. 1980കളിൽ സംസ്ക്കാരപഠനം ഇവരെയും മറികടക്കാൻ ശ്രമിച്ചു[65].

സമകാലിക കലാപഠനങ്ങളിൽ സാഹിത്യം. പരിഗണിക്കപ്പെടുന്നത്. ഒരു സാംസ്കാരിക രൂപമായിട്ടാണ്, ഇവിടെ മനുഷ്യന്റെ സാമൂഹ്യ ജീവിതത്തെയും രാഷ്ട്രീയ ബോധത്തെയും അവനുൾക്കൊള്ളുന്ന എല്ലാ വിശ്വാസാചാരങ്ങളെയും സൂചിപ്പിക്കുന്ന പദമായാണ് സംസ്ക്കാരം മാറുന്നത്. സമ്പ്രദായികമായ അർത്ഥങ്ങൾ കൃതികളെ മഹത്തരമായി കരുതി

യിരുന്ന സങ്കൽപനത്തെ സംസ്ക്കാരപഠനങ്ങൾ മാറ്റിയെടുത്തു. സാംസ്ക്കാരിക ചരിത്രത്തോടും സാംസ്ക്കാരിക സ്ഥാപനങ്ങളോടുമുള്ള ബന്ധം സംസ്ക്കാരപഠനം വഴി വിശകലനം ചെയ്പ്പെട്ടു. സമൂഹത്തിന്റെ പ്രതിഫലനമെന്നോണം സാഹിത്യകൃതികളിൽ കാണുന്ന സാംസ്ക്കാരിക സംഘർഷങ്ങളെ അതിന്റെ സമകാലിക സംഭവങ്ങളുമായോ സാമൂഹികഘടകങ്ങളുമായോ ചർച്ചചെയ്യുകയാണ് സംസ്ക്കാരപഠനങ്ങൾ ചെയ്യുന്നത്[66]. നിരൂപകയായ നിരജ്ഞന ഗുപ്തുടെ അഭിപ്രായത്തിൽ രണ്ടു സമീപനരീതികളാണ് സംസ്ക്കാരപഠനം മുന്നോട്ടുവയ്ക്കുന്നത്:

i) സാഹിത്യകൃതികളും അവ എഴുതപ്പെട്ട സാമൂഹിക ഭൗതിക പ്രത്യശാസ്ത്ര പരിസരങ്ങളും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധങ്ങൾക്കുള്ളിൽ സാഹിത്യത്തെ പഠിക്കുക.
ii) മഹത്തായ കൃതികൾ മാത്രം ചർച്ച ചെയ്തുപോരുന്ന പരമ്പരാഗത പഠനത്തിന് വെളിയിൽ കടന്ന് അലിഖിതവും സാഹിത്യേതരവുമായ രചനകൾ ഉൾപ്പെടുന്നവയെ പഠിക്കുക[67].

സമൂഹത്തിന്റെ സൃഷ്ടിയെന്ന നിലയിലാണ് സാഹിത്യത്തെ പല പഠിതാക്കളും കാണുന്നത്. കൃതികൾ കലാസാഹിത്യ ചരിത്രത്തിൽ സ്ഥാനം നേടുക അവ രചിച്ച കാലഘട്ടത്തിലെ ഭൗതിക സാഹചര്യങ്ങൾ ഉൾക്കൊള്ളുന്നതിനാലോ അല്ലെങ്കിൽ ഒരു സമൂഹത്തിന്റെ കൊടുക്കൽ വാങ്ങലുകൾ ഒരു പ്രത്യേകാവസ്ഥ സംജാതമാകുന്നതിനാലോ ആയിരിക്കും ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ സമൂഹത്തിന്റെ ഇച്ഛയ്ക്കനുസരിച്ചുള്ള കൃതികൾ ഉണ്ടാകുന്നു. ഈ കൃതികൾ അഗാധമായി സംസ്ക്കാരത്തെ സ്വാധീനിക്കുന്നു. ഒരു സമൂഹത്തിൽ അല്ലെങ്കിൽ അവർ വച്ചുപുലർത്തിയ മത രാഷ്ട്രീയ വിശ്വാസങ്ങൾ എഴുത്തിന്റെ തന്നെ പ്രസരണം നിർണ്ണയിക്കുന്ന സ്ഥലങ്ങളുടെ സ്വഭാവം ഇങ്ങനെ പലതും വരികൾക്കിടയിൽ കുടുങ്ങിക്കിടക്കും. അവയെ പുറത്തുകൊണ്ടുവരുന്ന രീതി പ്രധാനമായിക്കാണണം. ഇതിനർത്ഥം സാഹിത്യകൃതികൾ പരിസരങ്ങളുടെ നിർമ്മിതികളാണെന്നാണ്. സാഹിത്യകൃതികളെ അതിന്റെ അംഗീകൃത സാഹിത്യവിമർശന പദ്ധതികൾ മുൻനിർത്തി പഠിക്കുന്ന രീതിയിൽ നിന്ന് വ്യത്യസ്തമാണ് സംസ്കാര പഠനമാതൃകകളിൽ ചരിത്രത്തെ മുൻനിർത്തിയുള്ള വിമർശനപദ്ധതി. സംസ്കാരപഠനം അവതരിപ്പിക്കുന്ന പുതിയ സാഹിത്യ വിമർശനരീതികളിൽ പ്രമുഖമാണിത്. കൃതികൾ അവയുടെ ചരിത്ര പശ്ചാത്തലത്തിൽ വച്ച് പരിശോധിക്കാൻ ഇതിന് രണ്ടു ഘട്ടമുണ്ട്. ഒന്ന് കൃതി എഴുതിയ ചരിത്രഘട്ടം. രണ്ട് അത് വായിക്കപ്പെടുന്ന ചരിത്രഘട്ടം.

സാഹിത്യകൃതികളെ അവലംബിച്ചു നടക്കുന്ന നിരൂപണ രീതിയായ സംസ്ക്കാരപഠനത്തിന്റെ സവിശേഷതകൾ ഇവയാണ്;

i) എഴുത്തുകാരന്റെ വ്യക്തി ജീവിതം, വൈകാരിക ചിന്തകൾ എന്നിവ അപ്രസക്തവും എഴുത്തുകാരനിലൂടെ പ്രത്യക്ഷപ്പെടുന്ന സമൂഹം, സാമൂഹ്യ ചരിത്രം, സംസ്കാരം എന്നിവ പ്രസക്തമാവുകയും ചെയ്യുന്നു.
ii) സാഹിത്യകൃതിയുടെ സാഹിതീയതത്വത്തിന് പ്രാധാന്യം കൊടുക്കാതെ പാഠത്തിന് മാത്രം പ്രാധാന്യം കൊടുക്കുന്നു.

iii) കൃതികളിലെ സാംസ്കാരിക ചരിത്രഘടകങ്ങൾ സമൂഹത്തോടും എഴുത്തുകാരനോടും നടത്തിയ വിനിമയമാണ് പ്രധാനമായും പഠനവിധേയമാക്കുന്നത്.

എഴുത്തും കൃതിയും കർത്താവും സമൂഹവും തമ്മിലുള്ള പരസ്പര പൂരകമായ ബന്ധത്തെയും എഴുത്തുകാരന്റെ സാമൂഹ്യ കാഴ്ചപ്പാടുകൾ എപ്രകാരമായിരുന്നുവെന്നും അത് എഴുതപ്പെട്ട കാലഘട്ടത്തിലെ സമൂഹത്തോട് എപ്രകാരം കലഹിച്ചിരുന്നുവെന്നും സാമൂഹ്യജീവിയായ എഴുത്തുകാരന്റെ ജീവിത പ്രക്രിയയിൽ കടന്നു വരുന്ന സാംസ്കാരിക സൂക്ഷിപ്പുകൾ ഏതൊക്കെയാണെന്നും അത് എപ്രകാരമാണ് എഴുത്തുകാരനുൾപ്പെടുന്ന സമൂഹത്തിന്റെ ഉത്പന്നമാകുന്നതെന്നും ഈ പഠനരീത അന്വേഷിക്കുന്നു. ഈ വിധം പുരാതനകൃതികളെ അത് എഴുതപ്പെട്ട കാലത്തിന്റെ സാംസ്കാരികാംശങ്ങളെ മുൻനിർത്തി പഠിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. എഴുത്തുകാരന്റെ വൈകാരിക ജീവിതവുമായി കൃതിയെ ബന്ധിപ്പിക്കാതെ പാഠ (text) ത്തിനുമാത്രം പ്രാധാന്യം നല്കികൊണ്ട് എഴുത്തുകാരനുൾക്കൊള്ളുന്ന സമൂഹത്തിലെ സാംസ്ക്കാരികഘടകങ്ങളെ കണ്ടെത്താനാണ് ഈ പഠനം ശ്രമിക്കുന്നത്. ഇങ്ങനെ കണ്ടെത്തുന്ന സംസ്ക്കാര ഘടകങ്ങളുടെ തുടർച്ച ആ സമൂഹത്തിൽ എപ്രകാരമാണ് നിലനിൽക്കുന്നതെന്നും കണ്ടെത്താൻ ശ്രമിക്കുന്നു. അതായത് കൃതിയിലെ സാമൂഹിക സാംസ്കാരിക ഘടകങ്ങൾ കണ്ടെത്തി അതെഴുതപ്പെട്ട കാലത്തേയും വായിക്കപ്പെടുന്ന കാലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാരമ്പര്യത്തെ കണ്ടെത്തുകയുമാണ് ചെയ്യുന്നത്. സംസ്ക്കാരപഠനത്തിന്റെ ധാരയിൽ നിന്നു കൊണ്ട് സാംസ്ക്കാരിക തുടർച്ച എങ്ങനെ പുരാതന കൃതികളെ മുൻനിർത്തി കണ്ടെത്തുന്നുവെന്ന് ഈ പ്രബന്ധം അന്വേഷിക്കുന്നു ചെയ്യുന്നു. ഈ പഠനരീതിയെ സംസ്കാരപാരമ്പര്യ പഠനം (Cultural Heridetary Studies) എന്നു വിളിക്കാം. ഈ പഠനത്തിന്റെ സവിശേഷതകൾ ഇവയാണ്;

- സാഹിത്യകൃതി, എഴുതപ്പെട്ടകാലം, എഴുതപ്പെട്ട സമൂഹം, വായിക്കപ്പെടുന്നകാലം എന്നിവ പഠനവിധേയമാക്കുന്നു.
- സമൂഹത്തോടു എഴുത്തുകാരൻ കാണിച്ച മനോഭാവമല്ല സമൂഹം എഴുത്തുകാരനിൽ സൃഷ്ടിച്ച സ്വാധീനമാണ് ഈ പഠനം കണ്ടെത്തുന്നത്
- പാരമ്പര്യ തുടർച്ചകളെ കണ്ടെത്തുന്നതിന് പ്രധാനമായും കാലംകൊണ്ട് പഴക്കം ചെന്ന കൃതികളെയാണ് ഈ പഠനത്തിനായി ഉപയോഗിക്കുന്നത്.
- കാലവും സമൂഹവും എഴുത്തുകാരനും തമ്മിലുള്ള പരസ്പര ബന്ധത്തെ കൃതികളിലെ സാംസ്കാരികാംശങ്ങളിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നു.
- സാഹിത്യകൃതിയിലൂടെ സാംസ്ക്കാരികചരിത്രത്തെ പുനഃസൃഷ്ടിക്കുകയും പാരമ്പര്യബോധത്തെ പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

ഈ പ്രബന്ധത്തിൽ സംസ്ക്കാരപഠനം എന്ന നവീന സഹിത്യവിമർശന പദ്ധതിയുടെ നേരിട്ടുള്ള സൈദ്ധാന്തിക വശങ്ങളെ പൂർണ്ണമായും പിന്തുടരുന്നില്ല, എങ്കിലും സാഹിത്യത്തെ പാഠമായി ഉൾക്കൊണ്ട് അതിലൂടെ സാംസ്ക്കാരിക ഘടകങ്ങളെ വിലയിരുത്തുന്ന രീതി സാംസ്ക്കാരികപഠനമായി ബന്ധപ്പെടുന്നതാണ്. സാഹിത്യകൃതിയെ സാംസ്ക്കാരിക ചരിത്ര രചനയുടെ ഉപാദാനങ്ങളായി ഉപയോഗിച്ചുള്ള പഠനങ്ങളിൽ ഏറ്റവും പ്രധാനപ്പെ

ട്ടത് റൊമിലാഥാപപ്പറുടെ ശാകുന്തള പഠനമാണ് *(Sankuthala Texts, Reading, Histories 1999)* എന്ന കൃതിയിൽ ശാകുന്തളത്തിലെ ചരിത്രസൂചനകളെയും അതിന്റെ വ്യഖ്യാനങ്ങളെഴുതപ്പെട്ട കാലഘട്ടത്തിലെ സാമൂഹ്യവ്യവസ്ഥയെയും ഒപ്പം സ്ത്രീസ്വത്വത്തെയും കാലഘട്ടത്തിനു വിധേയമാക്കികൊണ്ടു അന്വേഷിക്കുന്നു. മലയാളത്തിലും നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. രാമചരിതം മുതലുള്ള പാട്ടുകൃതികളെയും വൈശികതന്ത്രം മുതലുള്ള മണിപ്രവാളകൃതികളെയും നാടൻ പാട്ടുകളെയും കഥകളെയും ഐതിഹ്യങ്ങളെയും ഈ വിധം പഠിച്ചിരിക്കുകയും പഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രധാനമായും ഈ പഠനങ്ങളെല്ലാം ഏതെങ്കിലുമൊരു കൃതിയുടെ ചില അദ്ധ്യായങ്ങളായി ചുരുങ്ങി പോകാറുണ്ട്. ഇതിൽ നിന്നു വ്യത്യസ്തമായിട്ടുള്ള ശ്രദ്ധേയമായ പഠനമാണ് ഇളംകുളത്തിന്റെ *ഉണ്ണുനീലി സന്ദേശം ചരിത്രദൃഷ്ടിയിൽ കൂടി* (1968) എന്നത് ഉണ്ണുനീലി സന്ദേശത്തിൽ പരാമർശിക്കുന്ന ചരിത്ര സൂചനകളായ *തുലക്കൻ* പടയെയും മറ്റും വിശദമായി ഈ പഠനം ചർച്ച ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള പഠനങ്ങൾ പ്രധാനമായും ചെയ്യുന്നത് സാഹിത്യകൃതികളിൽ നിന്നു കണ്ടെത്തുന്ന പാഠ (text) ത്തെ മുൻനിറുത്തി സാംസ്ക്കാരികചരിത്രഘടകങ്ങളെയും സമകാലവ്യാപരങ്ങളെയും ബന്ധിപ്പിക്കുകയാണ്. അതായത് വർത്തമാനകാലത്തിൽ പ്രയോഗത്തിലും പ്രചാരത്തിലുമുള്ള സാംസ്കാരികധാരണകളെ/ഘടകങ്ങളെ പുരാതനകൃതികളിലെ പരാമർശങ്ങളിൽ നിന്ന് കണ്ടെടുക്ക വഴി അവ അക്കാലം മുതൽക്കേ പ്രചാരത്തിലിരുന്നിരുന്നുവെന്ന് കണ്ടെത്തുകയും ആ സമൂഹത്തിന്റെ പാരമ്പര്യം ഊട്ടിയുറപ്പിക്കുകയുമാണ് ചെയ്യുന്നത്. ഈ വിധമുള്ള സാംസ്ക്കാരിക പാരമ്പര്യ പഠനമാണ് ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

മാനവസംസ്ക്കാരത്തിന്റെ അവിഭാജ്യ ഘടകമായ സാഹിത്യത്തിൽ എഴുത്തുകാരന്റെ വികാര വിചാരങ്ങളോടൊപ്പം അവനെ സാമൂഹിക സാംസ്ക്കാരിക ഘടകങ്ങളും കടന്നുവന്നത് സ്വാഭവികമാണ്. അതുകൊണ്ടാണ് ഒരു പ്രത്യേക ജനസമുദായത്തിന്റെ സാഹിത്യം. ആ സമുദായത്തിന്റെ സാംസ്ക്കാരിക പാരമ്പര്യത്തിന്റെയും ധർമ്മനീതികളെയും സമ്മേളനമായിമാറുന്നത്. ഇങ്ങനെ സംസ്ക്കാരത്തെ സമഗ്രമായി ആവിഷ്കരിക്കുന്ന സാഹിത്യകൃതിയിൽ സംസ്ക്കാരികഘടകങ്ങൾ സ്വഭാവികമായി കടന്നു വരുന്നു. പുരാതന തെക്കേന്ത്യയിലെ അറിയപ്പെടുന്ന ആദ്യ സാഹിത്യ പാരമ്പര്യമായ സംഘടകൃതികളിൽ നിന്ന് ഇപ്രകാരം ചേരരാജ്യത്തിന്റെ സാംസ്ക്കാരിക പാരമ്പര്യം കണ്ടെത്തുകയാണ് തുടർന്ന് ചെയ്യുന്നത്. ഇതിനുമുന്നോടിയായി തെക്കേ ഇന്ത്യയിലെ ജനവിഭാഗമായ ദ്രാവിഡരെ പറ്റി അടുത്ത അദ്ധ്യായത്തിൽ വിശദീകരിക്കുന്നു.

**പിൻകുറിപ്പുകൾ**

1. രാജഗോപാലൻ, എൻ.കെ., (1999) *സംസ്കൃത നിരുക്ത കോശം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 286
2. Howells, Christina., (1988) *Sartre the Necessity of Freedom*, Cambridge, New York, p.24
3. ബേബി സെബാസ്റ്റ്യൻ, (2003) *അസ്തിത്വവാദത്തിന്റ സ്വാധീനം മലയാളത്തിലെ ആധുനിക നോവലുകളിൽ– ഒ.വി.വിജയൻ, കാക്കനാടൻ, മുകുന്ദൻ, ആനന്ദ് എന്നിവരെ ആദാരമാക്കി ഒരു പഠനം*, (അപ്രകാശിത പി.എച്ച്.ഡി. പ്രബന്ധം) മലയാള വിഭാഗം, സെന്റ് തോമാസ് കോളേജ്, പാല, പുറം.3

4. Literature is understood in a multiplicity of ways. It is a body of written or oral works, such as novels, poetry or drams that use words to stimulate the imagination and confront the reader with a unique vision of life. The underlying assumption here is that a work of literature is a creative, universal form of expression that address the emotional, spiritual or intellectual concerns of humanity. However, this Idea about literature is no more than the fourteenth centuary idea that literature is writing - Milner, A., (1996) *Literature, Culture and Society*, UCGL Press, London, p.1
5. Willian,R., (1976) *Keywords: A Vocabulary of Culture and Society,* Fontana, Glasgow, p.151
6. ഉണ്ണികൃഷ്ണൻ, എൻ.സി., (1993) *പുരോഗമസാഹിത്യ പ്രസ്ഥാനത്തിന്റെ സ്വാധീനം 1960 വരെയുള്ള മലയാള നോവലുകളിൽ,* (അപ്രകാശിത പി.എച്ച്.ഡി പ്രബന്ധം) മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം. പുറം.1
7. Beasley, M, (2003) What is Literature? http://artzia.com/Arts/Literature? About
8. To us Literature is any creative, factual and imaginative work about people and what they have done, believe and have created or are willing to create . Literature is a multitude of works; written books ; journals; newspapers and magazines; spoken; acted; sung; filmed; drawn as cartoon or shown on telivision. Literature should not only portary the positive side of human activities but the negative consequences with the view to command a reversal for the better. This implies a balanced representation of the realities of human existance. Literature can be experienced through a variety of media, oral, audio, visual and so on. It is an expression of culture because it documents human knowledge , belief and behaviour - Charles Takoyoh Eyong, Millens Mufuaya, Irene Iwo, (2002) *Area studies - Africa (Regional Sustainable Development Review, vol - II - Literature and Culture, The sustainability connection from an African perspective,* EOLSS, UNESCO, p.3
9. Under standing exactly what literature is has always been a challange; pinning down a definition has proven to be quite difficult. In fact at times one seeme to be reduced saying, I know it when I see it, " or perhaps", Any thing is literature if you want to read it that way - Jim Meyar ., (1997) *What is Literature A Definition Based on Prototypes,* Work papers of the summer Institute of Linguistics, University of North Dakota session, USA, p.1
10. **The Criterial Approach** : The usual approach defining a word in English is to provide a list of criteria which must be met for example, a bird might be defined as an animal which has feathers, which has wings , and which lays eggs, if an animal meets all of these criteria , it is a bird if it does not (for example, a neither has feather nor lays eggs) It is not a bird. Other charecterstics of some birds that they fly, for example or that they sing - are not relevent in the definition, since they are not critieria which are not by all; birds. This approach has also been called the Checklist Approach. If all the items on the list are checked off, the word applies. It is characterized by "clear, inflexible boundaries" and by categories which are internally defined, ie, on the basis of the properties of the members - Hohulin, E. Lou., (1987) *Concepts and Categories, when is a Tree not a Tree?*, Notes on Transalation journal, p.4

11. To speak sweepingly one can say, summarizing, that in antiquity and in the renaissance, literature or letters were understood to include all writing of quality with any pretense to permanence - Wellek, Rene., (1978) *What is Literature*? In Hernadi, pp.16-23

12. Literature includes any textworthy to be taught to students by teachers of literature. When these texts are not being taught to students in other departments of a school or university - Hirsch, E.D. Jr., (1978) *What isn't Literature*? In Hernadi, pp.23-24

13. Literature is a canon which consists of those works in Language by which a community defines itself through the course of its history. It includes works primarily artistic and also those whose aesthetic qualities are only secondary. The self - defining activity of the community is conducted in the light of the works, as it's members have come to read them (or concretize them) - MC Fadden, George., (1978) *Literature: a many - Sided Process,*In Hernadi, pp.49-61

14. **The Prototype Approach** : A different approach to the meaning of words, generally called the Prototype Approach, focuses not a list of Critieria which must be met by each example, but on an established prototype, a particularly good example of the word, to which other example of the word bear some resemblance. This approach is generally credited to the philospher Ludwing Wittgenstein, although he didnot use the word ' prototype' - Jim Meyer, (1997) *What is Literature A Definition based on the prototypes,* Work papers of the Summer. Linguistics, University of North Dakota Session, Vol.41, University of North Dakota, USA, p.2

15. ---., pp.3-4

16. ചാക്കോ.പി.ടി., (1998) *സാഹിത്യതത്ത്വം,* സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, പുറം. 77–88

17. ---.., പുറം.79

18. ---., പുറം.116

19. ---.., പുറം.118

20. Plato., (1960) *The Works of Plato*, Dial Press, New York, p.378

21. പോൾ,എം.പി., (2006) *സാഹിത്യ വിചാരം*, പൂർണ്ണ പബ്ലിക്കേഷൻസ് കോഴിക്കോട്, പുറം. 9

22. ---., പുറം.10

23. The interaction between art and its epoch is not one sided but reciprocal. In a sense, the Wagnerian music - drama was a product of German nationalism of nineteenth centuary, fertilized by the composer's erudition in Greek Drama.. At the same time, by establishing novel musical habits, its created the taste which finally approved it, and is even now during the period of recrus denscience of German nationalist sentiments, enjoying a revival which makes it a powerful factor, is not the product of genious alone, it is co-operative enterprise between author, audience, geography, Philosphy of life and the innumerable winds of fashion which, as fas as we are consciously concerned, below whither the listeth.- John.H. Muller., (1935) *Is Art the Product of its Age*?, Social Forces, Oxford University Press, Oxford,p.375

24 "... we find Literature being constructed variously as a kind of social action, as an effect or the reflection of social action as a kind of ideal model of the most desirable

kind of social action, and as a veritable antithesis to or mode of transacendence of any merely social action. All of these ways of constructing the relation between literature and social action seem valid to me, and each reveals different aspect of the many ways in which what we might wish to call " literary action" and its product "literature" are involved in social process at different times and places in history" - Hayden White, (1980) *Literature and Social Action, Reflections on the Reflection Theory of Literary Art,* New Literary Theory, The John Hopkins University Press, University of Virginia, Vol.II (2) pp. 363 -380

25. Since the art works is inherent in value it also transcends time and place. The inherent the intrinsic has neither chronology nor geography, but belongs to all epochs and all localities - Max Schoen, (1932) *Art and Beauty*, The Mac Millan Company, New York, p.127

26. Literature is a record of social experience and embodiment of social myths and ideal and aims , and an organization of social belief and sanctions Lingelbach. WE ., (1937), *Approached to American Social History*, Appletion - Century Co.,NewYork, p. 54

27. Each society is characterized by a number of other qualities, which are reflected in literature and art one of the problems we encounter in dealing with culture is that there are so many different meaning and definitions attached to the term. We think of culture two ways first, in term aesthetic matters (relative to threats) and so second, as a concept used by anthropologists to describe the way peopole live. There are, so I understand, something like a hundred different definitiond of culture used by anthropoligists. The word Culture comes from the Latin Cultus, which means 'care' and from the French '*colere*' which means "*to till*" as in '*till the ground*' : http://journal.media-culture.org.au./0005/meaning.php

28 Since the art obviously made by man, even though in creative capacity, it would necessarily reflected mundane interests - John H, Mullar., (1935) Is Art the Product of its Age?, Social Forces, p.367

29. Lenin, V.I., (1902) *What to do?*, Progress Publishers,Moscow,p.71

30. Caudwell, Christopher, (1956) *Illusion and Reality*, Peoples Publishing House, New Delhi,p.14

31. ഉണ്ണികൃഷ്ണൻ, എൻ.സി., (1993) *പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സ്വാധീനം 1960 വരെയുള്ള മലയാളനോവലുകളിൽ*, (അപ്രകാശിത പി.എച്ച്.ഡി. പ്രബന്ധം), മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം,പുറം.2-3

32. Art seems as remote from actual life as the most useless mathematical theorem - Roge Fry., (1920) *Vision and Design*, Chatto and Windus,London,p.199

33. The etymology of the modern term "Culture" has a classical origin. In english, the word culture is based on a term used by Cicero, in his Tusculan Disputations, wrote of cultivation of the soul or "Cultura animi",thereby use an agricultural metaphor to describe the development of a philosophicial soul, which was under stood teleogically as the one natural highest possible ideal for human development, samuel pufendorf took over this metaphor in a modern context, meaning something similar, but no longer assuming that philosophy is man's natural perfection this use, ant that of many wirters after him " refers to all the ways in which human beings overcome

their original babarsim, and though artifice, become fully human"
The term "culture" which originally meant the cultivation of the soul or mind, ac quires most of its later modern meaning in the writings of the eighteenth- century German thinkers, who on various levels developing Rousseaus criticism of modern liberalism and Enlightenment. Thus a contrast between "culture" and civilization is usually implied in these authors, even when not expressed as such. Two primary meanings of culture emerge from this period. Culture as the fok spirit having a unique identity and cultivation of inwardness or free individuality. The first meaning is pre dominant in our current use of the term "cultre" although the second still plays a large role in what we think culture should achieve, namely the full "experssion" of the unique of authentic self- http:/ worldculure.xtogrulxali.blogspot.in/2012/ 09ethymology-of-culture.

**Culture :** 1. In a society - the beliefs, way of life art and customs that are shared and ac cepted by people in a particular society
2. In a group - the attitudes and beliefs about something that are shared by a par ticular group of people or in a particular organization
3. Art, Music, Literature - activities that are related to art, music, literature etc.
4. Society society that at a particular time in history- this techiques was then adopted and refined by the more so cultures of ancient world.-(2009), Longman Dictionary of Contemporary English, Pearson Education Ltd, p. 411

**സംസ്ക്കാരം:** വിദ്യാഭ്യാസംകൊണ്ടും മറ്റും മനസ്സിനുണ്ടാകുന്ന മേന്മ (സംസ്ക്കാരചാരുത്വം) പക്വത, സംസ്കൃതി, സഭ്യത (നാഗരികത) വിദ്യ (അറിവ്) സദ്ഗുണം, നിർദ്ദോഷത്വം, ശുദ്ധീകരണം, പൂർത്തിയാക്കൽ-എൻ.ബി.നായർ,(2003)*മലയാളം തിസോറസ്,* ഡി.സി. ബുക്സ്, കോട്ടയം, പുറം. 1015.

**Culture:** 1. Popular Culture : The arts, Humanities, Painting, Philosophy, Music , literature, history learning.
2. Civilization, society, life style, way of life, customs, traditions, heritage, habits, behaviour, formal -Martin. H. Manser., (2000) *The Chambers the Sanrus,* Al lied Chambers Ltd, New Delhi, p.173.

**Culture:** 1. The art and other manifestations of human intellectual achievment regarded collectively.
2. The customs, civilization and achievments of a particular time or people
3. Improvement by mental or physical training
4. The cultivation of plants, the rearing of bees.
5. The cultivation of bacteria - *Illustrated Oxford Dictionary*, (1998) Oxford Uni versity Press, Oxford,p.202

**Culture :** 1 Worship
2 The action or practice of cultivation in the soil
3 The cultivating - artificial development
4 Cultivating or development, improvement or refined by education and training
5 The training, development and refinment of mind , taskes, manners, the conditions of being thus trained and refind the intellectual side of civilization.
6. The proseccution with special attention or study of any subject or pursuit *The Oxford English Dictionary,* - (1933) Clarondan Press, pp.1247-1248

34. "The term culture has different association according to whether we have in mind the development of an individual, or a group or class or of a whole society, it is part of my thesis that the culture of the individual is depend upon the culture of a group of class and that of the whole society to which that group or class belongs". Eliot, T.S., (1963) *Definition of Culture in Selected Prose,* Penguin Books, USA, P.231.

35. "Culture as that complex whole which includes knowledge, be belief, art , moral law, custom and any other capabilities and habits acquired by man as a member of society"- Tylor Edward Burnet., (1871) *Primitive Culture* , John Murray, London, p.48

36. Raymond Williames, (1966) *Culture and Societies 1780-1950*, Harper and Raw, New York, P.16.

37. "Culture is defined as the training and refirement of mind taste and manners" - Henry, S. Luckas., (1945) *Short history of Civilization,* Hill Book Company, NewYork, P.123

38. "Culture is the expression our nature in our mods of living and thinking in our every-day enter curse in art, in literature, in recreation and enjoyment - Mac Iver, R.M., () Oxford University Press, London, P.226.

39. രവീന്ദ്രൻ,പി.പി., (2002) സംസ്ക്കാരപഠനം: ഒരു ആമുഖം, ഡി.സി. ബുക്ക്സ്, കോട്ടയം, പുറം. 22

40 'The best that has been thought and said' - രേഖ, പി., (2010) *സംസ്കാരപഠനവും സാഹിത്യ വിമർശനവും സാഹിത്യലോകം,* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, ജനുവരി – ഫെബ്രുവരി,പുറം.74

41. മേരിക്കുട്ടി, എം.എ., (2009) *കേരളസംസ്കൃതിയുടെ സ്വാധീനം ഇടശ്ശേരി ഗോവിന്ദൻ നായരുടെ കവിതയിൽ*, (അപ്രകാശിത പി.എച്ച്.ഡി പ്രബന്ധം) മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം, പുറം.3

42. നമ്പൂതിരി, എ.പി.പി., (1987) *എ.പി.പി.യുടെ പ്രബന്ധങ്ങൾ*, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷ്ണൽ ബുക്സ്റ്റാൾ, കോട്ടയം, പുറം. 318

43. മേരിക്കുട്ടി, എം.എ., (2009) *കേരളസംസ്കൃതിയുടെ സ്വാധീനം ഇടശ്ശേരി ഗോവിന്ദൻ നായരുടെ കവിതയിൽ*, (അപ്രകാശിത പി.എച്ച്.ഡി പ്രബന്ധം) മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം, പുറം.8

44. The system of shared beliefs, values, customs behaviours and artifcacts that the members of society use to interact with their worls and with one another ..."Culture" is thought of as the foods, music, clothing and holidays a group of people share but it is actually much larger than just those visible traditions. Culture is a combination of thought, feelings, attitudes, believes, values and behaviour patterns that are shared by racial, ethinic, religious or social group of people. Culture refers not only to those what we are born into (racial ethinic groups) but also those what we choose to belongs to such as reliogious or social groups ... culture is not static, it is dynamic - Shelly Zion, Elizabeth Kozleski, (2005) *Understanding Culture* , National Institute for Urban School Improvement, Arizona State University, Arizona,p.2

45. Culture is the integrated pattern of human knowledge, belief and behaviour. Culture embodies languages, ideas beliefs, customs, taboos, codes, institutions tools, techniques, work of art rituals and so on. Culture consist of shared values, beliefs, knowledge, skills and practices that underpin behaviour by members of a social group at a particular point in time. It is creative expression, skills traditional knowl-

edge and resources. These includes, craft and design oral and written history and literature, music, drama, dance, visual arts, celebrations, indigenous knowledge of botonical properties and medicinal applications, technologies, architectural forms, historic sites and traditional technologies, traditional healing methods, traditional natural resource management, celebrations and patterns of social interaction that contribute to group and individual welfare and identify - *Danish Ministry of Foregin Affairs,* (DMFA) (2002) Culture and Development Strategy and Guidelines Danish Ministry of Forign Affairs Information Office, Denmark, p.26

46. Culture consists of the derivates of experience. more or less organized learned or created by the individuals of a population including those images or encodements and their interpretations (meanings) transmitted from past generations, from contemporaries, formed by individuals themselves -Avruch, K (1998) *The Cultural Dimension of International Business,* Prentice Hall, New Jersey, p.17

47. 'Culture is the collective programming of the mind which distinguishes the members of one group or category of people from another.-Hofstede, G., (1994) *Cultures and Organizations; Software of the Mind,* Harper Collins Business London, p.5

48. "...the set of attitudes values, beliefs and behaviours shared by a group, but different for each individual communicated from one generation to the next - Matsumoto,D., (1996) *Culture and Psychology,* C4 Books, Pacific Grove, p.16

49. 'Culture is a buzzy set of basic assumptions and values, orientations to life, beliefs, policies, procedures and behavioural conventions that are shared by a group of people and that influence (but do not determine) each members behaviour and his/ her interpretations of the 'meaning' of other people's behaviour.- Spencer, Oaty, H., (2008) *Culturally Speaking Culture Communication and Politeness Theory,* Continum, London, p.3

50. Iam certainly not Competent to give the definition of cutlure because I have not found one- Jawaharlal Nehru., (1960) *what is Culture?,* Art of Reading, Orient Longman, New Delhi,p.14

51. Devi, G.N., ( 1993 ) *Tradition and change in Indian Literary Criticism After Amensia,* Orient Longman Ltd, London,p.15

52. Mircea Eliade., (Etd) (1987) *The Encyclopedia of Religion,* Vol. 15,Mac Millan Publishing Company, New York, p. 450

53. *Encyclopedia Britanica,* (1973), Vol.10, Wiliam Benton Publishers, USA, p.84

54. ഷൈല എബ്രഹാം, (2008) *പാരമ്പര്യം പാരമ്പര്യനിഷേധവും ഒ.വി.വിജയന്റെ കഥാപാത്രങ്ങളിൽ* (അപ്രകാശിത പി.എച്ച്.ഡി. പ്രബന്ധം) മലയാള വിഭാഗം, കാത്തോലിക്കേറ്റ് കോളേജ്, പത്തനംത്തിട്ട.

55. Terry Nardin, David R. Mapel., (1992) *Tradtion of International Ethics,* Cambridge University Press, Cambridge, p.6

56. The custom, institutions etc have become part of traditions when they have existed in the past times and when atleast some persons know desire to continue it - Seligman, R. A (Etd.) (1951) *Encyclopedia of Social Science,* Vol .XV, Mac Millan, New York, p.67

57. രാമചന്ദ്രൻ നായർ.കെ., (1970) *പാരമ്പര്യവും ആധുനികതയും ആശാന്റെ കവിതയിൽ,* എസ്.പി.സി.എസ്. കോട്ടയം,പുറം.103

58. ഗോവിന്ദപിള്ള.പി., (2002) *സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം* , മലയാള പഠന സംഘം, കാലടി, പുറം.32

59. - - - ., പുറം.32

60. ഷീബ എം, കുര്യൻ., (2004) *സംസ്കാരപഠനവും നവമാർക്സിയൻ ചിന്തകളും,* വിജ്ഞാന കൈരളി, ലക്കം.7, ജൂലായ്, പുറം. 23

61. രേഖ, പി., (2010) *സംസ്കാരപഠനവും സാഹിത്യ വിമർശനവും സാഹിത്യലോകം,* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, ജനുവരി - ഫെബ്രുവരി,പുറം.79

62. രവീന്ദ്രൻ.പി.പി., (2002) സംസ്ക്കാരപഠനത്തിന്: ഒരു ആമുഖം, ഡി.സി. ബുക്ക്സ്, കോട്ടയം, പുറം. 9,10

63. പവിത്രൻ, പി., (2007) സംസ്കാര പഠനത്തിന്റെ മൂന്നാം ലോക വഴി *സംസ്കാരപഠനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം,* മലയാള പഠന സംഘം, കാലടി,പുറം.58-60

64. - - - ., പുറം.68

65. - - - ., പുറം.61

66. - - - ., പുറം.330

67. - - - ., പുറം.330

Midhun K.S. “The attributes of the Chera culture as engraved in sangam literature : A study through ‘ettuthokai' “ Thesis. Department of Malayalm of Sree keralavarma college, University of Calicut, 2015.

# അദ്ധ്യായം 2
# ദ്രാവിഡം

ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ജീവിതസംസ്കൃതിയുടെ ആകെ തുകയാണ് മനുഷ്യൻ. മനുഷ്യനെന്ന വർഗ്ഗവും അവാന്തര വിഭാഗങ്ങളും ലോകമെമ്പാടും വ്യാപിക്കുന്ന തിന് പ്രധാന കാരണം അവന്റെ അന്വേഷണ ത്വരയാണ്. ഈ അന്വേഷണപരതയാണ് പുതിയ സങ്കല്പങ്ങളിലേക്കും അവിടുന്ന് കണ്ടുപിടിത്തങ്ങളിലേക്കും അവനെ നയിച്ചത്. കൂടാതെ ഇവയുടെ ഓരോ ഘട്ടവും ചരിത്ര സാക്ഷ്യങ്ങളായി മാറിയത് അവന്റെ പരിണാമ കാലഘട്ട ത്തിലുടനീളമുണ്ടായ ചിന്താശക്തികളുടെ ആവിഷ്കാരങ്ങളിൽ നിന്നാണ്. ഇത് സ്ഥിരവും വ്യവസ്ഥാപിതവുമായ കൃഷിയിറക്കലിന്റെ ആരംഭത്തോടുകൂടിയും, വേട്ടയാടാനവനുപയോ ഗിച്ച ഉപകരണങ്ങളിൽ നിന്നും ആരംഭിക്കുന്നു. കൂട്ടംകൂടി ജീവിക്കാനും പരസ്പരം സഹ വർത്തിക്കാനുമുള്ള ചോദന മനുഷ്യനെ ഒരു വർഗ്ഗമാക്കി മാറ്റിയെടുക്കുകയായിരുന്നു. ഇതോ ടൊപ്പം ഇവയ്ക്ക് സാംസ്കാരിക പ്രത്യേകതകളൊരുക്കിയത് അതതു ഭൂമിശാസ്ത്രപശ്ചാ ത്തലങ്ങളുമാണ്. ഇപ്രകാരം കാലഘട്ടങ്ങളിലൂടെ, പരിണാമങ്ങളിലൂടെ ലോകത്തിന്റെ പല ഭാഗങ്ങളിൽ നാനാവിധത്തിലുള്ള സവിശേഷതകൾക്കൂടിച്ചേർന്ന സംസ്കാരങ്ങളുണ്ടായി. ഇത് മനുഷ്യൻ ഇതരജീവികളിൽമേൽ നേടിയ ആധിപത്യത്തിന്റെ പ്രധാനഫലമായാണ് കണ ക്കാക്കേണ്ടത്, കാരണം മറ്റ് ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി അവൻ നേടിയ 'ചിന്താ ബോധം' ജീവനെ രക്ഷിക്കാനും ഒപ്പം ജീവജാലങ്ങളെ കൂടെ നിർത്താനും സഹായകമായി. ഈ വിധം ഭൂമിയിലുള്ള സവിശേഷമായ മനുഷ്യവിഭാഗങ്ങളിൽ ഒന്നാണ് ദക്ഷിണേന്ത്യയിലെ പ്രധാന ജനവിഭാഗമായ ദ്രാവിഡജനത.

ഇന്നത്തെ കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാ നങ്ങളിലെ ജനങ്ങളാണ് ദ്രാവിഡർ. ഇന്ത്യക്കപ്പുറത്ത് ശ്രീലങ്ക, മലേഷ്യ, സിങ്കപ്പൂർ എന്നീ രാജ്യങ്ങളിലും ദ്രാവിഡസംസ്ക്കാരത്തിലധിഷ്ഠിതമായ ജനതകൾ നിവസിക്കുന്നുണ്ട്. 'ദ്രാവിഡം' എന്ന പദം ഒരേ സമയം ഒരു പ്രദേശത്തെയും ഭാഷകളെയും ഉൾക്കൊള്ളുന്നതാകു ന്നു. ദ്രാവിഡം എന്ന പദത്തെപ്പറ്റിയും ദ്രാവിഡരുടെ ഉത്ഭവത്തെപ്പറ്റിയും പണ്ഡിതന്മാർക്കിട യിൽ നിരവധി അഭിപ്രായങ്ങളുണ്ട്.

### 2.1. പദനിഷ്പത്തി

ബ്രിട്ടിഷുകാരുടെ വരവിനുശേഷം പ്രയോഗത്തിൽ വന്ന ഒരു ആംഗ്ലോ-ഇന്ത്യൻ പദ മാണ് ദ്രവീഡിയൻ (Dravidian) സംസ്കൃതപദമായ 'ദ്രാവിഡവും ലാറ്റിനിൽ നിന്ന് ആവിർഭ വിച്ച 'ഇയൻ' എന്ന ഇംഗ്ലീഷ് നാമവിശേഷണപ്രത്യയവും ചേർന്നുണ്ടായ സങ്കരപദമാണിത്. സംസ്കൃതത്തിലുള്ള മൂലപദത്തിന് ദ്രമിഡം, ദ്രവിഡം, ദ്രാവിഡം എന്നിങ്ങനെയുള്ള പ്രയോ ഗങ്ങളുണ്ട്. ദ്രമിഡ ശബ്ദത്തിന് പില്ക്കാലത്തുണ്ടായ രൂപഭേദമാണ് ദ്രവിഡം - ദ്രാവിഡം എന്ന രൂപം. ഈ പരിണാമത്തിൽ ദ്രവിഡം എന്നതിലെ സ്വരമധ്യ (Invervocal) 'മ' കാരം 'വ' കാരമായിത്തീർന്നു. ഈ ശബ്ദം പ്രധാനമായും രണ്ട് സന്ദർഭങ്ങളിലാണ് ഉപയോഗിച്ചു വരുന്നത് അവ;

i) ദ്രവിഡ ശബ്ദം (ദ്രവിഡം, ദ്രാവിഡം, എന്നിവയും) പ്രായോഗികമായി തമിഴ് എന്ന പദത്തിനു സമാനമായി ഉപയോഗിക്കാറുള്ള സങ്കുചിതമോ പരിമിതമോ ആയ സന്ദർഭം.

ഈ അർത്ഥത്തിൽ ദ്രമിഡശബ്ദം തെക്കേ ഇന്ത്യയിലും സിലോണിലുമുള്ള തമിഴ് സംസാരിക്കുന്ന ജനതയ്ക്കിടയിൽ മാത്രം ഒതുങ്ങി നില്ക്കുന്നു.

ii) എല്ലാ ഘടകഭാഷകളെയും ഉപഭാഷകളെയും അവ സംസാരിക്കുന്ന ജനതകളെയും സൂചിപ്പിക്കത്തക്കവണ്ണം ദ്രാവിഡവും, ദ്രവിഡവും പരിമിതമായ തോതിൽ ദ്രമിഡശബ്ദവും വിശാലമായ അർത്ഥത്തിൽ പ്രയോഗിക്കുന്നു. ആധുനികമായ പ്രയോഗമാണ് ഈ സന്ദർഭത്തിൽ അന്തർഭവിച്ചിരിക്കുന്നത്. ഇത് പ്രാചീനമായ ഇന്ത്യൻ പ്രയോഗത്തെക്കൂടി ആസ്പദമാക്കിക്കൊണ്ടുള്ളതാണ്. സംസ്കൃതത്തിലെ ദ്രാവിഡശബ്ദത്തിന് തമിഴ് അക്ഷരത്തിലുള്ള രൂപാന്തരമായ 'തിരവിടവും' ഈ വിശാലാർത്ഥത്തിൽ തമിഴ് ജനത ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്[1]. മധ്യകാല ഭാരതത്തിൽ ആര്യേതര ഭാഷ സംസാരിക്കുന്ന ബ്രാഹ്മണരെയും 'ദ്രാവിഡർ' എന്നു വ്യവഹരിച്ചുകാണുന്നു. ഇത് ദ്രാവിഡം എന്ന പദത്തിന് കാലഘട്ടങ്ങൾക്കുമുമ്പ് തന്നെ സിദ്ധിച്ച വ്യാപ്തിയെക്കുറിക്കുന്നു[2].

ദ്രാവിഡം എന്ന പദത്തിന്റെ നിഷ്പത്തിയെക്കുറിച്ച് പ്രധാനമായും താഴെപ്പറയുന്ന വാദങ്ങളാണ് ശ്രദ്ധിക്കപ്പെട്ടവ അവ;

i) 'ദ്രവിഡം' എന്ന പദത്തെ 'ദ്ര' യുടെ ഇടം എന്ന് വിഭജിക്കാം. 'ദ്ര' എന്നാൽ ബാബിലോണിയൻ ഐതീഹ്യങ്ങളിലെ ചിറകുള്ള സർപ്പമായ ഡ്രാഗൺ എന്ന വീരപുരുഷനാണ്. ഡ്രാഗണെ പാശ്ചാത്യർ ദുർദേവതയായും ചീനക്കാർ മുതലായ പൗരസ്ത്യർ ശുഭദേവതയായും കരുതി വരുന്നു. ഭാരതീയ ഭാഷകളിലെ ആദിശേഷനാണ് ഈ ഡ്രാഗൺ. മഹാവിഷ്ണുവിന്റെ തമോഭാവമായി വൈഷ്ണവർ ആദിശേഷനെ വർണ്ണിക്കുമ്പോൾ ശൈവരും ശാക്തേയരും ദാരി(രു)കൻ എന്ന അസുരനായിട്ടാണ് ചിത്രീകരിക്കുന്നത്. പശ്ചിമേഷ്യയിൽ ആദ്യമായി സാമ്രാജ്യം സ്ഥാപിച്ച അക്കാദിയൻ ചക്രവർത്തി സാർഗൺ ഒന്നാമൻ (2665-2612 ബി.സി) തന്റെ ബിരുദമായി സ്വീകരിച്ചത് പ്രസ്തുത ഡ്രാഗൺ എന്ന പേരാണ്. ഡ്രാഗൺ എന്നതിന്റെ രൂപാന്തരം മാത്രമാണ് സാർഗൺ എന്നും 'ദ്ര'യുടെ ഇടമായ പശ്ചിമേഷ്യയിൽ നിന്ന് പേർഷ്യ അഫ്ഗാനിസ്ഥാൻ വഴി ഭാരതത്തിൽ കുടിയേറി പാർത്തവരാണ് ദ്രാവിഡരെന്നും മേലങ്ങത്ത് നാരായണൻകുട്ടി പ്രസ്താവിക്കുന്നു[3].

ii) 'തമിഴർ' 'ദ്രാവിഡർ' എന്നീ പദങ്ങൾ ഒരേ ധാതുവിൽ നിന്ന് ഉത്ഭവിച്ചതാണെന്ന കാൾഡ്വലിന്റെ സിദ്ധാന്തത്തെ ഖണ്ഡിച്ചുകൊണ്ട് ജർമൻ പണ്ഡിതനായ എ.സി. ഷോണർ 'തിരൈയൻ' എന്നും 'ഇടം' എന്നുമുള്ള തമിഴ് പദങ്ങളിൽ നിന്നാണ് ദ്രാവിഡം എന്ന പദത്തിന്റെ ഉത്പത്തിയെന്ന് സിദ്ധാന്തിക്കുന്നു[4].

iii) സംസ്കൃതത്തിൽ ദ്രാവിഡത്തിന് സമാനമായി ഉപയോഗിക്കുന്ന 'ദ്രമിളം' എന്ന പദം 'തിരുമല' എന്ന പദത്തിൽ നിന്നുണ്ടായതാണെന്നും, 'തിരു' എന്ന ശുദ്ധദ്രാവിഡ പദത്തിന് തിര, തര എന്നിങ്ങനെയുള്ള സ്വനിമിക മാറ്റങ്ങൾ സംഭവിച്ചതിന്റെ ഫലമായണ് ഈ മാറ്റം ഉണ്ടായതെന്നും ഗുസ്താവ് ഒപ്പെർട്ട് പറയുന്നു[5].

പി.ശങ്കരൻ നമ്പ്യാരുടെ *മലയാള സാഹിത്യ ചരിത്ര സംഗ്രഹം* എന്ന ഗ്രന്ഥത്തിൽ *ദ്രാവിഡ* പദനിഷ്പത്തിയെകുറിച്ചുള്ള പണ്ഡിതമാരുടെ നിഗമനങ്ങൾ ഇപ്രകാരം ക്രോഡീകരിച്ചിരിക്കുന്നു:

iv) യഥാർത്ഥമായ ശബ്ദരൂപം ദ്രവിഡം അഥവാ ദ്രമിളം എന്നാണെന്നും അത് തമിഴ് എന്നതിന്റെ പരിണിത രൂപമാണെന്നും ശ്രീനിവാസശാസ്ത്രികൾ പറയുന്നു.

v) തമ്+മൊഴി = തമ്മൊഴി -> തമ്മുഴ് -> തമിഴ് എന്നിങ്ങനെയുള്ള പരിണാമത്തിലൂടെ കൈവന്ന തമിഴ് എന്ന പദം തെക്കേന്ത്യയിലെത്തിയ ആര്യന്മാർ സംസ്കൃതീകരിച്ച് 'ദ്രമിഡം' ആയതാണെന്നും ബർണർ പ്രസ്താവിക്കുന്നു.

vi) 'തമിഴു' ശബ്ദത്തിന്റെ പൂർവ്വരൂപം തിമിരി എന്നാണെന്നും അത് തേൻ എന്നർത്ഥമുള്ള ഒരു പ്രാചീന പദമാണെന്നും ഭാഷയ്ക്ക് ആ സംജ്ഞ ആലങ്കാരികമായി സിദ്ധിച്ചതാണെന്നും അതാണ് ദ്രാവിഡമായതെന്നും 'ദ്ര'യിൽ കാണുന്ന രേഫം തമിർ എന്നതിലെ രേഫം സ്ഥാനവ്യത്യയത്തിൽ സമ്മേളിച്ചതാണെന്നുമാണ് എഡ്വേർഡ് തോമസിന്റെ വീക്ഷണം.

vii) ആര്യന്മാരോടു തോറ്റോടി തെക്കേന്ത്യയിൽ അഭയം പ്രാപിച്ച ജനങ്ങളുടെ ആസ്ഥാനഭൂമിയാകയാൽ ദക്ഷിണാപഥത്തിന് ആര്യന്മാർ 'ദ്ര' ധാതുവിൽ നിന്നു സംജ്ഞ സൃഷ്ടിച്ചു ദ്രാവിഡമെന്നു നാമകാരണം ചെയ്തുവെന്ന് ടി. പൊന്നമ്പലം പിള്ള അഭിപ്രായപ്പെടുന്നു.

viii) ആര്യദ്രാവിഡന്മാരുടെ തിരിവിന്റെ ഇടമാകയാൽ അഥവാ ആര്യന്മാരിൽ നിന്നും ദക്ഷിണേന്ത്യർ തിരിഞ്ഞു താമസിച്ച ഇടമായതുകൊണ്ട് തിരവിടം എന്ന ദേശസംജ്ഞയുണ്ടാകുകയും അത് ദ്രാവിഡമാകുകയും ചെയ്തുവെന്ന് കെ. രാമകൃഷ്ണപിള്ള കരുതുന്നു.

ix) സ്വവർഗ്ഗത്തിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്നവരുടെ (രാജാക്കന്മാരുടെ) അധികാര സീമയാകയാൽ ദക്ഷിണാപഥത്തിനു 'തിരുവരിടം' എന്ന പേർ വന്നതാണെന്നും ഈ പേർ പഴയ തമിഴ് ഗാനങ്ങളിൽ ഇപ്പോഴും കാണുന്നുണ്ടെന്ന് ജയിംസ് പ്രസ്താവിക്കുന്നു.

x) പണ്ട് ഇന്ത്യ ആസ്ത്രേലിയവരെ ഒന്നിച്ച് ഒരു വൻകരയായി കിടന്നിരിന്നു. കാലാന്തരത്തിൽ ഏതോ പ്രകൃതിക്ഷോഭത്താൽ വിഭക്തമായിത്തീർന്ന ശേഷം തിരിവു സംഭവിക്കയാൽ ആ തിരിവിന് ആസ്പദമായ ഇടത്തിനു തിരിവിടമെന്നും പിന്നീട് തൽപ്രദേശവാസികൾക്ക് *തിരിവിടർ, തിരാവിടർ* എന്നും പേരുകളുണ്ടായെന്നും ആ രൂപം സംസ്കൃതികരിച്ചതാണ് ദ്രാവിഡശബ്ദമെന്ന് എം. ശേഷാദ്രിനായിഡു സിദ്ധാന്തിക്കുന്നു.

xi) ആര്യാവർത്തത്തിൽ നിന്ന് അതിദൂരത്തുസ്ഥിതിചെയ്യുന്ന ഭൂമിക്ക് അവർ 'ദൂരപദം' എന്ന വിളിക്കുകയും അത് പിന്നീട് പ്രാകൃതങ്ങളിൽ ദൂരവദം എന്നാകുകയും വീണ്ടും സംസ്കൃതീകരിച്ച് ദ്രാവിഡമാക്കുകയും ചെയ്തുവെന്ന് രംഗനാഥപ്പിള്ള കരുതുന്നു.

xii) ദ്രാവിഡമെന്നത് തെക്കേ ഇന്ത്യയിലെ ഭാഷയാണെന്നും അതിൽ സംസ്കൃത സമ്പർക്കം അല്പമായി ഉള്ളതിനാൽ ആര്യന്മാർ ദ്രാക്മിളം = ദ്രാങ്മിളം = ദ്രാമിളം എന്ന പേര് സൃഷ്ടിച്ചുവെന്നും സി. അനന്തഭട്ടാചാരി അനുമാനിക്കുന്നു[6].

മേൽപ്പറഞ്ഞ അഭിപ്രായങ്ങളിലെല്ലാം 'ദ്രാവിഡ'ത്തെ ദേശനാമമായും ഭാഷാപരമായും വ്യവഹരിക്കുന്നതോടൊപ്പം 'തമിഴ്' ഭാഷയുടെ നിരുക്തിയുമായി ബന്ധപ്പെടുത്തികൊണ്ടും പഠനം നിർവ്വഹിച്ചിരിക്കുന്നു. ആര്യാധിനിവേശം ദ്രാവിഡമെന്ന പദസ്വത്വത്തെ സ്വാധീനിച്ചി ട്ടുണ്ടെന്നും അത് സംസ്കാരികമായ പരിണാമത്തിന് വഴിതെളിച്ചുവെന്നും ഈ പദനിഷ്പത്തി സിദ്ധാന്തങ്ങൾ സൂചിപ്പിക്കുന്നുണ്ട്. എന്നിരുന്നാലും 'ദ്രാവിഡം' എന്ന പദം ഭൂമിശാസ്ത്രപ രമായ ഒരു സംജ്ഞയായിട്ടാണ് ആദ്യകാല കൃതികളിൽ ഉപയോഗിച്ചു കാണുന്നത്. ആന്ധ്ര പ്രദേശത്തിന് തൊട്ടുതെക്കുകിടക്കുന്ന പ്രദേശത്തെയാണ് ആദ്യം ഈ പദം കൊണ്ട് വിവ ക്ഷിച്ചിരുന്നത്. പിന്നീട് തമിഴകത്തെ ഒട്ടാകെ ദ്രാവിഡ സംജ്ഞകൊണ്ട് വിശേഷിപ്പിക്കാൻ തുടങ്ങി. ഒടുവിൽ ഈ പ്രദേശത്ത് വസിക്കുന്ന ജനങ്ങൾ 'ദ്രാവിഡർ' എന്ന് പരാമർശിക്കാൻ ഇടയായി. മഹാവംശം തുടങ്ങിയ പാലിഗ്രന്ഥങ്ങളിൽ പറഞ്ഞുകാണുന്ന 'ദമിളർ' എന്നത് തമിഴ് ഭാഷ സംസാരിക്കുന്നവരെയാകണം ഉദ്ദേശിക്കുന്നത്[7].

### 2.2. ദ്രാവിഡരുടെ ഉത്ഭവം, ആഗമനം, വ്യാപനം

നരവംശ പുരാവസ്തു ശാസ്ത്ര തെളിവുകളുടെ അടിസ്ഥാനത്തിൽ മൂന്ന് ബില്ല്യൺ വർഷങ്ങൾക്കുമുമ്പ് ആഫ്രിക്കയിലാണ് മനുഷ്യന്റെ ഉത്ഭവമെന്ന് ശാസ്ത്രലോകം അനുമാ നിക്കുന്നു. പ്രധാനമായും ആധുനിക മനുഷ്യന്റെ (Homosapiens) ഉത്ഭവത്തെപ്പറ്റി out of Africa, Multiregional എന്നീ രണ്ടു സിദ്ധാന്തങ്ങളാണ് ഗവേഷകർ മുന്നോട്ടു വയ്ക്കുന്നത്. ആദ്യത്തെ സിദ്ധാന്തപ്രകാരം ആധുനിക മനുഷ്യൻ ആഫ്രിക്കയിൽ പിറവിയെടുത്ത് ലോക ത്തിന്റെ മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിച്ചുവെന്ന് സിദ്ധാന്തിക്കുന്നു. പ്രീ മോഡേൺ മനുഷ്യ നുമുമ്പുള്ള മനുഷ്യസ്പീഷ്യസായ ഹോമോ ഇറക്ട്സ് (Homoerectus) ആഫ്രിക്കയിൽ നിന്ന് കുടിയേറി ലോകത്തിന്റെ മറ്റു ദേശങ്ങളിൽ അധിവാസം ഉറപ്പിച്ച് അവിടുന്ന് ആധുനിക മനു ഷ്യനായി മാറിയെന്നാണ് രണ്ടാമത്തെ സിദ്ധാന്തം മുന്നോട്ടുവെയ്ക്കുന്നത്. കണ്ടുകിട്ടിയ തെളിവുകളുടെയും, ഡി.എൻ.എ. പരിശോധനകളുടെയും അടിസ്ഥാനത്തിൽ out of Africa സിദ്ധാന്തമാണ് ശാസ്ത്രലോകം ഇന്ന് അംഗീകരിക്കുന്നത്[8].

ദ്രാവിഡരുടെ ഉത്ഭവത്തെപ്പറ്റി ചരിത്രകാരന്മാർ ഭിന്നാഭിപ്രായക്കാരാണ്. പ്രധാന മായി മെഡിറ്ററേനിയൻ, ആഫ്രിക്ക, സിന്ധുനിദീതടം എന്നിവിടങ്ങളിൽ നിന്ന് കുടിയേറി പ്പാർത്തവരാണ് ദ്രാവിഡർ എന്ന മൂന്ന് അഭിപ്രായഗതികളാണ് നിലവിലുള്ളത്. കൂടാതെ ദ്രാവിഡർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുണ്ടായിരുന്നവരാണെന്നുമുള്ള അഭിപ്രായവും നില വിലുണ്ട്.

#### 2.2.1. മെഡിറ്ററേനിയൻ വാദം

പടിഞ്ഞാറൻ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ ചില സ്ഥല ങ്ങൾ കൂടിച്ചേർന്ന മെഡിറ്ററേനിയൻ കടലിന് ചുറ്റുമുള്ള പ്രദേശമാണ് മെഡിറ്ററേനിയൻ മേഖ ല. ഈ പ്രദേശങ്ങളിൽ നിന്നും കുടിയേറിപ്പാർത്തവരാണ് ദ്രാവിഡർ എന്നഭിപ്രായപ്പെട്ട ചരിത്രകാരനാണ് പ്രൊഫ. നീലകണ്ഠശാസ്ത്രി. അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തുന്നു. "ഏഷ്യമൈനറിലെ ലിസിയന്മാർ അവരുടെ ലിഖിതങ്ങളിൽ സ്വയം വിളിച്ചിട്ടുള്ള "ത്രിമ്‌ലൈ"

എന്ന പേർ ദ്രമിള (തമിൾ) എന്നതിനോട് അടുത്തു വരുന്നു. ഭാഷാഘടനയെ സംബന്ധിച്ചിടത്തോളം സൂസിയൻ ഭാഷയും ദ്രാവിഡഭാഷകളും തമ്മിൽ ബന്ധമുള്ളതായി കാഡ്വൽ സൂചിപ്പിച്ചു. അഫ്ഗാനിസ്ഥാൻ, ഇറാനിലെ പൂർവ്വപ്രദേശങ്ങൾ, യൂഫ്രട്ടീസ് - ടൈഗ്രീസ് നദീതടങ്ങൾ എന്നിവിടങ്ങളിൽ, പ്രത്യേകിച്ചും മെസൊപ്പെട്ടോമിയിലെ, ധാരാളം പ്രാചീന സ്ഥലനാമങ്ങൾക്ക് ദ്രാവിഡരൂപങ്ങളുമായി ബന്ധമുള്ളതായി കണ്ടിരിക്കുന്നു. ഈ പ്രദേശങ്ങളിലെ സെമറ്റിക്ക് വിഭാഗത്തിലും ആര്യൻ വിഭാഗത്തിലും ഉൾപ്പെടാത്ത ജനങ്ങൾ ദ്രാവിഡഭാഷ സംസാരിച്ചിരുന്നതായും തെളിഞ്ഞിട്ടുണ്ട്. ഹൂറിയൻ ഭാഷയ്ക്കും കാസറ്റ് ഭാഷയ്ക്കും ദ്രവിഡിയൻ ഭാഷകളുമായി പ്രത്യക്ഷത്തിൽ തന്നെ സാദൃശമുണ്ട്. എലാമൈറ്റ് ഭാഷയെയും ബ്രാഹുയി ഭാഷയെയും തമ്മിൽ ബന്ധപ്പെടുത്തികൊണ്ട്, എലാമൈറ്റ് ഭാഷയുടെ ജന്മസ്ഥലം പശ്ചിമേഷ്യയാകയാൽ, ആദിദ്രാവിഡഭാഷയും അത് സംസാരിക്കുന്ന ജനങ്ങളും (ദ്രാവിഡർ) ഈ പ്രദേശത്തുനിന്ന് വന്നരാണെന്ന് ഊഹിക്കുന്നതിൽ അസാംഗത്യമില്ല'[9]. മെഡിറ്ററേനിയൻ ജനതയ്ക്കും ദ്രാവിഡർക്കും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിച്ച ഹോർണൻ പറയുന്നത് ഇങ്ങനെയാണ്; 'എനിക്കുപറയേണ്ടി വന്നിരിക്കുന്ന നിഗമനങ്ങളിൽ ചിലത് ഞെട്ടലുളവാക്കാൻ പോകുന്നവയാണെന്നു തോന്നുന്നു. പ്രായോഗികങ്ങളായ ചില പരികല്പനകളുടെ ഭാഗമായിട്ടല്ലാതെ മറ്റൊരു നിലയിലും ഞാൻ അവ ഉന്നയിക്കുന്നില്ല. ഈ പരികല്പനകൾക്ക് അനുകൂലമായി മാനവജാതി വിജ്ഞാനപരമായ പല വസ്തുതകളുണ്ട്. അ വസ്തുതകളിൽ ചിലത് പ്രത്യേകം എടുത്തുപറയുന്നുണ്ട്. ഇന്ത്യയിലെ വഞ്ചി നിർമ്മാണ രീതികളെക്കുറിച്ചുള്ള തെളിവുകളും ചില പ്രദേശങ്ങളിൽ അനുവർത്തിച്ചു വരുന്ന സവിശേഷമായ മീൻ പിടുത്ത രീതികളെക്കുറിച്ചുള്ള തെളിവുകളും ഒപ്പം പരിഗണിക്കുന്ന പക്ഷം, ഭാഷാശാസ്ത്രപരവും മാനവജാതി വിജ്ഞാനപരവുമായ അനേകം വിദിത വസ്തുതകളുടെ പിൻബലത്തോടികൂടി, അതു നമ്മെ താഴെപ്പറയുന്ന നിഗമനങ്ങളിലേക്ക് നയിക്കുന്നു;

എ) ദ്രാവിഡർക്കുമുമ്പ് തെക്കേ ഇന്ത്യൻ തീരപ്രദേശത്ത് വസിച്ചിരുന്ന ജനസമൂഹം നീഗ്രിറ്റോവർഗ്ഗക്കാരുടെയും പ്രോട്ടോപോളിനേഷൻ വർഗ്ഗക്കാരുടെയും വ്യത്യസ്തരീതിയിലുള്ള സങ്കരങ്ങൾ ചേർന്നതായിരുന്നു. ആദ്യം പരാമർശിച്ച വർഗ്ഗമായിരുന്നു ഒന്നാമത്തേത്. കുന്നുകളിലും വനപ്രദേശങ്ങളിലും കറുത്തവർഗ്ഗക്കാർക്ക് ഇടയിൽക്കാണുന്ന ഉരുണ്ട തലയുള്ള വിഭാഗത്തിന്റെ ഗണ്യമായ ഒരു ഭാഗം നീഗ്രിറ്റോകളാണ്.

ബി) ദ്രാവിഡർക്കുമുമ്പ് ഭാരതത്തിന്റെ തീരപ്രദേശങ്ങളിൽ വസിച്ചിരുന്ന പോളിനേഷ്യൻ വിഭാഗമാണ് ചെറിയ ചിറ്റോടങ്ങളും ഒറ്റപ്പായ് വള്ളങ്ങളും ആദ്യമായി ഇവിടെ അവതരിപ്പിച്ചത്. ഇന്നത്തെ പോളിനേഷ്യയിൽ സവിശേഷമായിക്കാണുന്ന നൗകനിർമ്മിതി മുഖ്യമായി ഈ ഇനത്തിൽപ്പെടുന്നു.

സി) മലേഷ്യക്കാരുടെ (ഇന്തോനേഷ്യക്കാരുടെ) ഇടയിൽ ഇരട്ടപ്പായ് വള്ളങ്ങൾക്കുള്ള സാർവ്വത്രികമായ പ്രചാരത്തെയും പോളിനേഷ്യ, പാപ്പുവ - ആസ്ത്രേലിയ എന്നിവിടങ്ങളിലെ പായ്‌വള്ളങ്ങൾ ഉപയോഗിക്കുന്ന വർഗ്ഗങ്ങൾക്കിടയിൽ മലേഷ്യയ്ക്കഭിമുഖമായി സ്ഥിതി ചെയ്യുന്ന ചില തീരപ്രദേശങ്ങളിലും ഒഴികെ മറ്റെങ്ങും ഇരട്ടപ്പായ വള്ളങ്ങൾ ഇല്ലാത്തതിനെയും ആസ്പദമാക്കിക്കൊണ്ട് ഞാൻ തീരുമാനിക്കുന്നത് ഇരട്ടപ്പായ് വള്ളം മലേഷ്യയുടെ കണ്ടുപിടുത്തമാണെന്നാണ്.

ഡി) മഡഗാസ്കറിലും കിഴക്കനാഫ്രിക്കയിലുമുള്ള പായ്ക്കെട്ടിയ ഓടങ്ങൾക്ക് ഇരട്ട പ്പായോടുകൂടിയ സവിശേഷാകൃതിയാണുള്ളത്. പൊങ്ങുതടി ഘടിപ്പിക്കുന്ന രീതി പ്രത്യേക തര ത്തിലുള്ളതാണ്. ജാവയുടെ വടക്കൻ തീരപ്രദേശം മാത്രമാണ് ഇന്ന് ഈ രീതി നിലവി ലുള്ള മറ്റൊരിടം. ഈ വസ്തുതകൾ വച്ചു നോക്കുമ്പോൾ മലേഷ്യയിലെ ഈ പ്രത്യേക സ്ഥലത്തുനിന്നാണ് മഡഗാസ്കറിലേക്ക് ഈ പ്രത്യേക രൂപത്തിലുള്ള പായ്‌വള്ളം കുടിയേ റിപ്പാർപ്പുകാർ കൊണ്ടുവന്നതെന്ന് കരുതാൻ ന്യായമുണ്ട്.

ഇ) പോളിനേഷ്യക്കാരുടെ കുടിയേറ്റത്തിനുശേഷം വളരെ നാൾ കഴിഞ്ഞ് മലേഷ്യ ക്കാരുടെ ഒരു കുടിയേറ്റപ്രവാഹം സിലോണിൽക്കൂടി ഭാരതത്തിലേക്കുണ്ടായി. ഇത് ദ്രാവി ഡരുടെ ആഗമനാനന്തരമായിരുന്നു. ഇക്കൂട്ടർ മലയാ ദ്വീപസമൂഹത്തിൽ നിന്ന് തെങ്ങുകൃഷി ഇവിടെ കൊണ്ടുവന്നു. തെക്കേ ഇന്ത്യയിലെ ചാന്നാൻമാരുടെയും ഈഴവന്മാരുടെയും പൂർവ്വി കന്മാർ ഈ കുടിയേറ്റക്കാരായിരിക്കാൻ സാദ്ധ്യതയുണ്ട്.

എഫ്) അങ്ങനെ യഥാർത്ഥ ദ്രാവിഡർ മെഡിറ്ററേനിയൻ വർഗ്ഗത്തിൽപ്പെട്ടവരാണ്.

ജി) മെഡിറ്ററേനിയൻ വർഗ്ഗം അവിഭക്താവസ്ഥയിൽ കഴിഞ്ഞിരുന്നപ്പോൾ അവർക്ക് സവിശേഷമായുണ്ടായിരുന്നതെന്ന് ഇപ്പോൾ കരുതപ്പെടുന്ന പല ആചാരങ്ങളും ദ്രാവിഡർ ആർജിച്ചു. ചില ആറ്റുവള്ളരൂപങ്ങളും പ്രത്യേകിച്ച് പങ്കായവും ഒരുപക്ഷേ ശംഖിന്റെ ഉപ യോഗവും ഇക്കൂട്ടത്തിൽപ്പെടും. എന്നാൽ, ഇത് പാപ്പുവാ, പോളിനേഷ്യൻ എന്നിവിടങ്ങ ളിലെ ജനങ്ങൾക്കിടയിലും സാധാരണമാണ്.

എച്ച്) മൂലകുടുംബത്തിൽ നിന്ന് വേർപിരിയുന്നതിനുമുമ്പ് മെസൊപ്പൊട്ടോമയിൽ വസി ച്ചിരുന്ന ദ്രാവിഡർ അണ്ഡാകൃതിയിലുള്ള തോൽവള്ളവും ചങ്ങാടവും കടംകൊള്ളുകയോ നിർമ്മിക്കുകയോ ചെയ്തു.

ഐ) ഈ വർഗ്ഗത്തിന്റെ വലിയൊരുഭാഗം പില്ക്കാലത്ത് സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം (ഈ സമ്മർദ്ദം വടക്കുപടിഞ്ഞാറു ദിശയിൽ നിന്നുവന്ന ഏതോ ആൽപൈൻ വർഗ്ഗത്തിന്റേതോ മംഗ്ലോയിഡ് വർഗ്ഗക്കാരുടേതോ (അക്കാദുകൾ) തെക്കുനിന്നോ തെക്കുപ ടിഞ്ഞാറുനിന്നോ വന്ന സെമറ്റിക്ക് വർഗ്ഗക്കാരുടേതോ ആയിരിക്കാൻ സാദ്ധ്യതയുണ്ട്) പൂർവ്വ ദിക്കിലേക്ക് കടന്നുചെല്ലാൻ ഇടയായി. ഒരുകാലത്ത് ബലൂച്ചിസ്ഥാനിൽ അവർ തങ്ങിയിരു ന്നുവെന്ന വസ്തുതക്ക് അടയാളമായി *ബ്രാഹുയിഭാഷ* അവശേഷിക്കുന്നു.

ജെ) ബലൂച്ചിസ്ഥാനിൽ നിന്ന് ഭാരതത്തിലെത്തിയതിനെത്തുടർന്ന് ഇവർ സിന്ധുവി ന്റെയും ഗംഗയുടെയും തടങ്ങളിലാകെ വ്യാപിക്കുകയും അവർ ചെന്നെത്തിയ സ്ഥലങ്ങളിൽ നൈലിലെയും ടൈഗ്രീസിലെയും വള്ളങ്ങളുടെ ആകൃതിയിലുള്ള വഞ്ചികൾ നടപ്പിലാക്കു കയും ചെയ്തു. ഒരിക്കലും വറ്റാത്ത വൻ നദികളിൽ ആദ്യത്തെ ഇനവും വരണ്ട കാലാവസ്ഥ യിൽ ജലം കുറയുന്ന നദികളിൽ രണ്ടാമത്തെ ഇനവും.

കെ) ഉൾനാട്ടിലോ നദീതടങ്ങളിലോ താമസിച്ചിരുന്ന ദ്രാവിഡർ ജലസേചനം നടത്തി കൃഷി ചെയ്യുന്നതിൽ വിദഗ്ധരായിരുന്നു. ചരിത്രകാലത്തുടനീളം ഈ കലയിൽ ഇന്ത്യയ്ക്ക് ഉണ്ടായിരുന്ന ഉന്നതസ്ഥാനത്തിന് ഇവരോട് കടപ്പെട്ടിരിക്കുന്നു.

എൽ) ആദ്യകാലത്തെ ദ്രാവിഡർ നദീതടജനതയായിരുന്നതിനാൽ കടലിൽ മീൻപിടിച്ചിരുന്ന പോളിനേഷ്യക്കാരുടെ സേവനം പ്രയോജനപ്പെടുത്തുവാനും മത്സ്യബന്ധനകല അവരിൽ നിന്ന് പഠിക്കുവാനും ഇഷ്ടപ്പെട്ടിരിക്കണം.

എം) ഈ പോളിനേഷ്യ വിഭാഗത്തെ മുഴുവൻ രാഷ്ട്രീയമായും ഭാഷാപരമായും ദ്രാവിഡർ ഉൾക്കൊണ്ടതായി തോന്നുന്നു. അവരുടെ എണ്ണത്തിൽ കാണുന്ന കുറവ്, ചിന്നിച്ചിതറിയ അവസ്ഥ, സങ്കരോല്പത്തി നിമിത്തം അവർക്കു സിദ്ധിച്ച രൂപാന്തരണ ക്ഷമത (കൊക്കേഷ്യൻ x മംഗോളിയൻ x പാപ്പുവേഷ്യൻ) എന്നീ സവിശേഷതകൾ മേല്പറഞ്ഞ സമീകരണത്തെ വിശദീകരിക്കുന്നു'.[10]

ദ്രാവിഡർ മെഡിറ്ററേനിയൻ വർഗ്ഗത്തിൽപ്പെട്ടവരാണെന്ന് ഹോർണൽ അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുള്ളതിന് ഉപോൽബലമായി എഫ്.ഒ. റിച്ചാർഡ്സ് എന്ന ഗവേഷകന്റെ അഭിപ്രായം അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു, അത്;[11]

1) കാട്ടുജാതിക്കാരോട് ഗോത്രബന്ധമുള്ള പരന്ന മൂക്കോടുകൂടിയ ഒരു പ്രാഗ്–ദ്രാവിഡ വർഗ്ഗം; ഒരുപക്ഷേ നീഗ്രോയിഡ് ജനങ്ങളും ഇടനിലക്കാരായ ജനങ്ങളും (മെഡിറ്ററേനിയൻ) ചേർന്ന് ഒരു സംയുക്ത വർഗ്ഗമായി ഉത്ഭവിച്ചവരായിരിക്കാം ഇവർ.

2) ദ്രാവിഡരെന്ന് ശരിയായ അർത്ഥത്തിൽ വിളിക്കാറുള്ള, ദക്ഷിണേന്ത്യാവാസികളുടെ മുഖ്യ ഭാഗം വ്യത്യസ്തമായ തോതിൽ പരിശുദ്ധി പുലർത്തുന്ന മെഡിറ്ററേനിയൻ വർഗ്ഗക്കാരുടെ പല വിഭിന്നസ്തരങ്ങളും ചേർന്നതാണ്. ഐതീഹ്യപ്രകാരമുള്ള സർപ്പാരാധകരായ നാഗന്മാരും ഇതിൽ ഉൾപ്പെടുന്നു.

3) നേരിയ ഒരു നോർഡിക് അംശം വെളുത്ത തൊലിയും ഇളം നിറത്തോടുകൂടിയ കണ്ണുകളുമുള്ള ഒരിനത്തിന്റെ അവശിഷ്ടങ്ങൾ ഇടയ്ക്കിടെ കാണപ്പെടുന്നത് ഇതിനു തെളിവാണ്. ആര്യസ്വാധീനം വർഗ്ഗപരമെന്നതിനേക്കാൾ സാംസ്കാരികമായിരുന്നുവെന്നും ഈ സാംസ്കാരിക സ്വാധീനം തന്നെയും സാധാരണഗതിയിൽ സങ്കല്പിക്കപ്പെടുന്നതിനേക്കാൾ എത്രയോ കുറവായിരുന്നുവെന്നും റിച്ചാർഡ്സ് വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ ബ്രാഹ്മണമേധാവിത്വത്തിന്റെയും ജാതിവ്യവസ്ഥയുടെയും സവിശേഷതകൾ അധികവും ശുദ്ധദ്രാവിഡം തന്നെയായി (മെഡിറ്ററേനിയൻ) ഉത്ഭവിച്ചവയോ, സഞ്ചാരികളായ നോർഡിക് ജനസമൂഹങ്ങളും തദ്ദേശിയ സംസ്കാരങ്ങളും തമ്മിലുള്ള കൂട്ടിമുട്ടലിന്റെ പ്രത്യക്ഷഫലങ്ങളോ ആണെന്നു കരുതാൻ മതിയായ കാരണങ്ങളുണ്ട്.

കൂടാതെ താഴെപ്പറയുന്ന കാര്യങ്ങളിൽ ദ്രാവിഡരും മെഡിറ്ററേനിയൻ ജനതയും തമ്മിൽ പൊരുത്തവും ബന്ധങ്ങളും ഉണ്ടായിരുന്നുവെന്ന് റിച്ചാർഡ് കണ്ടെത്തുന്നു. അവ;

i) നാടോടി കഥകളിൽ കാണുന്ന ചില പൊതുവായ പ്രതിപാദ്യങ്ങൾ

ii) പുനർജന്മസിദ്ധാന്തം - ഇത് ഉത്ഭവിച്ചത് തീർച്ചയായും ഇന്തോ-യൂറോപ്യൻ അംശമായിട്ടല്ല. മെഡിറ്ററേനിയൻ അംശമായിട്ടാവണം, ഇന്ത്യയുടെയും ഗ്രീസിന്റെയും പൈതൃകമായിത്തീർന്നു ഇത്.

iii) കുടുംബത്തിലെ നാമകരണ സമ്പ്രദായം - പിതാമഹന്റെ പേരുതന്നെ പുത്രന് നല്കുന്നു.

iv) ലേഖനകല - ചരിത്രാതീതകാലത്തുള്ള ചില ഭാരതീയ ലിഖിതങ്ങളിലെ ചില പ്രതീകങ്ങൾ എട്രൂറിയ, ക്രിറ്റ്, പുരാതന ഈജിപ്ത് എന്നിവിടങ്ങളിലെ ലിഖിതങ്ങളോട് സജാതീയതയും ബന്ധവും പ്രദർശിപ്പിക്കുന്നു.

v) മതപരമായ ധാരണകളിലും അനുഷ്ഠാനങ്ങളിലും പൊതുവായി കാണുന്ന ചില വസ്തുതകൾ. ഉദാ: സാമുദായികമായി നടത്തുന്ന മൃഗബലിയോടുകൂടി ഗ്രാമദേവതകളെ ആരാധിക്കുന്ന പതിവ്. ആരാധന നടത്തുന്ന സ്ത്രീകൾ ഇലകൾ കോർത്ത അനുഷ്ഠാന വസ്ത്രങ്ങൾ ധരിക്കുന്നു, കിണറുകളെ ആരാധിക്കുന്ന സമ്പ്രദായവും അതിനോട് ബന്ധപ്പെട്ട മറ്റ് മതാനുഷ്ഠാനങ്ങളും പ്രാഗ്-ഇന്തോ-യൂറോപ്യൻ മെഡിറ്ററേനിയൻ പൈതൃകമെന്ന നിലയിൽ ഇത് ചില സന്ദർഭങ്ങളിൽ ബ്രിട്ടനിൽപ്പോലും അവശേഷിച്ചിട്ടുണ്ട്.

മെഡിറ്ററേനിയൻ ജനത ദക്ഷിണേന്ത്യയിലേക്ക് കുടിയേറിയത് മകാരം, ബലൂചിസ്ഥാൻ, സിന്ധ് എന്നീ സ്ഥലങ്ങളിലൂടെയായിരുന്നു. ഇറാനിലെയും മെസോപ്പൊട്ടോമിയയിലെയും സ്ഥലനാമങ്ങൾ ദ്രാവിഡരൂപങ്ങളുമായി വളരെയധികം സാദൃശ്യമുള്ളത് ഇതിനുദാഹരണമാണ്[12]. മിദന്നി (Mitanni) ഹൂറിയൻ (Hurrian) കാസ്സാറ്റൈ (Kassite) എന്നീ ഭാഷകളും ദ്രാവിഡഭാഷകളും തമ്മിൽ അസാധാരണ ബന്ധങ്ങളുണ്ട്, കൂടാതെ തമിഴ്നാട്ടിലെ ആദിചെന്നല്ലൂരിൽ നിന്ന് കണ്ടെടുത്ത വീരക്കല്ലുകൾ (tomb) സൈപ്രസ്, പാലസ്തീൻ എന്നീ ദേശങ്ങളിൽ നിന്ന് കണ്ടെടുത്ത വീരക്കല്ലുകളും തമ്മിൽ വളരെയധികം ബന്ധങ്ങളുണ്ട്[13].

മേല്പറഞ്ഞ വിവരങ്ങൾ ആദി മെഡിറ്ററേനിയൻ ജനതയും ഭാരതത്തിലെ ദ്രാവിഡ ജനതയും തമ്മിലുള്ള സാംസ്കാരികമായുള്ള ഗാഢ സാദൃശ്യങ്ങളും പൊരുത്തങ്ങളും വ്യക്തമാക്കുന്നു. ഇത് അതിപ്രാചീനകാലം മുതൽ തന്നെ രണ്ടു ജനവിഭാഗങ്ങൾ തമ്മിൽ ബന്ധം നിലവിലിരുന്നുവെന്ന് തെളിയിക്കുകയും മെസോപ്പൊട്ടോമിയൻ സംസ്കാരത്തിനോട് ദ്രാവിഡർക്കുള്ള ബന്ധം സാധൂകരിക്കുകയും ചെയ്യുന്നു. സാംസ്കാരികമായ ബന്ധത്തിനപ്പുറം മറ്റൊരു പഠന മേഖലയിലേക്ക് ഈ പഠനഫലങ്ങൾ അപര്യാപ്തമാണ്.

**2.2.2. ആഫ്രിക്കൻ വാദം**

ആഫ്രിക്കൻ സംസ്കാരത്തിന്റെ പ്രാരംഭം മധ്യാഫ്രിക്കയിലുള്ള സഹാറയിലാണ്. അവിടെയുണ്ടായിരുന്ന ജനങ്ങൾ കറുത്ത നിറത്തോടുകൂടിയവരും ഇന്തോ-യൂറോപ്യൻ ഭാഷ കളിൽ നിന്നു ഭിന്നമായ ഭാഷ സംസാരിക്കുന്നവരുമായിരുന്നു. അവർ ബി.സി. 4000 വരെ ഫെസാൻ (Fezzan) ഹോഗർ (Hogger) മേഖലയിലെ മലമ്പ്രദേശങ്ങളിലാണ് താമസിച്ചിരു ന്നത്. അവിടെയാണ് ആദിമമായ കെമറ്റിക്ക് (Kemetic) സംസ്കാരം പിറന്നത്. ദ്രാവിഡർ, ഈജിപ്തുകാർ, സുമേറിയക്കാർ, നീഗ്രോ, ദോഫാനിയൻ - മാണ്ടെ, ഇളമൈറ്റ് എന്നിവരുടെ ഉത്പത്തി കേന്ദ്രമായ ഈ പ്രദേശം Fertile African Crescent എന്നാണ് അറിയപ്പെടുന്നത്. ഇവരുടെ വംശീയ നാമം കുശൈറ്റുകൾ (Kushite) എന്നാണ് വിന്റേഴ്സ് എന്ന ചരിത്രപ ണ്ഡിതൻ ഇവരെ പ്രോട്ടാ-സഹാറൻസ് എന്നു വിളിക്കുന്നു. ഇന്ന് ഈ പ്രദേശം മരുഭൂമിയാ ണെങ്കിലും 8000 വർഷം മുമ്പ് അവിടുത്തെ മെഡിറ്ററേനിയൻ കാലാവസ്ഥയിൽ പ്രോട്ടോ സഹാറൻ സംസ്കാരം ഉയർന്നു വന്നു. അവർ ഒറ്റഭാഷ സംസാരിക്കുന്നവരായിരുന്നു. ഈ ഭൂപ്രദേശം സഹാറാ മരുഭൂമിയായി മാറുന്നതുവരെ അവർ അവിടെ താമസിച്ചു. പിന്നീട്, ഏഷ്യ, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് ഈ ജനത വ്യാപിക്കുന്നതോടെ അത്തായിക്[14] (Artaic) യൂറാലിക് (Uralic) ഇന്തോ-യൂറോപ്യൻ ഭാഷകളുമായി ബന്ധപ്പെട്ടു[15].

'ദ്രാവിഡരും സുമേറിയരും ചരിത്രാതീത കാലത്ത് സഹാറൻ ആഫ്രിക്കയിലാണ് ജീവിച്ചിരുന്നത്. ഇന്ത്യയിലെ ദ്രാവിഡരും മെസോപ്പൊട്ടോമിയയിലെ സുമേറിയരും ആഫ്രി ക്കയിലെ മാന്റിംഗ് ജനതയും തമ്മിൽ ആകൃതി പ്രകൃതി സാജാത്യങ്ങളുണ്ട്. നരവംശ ഭാഷ ശാസ്ത്ര തെളിവുകൾ ഇവർ ഒരൊറ്റപൂർവ്വ ദശയിൽ നിന്നാണുണ്ടായതെന്ന് സ്ഥാപിക്കുന്നു. ഈ മൂന്ന് ജനവിഭാഗങ്ങളുടെയും ജന്മനാട് മദ്ധ്യാഫ്രിക്കയാണ്. അതുകൊണ്ട് വിന്റർ ഈ ജനവിഭാഗങ്ങളുടെ പൂർവ്വദശയെ പ്രോട്ടോസഹാറൻസ് എന്നു വിളിക്കുന്നു. ബി.സി.9000-6000 കാലഘട്ടത്തിലായിരിക്കണം പ്രോട്ടോ സഹാറിയൻസ് മദ്ധ്യാഫ്രിക്കയിലെ ലിബിയൻ, സുഡാ നിസ് മരുഭൂമികളിലുണ്ടായതെന്നും വിന്റർ കരുതുന്നു.[16]

ബി.സി.7000 ത്തോടുകൂടി മധ്യാഫ്രിക്കയിൽ മഴയ്ക്ക് സ്ഥിരത കൈവന്നു. അതോ ടാപ്പം വേട്ടയാടിയും ഭക്ഷണം ശേഖരിച്ചും ജീവിച്ചിരുന്ന ജനങ്ങൾ പതുക്കെ പതുക്കെ ആടു മേക്കൽ, കൃഷി എന്നീ ഉത്പാദക വ്യവസ്ഥയിലേക്ക് മാറിത്തുടങ്ങുകയും ചെയ്തു. ഉത്ഖന നത്തിലൂടെ കണ്ടെത്തിയ ഉപകരണങ്ങൾ ഇതിനെ സാധൂകരിക്കുന്നതാണ്. മെഡിറ്ററേനീ യൻ സസ്യങ്ങൾ സഹാറയുടെ ഉയർന്ന മേഖലകളിൽ ധാരാളം വളർന്നിരുന്നു. ഈ മേഖല യിൽ നിന്ന് ധാരാളം കളിമൺ പാത്രങ്ങളുടെയും അരകല്ലുകളുടെയും അവശിഷ്ടങ്ങൾ കണ്ടെ ത്തിയിട്ടുണ്ട്. ബി.സി.4200 ൽ സഹാറ മരുഭൂമിവത്ക്കരണം തുടങ്ങിയതോടെ അവിടെ നിന്ന് പലഭാഗങ്ങളിലേക്കും അവർ കുടിയേറിത്തുടങ്ങി. ആ സമയത്ത് - നൈൽ താഴ്വരകൾ കൂടുതൽ ജീവിത യോഗ്യമായിത്തീരുകയും ചെയ്തു. നൈൽ താഴ്വരയിൽ പ്രോട്ടോ ഈജിപ്തുകാർ മുമ്പു തന്നെ കുടിയേറിയിരുന്നതിനാൽ പ്രോട്ടോ സുമേറിയക്കാർ മെസപ്പൊ ട്ടോമിയയിലേക്കും ഇളമൈറ്റുകൾ ഇറാനിലേക്കും കടന്നു ചെന്നു. ബി.സി.4000നു ശേഷമുള്ള വെള്ളപ്പൊക്കം മൂലം മെസപ്പൊട്ടോമിയ വിട്ടോടിപ്പോയിരുന്ന അനുക്കൾ നിർമ്മിച്ചിരുന്ന നഗ

രപ്രദേങ്ങളിലാണ് ഇളമൈറ്റുകൾ താവളമടിച്ചിരുന്നത്. അവർ ദ്രാവിഡം, മാന്റിംഗ് വർഗ്ഗത്തിൽപ്പെട്ട ഭാഷകളാണ് സംസാരിച്ചിരുന്നത്. തെക്കേ ഇന്ത്യയിലേക്ക് അവരുടെ (ഇളമൈറ്റുകളുടെ) കുടിയേറ്റം ആഫ്രിക്കയിൽ നിന്നുള്ള രണ്ടു കുടിയേറ്റങ്ങളുടെ ഫലമാണ് – (സിന്ധു നദീതടങ്ങളിലേക്കും ഇന്ത്യയിലേക്കും) പ്രോട്ടോ-ദ്രാവിഡന്മാർ 2400 ബി.സി.ക്കുശേഷം മധ്യദക്ഷിണ സഹാറയിൽ ജീവിച്ചിരുന്ന പ്രോട്ടോ സഹാറക്കാരുടെ പിന്മുറക്കാരാണ്.[17]

ഭാഷാപരമായും പ്രോട്ടോ സഹാറന്മാരും ഇളമൈറ്റുകൾ, ദ്രാവിഡർ, സുമേറിയക്കാർ തുടങ്ങിയവരുമായി സാദൃശ്യങ്ങളുണ്ട്. അവർ വംശമുഖ്യനെ 'സർ' എന്നും, താമസിച്ചിരുന്ന നഗരത്തിനെ ഊർ (ur) എന്നും, മനുഷ്യനെ ഒകു (oku)എന്നും പിതാവിനെ പാ (pa)എന്നും ആൺകുട്ടികളെയും പെൺകുട്ടികളെയും ദേ(de), ദി(di), ദു(du) എന്നും വിളിച്ചിരുന്നു. മലയാളത്തിലും തമിഴിലും വഞ്ചി, വള്ളം എന്ന പദങ്ങൾക്ക് 'കലം' എന്നർത്ഥം ഉള്ളതുപോലെ വള്ളത്തെ അവർ 'കലം' (kalam)എന്നാണ് വ്യവഹരിച്ചിരുന്നത്. ദ്രാവിഡരും ഇളമൈറ്റുകളും തമ്മിൽ അടുത്ത ബന്ധമുണ്ടെന്ന് കാവല്ലി ഫോർസാ (Cavallie Sforza)യുടെ അഭിപ്രായം ഉദ്ധരിച്ചുകൊണ്ട് ഭദ്രരാജു കൃഷ്ണമൂർത്തി ഗ്രീക്ക്, തമിഴ്, ഇളമൈറ്റ് ഭാഷകള തമ്മിലുള്ള സാദൃശ്യങ്ങൾ, ശബ്ദങ്ങൾ, വ്യാകരണാംശങ്ങൾ, രാഷ്ട്രീയഘടന, സാമ്പത്തികം എന്നീ സൂചനകൾ താരതമ്യം ചെയ്ത് സ്ഥാപിക്കുന്നുണ്ട്.[18]

ആഫ്രിക്കൻ ജനതയും ദ്രാവിഡജനതയും തമ്മിലുള്ള ശാരീരിക സാംസ്കാരിക ബന്ധങ്ങളെക്കുറിച്ച് പഠിച്ച കെ.പി.അരിവാനന്റെ കണ്ടെത്തലുകൾ ആഫ്രിക്ക-ദ്രാവിഡ ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നവയാണ്. ചീക്ക് തിഡിയനെ എൻഡിയെ (Cheik Tidiane N'Diaye) എന്ന ആഫ്രിക്കൻ ഗവേഷകൻ സിന്ധുനദീതട ലിപിയ്ക്ക് ദ്രാവിഡ ഭാഷകളുമായും സെനഗലിസ് ഭാഷയുമായും ബന്ധമുണ്ടെന്ന് മനസ്സിലാക്കുകയും ദ്രാവിഡഭാഷകളും പൊളോഫ് ഭാഷയും തമ്മിലുള്ള അഞ്ഞൂറിൽപരം ബന്ധങ്ങൾ കണ്ടെത്തുന്നുമുണ്ട്. കൂടാതെ ഉപാദ്യായ എന്ന ഇന്ത്യൻ ഗവേഷകൻ സെൻഗലിലെയും ദ്രാവിഡ ഭാഷകളിലെയും അഞ്ഞൂറ്റി ഒൻപതോളം ഒരു പോലുള്ള പദങ്ങളെ കണ്ടെത്തുന്നു. ഈ വസ്തുതകളെല്ലാം ഈ രണ്ട് സംസ്ക്കാരങ്ങൾക്കും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. നീഗ്രോ-ആഫ്രിക്കൻ ഭാഷകളും ദ്രാവിഡ ഭാഷകളും തമ്മിലുള്ള പ്രധാന സാദൃശ്യങ്ങൾ ഇവയാണ്;[19]

1. ഒരു ലളിത ഘടനയിലെ അഞ്ച് അടിസ്ഥാന സ്വരാക്ഷരങ്ങൾക്കുള്ള ചെറിയ വ്യത്യാസം
2. സ്വരാക്ഷര ചേർച്ച
3. പദാദിയിൽ വ്യഞ്ജനാക്ഷരക്കൂട്ടക്ഷരങ്ങളുടെ അഭാവം
4. ദ്വിത്വാക്ഷരങ്ങൾ പദാദിയിൽ വരുന്നില്ല
5. സർവ്വനാമത്തിൽ പ്രഥമ, ഉത്തമ പുരുഷന്റെ വ്യത്യാസം
6. നാമവിശേഷണങ്ങളെ താരതമ്യം ചെയ്യുന്നതിനുള്ള മാനദണ്ഡത്തിന്റെ അഭാവം
7. പദരൂപഘടനയിൽ നാമവിശേഷണങ്ങളുടെയും ക്രിയാ വിശേഷണങ്ങളുടെയും അഭാവം
8. വിവിധ നാമവിഭാഗങ്ങളിൽപ്പെടുന്ന നാമപ്രത്യയങ്ങളുടെ വിവിധ മാറ്റങ്ങൾ
9. കാലപ്രത്യയങ്ങൾ പ്രകടമാക്കാത്ത ക്രിയാവിഭാഗങ്ങളിൽ പൂർണ്ണക്രിയ അപൂർണ്ണ

ക്രിയ എന്നിവയുടെ വ്യത്യാസം

10. ചോദ്യരൂപത്തിലുള്ള ക്രിയകളുടെയും നിഷേധക്രിയകളുടെയും രണ്ട് പ്രത്യേക പദവിഭാഗം.
11. ഊന്നി പറയുന്നതിനു വേണ്ടിയുള്ള പുനരാവർത്തന പദങ്ങളുടെ ഉപയോഗം

ഭാഷാപരമായ പ്രത്യേകതകൾ മാത്രമല്ല സാംസ്കാരികവും ശാരീരികവുമായ സാമ്യതകളും ആഫ്രിക്കൻ ജനതയും ദ്രാവിഡരും തമ്മിലുണ്ടെന്ന് പഠിച്ച ഫ്രോബിനിയസ് എന്ന ജർമ്മൻ എത്തനോളജിസ്റ്റ്, ബാരിമാൻ(Barimann) , വെസ്റ്റർമാൻ (Westemann), ചീക്ക് ആന്റഡയോവ് (cheik AntaDiop)എന്നീ ഗവേഷകരും ഈ ബന്ധത്തെ സാധൂകരിക്കുന്നു. തെക്കേന്ത്യയിലെ ആദിദ്രാവിഡരുടെ തലയുടെ നീളം, നെറ്റി, മൂക്ക്, ചെവി, ശരീരത്തിന്റെ നിറം, മുടി, കണ്ണ് എന്നിവ ആഫ്രിക്കയിലെ സെനഗലീസ് വംശജരുമായി വളരെയധികം സാമ്യതകളുണ്ട് എന്നാൽ ആഫ്രിക്കൻ ജനതയ്ക്ക് ചുരുണ്ട മുടിയും ചെറുതായി തടിച്ച ചുണ്ടുകളുമുണ്ട് അത് ദ്രാവിഡർക്കില്ല.


തമിഴ് സാഹിത്യത്തിൽ കാർമേഘ വാനൻ എന്ന് വിശേഷിപ്പിക്കുന്ന കൃഷ്ണൻ കറുപ്പ് നിറമായിട്ടുള്ള ദ്രാവിഡ ദേവനാണ്. കെ.പി.അരിവാനൻ കൃഷ്ണന്റെ ജനനവും അമ്മാവ നായ കംസന്റെ വധവും മരുമക്കത്തായവുമായി ബന്ധപ്പെടുത്തിയാണ് പഠിച്ചിരിക്കുന്നത്.[20] കൃഷ്ണനുമായി ബന്ധപ്പെട്ട കഥകൾ ബാർഗോ എന്ന നായക സങ്കല്പത്തിലൂടെ ഇന്നും വാമൊഴിഗാനങ്ങളിലും കഥാഗാനങ്ങളിലും ആഫ്രിക്കൻ നാടുകളിൽ പ്രചാരത്തിലിരിക്കുന്നു. തെക്കേ ഇന്ത്യയിലെ പ്രസിദ്ധമായ വിനോദമാണ്. 'പല്ലാങ്കുഴിയാട്ടം'[21] കന്നടയിൽ ഇത് *ചേണ്ണമണെ*യെന്ന് അറിയപ്പെടുന്നു. ഈ വിനോദം തെക്കേന്ത്യയിൽ പ്രചാരത്തിലുള്ള അതേ മാതൃകയിൽ ആഫ്രിക്കയിലും പ്രചാരത്തിലുണ്ട്. ആഫ്രിക്കൻ ഭാഷയായ ഹൗസി (House) ൽ 'ദര' യെന്നും അയോ (Ayo)എന്ന് യൊറുബ (Youruba) ഭാഷയിലും ഓക്വെ (Okwe)എന്ന് എഡോ (Edo) ഭാഷയിലും 'ൻസാ' (Nsa)എന്ന് എക്ലിക് (Eklik)ഭാഷയിലും പുലാർ (Pular) എന്ന സെനഗൽ (Senegal) ഭാഷയിലും ഈ കളി അറിയപ്പെടുന്നു[22].

ആഘോഷസമയങ്ങളിൽ തമിഴ്നാട്ടിലെ സ്ത്രീകൾ നടത്തുന്ന കൈക്കൊട്ടിക്കളിയാണ് കുമ്മിയാട്ടം. ഇത് പ്രധാനമായും ആടിമാസത്തിലെ പതിനെട്ടാമത്തെ ദിവസവും പൊങ്കൽ ആഘോഷത്തിന്റെ അവസാനത്തെ ദിവസവുമാണ് നടക്കുന്നത്. ഇതേ വിധത്തിലുള്ള സ്ത്രീക ളുടെ കൈക്കൊട്ടിക്കളി ആഫ്രിക്കയിലും ഉടനീളം കാണുന്നുണ്ട്. ഇതേതരത്തിലുള്ള മറ്റൊരു വിനോദമായ കോലാട്ടവും ആഫ്രിക്കയിലുടനീളം പ്രചാരത്തിലുണ്ട്[23]. സാംസ്കാരികമായ ഈ സവിശേഷബന്ധങ്ങൾ ദ്രാവിഡ സംസ്കാരവും ആഫ്രിക്കൻ സംസ്കാരവും പൊതുവായ സാംസ്കാരിക സാഹചര്യത്തിൽ നിന്നുണ്ടായതാണെന്ന് വ്യക്തമാക്കുന്നു.

മെഡിറ്ററേനിയൻ ജനതയുമായുള്ള ബന്ധത്തേക്കാൾ കൂടുതൽ ബന്ധം ദ്രാവിഡ ജന തയ്ക്ക് ആഫ്രിക്കൻ ജനതയോടാണുള്ളത്. താരതമ്യേന വെളുത്ത വർഗ്ഗക്കാരായ മെഡിറ്റ റേനീയൻ വംശജരെ ദക്ഷിണ യൂറോപ്പായ്ഡ് വംശക്കാർ എന്നാണ് (Southern Europeoid Race) എന്നാണ് വിളിക്കുന്നത്. ദ്രാവിഡർ ആകൃതിയിലും പ്രകൃതിയിലും നിറത്തിലും ഇവ

രിൽ നിന്നു വ്യത്യസ്തരാണ്[24]. പ്രോട്ടോ ആസ്ത്രലോയിഡ് അംശങ്ങളും കറുത്ത തൊലി പ്രത്യേകതായിട്ടുള്ള മെഡിറ്ററേനിയൻ കോക്കോസോയിഡ് ജനതയുടെയും വർഗ്ഗസങ്കരമാണിവരെന്ന് പറയേണ്ടി വരും[25]. ദ്രാവിഡരിൽ മിശ്രവംശത്തിന്റെ പ്രകൃതിയും ഘടനയുമാണ് കാണുന്നത്. കറുത്തതോ ഇളം തവിട്ടു നിറത്തിലുള്ളതോ ആയ ചർമ്മം, തരംഗതുല്യവും കട്ടിക്കുറഞ്ഞതുമായ തലമുടി, മിതമായി വളർന്ന ശരീരരോമങ്ങൾ, പുറകിലേക്ക് ചരിഞ്ഞ് ഒട്ടൊക്കെ പരന്ന നെറ്റി, വളഞ്ഞ വികസിച്ച പുരികങ്ങൾ, കുഴിഞ്ഞ നയനതലം, ഉയരം കുറഞ്ഞ് നേരെയുള്ളതോ അല്പം നടുവുയർന്നതോ ആയ മൂക്കിന്റെ പാലം, ഒട്ടുവിടർന്ന നാസാദ്വാരങ്ങൾ, അല്പം തടിച്ച ചുണ്ടുകൾ, ചെറുതോ. ഇടത്തരമോ ആയ താടിയെല്ലുകൾ, ഇടത്തരം താടിയെല്ലുകളോടുകൂടി സാമാന്യം കുനിഞ്ഞ മുഖം, നീണ്ടുയർന്ന തല, സാമാന്യത്തിൽ അല്പംകൂടിയ ഉയരം - ദ്രാവിഡരുടെ ഈ പ്രത്യേകതകളെല്ലാം യൂറോപ്പോയ്ഡ് വിഭാഗത്തിലും നീഗ്രോയ്ഡ് വിഭാഗത്തിലും ഉൾപ്പെട്ട ചില ഗ്രൂപ്പുകൾ തമ്മിൽ ചേർന്നതിന്റെ ലക്ഷണങ്ങളാണ്[26].

ആഫ്രിക്കൻ ജനതയും ദ്രാവിഡജനതയും തമ്മിലുള്ള ഭാഷ, സംസ്കാരികം, ശാരീരികം എന്നീ ബന്ധങ്ങളാണ് ചർച്ച ചെയ്തത്, ഇതോടൊപ്പം ഇരുപതാം നൂറ്റാണ്ടിൽ വികസിച്ചു വന്ന ഡി.എൻ.എ. പഠനങ്ങളും ചേർത്തുവയ്ക്കുമ്പോൾ ഈ രണ്ടു സംസ്കാരങ്ങൾ തമ്മിലുള്ള ബന്ധം ശാസ്ത്രീയമായി തെളിയിക്കപ്പെടുന്നു. പുരാതന മനുഷ്യന്റെ കുടിയേറ്റത്തെയും ഉത്ഭവത്തെപ്പറ്റിയും പഠിക്കുന്ന ശാസ്ത്രശാഖയാണ് ജനിതക നരവംശശാസ്ത്രം (Genitic Anthropology). മനുഷ്യന്റെ കുടിയേറ്റങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് ഇരുപതാം നൂറ്റാണ്ടോടുകൂടിയാണ് ഡി.എൻ.എ. പഠനസാദ്ധ്യതകൾ ഉപയോഗിക്കാൻ തുടങ്ങിയത്. ഏറ്റവും പുതിയ ഡി.എൻ.എ. തെളിവുകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രലോകം, ആധുനിക മനുഷ്യന്റെ ഉത്ഭവം പ്രധാനമായും ആഫ്രിക്കയിലാണെന്നും, അതിനുശേഷം ഏകദേശം 60,000-70,000 വർഷങ്ങൾക്കുമുമ്പ് തെക്കേഷ്യ, ചൈന, ജാവ എന്നിവിടങ്ങളിലേക്കും പിന്നീട് യൂറോപ്പിലേക്കും മനുഷ്യൻ കുടിയേറിയെന്നും കണ്ടെത്തുന്നു. ജെനോഗ്രഫിക്ക് പ്രോജക്ടിന് മേൽനോട്ടം സ്പെൻസർ വെൽസ്സ് (Spensor wells) ലോകത്തിന്റെ പല ഭാഗത്തുള്ള മനുഷ്യന്റെ ഡി.എൻ.എ. സാംപിളുകൾ പരിശോധിച്ച് ഇപ്രകാരം നിഗമനത്തിലെത്തുന്നു; എല്ലാ ആധുനിക മനുഷ്യർക്കും പൊതുവായ ഒരു സ്ത്രീ പൂർവ്വിക ണ്ടായിരുന്നുവെന്നും, അവർ 14,0000 വർഷങ്ങൾക്കുമുമ്പ് ആഫ്രിക്കയിലാണ് ജീവിച്ചിരുന്നത്. കൂടാതെ എല്ലാ പുരുഷന്മാർക്കും പൊതുവായ ഒരു പൂർവ്വികനുണ്ടായിരുന്നുവെന്നും അവർ 60000 വർഷങ്ങൾക്കു മുമ്പ് ആഫ്രിക്കയിലാണ് ജീവിച്ചിരുന്നത്. ഇന്ത്യയിലും ഡി.എൻ.എ പഠനങ്ങൾ വികസിച്ചു വരുന്നു, ഇന്ത്യയിൽ നടക്കുന്ന ജനിതക പഠനഫലങ്ങളുടെ അടിസ്ഥാനത്തിൽ അതിനെ രണ്ടായി തരംതിരിക്കാം. ആദ്യത്തേത് മുന്നോട്ടു വെയ്ക്കുന്നത് ഇന്ത്യയിലെ ജനിതക സമഗ്രത (Integrity)യെയും രണ്ടാമത്തേത് വാദിക്കുന്നത് പ്രത്യേക ജനിതക വ്യതിരിക്തതയെയുമാണ്. തുടർന്നുള്ള പഠനങ്ങളെല്ലാം, ഇന്ത്യയിലേക്ക് ആധുനിക മനുഷ്യൻ (Homosapiens) കുടിയേറിപ്പാർത്തത് ഏകദേശം 70,000-60,000 വർഷങ്ങൾക്ക് മുമ്പാണെന്നും, അതിനടുത്ത 20,000 വർഷത്തിൽ ശ്രീലങ്കയിലേക്കും കുടിയേറിയെന്നും കണ്ടെത്തുന്നു[27].




**ചിത്രം. 1 സഹാറൻ സംസ്ക്കാരത്തിന്റെ വ്യാപനം**

(Clyde, C.A., (1983) *The proto-culture of Dravidians, Manding and Sumerians*, Historical Heritage of the Tamils, International Institute of Tamil Studies, Madras,p07)

മധുരയിലെ ജോതിമാണിക്കണം വില്ലേജിലെ പിറമലൈ കള്ളർ വിഭാഗത്തിൽ (Community) ഉൾപ്പെടുന്ന വിരുമാണ്ഢിയുടെ ഡി.എൻ.എ പരിശോധന ഫലങ്ങൾ, ആഫ്രിക്കയിൽ നിന്നും 70,000 വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിലേക്ക് കുടിയേറി വാസമുറപ്പിച്ചവരുടെ നേരിട്ടുള്ള പരമ്പരയാണെന്ന് തെളിയിക്കുന്നു. കൂടാതെ ഇദ്ദേഹത്തിന്റെ ജനിതക ഘടകങ്ങൾക്കു പശ്ചിമഘട്ടങ്ങളിൽ കാണുന്ന ആദിവാസികളുടെ DNA M130 നുമായി ചേർച്ചയുണ്ട്. (ഇന്ത്യയിൽ ആഫ്രിക്കയിൽ നിന്നുള്ള കുടിയേറ്റത്തിനുശേഷം 10,000 വർഷങ്ങൾക്കുശേഷമാണ് ദക്ഷിണ ഭാഗത്തേക്ക് ജനങ്ങൾ മുന്നേറിയതെന്നാണ് ആർ. പിച്ചപ്പൻ അനുമാനിക്കുന്നത്). ഓസ്ട്രേലിയയിലെ പകുതിയിലധികം വരുന്ന ആദിവാസികൾക്കും, ഫിലിപ്പിൻസിലെയും മലേഷ്യയിലെയും കാട്ടുജാതിക്കാരിയും DNA M130 ജനിതകഘടകമാണ് കാണുന്നത്[28]. ഈ പഠനങ്ങളുടെയും നരവംശ, പുരാവസ്തു തെളിവുകളുടെയും അടിസ്ഥാനത്തിൽ ആഫ്രിക്കയിൽ നിന്ന് 60,000–70,000 വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിലേക്ക് കുടിയേറിയ ഹോമോ സാപ്പിയൻസിൽ നിന്നാണ് ദക്ഷിണേന്ത്യയിൽ ജനവിഭാഗം ഉടലെടുത്തതെന്ന് പറയാം. മറ്റൊരു അഭിപ്രായത്തിനുള്ള സാഹചര്യം ആധുനിക ശാസ്ത്രീയ തെളിവുകൾ മുന്നോട്ടുവയ്ക്കുന്നില്ല. ഇപ്രകാരം ദ്രാവിഡരുടെ ആഫ്രിക്കൻ ജനതയും തമ്മിലുള്ള ബന്ധം കേവലം പരികല്പനമാത്രമല്ലാതെ സത്യവുമായി തീരുന്നു.

### 2.2.3. സൈന്ധവ സംസ്ക്കാരവാദം

പ്രാചീന സംസ്കാരത്തിന്റെ കളിത്തൊട്ടിലാണ് സിന്ധ്, പഞ്ചാപ്, ബലൂചിസ്ഥാൻ, രാജസ്ഥാൻ, ഗുജറാത്ത്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലായി വ്യാപിച്ചുകിടന്നിരുന്ന സിന്ധു നദീതട സംസ്കാരം. 1926-ൽ ബ്രിട്ടീഷ് ചരിത്രകാരനും പുരാവസ്തു ഗവേഷകനുമായ ചാൾസ് മെയ്സനാണ് നൂറ്റാണ്ടുകളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഈ സംസ്കാരത്തെക്കുറിച്ച് ആദ്യസൂചനകൾ നല്കിയത്. അക്കാലത്ത് ഈ മേഖലയ്ക്ക് വലിയ പ്രാധാന്യമൊന്നും നല്കിയിരുന്നില്ല. പിന്നീട് 1953-ൽ ഹാരപ്പ സന്ദർശിച്ച അലക്സാണ്ടർ കണ്ണിങ്ഹാമിന്റെ ഉത്ഖനനങ്ങളും ഗവേഷണങ്ങളുമാണ് ചാൾസ് മെയ്സന്റെ കണ്ടെത്തലിന് ചരിത്ര

പ്രാധാന്യമുള്ളതായി സ്ഥിരീകരിച്ചത്. പിന്നീട് 1920–22 കാലയളവിൽ ബൗദ്ധ പണ്ഡിതനും ചരിത്രകാരനുമായ ആർ.ഡി. ബാനർജി പ്രാചീന കാലഘട്ടത്തിലെ കാലഹരണപ്പെട്ട ബുദ്ധ സ്തൂപങ്ങൾക്കുവേണ്ടി നടത്തിയ ഗവേഷണങ്ങളുടെ നിർണ്ണായക ഘട്ടത്തിലാണ് സിന്ധുനദീതട സംസ്കാരത്തിന്റെ ചരിത്രമഹിമ പുറം ലോകം അറിയുന്നത്[29].

ബിസി 3300 മുതൽ ബി.സി. 1400 വരെയുള്ള കാലഘട്ടത്തിലാണ് സൈന്ധവസംസ്കാരം നിലനിന്നിരുന്നതെന്ന് കരുതുന്നു. ബി.സി. 1600 നുശേഷമുള്ള കാലഘട്ടത്തിൽ സൈന്ധവ സംസ്കാരം ജീർണ്ണിച്ചു തുടങ്ങിയതായി ചരിത്രകാരന്മാർ ഊഹിക്കുന്നു. സിന്ധു നദിയിലെ വെള്ളപ്പൊക്കമാണ് സൈന്ധവ സംസ്കാരത്തിന്റെ തകർച്ചയ്ക്ക് കാരണമായതെന്ന് ചില പണ്ഡിതന്മാർ കരുതുന്നു. തുറുമുഖ നഗരങ്ങളുടെ അവശിഷ്ടങ്ങളിൽ കാണപ്പെടുന്ന എക്കൽമണ്ണിന്റെ സാന്നിദ്ധ്യം ഇതിന് തെളിവായി അവർ ചൂണ്ടിക്കാണിക്കുന്നു. പാരിസ്ഥിതികമായ അസന്തുലിതാവസ്ഥയിൽ കൃഷിനാശം സംഭവിച്ചതും ക്ഷാമം, പട്ടിണി എന്നിവയും തകർച്ചയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. സർ ജോൺ മാർഷൽ ആദ്യമായി പഞ്ചാബിലെ ഹാരപ്പയിലും സിന്ധിലും മോഹൻജദാരോയിലും സമ്പന്നമായ സൈന്ധവസംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ ഉത്ഖനനം ചെയ്തു നടത്തിയ പഠനങ്ങളിൽ നിന്ന് സൈന്ധവ കാലഘട്ടം ബി.സി. 3000–നു മുമ്പാണെന്നു സ്ഥാപിച്ചു. ആ കാലഘട്ടത്തിൽ ആര്യന്മാർ ഇന്ത്യയിലേക്ക് പ്രവേശിച്ചിരുന്നില്ല. അതുകൊണ്ട് സിന്ധുനദീതട സംസ്കാരത്തിന്റെ നാശം നദിയുടെ ഗതിമാറ്റം കൊണ്ടോ, വെള്ളപ്പൊക്കം കൊണ്ടോ ആണെന്നു അദ്ദേഹം ഊഹിച്ചു. എന്നാൽ ആധുനിക കാലത്തെ നവീന സാങ്കേതിക വിദ്യയായ കാർബൺ ഡേറ്റിംഗ് പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നിന്ന് ബി.സി. 2300–നും ബി.സി. 1700–നും മദ്ധ്യേ ആണ് സൈന്ധവ സംസ്കാരത്തിന്റെ കാലമെന്ന് പറയാം[30].

സിന്ധുനദീതട സംസ്കാരത്തിന്റെ നാശം ആര്യന്മാരുടെ ആക്രമണം മൂലമാണെന്ന അഭിപ്രായം മോർട്ടിമർ വീലറും പ്രൊഫ. ഗോൾഡൻ ചൈൽഡുമാണ് ആദ്യമായി മുന്നോട്ട് വയ്ക്കുന്നത്. ഈ സംസ്കാരത്തിന്റെ അസ്തമന കാലം ബി.സി. 18–ാം നൂറ്റാണ്ടോടെയാണെന്ന് തെളിഞ്ഞതോടുകൂടി ആര്യന്മാരുടെ ആഗമനകാലവുമായി ഇത് പൊരുത്തപ്പെടുന്നതിനാൽ സിന്ധുനദീതട സംസ്കാരം ആര്യക്രമണത്തിന് മുമ്പിൽ തിരോഭവിക്കുകയാണ് ചെയ്തെന്ന നിഗമനം കൂടുതൽ സ്വീകാര്യമായിരിക്കുന്നു. ഋഗ്വേദത്തിലെ നിരവധി പ്രസ്താവങ്ങളും ഈ നിഗമനത്തെ ബലപ്പെടുത്തുന്നു[31]. ആര്യന്മാരുടെ ആക്രമണഫലമായി നശിച്ച സൈന്ധവ സംസ്കാരത്തിന്റെ ശില്പികളായ ദ്രാവിഡർ ഇന്ത്യയുടെ നാനാവിഭാഗങ്ങളിലേക്ക് വ്യാപിച്ചു. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുള്ള വെങ്കല നിക്ഷേപങ്ങൾ ദ്രാവിഡരുടെ വ്യാപനത്തെ സൂചിപ്പിക്കുന്നതായി വിശ്വസിക്കപ്പെടുന്നു. ദ്രാവിഡരുടെ നീക്കത്തെ സൂചിപ്പിക്കുന്ന മറ്റൊരു വസ്തുത കറുപ്പും ചുവപ്പും മൺപാത്രങ്ങളുടെ (Black and Red Pottery) വ്യാപനമാണ്. തെക്കേ ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും ഇത് വ്യാപകമായി കണ്ടുവരുന്നുണ്ട്. "ചുവപ്പ് ചായം തേച്ച മൺപാത്രങ്ങൾ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ ഉത്ഭവിച്ചതാണെന്ന് പറയുവാനാണ് ന്യായം കാണുന്നത്. അന്തിമമായി ബലൂചിസ്ഥാനിലെയും സൈന്ധവ മേഖലയിലെയും ഹാരപ്പൻ സംസ്കാരത്തിന് മുമ്പുള്ള മൺപാത്രനിർമ്മാണവുമായി അവയ്ക്കുബന്ധമുണ്ടെന്നു പറയാം" എന്ന് ഡോ. ബ്രിഡ്ജറ്റ്, ഡോ.

റെയ്മണ്ട് ആർച്ച് എന്നിവർ അഭിപ്രായപ്പെടുന്നു. സിന്ധു താഴ്വര സംസ്കാരത്തിന്റെ മൺപാത്രങ്ങളോടൊപ്പം ലോഥൽ, കാത്തിയവാസ് എന്നിവിടങ്ങളിൽ നിന്ന് കറുപ്പും ചുവപ്പും മൺപാത്രശകലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സിന്ധുസംസ്കാര പരിസരമായ ലോഥലിന്റെ കാലം കുറച്ചു വൈകീട്ടാകാം, എന്നിരുന്നാലും അത് ബി.സി. രണ്ടാം സഹസ്രാബ്ദത്തിലാണെന്നു കരുതണം. ഈ പശ്ചാത്തലത്തിൽ അവിടുത്തെ കറുപ്പും ചുവപ്പും മൺപാത്രശകലങ്ങളിൽ നിന്ന് പരന്നു കിടക്കുന്ന സ്ഥലകാലങ്ങളിലൂടെ വ്യാപിച്ചിട്ടുള്ള ഒന്നാണ് കറുപ്പും ചുവപ്പും മൺപാത്രങ്ങളുടെ നിർമ്മാണമെന്ന് മനസ്സിലാക്കാം" എന്ന സർ മോർട്ടിമപിലറിന്റെ അഭിപ്രായം സൈന്ധവദ്രാവിഡ ബന്ധത്തിന് ഉദാഹരണമാണ്. കൂടാതെ മറ്റുചില ബന്ധങ്ങളുടെ തെളിവുകളും ഗവേഷകർ കണ്ടെത്തിയെന്ന വസ്തുതയും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്. അവ;

- സിന്ധു താഴ്വരയിലെ സീലുകളിൽ 47 എണ്ണം ദക്ഷിണേന്ത്യയിൽ നിന്ന് കണ്ടെത്തിയിരിക്കുന്നു.

- പൂഞ്ഞുള്ള മൃഗ (Hupel Cattle)ത്തിന്റെ അസ്ഥിതകളും മൃത്തികാര രൂപങ്ങളും ദക്ഷിണേന്ത്യയിൽ നിന്ന് ധാരാളം കണ്ടുകിട്ടിയിട്ടുണ്ട്. സിന്ധു താഴ്വരയിലെ ഒരു പ്രധാന ശില്പ മാതൃകയാണിത്.

- സിന്ധുതാഴ്വരയിലെ ഭാഷയും ദ്രാവിഡഭാഷകളും തമ്മിലുള്ള ബന്ധം. സൈന്ധവ ലിപികളെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുന്ന സോവിയറ്റ് ശാസ്ത്രജ്ഞന്മാർ സൈന്ധവ ലിപികളെ സുമേറിയൻ, ഹൂറിത്, സംസ്കൃതം, ഏലാമൈറ്റ് തുടങ്ങിയ ഭാഷകളുമായും ദ്രാവിഡ, മുണ്ഡഭാഷകളുമായും താരതമ്യപഠനം നടത്തിയതിൽ നിന്ന് ആദിമ ഇന്ത്യൻ ലിഖിതങ്ങളുടെ ഭാഷയ്ക്ക് ദ്രാവിഡ ഭാഷാവിഭാഗവുമായിട്ടാണ് സാമ്യം കാണുന്നതെന്ന് പ്രസ്താവിച്ചിരിക്കുന്നു.

- സൈന്ധവ ജനതയിൽ മീനവർ, വില്ലവർ, കോഴിയർ, തിരൈയർ എന്നിവരെല്ലാം ഉണ്ടായിരുന്നതായി പ്രൊഫ. ഹെറാത് നടത്തിയ ഗവേഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. മീനവർ മത്സ്യത്തെ കുലചിഹ്നമായും വില്ലവർ വില്ല് ചിഹ്നമായും സ്വീകരിച്ചവരായിരുന്നു. തിരൈയർ മികച്ച നാവികരായിരുന്നു. കടലിലെ തിരയുമായി ഭന്ധപ്പെട്ടാണ് അവർക്ക് ഈ പേര് ലഭിച്ചത്. മത്സ്യം കൊടിയടയാളമാക്കിയിരുന്ന പാണ്ഡ്യൻമാരും ചേരന്മാർ വില്ലവരുടെയും ഗണങ്ങളെ പ്രതിനിധീകരിച്ചവരാകണം. ചോളന്മാർ കോഴിയരായിരിക്കണമെന്നും ഹോറത് അനുമാനിക്കുന്നു[32].

പ്രൗഢമായ നാഗരികതയുടെ എല്ലാ ലക്ഷണങ്ങളുമുള്ള ഹാരപ്പൻ ജനവിഭാഗത്തിന്റെ നഗരാസൂത്രണം, മൃഗങ്ങളുടെയും മനുഷ്യരെന്നും തോന്നിപ്പിക്കുന്ന രൂപങ്ങളുടെയും ചിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതും ഇനിയും വായിക്കപ്പെട്ടിട്ടില്ലാത്ത ലിപിയിൽ എഴുതിയിട്ടുള്ളതുമായ സീലുകളും മൺപാത്രങ്ങളും മറ്റും കെട്ടുറപ്പുള്ള സംസ്കാരത്തെയാണ് കാണിക്കുന്നത്. ഈ ഹാരപ്പൻ സംസ്കൃതിയിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത പുരാവസ്തുക്ക

ളുടെ അവശിഷ്ടങ്ങൾ തമിഴ്നാട്ടിലെ മഹാബലി പുരത്തുനിന്ന് ലഭിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ച്, ഹാരപ്പൻ സംസ്ക്കാരത്തിന്റെ സൃഷ്ടാക്കൾ ദ്രാവിഡരാണെന്ന് സ്ഥാപിക്കുകയാണ് വിന്റേഴ്സ് ചെയ്യുന്നത്[33]. സിന്ധുനദീതടത്തിൽ നിന്നാരംഭിച്ച് വടക്ക് കിഴക്കേ അഫ്ഗാനിസ്ഥാനിലൂടെ തുർക്കിസ്ഥാൻ വരെ വ്യാപിച്ചിരുന്നതാണ് ആ സംസ്കാരം. മെസപ്പെട്ടോമിയ, ഇറാൻ എന്നിവയുമായുള്ള വാണിജ്യ ബന്ധങ്ങൾക്കപ്പുറം ഹാരപ്പൻ നാഗരികരാജ്യങ്ങൾക്ക് മധേഷ്യയുമായും ശക്തമായ വ്യാപാര ബന്ധങ്ങളുണ്ടായിരുന്നു. ഈ ദ്രാവിഡ വിഭാഗമാകട്ടെ ആസ്ട്രിക്ക് വംശത്തിന്റെ ഒരു ശാഖയുമാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു[34].

സിന്ധുതാഴ്വരയിലെ ജനങ്ങൾ ഒരു മിശ്രവർഗ്ഗമാണെന്ന് പില്ക്കാലപഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്[35]. മെഡിറ്ററേനിയൻ വംശജർ പശ്ചിമേഷ്യയിൽ നിന്നും ബലൂചിസ്ഥാൻ വഴി ഇന്ത്യയിലെത്തുന്നതിന് തെളിവാണ്, ബലൂചിസ്ഥാനിൽ വ്യവഹാരത്തിലുള്ള ദ്രാവിഡ ഗോത്രത്തിലെ ബ്രാഹുയിഭാഷ. സൈന്ധവ ജനതയും മെഡിറ്ററേനിയൻ ജനതയും തമ്മിലുള്ള ബന്ധത്തെപ്പറ്റി സ്ലേറ്റർ ഇപ്രകാരം പറഞ്ഞിരിക്കുന്നു; "ദ്രാവിഡ ജനതയുടെ പ്രധാന വിഭാഗം മെഡിറ്ററേനിയൻ വംശത്തിൽ അല്ലെങ്കിൽ അവരുമായി വളരെ അടുത്തു ബന്ധപ്പെട്ട ഒരു വംശത്തിൽ ഉൾപ്പെട്ടവരാണ്. തലയോടിന്റെ ആകൃതിയിലും തലമുടിയുടെ നിറത്തിലും ശരീരപ്രകൃതിയിലും ഘടനയിലുമുള്ള സാമ്യം അത്ഭുതാവഹമാണ്. ഇത് തെളിയിക്കുന്നത് മെഡിറ്ററേനിയൻ വംശത്തിന്റെ ഒരു ശാഖ മെസപ്പൊട്ടോമിയ, ബലൂചിസ്ഥാൻ വഴി ഇന്ത്യയിൽ വന്നതാകാം എന്നാണ്. ഇത് സുമേറിയൻ സംസ്കാരത്തിന്റെ ഉദയത്തിന് മുമ്പായിരിക്കണം. ഇന്ത്യയിലെ പുതിയ സാഹചര്യങ്ങളിൽ ബാഹ്യമായ ചില സ്വാധീനശക്തികൾ കൂടി സമ്മേളിച്ചപ്പോൾ അവർ ദ്രാവിഡ സംസ്കാരവും വംശവും സൃഷ്ടിച്ചു[36]. കൂടാതെ യു. വി. ഗംകോവസ്കി ഇപ്രകാരം പ്രസ്താവിക്കുന്നു; മധ്യശിലായുഗത്തിൽ വടക്കുപടിഞ്ഞാറ് നിന്ന് വന്ന യൂറോപ്യന്മാർ അഥവാ യൂറോപ്പോയ്ഡ് വംശക്കാരുടെ മേഖലയിലേക്ക് തള്ളിക്കയറിയെന്നാണ് നരവംശശാസ്ത്രത്തിന്റെയും പുരാവസ്തു ഗവേഷണങ്ങളുടെയും തെളിവുകൾ സൂചിപ്പിക്കുന്നത്. ഈ രണ്ടു നരവംശ വിഭാഗത്തിന്റെയും സമ്പർക്കഫലമായി മധ്യശിലായുഗത്തിന്റെ അന്ത്യത്തോടുകൂടി ഇന്തോ-പാക്കിസ്ഥാൻ ഉപഭൂഖണ്ഡത്തിൽ ദ്രാവിഡവിഭാഗത്തിൽപ്പെട്ട നരവംശ മാതൃക സംജാതമായി[37]. സൈന്ധവ ലിപികൾ വായിക്കുന്നതിന് ശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഫിന്നിഷ് പണ്ഡിതന്മാരുടെ അഭിപ്രായത്തിലും സൈന്ധവ സംസ്കാരത്തിന്റെ ജനയിതാക്കളായ ദ്രാവിഡ ജനത രൂപം കൊണ്ടത് മെഡിറ്ററേനിയൻ ആസ്ത്രലോയ്ഡ് വംശക്കാരുടെ സങ്കലനത്തിൽ നിന്നാണ്[38].

ശാരീരികഘടന, സംസ്കാരം, ഭാഷ എന്നിവയിൽ ദ്രാവിഡജനത മെഡിറ്ററേനിയൻ, സിന്ധുനദീതട സംസ്കാരം, എന്നിവയോട് കാണിക്കുന്ന അത്ഭുതാവഹമായ സാദൃശ്യങ്ങൾ പ്രോട്ടോ സഹാറീയൻ സമൂഹത്തിൽ നിന്ന് വേർപിരിഞ്ഞതാണെന്നാണ് സൂചിപ്പിക്കുന്നത്. അവിടുന്ന് അവർ കിഴക്കോട്ട് സഞ്ചരിക്കുകയും അനുകൂലമായ ആഭ്യന്തര സാഹചര്യങ്ങളിൽ നൂതനമായ വികാസപരിണാമങ്ങളുടെ ഫലമായി സിന്ധുനദീതീരത്ത് ഒരു സംസ്കാരം കെട്ടിപടുക്കാൻ അവർക്ക് കഴിയുകയും ചെയ്തു. നാലാം സഹസ്രാബ്ദത്തിലോ മറ്റോ ഇവിടെ എത്തിച്ചേർന്ന മെഡിറ്ററേനിയൻ വംശജരും ഇവിടെ ഉണ്ടായിരുന്ന പ്രോട്ടോ ആസ്ത്രലോയിഡ് വംശജരും അന്യോന്യം ഇണങ്ങിച്ചേർന്ന് സങ്കരമായ ഒരു സംസ്കാരം

സൃഷ്ടിക്കുകയും ഉത്പാദന ശക്തികളുടെ സ്വാഭാവികമായ വളർച്ചയുടെ ഉന്നതമായ ഒരു സംസ്കാരം സ്ഥാപിക്കുകയുമാണ് ചെയ്തത്. അവിടുന്ന് പ്രതികൂലമായ സാഹചര്യത്തിൽ ഇന്ത്യയുടെ പലഭാഗങ്ങളിലേക്കുച്ചിതറിപോകുകയും ദക്ഷിണേന്ത്യയിൽ വേറിട്ടൊരു സംസ്കാരമായി പിന്നീട് വളർന്ന ഒരു ജനവിഭാഗമാണ് ദ്രാവിഡർ. ചുരുക്കത്തിൽ ഇന്ത്യ ഉപഭൂഖണ്ഡത്തിനകത്ത് വളർന്നുണ്ടായതാണ് സൈന്ധവസംസ്കാരം അഥവാ ദ്രാവിഡസംസ്കാരം.

## 2.3. തെക്കേ ഇന്ത്യയിൽ ദ്രാവിഡരുടെ ആഗമനകാലം.

"ബി.സി. 1750നും ബി.സി. 1400നും മദ്ധ്യേ തെക്കേ ഇന്ത്യയിൽ വ്യാപിച്ച താമ്ര-നവീന ശിലായുഗ സംസ്കാരം ദ്രാവിഡരുടെ ആഗമനത്തെ തുടർന്നുണ്ടായതാണ്. താമ്രനവീന ശിലായുഗം ബി.സി. രണ്ടാം സഹസ്രാബ്ദത്തിന്റെ അന്ത്യം വരെയും തുടർന്നു പോയിട്ടുണ്ടെങ്കിലും ബി.സി. പതിനഞ്ചാം നൂറ്റാണ്ടിൽ അതിന് ചില മാറ്റങ്ങളുണ്ടായിട്ടുണ്ട്. മഹാരാഷ്ട്രയിൽ നടത്തിയ ഉത്ഖനനങ്ങളുടെ വെളിച്ചത്തിൽ ഏകദേശം ബി.സി. പതിനെട്ടാം നൂറ്റാണ്ടിനും പതിനഞ്ചാം നൂറ്റാണ്ടിനും ഇടയ്ക്കുള്ള വെങ്കല-നവീന ശിലായുഗം കറുപ്പും ചുവപ്പും മൺപാത്രവുമായി ബന്ധപ്പെട്ടിരിക്കുന്നെന്നും ബി.സി. പതിനഞ്ചാം നൂറ്റാണ്ടിൽ വിദേശീയമായ ഏതോ സ്വാധീനശക്തി കടന്നു കൂടിയതിന്റെ ഫലമായി ജോർവ്വേ മാതൃകയിലുള്ള മൺപാത്രങ്ങളിലേക്ക് കടന്നതായും ഡോ. പി. അഗർവാൾ പ്രസ്താവിക്കുന്നു. ബി.സി. പതിനഞ്ചാം നൂറ്റാണ്ടുവരെയും സൈന്ധവജനതയുടെ വ്യാപനം മൂലമാണ് താമ്ര നവീന ശിലായുഗത്തിന്റെ ആദ്യഘട്ടം രൂപം കൊണ്ടതെന്ന് ന്യായമായി അനുമാനിക്കാം. ബി.സി. പതിനഞ്ചാം നൂറ്റാണ്ടോടുകൂടി മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ നിന്ന് വെങ്കല-നവീന ശിലായുഗത്തിലെ തന്നെ മറ്റൊരു പ്രവാഹവും ഇവിടെ എത്തിച്ചേർന്നു. മഹാരാഷ്ട്രയിലും ദക്ഷിണേന്ത്യയിലും ബി.സി. പതിനെട്ടിനും പതിനഞ്ചിനും ഇടയ്ക്കുതന്നെ സിന്ധുതാഴ്വരയിൽ നിന്നുള്ള ദ്രാവിഡർ എത്തിച്ചേർന്നതായി അനുമാനിക്കാം. കരവഴിക്കും കടൽ വഴിക്കും ദ്രാവിഡർ തെക്കോട്ടു നീങ്ങിയതായിട്ടാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. ഈ കാലഘട്ടത്തിൽ തന്നെ കേരളത്തിലും ദ്രാവിഡർ എത്തിച്ചേർന്നിരിക്കാം എന്ന് അനുമാനിക്കപ്പെടുന്നു[39]. ഒരു പ്രത്യേക സംസ്കാരത്തിൽ ഉൾപ്പെടുന്ന ജനതയുടെ ആഗമനമായാണ് ഇവിടെ ദ്രാവിഡരുടെ വരവിന്റെ കാലം അനുമാനിക്കപ്പെടുന്നത്. അതിനുമുമ്പുതന്നെ ദക്ഷിണേന്ത്യയിലുള്ള പ്രാക്തന വർഗ്ഗങ്ങൾക്ക് ആഫ്രിക്കൻ ജനതയുമായി ജനിതക ബന്ധമുണ്ട്.

പ്രതികൂല സാഹചര്യങ്ങൾ കാരണം തെക്കേ ഇന്ത്യയിലേക്ക് കേന്ദ്രീകരിക്കപ്പെട്ട ദ്രാവിഡ ജനതയുടെ സാംസ്കാരിക പാരമ്പര്യമാണ് ദക്ഷിണേന്ത്യയിൽ സാവധാനത്തിൽ മറ്റൊരു സംസ്കാരിക വിപ്ലവത്തിന് നാന്ദികുറിച്ചത്. ദ്രാവിഡർ ഒരു നാഗരിക സംസ്കാരമാണ് സിന്ധുനദീതീരങ്ങളിൽ പടുത്തുയർത്തിയിരുന്നതെങ്കിലും ദക്ഷിണേന്ത്യയിൽ അത്തരമൊരു സംസ്കാരം രൂപപ്പെടുത്താൻ അവർക്കു കഴിഞ്ഞില്ല. അത്തരമൊരു സംസ്കാരം വളർത്തിയെടുക്കാനുള്ള സാഹചര്യങ്ങൾ ഇവിടെ ഉണ്ടായിരുന്നില്ല എന്നതാണതിനു കാരണം. സിന്ധുനദീതടങ്ങളിലെ വളക്കൂറുള്ള മണ്ണും ജലസേചന സൗകര്യങ്ങളുമാണ് സൈന്ധവ സംസ്കാരത്തിന് പശ്ചാത്തലമൊരുക്കിയത്. സിന്ധുതാഴ്വരയിലും മെസൊപ്പൊട്ടേമിയയിലും ജലസേചനകൃഷിയും കാലിവളർത്തലുമായിരുന്നു സമ്പദ്വ്യവസ്ഥയുടെ നട്ടെല്ല്[40]. ദക്ഷിണേന്ത്യയിൽ നിന്ന് ധാരളമായി കണ്ടെടുത്ത കന്നുകാലികളുടെ എല്ലുകൾ വിശേഷിച്ച് പൂഞ്ഞുള്ള

മൃഗങ്ങളുടെ എല്ലുകൾ ഇതിനുദാഹരണമാണ്. ശിലകളിൽ കൊത്തിയിട്ടുള്ള രൂപങ്ങളിലും കളിമൺ പ്രതിമകളിലും പൂഞ്ഞുള്ള മൃഗങ്ങളെ ധാരാളം കാണാം. പല സ്ഥലങ്ങളിൽ നിന്നും കണ്ടെത്തിയ ചാരക്കൂമ്പാരങ്ങൾ കാലിക്കളങ്ങളിൽ കുന്നുകൂടുന്ന ചാണകം പിന്നീട് കത്തിച്ചു കളഞ്ഞതിന്റെ അവശിഷ്മാണെന്ന് പറയുന്നു[41]. നവീന ശിലായുഗകാലത്തുതന്നെ കുറേക്കഴിഞ്ഞപ്പോൾ ദ്രാവിഡജനത കൃഷിയിലേക്കു തിരിഞ്ഞു. മേൽമണ്ണു മാത്രമിളക്കി വിത്തിടുന്ന കൃഷിരീതിയായിരുന്നു ആദ്യം. പെട്ടെന്നു തന്നെ വിളവെടുക്കാൻ കഴിയുന്ന ധാന്യവിളകളായിരിക്കണം അക്കാലത്ത് കൃഷി ചെയ്തിരുന്നത്. വിളവെടുപ്പു കഴിഞ്ഞാൽ മറ്റൊരിടത്തേക്കു നീങ്ങുന്ന ഒരുതരം നാടോടി കൃഷിയായിരുന്നു അവരുടേത്. സ്ഥിരമായൊരു സ്ഥലത്തെ കൃഷി ഭൂമിയായി ഉപയോഗിക്കാതിരുന്ന കാലത്തിനുമുമ്പുള്ള അവസ്ഥയാണിത്. വേട്ടയാടലും കന്നുകാലിവളർത്തലും പുരുഷന്റെ തൊഴിലായിരുന്നു. ഭക്ഷ്യശേഖരണം കൃഷി ഇവ സ്ത്രീകളുടെ തൊഴിലും എന്നാൽ കലപ്പ ഉപയോഗിച്ചുള്ള കൃഷിയാരംഭിച്ചതോടെ ആ രംഗത്തേക്കു പുരുഷന്മാർ കടന്നു വന്നു. കൃഷിപ്പണിക്കുപയോഗിച്ചിരുന്ന ആയുധങ്ങളെപ്പറ്റിയും അറിവു ലഭിച്ചിട്ടുണ്ട്. അതിലൊന്നാണ് 'കുഴിവടി'. അറ്റത്തു കൂർത്ത ശിലാഖണ്ഡം പിടിപ്പിച്ച ബലമുള്ള വടിയായിരുന്നു അന്നത്തെ പ്രധാനായുധം[42]. അങ്ങനെ കൃഷിഭൂമി സ്ഥിരമായി ഉപയോഗിച്ചു തുടങ്ങിയതോടെ പടിപടിയായി അതുമായി ബന്ധപ്പെട്ട പല സാങ്കേതിക വിദ്യകളും താമസസൗകര്യങ്ങളും മറ്റും ദക്ഷിണേന്ത്യയിൽ ഉടലെടുത്തു.

സമ്പദ്വ്യവസ്ഥയുടെ നിർണ്ണായക ഘടകം തൊഴിലുകൾ കൈകാര്യം ചെയ്യുന്നവർക്കായിരുന്നു. അതുകൊണ്ടുതന്നെ കാലിവളർത്തൽ പ്രധാന തൊഴിലാക്കി ഉപജീവനം നടത്തിയിരുന്ന ദക്ഷിണേന്ത്യയിലെ ദ്രാവിഡർ പിതൃപാരമ്പര്യക്കാരായിരുന്നുവെന്നുവേണം കരുതാൻ[43]. ദ്രാവിഡ വംശത്തിൽപ്പെട്ട കേരളത്തിലെ പ്രാകൃത വർഗ്ഗക്കാരെല്ലാം പിതൃപാരമ്പര്യമാണ് പുലർത്തിപ്പോരുന്നത്. പറയർ, പുലയർ, വേട്ടുവർ, കണക്കർ എന്നിവരെല്ലാം പിതൃപാരമ്പര്യക്കാരായിരുന്നു. സാമ്പത്തിക വ്യവസ്ഥയിലധിഷ്ഠിതമായ സ്വാഭാവിക മാറ്റമാണ് പിതൃപാരമ്പര്യത്തിന് പ്രാധാന്യം കൈവരാൻ കാരണം.

പ്രകൃതി ശക്തികളെ ആരാധിച്ചിരുന്നവരാണ് ദ്രാവിഡർ. സൈന്ധവ സംസ്കാരകാലത്ത് ശിവനെ പശുപതിയായി ആരാധിച്ചിരുന്നു. മൂന്നുമുഖങ്ങളോടുകൂടി മൃഗങ്ങളാൽ ചുറ്റപ്പെട്ട ഒരു ദൈവമായിട്ടാണ് സൈന്ധവജനത ശിവനെ സങ്കല്പിച്ചത്[44]. ദ്രാവിഡരുടെ പ്രധാന ഉപാസന മൂർത്തി ദേവിയായിരുന്നു. പ്രോട്ടോ ആസ്ത്രലോയിഡ് വംശജരുടെയും ദ്രാവിഡരുടെയും സങ്കലനത്തിനുശേഷമാണ് ദേവീ ഉപാസന ശക്തി പ്രാപിച്ചത്. മനുഷ്യാതീതമായ ശക്തിയിലർപ്പിതമായ വിശ്വാസമായിരുന്നു ദ്രാവിഡരുടെ ഈശ്വര സങ്കല്പത്തിനടിസ്ഥാനം. സംഘകാലമായപ്പോഴേക്കും മായോൻ (വിഷ്ണു), ചേയോൻ (മുരുകൻ), വരുണൻ, ഇന്ദ്രൻ, കൊറ്റവൈ എന്നിവർ പ്രധാന ആരാധനാമൂർത്തികളായി മാറി. കൃഷ്ണൻ ദ്രാവിഡരുടെ മുഖ്യദേവനാണ്. വിഷ്ണുവിന്റെ അവതാരമായിക്കരുതപ്പെടുന്ന കൃഷ്ണൻ ഒരു ദ്രാവിഡഗോത്രത്തിന്റെ നേതാവായിരുന്നു. കാലിമേച്ചു ജീവിച്ചിരുന്ന ആയരുടെ ദൈവമായിട്ടാണ് 'മായോനെ'യും സങ്കല്പിച്ചിരുന്നത്. അതിനാൽ മായോൻ ഒരു ദ്രാവിഡ ദൈവമാണ്. കാളി, ശിവൻ, വിഷ്ണു, പാർവ്വതി, ഗണേശൻ, സുബ്രഹ്മണ്യൻ എന്നീ ദൈവങ്ങളെല്ലാം ദ്രാവിഡരിൽ നിന്നാണ് ഉത്ഭവിച്ചതെന്ന് ഡോ. സ്ലേറ്റർ അഭിപ്രായപ്പെടുന്നു[45]. കൂട്ടം

കൂട്ടമായി ജീവിച്ചിരുന്ന ദ്രാവിഡർക്ക് പ്രകൃതിയുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്നു, അവരുടെ ഈശ്വരസങ്കല്പത്തിലും തുടർന്നുള്ള എല്ലാ സംസ്കാരമുദ്രകളിലും പ്രകൃതിയുടെ മേൽക്കോയ്മ കടന്നുവരുന്നത് അതുകൊണ്ടാണ്.

വാനനിരീക്ഷണം, ജ്യോതിഷം, നാവികപാരമ്പര്യം എന്നിവയിലും ദ്രാവിഡർ ഏറെ മുന്നോട്ടു സഞ്ചരിച്ചിരുന്നു. സാംസ്കാരികമായ ഈ ഉന്നതി ദക്ഷിണേന്ത്യയിൽ വാസമുറപ്പിച്ച ദ്രാവിഡർക്ക്, അവരുടെ, സൈന്ധവ സംസ്കാരത്തിന്റെ തുടർച്ചയായിട്ടുവേണം വിലയിരുത്താൻ. അങ്ങനെ ദക്ഷിണേന്ത്യ മറ്റൊരു സംസ്കാരകേന്ദ്രമായി കാലാകാലങ്ങളിലൂടെ മാറുകയും ആഭ്യന്തരമായ നിരവധി രാഷ്ട്രീയ, സാമൂഹിക കാരണങ്ങളാൽ ഒരു പൊതുസ്വത്വബോധം ഉരുത്തിരിയുകയും ചെയ്തു. ദക്ഷിണേന്ത്യയിൽ ഇപ്രകാരം ഉടലെടുത്ത ദ്രാവിഡരുടെ കുടിയേറ്റത്തിന്റെയും വ്യാപനത്തിന്റെയും ആദ്യകാല ചരിത്രങ്ങൾ നമുക്ക് ലഭിക്കുന്നില്ലെങ്കിലും കണ്ടെടുത്ത ചരിത്രപ്രധാനമായ സാഹിത്യകൃതികളിലൂടെ തമിഴകത്തെ ദേശീയ ചരിത്രബോധത്തെയും അതിന്റെ സംസ്കാര പാരമ്പര്യത്തെയുംക്കുറിച്ച് ഏറെക്കുറെ അറിവുകൾ ലഭിക്കുന്നുണ്ട്. അടുത്ത അദ്ധ്യായത്തിൽ ഈ തമിഴകദേശത്തെയും, സംസ്ക്കാരത്തെയും ഈ സംസ്ക്കാരത്തിൽ നിന്നുണ്ടായ സാഹിത്യകൃതികളെക്കുറിച്ചുമാണ് വിശദമായി പ്രതിപാദിക്കുന്നത്.

**പിൻകുറിപ്പുകൾ**

1. സുനീത് കുമാർ ചാറ്റർജി, (2000) *ദ്രാവിഡം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.2
2. മദ്ധ്യകാലഭാരതത്തിൽ ബ്രാഹ്മണരെ രണ്ടുമുഖ്യ വിഭാഗങ്ങളായി തരംതിരിച്ചിരുന്നു. ഈ മുഖ്യവിഭാഗങ്ങളിൽ തന്നെ അയ്യഞ്ച് ഉപവിഭാഗങ്ങൾ നിലവിലിരുന്നു. പഞ്ചഗൗഡം (Panch Gauda), പഞ്ചദ്രാവിഡം (Panch Dravida) എന്നിവയാണ് ഈ മുഖ്യവിഭാഗങ്ങൾ. ആര്യഭാഷ സംസാരിക്കുന്ന ബ്രാഹ്മണരുടെ അഞ്ച് സമൂഹങ്ങൾ ഉൾക്കൊള്ളുന്നതാണ് പഞ്ചഗൗഡം. അതായത്, ഗൗഡം സാരസ്വതം, കന്യാകുബ്ജം, ഉത്കലം, കാശ്മീരം എന്നിവയാണ്. ഇവിടെ ഗൗഡം എന്ന പദത്തിന് ബംഗാൾ എന്നോ പശ്ചിമബംഗാൾ എന്നോ നിഷ്കൃഷ്ടാർത്ഥം ഇല്ല. ഉത്തരപ്രദേശത്തിന്റെ, കിഴക്കുഭാഗംകൂടി ഉൾപ്പെട്ട വിശാലമായ പ്രദേശത്തെയാണ് 'ഗൗഡം' എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഉത്തരേന്ത്യയിലെ ബ്രാഹ്മണരെ ഏറെക്കുറെ അടിസ്ഥാനരഹിതമായ രീതിയിൽ അഞ്ച് സമൂഹങ്ങളായി വിഭജിച്ചിരുന്നതിനാൽ ഒന്നിനെയാണ് ഗൗഡമെന്ന പേര് കുറിക്കുന്നതെങ്കിലും അഞ്ചു വിഭാഗങ്ങൾ ഉൾപ്പെട്ട ആ സമൂഹത്തെയാകെ സ്പർശിക്കുമാറ് ആ ഒരു വിഭാഗത്തിന്റെ പേരിന് ഇവിടെ വ്യാപ്തി വന്നിരിക്കുന്നു. അതുപോലെതന്നെ, ഡക്കാനിലും തെക്കേ ഇന്ത്യയിലും വസിക്കുന്ന അഞ്ചു ബ്രാഹ്മണ സമൂഹങ്ങളെയാണ് പഞ്ചദ്രാവിഡർ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ആദ്യഭാഷ സംസാരിക്കുന്നവരും, ആര്യേതരഭാഷ സംസാരിക്കുന്നവരും ഇക്കൂട്ടത്തിൽപ്പെടുന്നു. ഗുർജരർ, മഹാരാഷ്ട്രർ, കർണാടർ, ആന്ധ്രർ, ദ്രാവിഡർ എന്നിവരാണവ. തമിഴ് നാട്ടിലെയും കേരളത്തിലെയും ബ്രാഹ്മണരെയാണ് ദ്രാവിഡർ എന്ന വിഭാഗത്തിലുൾപ്പെടുന്നത്. എന്തുതന്നെയായാലും 'പഞ്ചദ്രാവിഡം' എന്ന പ്രയോഗത്തിൽ നിന്ന് 'ദ്രാവിഡ' ശബ്ദത്തിന് വിപുലമായ അർത്ഥം ഇവിടെ സിദ്ധിക്കുന്നു. തമിഴർക്കിടയിലുള്ള ബ്രാഹ്മണരെ മാത്രമല്ല, ദ്രാവിഡഭാഷ സംസാരിക്കുന്ന മറ്റു മൂന്നു ജനവിഭാഗങ്ങളായ മലയാളികൾക്കും കന്നടർക്കും തെലുങ്കർക്കും ഇടയിലുള്ള ബ്രാഹ്മണരെകൂടി ഈ പേരിൽ വിവക്ഷിക്കുന്നു; ആര്യഭാഷ സംസാരിക്കുന്ന ഗുജറാത്ത് മഹാരാഷ്ട്ര എന്നീ പ്രദേശങ്ങളിലെ ബ്രാഹ്മണർക്കു പുറമേയാണിത്. അങ്ങനെ നോക്കിയാൽ ദ്രാവിഡം അഥവാ

ദ്രാവീഡിയൻ എന്ന പേരിന് ഈ ഭാഷാ കുടുംബത്തെയാകെ ഉൾക്കൊള്ളത്തക്കവണ്ണം വ്യാപ്തിസിദ്ധിച്ചത് തികച്ചും ആധുനിക കാലത്താണെന്നോ അകാരണമായിട്ടാണെന്നോ കരുതിക്കൂടാ. പഞ്ചദ്രാവിഡം, പഞ്ചഗൗഡം എന്നീ പദങ്ങൾ ആദ്യമായി പ്രയോഗിക്കപ്പെട്ടത് കി.പി. ആയിരാമാണ്ടിൽ തൊട്ടുമുമ്പുള്ള നൂറ്റാണ്ടുകളിലോ ഒരുപക്ഷേ അതിനു മുമ്പോ ആയിരിക്കണം. – സുനീത്കുമാർ ചാറ്റർജി., (2000) *ദ്രാവിഡം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, പുറം.2-4

3. നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.3

4. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.28

5. Sanskrit is called in South - India the northern language or *Vata Mozhi*, while the Dravidian goes by the name of the Southern language, or *Ten Mozhi*. Previous researches have established the fact that the words Dravida and Tamil are identical in meaning that both resemble each other in form, and that Tamil seems to be a derivative from Dravida. Yet the origin of the word Dravida has hitherto not been explained. Though Dravida is generally restricted to denote Tamil: *Dravida, Dramida or Dramila* is also applied to denote ancient Malayalam, in fact it is properly speaking applicable to all the Dravidian Languages. I derive Dramila from Tirumala and Explain it to signify the sacred Mala language, as Sanskrit is the refined Aryan languages.

It is immaterial to us whether Tiru is an original Dravidian word, or a derivation from the Sanskrit 'Sri', prosperity. Some of the best scholars of the past as well as of the present day have declared in favour of *tiru* being a pure Dravidian word, and this has all been my opinion also. Tiru was probably in course of time changed to tira or tara, then contracted to *tra* or *dra*, and finally to *ta* (*da*), both letters *t* and *d* being identical. The Veda is called in Tamil *Tiruvay*, the sacred word, and its Tamil adaption specially used by Vaishnavas is the well-known *Tiruvay Mozhi*. *Tiruvay* was eventually changed to *Taravay*, which is now generally used in the sense of Veda-reading. The word '*Ottu*' (ഓത്ത്) does thus in Malayalam signify veda and veda-reading. The *tiru* of *Tiruvazhamkodu* has been similarly changed to *tra* in *Travancore*, both alterations - *Dravida* and *Travancore*- being no doubt due to the Same Aryan influence. From *Dramala* to *Dramila*, *Demila* and *Tamil* is a short stop, unless Tamil is directly derived from *Tirumala*. *Dramila, Dramida* and *Dravida* are Aryan corruptions of *Tirumala* and found re-admission into South-Indian languages as foreign expressions, whose significations was forgotten and deflied explanation. I recognize the *Tirumala* also in the *Tamala* or *Damala* of *Damalavarubhayam* near *Pandamangalam* in the Trichinopoly district. Pandamangalam is regarded as the old capital of the former kings, among whom the name Tirumala did not unfrequently occur. *Ubhayam* (ഉപായം) is anything offered or devoted to religious purposes, and *Damalavarubhayam* denotes therefore the offering of the *Tirumala* people, *var* being used as the affix of the Tamil pronoun of the third person plural. Tirumalaraja is in colloquial Telugu often called *Tiramalarayalu*, as *Tirupati* becomes *Tripati*. Like *Damalavarubhayam* might be mentioned *Damalaceruvu* in North-Acort, *Damal* in Chingelpet, *Damalapadi* in Tanjore and other. I have been informed on good authority that the last place is to this day also

known as *Tirumalapadi*. Yet, my derivation of *Tirumala* does not require the support of the etymology of these names.

Another but rarer from of *Dramila* is *Drimila*, which is derived from *Tirumala*, as *Tripati* from *Tirupati*, *Trikovil* for *Tirukkovil*, or *Trikal* for *Tirukal*. The fact of the term Tamil being the ultimate derivative from Tirumala (Tramala) and denoting a special Dravidian dialect will perhpas serve in future researches as an historical clue for fixing the period when the various vernaculars of Souhtern India became separate and distinct languages. It the *Limyrike* of ptolemy (VII, 1, 8, and 85) is the Dimirica repeatedly mentioned in the cosmography of the anonymous geogrpher of Revenna, as Bishop Cald Well has clearly pointed out by identifying it with Damirice or the Tamil country the work of ptolemy contains the earliest mention of th word Tamil. Gustav Opport., (2010) *On The Original Inhabitants of Bharatavarasa or India: The Dravidians*, Asian Educational Services, Chennai, Pages. 25-27

6. ശങ്കരൻ നമ്പ്യാർ, പി., (2001) *മലയാളസാഹിത്യചരിത്ര സംഗ്രഹം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, അനുബന്ധം, പുറം. 137–138

7. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരികചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 28

8. Selvakumar, V., (2010) *Tamil Cultural Connections across the world (up to 1600 CE): Archaelogical Evidence from out side Tamil Nadu*, Tamil University, Thanjavoor, p. 11

9. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരിക ചരിത്രം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, പുറം. 29

10. സുനീതികുമാർ ചാറ്റർജി, (2000) *ദ്രാവിഡം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, പുറം. 21–26

11. – – –., പുറം. 27–28

12. Pillai, K. K., (1975) *A Social History of Tamils Vol-I*, Madras University, Madras, p. 69

13. Subramanian, S. V., Thirunavukarasu, S.V., (Etd.) (1983) *Historic Heritage of the Tamils*, Chinnan.P., *Megalithic Movements and Megalithic Culture in Tamil Nadu*,p.38

14. ഈ ഘട്ടത്തെ ആഫ്രിക്കൻ ജലശിലായുഗം (African Aqualithis) എന്നു വിളിക്കുന്നത്. അവിടുത്തെ നദികൾ, ജലാശയങ്ങൾ, തടാകങ്ങളെന്നിവയുടെ സമൃദ്ധിമൂലമാണ്. അവരുടെ പ്രധാന സഞ്ചാരസൗകര്യം വള്ളങ്ങളായിരുന്നു.

15. ഗോപിനാഥൻ, ആർ., (2013) *കേരളത്തനിമ,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, പുറം. 156

16. Winters, Clyde Ahmad., (1982) *Lectur es in Africa: Kushite Diaspora*, Tuhman dan fodio Institute, Chicago, pp. 14-15

17. ഗോപിനാഥൻ, ആർ., (2013) *കേരളത്തനിമ,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, പുറം.160

18. Krishnamurthi, Bhadriraju., (2008) *The Dravidian Languages*, Cambridge University Press, Cambridge, p.2

19. 1. A simple system of five basic vowels with short long contrast
    2. Vowel harmony
    3. Absense of Initial Clusters of Consonants
    4. Abundance of geminated consonants
    5. Distinction of Inclusive and Exclusive pronouns in first person plurals
    6. Absense of degree of comparison for adjectives
    7. Lack of adjectives and adverb as distinct morphological categories

8. Consonant alternation on nominal in crements noticed among the nouns of different classes
9. Distinction of completed action and incomplete action verbal paradigms as against specific tense distrinctions.
10. Two separate sels of paradigns for declarative and negative forms of verb.
11. Use of reduplicated forms for emphasis. - Arivanan, K.P., (1976) *Physical and Cultural Similarities between Dravidian and African,* Journal of Tamil Studies, Madras, pp.23-24

20. Gilbert Slater, in his 'Dravidian elements in Indian culture' pointed out the God Krishna was of Dravidian Origin. The Word Krishna means black man. The God Krishna himself has a black body. Tamil literature called him as Karmeka Vanan (Black like dark clouds). A legend of his birth is intersting. Kamsa was a ruler of Matura. He was a brother of Devaki the mother of Krishna. Astrologers told Kamsa, that the son of his sister-Devaki will kill him and take his Kingdom also. After hearing this Kamsa was worried too much. He afraid of his death. Therefore he dicided to arrest his sister and put her in a jail. In the jail, Krishna was born. Krishna owed his lifed to a ruse of his parents, who exchanged him for the daughter of a poor. Cow-herd, in order to hide him from his uncles wrath. After the replacement, Kamsa came to his sister and kill the child. But the child Krishna was saved. After some years, Krishna became a worrior and killed his uncle Kamsa. Then he ruled the Kingdom.

The legend itself showed that he belonged to Dravidian Origin. In India, Particularly Kerala and Kanyakumari of Tamil Nadu, the system of in heritance by which a man's sister's son's become heirs to his prosperty, instead of his sons (Marumakkal Thayam) is still in vogue. The same heriditary principle is echoed in Krishna's legend also.

The wonder is that the same Dravidian oriented legend is still popular in Africa. It was drawn from the oral history as it was narrated by the professionals and by the story letters of all kinds in the African continent. The substance of the ancient story that has been orally transmitted for many centuries is as follows; Wandou a person of rank, living intimately ask the emperor of songai (Gao) comes to say hello to Soni Ali Ber (as like Kamsa in Krishna's legend). The confidence has become a pre-occupation, and Sohe Ali Ber informed him that the last might he saw the visions of death.

Wandou was then asked to tell the significance of the dream. The royal mascot then lalked to the Juju and the matter was sent to the senior soothsayer. According to the soothsayer, the emporer shall be killed and the son of Kasseri like Devaki, the sister he loves so much, will succeed him.

Then the dignitaries held a meeting. As a result of their meeting, they made it clear that all the young boys of Kassevi should be killed. Balama minister of justice was in charge of the execution as per the decision.

The servant of Kassevi brought forth a girl and Kassevi on the other had a boy. The maid-servant of Kassevi thought of saving the life of the son of Kassevi, as such she proposed her mistress, that they must exchange their children. When the sone of Bargoe grew up, oneday he asked his real mother about his father.

A spirit assured him that he would protect him. The behaviour of the son of Bargon (like Krishna) weakened the suspision of Soni Ali Ber. Balama received an order that tie should no longer be with the young man, but the plan failed. Soni Ali Ber was killed by the son Bargou while at a feasting ceremony and succeeded his uncle to the throne. - Arivanan, K.P., (1976) *Physical and Cultural Similarities between Dravidian and African,* Journal of Tamil Studies, Madras, pp.24-25

21. കല്ല്, പുളിങ്കുരു, വേപ്പിൻ കുരു എന്നിവയിലൊന്ന് കരുവായി ഉപയോഗിച്ച് രണ്ട് പേര് കളിക്കുന്ന കളിയാണ് പല്ലാങ്കുഴിയാട്ടം. പാണ്ഡ്യൻ കുഴിയാട്ടം, പാണ്ഡ്യാങ്കുഴിയാട്ടം എന്നീ പേരിലും ഇതറിയപ്പെടുന്നുണ്ട്. മരത്തടിയിലോ, കല്ലിലോ തീർത്ത ചതുര പലകയിൽ ഏഴ് കുഴികൾ വീതം സമാന്തരമായി ആകെ പതിനാല് കുഴികൾ അടങ്ങിയ ഈ കളത്തിന്റെ ഇരുവശത്തുമായി രണ്ട് പേർ ഇരുന്ന് കളിക്കുന്നു. ഈ ഏഴ് കുഴികളുടെ നടുവിലുള്ള ഓരോ കുഴിയും ഒഴിച്ച് ബാക്കിയുള്ള പന്ത്രണ്ട് കുഴികളിൽ പന്ത്രണ്ട് വീതം ആകെ എഴുപത്തിരണ്ടു കരുക്കൾ നിക്ഷേപിക്കുന്നു. ദേശഭേദമനുസരിച്ച് ഏഴ് കരുക്കൾ എന്നതിനു പകരം നാല് കരുക്കൾ വീതവും ഉപയോഗിക്കാറുണ്ട്. ആദ്യം കളിക്കുന്ന ആൾ തന്റെ മുമ്പിലുള്ള കരുക്കളുള്ള ആറ് കുഴികളിൽ നിന്ന് മുഴുവൻ കരുക്കളുമെടുത്ത് തൊട്ടടുത്ത കുഴികളിലോരോന്ന് നിക്ഷേപിച്ച് മുന്നേറുന്നു. ഇങ്ങനെ കരു നിക്ഷേപിക്കുമ്പോൾ ആദ്യം കരു ഇടാതെ ശൂന്യമായി കിടന്നിരുന്ന നടുവിലെ കുഴിയിലും കരു ഇടുന്നു. ഇങ്ങനെ കളി തുടരുമ്പോൾ മദ്ധ്യഭാഗത്തെ കുഴിയും തൊട്ടടുത്ത കുഴിയിലും കരുക്കൾ ഇല്ലെങ്കിൽ അയാളുടെ കളി അവിടെ അവസാനിക്കുന്നു. അല്ലെങ്കിൽ ഒരാൾ തന്നെ കളി തുടർന്നുകൊണ്ടിരിക്കും. കരു നിക്ഷേപിച്ചിടത്തു നിന്ന് കരു എടുത്ത് കളി ആരംഭിക്കാം. അങ്ങനെ കരു നിക്ഷേപിക്കുമ്പോൾ ഒരു കുഴി ശൂന്യമായതിന്റെ മുന്നിൽ കൈയ്യിലുള്ള കരു തീർത്താൽ അതിനുശേഷമുള്ള കുഴിയിലെ കരുക്കളെല്ലാം അയാൾക്ക് സ്വന്തമാകും. അതു മാത്രമല്ല കുഴിയിൽ കരുക്കൾ നിക്ഷേപിച്ചുപോകുമ്പോൾ നിക്ഷേപിക്കുന്ന കരുക്കൾ മൂന്നെണ്ണം അല്ലെങ്കിൽ ആറെണ്ണം വരികയാണെങ്കിലും കളിക്കുന്നയാൾക്ക് അതെടുക്കാം. അങ്ങനെ കളിച്ച് '*കാസി*' എന്ന പേരിലുള്ള മദ്ധ്യഭാഗത്തെ കുഴിയിൽ, കാസിയുടെ മുന്നിൽ കരു അവസാനിക്കുകയാണെങ്കിൽ കളി മറ്റൊരാൾക്ക് തുടരാം. കാസിയുടെ മുന്നിലുള്ള കുഴി ശൂന്യമായി വരുകയാണെങ്കിൽ '*തൊടച്ച്*' കാസിയുടെ മേൽ കൈവച്ച് അത് സ്വന്തമാണെന്ന് പ്രഖ്യാപിക്കും. ഇതേപോലെ മറ്റേയാൾക്കും അതേ '*കാസി*' വരികയാണെങ്കിൽ അയാൾക്കും സ്വന്തമാണെന്ന് പ്രഖ്യാപിക്കാം. അവസാനം അത് തുല്യമായി ഭാഗിക്കുന്നു. മൂന്ന്, ആറ് വീതമുള്ള കരുക്കൾ എടുക്കാൻ മറന്നാലും, കാസി സ്വന്തമാണെന്ന് പ്രഖ്യാപിക്കാതിരുന്നാലും പിന്നീട് അതിൽ അവകാശമില്ല. അവസാനം കാസി അടിക്കാതെ ഉണ്ടെങ്കിലും, അടിച്ചതാണെങ്കിലും അത് തുല്യമായി ഭാഗിക്കണം. കൂടാതെ ഒരാൾ മാത്രമാണ് സ്വന്തമായി പ്രഖ്യാപിച്ചതെങ്കിൽ അയാൾക്ക് മുഴുവൻ ലഭിക്കും. വിഭജിക്കുമ്പോൾ ഒറ്റ സംഖ്യ വരുകയാണെങ്കിൽ എടുത്ത കാസിയിൽ തന്നെ ബാക്കി വക്കണം. ഇപ്രകാരം കളിച്ച് കുഴിയിൽ കരു നിക്ഷേപിക്കാനില്ലാതാകുന്നയാൾ കളിയിൽ തോൽക്കുന്നു. *ആവേദകൻ*; സതീഷ്കുമാർ, വയസ്സ് 28, പൊള്ളാച്ചി, കോയമ്പത്തൂർ, തമിഴ്നാട്

22. Arivanan, K.P., (1976 ) *Physical and Cultural Similarities between Dravidian and African,* Journal of Tamil Studies, Madras, p.26

23. – – – ., പുറം 25

24. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെസാംസ്കാരിക ചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.29

25. Spberg, Andree. F., *The Dravidian Contribution to the Development of Indian Civilization: A call for A Reassessment,* http://jounally.lib.byu.edu/spc/index.php/CCR/article/downlead/13469/13403.

26. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.29
27. Selvakumar, V., (2010) *Tamil Cultural connections across the world (up to 1600 CE): Archaeological Evidence from out side Tamil Nadu*, Tamil University, Thanjavoor, pp.29-30
28. Coming to Tamil Nadu, a number of studies have been conducted in the recent years. Based on the DNA analysis of Virumadi, who belongs to the Piramalai Kallar community and hails from Jothimanikkan Village near Madurai, it has been identified that he is on of "the direct desencendants of the first ever settlers in India, who had migrated from the African coast some 70,000 years ago". His DNA matched with the DNA M130, which is noticed among the populations along the Western Ghats sporadically. R. Pitchappan says that though the migration to India took place some 70,000 years ago, the first settlement in the South happened about 10,000 years later." "More than half of the Australion a borigines later". "More than half of the Australian a borigines carry this M130 gene. The macker is also present among some people in philippines and the tribals of Malaysia", according to R. Pitchappan" - Selvakumar, V., (2010) *Tamil Cultural Connections across the world (up to 1600 CE): Archaeological Evidence from out side Tamil Nadu*, Tamil University, Thanjavoor, p.33
29. മാതൃഭൂമി, വിദ്യ, 15 ആഗസ്റ്റ് 2014.
30. മാതൃഭൂമി, വിദ്യ, 15 ആഗസ്റ്റ് 2014.
31. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.23
32. - - - ., പുറം. 26-27
33. Winters, Clyde Ahmad., (2012) Dravidian is the Language of Indus Writing, Current science, Bengaluru, Vol. 103, No.10
34. ഗോപിനാഥൻ, ആർ., (2013) *കേരളത്തനിമ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 168
35. സിന്ധു താഴ്വരയിലെ ജനങ്ങൾ ഒരു മിശ്രവർഗ്ഗമാണെന്ന് തെളിഞ്ഞിട്ടുണ്ട്. വിവിധ നരവംശക്കാർ ആ അതിപുരാതന സംസ്കാരകേന്ദ്രത്തിൽ സമ്മേളിക്കുകയുണ്ടായി. ഹാരപ്പയിൽ നിന്നും മൊഹൻജൊദാരോയിൽ നിന്നും കണ്ടെടുത്ത തലയോടുകൾ പരിശോധിച്ചതിൽ പ്രോട്ടേ ആസ്ത്രലോയ്ഡ് വംശക്കാർ, മെഡിറ്ററേനിയൻ വംശക്കാർ, മംഗോളിയൻ വംശക്കാർ, ആൽപ്പെൻ വിഭാഗക്കാർ എന്നിവരെല്ലാം അവിടെ ഉണ്ടായിരുന്നതായി കണ്ടിരിക്കുന്നു. ഇവരിൽ ഏറ്റവും കൂടുതൽ കണ്ടത് പ്രോട്ടോ ആസ്ത്രലോയ്ഡ് വംശജരുടെയും മെഡിറ്ററേനിയൻ വംശജരുടെയും അവശിഷ്ടങ്ങളാണ് - ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 29-30
36. Slater, Gilbert., (1986) *Dravidian Element in Indian Culture*, Manohar Publishers, *New Delhi*, p. 92
37. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരിക ചരിത്രം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 30
38. - - -., പുറം. 30-31
39. - - -., പുറം. 31-32
40. - - -., പുറം.34
41. Bridget, Raymond Allehim, Frank Raymond., (1996) *The British of Indian Civilization*, Penguin Books, p.262

42. അച്യുതവാര്യർ, എസ്., (2012) *കേരള സംസ്കാരം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 11

43. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരിക ചരിത്രം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, പുറം. 38

44. Kosambi, D.D., ( 1994 ) *Culture and Civilization of Ancient India in Historical Outline,* Vikas Publishing House, New Delhi, P.66

45. Slater Gilbert., (1986) *The Dravidian element in Indian Culture,* Manohar Publishers, New Delhi, p.67

Midhun K.S. “The attributes of the Chera culture as engraved in sangam literature : A study through ‘ettuthokai' “ Thesis. Department of Malayalm of Sree keralavarma college, University of Calicut, 2015.

# അദ്ധ്യായം 3
# തമിഴകം

ദക്ഷിണേന്ത്യയെ പണ്ടുകാലത്ത് അറിയപ്പെട്ടിരുന്നത് തമിഴകം എന്ന പേരിലാണ്. തമിഴകത്തിന് വ്യവസ്ഥാപിതങ്ങളായ ഭരണവ്യവസ്ഥകളും സാമ്പത്തിക സാംസ്ക്കാരിക ഔന്ന ത്യവുമുണ്ടായിരുന്നു. അശോക ചക്രവർത്തിയുടെ ഭരണകാലത്തിനു മുമ്പുതന്നെ തമിഴകം ചേരം, ചോഴം, പാണ്ഡ്യം എന്നീ ദേശങ്ങളായി വേർപിരിഞ്ഞിരുന്നു.

### 3.1. അതിരുകൾ

പണ്ടുകാലത്തെ തമിഴകത്തിന്റെ വടക്ക്, തെക്ക് അതിരുകൾ യഥാക്രമം വേങ്കിടമലക ളും (തിരുപ്പതിമല), കുമരിയും കിഴക്ക് പടിഞ്ഞാറ് അതിരുകൾ കടലുകളുമായിരുന്നു.

"വടവേങ്കടം തെൻകുമിരിയായിടൈത്
തമിഴ്കൂറു നൽല്ലുലകത്തു" എന്ന് പണംപരണാറും
"വെങ്കടം കുമരി തീം പുനർപൌവമെൻ-
റിനാൻകെല്ലൈ തമിഴതു വഴക്കെ" എന്ന് ശിഖണ്ഡിയാറും
"കുമരി വേങ്കടം കുണകുടകടലാ
മൺടിണി മരുങ്കിറ്റണ്ടമിഴ് വരൈപ്പിൻ"[1] എന്ന് ഇളങ്കോടികളും

തമിഴകത്തിന്റെ നാലതിരുകൾ വേങ്കടം, കുമരി, പടിഞ്ഞാറേക്കടൽ, കിഴക്കേക്കടൽ എന്നിവ യാണെന്ന് പറയുന്നു (ചിത്രം.2). '*ശില്പശാസ്ത്രം*' എന്ന കൃതിയിൽ തമിഴകത്തിന്റെ വടക്കേ അതിര് കൃഷ്ണാനദിയാണെന്ന് രേഖപ്പെടുത്തുന്നു, ഈപരാമർശത്തിൽ നിന്ന് തമിഴകത്തിന്റെ വ്യാപ്തി വടക്ക് വിന്ധ്യാപർവ്വതം വരെ ഉണ്ടായിരുന്നെന്ന് അനുമാനിക്കാം.

"തൊല്ക്കാപ്പിയം എഴുതപ്പെടുന്നകാലത്ത് നെല്ലൂർ ജില്ലയുടെ തെക്കേഭാഗവും, ചിത്തൂർ, വടാർക്കാട്, ചെങ്കൽപ്പെട്ട്, തെക്കേ ആർക്കാട്, തഞ്ചാവൂർ, മധുരൈ, രാമനാഥ പുരം, തിരുനെൽവേലി, ശേലം, കോയമ്പത്തൂർ, തിരുച്ചറപ്പള്ളി, മലയാളം (മലബാർ), നീല ഗിരി എന്നീ ഭാഗങ്ങളും തെക്കേ കർണ്ണാടകയുടെ മുക്കാൽ ഭാഗവും മൈസൂർ രാജ്യത്തിന്റെ തെക്കെ പകുതിയും, തിരുവിതാംകൂർ, കൊച്ചി, പുതുക്കോട്ട എന്നീ രാജ്യങ്ങളും കടലിൽ നശിച്ചുപോയ കുമരിയാറോടുകൂടിയ പലനാടുകളിലും തമിഴ് സംസാരിച്ചിരുന്നെന്നും ഈ സ്ഥലങ്ങളിൽ മറ്റൊരുഭാഷ വ്യവഹാരത്തിലുണ്ടായിരുന്നില്ല എന്നും വ്യക്തമാണെന്ന് ക.ര. ഗോവിന്ദരാജമുതലിയാർ '*സംഘനൂൽ*' എന്ന ഗ്രന്ഥത്തിൽ വിശദമാക്കുന്നു. തമിഴകത്തിന്റെ വ്യാപ്തിയെക്കുറിച്ച് ചിറുകാക്കൈ പാടിനിയാർ ഇപ്രകാരം പാടുന്നു;

"വടതിസൈ മരുങ്കിൻ വടുകുവരം വാക-
ത്തെൻറിസൈയുള്ളിട്ടെഞ്ചിയ മൂൻറും
വരൈമരുൾപുണരി"

ഈ പാട്ട് തമിഴകത്തിന്റെ തെക്കെ അതിരായ കുമരി കടലിൽ താഴ്ന്നു പോയതിനു ശേഷമുള്ള കാലത്താണെന്ന് പേരാശ്രിയർ എന്ന തമിഴ് പണ്ഡിതൻ പറയുന്നു. ചിറുകാക്കൈ പാടിനിയാരൊഴിച്ച് പണം പരണാർ, ശിഖണ്ഡിയാർ, ഇളങ്കോടികൾ, നന്നൂലാർ എന്നീ കവി കൾ വേങ്കടത്തെയും കുമരിയെയും വടക്ക് തെക്ക് അതിരുകളായി പാടിയവരാണ്.[2]

തമിഴകത്തിന്റെ വടക്കേ അതിരായ കുമരിയെക്കുറിച്ച് നിരവധി പഠനങ്ങൾ വന്നിട്ടുണ്ട്. തമിഴരിൽ രൂഢമൂലമായ ലിമുരികഖണ്ഡസിദ്ധാന്തവുമായി അതിനുബന്ധവുമുണ്ട്. തമിഴ്കൃതികളിൽ പരാമർശിക്കുന്ന വടക്കേ അതിരായ കുമരി കടലാക്രമണത്താലോ, മറ്റേതെങ്കിലും പ്രകൃതി ക്ഷേഭത്താലോ നശിച്ചുവെന്നാണ് പൊതുവേ കരുതുന്നത്. ചിലപ്പതികാരത്തിലെ,

"കുമരിയം പെരുന്തുറൈ" (ചില. 15-15) എന്ന പാട്ടിലെ 'കുമരിയം' എന്ന പദത്തിന് അടിയാർക്കുനല്ലാർ കുമരിയാറ് എന്നാണ് വ്യാഖ്യാനം കൊടുത്തിരിക്കുന്നത്. കൂടാതെ മണിമേഖലയിലെ,

"കുമരിയം പെരുന്തുറൈ" (മണി. 5-37)

"തെൻറിസൈക്കുമരി" (മണി. 13-7)

എന്നീ പാട്ടുകളുടെ വ്യാഖ്യാനത്തിലും 'കുമരിയം' എന്നതിന് കുമരിയാറ് എന്നാണ് കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ഈ പാട്ടുകളുടെ കാലത്ത് 'കുമരി' കടലിൽ താഴ്ന്നു പോയില്ലെന്നുവേണം കരുതാൻ. കൂടാതെ കുമരിയാറ് കടലാൽ നശിച്ചുപോയിട്ടില്ലെന്ന്,

"പക്ളുറിയാറ്റുടൻ പൻമലൈയടുക്കത്തുക്കുമരി-

ക്കോടും കൊടുങ്കടൽ കൊള്ള" എന്ന പാട്ടിൽ നിന്നും മനസ്സിലാക്കാം. ഈ പാട്ടിൽ നിന്ന് കുമരിയാറിനും തെക്കുള്ള കുമരിമലയാണ് കടലാക്രമണത്തിൽ തകർന്നതെന്ന് അനുമാനിക്കാം, ഈ പാട്ടിൽ പാടുന്ന കുമരിക്കോട് എന്നത് കുമരിമലയാണ്.[3] (ചിത്രം. 2)




**ചിത്രം. 2 സംഘകാല തമിഴകം**

### 3.2. ഭാഷ

ലോകത്തിന്റെ പലഭാഷകളുമായി ആദിദ്രാവിഡഭാഷയ്ക്ക് അഭേദ്യമായ ബന്ധവും സാമ്യവുമുണ്ടെന്ന് ആധുനിക ഭാഷാശാസ്ത്രജ്ഞന്മാർ കണ്ടെത്തുന്നു. ആദിദ്രാവിഡഭാഷാ കുടുംബത്തിന്റെ അല്ലെങ്കിൽ മൂലദ്രാവിഡഭാഷാ കുടുംബത്തിന്റെ ഒരു പ്രമുഖശൃംഖലയാണ് ദ്രമിളം അല്ലെങ്കിൽ ചെന്തമിഴ്. തമിഴകത്തിൽ പ്രചാരത്തിലിരുന്ന അംഗീകൃതഭാഷയായിരുന്ന ചെന്തമിഴ് അക്കാലത്തെ ഗ്രന്ഥഭാഷയോ സാഹിത്യ ഭാഷയോ ആയിരുന്നു. തമിഴകത്തിൽ പ്രചാരത്തിലിരുന്ന ഭാഷകളെപ്പറ്റി തൊല്ക്കാപിയർ ഇപ്രകാരം പറയുന്നു;

"ചെന്തമിഴ് ചേർന്ത പന്നിരുനിലത്തും
തങ്കുറിപ്പിനവേ തിസൈച്ചൊർ കിളവി" (തൊൽ.ചൊല്ലാധികാരം. 400)

ചെന്തമിഴ് പ്രചാരത്തിലിരുന്ന നാട് ഒന്നാണെന്നും അതിനോട് കൊടുന്തമിഴ് ചേർന്ന പന്ത്രണ്ടു നാടുകളുണ്ടെന്നും പറയുന്നു, ഈ പന്ത്രണ്ടു കൊടുന്തമിഴ് പ്രദേശങ്ങളെപ്പറ്റി യാപ്പെരുങ്കല കാരൻ ഇങ്ങനെ വിശദീകരിക്കുന്നു.

"തെൻ പാണ്ഡി കുട്ടങ്കുടങ്കർക്കാ വേൺപൂഴി
പന്റിയരുവാ അതൻവടക്കു - നൻറായ
ചീതലനാട് പുന്നാട് ചെന്തമിഴ് ചേർ
ഏതമിൽ വന്നിരുനാട്ടെൻ" (യാപ്പെ.വ്യാ.നൻമയിലെ.275)

മലയാളത്തിനു തെക്കൻഭാഷ, വടക്കൻ ഭാഷ എന്ന് കല്പിക്കുന്നതുപോലെ ആദി തമിഴിന് പന്ത്രണ്ടു പ്രദേശങ്ങളിലായി ദേശഭേദങ്ങളുണ്ടായിരുന്നു. തെൻപാണ്ഡി, പൻറിനാട്, പുനൽനാട്, കർക്കാനാട്, ചീതനാട്, പൂഴിനാട് മലാട്, തെക്കൻ അരുവാനാട്, വട അരുവാനാട്, കുട്ടനാട്, കുടനാട്, കർക്കാനാട് എന്നിങ്ങനെയാണ് ഈ പന്ത്രണ്ടു ദേശങ്ങൾ. "ഇതിൽ കുട്ടം, കുടം, കർക്കാ, വേൺ, പൂഴി എന്നീ അഞ്ചു നാടുകൾ ഇന്നത്തെ കേരളഖണ്ഡത്തിൽ ഉൾപ്പെട്ടവയാണ്"[4] നച്ചനിക്കിനിയാർ, സേനാവരൈയാർ, ഇളംപൂരണാർ എന്നിവർ ഈ പാട്ടിലെ പുനൽനാട്, വേൺനാട് എന്നിവയ്ക്ക് പൊതുങ്കൽ നാട്, കുളിനാട് എന്നിങ്ങനെ പേരുകൾ കൊടുക്കുന്നുണ്ട്.

ഇപ്പോഴത്തെ മധുരജില്ലയിൽ വ്യവഹാരത്തിലിരുന്ന ഭാഷയ്ക്കാണ് പൊതുവെ ചെന്തമിഴ് എന്ന് പറഞ്ഞിരുന്നത്. തൊല്ക്കാപ്പിയ വ്യാഖ്യാതാക്കളും യാപ്പെരുങ്കല വ്യാഖ്യാതാവായ ഗുണസാഗരവും ചെന്തമിഴ് നാടിന്റെ അതിര് 'ചെന്തമിഴ് നിലം വൈഗൈ നദിയുടെ വടക്കും മരുതയാറിന്റെ തെക്കും കരൂരിന്റെ കിഴക്കും മരൂരിന്റേ പടിഞ്ഞാറും ആണെന്ന് പറയുന്നു;

"മുൻനൂറുതെൻ പണ്ഡിമുമർപുന്നാ ഈറാന
പന്നിരണ്ട് നാടും പാനാടോ-അന്നാട്ടുകൾ
വൈയെ കരുവൈ മരുതാറു മരുവൂരുനടുവേ
ഐയനീവാഴ മരണ് മനൈയോ" (തമിഴ് വിടതൂത്. )


കൂടാതെ നന്നൂൽ വ്യാഖ്യാനത്തിൽ;

"ചന്ദനപ്പൊതിയച്ചെന്തമിഴ് മുനിയുൾ

ചെനന്തര പാണ്ഡിയ നെന്ത്രൂന്തമിഴ് നാടനുഞ്-
ചങ്കപുലവരുൻ തഴൈത്തിനി തോങ്ക്
മങ്കല പാണ്ഡി വളനാടെൻപ"[5] എന്ന് പാണ്ഡ്യനാടിനെ ചെന്തമിഴ് കേന്ദ്രമായി പാടുന്നു.

പാണ്ഡ്യനാട്ടിൽ മാത്രമല്ല ചേര, ചോഴ നാടുകളിലും ചെന്തമിഴ് പ്രചാരത്തിലിരുന്നുവെന്ന് ദ്രാവിഡ പ്രകാശകാരനും, തമിഴ്കവികളും പറയുന്നതായി എൻ.എസ്.പിള്ള രേഖപ്പെടുത്തുന്നു.[6] സംഘ അക്കാദമിക്ക് പാണ്ഡ്യ നാട്ടുരാജാക്കന്മാർ ചെയ്തു വന്നിരുന്ന പ്രോത്സാഹനങ്ങൾ കൊണ്ടാണ് സാഹിത്യഭാഷയായ ചെന്തമിഴ് വ്യവഹരിക്കുന്നത് പാണ്ഡ്യനാട്ടിലാണെന്ന് പറയുന്നത്. കൂടാതെ മൂന്നു 'സംഘ'ങ്ങളും നിലനിന്നിരുന്നതും പാണ്ഡ്യ തലസ്ഥാനങ്ങളിലായിരുന്നു. ഈ സംഘ അക്കാദമിയിൽ നിന്ന് പുറത്തുവരുന്നതോ സംഘത്തിന്റെ അംഗീകാരത്തോടുകൂടി പ്രസിദ്ധീകരിക്കപ്പെടുന്ന കാവ്യങ്ങൾ ചെന്തമിഴിലാണ് എഴുതിയിരുന്നത്. ചെന്തമിഴ്, കൊടുന്തമിഴ്എന്ന വിഭജനയം *തൊല്ക്കാപ്പിയ*ക്കാലത്തുണ്ടായിരുന്നു എന്നതിന് തെളിവുകളില്ല. പക്ഷേ ചിലപ്പതികാരത്തിൽ ഇങ്ങനെയൊരു വിഭജനനയം ഉണ്ടായിരുന്നുവെന്ന്, *ചിലപ്പതികാര*ത്തിലെ "ചെന്തമിഴ് കൊടുന്തമിഴെൻറിരു പകുതിയിൽ" എന്ന പ്രയോഗത്തിൽ നിന്ന് വ്യക്തമാണ്. *തൊല്കാപ്പിയ*കാലത്ത് ഭാഷഭേദങ്ങൾ ഉണ്ടായിരുന്നെന്ന് "തായൈ തളൈ എൻപ കുട്ടനാട്ടാർ, നായൈ എമലിയെൻവ് പൂഴിനാട്ടാർ" എന്ന വ്യാഖ്യാനത്തിൽ നിന്നു വ്യക്തമാണ്.

തെക്കെ ഇന്ത്യയിൽ ബി.സി. അഞ്ചാം ശതകത്തോളം പഴക്കമുള്ള ദ്രാവിഡ നാടൻ പാട്ടുഭാഷയ്ക്കും സംസാരഭാഷയുമായ കൊടുന്തമിഴിനും പിന്നീടു സാഹിത്യഭാഷയായി വളർന്ന ചെന്തമിഴിനു തമ്മിലുള്ള വ്യത്യാസം ശ്രദ്ധേയമാണ്. അതുപോലെ ഭൂമിശാസ്ത്രം, സംസ്കാരം എന്നീ കാരണങ്ങളാലും തമിഴ്നാടിന്റെ പലഭാഗങ്ങളിലും തമിഴിന്റെ വകഭേദങ്ങൾ കാണാം.[7] തെക്കേ ഇന്ത്യയിൽ മാത്രമല്ല, തെക്കുകിഴക്കൻ ഇന്ത്യയിലും ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിലും അല്പമാത്ര വ്യത്യാസങ്ങളൊടെ ലോകവ്യാപകമായി മൂലദ്രാവിഡം വ്യാപിച്ചുകിടക്കുന്നു. തമിഴ്, മലയാളം, കന്നട, തെലുഗു എന്നീ പുഷ്ടഭാഷകളും തുളു, കോത, തോഡ തുടങ്ങി ഇരുപത്തെട്ടോളം അപുഷ്ടഭാഷകളും മൂലദ്രാവിഡത്തിൽ നിന്ന് വേർപിരിഞ്ഞവയാണ്.[8] പരിതസ്ഥിതിയും കാലാവസ്ഥയുമനുസരിച്ച് ചിലപദങ്ങൾക്ക് സ്വാഭാവികമായി സംഭവിക്കാറുള്ള ഉച്ചാരണഭേദങ്ങളോടെ ശ്രീലങ്ക, ബർമ, ഇന്തോനേഷ്യ ഇന്തോ-ചൈന എന്നീ രാജ്യങ്ങളിലും അനേകലക്ഷങ്ങളുടെ സംസാരഭാഷയായും സാഹിത്യഭാഷയായും തമിഴ് നിലനിൽക്കുന്നു. ഇതുപോലെ മധ്യ-ദക്ഷിണ ആഫ്രിക്കയിലും ഗയാന, ഫിജി, മൗറിഷ്യ, മഡഗാസ്ക്കർ, ട്രിനിദാദ്, മാർട്ടിനിക്ക എന്നീരാജ്യങ്ങളിലെ ചിലഭാഗങ്ങളിലും തമിഴ് ഭാഷ ഇന്നും സജീവമാണ്. കൂട്ടത്തിൽ പഴമയും മഹിമയും സാഹിത്യവും ശിലാലിഖിതങ്ങളും ചെപ്പേടുകളും ഉള്ള ഭാഷ ആദി ദ്രാവിഡ ഭാഷയിൽ നിന്ന് അവസാനം പിരിഞ്ഞുവന്ന തമിഴുതന്നെ. പഴക്കത്തിൽ മാത്രമല്ല. പദസമ്പത്തിലും കാവ്യബാഹുല്യത്തിലും ആശയപുഷ്ടിയിലും സംസ്കൃതസാഹിത്യത്തിനു സമശീർഷമാണ് തമിഴ് സാഹിത്യം.[9] ഈയൊരു ഭാഷാവൈവിധ്യം ദ്രാവിഡ ജനതയുടെ ആഗമനവും വേർപിരിയലുംകൊണ്ടാണ് ഉണ്ടായത്. (ചിത്രം. 3)




**ചിത്രം.3 ദ്രാവിഡഭാഷകളുടെ വ്യാപനം**

(Ram sharan Sharma, (2001) Adrent of the Aryan in India, Manohar, New Delhi, P.51)

### 3.2.1 ലിപി

ഭാരതത്തിൽ നിലവിലിരിക്കുന്ന എല്ലാ ഭാരതീയ ലിപി സമൂഹങ്ങളുടേയും മൂലരൂപമാണ് ബ്രാഹ്മി ലിപി. ബ്രാഹ്മിയുടെ ദക്ഷിണേന്ത്യൻ രൂപമാണ് ദ്രാവിഡി അഥവാ തമിഴി. ബി.സി. മൂന്നാം നൂറ്റാണ്ടിലെ ജൈന സൂക്തങ്ങളിൽ ഇന്ത്യയിൽ പ്രചാരത്തിലുള്ള ലിപികളെക്കുറിച്ച് പറയുമ്പോൾ തെക്കേന്ത്യയിലെ 'തമിഴി'യെ പറ്റി പ്രതിപാദിക്കുന്നുണ്ട്. ബി.സി. രണ്ടാം നൂറ്റാണ്ടിലെ ബുദ്ധകൃതിയായ *ലളിതാപിത്താകാര*ത്തിലും ഈ ലിപിയെ ദ്രാവിഡ ലിപിയെന്നാണ് പറയുന്നത്. ഈ കാലഘട്ടത്തിൽ ഡക്കാൺ പ്രദേശങ്ങളിലും തമിഴിൽ പ്രചാരത്തിലിരുന്നിരുന്നു.[10] വടക്കേ ഇന്ത്യയിൽ പ്രചാരത്തിലിരുന്ന ബ്രാഹ്മിയ്ക്ക് 'തമിഴി'ക്ക് ചില സാമ്യങ്ങളുള്ളതുകൊണ്ടാണ് തമിഴിയെ തമിഴ്ബ്രാഹ്മി എന്നു വിളിച്ചിരുന്നത്. ബി.സി. അവസാനത്തിലെ നിരവധി ശാസനങ്ങളിലും, ചെപ്പേടുകളിലും ബ്രാഹ്മി ലിപി ഉപയോഗിച്ചിരുന്നു. സംഘകാലത്തിന്റേതായി അരിക്കമേട്, കൊടുമനൽ, ഉറൈയൂർ, കരൂർ, അലകൻകുളം എന്നിവിടങ്ങളിൽ നിന്ന് കണ്ടെടുത്ത മൺപാത്രങ്ങളിലെ ലിഖിതങ്ങളും, കൊല്ലിപൊറൈ, മാകോതൈ, പാണ്ഡ്യൻ പെരുവഴുതി എന്നീ രാജാക്കന്മാരുടെ നാണയങ്ങളിലും മറ്റ് ശാസനങ്ങളിലും തമിഴ് ബ്രാഹ്മിയാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് സംഘകാലത്ത് പ്രചാരത്തിലിരുന്ന ലിപി തമിഴ് ബ്രാഹ്മിയായിരുന്നുവെന്ന് പറയാം.[11]

### 3.3 ദേശങ്ങൾ

വടക്ക് വേങ്കടം എന്നറിയപ്പെടുന്ന തിരുപ്പതി മലയ്ക്കും തെക്ക് കുമരിനദിക്കും കിഴക്കും പടിഞ്ഞാറും കടലുകൾ അതിരായിട്ടുള്ള തമിഴകമെന്ന ഭൂപ്രദേശത്തെ പ്രധാനമായി പന്ത്രണ്ടായി തരംതിരിച്ചിരിക്കുന്നു. '*യാപ്പെരുങ്കല*'മെന്ന വ്യാകരണത്തിന്റെ പഴയ വ്യാഖ്യാനത്തിലും നന്നൂലിന് മയിലൈനാഥന്റെ വ്യാഖ്യാനത്തിലും പരാമർശിക്കുന്ന ഈ ദേശങ്ങൾ ഇപ്രകാരമാണ്;

"തെൻപാണ്ഡി കുട്ടങ്കുടങ്കർക്കാ വേൺപൂഴി
പൻറിയരുവ അതൻ വടക്കുനൻറായ
ചീത മലാടു പുന്നാട് ചെന്തമിഴ്ചർ
ഏതമിൽ പന്നിരുനാട്ടെൻ;"

**3.3.1. തെൻപാണ്ഡി:** തിരുനെൽവേലി, രാമനാട് എന്നീ ജില്ലകളും പഴനി ഒഴികെയുള്ള മധുരജില്ലയും ഉൾപ്പെട്ടിരുന്ന പ്രദേശമാണ് തമിഴകത്തിലെ തെൻപാണ്ഡി.

**3.3.2. കുട്ടനാട്**: തിരുവിതാംകൂർദേശത്തിലെ കായലുകളാൽ സമൃദ്ധമായ പശ്ചിമ കടലോരപ്രദേശമാണിത്. ഇന്നത്തെ കുട്ടനാടുത്തന്നെയാണിത്. കുട്ടം എന്ന തമിഴ് വാക്കിന് ജലാശയങ്ങളിലെ കയം എന്നാണർത്ഥം.

**3.3.3. കുടനാട്:** കുടനാട് എന്നതിന് പടിഞ്ഞാറൻ നാടെന്നർത്ഥം. ഉത്തര തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും കിഴക്കൻ ഭാഗങ്ങളും മലബാർ നീലഗിരി എന്നീ ജില്ലകളും കുടകിന്റെ പശ്ചിമ ഭാഗങ്ങളും മൈസൂരിന്റെ തെക്കുപടിഞ്ഞാറൻ ഭാഗങ്ങളും ഉൾപ്പെട്ടിരുന്നു.

**3.3.4. കർക്കാനാട്:** കർക്കടം എന്ന പദത്തിന് കരിമ്പ് എന്നും തകരം എന്നും അർത്ഥങ്ങളുണ്ട്. സേലവും ഉത്തരകോയമ്പത്തൂരും ഭരിച്ചിരുന്ന തകടൂരിലെ (ധർമ്മപുരി) അതികാമനെന്ന ചേരസാമന്തവംശം കരിമ്പുകൊണ്ടുവന്നുവെന്ന് സംഘകാവ്യങ്ങൾ പറയുന്നു. ഈ പരാമർശം വച്ചുനോക്കുമ്പോൾ കരിമ്പ് എന്ന് അർത്ഥം വരുന്ന തകരം എന്നതിൽ നിന്നാണ് തകടൂർ ഉണ്ടായതെന്ന് കരുതാം. സേലം, കോയമ്പത്തൂർ എന്നീ ജില്ലകളിലാണ് കർക്കാനാട്ടിൽ ഉൾപ്പെടുന്നത്.

**3.3.5. വേണാട്:** മദ്ധ്യ തിരുവിതാംകൂറിന്റെ ഭാഗങ്ങളാണ് വേണാട്ടിൽ ഉൾപ്പെടുന്നത്.

**3.3.6. പൂഴിനാട്**: കൊങ്കണം ദേശമാണ് പൂഴിനാട്

**3.3.7. പൻറിനാട്:** പന്നിനാടെന്നും ഇത് അറിയപ്പെടുന്നു. പൻറി എന്നതിന്റെ രൂപഭേദമാണ് പഴനി എന്നത്. ഇതിന്റെ രണ്ടു ഭാഗങ്ങൾ തെക്കുള്ള കാനാടും (കാനനാടും) വടക്കുള്ള കോനാടുമാണ്. പഴനി, ദിണ്ഡികൽ, കൊടൈക്കനാൽ, പുതുക്കോട്ട എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് കോനാട്. കാനാടും കോനാടും തമ്മിലുള്ള അതിര് പുതുക്കോട്ടയിലുടെ ഒഴുകുന്ന വെള്ളാർ നദിയായിരുന്നു.

**3.3.8. ചീതനാട്**: തിരുച്ചറപ്പിള്ളിയിലെ പെരാമ്പാലൂർ ഉടൈയാർ, പാളയം എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട ചീനാടിനെ ശീത്നാട് എന്ന് വിളിച്ചിരുന്നു. ശീതം എന്നാൽ വേമ്പു (വേപ്പ്) മരം എന്നാണർത്ഥം അതുകൊണ്ടുതന്നെ വേമ്പർ നാടെന്നും ചീതനാടറിയപ്പെടുന്നു.

**3.3.9. മലാട്**: തെക്കൻ ആർക്കാട് ജില്ലയുടെ ദക്ഷിണ ഭാഗത്താണ് മലാട് സ്ഥിതി ചെയ്തിരുന്നത്.

**3.3.10. പുനൽനാട്:** വെള്ളം ധാരാളമുള്ള നാടാണ് പുനൽനാട് തഞ്ചാവൂർ ജില്ല ഉൾപ്പെട്ട പ്രദേശമാണിത്.

**3.3.11. തെക്കൻ അരുവാനാട്**: 'കുതിര'യുടെ സംസ്കൃതാർത്ഥമായ 'അർവാപ്പിൽ' നിന്നാണ് അരുവാ നാട് എന്ന പേരുണ്ടായത്. ദക്ഷിണ ആർക്കാടിന്റെ വടക്കൻ ഭാഗത്താണ് ഇത് സ്ഥിതിചെയ്യുന്നത്.

**3.3.12. വട അകുവാനാട്**: വടക്കൻ ആർക്കാട്, ചെങ്കൽപ്പേട്ട, ചിറ്റൂർ എന്നീ പ്രദേശങ്ങളിലാണ് വടഅകവുനാട് സ്ഥിതിചെയ്യുന്നത്.[12]

### 3.4. രാജ്യങ്ങൾ

സംഘക്കാലത്ത് തമിഴകം പ്രധാനമായി അഞ്ചുമണ്ഡലങ്ങളായാണ് നിലനിന്നിരുന്നത്. ചേരം, ചോഴം, പാണ്ഡ്യം, തൊണ്ടൈ, കൊങ്ങുനാട് എന്നിങ്ങനെയാണവ. കൂടാതെ നിരവധി ചെറിയ നാട്ടുരാജ്യങ്ങളും അക്കാലത്ത് ആധിപത്യം സ്ഥാപിച്ചിരുന്നു. എങ്കിലും മൂവേന്തരന്നറിയപ്പെടുന്ന ചേര ചോഴ പാണ്ഡ്യ രാജാക്കന്മാർക്കും അവരുടെ രാജ്യത്തിനുമഴായിരുന്നു ഏറ്റവും കൂടുതൽ പ്രസിദ്ധി.

### 3.4.1 പാണ്ഡ്യദേശം

കാവേരിക്ക് തെക്കുള്ള മധുര, രാമനാഥപുരം, തിരുനെൽവേലി എന്നീ മൂന്നു ജില്ലകൾ കൂടിച്ചേർന്ന പ്രദേശമാണ് സംഘകാലത്തെ പാണ്ഡ്യദേശം.

"വെള്ളാറതു വടക്കാമേർക്കുപെരുവഴിയാൻ
തെള്ളാർ പുനൽ കന്നിതെർക്കാകുള്ളാരെ
ആണ്ടകടൽ കിഴക്കാം മൈം പത്തറുകാരം
പാണ്ഡിനാട്ടെല്ലൈ പകർ" എന്ന പാണ്ഡ്യ നാട്ടിന്റെ അതിരുകളെക്കുറിക്കുന്ന പഴയപാട്ടിൽ നിന്നും താഞ്ചാവൂരിലെ അരന്താങ്ങി താലൂക്കിലെ വെള്ളാർ നദിക്ക് വടക്കും കിഴക്ക് സമുദ്രവും മധുരയിൽ നിന്ന് കോയമ്പത്തൂരിനു കിഴക്കു ഭാഗത്തുകൂടി വടക്കോട്ടുപോയിരുന്ന കൊങ്കുപെരു വഴി പടിഞ്ഞാറും ആയി 56 കാതം വിസ്താരമുള്ള നാടാണ് പാണ്ഡ്യനാടെന്ന് മനസ്സിലാക്കാം.[13] താമരഭരണിയുടെ തുറമുഖത്തുള്ള കൊർക്കൈ നഗരമായിരുന്നു പാണ്ഡ്യനാടിന്റേ തുറമുഖം. മുധുരാനഗരമായിരുന്നു തലസ്ഥാന നഗരം. പാണ്ഡ്യരുടെ കൊടിയടയാളം മത്സ്യവും കുലവൃക്ഷം വേപ്പുമരവുമാണ്. *ദിവാകരനിഘണ്ടു*വിൽ പാണ്ഡ്യചക്രവർത്തിമാരുടെ ബിരുദങ്ങളെ ഇപ്രകാരം സൂചിപ്പിച്ചിരിക്കുന്നു; "ചെഴിയൻ, തമിഴ്നാടൻ, കൂടർകോൺ, തെന്നവൻ, വഴുതി, മീനവൻ, പഞ്ചവൻ, മാറൻ, കൗരിയൻ, വേമ്പിൻകണ്ണിക്കോൻ, കൈതവൻ, പൊതിയപ്പൊരുപ്പൻ, പുനൽ വൈറെയ്യത്തുറൈവൻ, കുമരിച്ചേർപ്പൻ, കോപ്പാണ്ടി ചടയൻ."[14] മാങ്കുടിമാരുതനാരുടെ മധുരക്കാഞ്ചിയിൽ നിന്ന് മധുരയുടെ പ്രതാപചരിത്രം വിശദമായി മനസ്സിലാക്കാനാകും. മധുരക്കാഞ്ചിയിലെ നായകനായ നെടുഞ്ചെഴിയൻ മൂന്നാമൻ തന്നെയായിരുന്നു സംഘകാലത്തെ പാണ്ഡ്യരാജാക്കന്മാരിൽ ഏറ്റവും പ്രസിദ്ധൻ. സംഘകാലത്ത് പാണ്ഡ്യരാജ്യം വിദേശവ്യാപാരത്തിലും അഭ്യന്തരവ്യാപാരത്തിലും അഭിവൃദ്ധിവ്യാപിച്ചിരുന്നു. വൈഗാ നദിയുടെ സമീപത്തുകൂടി മധുരയിൽ നിന്ന് പഴനിവ

രെയും അവിടെനിന്ന് കുന്നിൻ മുകൾ കയറി ഇറങ്ങി പെരിയാർ തീരത്തുകൂടി വഞ്ചിനഗരം വരെയും ഒരു പാത ഉണ്ടായിരുന്നതായി ഡോ.എസ്.കൃഷ്ണസ്വാമി അയ്യങ്കർ പറയുന്നു.[15] വഞ്ചിയിൽ നിന്ന് കരവൂർ വരെയും അവിടെ നിന്ന് തൃക്കോയിലൂർ വരെയും മറ്റൊരു പാതയും ഉണ്ടായിരുന്നു. തുറമുഖങ്ങളെയും ഉൾനാടുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വാണിജ്യ നിരത്തുകൾ വേറെയും ഉണ്ടായിരുന്നു. അന്നത്തെ വ്യാപാരവൈപുല്ല്യത്തെ വെളിപ്പെടുത്തുന്ന മറ്റ് ധാരാളം പ്രാചീന റോമൻ നാണയങ്ങൾ ഈ നിരത്തുകളുടെ സമീപത്തു നിന്നും തുറമുഖ പരിസരത്തുനിന്നും കണ്ടെത്തിയിട്ടുണ്ട്. പട്ട്, തുണിത്തരങ്ങൾ, മുത്ത്, കസ്തൂരി, കുങ്കുമം, കർപ്പൂരം തുടങ്ങിയവ പാണ്ഡ്യദേശത്തുനിന്ന് കയറ്റുമതി ചെയ്തിരുന്നവയാണ്.

കലാവിദ്വത്സദസ്സുകളെയും, മത പ്രചാരണ പ്രവർത്തനങ്ങളേയും പാണ്ഡ്യരാജാക്കന്മാർ പ്രോത്സാഹിപ്പിച്ചിരുന്നു. 'സംഘം' സ്ഥാപനവും, സമ്മേളനവും പാണ്ഡ്യദേശത്താണ് നടന്നിരുന്നത്. കൂടാതെ ബുദ്ധ, ജൈന മതങ്ങൾക്ക് വേണ്ട സഹകരണവും അവർ ചെയ്തിരുന്നു. ബി.സി. അവസാനത്തെ നിരവധി ഗാനനങ്ങൾ ഇതിനു തെളിവുകാണ്. ജൈനരുടെ പ്രധാനകേന്ദ്രമായിത്തീർന്ന ഉത്തരാമധുരാപുരിയെ അനുകരിച്ചുകൊണ്ടാണത്രേ, മധുര എന്ന പേർതന്നെ ഉണ്ടായിതീർന്നത്. അതുവരെയും 'കൂടൽ' എന്നു മാത്രമാണ് ആ നഗരത്തെ വിളിച്ചിരുന്നത്.[16]

### 3.4.2 ചോഴദേശം

'കടൽകിഴക്ക് തെർകുക്കരൈ പെരുവള്ളാറ്
കുടനിചൈയിർക്കോട്ടൈക്കരയാം വടതിചയിൽ
ഏനാട്ടപണ്ണെയിരുപ്പത് നാർക്കാതാഞ്
ചൊണാട്ടുക്കെല്ലൈയെന ചൊൽ" എന്ന ചോഴമണ്ഡല ശതകത്തിലെ വിവരണത്തിൽ നിന്ന് കോട്ടൈക്കരക്ക് കിഴക്ക്, കടൽക്കരക്ക് പടിഞ്ഞാറ്, വെള്ളാറിന് വടക്കും ആയ അതിരുകളോടു കൂടിയ 24 കാതം നിലപ്പരപ്പുള്ള നാടാണ് ചോഴനാടെന്ന് മനസ്സിലാക്കാം.[17] വടക്ക് തിരുപ്പതിയും തെക്ക് പെള്ളാറും കിഴക്ക് കടലും പടിഞ്ഞാറൻ അതിര് കാലാന്തരത്തിൽ മാറിവന്ന നാടാണ് തൊണ്ടൈമണ്ഡലത്തിന് തെക്ക് ഏതാണ്ട് പെണ്ണൈയാർ മുതൽ വൈഗാനദിവരെ വ്യാപിച്ചു കിടന്നിരുന്ന ചോഴദേശം. ഇന്നത്തെ തെക്കൻ ആർക്കാട് ജില്ലയുടെ തെക്കൻ ഭാഗങ്ങളും തഞ്ചാവൂർ ജില്ലയും തിരുച്ചറപ്പിള്ളി ജില്ലയുടെ ഭൂരി ഭാഗം പ്രദേശങ്ങളും ഉൾപ്പെട്ട ചോഴദേശത്തിന്റെ തല്സ്ഥാനം തിരുച്ചറപ്പിള്ളി ജില്ലയിലുള്ള ഉറൈയൂർ അഥവാ ഉറൈന്ത ആയിരുന്നു. കാവേരി കരയിലുള്ള ചോഴദേശത്തിന്റെ തുറമുഖം കാവേരിയാറ് കടലിനോട് ചേരുന്ന കാവേരിപൂമ്പട്ടണം അഥവാ പൂവാറായിരുന്നു. കടലിൽ നിന്ന് നിരവധി കപ്പലുകൾ കാവേരിനദിയിൽ വന്ന് വാണിജ്യം ചെയ്തിരുന്നെന്ന് സംഘം കൃതികൾ സൂചിപ്പിക്കുന്നുണ്ട്. "കാവേരി നദിയാലും അതിന്റെ പോഷകനദികളാലും ജലസേചനം ചെയ്യപ്പെട്ട ചോളരാജ്യം പ്രകൃതിയില അനുഗൃഹീതവും സമ്പന്നവുമായിരുന്നു. രുദ്രൻ കണ്ണനാർ എഴുതിയ 'പട്ടിനിപ്പാല' എന്ന കൃതിയിൽ നിന്ന് ചോളരാജ്യത്തിന്റെ ഗ്രാമീണ ഭംഗിയുടെ സുന്ദരദൃശ്യങ്ങൾ ലഭ്യമാണ്. സുവർണ്ണകുംഭങ്ങൾ ഏന്തി നിൽക്കുന്ന തെങ്ങുകളും കുലച്ചുനിൽക്കുന്ന വാഴകളും നിരന്നു നിൽക്കുന്ന കവുങ്ങുകളും മണം പരത്തുന്ന പുളിമരങ്ങളും നാനാതരം തേന്മാവുകളും പനങ്കുലകളും ഇടതൂർന്നു നിൽക്കുന്ന പനവൃക്ഷ

ങ്ങളും വലിയ ഇലകൾ വീശീ നിൽക്കുന്ന ചേമ്പുകളും കുരുന്നിലകൾ നിറഞ്ഞ ഇഞ്ചിയും അവിടെ സമൃദ്ധമായി വളർന്നിരുന്നു. ചോഴദേശത്തിന്റെ പുഷ്ക്കലമായ ഗ്രാമസൗന്ദര്യത്തി ന്റെയും ശാലീനമായ കാർഷിക ജീവിതത്തിന്റെയും അകൃത്രിമ ചിത്രങ്ങളാണ് ഈ കൃതി അവതരിപ്പിക്കുന്നത്.[18]

ചോഴരാജാക്കന്മാരുടെ കൊടിയടയാളം പുലിയും അവർ ചൂടിയിരുന്നത് അത്തിമാല യുമായിരുന്നു. "ചോളന്മാരിൽ ആദ്യത്തെ രാജാവായ വെളിയൻ തിത്തൻ, ആദിയൻ 'വിറൈ' ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന ഒരു കുലമുഖ്യൻ മാത്രമായിരുന്നു. പിന്നീട് ചേന്ദനെ തോൽപിച്ച് ഉറൈയൂർ കൈവശപ്പെടുത്തിയതിനെ തുടർന്നാണ് വെളിയൻ തിത്തൻ പ്രശ സ്തനും സമ്പന്നനുമായ രാജാവായിതീർന്നത്."[19] ചോഴദേശത്തിലെ പ്രസിദ്ധമായ രാജാവ് കരികാല ചോഴനായിരുന്നു. കൃഷി, വാണിജ്യം എന്നിവയിൽ അഭിവൃദ്ധി പ്രാപിച്ചിരുന്ന ചോഴരാജ്യത്ത് നിരവധി അണക്കെട്ടുകളും ജലസേചന പദ്ധതികളും കരികാല ചോഴന്റെ സമയത്ത് നിർമ്മിക്കപ്പെടുകയുണ്ടായി. ഇതിൽ ഏറ്റവും പ്രസിദ്ധം കാവേരിയിൽ നിർമ്മിച്ച കല്ലണയാണ്.

### 3.4.3 ചേരദേശം

തിരുവിതാംകൂർ, കൊച്ചി, മലയാളം (മലബാർ) കോയമ്പത്തൂർ, ശേലത്തിന്റെ ഒരു ഭാഗവും ചേർന്ന ഭാഗമായിരുന്നു ചേരനാട്.

"വടക്കുതിചൈ പഴനിവാൻ കീഴ്തെൻകാചി
കുടുക്കുതിചൈ കോഴിക്കോടാം കടർക്കരൈയിൻ
ഒരമോതെർക്കോകുമുള്ളെൺ പതിൻകാതം
ചേരനാട്ടെല്ലെ" *പെരുന്തൊകൈ*യിലെ 209-ാമത്തെ ഈ പാട്ടിൽ

നിന്നും പഴനിക്ക് തെക്ക്, തെങ്കാശിക്ക് പടിഞ്ഞാറ്, കോഴിക്കോടിന് കിഴക്ക് കടൽക്കരയ്ക്ക് വടക്കുള്ള 80 കാതം നിലപ്പരപ്പുള്ള പ്രദേശമാണ് ചേരദേശം. ചേരനാടിന്റെ രാജധാനി വ ഞ്ചിയായിരുന്നു. ചേരന്മാരുടെ കൊടിയടയാളം വില്ലും, അവർ ചൂടിയിരുന്നത് പനമാലയുമാ യിരുന്നു. തൊണ്ടിയും ചേരന്മാരുടെ ആസ്ഥാനമായിരുന്നിട്ടുണ്ട്. പിൽക്കാലത്ത് ചേരന്മാർ കൊങ്ങുനാട് കീഴ്പ്പെടുത്തിയപ്പോൾ കരുവൂരും ഒരു പ്രധാന തലസ്ഥാനമായിത്തീർന്നു. ചേര രാജ്യത്തിന്റെ പ്രധാന തുറമുഖം മുചരിപട്ടണമായിരുന്നു. ചേരൻ ചെങ്കുട്ടവനായിരുന്നു ചേര രാജാക്കന്മാരിൽ പ്രമുഖൻ. കൃഷി, വാണിജ്യം എന്നിവയിൽ അഭിവൃദ്ധിയിലായിരുന്ന ചേര രാജ്യത്തെ സുഗന്ധദ്രവ്യങ്ങൾ, ഈടുള്ള മരങ്ങൾ എന്നിവ ലോകപ്രസിദ്ധമായിരുന്നു.

### 3.4.4 തൊണ്ടൈദേശം

"മേർകുപ്പവളമലൈ വേങ്കട നേർവടക്കാം
ആർക്കുമുവരിയണി കിഴക്കുപ്പാർക്കുഇയർ
തെർക്കുപ്പിനാകിതകഴിരൂപതിൻകാതം
നെറ്റൊണ്ടൈനൊടനവേനാട്ട്" എന്ന പഴയ പാട്ടിൽ നിന്നും, തമിഴക

ത്തിന്റെ വടക്കേ അറ്റത്താണ് തൊണ്ടൈനാടിന്റെ സ്ഥാനം. ഇന്നത്തെ നെല്ലൂർ ജില്ലയുടെ തെക്കുഭാഗവും ചിറ്റൂർ, വടക്കെ ആർക്കാട്, ചെങ്കൽപ്പെട്ട് എന്നീ ജില്ലകളും തെക്കേ ആർക്കാട്

ജില്ലയുടെ വടക്കുഭാഗവും ഇതിലുൾപ്പെടുന്നു. തൊണ്ടൈ മണ്ഡലമാണ് പിൽക്കാലത്ത് പല്ലവരുടെ ആസ്ഥാനമായിത്തീർന്നത്. കാഞ്ചിപുരമായിരുന്നു തൊണ്ടൈനാടിന്റെ തലസ്ഥാനം. ആദ്യകാലങ്ങളിൽ ശതവാഹനന്മാരുടെ കീഴിലായിരുന്നു തൊണ്ടൈമണ്ഡലം നിലനിന്നിരുന്നത്. ബുദ്ധമതവും ജൈനമതവും തൊണ്ടൈമണ്ഡലത്തിൽ ഏറെ പ്രചാരത്തിലിരുന്നു. തൊണ്ടൈമണ്ഡലത്തിന്റെ തുറമുഖങ്ങളിൽ അക്കാലത്ത് വിപുലമായ തോതിൽ സമുദ്രവ്യാപാരം നടത്തിയിരുന്നതായി തെളിവുകളുണ്ട്. കപ്പലടയാളത്തോടുകൂടിയ തദ്ദേശീയ നാണയങ്ങളും പ്രാചീന റോമൻ നാണയങ്ങളും അവിടെ നിന്ന് ധാരാളമായി ലഭിച്ചിട്ടുണ്ട്. മഹാബലിപുരം അക്കാലത്തെ പ്രധാന തുറമുഖമായിരുന്നു. ശതവാഹനന്മാർ ക്ഷീണിതരായപ്പോൾ തൊണ്ടൈമണ്ഡലം ചോഴന്മാരുടെ അധീനതയിലാകുകയും പിന്നീട് വല്ലവന്മാരും അവിടെ ശക്തിപ്രാപിക്കുകയും ചെയ്തു.

### 4.5 കൊങ്ങുദേശം

"വടക്കുപ്പെരുമ്പാലൈ വൈകാവൂർ തെർക്കു
കുടക്കുപ്പൊരപ്പു വെള്ളിക്കുൻറു കിടക്കും
കളിത്തണ്ടലൈമേവുങ്കാവിരി ചൂഴ്നാട്ടു
കുഴിത്തണ്ടലൈയളവുകൊങ്കു"

ചോളപാണ്ഡ്യദേശങ്ങളുടെ പടിഞ്ഞാറുവശത്തായി മലഞ്ചെരിവുകൾ നിറഞ്ഞ പ്രദേശമാണ് കൊങ്ങുനാട്. ഇന്നത്തെ കോയമ്പത്തൂർ-സേലം ജില്ലകളും തിരുച്ചിറപ്പള്ളി ജില്ലയുടെയും മധുരജില്ലയുടെ കുറച്ചു ഭാഗങ്ങളും കൊങ്ങുനാട്ടിൽ ഉൾപ്പെട്ടിരുന്നു. തൊൽക്കാപ്പിയത്തിൽ പറയുന്ന ചീതം, പന്റി, മലാട് എന്നീ നിലങ്ങൾ ചേർന്നതായിരുന്നു കൊങ്ങുനാട്. കോയമ്പത്തൂർ ജില്ലയിലെ സ്കന്ദപുരം (ധാരാപുരം) ആണ് കൊങ്ങുനാടിന്റെ തലസ്ഥാനം[20]. പശുക്കളെ മേച്ചു നടക്കുന്ന ഗണമാണ് കൊങ്ങർ. കൊങ്ങനാട്ടിൽ അവസാനമായി ആധിപത്യം സ്ഥാപിച്ചത് കൊങ്ങർ ഗണമാണ്. അവരിൽ നിന്നാണ് കൊങ്ങുനാടിന് ആ പേർ ലഭിച്ചത്.[21] മലകൾ നിറഞ്ഞ കുറിഞ്ഞി പ്രദേശമാണ് കൊങ്ങുനാട്. തിന, അമര, മുതലായ ധാന്യങ്ങളും വേങ്ങ, പ്ലാവ് മുതലായ വൃക്ഷങ്ങളും കാന്തൾ പൂക്കളും കുറിഞ്ഞിയിൽ ധാരാളമായി വളരുന്നു. വാണിജ്യപരമായി അഭിവൃദ്ധി പ്രാപിച്ച ദേശമായിരുന്നു കൊങ്ങുനാട്. ലോകത്തിൽ വച്ച് ഏറ്റവും വിശേഷപ്പെട്ട മരതകരത്നങ്ങൾ ലഭിച്ചിരുന്നത് കൊങ്ങനാട്ടിലെ പുന്നാട് പ്രദേശത്തു നിന്നായിരുന്നു. കോയമ്പത്തൂർ ജില്ലയിലെ കങ്കായം എന്ന സ്ഥലത്തു നിന്ന് പത്ത് കിലോമീറ്റർ വടക്കു പടിഞ്ഞാറായിട്ടാണ് പുന്നാട് എന്ന പടിയൂരിന്റെ സ്ഥാനം. റഷ്യയിൽ അടുത്ത കാലത്ത് ഈ വിധത്തിലുള്ള രത്നങ്ങൾ കണ്ടെത്തുന്നതുവരെ മരതകം ലഭിച്ചിരുന്ന ഏക സ്ഥലം ഇതായിരുന്നുവെന്ന് വാൾ ഹൗസ് തന്റെ പുരാവസ്തുകുറിപ്പുകളിൽ വിവരിക്കുന്നു.[22] ജൈനമതം പ്രചാരത്തിരിലുന്ന കൊങ്ങുനാടിനെ ചേരമാൻ പീടിച്ചടക്കിയതായി സംഘംകൃതികൾ രേഖപ്പെടുത്തുന്നു.

### 3.5. നാട്ടുരാജ്യങ്ങൾ

സംഘകാലത്ത് മൂവേന്തരന്മാർ, കുറുനില രാജാക്കന്മാർ എന്നിങ്ങനെ രണ്ടുവിധത്തിലുള്ള ഭരണശക്തികളാണുണ്ടായിരുന്നത്. കുറുനില രാജാക്കന്മാർ അഥവാ നാട്ടുരാജാക്കന്മാർ മുവേന്തരന്മാരുടെ കീഴിലുള്ള നാടുകളാണ് ഭരിച്ചിരുന്നത്. എരുമൈനാട്, തുളുനാട്,

ഓയ്മനാട്, ഇടൈക്കഴിനാട്, പൂഴിനാട്, കുൻറാനാട്, എഴിൽനാട്, കുട്ടനാട്, ഒല്ലെയൂർ നാട്, കേനാട്, പുന്നാട്, മുക്കാവൽ നാട്, നാഞ്ചിൽ നാട്, മുത്തൂർക്കോട്ടം, കുടവായിൽക്കോട്ടം മുതലായ ചെറിയ ദേശങ്ങൾ നാട്ടുരാജാക്കന്മാരാൽ ഭരിക്കപ്പെട്ടതാണ്. നാട്ടുരാജാക്കന്മാർ പ്രധാനമായും രണ്ടു പാരമ്പര്യത്തിൽ വരുന്നവരാണ്. ഒന്ന് കോസർകൾ, രണ്ട് വേളിർ രാജാക്കന്മാർ എന്നിങ്ങനെയാണവ;[23]

### 3.5.1 കോസർകൾ

രാജ്യപുരോഗതിക്ക് വേണ്ടി ഭരിച്ചവരാണ് കോസർകൾ. മുതുകേസർ, ഇളംകോസർ, നാൽമൊഴി കോസർ, വായ്മൊഴികോസർ, ചെമ്മർകോസർ, നീൻമൊഴികോസർ, ഓൻറുമൊഴിക്കോസർ എന്നീ പേരുകളാൽ സംഘ കവികൾ ഇവരെ പുകഴ്ത്തിയിരുന്നു. വാക്കു പാലിക്കുന്നവരും സത്യകാംക്ഷികളുമായിരുന്നു ഇവർ. യുദ്ധം ചെയ്യുന്നത് മറ്റെന്തിനേക്കാളും പ്രധാനമായികണ്ടിരുന്ന ഇവരുടെ പ്രധാന ശത്രു വേളിർ രാജാക്കന്മായിരുന്നു. നന്നനും കോസർകൾക്കും ഇടയിൽ ഇടയ്ക്കിടക്ക് യുദ്ധങ്ങൾ നടന്നിരുന്നു. മൗര്യപ്പടതമിഴകത്തെ ആക്രമിക്കുന്ന സമയത്ത് ആദ്യം അവരെ തടഞ്ഞത് കോസർകളായിരുന്നു. തുളുനാട്, കൊങ്കണം, കൊങ്ങുനാട്, എന്നീ ദേശങ്ങളിൽ കോസർകൾ ഭരണം നടത്തിയിരുന്നു. എവ്വി, അകുതൈ, തിതിയൻ, കുറുമ്പിയൻ, അതിനൊഴിനി, തഴുമ്പൻ എന്നിവർ കോസർ പാരമ്പര്യത്തിന്റെ പിന്തുടച്ചക്കാരായിരന്നു.[24]

### 3.5.2 വേളീർ രാജാക്കന്മാർ

കോസരെപ്പോലെ തന്നെ ഭരണമികവ് പുലർത്തിയിരുന്നവരാണ് വേളിർ രാജാക്കന്മാർ. കോസരെ കുലശത്രുവായി കണ്ടിരുന്ന വേളീർ രാജാക്കന്മാർ മൂവേന്തരന്മാരോട് അടുത്ത ബന്ധം പുലർത്തുകയും അവരുമായി വിവാഹബന്ധത്തിലൂടെ ബന്ധുത്വം സൃഷ്ടിക്കുകയും ചെയ്തിരുന്നു. പുറനാനൂറ്, പതിറ്റുപ്പത്ത്, മധുരൈക്കാഞ്ചി എന്നീ സംഘകൃതികളിൽ 'വേന്തരും വേളറു' എന്ന പരാമർശം ഇവരെപ്പറ്റിയുള്ളതാണ്. മലമ്പ്രദേശങ്ങളിൽ വാണിരുന്ന ഈ രാജാക്കന്മാരുടെ ചിലരുടെ പേരിനു മുന്നിൽ 'വേൾ' എന്ന് ചേർത്തിരുന്നു. പക്ഷെ, ആയ്വേൾ, ആയ് ആണ്ടിരൻ എന്നീ പേരുകളിൽ വരുന്ന വേൾ ഈ വംശത്തിന്റേതല്ല. ഇവർ മുല്ലെ നിലത്തിലെ ആയർവംശത്തിലെ പാരമ്പര്യ പേരുകളാണ്. വേൾ ആയ്, വേൾ എവ്വി, വേൾ പേകൻ, വേൾ പാരി, നന്നൻ, വേൺമാൻ തുടങ്ങിയ പേരുകൾ വേളിർ രാജപാരമ്പര്യത്തിലെ രാജാക്കന്മാരാണ്[25].

### 3.5.3 ആയ്

മധുരയ്ക്ക് തെക്കുള്ള 'പൊതികൈ' അഥവാ പൊതിയൻ മല (ഇന്നത്തെ അഗസ്ത്യകൂടം) ആസ്ഥനമാക്കി നാടുവാണിരുന്നവരാണ് ആയ്വേൾ. തിരുനന്തപുരം ജില്ലയിലെ നെയ്യാർ ഡാമിന്റെ വടക്കുഭാഗത്തായാണ് അഗസ്ത്യകൂടമലനിലനിൽക്കുന്നത്. ആയ്ക്കുടിയായിരുന്നു ആയ്വേൾമാരുടെ ഭരണകേന്ദ്രം. ആയർ കുലത്തിന്റെ തലവനായിരുന്നു ആയ്വേൾ. പശുക്കളെയും ആടുകളെയും മേച്ചുനടന്നവരാണ് ആയന്മാർ. കുതിരകളും ആനകളും തേരുകളും അഴിയാത്ത പുരുവരുമാന്മുള്ള നാടും ഊരും ആയ്വേളിരുകൾക്കുണ്ടെന്ന് പുറം. 240 -ാമത്തെ പാട്ടിൽ പാടുന്നു. രണ്ടാം നൂറ്റാണ്ടിലെ ടോളമിയുടെ വിവരണങ്ങളിലും ആയ്രാജാ

ക്കന്മാർ കന്യാകുമാരിയുടെ അടുത്ത് ഭരിക്കുന്നവരാണെന്ന് രേഖപ്പെടുത്തുന്നുണ്ട്. ആയ് രാജാക്കന്മാരിൽ പ്രസിദ്ധൻ ആയ് ആണ്ടിരനായിരുന്നു. വലിയൊരു രാജ്യമായി മാറുന്ന തിനു മുമ്പേ പാണ്ഡ്യർ അവരെ കീഴ്പ്പെടുത്തിയെന്നും പിന്നീട് ആയ് എയിനൻ എന്ന രാജാവ് ചേരരാജാക്കന്മാരുടെ സാമന്തനായിരുന്നെന്നും സംഘംകൃതികൾ സൂചിപ്പിക്കുന്നുണ്ട്.[26]

### 3.5.4 അതിയാമാൻ

അശോകശാസനത്തിൽ പരാമർശിക്കുന്ന 'സതിയപുത്രം' എന്നത് തമിഴകത്തിലെ അതിയാമാൻ രാജവംശത്തെയാണ്. അശോകശാസനത്തിൽ പരാമർശിക്കത്തക്കവിധം ചേര, ചോഴ, പാണ്ഡ്യരെപ്പോലെ വളരെ ശക്തിയാർജിച്ച രാജവംശമായിരുന്നു ഇവരുടേത്. മഴ വർകുലക്കാർ ഇവരെ പാടിപുകഴ്ത്തുന്ന നിരവധിപാട്ടുകൾ സംഘസാഹിത്യത്തിൽ കാണാം. ജൈന സന്യാസികൾക്കുകൊടുക്കുന്ന ദാനത്തെ പറ്റി വിവരിക്കുന്ന ജംപൈ ശാസനത്തിലും അതിയാമാനെ പറ്റി പറയുന്നുണ്ട്. തകടൂരിനെയും കുതിരമലയെയും ഭരിച്ചിരുന്ന ഇവരിൽ പ്രധാനി നെടുമാൻ അഞ്ചിയാണ്.[27]

### 3.5.5 കാരി

തൊണ്ടൈമണ്ഡലത്തിലുള്ള തിരുക്കോവിലൂർ ദേശത്തെ ഭരിച്ച മലയമാനാടിന്റെ രാജാവാണ് കാരി. ഓരിയെ യുദ്ധത്തിൽ പരാജയപ്പെടുത്തിയ ഇവർ അതിയാമാന് കീഴ്പ്പെടുകയുണ്ടായി. 'കാരി കുതിരയെ നയിച്ച് വലിയ യുദ്ധം ജയിച്ച, മഴുപോലെ വദാന്യതയും സമരപാടവും തികഞ്ഞ മലയൻ എന്ന്, 158-ാം പുറംപാട്ട് കാരിയെ പുകഴ്ത്തുന്നു.[28]

### 3.5.6 ഓരി

കൊല്ലിമലയെ ഭരണം ചെയ്ത പ്രധാന രാജാക്കന്മാരിൽ ഒരാളാണ് ഓരി. ചേര രാജാക്കന്മാർക്ക് കപ്പം കൊടുത്ത് ഭരണം നടത്തിയ ഓരി വില്ലെയ്ത്തിൽ പ്രസിദ്ധനാണ്. തിരുക്കോവിലൂർ ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന തിരുമുടിക്കാരിയോട് തോറ്റ രാജാവാണിദ്ദേഹം.[29] സമർത്ഥനായ വില്ലാളിയായിരുന്ന ഓരിയെ 'വലിയ വില്ലുള്ള ഓരി' എന്നർത്ഥത്തിൽ 'വൻവിൽഓരി' എന്നാണ് വിളിച്ചിരുന്നത്. ദാനശീലത്തിലും അദ്ദേഹം പ്രസിദ്ധനായിരുന്നു. മഴവർ കുലത്തിന്റെ നാഥനായിരുന്നു ഓരിയെന്ന് 'മഴവർ പെരുമകൻ മാവിൽ ഓരി' എന്ന നറ്റിണയിലെ 52-ാമത്തെ പാട്ടിൽ നിന്നു മനസ്സിലാക്കാം. ചെങ്കുട്ടുവന്റെ കാലത്ത്, മലയാമാനാട് വാണിരുന്ന കാരിയുടെ സഹായത്തോടുകൂടി ചേരരാജാക്കന്മാർ ഓരിയെക്കൊന്ന് കൊല്ലിമല പിടിച്ചെടുത്തു.[30]

### 3.5.7 പേകൻ

നല്ലൂർ എന്ന മലനാടിനെ ഭരിച്ച വേളിർകുല രാജാവാണ് പേകൻ. കുളിരാൽ വിറക്കുന്ന മയിലിന് തന്റെ പുതപ്പ് എറിഞ്ഞുകൊടുത്ത രാജാവാണദ്ദേഹം.[31]

### 3.5.8 നള്ളി

തൊട്ടിമലയെ ഭരിച്ചിരുന്ന കുറുനില രാജാവാണ് നള്ളിയാവാർ. കോപ്പെരുനള്ളി എന്നാണ് ഇദ്ദേഹത്തിന്റെ മുഴുവൻ പേര്. ചേര രാജാക്കന്മാർക്ക് കപ്പം കൊടുത്ത് ഭരിച്ചിരുന്ന രാജാവാണിദ്ദേഹം.[32]

### 3.5.9 നന്നൻ

ചേരനാടിന്റെ വടക്കുപടിഞ്ഞാറുള്ള ഏഴിമലയെ കേന്ദ്രമാക്കി ഭരണം നടത്തിയിരുന്ന രാജാവാണ് നന്നൻ പഴയൻ, പിണൻ എന്നീ കുലമുഖ്യന്മാരെ പരാജയപ്പെടുത്തി നന്നൻ തന്റെ അധികാരത്തെ വ്യാപിപ്പിച്ചു. നന്നന്റെ പടത്തലവനായ മിണിലി ചേര സമാന്തനായ ആയ ഏയ്നിയെ പാഴിയുദ്ധത്തിൽ തോൽപിക്കുകയും ഇതിനുശേഷം ചേരരാജാവായ നാർമുടിച്ചേരൽ വാകൈപ്പെരുന്തുറ എന്ന സ്ഥലത്തുവച്ച് നന്നന്റെ വധിക്കുകയും ചെയ്തെന്ന് അകം 119-ാം പാട്ടിൽ പാടുന്നു. പാണിജ്യപരമായി അഭിവൃദ്ധി പ്രാപിച്ചിരുന്ന രാജ്യമായിരുന്നു നന്നന്റേത്. സംഘം കൃതികളിലെ പരാമർശങ്ങളും ഏഴിമലയിൽ നിന്നു കണ്ടെടുത്ത റോമൻ നാണയങ്ങളും ഇതിനുതെളിവുകളാണ്.[33]

### 3.5.10 നല്ലിയക്കോടൻ

മാമ്മല്ലപുരം (മഹാബലിപുരം) ദേശത്തിന്റെ ചുറ്റുമുള്ള പ്രദേശങ്ങളെ ഓയ്മനാട് എന്നാണ് വിളിച്ചിരുന്നത്. ഈ ദേശത്തെ വാണിരുന്ന രാജവാണ് നല്ലിയക്കോടൻ.[34]

### 3.5.11 പൊരുനൻ

പൊതികൈ മലയുടെ പടിഞ്ഞാറ് ഭാഗത്തുള്ള നാഞ്ചിൽ നാട് ഭരിച്ചിരുന്ന രാജാവാണ് പൊരുനൻ.[35]

### 3.5.12 പാണ്ഡ്യൻമാരൻ

പാണ്ഡ്യവംശത്തിൽപ്പെട്ട ഇദ്ദേഹം പൊതികൈമലയുടെ ചുറ്റുമുള്ള പ്രദേശങ്ങളെ ഭരിച്ചിരുന്നു. ചേരൻ ചെങ്കുട്ടുവനോട് പൊരുതി തോറ്റ രാജാവാണിദ്ദേഹം.[36]

### 3.5.13. തൊണ്ടൈമാൻ ഇളന്തികരൈയൻ

ചേഴരാജാവായ കിള്ളിവളവനും നാകനാട്ടരചിയായ പീലിവകളെക്കും പിറന്ന തൊണ്ടൈമാൻ ഇളന്തിരൈയൻ കാഞ്ചിപുരം ആസ്ഥാനമാക്കിയാണ് രാജ്യം ഭരിച്ചിരുന്നത്.[37]

### 3.5.14 പാരി

പറമ്പിക്കുളം പ്രദേശത്തുണ്ടായിരുന്ന പറമ്പിമലയെ കേന്ദ്രമാക്കി രാജ്യം ഭരിച്ചിരുന്ന കുറുനിലരാജാവാണ് പാരി. മുന്നൂറ് ഊരുകളിൽ പാരിയുടെ അധികാരതിർത്ഥി വ്യാപിച്ചിരുന്നുവെന്നും. കൃഷി ചെയ്യാതെ ഉണ്ടാകുന്ന നാലുതരം വിളവുകൾ-മുളയരിയും ചക്കപ്പഴവും വള്ളിക്കിഴങ്ങും തേനും സുലഭമായിരുന്ന നാടാണ് പറമ്പുമല എന്നും പുറം 110, 109, എന്നീ പാട്ടുകളിൽ വിവരിക്കുന്നു. കൂടാതെ മൂവേന്തരന്മൻ പാരിയെ വധിച്ചെന്നും പുറം. 122 ൽ വിവരിക്കുന്നു[38].

മൂവേന്തരന്മാരും കുറുനില രാജാക്കന്മാരും ഭരിച്ചിരിന്ന തമിഴകത്തിന്റെ ചരിത്ര സൂചനകൾ പ്രധാനമായും സംഘം കൃതികളിലെ പരാമർശങ്ങളിൽ നിന്നും മറ്റ് ചരിത്ര രേഖകളിൽ നിന്നുമാണ് കണ്ടെത്താൻ സാധിക്കുന്നത്. ഇങ്ങനെ സംഘകാലഘട്ടം നിർണ്ണയിക്കുന്നതിലൂടെ തമിഴകത്തിന്റെ പുഷ്കലകാലഘട്ട നിർണ്ണയവും കൂടി സാദ്ധ്യമാകുന്നു.

### 3.6. സംഘകാല നിർണയം

രാഷ്ട്രീയം, സാമൂഹികം, സാംസ്ക്കാരികം എന്നീ ഘടകങ്ങളിൽ തമിഴകം സംഘ കാലഘട്ടത്തിൽ അത്യുന്നതിയിലായിരുന്നു. ഈ സുവർണ്ണകാലഘട്ടത്തെ നിർണ്ണയിക്കുന്ന തിന് സംഘം കൃതികളോടൊപ്പം തന്നെ ശാസനങ്ങൾ, നാണയങ്ങൾ, സ്മാരകങ്ങൾ വിദേ ശസൂചനകൾ എന്നീ ഉപാദാനങ്ങൾ വളരെയധികം സഹായിക്കുന്നു. ഇവയിൽ നിന്നാണ് സംഘകാലത്തിന്റെ വ്യക്തമായ കാലഘട്ടം നമുക്ക് കണ്ടെത്താൻ സാധിക്കുന്നത്.

### 3.6.1 ശാസനങ്ങൾ

വാമൊഴിയുടെ ആവിർഭാവത്തിനുശേഷം സമൂഹസംസ്ക്കാരം സാമാന്യമായി വളരു മ്പോഴാണ് ഭാഷയുടെ ലിഖിതരൂപം ഉടലെടുക്കുന്നത്. ഇങ്ങനെയുണ്ടായ ആദ്യകാല ലിഖി തരൂപങ്ങളാണ് ശാസനങ്ങൾ. കല്ലുകൾ, ഓലകൾ, ചെപ്പേടുകൾ എന്നിവയിലെഴുതി വെച്ചി ട്ടുള്ള പ്രാചീന രേഖകളായ ശാസനങ്ങളിൽ ഗദ്യഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. മൂല രേഖകളായ ഇവയിൽ രാജകല്പനയോ, കരാറോ, ദാനമോ, പഴയകാലത്തുടന്ന ഏതെങ്കിലും സംഭവങ്ങളോ ആണ് പ്രമേയം. ഈ വിധത്തിലുള്ള ശാസനങ്ങളാണ് സംഘകാല ത്തിന്റെതായി കണ്ടെത്താൻ സാധിച്ചിട്ടുള്ളത്. അവ;

#### 3.6.1.1 അശോകശാസനം

അശോകചക്രവർത്തി (ബി.സി.269-232) യുടേതായിയുള്ള പതിനാല് ശാസനങ്ങളിൽ രണ്ടാ മത്തെയും പതിമൂന്നാമത്തേയും ശാസനങ്ങളാണ് സംഘകാലവുമായി ബന്ധപ്പെട്ടുള്ളത്. ഗുജറാ ത്തിലെ ഗിരിനഗരിൽ നിന്നും കണ്ടെത്തിയ അശോകന്റെ ബ്രാഹ്മിലിപിയിലുള്ള രണ്ടാം ശാസനത്തിൽ; "പ്രിയദർശന്റെ സാമ്രാജ്യമെങ്ങും, കൂടാതെ ചോഴർ, പാണ്ഡ്യർ, സത്യപുത്രർ, കേരളപുത്രർ, യവ നർ, സിംഗളർ, അന്തിയോകൻ എന്ന ഗ്രീക്ക് രാജാവ്, അന്തിയോകന്റെ അയൽ രാജ്യങ്ങൾ, എന്നിവി ടങ്ങളിലെ മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും വൈദ്യസഹായ ചെയ്യുന്നതിനുവേണ്ടി ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും വഴിയോര ങ്ങളിൽ കിണറുകൾ ഉണ്ടാക്കുന്നതിനും ഏർപ്പാട് ചെയ്തിരിക്കുന്നു.[39] രണ്ടാം നമ്പർ ശാസ നത്തിലും പതിമൂന്നാം നമ്പർ ശാസനത്തിലും അശോകൻ തന്റെ അയൽ രാജ്യങ്ങളിൽ ചെയ്യുന്ന ധർമ്മപ്രവൃത്തികളെക്കുറിച്ചാണ് പറയുന്നത്. പതിമൂന്നാം നമ്പർ ശാസനത്തിൽ, തന്റെ സാമ്രാജ്യത്തിനു പുറത്ത് നേടുവാൻ കഴിഞ്ഞ ധർമ്മവിജയത്തെക്കുറിച്ച് പ്രതിപാദിച്ചി രിക്കുന്നു. സാമ്രാജ്യാതിർത്തിയിൽ നിന്ന് 600 യോജനയോളം അകലെ കിടക്കുന്ന അന്റി യോക്കസ്, ടോളമി, അലക്സാണ്ടർ എന്നീ രാജാക്കന്മാരുടെ രാജ്യങ്ങൾവരെയും ചോഴന്മാർ, പണ്ഡ്യന്മാർ മുതൽ ശ്രീലങ്ക (താംബപണ്ണ) വരെയും ധർമ്മവിജയം കൈവരിച്ചതാണ് പതി മൂന്നാം ശസനത്തിൽ വിവരിച്ചിരിക്കുന്നത്. ഈ പരാമർശങ്ങളിൽ നിന്ന് ക്രിസ്തുവർഷാരം ഭത്തിന് മൂന്നൂറ് സംവത്സരംമുമ്പ് തമിഴകം ഒഴികെയുള്ള ഭാരതീയ ഭാഗങ്ങളിൽ ഏകീകൃത ഭരണം നടത്തിയിരുന്ന അശോകചക്രവർത്തിയുടെ പ്രത്യേകശ്രദ്ധയിൽപ്പെട്ടതും, ഒരു പ്രത്യേക സമൂ ഹമായി വളർന്നതുമായ ഭൂവിഭാഗമാണ് തമിഴകമെന്ന് മനസ്സിലാക്കാം.

#### 3.6.1.2 തിരുക്കോവിലൂർ ശാസനം

സംഘകാല കവിയായ കപിലർ വടക്കിരുന്ന് മരിച്ചതിനെ പറ്റിയാണ് ഈ ശാസന

ത്തിൽ പരാമർശിച്ചിരിക്കുന്നത്.[40]

#### 3.6.1.3 ജംപൈശാസനം

തമിഴിയിൽ എഴുതിയിരിക്കുന്ന ഈ ശാസനം വിഴുപുരം ജില്ലയിലെ തിരുക്കോയിലൂർ താലൂക്കിൽ ജംപൈ എന്ന ജൈന വിഹാര കേന്ദ്രത്തിൽ നിന്നാണ് കണ്ടെത്തിയത്. "സതിയപുതോ അതിയാൻ നെടുമാൻ അഞ്ചി ഈത്തപാളി" എന്നാണ് ഈ ശാസനം. ഇതു പ്രകാരം സതിയപുത്ര കുടുംബത്തിലെ അതിയാൻ നെടുമാൻ അഞ്ചി എന്ന രാജാവ് ജൈന സന്യാസികൾക്ക് കിടക്കുന്നതിനുവേണ്ടിയിട്ടുള്ള കൽവെട്ടികൊടുത്തതായി പറയുന്നു. ഈ ശാസനം കണ്ടെത്തിയതിനു ശേഷമാണ് അശോക ശാസനത്തിലെ 'സതിയപുത' സംഘകാലരാജാക്കന്മാരായ അതിയന്മാരെയാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമായത്.[41]

#### 3.6.1.4 പുകഴൂർശാസനം

കരൂർ ജില്ലയിലെ പുകലൂർ എന്ന സ്ഥലത്തെ ആറുനാട്ടാർ എന്ന കുന്നിൽ നിന്നാണ് പുകഴൂർ ശാസനങ്ങൾ കണ്ടെത്തിയത്. ആകെ പന്ത്രണ്ട് തമിഴ് ബ്രാഹ്മി ശാസനങ്ങളാണ് ഇവിടെയുള്ളത്. ഇതിൽ രണ്ട് ശാസനങ്ങളിൽ സംഘകാല രാജാക്കന്മാരെ പരാമർശിക്കുന്നുണ്ട്.

**ശാസനം 1**

"മുതാ അമന്നൻ യാറ്റൂർ സെങ്കായപൻ ഉറൈയ്
കോ ആതൻ സെല്ലിറുംപൊറൈ മകൻ
പെരും കടുംകോൻ ളങ്ക്
കടുങ്കോ ളങ്കോ അക അറുത്തകൽ"

(പ്രായംചെന്ന ജൈനമത വിശ്വാസിയായ ആറ്റൂർ സെങ്കാസിപന് താമസിക്കാനായി കോ ആതൻ സെല്ലിറും പൊറൈ മകൻ പെരുംകടുംകോൻ മകൻ ഇളങ്കോവിനെ ഇളയ രാജാവായി വാഴിക്കുന്ന സമയത്ത് കൊടുത്ത കല്ല്)

**ശാസനം 2**

"മുത മന്നൻ യാറ്റൂർ സെങ്കായപൻ ഉറൈയ്
കോ ആ....ൽ ലിറും പുറൈ മകൻ പെരുങ്
കടുങ്കോൻ മകൻ കടുംകോൻ ളങ്കടുങ്
കോളങ് കോ ആക അറുപിത കൽ"

പുകലൂരിൽ നിന്നും കണ്ടെടുത്ത ഈ ശാസനങ്ങളിൽ മൂന്ന് ചേരരാജാക്കന്മാരുടെ പേരുകൾ കാണുന്നുണ്ട്. ഇരുമ്പൊറൈ തലമുറയിൽപ്പെട്ട കോ ആതൻ സെല്ലിറുമ്പൊറൈ (ചേരമാൻ ചെൽവകടുംകോ വഴിയാതൻ) മകൻ പെരുംകടുംകോൻ (ചേരമാൻ പെരുഞ്ചേരലിരുമ്പൊറൈ) എന്നിവരാണവർ.[42] പതിറ്റുപ്പത്തിൽ 7, 8, 9 പത്തുകളിൽ ഇവരെ മൂവരെപറ്റിയും പുറനാനൂറിൽ ചെൽവകടുംകോവഴിയാതനെപറ്റി 14, 387 എന്നീ പാട്ടുകളിലും ചേരമാൻ തകടുരെറിന്ത പെരുംഞ്ചേരലിരുമ്പൊറൈയെപറ്റി 50, 146 എന്നീ പാട്ടുകളിലും പാടിയിരിക്കുന്നു. എ.ഡി. ആദ്യ ശതകത്തിലാണ് ഈ ശാസനത്തിൽ പരാമർശിച്ചിരിക്കുന്ന രാജാക്കന്മാരുടെ കാലഘട്ടമെന്ന് ചരിത്രകാരന്മാർ അനുമാനിക്കുന്നത്.

#### 3.6.1.5 മാങ്കുളം ശാസനം

മീനാക്ഷിപുരം ശാസനം എന്ന പേരിലും അറിയപ്പെടുന്ന ഈ ശാസനം മധുരയിൽ നിന്ന് വടക്കുകിഴക്കായി 20 കി.മി. അകലെ സ്ഥിതിചെയ്യുന്ന മാങ്കുളം എന്ന ഗ്രാമത്തിൽ നിന്നാണ് കണ്ടെത്തിയത്. ഇവിടെയുള്ള കലഇമല, ഓവുമല എന്നിവയുടെ മുകളിൽ അഞ്ച് പ്രകൃതിദത്ത ഗുഹകളുണ്ട്. ഇതിനെ തദ്ദേശവാസികൾ പഞ്ചപാണ്ഡവരുടെ കട്ടിൽ എന്നാണ് വിളിക്കുന്നത്. 1882ൽ റോബർട്ട് സെവെൽ (Robert Sewell) ആണ് ഇത് ആദ്യമായി കണ്ടെത്തുന്നത്. ഇവിടെ നിന്നു കണ്ടെത്തിയ ആറ് ശാസനങ്ങൾ സംഘകാലവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

**ശാസനം 1**

"കണിയന്ന്ത അസിറിയഇ കുവ് അൻകേ തമ്മമം
ഇത്താഅ നെടുചെഴിയൻ മന്നൻ കടലഅൻ
വഴത്തിയ കൊട്ടുപ്പ്പിത്തഅ പളിഇയ്"

നന്തശ്രീകുവൻ എന്ന ജൈന സന്യാസിക്ക് കൊടുത്ത ദാനത്തെപ്പറ്റിയാണിതിൽ പരാമർശം. ജൈനസന്യാസിമാർക്ക് സന്യാസാശ്രമം ഉണ്ടാക്കികൊടുത്തത് ഭരണ നിർവ്വഹകനായ കടലൻ വഴുതിയാണ്.

**ശാസനം 2**

"കണിയ്നന്തസിരിയ് കു അൻ അമ്മ ഈതാ നെടിഞ്ചെഴിയൻ
സാലകൻ ഈ ളഞ്ചടികൻ തന്തൈയ് ചടികൻ ചേളയപളിയ്"

ജൈന സന്യാസിയായ നന്തശ്രീകുചന് നൽകുന്ന ദാനമാണിത്. സന്യാസശ്രമം പണികഴിപ്പിച്ചത്, ഇളഞ്ചടികന്റെ പിതാവും നെടുഞ്ചെഴിയന്റെ സഹോദരി ഭർത്താവുമായ ചടികനാണെന്ന് ഈ ശാസനം പറയുന്നു.[43] മധുരയിൽ നെടുഞ്ചെഴിയൻ ഭരിക്കുന്ന സമയത്ത് ഭരണ നിർവ്വാഹകനായ കടലൻ വഴുതി കണിയന്തിയായ[44] ജൈനസന്യാസിക്ക് ഗുഹയിൽ കിടക്കാനായുള്ള കല്ല് വെട്ടി കൊടുക്കുന്നു ഇന്ന് ഇതിൽ പരാമർശിച്ചിരിക്കുന്നു.

സംഘപാട്ടുകളിൽ നിന്ന് ശാസനത്തിൽ പറയുന്ന നെടുംചെഴിയൻ തലൈയാലങ്കാനത്ത് ചെറുവെൻറ നെടുഞ്ചെഴിയൻ എന്നാണെന്ന് മനസ്സിലാക്കാം. ആലംചേരി ചാത്തനാർ എന്ന കവി ആലങ്കാനത്തിൽ യുദ്ധം ജയിച്ച നെടുചെഴിയനെ ഇപ്രകാരം പാടുന്നു.;

"കടൽ ഇയൽ നെടുന്തേർക്കൈവൺ ചെഴിയൻ
ആലങ്കനത്ത് അമർകടന്ത് ഉയർത്തുവേൽ'

(അകം-175:10-12)

'കടലൻ' എന്നത് വിളങ്കിൽ എന്ന നഗരത്തിന്റേ തലവനാണെന്ന് അകം പാട്ടിൽ 81:12-13 ൽ ഇതേ കവി തന്നെപാടുന്നു. അതുകൊണ്ട് ഓരേ കവിയിൽ പാടിയ കടലനും, തലൈയാലങ്കാനത്ത് ചെറുവൻറ നെടുഞ്ചെഴിയനും സമകാലീനരാണെന്ന് മനസ്സിലാക്കാം. കൂടാതെ കടലന്റെ വിളങ്കിലെ നഗരത്തിൽ ചേരമാൻ യാനൈക്കൺ ചെയ്മാന്ത്രഞ്ചേരലിരുമ്പൊറൈ വിജയക്കൊടി നാട്ടിയെന്നും, തന്റെ വിജയത്തെ പറ്റിപ്പാടാൻ കവിലർ ജീവനോടെ ഇല്ലെന്നും പറഞ്ഞ് ചേരാരാജവ് വിഷമിക്കുന്നുവെന്ന് പൊരുന്തിൽ ഇളംകീരന്നർ എന്ന കവി പുറം 53 ൽ പാടുന്നു. ഈ ചേരനെ തലൈയാലങ്കാനത്ത് ചെറുവിൻറ നെടുഞ്ചെഴിയൻ ജയിലിൽ പാർപ്പിച്ചെന്നും. പുറനാനൂറിലെ 17-ാം നാട്ടിലും പാടുന്നു. അകം 81, 175 പുറം 17,53 എന്നീ

നാല് പാട്ടുകളിൽ കാണുന്ന പരാമർശങ്ങളിൽ നിന്ന് കടലൻ അവന്റെ വിളങ്കിയെ ജയിച്ച ചേരമാൻ യാനെക്കൺ മാന്ത്രഞ്ചേരലിരുമ്പൊറൈ, ഈ ചേരനെ ജയിലിലടച്ച തലൈയാല ങ്കാനത്ത് ചെറുവെന്റെ നെടുഞ്ചെഴിയൻ എന്നിവർ മൂന്നുപേരും സമകാലീനരാണെന്ന് മന സ്സിലാക്കാം. അതായത് ശാസനങ്ങളുടെ കാലപ്രകാരം ബി.സി. 3-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലാണ് ഇവർ ജീവിച്ചിരുന്നതെന്ന് അനുമാനിക്കാം.

### 3.6.1.6 അഴകർശാസനം

മധുരയിൽനിന്ന് 24 കി.മി. വടക്കു അകലെ വടക്കുള്ള അഴകർ കോവിലിനരികിലാണ് ഈ ശാസനമുള്ളത്. അവിടെയുള്ള പ്രകൃതിദത്ത ഗുഹാമുഖത്തിന്റെ മദ്ധ്യഭാഗത്താണ് തമിഴ് ബ്രാഹ്മിയിലെഴുതിയ പന്ത്രണ്ട് ശാസനങ്ങളുള്ളത്. ജൈന സന്യാസികൾക്ക് കൊടുക്കുന്ന ദാനമാണ് ഇതിലെ പ്രതിപാദ്യം. എ.ഡി 9-10 കാലത്തുള്ള വട്ടെഴുത്ത് ശാസനവും അവിടെ യുണ്ട്. ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലുള്ള ഇവിടുത്തെ ഏഴാമത്തെ ശാസ നത്തിൽ കടുമാറാൻ എന്നയാൾ കൊടുത്ത ദാനത്തെപറ്റി പറയുന്നു. ഈ ശാസനത്തിന്റേ ആദ്യ ഭാഗം നശിച്ചു പോയി ബാക്കി ഭാഗം ആരംഭിക്കുന്നത് 'ഞ്' ഇൽ ആയിരിക്കാമെന്ന് ഭാഷാപണ്ഡിതർ പറയുന്നു.

"....(ഞ്)ചികഴുമാറ നതൻ താര അണിള കൊടുപിത അവൻ".

കഴുമറ നതൻ ജൈനർക്ക് കൊടുത്ത ദാനമാണ് ഇതിലെ പ്രതിപാദ്യ വിഷയം. മാഞ്ഞു പോയ ആദ്യഭാഗം ക ഴുമറനതന്റെ നാടിന്റെ പേരോ വിശേഷണമോ ആകാം. കഴുമാറൻ എന്നത് കടുമാറൻ ആണ്, തമിഴിൽ എഴുപ്പതൻ —> എടുപ്പതൽ ആകുന്നതുപോലെയാണ് 'ഴ' കാരം 'ട' കാരമായി മാറുന്നത്.[45]

സംഘസാഹിത്യത്തിൽ മാരൻ എന്ന പട്ടപേരോടുകൂടിയ മൂന്നു പാണ്ഡ്യരാജാക്കന്മാ രുണ്ട്, ഇലവന്തികൈ പള്ളിത്തുഞ്ചിയ നന്മാരൻ (പുറം. 55, 56, 57, 196, 198), കൂടാകാരത്ത് തുഞ്ചത്ത് മാരൻ വഴുതി (പുറം. 151,152), ചിത്തിരമാടത്ത് തുഞ്ചിയ നന്മാരൻ (പുറം. 59) എന്നിവരാണവർ. ഇതിലെ ആദ്യത്തെ രാജാവായ ഇലവന്തികൈ[46] ചേരിചാത്തിനാർ എന്ന കവി 'കടുമാൻമറ' എന്ന് ഇരവന്തികയെക്കുറിച്ച് പുറം 198 ൽ 27-ാമത്തെ വരിയിൽ പറയുന്നു ണ്ട്. ഇലവന്തികൈ പള്ളിതുഞ്ചിയ നന്മാരൻ താസൈ നെടുംഞ്ചെഴിയന്റെ കാലത്തും അദ്ദേ ഹത്തിന്റെ മരണശേഷവും ജീവിച്ചിരുന്നുവെന്ന് സംഘംപാട്ടുകൾ സാക്ഷ്യം വഹിക്കുന്നു. കൂടാതെ ഇലവന്തികൈയെപറ്റിയും തലയ്ങ്കാനത്ത് താസൈ നെടുചെഴിയനെപറ്റിയും നെടു നെൽവാടയിൽ നക്കീരർ പാടുന്നുണ്ട്. കൂടാതെ ചേരമാൻ മാന്ത്രഞ്ചേരലിരുമ്പൊറൈ പറ്റി പാടിയ (പുറം. 125) പേരിച്ചാത്തിനാൽ ഇലവന്തികൈയെപറ്റിയും (പുറം. 27) പാടിയിരിക്കു ന്നു. അതായത് ഈ രാജാക്കന്മാരുടെ സമകാലീനനാണ് കടുമാറൻ, കടുമാറൻ എന്ന പാണ്ഡ്യ രാജാവിന്റെ ഭരണകാലം ഈ രാജാക്കന്മാരുടെ ഭരണകാലമായ ബി.സി. രണ്ടാംനൂറ്റാണ്ടിന്റെ അവസാനവും ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമാകാം.

### 3.6.1.7 ഹത്തികുംബാശാസനം

അശോകനുശേഷം മൗര്യവംശത്തിനു കീഴിലായ കലിംഗദേശത്തിൽ ബി.സി. 176 മുതൽ 163 വരെ കാരവേലൻ എന്ന രാജാവ് ഭരിച്ചിരുന്നു. കാരവേലന്റെ പതിനൊന്നാമത്തെ ഭരണവർഷത്തിൽ അവിടെയുണ്ടായിരുന്ന നൂറ്റിപതിമൂന്നോളം വർഷം പഴക്കമുള്ള തമിഴ് സംഘത്തെ നശിപ്പിച്ചെന്നും, ഈ സംഘത്തിൽ ചേരർ, ചോഴർ, പാണ്ഡ്യർ, അതിയൻ എന്നിവർ ഉണ്ടായിരുന്നുവെന്നും അതിയാനെ പാണ്ഡ്യരുടെ കീഴിൽ കൊണ്ടുവന്നെന്നും ഈ ശാസനത്തിൽ പറയുന്നു.[47] ഈ ശാസന പ്രകാരം ബി.സി. 278 മുതൽ ബി.സി. 165 വരെ തമിഴ്സംഘം കലിംഗദേശത്തിൽ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം. മൗര്യപ്പടയോട് ചേരൻ ചെങ്കുട്ടുവനും, ആര്യപ്പടയെ ജയിച്ച നെടുഞ്ചെഴിയനും വടക്കു നിന്നുള്ള പ്രതിരോധത്തിൽ നിന്ന് തമിഴകത്തെ സംരക്ഷിച്ചവരാണ്. പരസ്പരം പോരാടിയെങ്കിലും വടക്കുനിന്നുള്ള പ്രതിരോധത്തെ നേരിടാൻ ഇവർ കൈകോർത്തിരുന്നു. ഇതിനുള്ള തെളിവുകൾ സംഘകൃതികളിൽ കാണാം. ബി.സി. രണ്ടാം നൂറ്റാണ്ടിലെ മാമൂലരാർ എന്ന കവി അകം 31-ാം പാട്ടിൽ പാടുന്ന വരികൾ ഇതിനുദാഹരണമാണ്.

1) "ചെന്റാർ അൻപുഇലർ - തോഴി! വെന്റിയൊടു......." (12)
2) "തമിഴ്കെഴു മൂവർകടക്കും"
   മൊഴിപെയർ തേ എത്ത പൽമലൈ ഇരുന്തേ" (14-15)

### 3.6.1.8 വേൾവിക്കുടിചെപ്പേട്

മധുര ജില്ലയിലെ വേൾവിക്കുടിയിൽ നിന്നാണ് ഈ ചെപ്പോട് കണ്ടെത്തിയത്. രാജാവിനെപ്പറ്റിയുള്ള സ്തുതി പാടലോടുകൂടി (മെയ്യ്കീർത്തി) ആരംഭിക്കുന്ന ഈ ചെപ്പേടിൽ ആകെ പത്ത് ഏടുകളാണുള്ളത്. ഇതിൽ ആദ്യ പുറത്തിലും അവസാനത്തെ ഏടിന്റെ പുറകിലും ഒന്നും എഴുതാതെ വിട്ടിരിക്കുകയാണ്. ചെപ്പേടിലെ അക്ഷരങ്ങൾക്ക് കോട്ടം തട്ടാതിരിക്കാനാണ് ഇപ്രകാരം ചെയ്യുന്നത്. ഇങ്ങനെ പതിനെട്ട് പുറങ്ങളിലായി നൂറ്റിഅമ്പത്തഞ്ച് വരികൾ ഉൾക്കൊള്ളുന്നു. ഇതിലെ മെയ്യ്കീർത്തി സംസ്കൃത ഭാഷാ ഗ്രന്ഥാക്ഷരത്തിലും മറ്റുള്ള ഭാഗം തമിഴ്ഭാഷ വട്ടെഴുത്തിലും എഴുതിയിരിക്കുന്നു. പാണ്ഡ്യരെക്കുറിച്ചുള്ള പ്രധാന്യം ചെന്ന ചെപ്പേടാണിത്. മെയ്യ്ക്കീർത്തിയിൽ ഏഴ് പരമ്പരയെപ്പറ്റി പറഞ്ഞിരിക്കുന്നു. ജടില പരാന്തക നെടുഞ്ചടയൻ അദ്ദേഹത്തിന്റെ 30-ാം ഭരണത്തിന്റെ മൂന്നാം വർഷം (എ.ഡി.770) എഴുതി ചെപ്പേടാണിത്. നെടുഞ്ചെടിയന്റെ കാലത്ത് ബ്രാഹ്മണർ താമസിച്ചിരുന്ന പ്രദേശവും രാജാവ് തിരിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ, ബ്രാഹ്മണർ ഈ പ്രദേശം തങ്ങൾക്ക് ദാനം കിട്ടിയതാണെന്ന് അറിയിക്കുകയും രാജാവ് ഇതിന് രേഖയുണ്ടോ എന്ന് ചോദിക്കുകയും അതിനുത്തരമായി നച്ചിങ്കൻ എന്ന ബ്രാഹ്മണൻ പാരമ്പര്യമായി കൈമാറി വന്ന ദാനരേഖകൾ രാജാവിനെ കാണിക്കുകയും അതിൽ സംഘകാലഘട്ടത്തിലെ രാജാവായ മുതുകുടുമി പെരുവഴുതി ഈ ബ്രാഹ്മണർക്ക് കൊടുത്ത ദാനമാണിതെന്ന് രാജാവിനെ ബോധ്യപ്പെടുകയും, രണ്ടാമതും ആ പ്രദേശം അവർക്കുതന്നെ ദാനമായി കൊടുക്കുന്നതുമാണ് വേൾവികുടി ചെപ്പേട്.[48] ഈ ചെപ്പേടിൽ നിന്ന് പാണ്ഡ്യരാജ്യത്തിൽ സംഘകാലത്തിനുശേഷം ഭരണമാറ്റം സംഭവിച്ചിരുന്നുവെന്ന് മനസിലാക്കാം.

### 3.6.1.9 ചിന്നമണൂർ ചെപ്പേട്

എ.ഡി. പത്താം ശതകത്തിലെ രാജസിംഹപാണ്ഡ്യന്റെ ചിന്നമണൂർ ചെപ്പേടിൽ തമിഴ് സംഘത്തിന്റെ സാമാന്യ സ്വഭാവം വിവരിക്കുന്നു;

"ഉളമിക്കതി അതനാൽ ഒണ്ടമിഴും
ഒണ്ടമിഴും വടമൊഴിയും
പൊഴുതറത്താൻ ആരായത്
പണ്ടിതരിൽ മേൽ തോൻറിയും"

അതായത് സംസ്കൃതത്തിലുള്ള കൃതികളുടെയും മനോഹരമായ തമിഴ് കൃതികളുടെയും കുറ്റങ്ങളും കുറവുകളും ബുദ്ധി, ധർമ്മ ശാസ്ത്രതത്ത്വങ്ങൾ എന്നിവ പ്രയോഗിച്ചു കണ്ടുപിടിക്കുവാൻ ചുമതലയുള്ള പണ്ഡിതസഭ പാണ്ഡ്യരാജാവ് സ്ഥാപിച്ചു എന്നാണ് ഈ ചെപ്പേടിൽ പറയുന്നത്. ഈ ചെപ്പേടിലെ വിവരങ്ങളും *മണിമേഖല*യിലെ വിവരങ്ങളും വടക്കേന്ത്യയിലെയും തമിഴകത്തിലെയും ബൗദ്ധന്മാർ തമ്മിൽ അന്നു പുലർത്തിവന്ന ഗാഢമായ ബന്ധങ്ങളും വടക്കേന്ത്യയുമായി മധുരസംഘത്തിനുണ്ടായിരുന്ന സമ്പർക്കങ്ങളുമാണ് സൂചിപ്പിക്കുന്നത്.[49]

### 3.6.2 നാണയങ്ങൾ

ഒരു രാജ്യത്തിന്റെ പുരോഗതിയെ മനസ്സിലാക്കാനുതകുന്ന മികച്ച പ്രാചീന രേഖകളാണ് നാണയങ്ങൾ. തമിഴകത്തിൽ നിന്നും കണ്ടെത്തിയ നാണയങ്ങളിൽ ഭൂരിഭാഗവും വിദേശനാണയങ്ങളാണ്.തദ്ദേശിയമായുള്ളവ കുറവാണെങ്കിലും ആമൂല്യചരിത്ര നിർമ്മാണ രേഖകളുമാണ്. ഇവയിൽ പഠന മേഖലയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട നാണയങ്ങൾ മാത്രം താഴെ ചേർക്കുന്നു;

### 3.6.2.1 പാണ്ഡ്യപ്പെരുവഴുതി

ബി.സി. രണ്ടാം ശതകത്തിലെ പാണ്ഡ്യപെരുവഴുതിയുടെ നാണയത്തിൽ തമിഴ് ബ്രാഹ്മിയിൽ പെരുവഴുതി എന്നെഴുതിയിരിക്കുന്നു. ചെമ്പിലുണ്ടാക്കിയ ഈ നാണയത്തിന്റെ ഒരു വശം ഇടതുവശം നോക്കി നിൽക്കുന്ന കുതിരയും മറുവശം രണ്ടു മീനുമാണ്.

### 3.6.2.2 ചേരർ ഇരുമ്പൊറൈ

എ.ഡി. ഒന്നാം നൂറ്റാണ്ടിലെ ചെമ്പുകൊണ്ടു നിർമ്മിതമായ ചേരൻ ഇരുമ്പൊറൈയുടെ നാണയത്തിൽ തമിഴ് ബ്രാഹ്മിയിൽ 'കൊല്ലിപ്പുറൈ' എന്ന് എഴുതിയിരിക്കുന്നു. ഈ നാണയത്തിന്റെ ഒരു വശം രാജാവ് നിൽക്കുന്നതായും ചുറ്റും കൊല്ലിപ്പുറൈ എന്ന് എഴുതിയിരിക്കുന്നു. ഇതേ കാലഘട്ടത്തിലെ മറ്റൊരു നാണയത്തിൽ 'കൊല്ലിരുമ്പൊറൈ' എന്ന് എഴുതിയിരിക്കുന്നു.

### 3.6.2.3 മാകോതൈ

എ.ഡി. മൂന്നാം നൂറ്റാണ്ടിലെ നാണയത്തിൽ ചേരരാജാവായ മാകോതൈയുടെ അർദ്ധാകാര ഒരു വശത്തും മറുവശത്ത് 'മാകോതൈ' എന്ന് തമിഴ് ബ്രാഹ്മിയിൽ എഴുതിയിരിക്കുകയും ചെയ്തിരിക്കുന്നു. വെള്ളിയിലാണ് ഈ നാണയം ഉണ്ടാക്കിയിരിക്കുന്നത്. ഇതേ

പോലുള്ള വെള്ളിയിൽ തീർത്ത എ.ഡി. മൂന്നാം നൂറ്റാണ്ടിലെ ഒരു നാണയത്തിൽ ബ്രാഹ്മി യിൽ കുട്ടുവാൻ കോതൈ എന്നും മറുവശത്ത് രാജാവിന്റെ അർദ്ധാകാരവും കാണാം.

### 3.6.2.4 ചേന്തൻ

എ.ഡി.മൂന്നാം നൂറ്റാണ്ടിലെ ചേന്തന്റെ തമിഴ് ബ്രാഹ്മിയിലെഴുതിയ നാണയത്തിൽ അതിനൻ എതിനൻ ചേന്തൻ എന്ന് ഒരു വശത്തും ആറോടുകൂടി കുന്നുള്ള ചിഹ്നം മറുവ ശത്തും ചേർത്തിരിക്കുന്നു. സംഘം കൃതികളിലുള്ള രാജാക്കന്മാരാണ് ഈ നാണയങ്ങ ളിലെല്ലാം പരാമർശിച്ചിരിക്കുന്നത്[50]. സംഘകാല നിർണയവുമായി ബന്ധപ്പെട്ട ചേരനാണയ ങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം രണ്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### 3.6.3 സ്മാരകങ്ങൾ

സംഘസാഹിത്യത്തിലെ സൂചനകളനുസരിച്ച് മഹാശിലാസ്മാരകങ്ങളാണ് അന്നു ണ്ടായവർ പിന്തുടർന്നു വന്നതെന്ന് പറയാം.[51] മൃതാവശിഷ്ടങ്ങൾ അടക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്നു.

- **കല്ലറകൾ** : (Dolmenoid Cists): മൃതാവിശിഷ്ടങ്ങൾ അടക്കം ചെയ്യുന്നതിന് ഉപയോ ഗിക്കുന്നവയാണ് കല്ലറകൾ. ഈ കല്ലറകളെ സാധാരണയായി ഒരു മൂടുകല്ലുകൊണ്ട് മൂടിയിരിക്കും, മൂടിക്ക് ദ്വാരമുണ്ടായിരിക്കും.
- **മേശക്കല്ലുകൾ**: (Capstone Flush) മൃതാവശിഷ്ടങ്ങൾ ഒരു വലിയ മൺ ഭരണിയിൽ നിക്ഷേപിച്ച് നിലത്തു കുഴിച്ചിടുകയും മീതെ ഒരു പരന്ന കല്ലുവയ്ക്കുകയും ചെയ്താൽ അതിനെ മേശക്കല്ലെന്ന് പറയും. മേശക്കല്ലിന്റെ മധ്യഭാഗത്ത് ദ്വാരം കാണാം.
- **കൽവൃത്തങ്ങൾ**: (Stone Circles): മൃതശരീരങ്ങൾ അളിഞ്ഞുപോകുന്നതിനും പക്ഷി മൃഗാദികൾ ഭക്ഷിക്കുന്നതിനും വേണ്ടി നിക്ഷേപിക്കുന്ന ശ്മശാനങ്ങളാണ് കൽവൃ ത്തങ്ങൾ.
- **കുടക്കല്ലുകൾ** : (Umbrella Stones): പരേതന്റെ അവശിഷ്ടങ്ങൾ മറവുചെയ്തതിനും മീതെ ശിലകൊണ്ടുള്ള കാലുകൾ നാട്ടി അവയ്ക്കുമീതെ വൃത്താകാരത്തിലുള്ള കൂമ്പാര കല്ല് പ്രതിഷ്ടിക്കുന്നതായാൽ അതിനെ കുടക്കല്ല് എന്നു പറയുന്നു.
- **തൊപ്പിക്കല്ല്** (Hood stones): വൃത്താകാരത്തിലുള്ള കൂമ്പാരകല്ല് നിലത്തുപതിഞ്ഞി രുന്നാൽ അതിനെ തൊപ്പിക്കല്ലെന്ന് വിളിക്കുന്നു.
- **നടുക്കൽ അഥവാ പുളിച്ചിക്കല്ലുകൾ** (Menhirs) : മൃതാവശിഷ്ടങ്ങളുടെ മീതെ നാട്ടുന്ന വലിയ ഒറ്റക്കല്ലുകളാണ് നടുക്കൽ.
- **നന്നങ്ങാടികൾ** അഥവാ **താഴികൾ** (Urnburials): പരേതന്റെ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്യുന്ന മൺ ഭരണികളാണ് നന്നങ്ങാടികൾ.

എന്നിവയാണ് പ്രധാനമായും മഹാശിലാസംസ്ക്കാരത്തിന്റേതായി നിലകൊള്ളുന്ന ത്.[52] ലഭിച്ചിട്ടുള്ള സ്മാരകങ്ങളുടെയും പുരാവസ്തുക്കളുടെയും കാർബൺഡേറ്റിങ്ങ് തുട ങ്ങിയ ശാസ്ത്രീയ അപഗ്രഥനത്തിലൂടെ ഇരുമ്പുയുഗവും മഹാശിലാസംസ്ക്കാരവും തമിഴ കത്തിൽ ആരംഭിച്ചത് 9-8 ബി.സി.യിലാണെന്ന് നിസ്സംശയം പറയാം കൂടാതെ അത് ചില മാറ്റങ്ങളോടെ ബി.സി. ഒന്നുവരെ നീണ്ടുനിൽക്കുകയും ചെയ്തു.[53]

മഹാശിലാസംസ്കാരത്തിലെ താഴി (Burial) യെക്കുറിച്ച് സംഘം കൃതികളിൽ പരാമർശങ്ങളുണ്ട്. പരന്താഴി എന്നതിനെ പറ്റി അകനാനൂറ് 29, 49, 55 കുറുന്തൊകൈ 393- യിലും മുതുക്കാടിനെ പറ്റി അകനാനൂറ് 129, 275 പുറനാനൂറിലെ 356-ാം പാട്ടിലും പരാമർശങ്ങളുണ്ട്. *മുതുക്കാട്* എന്നാൽ ശ്മശാനമാണ് (Cemetery) സംഘകാല കൃതികളിൽ സ്മാരകങ്ങളെ എപ്രകാരമാണ് വ്യവഹരിച്ചിരുന്നതെന്ന് വ്യക്തമല്ല്യ. പക്ഷേ മണിമേഖല എന്ന കൃതിയിൽ നിന്ന് ശവസംസ്ക്കാര രീതിയെക്കുറിച്ചുള്ള വ്യക്തമായ ധാരണ ലഭിക്കുന്നുണ്ട്.

ചുടുവോർ ഇടുവോർ തൊടുകഴിപ്പടുപ്പോർ

താഴ്വായിൻ അടൈപ്പോർ താഴിയിൽ കവിപ്പോർ[54] ശവം കത്തിക്കുന്നവരും, കുഴിച്ചിടുന്നവരും, കളയുന്നവരും നന്നങ്ങാടികളിൽ അടക്കുന്നവരുമുണ്ടെന്നും ഈപാട്ടുകൾ പറയുന്നു ഇതിനു സമാനമായ ഒരു പാട്ട് പുറനാനൂറിലും കാണുന്നുണ്ട്:

ഇടുക ഒൻറോ ചുടുക ഒൻറോ.

പതുവഴിപ് പടുകവെൻറോ (പുറം:239:20-21) ഇതിൽ *ഇടുക* എന്നത് ശവം കുഴിച്ചിടുന്നതിനെയും *ചുടുക* എന്നത് ശവം കത്തിക്കുന്നതിനെയും സൂചിപ്പിക്കുന്നു. ആക്രമണങ്ങളിൽ മരിച്ച യോദ്ധക്കളുടെ സ്മാരകങ്ങളാണ് നടുക്കല്ലുകൾ, നടുക്കല്ലുകളാണ് പിന്നീട് വീരക്കല്ലുകളായി മാറുന്നത്. തൊല്ക്കാപ്പിയത്തിലെ പൊരുളധികാരം. 25ൽ സ്മാരകങ്ങളെപ്പറ്റി പറയുമ്പോൾ അതിൽ *നടുകൽ*കൂടി വരുന്നുണ്ട്.

"കച്ചികാൽ കോൽനിർപാടൈ**നടുകല്ല്**.
ചിറ്റർറ്റാകു ചിറപ്പിൻ പെരുമ്പാടൈപാഴത്തൽ"

ഇപ്രകാരമുള്ള സംഘസാഹിത്യത്തിലെ സൂചനകളും കണ്ടെത്താൻ കഴിഞ്ഞ സ്മാരകങ്ങളും ഇരുമ്പുയുഗ, മഹാശിലസംസ്ക്കാരത്തിന്റെതാണ്. ബി.സി. 4 മുതൽ എ.ഡി. 4 വരെയുള്ള കാലഘട്ടങ്ങളിലുള്ളവയാണിവ.

ദക്ഷിണേന്ത്യയിലെ സ്മാരകങ്ങളെ വിശദമായി പഠിച്ച കെ.രാജൻ സംഘകാല സ്മാരകങ്ങളെ ഇപ്രകാരം തരംതിരിക്കുന്നു.

1. ആദ്യത്തെ ഘട്ടത്തിൽ (ബി.സി. അഞ്ചാംനൂറ്റാണ്ട്) മഹാശില സ്മാരകമായ 'പതുക്കൈ' (Cist/dolmen) മറവർ, കാനവർ എന്നീ വിഭാഗക്കാർ അമ്പെയ്ത്തിൽ മരിച്ചാൽ ഉണ്ടാക്കുന്നത്. (അകം. 109, 157, 215, 231)
2. രണ്ടാം ഘട്ടത്തിൽ (ബി.സി. 3-2 നൂറ്റാണ്ട്) മഹാശിലാസ്മാരകമായ നടുക്കൽ. കാലിയക്രണങ്ങളിൽ മരിക്കുന്നവർക്കുവേണ്ടി അവരുടെ മൃതശരീരം കുഴിച്ചിടുന്നതിനു മുകളിൽ നാട്ടുന്നതാണ് നടുക്കൽ. (അകം. 67, പുറം. 264)
3. മൂന്നാംഘട്ടം (എ.ഡി. 1-2 നൂറ്റാണ്ട്) സ്മാരകശിലയായ നടുക്കല്ല് ഈ കാലഘട്ടത്തിൽ വളരെക്കൂടുതൽ ഉണ്ടായി.
4. നാലാംഘട്ടത്തിൽ (എ.ഡി. 3-4 നൂറ്റാണ്ട്) ഈ കാലഘട്ടത്തിലെ നടുക്കല്ലിന് മുൻഘട്ടത്തേക്കാൾ വലിപ്പം കുറവാണ്[55]

മറവർ, കാനവർ എന്നിവരുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ സ്മാരകങ്ങളിൽ 'പതുക്കൈ'യുടെ കാലാന്തരത്തിലുള്ള രൂപാന്തരമാണ് നടുക്കല്ലായി മാറിയെന്ന് മനസിലാക്കാം. ഇങ്ങനെയുള്ള സ്മാരകങ്ങൾ അതിയാമൻ, നന്നൻ, മലയാമൻ എന്നിവർ ഭരിച്ചിരുന്ന ഇന്നത്തെ ധർമ്മപുരി തിരുവണ്ണാമല എന്നിവിടങ്ങളിൽ നിന്നാണ് കണ്ടെത്തിയിരിക്കുന്നത്.[56] അകനാനൂറിലെ 67-ാമത്തെ പാട്ടിലും ഇതിനെ സാധുകരിക്കുന്ന തെളിവുകളുണ്ട്.

### 3.6.4. വിദേശസൂചനകൾ

ഒരു രാജ്യത്തിന്റെ സാംസ്കാരികമായ അഭിവൃദ്ധിയുടെ മികച്ച ഉദാഹരണങ്ങളാണ് ആ രാജ്യത്തെപറ്റിയുള്ള വിദേശ സൂചനകൾ. വാണിജ്യവും സഞ്ചാരികളുമായുള്ള ബന്ധങ്ങൾവഴിയാണ് പ്രധാനമായും വിദേശ സൂചനകൾ ചരിത്രത്തിൽ എഴുതപ്പെടുന്നത്. പ്രാചീന തമിഴകത്തെ സംബന്ധിച്ചിടത്തോളം ഈ രണ്ടു ബന്ധങ്ങളും പ്രധാനപ്പെട്ടതാണ്. ബി.സി. നാലായിരം മുതൽക്കേയുള്ള വാണിജ്യബന്ധം തമിഴകത്തിനുണ്ട്. തമിഴത്തെക്കുറിച്ചുള്ള വിദേശ ബന്ധങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ താഴെ വിവരിക്കുന്നു;

#### 3.6.4.1. ബാബിലോണിയ

ബി.സി. 4000 ത്തിൽ സുമേറിയയുടെ രാജധാനിയും ബാബിലോണിയയുടെ തുറമുഖവുമായിരുന്ന 'ഊർ' എന്ന നഗരത്തിന്റെ അവശിഷ്ടങ്ങളിൽ നിന്ന് തമിഴകത്തിൽ നിന്ന് കയറ്റുമതി ചെയ്ത തേക്കുതടി കാണുന്ന ബാബിലോണയായിൽ നിന്നു കണ്ടെത്തിയ മസ്‌ലിൻ തുണിയിൽ 'സിന്ധു' എന്ന് എഴുതിയിരിക്കുന്നു. തുളു, കന്നഡ, സിന്ധി എന്നീ ഭാഷകളിൽ ഈ പദം തുണിയെയും തമിഴിൽ 'സിന്ധു' എന്ന പദം കൊടിയെയുമാണ് സൂചിപ്പിക്കുന്നത്. ബാബിലോണിയായിൽ നിന്നും കണ്ടെത്തിയ ഈ തുണി തെക്കേന്ത്യയിൽ നെയ്തതാകാം എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.[57] ബാബിലോണിയായിലെ നിപ്പൂരിൽ നിന്ന് കണ്ടെത്തിയ മറ്റ് രേഖകളും ദക്ഷിണേന്ത്യയുമായുള്ള ബന്ധത്തിന്റെ സൂചനകളാണ്.

#### 3.6.4.2. ഈജിപ്ത്

ബി.സി. 3000 ൽ ഈജിപ്തിലെ ദേവാരാധനയ്ക്കുള്ള സുഗന്ധദ്രവ്യങ്ങളും, വിലകൂടിയ രത്നങ്ങളും തെക്കേന്ത്യയിൽ നിന്നും കയറ്റുമതി ചെയ്തതാണ്. പിൽക്കാലത്ത് ബി. സി. 1500-1350 കാലഘട്ടത്തിൽ ദന്തത്തിൽ ഉണ്ടാക്കപ്പെട്ട ശില്പങ്ങളും തമിഴകത്തിൽ നിന്ന് കയറ്റുമതി ചെയ്തിരുന്നു.[58]

#### 3.6.4.3. ജൂതർ

ബി.സി 2000 ൽ ഹീബ്രു സന്യാസികൾ അഭിഷേകത്തിനുപയോഗിച്ചിരുന്ന തൈലത്തിൽ കറുകപ്പെട്ട ഉപയോഗിച്ചിരുന്നു. മോസസ് എന്ന രാജാവ് (ബി.സി 1490) ഈശ്വരാരധനയ്ക്ക് ഏലക്കായും പാലസ്തീനിലെ സോളമരാജാവ് (ബി.സി 962-930) ചന്ദനം, മയിൽ, കുരങ്ങ് എന്നിവയും ഉപയോഗിച്ചിരുന്നു. കൂടാതെ ഷീബാരാജ്ഞി സോളമരാജാവിന് കാഴ്ചവച്ചത് ഏലം, കറുകപ്പട്ട എന്നിവയാണ്. ബൈബിളിലെ 'തൂകി' എന്നാണ് മയൽപീലിക്ക് പകരം കൊടുത്തിരിക്കുന്ന പദം. 'തൊകൈ' എന്ന പദത്തിൽ നിന്നാണ് 'തൂകി' എന്ന പദം ഉണ്ടായത്. ഭാഷപരമായ ഈ അടുപ്പവും സൂചിപ്പിക്കുന്നത് തമിഴകത്തിന് വളരെ പണ്ടുതന്നെ ഈ രാജ്യങ്ങളോട് വാണിജ്യബന്ധം ഉണ്ടയെന്നാണ്.[59]

### 3.6.4.4. അസീറിയ

ബിസി. 727-722 കാലഘട്ടത്തിലെ അസിറിയിലെ ഷാൽമെൻകേ എന്ന രാജാവ് ഇന്ത്യയിൽ നിന്ന് ആനകളെ ഇറക്കുമതി ചെയ്തിരുന്നു. ചേരനാട്ടിൽ നിന്നാകാം ആനകളെ ഇറക്കുമതി ചെയ്തിരുന്നതെന്ന് കരുതാമെന്ന് പുരുഷോത്തം പറയുന്നു.[60]

### 3.6.4.5. നെപുസ്സെനെതർ

ജെറുസെലം നശിപ്പിച്ച് പൂതരെ കീഴ്പ്പെടുത്തിയ നെപുസ്സെനെതർ (ബി.സി. 604 -562) തന്റെ കൊട്ടാരനിർമ്മിതിക്കുവേണ്ടി ഉപയോഗിച്ച അകിൽതൂണ് (Ceder Beam) തമിഴകത്തു നിന്ന് കയറ്റുമതി ചെയ്തതാണ്.[61]

### 3.6.4.6 ഗ്രീക്ക്

ബി.സി. ആറാം നൂറ്റാണ്ടോടുകൂടി ഗ്രീക്കിലേക്ക് കയറ്റുമതി ചെയ്ത അരിചി (അരി), ഇഞ്ചിവേർ (ഇഞ്ചി), കറുവ (ലവങ്കം) എന്നിവ ഗ്രീക്ക് ഭാഷയിൽ അരുസാ, ജിഞ്ചിബേർ, കർപിയൻ എന്നിങ്ങനെ ചിലവ്യത്യാസത്തോടെ നിലനിൽക്കുന്നു. ഈ വിധമുള്ള ഭാഷാസ ്വാധീനം വാണിജ്യബന്ധം മൂലമാണ് സാദ്ധ്യമായത്.[62]

### 3.6.4.7. ടോളമി രാജാക്കന്മാർ

ബി.സി. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്ത് ഭരിച്ചിരുന്ന ടോളമി രണ്ടാമന്റെ നാണയം കരിവലംന്തനല്ലൂരിൽ നിന്നുകണ്ടെത്തിയിട്ടുണ്ട്. ബി.സി. രണ്ടാം നൂറ്റാണ്ടിൽ ഇന്ത്യയിലെ വാണിജ്യ കാര്യങ്ങളെ തിയന്ത്രിക്കാൻ ഒരു അധികാരിയെ ഇവിടെ ഏർപ്പെടുത്തിയിരുന്നു. കൂടാതെ ബി.സി. ആദ്യശതകങ്ങളിൽ ഈജിപ്തു ഭരിച്ചിരുന്ന ഷീബാരാജ്ഞി അണിഞ്ഞിരുന്ന പവിഴവും ഇവിടുന്ന് കയറ്റുമതി ചെയ്തതാണ്.[63]

എ.ഡി. ആദ്യ നൂറ്റാണ്ടുകളിൽ വിദേശങ്ങളുമായി തമിഴകത്തിനുള്ള ബന്ധം പ്രധാനമായും ചരിത്രകാരന്മാരുടെ കുറിപ്പുകളിൽ നിന്നാണ് അറിയാൻ കഴിയുന്നത്. ഈജിപ്തുഭരിച്ചിരുന്ന ടോളമിയെ കീഴടക്കിയ റോമാസാമ്രാജ്യം തമിഴകവുമായുള്ള വ്യാപാരബന്ധം കൈയ്യടക്കുകയും വ്യാപാരാലോകത്ത് അവരുടെ മേൽക്കോയ്മ വർദ്ധിപ്പിക്കുകയും ചെയ്തു. ഭൂമിശാസ്ത്ര യാത്രകാരിൽ നിന്നും, വാണിജ്യ സഞ്ചാരികളിൽ നിന്നുമുള്ള കുറിപ്പുകളിൽ നിന്നും യാത്രാരേഖകളിൽ നിന്നുമാണ് തെക്കേ ഇന്ത്യയും മറ്റ് ഇന്ത്യൻ ദേശങ്ങളും തമ്മിലുള്ള വാണിജ്യബന്ധം എപ്രകാരമായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

### 3.6.4.8. സ്ട്രാബോ

ബി.സി. 64 മുതൽ എ.ഡി 21 വരെ ജീവിച്ചിരുന്ന ഭൂമിശാസ്ത്രകാരനാണ് സ്ട്രാബോ. റോമാസാമ്രാജ്യത്തിന്റെ യുവരാജാവായി ആഗസ്റ്റസ് കിരീടധാരണം ചെയ്യുന്ന സമയത്ത് പാണ്ഡ്യരാജ്യത്തിൽനിന്ന് റോമിലേക്ക് ഒരു ദൂതനെ അയച്ചെന്നും, പാണ്ഡ്യരാജ്യത്തിന്റെ രാജധാനി ആദ്യം 'കൊർക്കൈ' എന്ന സ്ഥലത്തായിരന്നുവെന്നും പിന്നീട് മധുരയിലേക്ക് മാറ്റിയെന്നും, ആർമസ് തുറമുഖത്തിൽ നിന്ന് 120 പടക്കപ്പലുകൾ ചേരതുറമുഖത്തെ ലക്ഷ്യം വച്ച് പോകുന്നുവന്നു അദ്ദേഹത്തിന്റെ ഭൂമിശാസ്ത്രഗ്രന്ഥത്തിൽ കുറിക്കുന്നു.[64]

### 3.6.4.9 പ്ലിനിയസ് സെക്കൻഡൻസ്

എ.ഡി. 77 ൽ എഴുതപ്പെട്ട പ്ലിനിയുടെ യാത്രാക്കുറുപ്പിൽ, ഇന്ത്യയിൽ എത്തിച്ചേരാനുള്ള എളുപ്പവഴി കണ്ടുപിടിച്ചതിനുശേഷം വർഷംതോറും സമുദ്രയാത്രകൾ നടന്നിരുന്നുവെന്നും, ഒസിലസ് എന്ന സ്ഥലത്തു നിന്ന് പുറപ്പെട്ട് 40 ദിവസത്തിനകം മുസിരിയിൽ എത്തിച്ചേരാമെന്നും കച്ചവടം ചെയ്ത് ഡിസംബർ മാസം ഈജിപ്തിനെ ലക്ഷ്യം വച്ച് തിരിക്കാമെന്നും പറയുന്നു. മുസരിയെ ഭരിച്ചിരുന്നത് ചേരർ ആയിരുന്നുവെന്നും, ബരക്കെ എന്ന് വിളിക്കുന്ന തുറമുഖം നെയാസിണ്ടി എന്ന നാട്ടിലുള്ളതാണെന്നും ഈ നാടിന്റെ രാജാവായ പാണ്ഡ്യൻ ഈ തുറമുഖത്തിൽ നിന്ന് വളരെ അകലെയുള്ള മധുരയിലാണ് താമസിക്കുന്നതെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു. കൂടാതെ കൊട്ടാരയിൽ നിന്നും തോണിയിൽ കുരുമുളക് ബരക്കെയിലേക്ക് കൊണ്ടുവരുന്നുവെന്നും ഇന്ത്യയിൽ നിന്ന് എത്തിച്ചേരുന്ന ചരക്കുകൾ നൂറ് മടങ്ങ്വിലയിൽ റോമിൽ വിറ്റഴിക്കുന്നുവെന്നും, ഓരോ വർഷവും ഇന്ത്യയുമായുള്ള വാണിജ്യത്താൽ അഞ്ചരക്കോടി ചെസ്ടർ പണം വിദേശനാണ്യമായി ലഭിക്കുന്നുവെന്നും പ്ലിനിതുടർന്ന് പറയുന്നു[65].

### 3.6.4.10 പെരിപ്ലസ് എറിത്രയൻസി

തെക്കേ ഇന്ത്യയിലേക്ക് കടലിലൂടെയുള്ള യാത്രമാർഗ്ഗം വിവരിക്കുന്ന ഗ്രന്ഥമാണിത്. ഏസി. 80 ൽ എഴുതപ്പെട്ട ഈ ഗ്രന്ഥത്തിന്റെ കർത്താവാരെന്ന് വ്യക്തമല്ല. ഈ കൃതിയിൽ, ദമരിക്കയി (തമിഴകം)ലുള്ള ചേരപുത്രരുടെ നാട്ടിലുള്ള മുചിരി, പാണ്ഡ്യ നാട്ടിലുള്ള നെൽക്കിണ്ടാ എന്നിവിടങ്ങളിൽ നിന്ന് കുരുമുളക് സുഗന്ധദ്രവ്യങ്ങൾ, ഔഷധസസ്യങ്ങൾ, മുത്ത്, മണി, ദന്തം, പട്ട് ആമത്തോട് മുതലായവ കാവേരി പൂമ്പട്ടത്തിലുള്ള കമാര, പൊതുക, പുതുച്ചേരി, ചോപട്ടണം[66] എന്നിവിടങ്ങളിൽവച്ച് റോമാകപ്പലിൽ ഏറ്റികൊണ്ടു പോകുന്നുവെന്നും, ഭാരതത്തിന് ദമരികെ (തമിഴകം) ആരിയകേ എന്നു രണ്ടു പിരിവുണ്ടെന്നും കുമരി മുനമ്പിലെ ക്ഷേത്രാചാരങ്ങളെപ്പറ്റിയും ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു.[67]

### 3.6.4.11 ക്ലൗഡിയസ് ടോളമേയ്സ്

എ.ഡി. 95-162 കാലഘട്ടത്തിൽ അലക്സാണ്ട്രിയയിൽ ജീവിച്ചിരുന്ന ടോളമിയുടെ സഞ്ചാരഭൂമിശാസ്ത്രത്തിൽ നിന്നും തമിഴകത്തിലെ ദേശങ്ങളുടെ ഏകദേശചിത്രം ലഭിക്കും മുംബൈ മുതൽ കന്യാകുമാരി നീണ്ടുകിടക്കുന്നതും ഭാരതീയ പുരാണങ്ങളിൽ പശ്ചിമഘട്ടത്തിന് സഹ്യൻ എന്നു പേര് പറയുന്നതുപോലെ ടോളമിയുടെ ഭൂപടത്തിൽ 'ബെത്തിഗോ' എന്നാണ് പശ്ചിമഘട്ടത്തിന് കൊടുത്തിരിക്കുന്ന പേര്. തമിഴകത്തിന് ലമിരികെ (ദമരികേ) എന്ന് പേരിട്ട് ഇതിനു പടിഞ്ഞാറേ തീരത്ത് കേരോബോത്രോസ് (കേരളപുത്രർ) എന്ന രാജ്യത്തെ രാജാവും, പാണ്ഡ്യസാമന്തൻ ആയ്, (അയർ, യാദവർ) വംശരാജാവും അന്നു ഭരിച്ചിരുന്നു, തിണ്ടിസ്, തുണ്ടി (തൊണ്ടി, ബ്രഘര (തിരുനാവായ്), കാക്കലക്കറിയാസ് (ചാവക്കാട്), മുസ്സരീസ്, മുയിരക്കോട് (അഴീക്കോട്-കോട്ടപ്പുറം) സോ (സ്ത്ര) ദോസ് തോമേ നദീ തുറമുഖത്തുള്ള തുറമുഖം (വരാപ്പുഴ) പൊദോപേരും (തൃപ്പൂണുത്തുറ) ശെംനേ (വൈക്കം താലൂക്കിലെ ചെമ്പിൽ) കോറൈയൂരായ കോട്ടയത്തെ കുമരകം ബൈക്കരൈ (പുറക്കാട്) ഇവയത്രേ അന്നത്തെ കേരളത്തിലെ കടലോര നഗരങ്ങളായി ടോളമി പറയുന്നത്. കേരളപുത്രരാജ്യം (ചേരസാമ്രാജ്യം) മഞ്ചേശ്വരത്തിന് അല്പം വടക്കുള്ള കാസറഗോഡ് താലൂക്കിന്റെ ഉത്തരാ

തിർത്തി മുതൽക്കു അന്നു പമ്പാനദി കടലിൽ വീണിരുന്ന സ്ഥലത്തുള്ള നഗരമായ ബെക്കരെ വരെ നീണ്ടു കിടന്നിരുന്നു. കന്യാകുമാരി മുതൽ പാലൂർ കലിംഗപട്ടണം) വരെയുള്ള ദക്ഷിണേന്ത്യയുടെ പൂർവ്വ തീരദേശത്ത് തെക്കുനിന്ന് വടക്കോട്ടായി, തമിഴ്നാട്ടിലെ അഞ്ച് രാജ്യവംശങ്ങളെ ടോളമി വിവരിക്കുന്നുണ്ട്.[68] ഇപ്രകാരം തമിഴകത്തിലെ നാടുകളിലെ വിവരണങ്ങൾ വ്യക്തമായി ചേർത്തിരിക്കുന്നു.[69]

### 3.6.4.12 പ്യൂട്ടിംഗർ ടേബിൾ[70]

റോമൻ കച്ചടവടക്കാര് ഉപയോഗിച്ചിരുന്ന റോഡ് മാപ്പായ പ്യൂട്ടിംഗർ ടേബിൾ എ.ഡി. നാലാം നൂറ്റാണ്ടിലാണ് നിർമ്മിച്ചതെങ്കിലും എ.ഡി രണ്ടു മുതലുള്ള വിവരങ്ങൾ ഇതിലടങ്ങിയിരിക്കുന്നുവെന്ന് കരുതുന്നു. ഗ്രീക്കുകാരും റോമക്കാരും കേരളത്തിൽ സ്ഥിരമായി താമസിച്ചിരുന്നുവെന്ന് മനസ്സിലാക്കാവുന്ന സൂചനകൾ പ്യൂട്ടീംഗർ ടേബിളിലുണ്ട്. ഈ ഭൂപടത്തിൽ ദിമിരികെ (തമിഴകം) എന്ന ഭാഗത്ത് തുണ്ടിസ്, മുസരിസ് എന്നീ സ്ഥലനാമങ്ങൾക്കു പുറമേ ബ്ലിൻക, കൊട്ടിയാര എന്നിങ്ങനെ ചില സ്ഥലങ്ങൾകൂടി കാണിച്ചിട്ടുണ്ട്.[71] കൂടാതെ അഗസ്റ്റീസിന്റെ ഒരു ക്ഷേത്രവും മുസ്സരിസിനടുത്ത് നിലനിന്നിരുന്നുവെന്നും ഈ ഭൂപടം സൂചിപ്പിക്കുന്നു.[72]

## 3.7. സംഘകാലഘട്ടം

മേൽപറഞ്ഞ ഉപാദനങ്ങളിൽ നിന്ന് ബി.സി. അവസാനം മുതൽ എ.ഡി. ആദ്യഘട്ടം വരെ തമിഴകം സാമ്പത്തികവും സാംസ്കാരികവുമായ ഭൗതികസാഹചര്യങ്ങൾ നേടിയതായി കാണാം. ഈയൊരുസാഹചര്യം "സമുദായ ശരീരം സോന്മേഷം പ്രവർത്തിക്കുമ്പോൾ മുഖത്തു പ്രത്യക്ഷപ്പെടുന്ന പ്രസന്നഭാവമാണ് കല"[73] എന്നതിനുദാഹരണമാണ്. അതായത് സമൂഹത്തിലുണ്ടാകുന്ന ഉയർച്ചയാണ് സാഹിത്യത്തിലും പ്രകടമാകുന്നതെന്നർത്ഥം. ഇതിനു മികച്ച ദൃഷ്ടാന്തമാണ് സംഘസാഹിത്യം. ഇങ്ങനെ സംഘസാഹിത്യത്തെ മുൻനിർത്തിയാണ് ഈ കാലഘട്ടത്തെ നിർണ്ണയിക്കുന്നതെന്ന് മാത്രം. സംഘകാലം എന്നതുകൊണ്ടുദ്ദേശിക്കുന്നത് സംഘകൃതികളുടെയും അതിൽ പ്രതിപാദിക്കുന്ന സമൂഹത്തിന്റെയും കാലഘട്ടമാണ് സംഘകാലത്തെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായക്കാരാണ്. പ്രധാനമായും സംഘകൃതികളിലെ പാട്ടുകൾ പാടപ്പെട്ടകാലം, പാട്ടുകൾ സമാഹരിക്കപ്പെട്ട കാലം, സംഘകൃതികളുടെ കാലം എന്നിങ്ങനെ രചനാപരമായ മൂന്നുഘട്ടങ്ങൾ സംഘം കൃതികളുമായി ബന്ധപ്പെട്ടുവരുന്നവയാണ്. വർഷത്തിലെ ആദ്യത്തെ മൂന്ന് നൂറ്റാണ്ടുകളാണ് സംഘകാലമെന്ന് ഡോ. എസ്.കൃഷ്ണസ്വാമി അയ്യങ്കർ, പ്രൊഫ.നീലകണ്ഠശാസ്ത്ര കനകസഭ, ശേഷയ്യർ തുടങ്ങിയവർ അഭിപ്രായപ്പെടുന്നു. കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇന്ത്യ (Cambridge History of India) ഇതേ അഭിപ്രായം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എ.ശ്രീധരമേനോൻ ക്രിസ്തുവർഷാരംഭം മുതലുള്ള അഞ്ച് നൂറ്റാണ്ടുകൾസംഘകാലഘട്ടമായി പറയുന്നു. പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള എ.ഡി. അഞ്ചും ആറും നൂറ്റാണ്ടുകളെയാണ് സംഘകാലമായി കരുതുന്നത്. പി.കെ. ഗോപാലകൃഷ്ണൻ ഏ.ഡി. 50 മുതൽ 350 വരെയുള്ള കാലമാണ് സംഘകാലമായി സൂചിപ്പിക്കുന്നത്.[74] ക്രിസ്ത്വാബ്ദത്തിന്റെ ആരംഭത്തിലെ മൂന്ന് ശതകങ്ങൾ തമിഴ് സാഹിത്യത്തിലെ അഗസ്ത്യൻയുഗമായി കാണുകയാണ് വി. എ. സ്മിത്ത് ചെയ്യുന്നത്.[75] പുരാവസ്തുതെളിവുകളുടെ അടിസ്ഥാനത്തിൽ സംഘം കൃതികൾ ക്രിസ്തുവർഷത്തിന്റെ

ആദ്യത്തെ മൂന്ന് ശതകങ്ങളിൽ ആയിരിക്കാമെന്ന് ടി.പി. മീനാക്ഷിസുന്ദരം അഭിപ്രായപ്പെടുന്നു.[76] സംഘകാലം ക്രിസ്തുവർഷം ആദ്യ ശതകങ്ങളിലായിരുന്നുവെന്ന് നീലകണ്ഠശാസ്ത്രി രേഖപ്പെടുത്തുന്നു[77]. മേലുദ്ധരിച്ച സംഘകാല ഉപാദാനങ്ങളെ മുൻനിർത്തി സംഘകാലം ബി.സി. മൂന്നിനും ഏ.ഡി. മൂന്നിനും ഇടയിലാണെന്ന് പറയാം.

- ബി.സി. മൂന്നാം നൂറ്റാണ്ടിലെ അശോകശാസനം, ഈ ശാസനത്തിൽ പറയുന്ന മൂവേന്തന്മാരും, സതിയപുത്രരും സംഘകൃതികളിൽ പരാമർശിക്കുന്നവയാണ്.

- ബി.സി. മൂന്നാം ശതകത്തിലെ തമിഴ് ബ്രാഹ്മിയിലെഴുതിയ പാണ്ഡ്യപെരുവഴുതിയുടെ നാണയം. ഇദ്ദേഹം സംഘകൃതികളിൽ പറയുന്ന രാജാവാണ്. കൂടാതെ രണ്ടാം ശതകത്തിലെതന്നെ മാങ്കുളം ശാസനത്തിൽ നെടുഞ്ചെഴിയൻ എന്ന പാണ്ഡ്യരാജാവിനെ പരാമർശിച്ചിരിക്കുന്നു തലൈങ്കാനത്ത് പാണ്ഡ്യരാജാവാണദ്ദേഹം.

- ബി.സി. ഒന്നാം നൂറ്റാണ്ടിലെ അഴകർ മലശാസനത്തിൽ പുറം 55, 56, 67, 196, 198 എന്നീ പാട്ടുകളിൽ വിശദീകരിക്കുന്ന ഇലവന്തികൈ പള്ളിത്തഞ്ചിയ നന്മാരനെന്ന പാണ്ഡ്യരാജാവിനെ പരാമർശിച്ചിരിക്കുന്നു.

- സംഘം കൃതികളിൽ പ്രതിപാദിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക സാമൂഹിക സ്ഥിതിഗതികളും സ്ഥലങ്ങളും എ.ഡി. ഒന്ന് രണ്ട് നൂറ്റാണ്ടുകളിൽ ദക്ഷിണേന്ത്യസന്ദർശിച്ച പ്ലിനി, ടോളമി എന്നീ സഞ്ചാരികളുടെ വിവരങ്ങളിൽ സ്ട്രാബോ തുടങ്ങിയ ഭൂമിശാസ്ത്രകാരന്മാരുടെ കുറുപ്പുകളും തമ്മിൽ അത്ഭുതകരമായ സദൃശം കാണുന്നു.

- മാങ്കുളം ശാസനങ്ങളിൽ ഒന്നിൽ പറയുന്ന നെടുഞ്ചെഴിയന്റെയും ചേരൻ ചെങ്കുട്ടുവന്റെയും സമകാലിനനാണെന്ന് ഗജബാഹു സിംക്രോണിയത്തിൽ പറയുന്നു. കൂടാതെ ചേരരാജാവായ ചെങ്കുട്ടവൻ പത്തിനിപ്രതിഷ്ഠ നടത്തിയപ്പോൾ സന്നിഹിതനായിരുന്ന വിദേശ രാജാക്കന്മാരുടെ കൂട്ടത്തിൽ സിലോണലെ ഗജബാഹുരാജാവും ഉണ്ടായിരുന്നതായി ചിലപ്പതികാരത്തിലും പറയുന്നു. ഗജബാഹുവിന്റെ കാലം രണ്ടാം നൂറ്റാണ്ടാണെന്ന് പാലിഗ്രന്ഥമായ 'മഹാവംശ'ത്തിൽ നിന്ന് മനസ്സിലാക്കാം.

- കരൂരിലെ പുകലൂരിൽ നിന്നു കണ്ടെടുത്ത ശാസനങ്ങളിൽ ചേര രാജവംശത്തിലെ ഇരുമ്പൊറൈ വംശത്തെയാണ് വിവരിക്കുന്നത്. തമിഴ്ബ്രാഹ്മിയിലുള്ള ഈ ലിഖിതം ഏ.ഡി. രണ്ടാംനൂറ്റാണ്ടിലെ മൂന്നാം നൂറ്റാണ്ടിലോ എഴുതപ്പെട്ടതാണെന്ന് കരുതുന്നു. മാത്രമല്ല ബി.സി. അഞ്ച്-ഏഴ് നൂറ്റാണ്ടുകളിലെ ശവസംസ്ക്കാര രീതിയായ 'പതുക്കൈ' മൂന്ന്, രണ്ട് നൂറ്റാണ്ടുകളിലെ 'നടുക്കൽ', എ.ഡി. ഒന്ന് രണ്ട് നൂറ്റാണ്ടുകളിലെ മറ്റ് സ്മാരകങ്ങളും സംഘകാലനിർണ്ണയത്തിന് സഹായിക്കുന്നവയാണ്.

കൂടാതെ ഏഡി.നാലാം നൂറ്റാണ്ടിനു മുമ്പുള്ള രാജാക്കന്മാരാണ് സംഘം കൃതികളിൽ പരാമർശിച്ചിരിക്കുതെന്ന് കാണാം. ഏറ്റവും ഒടുവിലത്തെ രാജാവായി പരാമർശിച്ചിരി

ക്കുന്നത് കണൈക്കാൽ ഇരുമ്പാറൈയൊണ്. ചെങ്കാണൻ ചോളരാജാവാണ് അദ്ദേഹത്തെ യുദ്ധത്തിൽ തോൽപിച്ചത്. ചെങ്കാണനുശേഷമുള്ള ചോളരാജാക്കന്മാർ ആരുംതന്നെ സംഘം കൃതികളിൽ പ്രത്യക്ഷപ്പെടുന്നില്ല. കാഞ്ചിയിൽ പല്ലവരാജവംശം അധികാരത്തിനു വരുന്നതിനു തൊട്ടു മുമ്പായിരുന്നു ചെങ്കാണന്റെ കാലം. വീരകുർച്ചൻ എന്ന പല്ലവമുഖ്യൻ നാഗരാജകുമാരിയെ വിവാഹം ചെയ്തതോടുകൂടിയാണ് പല്ലവർക്കു രാജാധികാരം സംസിദ്ധമായത്. വീരകുർച്ചനെ തുടർന്ന് വിഷ്ണുഗോപൻ പല്ലവരാജാവായി. വിഷ്ണുഗോപൻ സമുദ്രഗുപ്തന്റെ സമകാലിനനായിരുന്നുവെന്ന് അഹമ്മദാബാദ് ശാസനത്തിൽ നിന്ന് മനസ്സിലാക്കാം. സമുദ്രഗുപ്തന്റെ ദക്ഷിണദിഗ്‌വിജയം ഏ.ഡി.നാലാം നൂറ്റാണ്ടിന്റെ പ്രഥമ പാദത്തിലും ആയിരുന്നെന്നും ഊഹിക്കാം. അതിന് തൊട്ടുമുമ്പ് ചോഴരാജ്യം ഭരിച്ചിരുന്ന ചെങ്കാണൻ ഏ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആയിരിക്കണം ജീവിച്ചിരുന്നത്. ചെങ്കാണനുശേഷമുള്ള യാതൊരു രാജാവിനെക്കുറിച്ചും സംഘം കൃതികളിൽ പരാമർശമില്ലാത്തതിനാൽ 350നപ്പുറം സംഘകാലത്തെ വലിച്ചുനീട്ടുന്നത് യുക്തിപൂർവ്വമായിരിക്കുകയില്ല കൂടാതെ നിരവധി കാർബൺ ഡേറ്റിംഗ് പഠനങ്ങളും ഇതിനെ സാധൂകരിക്കുന്നു[78]. ചരിത്രത്തെ ഇത്രമാത്രം ഉൾക്കൊള്ളുന്ന സംഘ സാഹിത്യത്തിന്റെ കാലം ബി.സി. മൂന്നിനു ഏ.ഡി. മൂന്നിനു ഇടയ്ക്കാണെന്ന് പറയാം. മറ്റേതെങ്കിലും നിഗമനത്തിന് അശോകശാസനമോ മറ്റ് ഉപാദാനങ്ങളോ ഇടനൽകുന്നില്ല.

### 3.8. സംഘം

സംഘം എന്നാൽ ഇക്കാലത്തെ അക്കാദമിയെന്നോ വിദ്വത്സദസ്സെന്നോ പറയാവുന്ന പണ്ഡിത സഭയാണ്. 'സംഘം' എന്ന് ആദ്യമായി പരാമർശിക്കുന്നത് മണിമേഖലയിലാണ്.

"പുലം പുരിസംഘം പൊരുളൊടുമുഴങ്ക"

(മണി. തുയിൽ എഴുപ്പിയഗാഥ-114)

കൂടാതെ മധുരയിൽ ഇളവയിനിയുടെ കാലത്തിൽ കവികൾ ഒത്തുകൂടി തങ്ങളുടെ പുതിയകൃതികളെ പരിചയപ്പെടുത്തിയെന്ന് 'കലിത്തൈകൈ'ൽ

"നിലൻനാവിൽതിരിരും നിൻമാടക്കൂടലാർ
പുലൻനാവിൽ പിറന്തചൊൽ പുതിതു ഉണ്ണും പൊഴുതൻേറാ"

(കലി. 35: 17,18)

- എന്ന് പാടുന്നുണ്ട്. പണ്ഡിതസഭ അംഗീകരിച്ച കൃതികൾ മാത്രമേ സംഘകാലത്ത് പാടുവാനോ പ്രസിദ്ധീകരിക്കാനോ കഴിയുകയൊള്ളൂ. ഇങ്ങനെയുള്ള സംഘം പാട്ടുകൾ ദർബാർ, കൊട്ടാരങ്ങൾ, മന്റങ്ങൾ, വീഥികൾ, ഭക്ഷണം തരുന്ന ഇല്ലങ്ങൾ, വയൽ, പാസറൈ (യുദ്ധം ചെയ്യുന്നവർ തങ്ങുന്ന സ്ഥലം) പോർക്കളങ്ങൾ എന്നീ ഇടങ്ങളിൽ കവികൾ, പാണർ, കൂത്തർ മുതലായ സംഗീത നാടകകലാകാരന്മാരാലും പാടിയിരുന്നുവെന്ന് പത്തുപ്പാട്ടിലെ ആറ്റുപ്പട പാട്ടുകളിൽ നിന്നും, പുറനാനൂറ്, പതിറ്റുപ്പത്ത് എന്നീ കൃതികളിൽ നിന്നും മനസ്സിലാക്കാം. എട്ടുത്തൊകൈ, പത്തുപ്പാട്ട് എന്നീ കൃതികൾ സംഘകാലത്തെ ആയിരക്കണക്കിന് പാട്ടുകളിൽ കണ്ടുകിട്ടിയ ചിലതിന്റെ സമാഹാരം മാത്രമാണ്. സംഘകാലഘട്ടത്തിൽ പാട്ട്, ഉരൈ, നൂൽ, വായ്മൊഴി, പിച്ചി, അങ്കതം, മുതുചൊൽ എന്നീ ഏഴ് സാഹിത്യഭാഗങ്ങളുണ്ടെന്ന് തൊല്ക്കാപ്പിയർ പറയുന്നു.

"പാട്ടു, ഉരൈ, നൂലേ, വായ്മൊഴി പിചിയേ

അങ്കതം മുതുചെല്ലോടു അവ ഏഴ്നിലത്തും
വൺപുഴ് മൂവർ തൻപൊഴിൽ വരൈപ്പിൻ
താർപെയർ എല്ലൈ അകത്തവൾ വഴങ്ങും
യാപ്പിൻ വയിയതു എൻ മാനാർ പുലവർ”
(തൊൽ. ചെയ്യുൾചൊൽ:75)

ഇതുപ്രകാരം, *പാട്ട്* എന്നത് പത്തുപ്പാട്ടിലും എട്ടുത്തൊകൈയിലുമുള്ള അകം പുറം പാട്ടുകളാണ്. *ഉരൈ* എന്നാൽ വ്യാഖ്യാനങ്ങളാണ്, *നൂൽ* സാഹിത്യകൃതികളാണ്, വാസ്തു ശാസ്ത്രം, ജ്യോതിശാസ്ത്രം, തത്ത്വശാസ്ത്രം എന്നീ കൃതികളും ഇതിൽ ഉൾപ്പെടുന്നു. *വായ്മൊഴി* എന്നത് മന്ത്രങ്ങളാണ്, *പിച്ചി* എന്നത് കെട്ടുകഥകളും *അങ് കതം* എന്നത് പസൈ സാഹിത്യം അഥവാ ആക്ഷേപസാഹിത്യവും *മുതുമൊഴി* പഴമൊഴി പഞ്ചതന്ത്രം എന്നിവയു മാണ്. ഇവയെല്ലാം സാഹിത്യഭാഷയിൽ എഴുതണമെന്നും അങ്ങനെയല്ലാത്തവയും ഇവ യിൽ കാണാമെന്നും തൊല്ക്കാപ്പിയർ പറയുന്നു.

പത്തൊമ്പതാം നൂറ്റാണ്ടുവരെ അജ്ഞാതമായിരുന്ന സംഘസാഹിത്യകൃതിളെപലതും തെരഞ്ഞെടുത്ത് പ്രസിദ്ധപ്പെടുത്തിയതിൽ പ്രധാനി ഉ.വെ.സ്വാമിനാഥയ്യരാണ്. ഇദ്ദേഹത്തിന്റെ ചിലപ്പതികാര പതിപ്പിൽ ഒരു തമിഴ് സംഘ ലക്ഷണകൃതിയായ *ഇറൈനാർ അകപ്പൊരുളി*നു മൂന്നാം സംഘാന്ത്യകവിയായ മധുരക്കാരനായ നക്കീരൻ എഴുതിയ വ്യാഖ്യാനത്തിൽ ഉദ്ധരി ച്ചിട്ടുള്ളതും തമിഴ് സംഘ ഐതിഹ്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു പഴയപ്പാട്ടും ചേർത്തി രിക്കുന്നു. ഏ.ഡി. ഒമ്പതാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതായി വിശ്വസിക്കപ്പെടുന്ന *‘ഇറൈനാർ അകപ്പൊരുൾ’* എന്ന കൃതിയിലാണ് സംഘത്തെപ്പറ്റി വിശദമായ പ്രസ്താവമുള്ളത്. എ.ഡി.7 -ാം നൂറ്റാണ്ടിലെ *‘തേവാരം’* എന്ന സ്തോത്രകൃതികളിലും സംഘത്തെപറ്റിയ പരാമർശമു ണ്ട്. *ഇറൈനാർ അകപ്പൊരുളി*ന്റെ വ്യാഖ്യാനപ്രകാരം പാണ്ഡ്യരാജാക്കന്മാർ സ്ഥാപിച്ചവയും മൂന്ന് കാലഘട്ടങ്ങളിൽ മൂന്നു വ്യത്യസ്ത കേന്ദ്രങ്ങളിൽ പ്രവർത്തിച്ചിരുന്നതുമായ മൂന്ന് ‘തമിഴ് സംഘങ്ങൾ’ ഉണ്ടായിരുന്നു. അവ തലൈചങ്കം (ആദ്യസംഘം), ഇടൈചങ്കം (രണ്ടാംസം ഘം), കടൈ ചങ്കം (മൂന്നാംസംഘം അഥവാ അവസാനസംഘം) എന്നിവയാണ്.

### 3.8.1 ആദ്യസംഘം

പഹ്റുളി നദിയും മലകളുമുണ്ടായിരുന്ന ‘കുമരിക്കോട്’ എന്ന ഭൂഭാഗം ഇപ്പോഴത്തെ കന്യാകുമാരിക്ക് തെക്കുവശമുണ്ടായിരുന്നു. പിൽക്കാലത്ത് കടലിൽ മുങ്ങിപ്പോയ ഈ പ്രദേ ശത്തിലുണ്ടായിരുന്ന തെന്മധുര എന്ന നഗരത്തിലാണ് ആദ്യത്തെ സംഘം നിലവിലിരുന്ന ത്. കായ്ചിനവഴുതി തുടങ്ങി കടുങ്കോൻ വരെ 89 പാണ്ഡ്യരാജാക്കന്മാരാണ് മുതൽ സംഘം അഥവാ തലൈ ചങ്കത്തിന് സംരക്ഷണം നൽകിയത്. അഗസ്ത്യൻ, ശിവപെരുമാൾ, മുരു കൻ, മുരഞ്ചിയൂർ മുടിനാകരായർ തുടങ്ങി 549 പണ്ഡിതന്മാർ അംഗങ്ങളായിരുന്ന ഈ സംഘ ത്തിൽ 4449 കവികൾ സ്വന്തം കൃതികൾ ഈ സംഘത്തിനുമുമ്പാകെ പരിശോധനയ്ക്കു സമർപ്പി ച്ചിരുന്നു. 4440 വർഷം നീണ്ടുനിന്ന ഈ സംഘത്തിന്റേതായി *ആഗസ്ത്യം* എന്ന വ്യാകരണ ഗ്രന്ഥത്തോടൊപ്പം *പെരുമ്പരിപാടൽ, മുതുനാരൈ, കുരുക, കളരിയാവിരൈ* എന്നീ കൃതിക ളുമുണ്ടായിരുന്നു. പക്ഷേ ഈ കൃതികളെല്ലാം നഷ്ടപ്പെട്ടുപോയി.

### 3.8.2. രണ്ടാംസംഘം

തെന്മധുര കടലിൽ മുങ്ങിയപ്പോൾ, ആ നഗരത്തിൽ നിന്നു വടക്കോട്ടുമാറി സ്ഥിതി ചെയ്തിരുന്ന 'കവാടപുരം' രണ്ടാം സംഘത്തിന്റെ ആസ്ഥാനമായിമാറി. 3700 വർഷം നീണ്ടുനിന്ന ഈ സംഘത്തിന് വെൺടേർ ചെഴിയൻ മുതൽ മുടത്തിരുമാരൻ വരെ 59 പാണ്ഡ്യരാജാക്കന്മാരാണ് സംരക്ഷണം നൽകിയത്. അഗസ്ത്യൻ, തൊല്ക്കാപിയമുനി, ഇരുന്തൈയൂരിലെ കരിങ്കോഴിമോചി വെള്ളൂർ കാപ്പിയൻ, ചിറുപാണ്ടു രംഗൻ, മധുരാചാര്യൻ മാറൻ, ദ്വാരാവതി നാട്ടിലെ പ്രഭു, കീരൻ തന്ത തുടങ്ങി 59 പണ്ഡിത കവികളായിരുന്നു രണ്ടാംസംഘത്തിലെ അംഗങ്ങൾ 3700 കവികൾ തങ്ങളുടെ കൃതികൾ പരിശോധനയ്ക്കായി ഈ സംഘത്തിനു മുന്നിൽ വച്ചു. അഗസ്ത്യർ, തൊല്ക്കാപ്പിയർ, ഇരുന്തയൂർ കരിങ്കോഴി, വെള്ളുക്കാപ്പിയൻ, ചിറുപാണ്ടുരംഗൻ, തിലൈൻമാരൻ, തുപരൈക്കോരൻ കീരന്തൈ എന്നീ കവികളും *ആഗസ്ത്യം, തൊൽക്കാപ്പിയം* (വ്യാകരണം) *മാപുരണം, ഭൂതപുരാണം, ഇസൈനുണുക്കം* (സംഗീതകൃതി), *കുരുക്, വെണ്ടാലി, വ്യാഴമലൈ, അകവരം* എന്നീ കൃതികളും രണ്ടാംസംഘത്തിന്റെതായുണ്ടായിരുന്നു. പക്ഷേ ഈ കൃതികളും നഷ്ടപ്പെട്ടുപോയി.

### 3.8.3 മൂന്നാം സംഘം

കവാടപുരം കടലിലാണ്ടുപോയപ്പോൾ, ഇപ്പോഴത്തെ മധരപട്ടണത്തിൽ മൂന്നാം സംഘം നിലവിൽ വന്നു. മുടത്തിരുമാറൻ മുതൽ ഉഗ്രപെരുവഴുതി വരെ 49 പാണ്ഡ്യരാജാക്കന്മാർ 'കടൈചങ്ക' ത്തിനു സംരക്ഷണം നൽകി. 1850 വർഷക്കാലം നീണ്ടുനിന്ന ഈ സംഘത്തിൽ ചിറുമേതാവിയർ, ചേന്തം പൂതനാർ, അറിവുടൈയരനാർ, പെരുംകുന്റൂർ കിഴാർ, ഇളം തിരുമാറൻ, മതുരൈ ആചിരിയർ നല്ലന്തുവനാർ, മരുതനിലനാകനാർ, കണൈക്കായനാർ മകൻ നക്കീരനാർ തുടങ്ങി 50 പണ്ഡിതന്മാരുണ്ടായിരുന്ന ഈ സഭയിൽ 449 കവികൾ തങ്ങളുടെ കവിതകൾ അവതരിപ്പിച്ചു അംഗീകാരം നേടി. അഗസ്ത്യം, തെല്ക്കാപ്പിയം എന്നീ വ്യാകരണ കൃതികളും, *നെടുംതൊകൈ, കുറുന്തൊകൈ, നറ്റിണൈ, പുറനാനൂറ്, അകനാനൂറ്, പതിറ്റുപ്പത്ത്, കുറുങ്കലിത്തൊകൈ, കൂത്ത്, വരി, ചിറ്ററിസൈ, പേരിസൈ* എന്നീ കൃതികളും ഈ സംഘത്തിന്റെതായുള്ളതാണ്. ഇവയിൽ എട്ടുത്തൊകൈ, പത്തുപ്പാട്ട് ഗണത്തിൽപ്പെട്ട കൃതികളാണ് കണ്ടെത്തി സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. അതായത് മൂന്നാം സംഘം പരിശോധിച്ച് അംഗീകരിച്ചവയാണ് സംഘസാഹിത്യം എന്ന പേരിലറിയപ്പെടുന്ന മുപ്പത്താറു കൃതികൾ. മധുര മീനാക്ഷി ക്ഷേത്രത്തിൽ പിന്നീടു നിർമ്മിക്കപ്പെ 'സംഘത്താർക്കോവിൽ' ഈ അവസാന സംഘത്തിന്റെ സ്മാരകമാണ്.[79]

"ആദ്യത്തെ രണ്ടു സംഘങ്ങൾ വാസ്തവത്തിൽ ഉണ്ടായിരുന്നതായി തോന്നുന്നില്ല. എന്നാൽ 'കടൈചങ്കം' ക്രി.മു രണ്ടാം ശതകത്തിലോ മറ്റോ അങ്കുരിക്കുകയും ക്രി.പി. നാലാം ശതത്തിന്റെ അവസാനം വരെ, ഉദ്ദേശം അറുനൂറു വർഷത്തോളം അഭിവൃദ്ധമായി സമുല്ലസിക്കുകയും ചെയ്തുവെന്ന് ഊഹിക്കുവാൻ ന്യായങ്ങളുണ്ട്. ബുദ്ധമതത്തിന്റെയും ജൈനമത്തിന്റെയും ആക്രമണത്തോടും, കാഞ്ചിയിലെ പല്ലവരാജവംശത്തിന്റെ അഭ്യുന്നതിയൊടും കൂടി പ്രസ്തുത സംഘം നാമാവശേഷമായി" എന്ന് ഉള്ളൂർ പ്രസ്താവിച്ചിരിക്കുന്നു.[80] സംഘ ഐതീഹ്യത്തിലെ ഈ ഭീമൻ സംഖ്യകൾ യുക്തിരഹിതമാണെന്നാണ് പല ശാസ്ത്രചരിത്രഗവേഷണകരും കണ്ടെത്തുന്നത്. എന്നാൽ കേസരി ബാലകൃഷ്ണപിള്ള, അദ്ദേഹത്തെ

തുടർന്ന് മേലങ്ങത്ത് നാരായണൻകുട്ടിയും കല്പഗണിതമുപയോഗിച്ച് ഈ ഭീമൻ വർഷങ്ങളെ കണക്കുകൂട്ടാൻ ശ്രമിക്കുകയുണ്ടായി. ഇവർ, "പ്രഥമ സംഘം നിലനിന്നതായി പറയുന്ന 4449 വർഷം 10 ദിവസം വീതമുള്ള ഒരു തരം പ്രാചീന വർഷമാകുന്ന ഇത് 137 സാധാരണവർഷംവരും, ദ്വീതിയ സംഘം നിലനിന്നിരുന്നുവെന്നതിലെ വർഷം മറ്റൊരുതരം 15 ദിവസവർഷപ്രയോഗമത്രേ. ഇത് 81 സാധാരണ വർഷം വരും. ഇപ്രകാരം മൊത്തം മൂന്നു സംഘങ്ങൾ മധുരയിൽ നിലനിന്നിരുന്നത് 319 വർഷമാണെന്ന് കാണാം"[81] എന്നു പറയുന്നു. ഈയൊരു കണക്കുകൂട്ടലിനെ സാധുകരിക്കുന്ന ശാസ്ത്രീയമായ തെളിവുകൾ നമുക്ക് ഇന്നും അന്യമാണ്. അതുമാത്രമല്ല ഈ രീതിയിലുടെയുള്ള കണക്കുകൂട്ടലുകളോടെ ഇവർ സംഘകാലം എ.ഡി. 498-817 ആണെന്ന് കണ്ടെത്തുകയും ചെയ്യുന്നു.[82] ഈ കാലഘട്ടവും തെളിവുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ സംഘകാലഘട്ടവും താരതമ്യം ചെയ്യുമ്പോൾ തീർത്തും അനുചിതമാണെന്ന് വ്യക്തമാണ്.

### 3.9. സംഘസാഹിത്യം

നാടിന്റെ മുക്കിലും മൂലയിലും നാനാനഗരങ്ങളിലും ജീവിച്ചുകൊണ്ടാണ് പണ്ടുകാലത്തെ കവികൾ സാഹിത്യരചനയിലേർപ്പെട്ടിരുന്നത്. എണ്ണമറ്റ ഈ കൃതികൾ അവരുടെ വീടുകളിലും കൊട്ടാരങ്ങളിലും സൂക്ഷിക്കപ്പെട്ടിരുന്നു. പനയോലത്താളുകളിൽ എഴുതിവച്ചിരുന്ന, നശിച്ചുപോകുവാൻ സാദ്ധ്യതയുള്ള ഈ കൃതികളെ സംരക്ഷിക്കേണ്ടത് എങ്ങനെ എന്ന ചിന്ത എ.ഡി. 2-ാം നൂറ്റാണ്ടോടെയാണുണ്ടായത്. രാജാക്കന്മാരും കവികളും ഇതിനു വേണ്ടി ശ്രമിച്ചതിന്റെ ഫലമാണ് എട്ടുത്തൊകൈ എന്ന പേരിൽ ഒറ്റക്കവിതകൾ മാത്രമടങ്ങിയ എട്ടുഗ്രന്ഥങ്ങളും പത്തുപ്പാട്ട് എന്ന നീണ്ട പത്തുകാവ്യങ്ങളുടെ സമാഹാരവും. ഇവയാണ് സംഘസാഹിത്യമെന്ന് സാമാന്യമായി പറഞ്ഞുവരുന്നത്.

സംഘസാഹിത്യത്തിലെ കാവ്യവിഷയങ്ങളെ സംബന്ധിച്ച് ലക്ഷണം ചെയ്തിട്ടുണ്ട്. പ്രേമസങ്കല്പങ്ങളടങ്ങിയ സാഹിത്യത്തിന് *അകം* എന്നും, വീരചരിതം, ദാനം, കീർത്തി എന്നിവ പരാമർശിക്കുന്ന സാഹിത്യവിഭാഗത്തിന് *പുറം* എന്നും പറയുന്നു. *അകം* കവിതകളിൽ സങ്കല്പപാത്രങ്ങളായ നായികനായകന്മാരുടെ പ്രണയമാണ് മുഖ്യപ്രമേയം. *പുറം* കവിതകളിൽ രാജ്യം ഭരിച്ചിരുന്നവരുന്നവരുടെ/ഭരിക്കുന്നവരുടെ ധീരസാഹസിക പ്രവൃത്തികളും ദാനശീലവും പ്രജകളിലെ പ്രധാനികളുടെ അപൂർവ്വ പ്രവർത്തനങ്ങളും മറ്റും കാവ്യവിഷയമായിത്തീരുന്നു. പൊതുവിൽ *അകം* കവിതകൾ മാനസിക വ്യാപാരാധിഷ്ഠിതവും *പുറം* കവിതകൾ യഥാർത്ഥ സംഭവത്തെ ആസ്പദമാക്കിയുള്ളതുമാണെന്നു പറയാം. ഇങ്ങനെയുള്ള കൃതികൾ പ്രകൃതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഗ്രാമജീവിതങ്ങളിൽ നിന്ന് ജനിച്ച വാമൊഴി കഥകളും പാട്ടുകളും നാടകങ്ങളും സംഘകൃതികളിലെ പ്രേമജീവിതത്തിന് പ്രമേയമായി സ്വീകരിച്ചവയാണ്. ഗ്രാമീണരുടെ, പ്രകൃതിയുമായി ബന്ധപ്പെട്ട ജീവിതവും തൊഴിലും നാടോടി സാഹിത്യത്തിൽ ഇതിവൃത്തങ്ങളായിരുന്നു. മല, കാട്, വയൽ, കടൽ ഇവയുടെ ഭംഗിയും സവിശേഷതകളും ഈ കൃതികളിൽ വർണ്ണിച്ചിരിക്കുന്നു പ്രകൃതി വിഭവങ്ങളും തൊഴിലും ജീവിതത്തിനു വേണ്ടിയാണ്, അതിനാൽ പ്രേമജീവിതമാണ് പ്രേമവികാരമാണ് ആ കവിതകളിലെ ഇതിവൃത്തം, അഥവാ 'ഉരിപ്പൊരുൾ'. മനുഷ്യജീവിതത്തിന്റെ ഭാഗമായ മരം, മൃഗം, തൊഴിൽ, പക്ഷി എന്നിവ 'കറുപ്പൊരുൾ' എന്നറിയപ്പെടുന്നു.

ആ ജീവിതത്തിന്റെ പശ്ചാത്തലമായ ഭൂരിഭാഗവും കാലവും 'മുതൽപ്പൊരുൾ' എന്നറിയപ്പെടുന്നു. വ്യത്യസ്തഭൂപ്രദേശങ്ങളിൽ ഭൂപ്രകൃതിക്കനുസൃതമായ തൊഴിലും പ്രകൃതിവിഭവങ്ങളും, ആചാര ക്രമങ്ങളുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഓരോ പ്രദേശത്തുണ്ടായ പാട്ടുകളും വ്യത്യസ്തമായിത്തീർന്നു. ഈ വിധമുള്ള നാടോടിപ്പാടുകളാണ് സംഘം കവിതകളിലൂടെ കുറുഞ്ചി, മുല്ല, പാല, മരുതം, നെയ്തൽ, എന്നീ അഞ്ച് നിലങ്ങളിൽ/തിണയിൽപ്പെട്ട കാവ്യങ്ങളായി വികസിച്ചത്. പിന്നീട് പ്രകൃതിയുടെ സവിശേഷ സാഹചര്യം വരുന്ന ഈ പാട്ടുകളിൽ അത് കാവ്യവിഷയമനുസരിച്ചുള്ള ലക്ഷണമായും സൗന്ദര്യമായും മാറി.

### 3.9.1. ഐന്തിണകൾ

ഇന്നത്തെ മധുര-രാമനാഥപുരം-തിരുനെൽവേലി-കന്യാകുമാരി പ്രദേശങ്ങൾ ഉൾപ്പെട്ട പാണ്ടിനാട്ടിലാണ് ഐന്തിനെ ഭൂവിഭജനദൃശ്യം പൂർണ്ണമായും കണ്ടുവരുന്നത്. ചേര ചോഴ ദേശങ്ങളെ അപേക്ഷി മലകൾ കൂടുതൽ ഉണ്ടെന്നതാവാം ഇതിനു കാരണം. ഭൂമിശാസ്ത്രപരമായി നാലുതിണകളും ചേരനാട്ടിലുണ്ടെങ്കിലും പ്രായേണ പാലൈനില കുറവാണ്.

#### 3.9.1.1. കുറിഞ്ഞി നിലം

കാടുംമലയും മലയോര പ്രദേശങ്ങളും ചേർന്ന പ്രദേശമാണ് കുറുഞ്ഞിനിലം. വേടരും കുറവരും നിവാസികളായ ഈ പ്രദേശത്തെ ഈശ്വരൻ മുരുകനാണ്. വേൽ, അമ്പ്, വില്ല് എന്നീ ആയുധങ്ങളും ഇലകൾ, തഴ, മരവുരി എന്നിവകൊണ്ടുള്ള വസ്ത്രങ്ങളും ഉപയോഗിച്ച ഇവരുടെ ഭക്ഷ്യവിഭവങ്ങൾ കായ്കനികളും കിഴങ്ങുവർഗ്ഗങ്ങളും കൃഷി ഇഞ്ചി,മഞ്ഞൾ, അവര എന്നിവയുമായിരുന്നു. കൂടാതെ തിനയും അഞ്ചുവിധമുള്ള മലനെല്ലുകളും അവർ കൃഷിചെയ്തിരുന്നു. വേട്ടയാടലും മലഞ്ചെരുവിലെ കൃഷിയും, തേനട ശേഖരിക്കലും, മൃഗങ്ങളെ കെണിവെച്ചുപിടിക്കലും നാടുകാവലുമായിരുന്നു പ്രധാനതൊഴിൽ. കാവ്യത്തിൽ സംഭോഗ ശൃഗാരവും (പുണർതൽ) അതിന്റെ നിമിത്തങ്ങളുമായിരുന്നു കുറിഞ്ഞിത്തിണയിലെ പ്രതിപാദ്യം.

#### 3.9.1.2 മുല്ലനിലം

കാടും കാടിനോടുചേർന്ന പുൽമേടുകളും ചേർന്ന പ്രദേശമാണിത്. മുല്ലനിലത്തെ പ്രധാനജനവിഭാഗം ഇടയരായിരുന്നു. ആടുമാടുകളെ മേയ്ക്കൽ, കോഴിവളർത്തൽ, നീർവ ഉവുള്ള ചില പ്രദേശങ്ങളിൽ വരവക്, ചാമ പയറുവർഗ്ഗങ്ങൾ, എള്ള് മുതലായവയാണ് അവർ കൃഷി ചെയ്തിരുന്നത്. പാൽ, തയിര്, മോര്, വെണ്ണ എന്നിവ മുഖ്യഭക്ഷ്യോത്പന്നങ്ങളായിരുന്നു. കറവ, പാൽ കടച്ചിൽ, തൈർ മോർ വില്പനകമ്പിളിവസ്ത്രം നെയ്ത്ത് എന്നിവ മുല്ലനില സ്ത്രീകളുടെ പ്രധാന തൊഴിലായിരുന്നു ഇവിടുത്തെ ഈശ്വരൻ വിഷ്ണുവാണ്, ഈ നിലത്തിലെ വീരവിനോദം കാളപ്പോരുമായിരുന്നു. മുല്ലത്തിണയിലെ കാവ്യത്തിൽ പിരിഞ്ഞ നായകൻ വരും വരെ നായിക കാത്തിരിക്കുന്നതും അതിന്റെ കാരണവുമാണ് വിഷയം.

#### 3.9.1.3 പാലനിലം

വിളവുകളൊന്നുമില്ലാത്ത വരണ്ടഭൂമിയാണ് പാലനിലം. കട്ടപ്പാറകളും, സാഹസികരും യുദ്ധവീരന്മാരുമായ മറവരുമാണ് ഇവിടത്തെ നിവാസികൾ, ഇവരെ തേവർ എന്നാണ്

അറിയപ്പെടുന്നത്. വഴിപോക്കരെ ആക്രമിച്ചും പിടിച്ചുപറിച്ചും നാട്ടുപട്ടാളത്തിലും ചാവേർപടയിലും മറ്റും ചേർന്നും മറ്റ് നിലങ്ങളിൽ നിന്ന് ആട് മാടുകളെ കവർച്ചചെയ്തു ജീവിക്കുന്നവരാണിവർ. യുദ്ധദേവതയായ വനദേവതയാണ് ഇവരുടെ ദേവത. വിരഹവും അതിന്റെ നിമിത്തവുമാണ് പാലത്തിണയിലെ കാവ്യവിഷയം.

### 3.9.1.4 മരുതനിലം

നീരൊഴുക്കുള്ള തോടുകളും പാടങ്ങളും പുഴകളും താമരപൊയ്കയും ചേർന്ന സുന്ദരമായ പ്രദേശമാണ് മരുതം. നാഗരികത തികഞ്ഞവരായിരുന്ന ഈ പ്രദേശത്തെ ജനവിഭാഗം. കരിമ്പ്കൃഷി, പഞ്ചസാര, ശർക്കര തുടങ്ങിയവ നിർമ്മിക്കൽ എന്നിവ ഇവിടുത്തുകാരുടെ പ്രധാന തൊഴിലായിരുന്നു. സമൃദ്ധിയുടെ ഫലമായി കലാബോധമുള്ള ജനതയായിരുന്ന ഇവരുടെ ദേവൻ ഇന്ദ്രനായിരുന്നു. ആഡംബരവും ആനന്ദ ജീവിതവും നയിച്ചിരുന്ന ഇവരിൽ വിടരും, വേശ്യകളും സാധാരണമായിരുന്നു. പ്രണയകലഹവും അതിന്റെ നിമിത്തവും മരുതത്തിണയിലെ കാവ്യവിഷയമാണ്.

### 3.9.1.5. നെയ്തൽ

കടലോരഭൂമിയാണ് നെയ്തൽനിലം. മീൻപിടുത്തം, മീനെണ്ണ കാച്ചിയെടുക്കൽ, മുത്തുവാരൽ, ഉപ്പുകാച്ചൽ, ശംഖെടുക്കൽ എന്നിവയാണ് ഇവരുടെ പ്രധാന തൊഴിലുകൾ. കടലിന്റെ അധിപനായ വരുണനായിരുന്നു നെയ്തൽ നിലവാസികളുടെ ഈശ്വരൻ. ആമത്തോട്, കക്ക, ചിപ്പി എന്നിവ ശേഖരിക്കൽ, തോണികൾ, ശംഖുവളകൾ, കളിപ്പാട്ടങ്ങൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയവയ്ക്കാണ് നെയ്തൽ നിലത്തുകാർ പ്രാമുഖ്യം നൽകിയത്. ഇവിടുണ്ടാക്കിയിരുന്ന വിഭവങ്ങൾ മരുത നിലത്തിലുള്ളവർക്ക് വിറ്റിരുന്നു. വിരഹിണിയായ നായിക തനിച്ചിരുന്ന് വിലപിക്കുന്നതും അതിന് കാരണങ്ങളെപ്പറ്റിയിട്ടുള്ളതുമാണ് ഈ തിണയിൽ കാവ്യവിഷയമായി വരുന്നത്.

ഈ അഞ്ചു തിണകളിലെ പ്രകൃതിയുമായി കാവ്യമനസ്സിനെ കൂട്ടിയിണക്കിയാണ് സംഘകാല കവികൾ പാട്ടുകൾ രചിച്ചിരുന്നത്. ഒരു പ്രേമസംഭവം സങ്കല്പിച്ചു വർണ്ണിക്കുമ്പോൾ അകം കവിതകളിൽ നായകന്റെ പേരോ, വീട്ടുപേരോ പറഞ്ഞുപടിയിരുന്നില്ല. എന്നാൽ പുറം കവിതകൾക്ക് ഈ പ്രശ്നമുണ്ടായിരുന്നില്ല. ധീരതയേയും ദാനത്തേയും വിവരിക്കുമ്പോൾ നായകന്റെ പേര് പറയേണ്ടിടത്ത് അദ്ദേഹത്തിന്റെ പ്രശസ്തിക്ക് അത്യാവശ്യമാണ്. വീരം, ദാനം എന്നിവ പ്രസ്താവിക്കുന്ന പുറം കവിതകളിൽ പൊതുവായ നായക സങ്കൽപമില്ല. പേരും കുലവും രേഖപ്പെടുത്തി ഇന്ന രാജാവിന്റെ ധീരപ്രവൃത്തി ഇന്ന ധർമ്മിഷ്ഠന്റെ ദാനശീലം എന്ന് അറിയത്തക്കവിധം കവിതകൾ എഴുതുന്നു. അങ്ങനെ പുറം കവിതകൾ പ്രാചീന രാജാക്കന്മാർ, ജനനായകന്മാർ മുതലായവരുടെ ജീവിത സംഭവങ്ങൾ വിവരിക്കുന്നതാകയാൽ ചരിത്ര രചനയ്ക്ക് സഹായകവുമാണ് പുറം കവിതകൾ. പ്രമേയം രസാത്മകമായി അവതരിപ്പിക്കുന്നു എന്നല്ലാതെ കാല്പനികതയ്ക്ക് ഇവിടെ പരിധിയുണ്ട്.[83]

യുദ്ധം മുതലായവ വർണ്ണിക്കുന്ന പാട്ടുകളിൽ എഴുതിണകളെ തരംതിരിച്ച് പാടുന്ന കീഴ്വഴക്കം ഉണ്ടായിരുന്നു[84]. അവ; ശത്രു രാജ്യത്തിലെ പശുക്കളെ കവർന്ന് യുദ്ധത്തിന്

പ്രാരംഭം കുറിക്കുന്നതാണ് *വെടിച്ചിതിണ*യുടെ പ്രമേയം, നാടുവെട്ടിപ്പിടിക്കുന്നതിനുള്ള ശരിയായയുദ്ധമാണ് *വഞ്ചിതിണ*യുടെ വിഷയം. ശത്രു രാജാവിന്റെ കോട്ടവളഞ്ഞ് പിടിച്ചെടുക്കുന്നതാണ് *ഉഴിഞ്ഞതിണ*. കോട്ടയിലല്ലാതെ പരന്ന മൈതാനത്തിൽ വച്ച് ആക്രമിച്ചെത്തുന്ന ശത്രുവിനെ സൈന്യസമേതം ചെന്നെതിർത്ത് നശിപ്പിക്കുന്നതാണ് *തുമ്പിത്തിണ*. യുദ്ധവിജയമാണ് *വാകത്തിണ*യിൽ പ്രതിപാദിക്കുന്നത്. *പാടാൺതിണ*യുടെ വിഷയം ദേവസ്തുതിയും രാജ പ്രശസ്തിയുമാണ്. ഇഹലോകവിജയത്തിന്റ നശ്വരതയാണ് *കാഞ്ചിത്തിണ*യിൽ വിവരിക്കുന്നത്. അകം പാട്ടുസാഹിത്യത്തിലും പ്രണയത്തെക്കുറിച്ചുള്ള അഞ്ചുതിണകൾക്കൊപ്പം കൈക്കിള, പെരുന്തിണ എന്നീ രണ്ടുതിണകളും ചേർത്ത് ഏഴുതിണകളുണ്ടെന്ന അഭിപ്രായം നിലവിലുണ്ടെന്ന് മു. വരദരാജൻ രേഖപ്പെടുത്തുന്നു.[85] *കൈക്കിളയും പെരുന്തിണയും* താണതരം അനുരാഗത്തെ കുറിച്ചുള്ള പാട്ടുകളാണ്. സ്ത്രീപുരുഷന്മാരിൽ ഒരാൾക്കു മാത്രമുണ്ടാകുന്ന ഏകപക്ഷീയ പ്രണയമാണ് *കൈക്കിള*. പരസ്പരസമ്മതമില്ലാതെയുള്ള വേഴ്ചയാണ് *പെരുന്തിണ*[86]. ഇങ്ങനെ ചിട്ടപ്പെടുത്തിയ *അകം*തിണകൾ ഏഴും *പുറം*തിണകൾ ഏഴും കൂട്ടിയിണക്കിപ്പാടിയിട്ടുള്ളവയാണ് സംഘം കവിതകൾ.

### 3.9.2 എട്ടുത്തൊകൈ

473ഓളം കവികൾ പാടിയിരിക്കുന്ന ചെറുതും വലുതുമായ 2387ഓളം ഖണ്ഡകാവ്യങ്ങൾ അടങ്ങിയ എട്ടുകൃതികളുടെ സമാഹാരമാണ് എട്ടുത്തൊകൈ. 'തൊകൈ' എന്നാൽ സമാഹാരം എന്നാണർത്ഥം. പാട്ടുകളിലെ വിഷയസ്വഭാവമനുസരിച്ചാണ് എട്ടുകൃതികളായി തരംതിരിച്ച് സമാഹരിച്ചിരിക്കുന്നു. അവ ഒരു പഴയ പാട്ടിൽ പാടിയിരിക്കുന്നത് ഇങ്ങനെയാണ്;

"നറ്റിണൈ, നല്ല കുറുന്തൊകൈ ഐങ്കുറുനൂറ്
ഒത്ത പതിറ്റുപ്പത്തു, ഓങ്കുപരിപാടൽ
കാറ്ററിന്താർ ചൊല്ലും കലിയോടും, അകം, പുറം, എന്റു
ഇത്തിറത്ത എട്ടുത്തൊകൈ[87], അതായത്, നറ്റിണ, കുറുന്തൊക, ഐങ്കുറുനൂറ്, പതിറ്റുപത്ത്, കലിത്തൊക, പരിപാടൽ, അകനാനൂറ് പുറനാനൂറ്, എന്നിവയാണവ. ഇതിൽ 'അകം' വിഭാഗത്തിൽ *നറ്റിണൈ, കുറുന്തൊക, ഐങ്കുറുനൂറ്, കലിത്തൊക, അകനാനൂറ്* എന്നീ അഞ്ച് കൃതികളും '*പുറം*' വിഭാഗത്തിൽ *പുറനാനൂറ് , പതിറ്റുപത്ത്* എന്നീ രണ്ടു കൃതികളും *പരിപാടൽ* അകം പുറം കലർന്നുവരുന്ന കൃതിയുമാണ്.

#### 3.9.2.1 നറ്റിണൈ

നൽ+തിണയാണ് നറ്റിണ, നല്ല ദേശം, നല്ല സംസ്ക്കാരം എന്നീ അർത്ഥങ്ങളാണ് നറ്റിണയ്ക്ക് കല്പിക്കാവുന്നത്. മംഗളശ്ലോകം ഉൾപ്പെടെ 401 അകവൽ[88] പാട്ടുകൾ ഇതിലുണ്ട്. 7 വരി മുതൽ 13 വരെയുള്ള ആകെ 192 പാട്ടുകൾ ഇതിലടങ്ങിയിരിക്കുന്നു. ഇതിൽ പാടിയിരിക്കുന്ന ഏഴ് കവികളുടെ പേരുകൾ അജ്ഞാതമാണ്. പൺനാട് പാണ്ഡ്യൻ മറൻ വഴുതി എന്ന പാണ്ഡ്യരാജാവാണ് ഈ പാട്ടുകൾ ശേഖരിക്കാൻ നിർദ്ദേശം നൽകിയത്. ഈ കാവ്യങ്ങൾ സമാഹരിച്ച പണ്ഡിതരാരാണെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. ഈ കൃതിയിലെ ഏഴ് കവികളുടെ പേരറിയാത്തതുകൊണ്ട് അവരുടെ കവിതകളിലെ സൂചനകളെ മുൻനിർത്തി അവയ്ക്ക് യഥാക്രമം വണ്ണപ്പുറക്കന്തരത്താർ, മലൈയനാർ, തനിമകനാർ, വിഴിക്കൺ പേതൈ പെരുംക്കണ്ണുനാർ, തുമ്പിച്ചേക്കിനാർ, തേയ്പുരി പഴങ്കൈറ്റനാർ, മടൽ പാടിയമാതങ്കീരനാർ

എന്നിങ്ങനെ പേര് കൊടുത്തിരിക്കുന്നു. നറ്റിണയിൽ 7 വരിയുള്ള ഒരുപാട്ട്, 8 വരിയുള്ള ഒരു പാട്ട്, 9 വരികളുള്ള 106 പാട്ടുകൾ, 10 വരികളുള്ള 96 പാട്ടുകൾ, 11 വരികളുള്ള 110 പാട്ടുകൾ, 12 വരികളുള്ള 77 പാട്ടുകൾ, 13 വരികളുള്ള 8 പാട്ടുകളാണുള്ളത്. ഇവയുടെ തിണ സ്വഭാവ മനുസരിച്ച് കുറിഞ്ചി തിണയിൽ 130 പാട്ടുകളും പാലത്തിണയിൽ 107 പാട്ടുകളും നെയ്തൽത്തി ണയിൽ 101 പാട്ടുകളും മരുതം തിണയിൽ 33 പാട്ടുകളും മുല്ലത്തിണയിൽ 28 പാട്ടുകളുമാണ് അടങ്ങിയിരിക്കുന്നത്. മിക്ക സംഘം കൃതികൾക്കും കടവുൾ വാഴത്തു (ഈശ്വരവന്ദനം) രചിച്ചിട്ടുള്ള ഭാരതം പാടിയ പെരുംതേവനാരാണ് തറ്റിണയുടെയും മംഗളശ്ലോക കർത്താവ്.

ഐന്തിണികൾ പശ്ചാത്തലങ്ങളായുള്ള അഞ്ചു വിധം നിലങ്ങളിലെ ജീവിതത്തെ ലക്ഷണയുക്തമായും തന്മയത്വമായും നറ്റിണയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. കാതൽമണം (സ്നേഹവിവാഹം) കള്ളമണം (ഗന്ധർവ്വ വിവാഹം) എന്നീ അനുരാഗാവസ്ഥകളെയും വിര ഹാവസ്ഥകളെയും ഇതിലെ പാട്ടുകളിൽ പ്രതിപാദിച്ചിരിക്കുന്നു. നറ്റിണയിൽ ഗാർഹിക ജീവിതചിത്രമാണ് മുഖ്യപ്രമേയമെങ്കിലും സാമുദായിക രാഷ്ട്രീയ വിവരങ്ങളും അങ്ങിങ്ങായി സൂചിതമാകുന്നുണ്ട്. അക്കാലത്തെരാജാക്കന്മാർ, സാമന്തന്മാർ, പ്രഭുക്കൾ, പൗരപ്രമാണി കൾ എന്നിങ്ങനെയുള്ളവരെയെല്ലാം ഈ കൃതിയിൽ പരാമർശിച്ചിരിക്കുന്നു. ദ്രാവിഡ സംസ്ക്കാരത്തിൽ സ്ത്രീകൾക്കുള്ള പ്രാധാന്യവും അവരുടെ ജീവിത ശുദ്ധിയും അക്കാ ലത്തെ ഗൃഹസൗഭാഗ്യങ്ങളും, പ്രാചീന തമിഴക നിവാസികളുടെ ഭൂതഭയവും ക്ഷുദ്രജീവിക ളോടുള്ള അനുകമ്പയും നറ്റിണയിൽ പാടപ്പെടുന്നു. സൗഭാഗ്യം, ഐശ്വര്യം ഇവ എന്താ ണെന്നും നറ്റിണ വിവരിക്കുന്നു. കേരളമുൾപ്പെട്ട അന്നത്തെ തമിഴ് ജനതയുടെ അതിഥി സൽക്കാര പ്രിയത്വം എടുത്തുകാട്ടുന്ന പല പാട്ടുകളും നറ്റിണയിൽ കാണാം. കൂടാതെ നിര വധി പുരാതനനഗരങ്ങളെയും സ്ഥലനാമങ്ങളെപ്പറ്റിയും നറ്റിണയിൽ പരാമർശിക്കപ്പെടുന്നു.

#### 3.9.2.2 കുറുന്തൊകൈ

കുറുമൈ+തൊകൈയാണ് കുറുന്തൊകൈ (കുറുന്തൊക) വരികൾ കുറഞ്ഞപാട്ടുകൾ എന്നർത്ഥത്തിലാണ് കുറുന്തൊകൈ എന്ന പേര് ഈ സമാഹാരത്തിന് കൊടുത്തിരിക്കുന്ന ത്. നാല് വരി മുതൽ എട്ടുവരികൾ വരെയുള്ള പാട്ടുകളാണ് കുറന്തൊകയിലുള്ളത്. ഇതിൽ രണ്ടുപാട്ടുകൾ (307, 309) മാത്രം ഒമ്പതു വരികളിൽ എഴുതപ്പെട്ടിരിക്കുന്നു. ഈശ്വര സ്തുതി യോടുകൂടിയ ഈ പാട്ടുകൾ ശേഖരിച്ച്ത് പുരോക്കോയാണ് ഈ പാട്ടുകൾ സമാഹരിക്കാൻ നിർദ്ദേശം നൽകിയ രാജാവാരാണെന്ന് അജ്ഞാതമാണെങ്കിലും ഇതിൽ പാടിയിരിക്കുന്ന 205 കവികളുടെ പേരുകൾ വ്യക്തമാണ്. 4 വരികളുള്ള 38 പാട്ടുകൾ 5 വരികളുള്ള 90 പാട്ടു കൾ, 6 വരികളുള്ള 93 പാട്ടുകൾ, 7 വരികളുള്ള 103 പാട്ടുകൾ, 8 വരികളുള്ള 75 പാട്ടുകൾ, 9 വരികളുള്ള 2 പാട്ടുകൾ അടങ്ങിയിരിക്കുന്ന കുറുന്തൊക തിണവ്യവസ്ഥയിലാണ് നിബന്ധി ച്ചിരിക്കുന്നത്. കുറുഞ്ചിത്തിണയിൽ 147 പാട്ടുകളും മുല്ലത്തിണയിൽ 44 പാട്ടുകളും മരുതം തിണയിൽ 49 പാട്ടുകളും നെയ്തൽ തിണയിൽ 72 പാട്ടുകളും പാലതിണയിൽ 89 പാട്ടുകളും അടങ്ങിയിരിക്കുന്നു. ഇപ്രകാരം കടവുൾവാഴ്ത്ത് ഉൾപ്പെടെ ആകെ 402 അകവൽ പാട്ടുക ളാണ് കുറുന്തൊകയിലുള്ളത്.

കുറുന്തൊകയിലെ ഓരോ പാട്ടിലും കുടുംബജീവിതചിത്രങ്ങളും തത്ത്വങ്ങളും അട

ങ്ങിയിരിക്കുന്നു. ദമ്പതികൾ തമ്മിൽ പിണങ്ങാതെയും പിരിയാതെയും സ്നേഹത്തിൽ കഴിയുന്നതിലുള്ള സുഖവും സംതൃപ്തിയും ഈ പാട്ടുകളിൽ കാണാം. കരവൂർ ചേരമാൻ ചാത്തൻ, ചേരമാനെന്തൈ, നമ്പിക്കുട്ടുവൻ, പാലൈ പാടിയ പെരുംകടുങ്കോ, കുട്ടുവൻ, പെരമ്പൂൺ പൊറൈയൻ, തീണ്ടേർ പൊറൈയൻ എന്നീ ചേരനാട്ടുക്കവികളും കുറുന്തൊകയിൽ പാടിയിരിക്കുന്നു. നിരവധിവാദ്യ ഉപകരണങ്ങൾ, ആഭരണങ്ങൾ വ്യാപാരങ്ങൾ എന്നിവയെ പറ്റി വിശദമായ സൂചനകൾ നൽകുന്ന കുറുന്തൊകയിൽ സംഘസാഹിത്യത്തിൽ ആകെ പരാമർശിതമായിരിക്കുന്ന കവയിത്രികളിൽ പകുതിപേരും പാടിയിരിക്കുന്നു.

### 3.9.2.3 ഐങ്കുറുനൂറ്

ഐന്ത്+കുറുമൈ+നൂറ് എന്നീ പദങ്ങൾ കൂടിചേർന്നാണ് ഐങ്കുറുനൂറ് എന്നപദം ഉണ്ടായിരിക്കുന്നത്. അഞ്ച് തിണകളിൽ ഓരോ തിണക്ക് നൂറു ചെറിയ പാട്ടുവീതം ആകെ അഞ്ഞൂറ് പാട്ടുകൾ. മൂന്നു മുതൽ ആറ് വരിയുള്ള പാട്ടുകൾ ഇതിലുണ്ട്.

"മരുതം ഓരം പോകി, നെയ്തൽ അമ്മൂവൻ,
കരുതും കുറിഞ്ചി കപിലൻ, കരുതിയ
പാലൈ ഓതലാന്തൈ, പനിമുല്ലൈ പേയനേ
നൂലൈ ഓതു ഐങ്കുറുനൂറ്"[89] ഈ പഴയപാട്ടിൽ നിന്നും മരുതം

പാടിയത് ഓരം പോകിയാരാണെന്നും, നെയ്തൽ പാടിയത് അമ്മൂവനാരാണെന്നും, കുറുഞ്ചിപാടിയത് കപിലരാണെന്നും പാലൈപാടിയത് ഓതലാന്തൈയരാണെന്നും മുല്ലൈ പാടിയത് പേയനാരാണെന്നും മനസ്സിലാക്കാം. ഓരോ തിണയിലും നൂറുപാട്ടുകൾ വീതമുള്ള ഇവ ശേഖരിക്കാൻ നിർദ്ദേശിച്ചത് യാനൈക്കൺ ചേയ്മാന്ത്രഞ്ചേരലിരുമ്പൊറൈയാണ്, ഇദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം സമാഹരിച്ചത് പുളത്തുറൈ മുനിയ കൂടലൂർ കിഴാറാണ്. പതിറ്റുപ്പത്തിന്റെയും ഐങ്കുനൂറിന്റേയും കാവ്യശരീരം ഒന്നാണ് അതായത് ഓരോ തലക്കെട്ടിൽ പത്തു പത്തു പാട്ടുകൾ വീതമുള്ള അടുക്കുകളായി തരം തിരിച്ചിരിക്കുന്നു.

*ഓരംപേകിയുടെ* മരുതം പാട്ടുകൾ വേട്കൈപ്പത്ത്, വേഴപ്പത്ത്, കൾവർപ്പത്ത്, തോഴിക്കുരൈപ്പത്ത്, പുലവിപ്പത്ത്, തോഴീക്കൂറ്റുപ്പത്ത്, കിഴത്തിക്കൂറ്റുപ്പത്ത്, പുനലാട്ടുപ്പത്ത്, പുലവിരായ്പ്പത്ത്, എരുമൈപ്പത്ത് എന്നിങ്ങനെയുള്ള പത്തുപ്പാട്ടുകൾ വീതമുള്ള നൂറ്പാട്ടുകളും *അമ്മൂവനാരുടെ* നെയ്തൽപ്പാട്ടുകൾ തായക്കുരൈത്തപ്പത്ത്, തോഴിക്കുരൈപ്പത്ത്, കിഴവർക്കുരൈപ്പത്ത്, പാണർക്കുരൈപ്പത്ത്, ഞാഴർ പത്ത്, വെള്ളാങ്കുരുപ്പത്ത്, ചിറുപെൺ കാക്കൈപ്പത്ത്, തൊണ്ടിപ്പത്ത്, നെയ്തൽപ്പത്ത്, വളൈപ്പൽ എന്നിങ്ങനെയും *കപിലരുടെ* കുറിഞ്ചിയിൽ അന്നായ്വാഴിപ്പത്ത്, അന്നായ്പ്പത്ത്, അമ്മവാഴിപ്പത്ത്, തെയ്യോപ്പത്ത്, വെറിപ്പത്ത്, കുൻകുറവൻപ്പത്ത്, കോഴർപ്പത്ത്, കുരുക്കുപ്പത്ത്, കിളൈളപ്പത്ത്, മഞ്ഞൈപ്പത്ത് എന്നിങ്ങനെ നൂറ്പാട്ടുകളും *ഓതലന്തൈയാരു*ടെ പാലയിൽ ചെൽവഴങ്കുവിത്താപ്പത്ത്, ചെൽവുപ്പത്ത്, ഇടൈച്ചുരപ്പത്ത്, തലൈവിയിരങ്കുപ്പത്ത, ഇളവേനിൽപ്പത്ത്, വരവുരൈത്തപ്പത്ത്, മുന്നിലെപ്പത്ത്, മകൾപോക്കിയ വഴിത്തായിരങ്കുപ്പത്ത്,ഉടൻ പോക്കിൻ കൺ ഇടൈച്ചുരത്തുപ്പത്ത്, മറുതാവുപ്പത്ത് എന്നിങ്ങനെ നൂറുപാട്ടുകളും. പേയനാരുടെതായ മുല്ലപ്പാട്ടിൽ ചെവിലിക്കുറ്റുപ്പത്ത്, കിഴറാൻ പത്ത്, പരവം കണ്ടു കിഴത്തിയുരൈത്തപ്പത്ത്, തോഴിവർ പുറത്തുപത്ത് എന്നിങ്ങനെ നൂറ് പാട്ടുകളും അടങ്ങിയിരിക്കുന്നു.

കേരളീയ സംഘകവികളാണ് ഐങ്കുറുനൂറ് പാടിയവർ അതുകൊണ്ടുതന്നെ കേരള ചരിത്രരചനയ്ക്ക് സഹായിക്കുന്ന കൃതിയാണിത്. ഗ്രാമങ്ങളിലെ വിശ്വാസ പ്രമാണങ്ങൾ, വിവാഹരീതികൾ എന്നിവയെല്ലാം പ്രേമകാവ്യമായ ഇതിൽ വിശദമാക്കുന്നുണ്ട്. ഈ സമാഹാരത്തിൽ മൂന്നുവരികളുള്ള 54 പാട്ടുകൾ, നാല് വരികളുള്ള 253 പാട്ടുകൾ, അഞ്ച് വരികളുള്ള 167 പാട്ടുകൾ 6 വരികളുള്ള 24 പാട്ടുകൾ വീതം അടങ്ങിയിരിക്കുന്നു. അഞ്ഞൂറ് പാട്ടുകളുണ്ടായിരുന്ന ഐങ്കുറുനൂറിലെ അമ്മൂവനാരുടെ നെയ്തൽപത്തിലെ 9, 10 പാട്ടുകൾ നഷ്ടപ്പെട്ടുപോയി, അങ്ങനെ ആകെ 498 പാട്ടുകൾ ഐങ്കുറുനൂറിൽ പാടപ്പെട്ടിരിക്കുന്നു.

### 3.9.2.4 കലിത്തൊകൈ.

മലനാട്ടുമങ്കമാർ അരുവിയിൽ നിന്ന്, കുടും നിറയെ വെള്ളം കോരി എളിയിൽ വച്ച് നടന്നുവരുമ്പോൾ, നിറയാത്ത കുടങ്ങളിലെ നിർത്തുളുമ്പുന്ന ശബ്ദവും അവരുടെ കാൽചിലങ്കകളിലെ മണിക്കിലുക്കവും മേളിച്ചുണ്ടാകുന്ന നാദകലവിയാണ് 'കലിത്തൊക'യിലെ '*കലി*' എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇതൊരു സാഹിത്യവൃത്തവുമാണ്. സാഹിത്യസവിശേഷതയായ സെയ്യുൽപ്പാട്ട് വിഭാഗത്തിൽ ഉൾപ്പെടുന്ന 'കലിപ്പ്' എന്ന വൃത്തത്തിലാണ് കലിത്തൊകയിലെ 150 പ്രേമകവിതകൾ എഴുതിയിരിക്കുന്നത് 'കലിപ്പ്' എന്ന ശീലിന് തറവ്, താഴിക്കൈ, തനിവൊൽ, സുരതികം എന്നിങ്ങനെ നാലു വിഭാഗങ്ങളുണ്ട്.

"നാകവഴക്കിനും ഉലകിയൽ വഴക്കിനും
പാടൽ ചാൻറ പുലനെറിവഴക്കം
കലിയേ പരിപാട്ട് ആയിര് പാങ്കിണും
ഉരിയതാകും എൺ മഞ്ഞാർ പുലവർ"
(തൊൽ : 999)

ഈ സൂത്രപ്രകാരം കലിത്തൊകൈയും പരിപാടലും ഒന്നിൽകൂടുതൽ കഥാപാത്രങ്ങൾ പരസ്പരം സംവാദം ചെയ്യുന്ന രീതിയിലാണ് നിബന്ധിച്ചിരിക്കുന്നത്. എട്ടുത്തൊകയിലെ മറ്റ് കൃതികളെല്ലാം ഒരാൾ മറ്റൊരാളോട് പറയുന്ന രീതിയിലാണ്.

എട്ടുത്തൊകൈയിലെ കലിത്തൊകൈ ഒഴികെയുള്ള മറ്റ് കൃതികൾക്കെല്ലാം ഈശ്വരസ്തുതിപാടിയത് ഭാരതം പാടിയ പെരും തേവനാരാണ് കലിത്തൊകയിൽ ഈശ്വരവന്ദനം ചെയ്യുന്നത് ഈ കാവ്യത്തിലെ നെയ്തൽപ്പാട്ടുപാടിയ നലന്തുവാനാരാണ്. കുറിഞ്ഞി, മുല്ല, പാല, മരുതം, നെയ്തൽ, എന്നീ അഞ്ചുനിലങ്ങളിലെ സാമാന്യജനതയുടെ ഗാർഹികവും പ്രണയാത്മകവുമായ വ്യത്യസ്ത ജീവിതരീതികളെ തന്മയത്വത്തോടെ ഈ സമാഹാരത്തിലെ ഓരോ കവിതയിലും ആവിഷ്ക്കരിച്ചിരിക്കുന്നു. കുറിഞ്ഞി നിലത്തിൽ 29 പാട്ടുകൾ കപിലരും, മുല്ലത്തിണയിൽ ചോഴൻ നല്ലുരുത്രൻ 17 പാട്ടുകളും പാലൈത്തിണയിൽ പെരുങ്കടുങ്കോ 35 പാട്ടുകളും മരുതനിലത്തിൽ ഇളനാകനാർ 35 പാട്ടുകളും നെയ്തൽ നിലത്തിൽനല്ലന്തുവാനാർ 33പാട്ടുകളും പാടിയിരിക്കുന്നു. മറ്റ് സംഘം കൃതികളെ അപേക്ഷിച്ച് കലിത്തൊകയ്ക്കുള്ള പ്രത്യേകത, ഇതിലെ ഓരോപാട്ടിലും ഓരോ ചെറുകഥയുടെ ഇതിവൃത്തം നിബന്ധിച്ചിരിക്കുന്നു എന്നതാണ്. കുടുംബജീവിതം, സംഘർഷം, കമിതാക്കളുടെ ഒളിച്ചോടൽ, സാഹസികത, വിരഹദു:ഖം, പ്രഭുജന്മിവർഗ്ഗങ്ങളിലെ പുരുഷന്മാരുടെ വ്യഭിചാരശീലം, കുത്ത

ഴിഞ്ഞ ജീവിതം, അവരുടെ കുടുംബിനികളുടെയും നെയ്തൽ നിലത്തിലെ നിവാസികളുടെ ജീവിതവുമെല്ലാം കലിത്തൊകയിൽ വിശദമായി പാടിയിരിക്കുന്നു.

### 3.9.2.5 അകനാനൂറ്

ഈശ്വരസ്തുതി ഉൾപ്പെടെ 401 പാട്ടുകളുടെ സമാഹാരമാണ് അകനാനൂറ്, 145 കവികൾ പാടിയ നെടുന്തൊക എന്ന പേരുംകൂടിയുള്ള അകനാനൂറിൽ 13 മുതൽ 31 വരെ വരികളുള്ളപാട്ടുകളാണുള്ളത്. പാണ്ഡ്യൻ ഉഗ്രപെരുവഴുതിയുടെ നിർദ്ദേശപ്രകാരം മധുര ഉപ്പൂരിക്കൂടി കിഴാറാണ് ഇത് സമാഹരിച്ചത്. നെടുന്തൊകയിലെ 200 പാട്ടുകളും പാലൈത്തിണയിലാണ്. ഒറ്റ സംഖ്യകളായ 1, 3,5,7,9 തുടങ്ങി എല്ലാ ഒറ്റ സംഖ്യാക്രമത്തിലുള്ള പാട്ടുകൾ പാലെപ്പാട്ടുകളാണ് 2, 8, 12, 18 എന്നീ ഇരട്ട സംഖ്യകളിൽ വരുന്ന പാട്ടുകൾ കുറിഞ്ചിതിണയിലുൾപ്പെടുന്നു, ഇപ്രകാരം കുറിഞ്ഞിതിണയിൽ ആകെ എൺപത്പാട്ടുകൾ ഉണ്ട്. 4, 14, 24, 34 എന്നീ സംഖ്യാക്രമത്തിൽ വരുന്ന പാട്ടുകൾ മുല്ലത്തിണയിലും, 10, 20, 30, 40 എന്നീസംഖ്യാക്രമത്തിൽ വരുന്ന പാട്ടുകൾ നെയ്തൽ തിണയിലും അടങ്ങിയിരിക്കുന്നു.

കളിറ്റിയാനൈ നിറൈ ; 1-120 വരികൾ
മണിമിടൈപവളം ; 121-300 വരികൾ
നിത്തിലക്കോവൈ; 301-400 വരികൾ

എന്നിങ്ങനെ മൂന്ന് അദ്ധ്യായങ്ങളായി തരംതിരിച്ചാണ് അകനാനൂറിനെ വിഭജിച്ചിരിക്കുന്നത്. അഞ്ചുനിലങ്ങളിലെയും ഗാർഹിക ജീവിതരംഗങ്ങൾ ഇതിൽ വിശദമായി ചേർത്തിരിക്കുന്നു പ്രത്യേകിച്ചും അകനാനൂറിലെ പാലപ്പാട്ടുകൾജീവിതദു:ഖാവസ്ഥകളെ ചിത്രീകരിക്കുന്നവയാണ്.

### 3.9.2.6. പുറനാനൂറ്

കടവുൾ വാഴ്ത്തുൾപ്പെടെ നാനൂറ് 'അകവൽ' പാട്ടുകൾ ഉൾപ്പെട്ടതാണ് പുറനാനൂറ്. 267-ാമത്തതും 268-ാമത്തേതും പാട്ടുകൾ നഷ്ടപ്പെട്ടുപോയിരിക്കുന്നു. നാൽപത്തിയഞ്ച് പാട്ടുകൾ അപൂർണ്ണങ്ങളാണ്. ബാക്കിയുള്ള 353 പാട്ടുകളാണ് പൂർണ്ണമാണ്. ഭാരതം പാടിയ പെരും തേവനാരാണ് പുറനാനൂറിന്റേയും ഈശ്വരവന്ദനത്തിന്റെ കർത്താവ്. മറ്റ് പാട്ടുകൾ മുരഞ്ചിയൂർ മുടിനാകരായർ മുതൽ കോവൂർ കിഴാർ വരെ നൂറ്റിനാല്പത്തിയാറോളം കവികൾ രചിച്ചവയാണ്. പാടിയവരിൽപതിനാറുപേർ രാജാക്കന്മാരോ രാജകുടുംബങ്ങളിൽ ജനിച്ചുവരോ ആയിരുന്നു. പതിനഞ്ചുപേർ സ്ത്രീകളും, കവയത്രികളുടെ കൂട്ടത്തിൽ കുറവർ, കുശവർ, വേടർ വർഗ്ഗങ്ങളിൽപ്പെട്ടവരുമുണ്ടായിരുന്നു. മുപ്പത്തിമൂന്ന് പാട്ടുകൾ രചിച്ച ഔവൈയൻ എന്ന സ്ത്രീ പുറനാനൂറിൽലെ പ്രധാനിയായ കവയത്രിയാണ്. പുറനൂനൂറ് സമാഹരിച്ചതാരെന്നോ അതിനു പ്രേരണ നൽകിയതാരെന്നോ അറിയാൻ കഴിഞ്ഞിട്ടില്ല. പ്രധാനമായും വീരം, ധാനം, യുദ്ധം എന്നിവയെക്കുറിച്ച് വിവരിക്കുന്ന പുറനാനൂറിൽ നിരവധി രാജാക്കന്മാരെയും അവരുടെ ചരിത്രത്തെയും നാടിനെയും കുറിച്ച് വിശദമാക്കുന്നു.

പുറനാനൂറിലെ പാട്ടുകൾ 'പുറം' വിഭാഗത്തിന്റെ ഭാഗങ്ങളായ വെട്ചി, കരന്തൈ, വഞ്ചി, കാഞ്ചി, നൊച്ചി, ഉഴിന്തൈ, തുമ്പൈവാകൈ, പാടാൺ, പൊതുവിയൽ, കൈക്കിളൈ, പെരുന്തിണൈ മുതലായ 'തിണ'കൾക്കുയോജിച്ച 'തുറൈപ്പെരുർ' ഇണങ്ങിയവയാകുന്നു. തിണൈ എന്നതിന് ഒഴുക്കം അല്ലെങ്കിൽ മുറ എന്നർത്ഥം.'തുറൈ' എന്നത് ജനങ്ങളും മറ്റു

ജീവികളും ചെന്നു ജലപാനം ചെയ്തു ദാഹശമനം നടത്തുന്നതുന്ന തുറ (കടവ്) പോലെ പല തരത്തിലുള്ള പൊരുളുകളും ഒന്നു ചേരന്നുവരുന്നതിനു പറ്റിയ വഴിയാണ്.

സമൂഹവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന പുറനാനൂറിനെ/പുറം പാട്ടുകളെ വിഷയസ്വഭാവമനുസരിച്ച് ഏഴ് ഭാഗങ്ങളായി തരം തിരിക്കാം.

| | | | |
|---|---|---|---|
| 1. | കുടവുൾ വാഴ്ത്ത് (ഈശ്വരവന്ദനം):- | | 1-ാം പാട്ട് |
| 2. | മൂവേന്തർ പാട്ടുകൾ | :- | 2-86 |
| 3. | വള്ളൻ പാട്ടുകൾ | :- | 87-165 |
| 4. | പടൈതലൈവർ പാട്ടുകൾ | :- | 166-181 |
| 5. | അരിവുറൈ പാട്ടുകൾ | :- | 182-195 |
| 6. | പതുൻവിയൽ പാട്ടുകൾ | :- | 196-286 |
| 7. | പുറത്തിണൈ പാട്ടുകൾ | :- | 287-400 |

ശിവപെരുമാളിനെ സ്തുതിച്ചു തുടങ്ങുന്ന പുറനാനൂറിൽ മൂവേന്തന്മാരെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്.

### 3.9.2.7. പതിറ്റുപത്ത്

ചേരാജാക്കന്മാരെക്കുറിച്ചുള്ള പ്രശസ്തികാവ്യമാണ് പതിറ്റുപ്പത്ത്. പതിറ്റുപ്പത്തിലെ ഓരോ പത്തിലും പ്രത്യേകം തലക്കെട്ടുകളിൽ പത്തുവീതമുള്ള പാട്ടുകൾ അടങ്ങിയിരിക്കുന്നു. കൂടാതെ ഓരോ പത്തിനും ഓരോ പതികമെന്ന അനുബന്ധവും ചേർന്നതാണ് പതിറ്റുപ്പത്തിന്റെ കാവ്യരൂപം. ഓരോ പതികത്തിലും അതാതു ചേരരാജക്കന്മാരുടെ സംക്ഷിപ്ത വിവരം കൊടുത്തിരിക്കുന്നു. പതിറ്റുപ്പത്തിലെ ഒന്നാംപ്പത്തും അവസാനത്തെപത്തും നഷ്ടപ്പെട്ടുപോയിരിക്കുന്നു. വൈയ്യാപുരിപ്പിള്ള സമാഹരിച്ച് പ്രകാശിപ്പിച്ച *ചങ്ക ഇലക്കിയം* (സംഘസാഹിത്യം) എന്ന കൃതിയിലാണ് പതിറ്റുപ്പത്തിലെ ഒന്നാംപത്തിനെക്കുറിച്ച് ചില വിവരങ്ങളുള്ളത്.) രണ്ടാം പത്തിന്റെ പതികത്തിൽ നിന്ന് ഒന്നാം പത്തിലെ ചേരരാജാവ് പെരിന്തോൻ ഉതിൻ ചേരലാതനാണെന്ന് കണ്ടെത്താം. കേരളത്തിലെ സാമൂഹ്യസ്ഥിതി ഭരണസമിതി, സാംസ്കാരിക നില തുടങ്ങിയവ ഈ ചരിത്രകാവ്യത്തിൽ നിന്നും സാമാന്യമായി ഗ്രഹിക്കാവുന്നതാണ്. സംഘം കൃതികളിൽ കണ്ടുകിട്ടിയവയിൽ ഏറ്റവും പഴക്കമുള്ള സമാഹാരങ്ങൾ പതിറ്റുപ്പത്തും, പുറനാനൂറും ആണെന്നാണ് പണ്ഡിതർ അഭിപ്രായപ്പെടുന്നത്. പതിറ്റുപ്പത്ത് പ്രസാധനം ചെയ്തത് ആരാണെന്ന് സംഘ ഐതീഹ്യങ്ങളിലോ പഴയപാട്ടുകളിലോ പറഞ്ഞുകാണുന്നില്ല. എന്നാൽ ചിലപ്പതികാരകർത്താവായ ഇളങ്കോടികാണ് ഓരോ പത്തിനും പതികങ്ങൾ എഴുതിച്ചേർത്ത് പ്രസിദ്ധപ്പെടുത്തിയതെന്ന് ഊഹിക്കുന്നു.

*കുമട്ടൂർ കണ്ണനാരാണ്* രണ്ടാം പത്തിൽ ചേരമാൻ ഇമയവരമ്പൻ നെടുഞ്ചേരലാതനെ പറ്റിപ്പാടിയിരിക്കുന്നത്. തമിഴകം മുഴുവനും ഐശ്വരയപൂർണ്ണമായി ഭരിച്ചവനും യവനരെയുദ്ധത്തിൽ പരാജയപ്പെടുത്തി, കൈകൾ പുറകിൽ ചേർത്തുകെട്ടി അവരുടെ സമ്പത്ത് കരസ്ഥമാക്കി രാജധാനിയിൽ കൊണ്ടവന്ന് പലർക്കും ദാനം ചെയ്തവനാണ് ഇമയവരമ്പനെന്ന് കണ്ണനാർ രണ്ടാം പത്തിൽ വിവരിച്ച് പാടുന്നു.

*പാലൈ ഗൗതമനാർ* ചേരരാജാവായ പൽയാനൈ ചെൽകൊഴുകുട്ടുവനെ വാഴ്ത്തുന്നതാണ് മൂന്നാം പത്ത്. ഇമയവരമ്പന്റെ അനുജൻ ഉമ്പർക്കാട്ടിൽ കടന്ന് ആ പ്രദേശം മുഴുവൻ കൈവശപ്പെടുത്തിയെന്നും. പൽയാനൈച്ചെൽക്കെഴുക്കുട്ടുവൻ നാലുവേദങ്ങളും ആറുശാസ്ത്രങ്ങളും പഠിച്ചറിഞ്ഞു ഭരണം നടത്തിയതായി ഈ പാട്ടുപറയുന്നു. ഇരുപതുവർഷം നാടുവാണ കളങ്കായ്കണ്ണിനാർ മുടിചേരലാതനെപറ്റി *പാലൈ കാപ്പിയാറ്റു കാപ്പിയനാർ* പാടിയ പാട്ടാണ് നാലാം പത്ത്. വേളാവിക്കോമാന്റെ മകൾപത്മാദേവിയിൽ ജനിച്ച പുത്രനാണ്. കളങ്കായ്ക്കണ്ണി നാർമുടിച്ചേരൽ. പൂഴിനാടിനെ യുദ്ധം ചെയ്തു പിടിച്ചടക്കിയ രാജാവാണിദ്ദേഹമെന്നും ഈ പത്ത് പറയുന്നു.

സംഘം കവികളിൽ പ്രധാനിയായ *പരണർ* കടൽപിറകോട്ടിയ ചേരൻ ചെങ്കുട്ടുവനെ വാഴ്ത്തിക്കൊണ്ടുള്ളതാണ് അഞ്ചാം പത്ത്. *കാക്കൈപ്പാടിനിയർ നച്ചെള്ളെയാർ* ആടുകോട് പാട്ട് ചേരലന്തനെ പറ്റി പാടിയതാണ് ആറാംപത്ത്. മത പക്ഷപാതമില്ലാത്ത ശൈവമതക്കാരനായിരുന്നുവെന്നും യുദ്ധവീരനും കലാപോഷകനുമായിരുന്നു ആടുകോട് പാട്ടുച്ചേരലതനെന്ന് ആറാം പത്ത് പാടുന്നു.

കപിലരെഴുതിയ ഏഴാം പത്തിൽ ചെൽവകടുംകോവാഴിയാതനെ വാഴ്ത്തിപ്പാടുന്നു. കുറ്റമറ്റ പൗരുഷം കൊണ്ട് ശത്രുക്കളെ മിത്രങ്ങളാക്കിയവനും, ശാസ്ത്രവിധികളിൽ കറയറ്റ പരിജ്ഞാനം നേടിയവനും ആയ അന്തുവൻ ചേരലിന് പൊറയൻ മഹാദേവിയിൽ ജനിച്ചവനാണ് ചെൽവകടുംകോ വാഴിയതനെന്ന് ഏഴാം പത്തിൽ പറയുന്നു. *അരിചിൽ കിഴാർ* തകടൂർ എറിന്ത പെരുഞ്ചേരലിരുമ്പൊറൈയെപറ്റി പാടിയ പാട്ടാണ് എട്ടാം പത്ത്. തകടൂർ ആക്രമിച്ച് കോട്ടമതിലുകൾ കൈവശമാക്കി അതികാമന്റെ അഹങ്കാരം ശമിപ്പിച്ച രാജാമാണിദ്ദേഹമെന്ന് എട്ടാംപത്തിൽ അരിചിൽ കിഴാർ പാടുന്നു.

പെരുംകുന്റൂർ കിഴാർ കുടക്കോ ഇളംചേരൽ ഇരുമ്പൊറൈയെപറ്റി പാടിയതാണ് ഒൻപതാം പാട്ട്. മൈയൂർ കിഴാൻ വെൺമാൾ അന്തുവൻ ചെളൈവയിൽ ജനിച്ചവനും വീരരായ പടയാളികളൊത്ത്, അതിയായ കോപത്തോടെ ചെന്ന് രണ്ടു മുടിമന്നന്മാരേയും 'പിച്ചിക്കോവി'നെയും കൊന്ന് ആർക്കും കടക്കാൻ കഴിയാത്ത വിധം കാവലുള്ള അഞ്ചു മലങ്കോട്ടകളെ തകർത്ത് കീഴടക്കിയവനാണ് ഇളംച്ചേരലെന്ന് ഒമ്പതാം പത്തിൽ പാടുന്നു.

**3.9.2.8. പരിപാടൽ**

പരിപാടൽ എന്ന വൃത്തത്തിലുള്ള പാട്ടുകളുടെ സമാഹാരമാണ് പരിപാടൽ. പരിപാടൽ വൃത്തങ്ങളായ ആചരിയപ്പാ, വഞ്ചിപ്പാ, വെൺപ്പാ, കലിപ്പാ എന്നിവയിലാണ് ഇവ എഴുതപ്പെട്ടിരിക്കുന്നത്. *അക*പ്പൊരുളിന്റെയും *പുറ*പ്പൊരുളിന്റെയും വിഷയങ്ങൾ ചേർന്നുവരുന്ന പരിപാടൽ എഴുപതു പാട്ടുകളുടെ സമാഹാരമാണ്. ഇറൈനാർ അകപ്പൊരുളിലും, തൊല്ക്കാപ്പിയം പൊരുളധികാരത്തിലും ഇപ്രകാരം എഴുപതുപാട്ടുകളെപറ്റി പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിൽ ഇരുപത്തിരണ്ട് പാട്ടുകൾ മാത്രമേ കണ്ടെത്താൻ സാധിച്ചിട്ടുള്ളൂ. 25 മുതൽ 400 വരിവരെയുള്ള *പരിപാടലി*ലെ കണ്ടുകിട്ടിയ 22 പാട്ടുകൾ 13 കവികൾ പാടിയതാണ്.

*വിഷ്ണു*വിനെ സംബന്ധിക്കുന്ന 8 പാട്ടുകൾ, *മുരുകനെ* സംബന്ധിക്കുന്ന 31 പാട്ടുകൾ *കൊറ്റവൈ* പറ്റിപാടുന്ന ഒരു പാട്ട്, *വൈഗ*യെപറ്റി പാടുന്ന 26 പാട്ട് *മധുര*യെക്കുറിച്ച് പാടുന്ന 4 പാട്ടുകൾ അടങ്ങുന്നതായിരുന്നു 70 പാട്ടുകളടങ്ങിയ പരിപാടൽ. പക്ഷേ വിഷ്ണുവിനെ കുറിക്കുന്ന 6 പാട്ടുകളും മുരുകന് സംബന്ധിക്കുന്ന 8 പാട്ടുകളും വൈഗയെ കുറിച്ചുള്ള 8 പാട്ടുകളുമാണന്ന കണ്ടുക്കിട്ടിയിട്ടുള്ളത്.

സംഘകാലത്തെ ഒരു ഭക്തികാവ്യമായ പരിപാടലിൽ ദ്രാവിഡ ജീവിതതത്ത്വശാസ്ത്ര പ്രകാരമുള്ള പുരുഷാർത്ഥങ്ങളായ ധർമ്മാർത്ഥകാമങ്ങളെയും നായാട്ട്, തീയാട്ട് എന്നീ വിനോദങ്ങളെയും ഭക്തിവിഷയങ്ങളെയും പ്രതിപാദിച്ചിരിക്കുന്നു. അക്കാലത്തെ ജനസമൂഹത്തിന്റെ ജീവിത രീതികളും ആചാരമര്യാദകളും മതാനുഷ്ഠാനങ്ങളും ഇതിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ അക്കാലത്തെ രാഗവിശേഷങ്ങൾ വാദ്യോപകരണങ്ങൾ, വിവിധ വാഹനങ്ങൾ, രാജ്യരക്ഷാ മുറകൾ, രാക്കവൽക്കാർ, രക്ഷാസൈന്യങ്ങൾ എന്നിവയും ഇതിലെ പാട്ടുകളിൽ കാണാം.

തിരുമാലിനെ (വിഷ്ണു) പറ്റിയുള്ള ഇതിലെ രണ്ടാം പാട്ടുരചിച്ചത് *കീരനൈയാർ* എന്ന വിദ്വൽകവിയാണ്. 3,4,5 എന്നീ മൂന്നു പാട്ടുകൾ *കടുവൻ ഇളവെയിനൻ* എന്ന കുറവ കവിയുടേതാണ്. ഇതിൽ ആദ്യത്തെ രണ്ട് പാട്ടുകൾ വിഷ്ണുവിനെയും അഞ്ചാം പാട്ടിൽ സുബ്രഹ്മണ്യനെയും പ്രതിപാദിച്ചിരിക്കുന്നു. 6,8,11,20 എന്നീ നാല് പാട്ടുകൾ *ആചിരിയർ നല്ലന്തുവനാർ* രചിച്ചതാണ് ഇതിൽ എട്ടാംപാട്ട് മുരുകനെയും ബാക്കിയുള്ളവ വൈഗാനദിയെക്കുറിച്ചും പാടിയിരിക്കുന്നു. 9, 8 എന്നിവ മുരുകനെ സ്തുതിച്ച്. കുന്റമ്പൂതനാൽ രചിച്ചതാകുന്നു. വൈഗയെ പുകഴ്ത്തുന്ന 10-ാം പാട്ട് *കറുമ്പിളൈ നമ്പൂരൻ* എന്ന കവി പാടിയതാകുന്നു. *നൽവഴുതിയരു*ടേതായ 12-ാം പാട്ട് വൈഗാനദിയെക്കുറിച്ചുള്ളതാണ്. നല്ലെഴുതിനാർ രചിച്ച 13-ാം പാട്ടിൽ മുരുകനെ പറ്റിയാണ് പാടിയിരിക്കുന്നത്. ഇദ്ദേഹം തന്നെ വൈഗയെക്കുറിച്ചു പാടിയ മൂന്നുപാട്ടുകൾ വേറെയുമുണ്ട്. *മയ്യോടകോവനാർ* എന്ന കവിയുടേതായ ഏഴാം പാട്ട്. വൈഗയെക്കുറിച്ചാണ് പാടുന്നത്. *കേശവനാർ* എന്ന കവിയുടേതായ 14-ാം പാട്ടിൽ മുരുകനെ പ്രതിപാദിക്കുന്നു. ഇളം പെരുവഴുതി രചിച്ച 15-ാം പാട്ടിൽ വിഷ്ണുവിനെയും, *നല്ലഴുചിയാർ* രചിച്ച 16, 17 പാട്ടുകൾ വൈഗയെയും മരുകനെയും *നപ്പണ്ണനാരുടെ* 19-ാം പാട്ടിൽ മുരുകനെയും മുഖ്യമായി പരാമർശിച്ചിരിക്കുന്നു.

### 3.9.3 പത്തുപ്പാട്ട്

സംഘസാഹിത്യത്തിലെ നീണ്ടപ്പാട്ടുകളടങ്ങിയ കാവ്യസമാഹാരമാണ് പത്തുപ്പാട്ട്. അവയേതൊക്കെയെന്ന് ഒരുപഴയ പാട്ടിൽ ഇപ്രകാരം കുറിക്കുന്നു.;

“മുരുക്കപൊരുനാറുപാണി രണ്ടു മുല്ലൈ-
പെരുകവളമതുരൈക്കാഞ്ചി-മരുവിനിയ
കോലനെടുനൽവാടൈ കോൽക്കുറിഞ്ചി പട്ടിനപ്-
പാലൈ കടറത്തൊടും പത്തു”[90]

അതായത് തിരുമുരുകാറ്റുപ്പട, പൊരുനരാറ്റുപ്പട, ചിറുപാണാറ്റുപ്പട, പെരുമ്പാണാറ്റുപ്പട, മുല്ലൈപ്പാട്ട്, മതുരൈക്കാഞ്ചി, നെടുനെൽവാട, കുറിഞ്ചിപ്പാട്ട്, പട്ടിനപ്പാല, മലൈപ്പടുകടാം എന്നിവയാണ് പത്തുപ്പാട്ട് കാവ്യസമാഹാരത്തിലടങ്ങിയിരിക്കുന്നവ. ഇതിൽ തിരുമുരുകാറ്റുപ്പട, പൊരു

നാരാറ്റുപ്പട, ചിറുപാണാറ്റുപ്പട, പെരുമ്പാണാറ്റുപ്പട, മലൈപടുകടാം എന്നീ അഞ്ചു കൃതികൾ ആറ്റുപ്പട വിഭാഗത്തിൽ ഉൾപ്പെടുന്നു. സമ്മാനാർത്ഥിക്ക് ലക്ഷ്യവും മാർഗ്ഗവും പറഞ്ഞുകൊടുത്ത് യാത്രയാക്കുന്നതാണ് ആറ്റുപ്പട സമ്പ്രദായം. പട്ടിനപ്പാല, മുല്ലൈപപ്പാട്ട്, കുറിഞ്ചിപ്പാട്ട് എന്നീ കൃതികൾ അകം വിഭാഗത്തിലും മധുരക്കാഞ്ചി പുറം വിഭാഗത്തിലും നെടുനൽവാട അകം പുറം ലക്ഷണങ്ങൾ കലർന്ന കാവ്യവുമാകുന്നു.

മതുരൈ നക്കീരൻ പാടിയ തിരുമുരുകറ്റുപ്പടയ്ക്ക് *പുലവരാറ്റുപ്പട* എന്നും പേരുണ്ട്. ആചിരിയിപ്പാ വൃത്തത്തിലുള്ള 317 വരികളടങ്ങിയ ഈ കൃതിയിൽ സ്വർഗ്ഗലോകം നേടിയ സിദ്ധനായ ഒരാൾ അതുകിട്ടാൻ ആഗ്രഹിക്കുന്ന ഒരാളെ സുബ്രഹ്മണ്യ സ്വാമിയുടെ സമീപത്തേക്ക് പറഞ്ഞുവിടുന്നതാണ് ഇതിവൃത്തം. ശ്രീമുരുകന്റെ പ്രധാന വീടുകളെന്നറിയപ്പെടുന്ന തിരുപ്പറംകുൻറം, തിരുച്ചെന്തൂർ, പഴനി, തിരുഏരകം, കുൻറുതോറാടൽ, പഴമുതിർച്ചോലൈ എന്നീ ക്ഷേത്രങ്ങളെ വർണ്ണിക്കുന്ന ഈ കൃതിയിൽ ശ്രീ മുരുക സേവയിലൂടെ മോക്ഷം പ്രാപിക്കുവാനാഗ്രഹിക്കുന്നവർക്ക് അതിനുള്ള മാർഗ്ഗം വ്യക്തമാക്കുകയാണ്. മുടത്താമക്കണ്ണിയാർ പാടിയ പൊരുനാരാറ്റുപ്പട കരികാലചോഴനെക്കുറിച്ചുള്ള പ്രശസ്തി കാവ്യമാണ്. വെണ്ണിയുദ്ധത്തിൽ വിജയശ്രീലാളിതനായ കരികാല ചോഴന്റെ വദാന്യതയും സമരകൗതുകവും പ്രകീർത്തിക്കുകയാണ് ഈ കാവ്യത്തിൽ ചെയ്തിരിക്കുന്നത്.

*ഇടൈക്കഴിനാട്ടുനല്ലൂർ നൽദത്തനാർ* പാടിയ ചിറുപാണാറ്റുപ്പടയിൽ ഓയ്മനാട്ടു പ്രഭുവായ നല്ലിയക്കോടനെ പ്രശംസിക്കുകയാണ്. മൂവേന്തന്മാരിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ മികച്ച സമ്പത്ത് നിങ്ങൾക്ക് നൽകിയക്കോടൻ നൽകുമെന്ന്, അവിടുന്ന് വരുന്ന പാണൻ മറ്റൊരു ദരിദ്രപാണനോട് പറഞ്ഞുമനസ്സിലാക്കുന്ന രീതിയിലാണ് കാവ്യഘടന. കടിയലൂർ രുദ്രൻ കണ്ണനാർ എഴുതിയ പെരുമ്പാണാറ്റുപ്പടയിൽ പല്ലവസംഘസദസ്സിൽ തങ്ങളുടെ കലാപ്രകടനം കാഴ്ചവച്ച് സമ്മാനങ്ങൾ നേടി വരുന്ന പെരുമ്പാണൻ വഴിക്കുകണ്ടുമുണ്ടിയ മറ്റൊരു ഗായകസംഘത്തോട് അങ്ങോട്ടുള്ളവയും ആ നാടിന്റെ വഴക്കങ്ങളും പറഞ്ഞുകൊടുക്കുന്നതായാണ് കാവ്യപ്രമേയം.

പത്തുപ്പാട്ടിലെ ഏറ്റവും ചെറിയ കാവ്യമായ മുല്ലൈപ്പാട്ടെഴുതിയത് കാവേരിപ്പൂമ്പട്ടിണത്തു *പൊൻവാണികനാർ മകനാൽ നപ്പൂതനാറാണ്*. നൂറ്റിമൂന്ന് വരികളുള്ള ഈ കാവ്യത്തിൽ, വർഷാരംഭമോടെ യുദ്ധം തീർന്ന്. ഞാൻ മടങ്ങിയെത്തും, അതുവരെസമാധാനമായി കാത്തിരിക്കണം എന്ന് വാക്കുകൊടുത്ത് പടക്കളത്തിലേക്ക് പോയ ഭർത്താവ് വിജയിയായി തിരിച്ചുവരുന്നതും കാത്ത് വിരഹത്തിലിരിക്കുന്ന നായികയെ ഹൃദ്യമായി വിവരിക്കുന്നു. *മാങ്കുടി മരുതനാർ* എഴുതിയ മതുരക്കാഞ്ചി രാജാവിന് ജ്ഞാനോപദേശം ചെയ്യുന്ന രീതിയിലാണുള്ളത്. തലൈങ്കയാലങ്കാനത്തെ യുദ്ധത്തിൽ വിജയം നേടി തിരിച്ചെത്തിയ നെടുംചെഴിയൻ എന്ന പാണ്ഡ്യ മഹാരാജാവിനെക്കുറിച്ച് എഴുതിയ പ്രശസ്തി കാവ്യമാണിത്. പുറപ്പൊരുൾ, അഥവാ യുദ്ധക്കളമായ കാഞ്ചിത്തിണയിൽ എഴുതപ്പെട്ട മതുരക്കാഞ്ചിയിൽ, മധുരയിൽ തിരുവോണനാളിൽ ഓണാഘോഷം നടത്തിയിരുന്നതിനെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. മധുരാനഗരത്തിലെ രാച്ചന്ത, പകൽച്ചന്ത അവിടെ പലയിനം പക്ഷികളെപ്പോലെ വിവിധ ഭാഷകൾ സംസാരിക്കുന്ന വിദേശികളുടെയും നാട്ടുകാരുടെയും തിരക്ക്, ഓരോ വ്യാപാ

രവും പ്രത്യേകം പ്രത്യേകമായി തൂക്കിയിട്ടുള്ള ലിഖിത പാതകൾ എന്നിവയും തിരുപ്പറംക്കുന്റത്തിലെയും മധുരക്കോവിലുകളിലെ വിശേഷോത്സവങ്ങളെയുംകുറിച്ച് വിശദമായി മധുരകാഞ്ചിയിൽ പാടുന്നുണ്ട്.

*നക്കീരനാരുടെ* നെടുനാൽവാട നെടുഞ്ചെഴിയൻ യുദ്ധാർത്ഥം തന്നിൽ നിന്ന് വേർപ്പെട്ടതിനാൽ വിരഹാർത്തയായ രാജ്ഞിയെ സമാശ്വാസിപ്പിക്കാനായി കൊട്ടാര സുഹൃത്തായിരുന്ന കവി, അദ്ദേഹം യുദ്ധം കഴിഞ്ഞ് ഉടൻ തിരിച്ചെത്തുമെന്ന്, ദുർഗ്ഗാ ഭക്തയായ ഒരു സഖി പറയും പ്രകാരം രചിച്ച കാവ്യമാണ്. കപിലരെഴുതിയ കുറിഞ്ഞിപ്പാട്ടിൽ നായികയുടെ രഹസ്യ പ്രേമജീവിതം തോഴി, വളർത്തമ്മയെ ധരിപ്പിച്ച് അവരുടെ വിവാഹം വേഗം നടത്തികൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നതാണ് കാവ്യപ്രമേയം. അകപ്പൊരുൾ കാവ്യത്തിൽ തോഴിക്കാണ് പ്രാധാന്യം.

*കടിയലൂർ രുദ്രൻക്കണ്ണനാർ* എഴുതിയ പട്ടിനപ്പാലയിൽ കരികാലചോഴന്റെ വേർപാടിൽ രാജ്ഞിക്കുള്ള വിരാഹാവസ്ഥയെ പ്രമേയമാക്കി സ്വീകരിച്ചിരിക്കുന്നു. "ഈ വിയോഗവ്യഥ കവി സ്വന്തം ഹൃദയവുമായി സംവദിക്കുന്ന രൂപത്തിലാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. തമിഴ് കാവ്യലക്ഷണമനുസരിച്ച് പാലത്തിണയിൽ കാവേരി പൂമ്പട്ടിണത്തിന്റെ പ്രതാപാശ്വൈര്യങ്ങൾ പ്രമേയമാക്കി രചിച്ച കാവ്യമാകയാലാണ് 'പട്ടിനപ്പാല' എന്ന് കാവ്യത്തിന് പേര് വന്നത്. ചേയ്നന്നനെന്ന ചേരസാമന്തനെ കഥാനായകനാക്കി *പെരുങ്കനശികനാരെ*ഴുതിയ 'മലൈപടുകടാ' മിൽ ചേയ്നന്ദന്റെ പണ്ഡിത സഭയിൽ കൂത്തർസംഘംചെന്ന് കലാഭ്യാസം അവതരിപ്പിച്ച് സമ്മാനങ്ങൾ വാങ്ങുവാൻ കവി പറയുന്നു. ഇക്കാരണം കൊണ്ട് ഈ കാവ്യം *കൂത്തരാറ്റുപ്പട* എന്ന വിഭാഗത്തിലുൾപ്പെടുന്നു. മലയെ കിടക്കുന്നമദയാന (പടുകടാം) യായി കല്പ്ച്ചിരിക്കുന്നു. ആ മലയിൽ നിന്നുയരുന്ന ശബ്ദങ്ങളുടെ മറ്റൊലിയിൽ ഒതുക്കുകയാലാണ് കാവ്യത്തിന് മലൈപടുകടാം എന്ന് പേര് വന്നത്.

### 3.9.4 പതിനെൺ കീഴ്ക്കണക്ക്

സംഘംകൃതികളുമായി ബന്ധപ്പെട്ടു കിടക്കുന്ന അമ്പത് പാട്ടിൽ കുറഞ്ഞ ലഘു കാവ്യസമാഹാരങ്ങൾക്ക് കീഴ്ക്കണക്ക് എന്നാണ് സംഘകാവ്യലക്ഷണപ്രകാരം പറയുന്നത്. അറം പൊരുൾ ഇമ്പം (ധർമ്മാർത്ഥകാമങ്ങൾ) എന്നിവയെ ആസ്പദമാക്കി രചിച്ചവയാണ് പതിനെൺ കീഴക്കണക്കുകൾ. അവ ഒരു പഴയപാട്ടിൽ ഇപ്രകാരം വിവരിക്കുന്നു.

'നാലടിനാൻമണി നാൻനാർപതൈന്തിണൈമു-
പ്പാൽ കുടുകു കോവൈ പഴമൊഴി മാമൂലം
ഇന്തിലൈ ചൊൽകാഞ്ചിയുടൻ ഏലാതിഎൻപണൈമ
കൈനിലൈയാവാങ്കിഴ്ക്കണക്കും"

പ്രേമം, വീരത, ദാനം തുടങ്ങിയ നിസർഗ്ഗ സന്തോഷങ്ങളെ പറ്റിപ്പാടിയിരുന്ന കവികൾക്ക് അതിന് സാഹചര്യം പിന്നീട് ലഭിച്ചില്ല. സംഘകാലത്തോടടുത്തല്ല നീതികാവ്യങ്ങളെന്നറിയപ്പെടുന്ന പതിനെൺകീഴ്ക്കണക്കുകളുടെ കാലമെന്ന് പ്രബലമായ അഭിപ്രായങ്ങളുണ്ട്. ചേര ചോഴ-പാണ്ഡ്യരുടെ സമൃദ്ധഭരണത്തിൻ കളദ്രർ ആക്രമിച്ചുകയറി ജനജീവിതം അസ്വസ്ഥമാക്കിയെന്നും, അങ്ങനെ ജീവിതാനന്ദങ്ങളെക്കുറിച്ച് കവിത രചിക്കാനുള്ള അനു

കൂലാവസ്ഥ നഷ്ടപ്പെടുകയും, ഈ അവസ്ഥയിൽ നീതിബോധത്തോടെ ജീവതത്തെ മുന്നോട്ട കൊണ്ടുപോകാനായി നിർമ്മിച്ച ചില ലഘുകാവ്യങ്ങളാണ് പതിനെൺ കീഴക്കണക്ക്.[91]

കുടുംബപരം (അകം) സാമൂഹ്യപരം (പുറം) എന്ന രണ്ടു സാഹിത്യവിഭാഗങ്ങളിൽ ദാർശനികമായ കൃതികളാണ് പതിനെട്ടു കീഴ്ക്കണക്കിൽ പതിനൊന്നെണ്ണം. ശേഷിച്ച ആറെണ്ണം അകം കാവ്യങ്ങളും കളവഴി എന്ന കാവ്യം യുദ്ധവർണ്ണിതവുമാകുന്നു. ഈ പതിനെട്ടുകാവ്യങ്ങളുംകൂടി മൂവായിരിത്തി ഇരുനൂറ്റി അമ്പതുപദ്യങ്ങൾ വരും. പതിനെട്ടു കീഴ്ക്കണക്കുകൾ പൊതുവെ ലഘുകാവ്യശാഖയിൽ പെടുന്നുവെങ്കിലും 1330 ഈരടി പാട്ടുകളുള്ള *തിരുക്കുറുകളും* നാനൂറ് ചതുഷ്പദികളുള്ള *നാലടിയാറും* ഇതിൽ ഉൾപ്പെടുന്നു.[92]

ഉത്തമ ജീവിതത്തിലെ കടമകളും നീതി, സത്യം, അഹിംസ തുടങ്ങിയ ആദർശങ്ങളുയർത്തി അർത്ഥം നിറഞ്ഞ അല്പവാക്കുകൾ കൊണ്ട് ആശയപ്രപഞ്ചം സൃഷ്ടിക്കുകയാണ് *തിരുക്കുറളും നാലടിയാർ* ചെയ്യുന്നത്. നാലടിയാർ നാലുവരി പദ്യങ്ങൾ അടങ്ങിയതും തിരുക്കുറൾ രണ്ടുവരി പദ്യങ്ങൾ അടങ്ങിയതുമാണ് *വിളമ്പി നാകനാർ* എഴുതിയ നാന്മണിക്കടിക തിരുക്കുറൾപ്പോലെ തത്ത്വചിന്താപ്രധാനമാണ്. കടിക എന്നാൽ ഖണ്ഡിക എന്നാണർത്ഥം. അതായത്, ഇതിലെ ഓരോ പാദത്തിലും ആശയരത്നങ്ങൾ അടങ്ങുന്നുവെന്നാണ് ഗ്രന്ഥനാമത്തിന്റെ ഔചിത്യാർത്ഥം. കാർനാൽപത് എന്ന കൃതി എഴുതിയത് മധുരൈ കണ്ണൻ കൂത്തനാരാണ്. രാജകല്പനയാൽ ഉദ്യോഗാർത്ഥം നനവധുവിനെ പിരിഞ്ഞുപോകാൻ ഇടവന്ന യുവഭടന്റേയും നവവധുവിന്റെയും വിയോഗ വേദനകളാണ് മുല്ലനിലപശ്ചാത്തലമായുള്ള കാർനാല്പതിൽ വിവരിക്കുന്നത്. ഓരോപ്പാട്ടിലും മഴക്കാറിനെ ഭംഗ്യന്തരേണ വർണിക്കുന്നതിനാലാണ് കാവ്യത്തിന് *കാർനാൽപത്* എന്ന് പേരുവന്നത്.

പൊയ്കൈ ആഴ്വരെഴുതിയ കാവ്യമാണ് *കളവഴി നാൽപത്*. യുദ്ധരംഗചിത്രങ്ങൾ കാവ്യാത്മകമായി അതിശയോക്തിപൂർവ്വം ഇതിൽ വർണ്ണിക്കുന്നു. സുവിജ്ഞേയ ബൗദ്ധ പ്രമാണങ്ങളായ ദു:ഖം, ദു:ഖകാരണം, ദു:ഖിനിവാരണം, ദു:ഖശാന്തി എന്നീ നാലു തത്ത്വങ്ങളിൽ ആദ്യത്തെ രണ്ട് പ്രമാണങ്ങളാണ് കപിലരുടെ ഇന്നാനാല്പതിലെ പ്രമേയം. പുതൻച്ചേന്തൻ എഴുതിയ ഇനിയവൈ നാൽപത് എന്ന കൃതിയിൽ ദു:ഖ നിവാരണം, ദു:ഖശാന്തി എന്നിവയെപ്പറ്റി ഓരോ പാട്ടിലും ആവർത്തിച്ചു പറയുന്നു. അനുഭവ സത്യങ്ങളെ ലളിതമായി പ്രതിപാദിക്കുന്ന 40 നാലുവരിപ്പാട്ടുകളും വന്ദനപദ്യവും ഉൾപ്പെടെ 41 പാട്ടുകളാണ് ഇതിലുള്ളത്. *ഇനിയവൈ നാൽപത്, ഇനിതു നാൽപത്, ഇനിയ നാല്പത്* എന്നീ പേരുകളിലും ഈ കൃതി അറിയപ്പെടുന്നു. പഞ്ചനിലങ്ങളിൽ ഓരോന്നിനെയും പറ്റി പതുപ്പത്ത് പാട്ടുകൾ വീതമുള്ള കൃതിയാണ് മാറൻ പൊറൈയൻ എഴുതിയ ഐന്തിണൈ അമ്പത്. പ്രേമാരംഭത്തിലെ സന്തോഷാസ്വാദനത്തിൽത്തുടങ്ങി വിരഹാവസ്ഥയിലെ ദു:ഖവിലാപത്തിലാണ് കാവ്യം അവസാനിക്കുന്നത്.

മൂവാതിയാർ എഴുതിയ ഐന്തിണൈ എഴുതപതിൽ ഓരോ തിണയിലും പതിനാലു വീതം പദ്യങ്ങൾ അടങ്ങി ആകെ എഴുപതുപദ്യങ്ങൾ ഉൾക്കൊള്ളുന്നു. തൊല്ക്കാപ്പിയത്തിലെ കാവ്യനിയമപ്രകാരം തിണകൾ ചേർത്തുവച്ചിട്ടുള്ള ഈ കാവ്യത്തിൽ പ്രേമമാണ് മുഖ്യവിഷയം.

ചാത്തന്തൈയാരുടെ തിണൈമൊഴി അമ്പതിൽ ഓരോതിണയിലും പതുപ്പത്തുപാട്ടുകൾ വീതം ആകെ അമ്പത്പാട്ടുകൾ അടങ്ങിയിരിക്കുന്നു. ഈ കൃതിയിലും പ്രേമമാണ് മുഖ്യവിഷയം. നല്ലാതനാരുടെ തിരുകടുകത്തിൽ നൂറു നാലടിപ്പാട്ടുകളാണുള്ളത്. ത്രികടു എന്ന സംസ്കൃതപദത്തിന്റെ തമിഴ്രൂപമാണ് തിരികടുകം. ചുക്ക്, മുളക്, തിപ്പലി എന്ന മൂന്നു മരുന്നുകളാണിത്. ത്രിദോഷ ഹേതുക്കളായ ശാരീരിക രോഗങ്ങളെ ഇവ ശമിപ്പിക്കുന്നതുപോലെ മനസ്സിനെ പീഡിപ്പി ക്കുന്ന രാഗാദി ദുശ്ചിന്തങ്ങളായ മനോവ്യാധികൾ അകറ്റി ശുദ്ധീകരിക്കുന്ന മൂന്ന് തത്ത്വങ്ങൾ ഓരോ പാട്ടിലും ഉൾക്കൊള്ളുന്നു എന്നതാണ് ഈ കാവ്യത്തിന്റെ പ്രത്യേകത. പ്രത്യേക ദേശ ത്തെയോ വ്യക്തിയെയോ പ്രതിപാദിക്കാതെ ദേശകാലാതി വർത്തികളും, സാർവ്വത്രികവു മായ ആശയങ്ങളെയാണ് ഈ കാവ്യത്തിൽ പ്രതിപാദിക്കുന്നത്. കീഴ്ക്കണക്കിലെ ആറു പ്രേമ കാവ്യങ്ങളിൽ ഏറ്റവുവലുതാണ് കണിമേതാവിയാർ എഴുതിയ തിണൈമാലൈ നൂറ്റി അമ്പ ത്.

*പെരുവായിമുള്ളി* എഴുതിയ ആചാരക്കോവ എന്ന കൃതിയിൽ സാമൂഹികമായി പണ്ടേ നിലനിന്നിരുന്ന പൂർവ്വികാചാരാനുഷ്ഠാനങ്ങളെ കാവ്യാത്മകമായി അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. കോവൈ എന്നാൽ മാല എന്നാണർത്ഥം. നൂറു ചതുഷ്പദികളാണ് ഈ കാവ്യത്തിൽ ഉള്ളത്. നാലടിവീതമുള്ള നാനൂറ് പദ്യങ്ങൾ ഉൾക്കൊള്ളുന്നതും പഴഞ്ചൊല്ലുകൾ ചേർത്ത് ആശയം വിശദമാക്കുകയുചെയ്യുന്ന മഹത്തായകൃതിയാണ് *പഴമൊഴി.* പ്രാചീന രുടെ ജീവിത സാഹചര്യം വൈവിധ്യമാർന്ന ആചാരാനുഷ്ഠാനങ്ങൾ, തൊഴിലുകൾ, സാമൂ ഹ്യവ്യവസ്ഥിതി എന്നിവയും ചില ചരിത്ര സൂചനകളും പലചൊല്ലുകളിലും അടങ്ങിയിട്ടു ണ്ട്. *കാശിയാശാനെഴുതിയ* ജൈനമത സംബന്ധിയായ ചിറുപഞ്ചമൂലത്തിൽ, മോഷപ്രാപ്തി ക്കുവേണ്ടി സ്വീകരിക്കേണ്ട ചിന്തകളെ വിശദീകരിക്കുന്നു. പഞ്ചമൂലം (ഓരില, മൂവില, ചെറുവഴുതന, വെൺചുണ്ട, ഞെരിഞ്ഞിൽ) കഷായം കുടിച്ചാൽ ശരീരത്തിലെ ചിലരോഗ ങ്ങൾ മാറുന്നതുപോലെ ഇതിലെ ശ്ലോകങ്ങളിലെ പഞ്ചതത്ത്വങ്ങൾ അനുസരിച്ച് ജീവിച്ചാൽ മാനസികമായ മാലിന്യങ്ങൾ മാറി പോകുമെന്ന് പറയുന്നു. ആശയപൂർണ്ണമായ വരികളി ലൂടെ ജീവിതത്തെ മുന്നോട്ട്നയിക്കാൻ സഹായിക്കാൻ കഴിയുന്ന 100 ഒറ്റവരിപദ്യമാണ് *മുതു മൊഴിക്കാഞ്ചി* എന്ന കൃതി.

കവിപ്രശസ്തി, കാവ്യപ്രശസ്തി എന്ന രണ്ടുപദ്യങ്ങൾ അടക്കം വെൺപാവൃത്തത്തി ലുള്ള 82 നാലുവരിപ്പാട്ടുകളാണ് കണിമേതാവിയാരുടെ ഏലാതി എന്ന കൃതിയിലുള്ളത്. ധർമ്മാർത്ഥകാമങ്ങളെ പ്രമേയമാക്കി വിവിധ ജീവിതാനുഭവങ്ങളും സദോപദേശങ്ങളും സര ളമായും സമഗ്രമായും ഇതിൽ പ്രതിപാദിക്കുന്നു. അഞ്ചുതിണകളെയും സംബന്ധിച്ചു പന്ത്രണ്ടു പാട്ടുകൾ വീതം 60 പ്രേമഗാനങ്ങളുടെ സമാഹാരമാണ് *കൈന്നിലൈ.* ഈ കാവ്യത്തിനെ *ഇന്നിലൈ ഐന്തിണൈ* എന്നും പറഞ്ഞുവരുന്നു. പ്രണയ കാവ്യമാണെങ്കിലും സാമുദായി കമായ പൊതുമര്യാദകളെ സമുചിതമാംവിധം പ്രതിപാദിക്കുന്ന ഒരു സരസകാവ്യമാണ് *പുത ലങ്കാടനാരുടെ* കൈന്നിലൈ. ഇപ്രകാരം ധർമ്മത്തെയും മോക്ഷത്തെയും പ്രേമത്തെയും യുദ്ധത്തെയും വിവരിക്കുന്ന കൃതികളാണ് പതിനെൺ കീഴ്ക്കണക്ക്.

### 3.10. സംഘകാല സാമൂഹ്യജീവിതം

സംഘകൃതികളിൽ നിന്ന് തമിഴകത്തിന്റെ സാമൂഹിക-സാംസ്ക്കാരിക ജീവിതം മനസ്സിലാക്കാൻ സാധിക്കും. അകം, പുറം എന്നീ സാഹിത്യ വിഭാഗങ്ങളായി മാത്രം ചുരുങ്ങിപ്പോകാതെ സാംസ്ക്കാരിക ചരിത്രനിർമ്മിതിക്കുള്ള ഉപാദാനങ്ങളായിമാറുന്നത് ഈ കൃതികൾക്ക് സമൂഹവുമായുള്ള അടുത്തബന്ധം കൊണ്ടാണ്.

#### 3.10.1 ജനത, മതവിശ്വാസം

കുറവർ, ഇടയർ, മറവർ, വെള്ളാളർ (കർഷകർ), പരതവർ, അരയർ, വണികർ, അന്തണർ, പുലവർ, പാണർ, വിറലിയർ, കൂത്തർ, കൊല്ലർ, കുശവർ, വണ്ണാർ എന്നീ പല വിഭാഗക്കാർ സംഘകാലത്ത് തെക്കേന്ത്യയിൽ പാർത്തിരുന്നു. സംഘകാലത്ത് പ്രത്യേകം ഒരു മതം ശക്തി പ്രാപിച്ചിരുന്നില്ല. ജൈനമതവിശ്വാസികൾക്കും ബുദ്ധമത വിശ്വാസികൾക്കും സ്വൈരവിഹാരം നടത്താനുള്ള സാഹചര്യം അന്നത്തെ രാജാക്കന്മാർ ചെയ്തുകൊടുത്തിരുന്നു. എങ്കിലും പണ്ടുകാലം മുതൽ തമിഴകത്തെ ജനതപിന്തുടർന്നുവന്ന മതം ശൈവമതാണ്. ബുദ്ധമതം ശക്തി പ്രാപിക്കുന്നതിനു മുമ്പ് ശൈവമതമാണ് ഇന്ത്യയിലും ശ്രീലങ്കയിലും ഉണ്ടായിരുന്നത്. കലിത്തൊക, അകനാനൂറ്, പുറനാനൂറ്, മുതലായ സംഘകൃതികളിൽ കാണുന്ന ദൈവസ്തുതികളിൽ നിന്ന് ശൈവമതത്തിന് അക്കാലത്തുണ്ടായ പ്രാധാന്യം മനസ്സിലാക്കാം. കൂടാതെ മതത്തിന്റെതായ അസ്വാതന്ത്ര്യമൊന്നും സംഘകാലത്തുണ്ടായിരുന്നില്ലായെന്നും ഈ കൃതികളിൽനിന്നു വ്യക്തമാണ്. മതത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവും ഉണ്ടായിരുന്നില്ല എന്നും ഈ കൃതികളിൽനിന്ന് വ്യക്തമാണ്. മതത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവുകളും അക്കാലത്തുണ്ടായിരുന്നില്ല പ്രധാനമായും അവർ അനുഷ്ഠിക്കുന്ന പ്രവൃത്തികളെ അടിസ്ഥാനമാക്കിയാണ് ജനവിഭാഗങ്ങളുണ്ടായിരുന്നത്. അന്തണർ (Priests) അരസർ (Rulers) വണികർ (Merchants) വേളാളർ (Farmers) കൈത്തൊഴിലാളികൾ (Labourers) കീഴോർ (താഴേക്കിടയിലുള്ളവർ) എന്നിങ്ങനെയായിരുന്നു പ്രധാനമായിട്ടുണ്ടായ ജനവിഭാഗങ്ങൾ. പാരമ്പര്യമായി കൈമാറി വന്ന ജോലിയുടെ അടിസ്ഥാനത്തിലാണ് ഈ തരംതിരിവ്.

"പിറപ്പൊക്കും എല്ലാ ഉയിർക്കും ചിറപ്പൊവ്വ
ചെയ്യ് തൊഴിൽ വേട്രുണ്മെയാൺ"

(തിരു. 971)

"നല്ല കുലം എൻറും തീയകുലം എന്റ്റും
ചൊൽ അളവ് അല്ലാൽ പൊരുളില്ലെ തൊൽചിറപ്പിൻ
എൻറ ഇവറ്റ്റ്റവൻ ആകുടംകുലം"

(നല്ലടിയാർ. 195)

ഈ കീഴ്ക്കണക്ക് പാട്ടുകൾ പ്രകാരം കുലം നിശ്ചയിക്കുന്നത് തൊഴിലാണെന്ന് വ്യക്തമാണ്. കുറിഞ്ചി, മുല്ലൈ, മരുതം, പാലൈ, നെയ്തൽ, എന്നീ നിലങ്ങളിലാണ് സംഘകാലത്തെ ജനങ്ങൾ ജീവിച്ചിരുന്നത്. കുറിഞ്ചി നിലത്തിൽ കുറവരും മുല്ലൈനിലത്തിൽ ഇടയരും മരുത നിലത്തിൽ വെള്ളാളരും പാലൈനിലത്തിൽ മറവരും നെയ്തൽ നിലത്തിൽ പരതവരുമാണ് പ്രധാനമായി വസിച്ചിരുന്നത്. ഈ അഞ്ചു വക വിഭാഗങ്ങളുമടങ്ങിയതമിഴ

കത്തിൽ അതാതു വിഭാഗത്തിന് മാത്രം യോജിച്ച തൊഴിലുകൾ ചെയ്തുകൊണ്ട് കഴിയുന്നവർ അത്ര കൂടുതലായിരുന്നു എന്നു പറയുക ശ്രമകരാണ്. രാജ്യഭരണം, അദ്ധ്യയനം, വ്യാപാരം, നെയ്ത്ത്, യുദ്ധം, യുദ്ധോപകരണങ്ങൾ മുതലായവയുടെ നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരുന്നവരും ധാരാളം ഉണ്ടായിരുന്നു.

സമൂഹത്തിലെ പ്രധാനികളായിരുന്നു അന്തണർ എന്ന സന്യാസികൾ. ജീവിതം മുഴുവൻ ബ്രഹ്മചര്യമനുഷ്ഠിക്കുന്നവരാണ് അന്തണരെന്ന് തൊല്ക്കാപ്പിയം 1570-ാമത് സൂത്രത്തിൽ നിന്ന് വ്യക്തമാണ്.

“നൂലേകരകം മുക്കോൽ മണൈയേ
ആയും കാലൈ അന്തണർക്ക് ഉരിയ”

‘അന്തത്തെ അണവുവേർ അന്തണരെന്നും’ ‘അന്തണർ കാഷായം പോത്തക്കുളാങ്കൾ’ എന്ന് നച്ചിനാർക്കിനിയരും അന്തണരെപറ്റിപറയുന്നു. അന്തണർ തമിഴ് ജനതയല്ലെന്നും കുടിയേറിയവരാണെന്നുമുള്ള അഭിപ്രായവും നിലവിലുണ്ട്. അന്തണരെ പാർപ്പൻ എന്നും വിളിച്ചിരുന്നു. സമൂഹത്തിലെ നന്മക്കുവേണ്ടി ജീവിക്കുന്നവരാണിവർ. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വഴക്കുകൾ മാറ്റി അവരെ ഒന്നിപ്പിക്കുന്നതിലെല്ലാം ഇവർ മുൻപന്തിയിലുണ്ടായിരുന്നു (തൊൽ. 1139, 1123). മൂന്നു കാലത്തെപറ്റിയും അറിയുന്നവനാണ് അറിവർ. ഈ ആകാശത്തിലെ നക്ഷത്രങ്ങളെയും മറ്റും നോക്കി മൂന്നുകാലത്തെയും പ്രവചിക്കാൻ കഴിവുള്ളവരാണ് അറിവരെന്ന് ഇളംപൂരണർ പറയുന്നു.

### 3.10.2 സ്ത്രീ

സംഘകാലത്തിൽ സ്ത്രീകൾക്ക് സവിശേഷ സ്ഥാനമുണ്ടായിരുന്നു. വിദ്യാസമ്പന്നരായ നിരവധി സ്ത്രീകളെപറ്റി സംഘം കൃതികളിൽ പരാമർശിക്കുന്നുണ്ട്. മാത്രമല്ല സംഘം കൃതികളിലെ നിരവധിപാട്ടുകൾ സ്ത്രികൾ രചിച്ചവയാണ്. ഒക്കൂർ മാചാത്തിയാർ, ഔവ്വയാർ, കാക്കൈപാടിനിയാർ, നച്ചെള്ളെയാർ, കാവർപണ്ടു, കുറുമകൾ, ഇളവെയിനി, തായങ്കണ്ണിയാർ, പൂങ്കണുത്തിരൈയാർ, പൂതപ്പാണ്ടിയന്റെ പത്നി പെരുങ്കോപ്പണ്ടു, പെരുങ്കോഴി നായക്കന്റെ മകൾ നാക്കണ്ണേയാർ, വെറിപാടിയ കാമക്കണ്ണിയാർ എന്നീ കവയത്രികൾ സംഘപ്പാട്ടുകൾ രചിച്ചവയാണ്. ഇവരുടെ കാവ്യങ്ങളിൽ നീതിയും ധർമ്മവും വീര്യവും മുറ്റിനിൽക്കുന്നു. ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ട കവയത്രിയാണ് ഔവ്വയാർ.

പാതിവ്രത്യത്തിന് പ്രാധാന്യം കൊടുത്തിരുന്നവരാണ് സംഘകാലത്തെ കുടുംബിനികൾ. ഭർത്താവ് മരിച്ച സ്ത്രീകൾ ഭർത്താവിന്റെ ചിതയിൽ ചാടിമരിക്കുകയോ, ഭർത്താവിന്റെ മരണശേഷം സ്വയം മരിക്കുകയോ, വിധവകളായി ജീവിതം കഴിക്കുകയോ ചെയ്തിരുന്നു. സംഘകാലത്തെ അമ്മമാർ വീര മാതാക്കളായിരുന്നു. പൊൻമുടിയാർ എന്ന കവയത്രി അമ്മ, അച്ഛൻ, രാജാവ്, മകൻ എന്നിവർ ചെയ്യേണ്ട കടമകളെക്കുറിച്ച്; കുട്ടികളെ പ്രസവിക്കുക എന്നത് അമ്മയുടെ കടമയും, കുട്ടിയെ നല്ല രീരിയിൽ വളർത്തി ബുദ്ധിശാലിയാക്കി മാറ്റേണ്ടത്അച്ഛന്റെയും, യുദ്ധത്തിന് വേൽ ഉണ്ടാക്കി കൊടുക്കേണ്ടത് കൊല്ലന്റെയും നല്ലതു പറഞ്ഞു കൊടുക്കേണ്ടത് രാജാവിന്റെയും യുദ്ധത്തിൽ ജയിക്കേണ്ടത് യുവാക്കളുടെ കടമയാണെന്നും പാടുന്നു;

ഈൻറു പുറന്തറുതൽ എൻറ ലൈക്കടനേ
ചൻറോ നോക്കുതറന്തൈക്കുക്കടനേ
വേൽവടിത്തുക്കൊടുത്തൽ കൊല്ലർ കുക്കടനേ
നന്നടൈ നൽകൽ വേന്താർ കുക്കടനേ
ഒളിറുവാളരുഞ്ചമമുരുക്കിക്
കളിറെറിന്തു പെയർ തൽകാളൈക്കുക്കടനേ

(പുറം. 312)

യുദ്ധത്തിൽ മരിച്ച സ്വന്തം കുട്ടിയുടെ ശരീരം കണ്ട് തപിക്കാതെ യുദ്ധത്തിലിറങ്ങിയ തോർത്ത്, വീരചരമം പ്രാപിച്ചതോർത്ത് അഭിമാനിക്കുന്ന അമ്മയെക്കുറിച്ച് *പൂങ്കൺ ഉത്തിരൈയാർ* ഇങ്ങനെ പാടുന്നു;

മീനുൺ കൊക്കിൻറുവിയന്ന
വാനരൈക്കൂന്തൻ മുതിയോൾ ചിറുവൻ
കളിറെറിന്തു പട്ടനനെന്നു മുവകൈ
ഈൻറ ഞാൻറിനും പെരിതേ കണ്ണീർ
നോൻ കഴൈ തയൽ വരും വെതിരത്തു
വാൻ പെയത്തുങ്കിയ ചിതരിനും പലവേ.

(പുറം. 277)

*ഒക്കൂർ മാചാത്തിയാർ* എന്ന കവി തന്റെ ഒരോയൊരു മകനെ യുദ്ധത്തിന് അയച്ച തിന് ശേഷം ഇപ്രകാരം പാടുന്നു;

കെടുക ചിന്തൈ കടിതിവടുണിവേ
മൂതിൻ മകളിരാതറകുമേ
മേനാളുറ്റ ചെരുവിർ കിവടന്തൈ
യാനൈറിന്തു കളത്തൊഴിന്തനനേ
നെരുനലുറ്റ ചെരുവിർകിവൾ കൊഴുനൻ
പെരുനിരൈവിലങ്കിയാണ്ടുപ്പട്ട നനേ
ഇൻറും, ചെരുപ്പറൈകേട്ടു വിരുപ്പുറ്റുമയങ്കി
മേൽകൈക്കൊടുത്തു വെളിതു വിരിത്തുടീഇവ്
പാറുമയിർക്കുടുമിയെ കണ്ണായ് നീമി
ഒരു മകനല്ലതിപ്പോൾ
ചെറുമുകനോക്കിച്ചെൽകെനവിടുമേ

(പുറം. 279)

തന്റെ അച്ഛൻ യുദ്ധത്തിൽ ആനയെക്കൊന്ന് വീര ചരമം പ്രാപിച്ചു. സമീപകാലത്തു നടന്ന യുദ്ധത്തിൽ തന്റെ ഭർത്താവ് ശത്രുവിനെക്കൊന്ന് വീരചരമം പ്രാപിച്ചു. എന്നിട്ടും തളരാതെ മന:കരുത്തോടെ തന്റെ ഒരേയൊരു മകനെ പോർവസ്ത്രമണിയിച്ച് കുടുമയിൽ എണ്ണ തേച്ച് മുടി ചീകി പോർക്കളത്തിലേക്ക് അയക്കുന്ന മറവസ്ത്രിയുടെ മന:ശക്തിയാണ് ഈ പാട്ടിലൂടെ വ്യക്തമാകുന്നത്.

'മകൻ യുദ്ധത്തിൽ പിന്തിരിഞ്ഞോടി മരിച്ചുവെന്നു കേട്ടു കോപാകുലയായി അത്

സത്യമാണെങ്കിൽ അവൻപാൽ കുടിച്ച ഈ മുല അറുത്തുകളയുന്നതാണെന്നും ശപഥം ചെയ്തു വാളുമെടുത്തുകൊണ്ട് പോർക്കളത്തിൽചെന്നു നോക്കുമ്പോഴാണ് തന്റെ മകൻ രണ്ടു തുണ്ടമായി വെട്ടേറ്റ് മരിച്ചുകിടക്കുന്നതുകാണുന്നത്, അപ്പോൾ ആ അമ്മയ്ക്ക് അവനെ പ്രസവിച്ചപ്പോഴുണ്ടായതിനേക്കാൾ കൂടുതൽ ആനന്ദമനുഭവിച്ചു.' എന്ന് *കാക്കൈപാടിനിയാനച്ചെള്ളെയാർ* പുറം. 278-ാമത്തെ പാട്ടിൽപാടുന്നു. യുദ്ധക്കളത്തിൽ വെച്ച് തന്റെ മക്കൾ ഏതെങ്കിലും മോശമായ പ്രവൃത്തിചെയ്താൽ ആ മക്കളെ അമ്മമാർ വെറുക്കുന്നു. ഒരമ്മയുടെ മകൻ പോർക്കളത്തിൽ വച്ച് ശത്രുവിനു നേരെ വേൽ എറിഞ്ഞു, ശത്രു അതുപിടിച്ച് തിരിച്ചെറിഞ്ഞപ്പോൾ ഭയന്നോടുന്ന മകനെ വെറുത്തുകൊണ്ട് ഇപ്രകാരം പാടുന്നു;

"വാതുവൽ വയിറേ വാതുവൽ വയിറേ
നോകേൻ അകത്തെ നിൻ നീൻറനനേ
പെരുന്താമന്നർ അരുഞ്ചമമുരുക്കി
അക്കളത്തൊഴിതൽ സെല്ലായ് മിക്ക
പുകർ മുകക്കുഞ്ചരം എറിന്ത ഏക്കം
അതൻ മുകത്തൊഴിയ നീ പോന്തറെണയേ
അതനാൽ എമ്മിൽ ചെയ്യാപെരുവഴി ചെയ്ത
കല്ലാക്കാലൈയ ഈൻറ വയിറേറേ,

ഇങ്ങനെ സംഘകാലത്തെ സ്ത്രീകൾ വീരതായ്കൾ എന്ന് അറിയപ്പെടും വിധം മന: ശക്തിയുള്ളവരായിരുന്നു. സമൂഹത്തിൽ സ്ത്രീകൾക്കും സാമാന്യമായ പരിഗണനയും ലഭിച്ചിരുന്നു.

### 3.10.3 ഈശ്വരസങ്കല്പം

പ്രകൃതിയോട് ചേർന്നുള്ളതാണ് സംഘകാല ജനതയുടെ ഈശ്വരസങ്കല്പം. മുല്ലൈ, കുറിഞ്ചി, മരുതം, നെയ്തൽ, പാലൈ എന്നീ അഞ്ച് നിലങ്ങളിൽ യഥാക്രമം മായോൻ, മുരുകൻ, വേന്തൻ, വരുണൻ, കാട്കിഴാർ എന്നീ ഈശ്വരന്മാരെ ഉപാസിച്ചിരുന്നുവെന്ന് മനസ്സിലാക്കാം. പ്രകൃതിയുമായി ബന്ധപ്പെട്ടുള്ള ശക്തികേന്ദ്രത്തെയും പ്രാധാന്യത്തെയും തിരിച്ചറിഞ്ഞുകൊണ്ടുള്ള ജീവിതമുന്നേറ്റമാണ് ഈവിധം തിണ കേന്ദ്രീകൃതമായ ഈശ്വരസങ്കല്പം ഉണ്ടാകാൻ കാരണം. അലമർ (ശിവൻ) ഈശ്വരനും കൊറ്റവയ്ക്കും പിറന്നവനാണ് മുരുകൻ എന്ന് സംഘസാഹിത്യം പറയുന്നു. കൊറ്റവൈ ഉമയാണെന്നും വ്യവഹരിച്ചുകാണുന്നുണ്ട്. വേദങ്ങളിൽ പരാമർശിക്കുന്ന വിഷ്ണു, വരുണൻ, ഇന്ദ്രൻ എന്നീ ദൈവങ്ങളും തമിഴകത്തിലെ മായോൻ, വേന്തൽ, വരുണൻ എന്നീ ദൈവങ്ങളും രൂപത്തിലു പ്രവൃത്തിയിലുമെല്ലാം വ്യത്യാസങ്ങളുണ്ട്. തൊല്ക്കാപ്പിയത്തിലെ 1034-ാം സൂത്രപ്രകാരം;

"കൊടിനിലൈ, കൻ തഴിവള്ളി എൻറ
വടനിങ്കു ചിറപ്പിൻ മുതലന മൂൻറും
കടവുൾ വാൾതൊടുകണ്ണിയ വരുമേ"-

സംഘകാല ജനത സൂര്യൻ (കൊടിനിലൈ), കന്തഴി (ജീവനുള്ള ഏറ്റവും പ്രധാനപ്പെട്ട വസ്തു) ചന്ദ്രൻ (വള്ളി) എന്നീ പ്രകൃതി ശക്തികളെ ഉപാസിച്ചിരുന്നുവെന്ന് മനസ്സിലാക്കാം.

ഈശ്വര ചൈതന്യത്തെ മരങ്ങളുടെ താഴെ കമ്പുകളിൽ പ്രതിഷ്ഠിച്ച് ഉപാസിച്ചുവ ന്നിരുന്നു. കാലക്രമേണ അത്തരം സ്ഥലങ്ങൾ വലിയ ക്ഷേത്രങ്ങളായി മാറുകയും ചെയ്തു. മുങ്കിലനടയിൽ (മുള) ഈശ്വരനിരിന്നിരുന്നതുകൊണ്ട് തിരുനെൽവേലി വേണുപുരമെന്നും, ചെറിയ ആൽമരത്തടിയിലും ചെറിയ പാലമരത്തടിയിലും ഈശ്വരൻ വസിച്ചിരുന്നതുകൊണ്ട് തിരുകൂറ്റല എന്നും കുറുമ്പാല എന്നും, മധുരയിൽ കടമ്പവനത്തിനിടയിൽ ഇരുന്നിരുന്നതു കൊണ്ട് കടമ്പവനേശ്വരനെന്നും, ഞാവൽ മരത്തിനടിയിൽ ഈശ്വരൻ വസിച്ചിരുന്നതുകൊണ്ട് തിരുവാണൈക്കാജംബുകേശ്വരനെന്നും നില്ലവനത്തിൽ ഈശ്വരനിരുന്നതുകൊണ്ട് ചിദംബ രതില്ലെ എന്നും വിളിക്കപ്പെടുന്നു.

*തിരുമന്ത്രം, തേവാരം, തിരുവാസകം, സിദ്ധാന്തശാസ്ത്രം* പതിനാല് മുതലായ പിൽക്കാല കൃതികളിൽ കാണുന്ന തത്ത്വസംഹിതകൾ തമിഴകത്തിലെ ഈശ്വരവിശ്വാസ ത്തിന്റെ ഉത്തമദൃഷ്ടാന്തങ്ങളാണ്. തേവാരം, തിരുവാസകം പാടിയവരുടെ കാലത്തുണ്ടായ ശിവക്ഷേത്രങ്ങളുടെ ആധിക്യം ശൈവമതത്തിന്റെ പ്രസിദ്ധിയും വ്യാപ്തിയും എത്രത്തോള മാണെന്ന് വ്യക്തമാകുന്നതാണ്. കൂടാതെ ഈശ്വരനെക്കുറിക്കുന്ന തമിഴ്പദങ്ങളായ ഇറൈ വൻ, ഈയവുൾ, കടവുൾ മുതലായ പദങ്ങളുടെ അർത്ഥത്തിൽ നിന്ന് ഈശ്വരനെ എപ്രകാ രമാണന്ന് കരുതിയിരുന്നതെന്നും വ്യക്തമാണ്.

### 3.10.4. ഭരണം

തമിഴകം ചേര, ചോഴ, പാണ്ഡ്യന്മാരുടെ ഭരണത്തിലായിരന്നെങ്കിലും അവരുടെ കീഴിൽ അനേകം ഉപരാജക്കാന്മാരുണ്ടായിരുന്നു. അവരെ കുറുനിലമന്നർ (സാമന്തർ) എന്നാണ് വിളിച്ചിരുന്നത്. പഴനിമല, പറമ്പുമല, കോടൈമല, പൊതിയമല, കൊല്ലിമല, തോട്ടിമല, കുതിരമല, മുതിരമല എന്നിപ്രദേശങ്ങളെല്ലാം ഭരിച്ചിരുന്നത് കുറുനില രാജാക്കന്മാരായിരു ന്നു. അച്ഛന്റെ കാലശേഷം മകൻ എന്ന മുറയ്ക്ക് ഭരണം നടത്തിവന്നിരുന്ന ഈ കുറുനിലരാ ജാക്കന്മാർ അവരുടെ മുടിവേന്തന്മാരുടെ അടയാളം ധരിച്ചുപോന്നു. തങ്ങളുടെ കീഴിൽ ഭരണം നടത്തിവന്ന സാമന്തന്മാർക്ക് തങ്ങളുടെ പേര് ബിരുദമായി മുടിവേന്തർ നൽകിയിരു ന്നു. വേൾപാരി മുതലായവരെപ്പോലെ സ്വാതന്ത്രഭരണം നടത്തിവന്ന ചെറുരാജാക്കന്മാരും അക്കാലത്തുണ്ടായിരുന്നു. നാടിന്റെ സർവ്വശ്രേഷ്ഠതയും കൃഷിയിലും രാജാവിന്റെ ഐശ ്വര്യത്തിലുമായിരുന്നുവെന്ന് അക്കാലത്തെ ജനങ്ങൾ വിശ്വസിച്ചിരുന്നു. നാട്ടിൽ ധർമ്മവും അർത്ഥവും നിലനിൽക്കണമെങ്കിൽ കൃഷി നടന്നേ തീരു എന്ന് പണ്ഡിതന്മാർ സദാ രാജാ വിനെ അറിയിച്ചുകൊണ്ടിരുന്നു. ധാനംദ വീരം, ധർമ്മം എന്നിവയിലടങ്ങി ഭരണമായിരുന്നു സംഘകാലത്ത് നടന്നിരുന്നത്.

### 3.10.5 രാജാവ്

കൈയ്യിൽ വീരവാളും കാലിൽ വീരകഴലയും (ചിലമ്പുപോലുള്ളത്) രാജാവ് ധരിച്ചി രുന്നു. ആന ദന്തത്തിനാലും പൊന്നിനാലും നവരത്നങ്ങളാലും അലംകൃതമായിരിക്കും രാജാവിന്റെ സിംഹാസനം. അതിന്മേൽ വെൺകൊറ്റക്കുട ഉണ്ടായിരിക്കും. വിശേഷദിവസ ങ്ങളിൽ മാത്രം രാജ്ഞി രാജസദസ്സിൽ രാജാവിനൊപ്പം സന്നിദയായിരിക്കും അന്തപുരത്തി ലേക്ക് ഉയർന്ന കുലത്തിലെ പെണ്ണുങ്ങൾക്കും കൂനുള്ള സ്ത്രീകൾക്കും ഊമകൾക്കും പ്രവേശ

നമുണ്ടായിരുന്നു. ആണുങ്ങൾക്ക് പ്രവേശനമില്ലായിരുന്നു. ന്യായം, വീരം, ധാനം എന്നീ മൂന്നും തികഞ്ഞവനായിരിക്കണം രാജാവ്. ഇത് മൂന്നും അറിയിക്കാനായി മൂന്ന് മുരശ് ഉണ്ടായിരുന്നു. രാജാവിന്റെകൂടെ എൺപേരായ്മവും ഐം പേരും കുഴവും ഉണ്ടാകും. ഐം പെരുകുഴുവിൽ മന്ത്രി പുരോഹിതൻ, സേനാപധി, ദൂതൻ, സാരണർ, കരുമ വിനൈഞ്ജർ (ദേശത്തിന്റെ ഭരണം നടത്തുന്നവർ) കണക്കിയൽ വിനൈഞ്ജർ (ദേശത്തിന്റെ വരവും ചിലവും നടത്തുവന്നവർ) ധർമ്മ വിനൈഞ്ജർ (ദേശത്തിലെ നീതിപാലകർ) തന്ത്രവിനൈ ജ്ഞർ (യുദ്ധപ്പടയെ നിയന്ത്രിക്കുന്നവർ. ജോത്സ്യൻ (കാര്യങ്ങൾക്കുള്ള കാലങ്ങളെയും നിമിത്തങ്ങളെയും ഗണിക്കുന്നവർ) എന്നിവർ ഉണ്ടായിരുന്നു. എൺപേരായ്മത്തിൽ കരണ ത്തിയലവർ (കണക്ക് സൂക്ഷിക്കുന്നവർ) കർമ്മവിധകർ (ഉത്തരവ് നിറവേറ്റുന്ന അധികാരികൾ) കനകചുറ്റം (പണ്ടാരം വഹിക്കുന്നവർ) കടൈക്കാപ്പാളാർ (കൊട്ടാരകാവലർ) നഗരമാന്തർ (നഗരത്തിലെ പ്രധാനവ്യക്തികൾ) പടൈതലൈവർ, ആനവമീരൻ, കുതിരവീരൻ തുടങ്ങിയവരും അടങ്ങിയിരുന്നു.

### 3.10.6 യുദ്ധം

മൂവേന്തന്മാരും ചിറ്ററചന്മാരും നിരന്തരം യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. തമിഴകത്തിലെ രാജാക്കന്മാർ ഓരോരുത്തരും തങ്ങളുടെ വിജയത്തിന്റെ അടയാളമായി ഓരോ മരത്തെ നഗരാതിർത്തിയിൽ നട്ടുപിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. പടയെടുത്തുവരുന്ന ശത്രുക്കൾ ആദ്യം ഈ മരത്തെ മുറിക്കുന്നു. മരം മുറിക്കുകയോ വെട്ടുകയോ ചെയ്യുന്നതോടുകൂടി ആ മരത്തിന്റെ രാജാവിന് വൻതോൽവിയും ഒപ്പം അപമാനവുമാണെന്ന് കരുതപ്പെടുന്നു. ശത്രുക്കൾ ഈ മരത്തിൽ ആനകളെ കെട്ടുകയും ആനകളെ തളച്ചിടാനായി ഈ മരം കൊണ്ടുപോകുകയും ചെയ്യുന്നു. ഈ മരം മുറിച്ച് വീരമുരിശ് ഉണ്ടാക്കുന്നതിനും ഉപയോഗിച്ചിരുന്നു. കാവൽ മരവും മുറിച്ച് മുന്നേറിവരുന്ന ശത്രുസൈന്യം പിന്നീട് കോട്ടയെ ആക്രമിക്കുന്നു. പല ദിവസങ്ങൾ ഭക്ഷണവും വെള്ളവുമില്ലാത്ത യുദ്ധം ചെയ്യാൻ തയ്യാറായവരാണ് കോട്ടക്കാവൽക്കാർ. ഇങ്ങനെ കോട്ടയിൽ വച്ചുള്ള യുദ്ധങ്ങൾ വരുമ്പോൾ ആ ദിവസങ്ങൾ ചുമരിൽ കുറിച്ചുവയ്ക്കാറുണ്ടായിരുന്നു. തോറ്റ പോരാളികളുടെ തലയിൽ നെയ്യൊഴിച്ച് ഇരുകൈയ്യും പിന്നിലേക്ക് വലിച്ചുകെട്ടുന്നു. വിജയിച്ച രാജാവും വീരന്മാരും പോർക്കളത്തിൽ വാളുയർത്തി പിടിച്ച് തുണങ്കൈ ആടുന്നു. മരിച്ചുകിടക്കുന്ന വീരന്മാരുടെ ഉടലുകളും തലകളും കിടക്കുന്നതു യുദ്ധകളത്തിൽ ചെയ്യുന്ന ആഹ്ലാദ പ്രകടനത്തിനെ *കൽവേൾവി* എന്നാണ് പറയുന്നത്. യുദ്ധത്തിൽ വാൾ, വേൽ മുതലായവ മൂലം ഉണ്ടായ മുറിവുകൾ 'നെല്ലവെല്ലൂസ സിയാൽ തുന്നികെട്ടുമായിരുന്നു. കുടിലുകൾ തീയിടുക. ആടുമാടുകളെ കൈവശപ്പേടുത്തുക എന്നിവ ശത്രുക്കൾ ചെയ്യുന്ന യുദ്ധാരംഭപ്രവൃത്തികളാണ്. പ്രധാനമായും മഴക്കാലത്തെയാണ് യുദ്ധത്തിനായ് തിരഞ്ഞെടുത്തിരുന്നത്.

രാജാവിന് തേർപ്പട, കുതിരപ്പട, വാൾപ്പട, വിൽപ്പട എന്നീ നാലുവിധത്തിലുള്ള പോരാട്ടപ്പടകളുണ്ടായിരുന്നു. വില്ലും, വേലും, വാളുമായിരുന്നു യുദ്ധത്തിനുപയോഗിച്ചിരുന്ന പ്രധാനയുധങ്ങൾ. കുന്തം, ചക്രം എന്നീ ആയുധങ്ങളും ഉപയോഗിച്ചിരുന്നു. സ്വയം സംരക്ഷണത്തിനുള്ള പരിചയും സാധാരണയായി ഉപയോഗിച്ചിരുന്നു. കൂടാതെ പുലിത്തോലാൽ ഉണ്ടാക്കിയ കവചം പേരാളികൾ അണിഞ്ഞിരുന്നു കാലാൾപ്പടയിൽ ഉള്ളവർ തലക്ക

വചം ഉപയോഗിക്കാറുണ്ടായിരുന്നില്ല. വളൈവിർ പൊറി (വളച്ച് എയ്യുന്ന വിൽ) കരുവിര ലൂകം (കുരങ്ങപോലെയുള്ള ആയുധം) കല്ലുമിഴ്ക്കവൺ, കല്ലിടുക്കൂടെ, തൂണ്ടിൽ (ചൂണ്ട), തൊടക്ക് (കഴുത്തിൽ പൂട്ടിക്കൊല്ലുന്ന ചങ്ങല) അണ്ടലൈ അടപ്പ്, കവൈ (മതിൽക്കയറുന്ന വരെ നടുക്കുന്ന ആയുധം) കഴു, പുതൈ, ഐയ്യവിതുലാം (വാതിലിൽ കടക്കാത്ത വിധം തടുക്കുന്ന ആയുധം), കൈപയർ ഊസി (മതിലിൽ കയറുന്നവരെ തടുക്കുന്ന സൂചി) എറി സിറൽ (കണ്ണ് കൊത്തുന്ന ആയുധം) പൻറി (മതിലിൽക്കയറുന്നവരെ രണ്ടായിമുറിക്കുന്ന ആയുധം), പനൈ (മുളങ്കോലുപോലെ ഉണ്ടാക്കി അടിക്കാവുന്ന ആയുധം), എഴുചീപ്പു, കണൈ യം, കോൽ, കുന്തം, മേൽ, ചതക്നി, തള്ളിവെട്ടി, കളിറ്റ്പ്പൊറി, തകർപ്പൊറി, ഞായിൽ, പീണ്ഡിപ്പാറം, എഴു, മുഴു, വാൾ, കവചം, തോമരം, വിഴുങ്കും പാമ്പ്, കഴുകുപ്പൊറി, അരിനൂറ് പൊറി, ഗദ, ദണ്ഡം, നാരാസം, ഇരുപ്പ്, മുള്ള്, കഴുമുള്ള്, കൂൻവാൾ, ചിറുവാൾ, കൊടുവാൾ, അരിവാൾ, ചുഴൽപടൈ, ഈർവാൾ, ഉളൈവാൾ, കൈവാൾ, കണൈയം, കോടാലി, തോട്ടി മേൽ, വജ്റം, കുറുന്തടി, ഈട്ടി, കവൺ, ചിറുചവളം, പൊരുന്ത് ചവണം, ചക്രം, കണ്ണം, ഉളി, പാസം, താമണ, ചാലം, ഊസിമുസുണ്ടി, മൂസലം, ഇടങ്കണി, അൾപ്പലകൈ, എന്നീ 94 തര ത്തിലുള്ള ആയുധങ്ങൾ സംഘകാലത്ത് യുദ്ധത്തിനായി ഉപയോഗിച്ചിരുന്നു.

ഒരു രാജാവ് ശത്രുരാജ്യത്തെ ആക്രമിക്കുമ്പോൾ പശുക്കൾ, ബ്രാഹ്മണർ, സ്ത്രീകൾ, രോഗികൾ എന്നിവർക്ക് മുന്നേതന്നെ അറിയിപ്പുകൊടുത്തു സംരക്ഷിച്ചിരുന്നു. പാണ്ടയൻ മുതുകുടുമിപ്പെരുവഴുതി ഇപ്രകാരംചെയ്തതായി നെട്ടിമൈയാർ ഇപ്രകാരം പാടുന്നു'

'ആവുമാനിയർ പാർപ്പന മാക്കളും
പെണ്ടിരും പിണിയുടൈയിരും പേണി
ത്തെൻ പുല വാഴ്നർ ക്കരുങ്കടനിറുക്കും
പൊൻ പോർ പുതൽവർ പ്പെറാഅതീരും
എമ്മമ്പു കടിവിടുതുനുമ്മരൺ ചേർമിണെന
അറത്താറുനുവലും പൂട്കൈ മറത്തിൻ
കൊൽകളിറ്റു മീമിചൈക്കൊടി വിച്ചമ്പു നിഴറ്റും
എങ്കോവാഴിയ കടുമി

(പുറം. 9)

യുദ്ധത്തിന്റെ ഓരോ ഘട്ടത്തിൽ ഓരോതരം പൂവ് ചൂടിയിരുന്നു. യുദ്ധം തുടങ്ങു മ്പോൾ വെട്ചിയും, എതിർപക്ഷക്കാരൻ കരന്തൈയും, സൈന്യം നയിക്കുന്നവൻ വഞ്ചിയും അത് തടയുന്നവൻ കാഞ്ചിയും മതിൽ തകർക്കുമ്പോൾ ഉഴിഞ്ഞൈയും അതുകാക്കുന്നവൻ നൊച്ചിയും പരസ്പരം പോരാടുമ്പോൾ തുമ്പയും ജയിച്ചാൽ വാകയും ചൂടുക പതിവാണ്. യുദ്ധാരംഭം അറിയിക്കുന്നത് മുരശുമുഴക്കിയിട്ടാണ് യുദ്ധം തുടങ്ങുമ്പോൾ മുരശിനു പുറമേ കാഹളം, പെരുമ്പറ, ശംഖ് എന്നിവയുടെ ശബ്ദംകൊണ്ട് നിറഞ്ഞിരിക്കുംപോർക്കളം. യുദ്ധ ത്തിനു പുറപ്പെടും മുമ്പ് 'കൊറ്റവൈ' എന്ന സമരദേവതയ്ക്ക് ബലിയർപ്പിച്ച് വിജയപ്രാർത്ഥന നടത്തിയിരുന്നു. നിണം കലർന്ന ചോറുരുളകൊണ്ടുപോർമൂരശിനെ ബലിയിടും. ഈ സന്ദർഭത്തിൽ പോർവീരന്മാർക്ക് വലിയ സദ്യയുണ്ടായിരിക്കും. കാലാൾപ്പട, നൂറുവീതമുള്ള ഉപവിഭാഗങ്ങൾ അടങ്ങിയതാണ്. അതിൽ വോൾപ്പട, വേൽപ്പട വിൽപ്പട (പുറം 62) എന്നി വയും മുന്നണിപ്പട, പിന്നണിപ്പട എന്നൊരു വിഭാഗവും ഇതിനുപുറമേ ഉണ്ടായിരുന്നു. യുദ്ധ

ത്തിൽ തോറ്റ രാജാവ് പലതരത്തിൽ അപമാനിക്കപ്പെട്ടിരുന്നു. ശത്രുരാജാവിന്റെ കിരീട ത്തിലെ സ്വർണ്ണം കൊണ്ട് 'വീരക്കഴൽ' ഉണ്ടാക്കി ജയിച്ച രാജാവ് കാലിൽ ധരിചന്നചിരുന്നു. (പുറം 40) തോറ്റരാജാവിന്റെ ആനകളുടെ കൊമ്പുകൊണ്ടു കട്ടിലുണ്ടാക്കും ബാലികമാരും യുവതികളും മാത്രം അണിയാറുള്ള 'തഴയുട' ശത്രുരാജാവ് അണിയേണ്ടിവന്നിരുന്നു. മുതു കിന് മുറിവേല്ക്കുന്നത് വളരെ നിന്ദ്യമായിക്കരുതപ്പെട്ടിരുന്നു. അക്കാരണത്താലാണ് ചേര ലാതനെന്ന രാജാവ് വടക്കിരുന്ന് മരിച്ചത് (പുറം. 15)

തങ്ങളുടെ സേനാബലം, ആജ്ഞ, ശക്തി, ഭരണം, എന്നിവ എല്ലാവരും കൈക്കൊണ്ടു തങ്ങളുടെ കുടക്കീഴിൽ എല്ലാനാടുകളും അടങ്ങിയിരിക്കണം. എന്നതാണ് സംഘകാലത്തെ യുദ്ധങ്ങളുടെ പ്രധാന ലക്ഷ്യവും നിസ്സാരകാര്യങ്ങൾക്കുവേണ്ടിപോലും യുദ്ധം ചെയ്തിരു ന്നു. വാക്കിലോ പ്രവൃത്തിയിലോ മാനഭംഗം നേരിട്ടതായിക്കരുതി അതിനുകാരണക്കാരായ ആളിനോടുയുദ്ധത്തിനുപോകുക അത്തരത്തിലുള്ള ഒന്നാണ്. ചെറുപ്രായത്തിലെ രാജാ വായ പാണ്ഡ്യൻ നെടുഞ്ചഴയിണ നന്നേ ചെറിയവൻ' എന്ന് വിളിച്ചവരോടുള്ള യുദ്ധമായി രുന്നു തലൈങ്കാനത്ത് നടന്നത്.

### 3.10.7 ഭക്ഷണം

ബ്രാഹ്മണരും, കൃഷിപ്പണിക്കാരുമൊഴികെയുള്ളവരെല്ലാം മാംസം ആഹാരമാക്കിയി രുന്നു. വിവിധ ഇനത്തിലുള്ള അരിയാലുണ്ടാക്കിയ ചോറിനെപറ്റി സംഘസാഹിത്യത്തിൽ നിരവധിപരാമർശങ്ങളുണ്ട്. ഓരോ നിലത്തിനും പ്രത്യേകം പ്രത്യേകം നെൽവിത്തുകളു ണ്ടായിരുന്നു. അരിഭക്ഷണം, ഇറച്ചിച്ചേർത്തഭക്ഷണം, മീൻചേർത്ത ഭക്ഷണം, തൈര്, മോര്, വെണ്ണ, കരിമ്പിൻചാറ് തുടങ്ങിയവയെല്ലാം സാധാരണയായി ഉപയോഗിച്ചിരുന്ന ഭക്ഷണപ ദാർത്ഥങ്ങളാണ്. പാർപ്പരുടെ ഇല്ലങ്ങളിൽ പശുക്കൾ പുൽതേടി നടക്കുന്നതും, വീട്ചാ ണകം മെഴുകിയിരിക്കുകയും ചെയ്യും, ഈശ്വരപ്രതിഷ്ഠകൾ അവിടെ കാണാൻ സാധിക്കും. അവിടെയുള്ള കിളികളും വേദം പഠിക്കും അരുന്ധതിപോലെ പ്രസിദ്ധമായ ചരിത്രവും നല്ല സ്വഭാവശുദ്ധിയുള്ളതും കൈയ്യിൽ വളയണഞ്ഞ പാർപ്പരുടെ ഭാര്യമാർ നല്ല രുചിയുള്ള ഭക്ഷണം വെയ്ക്കുന്നു. ആ വീട്ടിൽ പോയാൽ രാസന്നത്തിന്റെ ചോറും മാതളം കായ്കളെ ചെറുതായ് അരിഞ്ഞ് കുരുമുളകും കറിവേപ്പിലയും ഇട്ട് നെയ്യിൽ ഒതുക്കിയകൂട്ടുകളും മാങ്ങ അച്ചാർ മുതലായവയും കിട്ടുമെന്ന് പെരുമ്പാണാറ്റുപ്പട 297-310 പാട്ടിൽ പാടുന്നു.

"ഉപ്പുകണ്ടം പറികൊടുത്ത പാർപ്പിനി
നോയ് കൊണ്ടാർ പാർപ്പരും ഉപരുടവ്"

എന്ന പഴമൊഴിയിൽ നിന്ന് പാർപ്പർ മാംസാഹാരങ്ങൾ കഴിക്കില്ലെന്ന് വ്യക്തമാണ്. സംഘ കൃതികളിൽ മാസംഹാരങ്ങൾ, പ്രത്യേകിച്ച് മത്സ്യകൊണ്ടാക്കുന്നവയ്ക്ക് പ്രാധാന്യം ഏറെ യായിരുന്നു. പനങ്കള്ള്, ഇളനീര്, ഉണക്കമീൻ തുടങ്ങിയവയും സാധാരണയായി സംഘകാ ലത്തെ ജനങ്ങൾ ഉപയോഗിച്ചിരുന്നവയാണ്. പെരുമ്പാണാറ്റുപ്പട 98-99-100 എന്നീ പാട്ടുകൾ ഇതിനുദാഹണമാണ്.

### 3.10.8 മദ്യപാനം

ബ്രാഹ്മണരും കൃഷിപ്പണിക്കാരുമൊഴികെ സ്ത്രീകളടക്കം മദ്യപിച്ചിരുന്നു. പനയിൽ നിന്നും തെങ്ങിൽ നിന്നും വാരിയോർ (താഴെക്കിടയിലുള്ളവർ) തൊഴിലാളികൾ, പോർമറ

വർ, പാണർ എന്നിവരാണ് കള്ള് ചെത്തിയിരുന്നത്. പഴച്ചാർ, അരി, താതകിപൂവ് എന്നിവയിൽ നിന്ന് ഉണ്ടാക്കപ്പെട്ട സുഗന്ധത്തോടുകൂടിയ മദ്യങ്ങൾ സംഘക്കാലത്ത് സാധാരണയായി കഴിച്ചിരുന്നവയാണ്. കൂടാതെ യവന ദേശങ്ങളിൽ നിന്ന് കപ്പൽ വഴി കൊണ്ടുവന്നിരുന്ന ഉയർന്ന തരം മദ്യങ്ങൾ രാജാക്കന്മാർ കുടിച്ചിരുന്നു. കള്ള് മണ്ണിനടിയിൽ കുഴിച്ചിട്ടും മറ്റും വീര്യംകൂട്ടിയിരുന്നതായും സൂചനകളുണ്ട്.

"തേട് കടുപ്പന്ത നാട്പാടു തേറൽ"
(പുറം. 392:16)

"അറവുവെകുൺടന്നതേറൽ"
(പുറം 316 : 14)

എന്ന് പുറനാനൂറിൽ വീര്യംകൂടിയ കള്ളിനെ പറ്റി പറയുന്നു. കല്ല്യാണം തുടങ്ങിയ ആഘോഷാവസരങ്ങളിലും കള്ള് ഒഴിച്ചുകൂടാകാനാകാത്ത ഒന്നായിരുന്നുവെന്ന് ചിലപ്പതികാരത്തിലെ ഈ പാട്ടിൽ നിന്നും മനസ്സിലാക്കാം;

"പൊറ്റൊടി മടന്തയർ പുതുമണം പുണർന്നത്
ചെംപൊൻ വള്ളത്തു ചിലതയരേന്തിപ
വങ്കീന്തിർ തേറൽ മാന്തനർ മയങ്കി"

യവനരാൽ നല്ല കുപ്പിയിൽ കൊണ്ടുവരുന്ന നല്ല നറുമണത്തോടുകൂടിയ മദ്യത്തെ പൊന്നിൽ തീർത്ത പാത്രത്തിലൊഴിച്ച് നല്ലവളയണിഞ്ഞ സ്ത്രീകൾ മദ്യം പകരുന്നുവെന്ന് *പുറ*ത്തിൽ ഇപ്രകാരം പാടുന്നു.

"യവനർ, നൻകാലന്തന്ത തൺകമഴ് തേറൽ
പൊൻചെയ്പുനൈ കലത്തേന്തിനാളും
ഒണ്ടൊടിമകളിർ മടുപ്പമകിഴ് ചിറന്
താങ്കിനി തൊഴുകുമാതിയോങ്കു വാൺമാറ"
(പുറം. 256:18-21)

"ചിറിയകട് പെറിനേ ഐമക്കീയും മന്നേ
പെരിയകട്പെറിനേ
യാം പടത്താൻ മകിഴ്ന്തുണ്ു മന്നേ"
(പുറം. 235:1-3)

ഔവ്വയാർ അതിയാമനെപ്പറ്റിപ്പാടുന്ന ഈ പാട്ടിൽ കവികളും മദ്യം കഴിച്ചിരുന്നുവെന്ന് വ്യക്തമാകുന്നു. പെരുമ്പാണാറ്റുപ്പട, 331 ൽ കള്ള് ഉണ്ടാക്കുന്നതിനെപ്പറ്റിയും സൂചന നൽകുന്നുണ്ട്. 'കൾ' എന്ന മൂലധാതുവിൽ നിന്നാണ് സന്തോഷം എന്നർത്ഥമുള്ള 'കളിപ്പ്' എന്ന പദം ഉണ്ടായത്.

### 3.10.9. കൈത്തൊഴിലും വസ്ത്രാഭരണാധികളും

പട്ട്, മുടി, പരുത്തിനൂല് എന്നിവ ഉപയോഗിച്ച് സംഘകാലത്തെ ജനത വസ്ത്ര നിർമ്മാണം ചെയ്തിരുന്നു. അക്കാലത്തെ പട്ടുവസ്ത്രങ്ങളെപറ്റി ചിലപ്പതികാരത്തിൽ വിശദമായി പറഞ്ഞിരിക്കുന്നു. 'കോസികം, പീതകം, പഞ്ജു, പിച്ചിലൈ, അരത്തം, നുൺടുകിൽ, ചുണ്ണം, വടകം, ഇരട്ടു, പാടകം, കോങ്കല, കോപം, ചിത്തിരിക്കമ്മി, കുരുതി, കരിയൽ, പേടകം, പരിയട്ടക്കാചു, വേദങ്കം, പുങ്കർക്കഴകം, ചില്ലികൈ, തൂരിയം, പങ്കം, തത്തിയം, വണ്ണടൈ, കവറ്റുമടി, നൂൽയാപ്പ്, തിരുക്, തേവാങ്ക്, പൊന്നെഴുത്ത്, കുച്ചരി, ദേവഗിരി, കാത്തൂഴം, ഇറഞ്ചി, വെൺപൊത്തി, ചെംപൊത്തി, പനിപൊത്തി തുടങ്ങിയ വസ്ത്രങ്ങളാണ് സംഘകാലത്ത് ഉപയോഗിച്ചിരുന്നത്.

"നോക്കുനുഴൈകല്ലാനുൺമൈയ പൂക്കനിന്ത്
അരവുരി അന്ന അരുവൈ നൽകി."
(പൊരു. 82)

വസ്ത്രത്തിന്റെ കലാഭംഗിവിവരിക്കുന്ന ഈ പാട്ടിൽ, ഇഴകൾ അറിയാത്തവിധുള്ള നെയ്ത്ത് പാമ്പിന്റെ തോലുപോലെ മൃദുവായിട്ടുള്ളതാണെന്ന് പറയുന്നു.

"ആവിയന്ന അവിർ നൂർകാലിങ്കം"
(പെരു. 469)

ഈ പാട്ടിൽ, നീരാവിപോലെ മിനുത്തുനേർത്ത നൂൽകൊണ്ടു നെയ്തപട്ടുകൾ എന്നു പറയുന്നു. ഇതിനുസമാനമായ പാട്ടുകൾ, "പുകൈ വിരിന്തന്ന പൊങ്കുതുകാൻ" എന്ന് പുറം 320; 20 ലും "ആവിയർന്നപൂന്തുകിൽ' എന്നും, "ആവിയന്തുകിലോർ', പാലാരിവിപ്പൈങ്കുകിൽ' എന്നിങ്ങനെ ജീവകചിന്താമണിയിലെ 67, 473, 1094 എന്നീ പാട്ടുകളും ഉദാഹരണമാണ്.

"പരുത്തി പെൺട്രിൻ പരുവലന്ന"
(പുറം. 125:1)

എന്നപാട്ടിൽ പഞ്ഞിപോലുള്ള പരുത്തിനെയ്യുന്ന ഭാര്യ എന്ന് പാടുന്നു. ഇവയെല്ലാം സൂചിപ്പിക്കുന്നത്, സംഘകാലത്ത് വസ്ത്രനിർമ്മാണം പ്രധാനപ്പെട്ട ഒരു കൈത്തൊഴിലായിരുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

മരം, ഇരുമ്പ്, വെങ്കലം, വെള്ളി, സ്വർണ്ണം എന്നിവകൊണ്ട് ജോലിചെയ്യുന്നവരുണ്ടായിരുന്നുവെന്ന് ചിലപ്പതികാരം, മണിമേഖല എന്നീകൃതികളിൽ സൂചിപ്പിക്കുന്നുണ്ട്.

തൊഴിലുപോലെ വ്യത്യാസപ്പെട്ടതായിരുന്നു സംഘകാല ജനതയുടെ വസ്ത്രങ്ങളും. പരുത്തിനൂലുകൊണ്ടുണ്ടാക്കിയ ഇഴകൾ തിരിച്ചറിയാൻ കഴിയാത്തവിധം ഞെരുക്കി നെയ്ത വസ്ത്രങ്ങളാണ് അവർ ഉപയോഗിച്ചിരുന്നത്. സാമ്പത്തിക ശേഷിയുള്ളവർ നീലമുത്തുകൾ പട്ടിൽ കോർത്ത് കുടുമയിൽ അണിഞ്ഞിരുന്നു. കൂടാതെ കുടുമയിൽ മയിൽ പീലിയും വച്ചിരുന്നു. മധുരൈക്കാഞ്ചിയിൽ ചെൽവരെപറ്റി പറയുമ്പോൾ അവർ മേൽ മുണ്ട് ധരിച്ചിരു

ന്നുവെന്നു പറയുന്നുണ്ട്. സമൂഹത്തിൽ താഴെക്കിടയിലുള്ളവരായിരുന്നു രാജാവിന് വസ്ത്രം നെയ്തുകൊടുത്തിരുന്നത് അവരെ കഞ്ചുമാക്കൾ എന്നാണ് വിളിച്ചിരുന്നത്. അക്കാലത്തെ സ്ത്രീകൾ മുലക്കച്ച ധരിച്ചിരുന്നില്ല അമരാവതി ചിത്രങ്ങളും പഴയഗോപുരങ്ങളിലെ ശില്പ ങ്ങളും *തിരികുടരാസപ്പ കിഹരായാർ* പാടിയ

"ചീർനാട് മാതർ തനക്ക് ഉടം തേടി
തിരിവാർ കുവാർനാട് തടൈ തീർന്ത മലൈനാട്
വായന്തതുവേ"

എന്ന പാട്ടും ഇതിനുദാഹരണങ്ങളാണ്.

കുട്ടികൾ വസ്ത്രത്തിനുമീതെ *അര*യിൽ നല്ല പൂക്കളും തഴകളും കലർത്തിയുണ്ടാക്കിയ 'തഴയുട' ധരിച്ചിരുന്നുവെന്ന് പുറം. 61-ാമത്തെ പാട്ടിൽ നിന്നു മനസ്സിലാക്കാം. സ്വർണ്ണം, രത്നം, മുത്ത്, പവിഴം, മുതലായവ കൊണ്ട് ആഭരണങ്ങൾ ഉണ്ടാക്കി ഉപയോഗിച്ചിരുന്നു വെന്ന് പുറം 128-ാമത്തെ പാട്ടിലും വ്യക്തമാണ്. സ്ത്രീകൾ *കാൽവിരലി*ൽ പീലി, മോതിരം എന്നിവയും *കാലി*ൽ പാദസരം, ചിലമ്പ്, തണ്ടൈ കിങ്ങിണി, തൊടൈ മണി കുരുങ്ങുചെറി എന്നിവയും *തോളണി*യായി മാണിക്യവളയും, മുത്തുവളയും, കൈയ്യിൽ ചൂടകം, പൊൻവള, നവരത്നവള, ശംഖുവള, പവിഴവള, കൈവിരലിൽ മുടക്കുമോതിരം, രത്നം കെട്ടിയ ആടു ക്കാഴിയും *കഴുത്തിൽ* വീരശങ്കിലി, നേർശങ്കിലി, ശരപ്പളി, മുത്താരം, പിടർഅണി (മുത്താരം പോലെ നവരത്നങ്ങൾ കോർത്ത് മുതുകളിൽ ധരിച്ചിരുന്നത്) *കാതിൽ* നീലകുതുമ്പൈ, മക രക്കുകഴെ, താളുരുവി, വല്ലികൈ തോട്, *തല*യിൽ ചീതേവിയാർ, വലംപിരിശംഖ്, പൂരപ്പാ ലൈ, തെൻവല്ലി, വടവല്ലിപുല്ലകം, പൊന്നരിമാല, മകരപ്പകുവായ്, മുഞ്ചകവും *അര*യിൽ മേകലകാഞ്ചി, വിരിശിഖ, കലാപം, പരുമവും ധരിച്ചിരുന്നു. കുറിഞ്ഞിനിലത്തിലെ സ്ത്രീകൾ ഇലകളുപയോഗിച്ചുള്ള ആടയാഭരണങ്ങൾ ധരിച്ചിരുന്നു. കുട്ടികൾ *കഴുത്തിൽ* ഐമ്പടത്താലി, പുലിപ്പൽ താലി, മുത്തുമാല, മുത്തുപടം എന്നിവയും ധരിച്ചിരുന്നു സ്ത്രീകൾമുടിക്കെട്ട് അഞ്ചാ യി പിരിച്ച് ഒന്നാകെ മെടഞ്ഞ് ഉടുക്കുന്ന പതിവും കണ്ണിൽ കൺമഷിയിടുന്ന പതിവും അന്നേ ഉണ്ടായിരുന്നു.

പുരുഷൻമാർക്ക് മുടി തന്നെയായിരുന്നു തലയണി. *തോളിൽ* പതക്കം, വാകുവല യം, *കാതിൽ* കുണ്ഡലവും കൈയ്യിൽ കങ്കണവും വീരവളയും *അര*യിൽ അരഞ്ഞാണവും *കാലിൽ* വീതക്കഴലും വീരക്കണ്ടൈയും *വിരലിൽ* മോതിരവും അണിഞ്ഞിരുന്നു. കലി ത്തൊകൈ 85-ാം പാട്ടിൽ തലവന്റെ മകൻ അണിഞ്ഞിരുന്ന ആഭരണങ്ങളെപ്പറ്റി ഇപ്രകാരം വിവരിക്കുന്നു.

"കാലവൈ ചുടുപൊൻ വളൈയ ഈരമൈ ചുറ്റോടു
പൊടിയഴർ പുറം തന്ത ചെവ്വുരുകിങ്ങിണി
ഉടുത്തവൈ കൈവിനൈപൊലിന്ത കാചമൈ
പൊലങ്കാഴ്, മേൽ
മൈയിൽ ചെന്തുകിർക്കോവൈ അവറ്റിൻ മേൽ
തൈയ്യ, പൂന്തുകിൽ ഐതുകഴൽ ഒരുകിരൈ
കൈയ്യതൈ, അലവൻ, കൺപറ, അടങ്കചുറ്റിയ
പലവുരുകണ്ണുകൾ ചിലകോൽ അവിർതെടി

പൂൺടവൈ, എറിയ വാളും ഏറ്റാമഴവും
ചെറിയക്കട്ടി, ഇതരിടൈതാഴ്ന്ത
പെയ്പുല മൂതായ് പുകരി നിർക്കതുകിരിൻ
മൈയറ വിളങ്കിയ ആണേറ്റ് അമിർപൂൺ
ചൂടിന, ഇരും കടൽ മുത്തമും പൺ മണി
പിറവും ആങ്ക്
ഒരുങ്കുടൻ കോർത്ത ഉരുഇമൈ മുക്കാഴ്: മേൽ
ചുരും പാർ കണ്ണിക്ക് ചൂഴ് നൂലാക
ആരും പവിഴ് നീലത്തു ആയിതഴ് നാണ,
ചുരുപാറ്റുപടുത്ത മണിമരുൾ പാലൈ
ആങ്ക-അവ്വം പിറവും അണിക്കു അണിയാക"
(കലി.85)

തലവന്റെ മകൻ അണിഞ്ഞിരുന്ന ആഭരണങ്ങളെപറ്റി ദീർഘമായി വിവരിക്കുകയാണ് കാലിത്തൊകയില ഈ പാട്ടിൽ. കാലിൽ സ്വർണ്ണത്തിൽ ഉണ്ടാക്കിയ ചിലങ്കയും, അരയിൽ പൊൻമണികളാലുള്ള അരമണിയും അതിൻമേൽ പവിഴവടമും അതിന്മേൽ പൂന്തുകിലും കൈയ്യിൽ വളയും കരിമുത്തുമണിച്ചേർന്ന മുത്തുപടവും മാറിൽ അണിഞ്ഞിരുന്നു.

### 3.10.10 വാണിജ്യം

തമിഴകവും വിദേശരാജ്യങ്ങളും തമ്മിലുള്ള വ്യാപാരത്തെപറ്റി സംഘകൃതികളും വിദേശസഞ്ചാരികളുടെ കുറിപ്പുകളിലും വിശദമായ പരാമർശങ്ങളുണ്ട്. പ്രധാനമായും സമുദ്രവ്യാപാരമായിരുന്നു വിദേശ രാജ്യങ്ങളുമായുണ്ടായിരുന്നത്. തമിഴകത്തിലുള്ള പ്രകൃതി വിഭവങ്ങളെയാണ് വിദേശരാജ്യങ്ങളിൽ കയറ്റുമതി ചെയ്തിരുന്നത്. പെരിപ്ലസിൽ വിവരിക്കുന്ന തമിഴകത്തിലെ പ്രധാന കയറ്റുമതി വിഭവങ്ങൾ; കുട്ടനാട് എന്ന സ്ഥലത്ത് ഉത്പാദിപ്പിക്കുന്ന കുരുമുളക്, ഗംഗാതീരത്തുനിന്നുള്ള ഒരുതരം സുഗന്ധതൈലം കിഴക്കൻ ദിക്കുകളിൽ നിന്നു കൊണ്ടുവരുന്ന വെറ്റില, പലവിധം വിലപിടിച്ച രത്നങ്ങൾ, വജ്രങ്ങൾ, മേൽത്തരം മുത്ത്, ആനകൊമ്പ്, നല്ലതരം പട്ട്, ചുവന്ന കല്ല്, ദ്വീപുകളിൽ നിന്ന് കൊണ്ടുവരുന്ന ആമത്തോട് എന്നിവയായിരുന്നു. സ്വർണ്ണം, തുണി, പൂക്കൾ തുന്നിപ്പിടിപ്പിച്ച വസ്ത്രങ്ങൾ, കൺമഷി, പവിഴം, ചെമ്പുകൊണ്ടും പിച്ചളകൊണ്ടും പളുങ്കുകൊണ്ടും ഉള്ള പാത്രങ്ങൾ, ഈയം, ടിൻ, വീഞ്ഞ്, സിന്ദൂരം, മഞ്ഞച്ചായം, ഗോതമ്പ് എന്നീ വിഭവങ്ങൾ ഇറക്കുമതി ചെയ്യുകയും ചെയ്തിരുന്നു. അക്കാലത്തെ പ്രധാന തുറമുഖങ്ങൾ നൗറ , (Noura) തുണ്ടീസ് (Tundis), മുസിരീസ് (Muzuris) എന്നിവയാണ്. ഹിപ്പാലസ് എന്ന ഗ്രീക്ക് നാവികൻ ഏകദേശം എ.സി. 45 ൽ കാലവർഷക്കാറ്റുകൾ കണ്ടു പിടിച്ചതോടെ എളുപ്പം തമിഴകത്ത് എത്തിച്ചേരാവുന്ന സ്ഥിതിയെത്തുകയും, റോമാസാമ്രാജ്യത്തിൽ ആഡംബരവസ്തുക്കൾക്കുണ്ടായ പ്രിയം, പ്രതികൂലമായിരുന്ന പാർഥി രാജ്യത്തുകൂടി കരവഴിക്കുള്ള പാണിജ്യം ഒഴിവാക്കാം കഴിഞ്ഞതും ചെങ്കടൽ തുറമുഖങ്ങളും അറബിക്കടൽ തീരങ്ങളും തമ്മിൽ നേരിട്ട് ബന്ധം സ്ഥാപിച്ചതുകൊണ്ട് ഇന്ത്യയും പാശ്ചാത്യ രാജ്യങ്ങളും തമ്മിലുള്ള ബന്ധവും റോമാസാമ്രാജ്യവുമായുള്ള വ്യാ

പാരബന്ധവും ആറാം നൂറ്റാണ്ടുവരെയും പുഷ്ടിപ്പെട്ടിരുന്നു. സമുദ്രവ്യാപാരമാണ് തമിഴ കത്തെ ലോക പ്രശസ്തമാക്കിമാറ്റിയത്. പശ്ചിമഘട്ടത്തിൽ വിളയുന്ന സുഗന്ധവ്യഞ്ജന ങ്ങളും മറ്റ് ഉത്പനങ്ങൾക്കും ആവശ്യക്കാറേറെയുണ്ടായിരന്നു. ഫിനീഷ്യ, ചൈന, അറേബ്യ റോം തുടങ്ങി നിരവധി രാജ്യങ്ങളുമായി തമിഴകത്തിന് വാണിജ്യം ബന്ധം നിലവിലുണ്ടായി രുന്നു.

### 3.10.11 ചിത്രകല

പഴയ ചോഴക്ഷേത്രങ്ങളും കൊട്ടാരങ്ങളും മഹാബലിപുരത്തുള്ള ശില്പങ്ങളുമെല്ലാം പുരാതന തമിഴ്സംസ്ക്കാരത്തിന്റെ ശില്പ വൈദഗ്ധ്യത്തെ ഉദാഹരിക്കുന്നവയാണ്.

'ചുടുമൺ ഓങ്കിയ നെടുനിലൈ മനൈതൊറു
മൈയറു പടിവത്തു വാനവർ മുനിവർ
വെവ്വകൈ ഉയിർകളു ഉമങ്കാട്ടി
വെൺസുതൈ വിളക്കത്തു വിത്തകരിയറ്റിയ
കൺക വരോവിയം കണ്ട് നിരകുണരും”
(മണി.127:131)

ഈ പാട്ടിൽ നിന്ന്, ചെങ്കൽ കെട്ടിയ വീട്ടിലെ ചുണ്ണാമ്പ് മണ്ണിൽ തീർത്ത ചുവരിൽ ദേവന്മാ രുടെയും ഋഷികളുടെയും മറ്റ് ജീവജാലങ്ങളുടെയും ചിത്രങ്ങൾ മനോഹരമായി വരച്ചു വച്ചി രിക്കുന്നു. കൂടാതെ തിരുപ്പുറം കുൻറം ശ്രീമുരുക ക്ഷേത്രത്തിൽ ഇന്ദ്രപൂജ, ഗൗതമ എന്നിവ യുടെ ചിത്രം വരച്ചിരുന്നുവെന്ന് ഇപ്രകാരം പാടുന്നു;

“ഇൻതിരൻ പൂചൈയ ഇവളകലികൈ ഇവൾ
ചെൻറ കൗതമൻ സിഅറക് കല്ലുരു
വൊൻറിയ പിടിയിതെ ൻറൂറെചെയ് വോറു
മിന്നം പല പല മെഴുത്തു നിലൈ മണ്ഡപം”
(പരി. 119: 50–54)

കൂടാതെ നെടുനെൽവാടയിൽ രാജ്ഞിയുടെ ദു:ഖത്തെ വർണ്ണിക്കുന്ന സന്ദർഭത്തിൽ, 'മിനുസമായി അരക്കുപൂശിയ കട്ടിയും ബലവുമുള്ള മേല്ക്കട്ടിയുടെ കാലിലും മച്ചിമൂലപോ ലുള്ള കട്ടിലിൽ കാലിലും ചേർത്തുകെട്ടി പുതുതായി മെഴുകിട്ടു മിനുക്കിയ മേൽക്കെട്ടി വിതാനത്തിൽ വരഞ്ഞിട്ടുള്ള ചിത്രത്തിൽ, സൂര്യനിൽ നിന്ന് ഏറെ വ്യത്യാസപ്പെട്ട് ചന്ദ്രനുസ മീപത്തുനിന്ന് വിട്ടു പരിയാതെ മേഷാദി രാശിതോറും ചുറ്റിക്കഴിയുന്ന രോഹിണിയുടെ പടം (നെടു.159:16–23) എന്ന് വിവരിക്കുന്നു. അന്ത:പുരത്തിലെ ചിത്രകലയാണ് രാജ്ഞിയുടെ ദു: ഖത്തൊടൊപ്പം വിരഹമായിതീർന്നത്.

### 3.10.12 വിനോദങ്ങൾ

കിളികൾക്ക് സംസാരിക്കാൻ പഠിപ്പിച്ചുകൊടുക്കുക, പന്തെറിഞ്ഞുകളിക്കുക എന്നിവ സംഘകാലത്തെ പ്രധാന വിനോദങ്ങളായിരുന്നു. വൈകുന്നേരങ്ങളിൽ ചെൽവർകൾ (ഉ യർന്നവിഭാഗക്കാർ) കുതിരകളാൽ ചേർത്ത തേരുകൾ ഓടിച്ചു കളിച്ചിരുന്നു. കോഴി, കൗതാരി

(കാടക്കോഴിപോലുള്ള ചെറിയപക്ഷി) എന്നീ പക്ഷികൾ തമ്മിലും ആടുകൾ തമ്മിലുള്ള പോരും അക്കാലത്തെ പ്രധാന വിനോദങ്ങളിലൊന്നായിരുന്നു. കുട്ടികൾ തച്ചൻമാർ പണിതുകൊടുക്കുന്ന കുതിരകളിൽ കളിച്ചിരുന്നു.

"തച്ചൻ ചെയ്ത ചിറുമാവൈയ
മൂർന്തിൻ പുറാരാനുങ്കൈയിൽ
ഈത്തിൽ പൂറ്റുമിലൈയോർ'
(കുറു.61)

ചെറിയ പെൺകുട്ടികൾ കടലിൽ കുളിക്കുമ്പോൾ മണലിൽ വീടുകൾ ഉണ്ടാക്കികളിച്ചിരുന്നു.

"തുണൈത്ത കോതൈ പണൈപ്പെരും തോളിനാർ
കടൽ ആട് മകളിർ കാനൽ ഇഴൈത്ത
ചിറുമനൈ പുണർനന്ത നട്പേ"
(കുറു.326)

ശക്തിയുള്ള ഉലക്കകൊണ്ട് അവിൽ ഇടിക്കുന്ന പെണ്ണുങ്ങൾ ഉലക്ക എറിഞ്ഞ് കളിക്കുമായിരുന്നു.

"പാസവൽ ഇടിഞ്ഞ അകരുങ്കാഴ് ഉലകൈ
ആയ്ക്കതിർ നെല്ലിൻ വരമ്പു അണൈത്തുയിറ്റി
ഒൺതൊടി മകളിൽ വൺടൻ അയറ്റും"
(കുറു.238)

കുട്ടികൾ ഉഞ്ഞാലാടി കളിക്കുകയും പാഠശാലയിൽ പോകാതെ വേപ്പിൻ തണലിൽ കളം വരച്ച് നെല്ലിക്കകൊണ്ട് കളിക്കുകയും ചെയ്തിരുന്നു.

"പെരുങ്കയിറു നാലും ഇരുമ്പനം പിണൈയർ
പൂങ്കണായ മൂക്ക"
(നറ്റി.90)

"വെമ്പിൻപുള്ളി നീഴർ
കട്ടളൈയണ വട്ടരാങ്കി ഴൈത്ത്
കല്ലാച്ചിറാർ നെല്ലി വട്ടാടും"
(നറ്റി. 3)

സ്ത്രീകൾ വീടിന്റെ മുറ്റത്ത് മണലിൽ കല്ലെറിഞ്ഞ് കളിച്ചിരുന്നു.

"ചിറൈനാൾ ഈങ്കൈ ഉറൈനെനി തിരൾവി
കൂറൈ നൻമാതൈ കുറുന്തൊടി മകളിർ
മണൽ ആടു കഴങ്കിൻ അറൈവിചൈത്താം"
(നറ്റി.79)

### 3.10.13 പാർപ്പിടം

മണ്ണിൽ തീർത്ത ചുവരുകളാലുള്ള വീടുകളുടെ മേൽക്കൂരതെങ്ങോലകൊണ്ടും, പുല്ലു

കൊണ്ടുമുള്ളതായിരുന്നു. വീടിന്റെ മുമ്പിൽ പന്തലുണ്ടായിരുന്നു അതിനെ തലൈവായിൽ (പറിപ്പുര) എന്നാണ് വിളിച്ചിരുന്നത്. ചുവരുകൾ ചുമന്നമണ്ണിനാൽ മെഴുകപ്പെട്ടിരുന്നു. നഗരങ്ങളിൽ ചെങ്കലിനാൽ തീർത്ത ചുമരുകളും ഓടിനാലുള്ള മേൽക്കൂരകളുമുണ്ടായിരുന്നു. വീടുകളിൽ പ്രകാശം കടക്കുന്നതിനായി സാളരങ്കൾ (ജനൽ പോലുള്ളത്) വച്ചിരുന്നു. ചില കോട്ടകളിലെ കൊത്തളങ്ങൾ ചുണ്ണാമ്പും,ചെങ്കലും കൊണ്ട് നിർമ്മിച്ചവയാണ്. 'കുറവർ വസിച്ചിരുന്ന കുറിച്ചികളിൽ 'പുൽ വേയ്കുരമ്പ' (പുറം. 120) കളും മുല്ലൈപ്പാടികളിൽ 'വൺകാർപന്ത'യിട്ട മനകളും (പുറം. 324) മരുതനില ഊകുകളിലും 'നെയ്തൽ പാക്ക'ങ്ങളിലും മുറയ്ക്ക് വയൽപടർന്ന 'വളമന'കളും മീൻവലയുണക്കുന്ന കുറിയിറൈക്കൂരമ്പകളും കാണപ്പെട്ടിരുന്നു. കോട്ടയ്ക്കകത്തു സ്ഥിതി ചെയ്തിരുന്ന രാജകീയ വസതികൾ നെടുമാടവും വന്മുറ്റവും ഉണ്ടായിരുന്നു. കോട്ടകളിൽ കാവലിനു പുറമേ പലതരം യന്ത്രോപകരണങ്ങളും ഘടിപ്പിച്ചിരുന്നു (പുറം. 179) 'പൊന്നു ടൈനെടുനകർ' എന്നിങ്ങനെ അവയെ വിശേഷിപ്പിച്ചുകാണുന്നു. അന്തണരുടെ ആലയങ്ങളിൽ മൂന്നു തരം അഗ്നികുണ്ഡങ്ങൾ സാധാരണമായിരുന്നു. ഉരലൊത്ത കാലും മലയൊത്ത വണ്ണവുമുള്ള ആനയുടെ ഉടൽപോലെ ഉണങ്ങിയ മടലോല പാകപ്പെടുത്തി മെടഞ്ഞു കെട്ടിമേഞ്ഞ കൂടിയടങ്ങളും (പെരു.352-354) അക്കാലത്ത് സർവ്വസാധാരണമായിരുന്നു.

കുറിഞ്ചി നിലത്തിലുള്ള യുവാക്കൾ പുലികളെക്കൊന്ന് തങ്ങളുടെ വീരത്തെ പ്രകാശിപ്പിച്ച് മലൈവാനർ എന്ന വംശത്തിലെ യുവതികളെ കല്യാണം കഴിച്ചിരുന്നു. പുലിയെക്കൊന്ന് യുവാവ് തന്റെ വീരത്വത്തിന്റെ തെളിവായി കൊന്നപുലിയുടെ പല്ല് താലിയായി വധുവിന്റെ കഴുത്തിൽ കെട്ടുന്നു, ഇതാണ് പിന്നീട് താലിക്കെട്ടായി വികസിച്ചത്. പലതരം വിശ്വാസങ്ങൾക്കുവിധേയരായിരുന്നു അന്നത്തെ ജനങ്ങൾ പക്ഷികൾ ചില സ്ഥാനങ്ങളിലിരുന്നു ശബ്ദം പുറപ്പെടുവിച്ചാൽ ഇന്നഫലമുണ്ടാകും എന്നു വിചാരിച്ചിരുന്നു അവർ. ആകാശത്തു നിന്നു നക്ഷത്രം വീഴുന്നതു രാജാവിനു ദോഷമുണ്ടാകാൻ പോകുന്നതിന്റെ സൂചനയായിക്കരുതിയിരുന്നു. പട്ടാപ്പകൽ തുമ്പി പറക്കുന്നതും രാത്രി അകാരണമായി വിളക്കുകെടുന്നതും ആന്ത നിലവിളിക്കുന്നതും ക്രമംകെട്ട് ഇറങ്ങിപ്പോകുന്നതും മറ്റും ദുർനിമിത്തങ്ങളാണ് (പുറം 24, 229,280). തുടങ്ങി നിരവധി വിശ്വാസപ്രമാണങ്ങൾ സംഘകാലത്തെ ജനങ്ങൾ പിന്തുടർന്നുപോന്നിരുന്നു. കലകൾക്ക് പ്രധാന്യം കൊടുത്തിരുന്നവരായിരുന്നു അന്നത്തെ ജനത. കൂത്തർ, പാണർ, പൊരുനർ, വൈരിയർ, കൊടിയർ, വിറലികൾ, യാഴോർ എന്നിങ്ങനെ സംഗീതത്തിലും നൃത്തത്തിലും പാടവം നേടിയവർ അക്കാലത്ത് പ്രസിദ്ധരായിരുന്നു. നല്ലപാട്ടുകൾപാടി പേയ്ക്കളുടെ ശല്യം തീർതന്നതിരുന്നു അവർ. പോർക്കളത്തിൽ പോരാടി വീണ വീരന്റെയടുത്തേക്ക് വരുന്നപേയ്ക്കളെ പാട്ടുപാടി ഓടിച്ചിരുന്നു. ഇങ്ങനെയുള്ള ദക്ഷിണേന്ത്യയുടെ പൂർവ്വകാല സാംസ്ക്കാരിക ചരിത്രമാണ് ബൃഹതായ ഒന്നാണ്. ഇങ്ങനെ ഒരുസമൂഹത്തിന്റെ തനതായ ചിത്രം ഗ്രഹിക്കാൻ കഴിയുമാറ് സംസ്ക്കാരവും സമൂഹവും ഒന്നിച്ചുചേർന്ന സാഹിത്യകൃതികളാണ് സംഘം കൃതികൾ. ചില സാമൂഹിക സാംസ്കാരിക സൂചനകൾ മാത്രമാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. സംഘസാഹിത്യകൃതികൾ മുഴുവനും ഒരു തരത്തിൽ സംഘകാല ജീവിതത്തിന്റെ വ്യത്യസ്താവിഷ്ക്കാരങ്ങളാണെന്നു പറയാം. വീരവും പ്രേമവും ധാനവും വിഷയം മാത്രമായി നിലനിൽക്കുകയും കാവ്യശരീരം സമൂഹവുമായി അഭേദ്യവുമായി ബന്ധപ്പെട്ട് നിൽക്കുകയും ചെയ്യുന്ന ഈ കാവ്യ

ങ്ങൾ സാംസ്ക്കാരിക മുദ്രകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. പഴന്തമിഴ് പാട്ടുകളെ അടിസ്ഥാനമാക്കി സംഘകാല ചേരനാടും, ചേരനാടിന്റെ സാംസ്ക്കാരികസവിശേഷതകളെ തമിഴക സംസ്ക്കാരത്തിൽ നിന്ന് എപ്രകാരം വ്യത്യാസപ്പെട്ടു നിൽക്കുന്നുവെന്നുമാണ് തുടർന്ന് മുഖ്യ അദ്ധ്യായമായ *സംഘകാല ചേരസംസ്കാര*ത്തിൽ പഠനവിധേയമാക്കുന്നത്.

**പിൻകുറിപ്പുകൾ**

1. പിള്ള, എൻ.എസ്., (1934) *തമിഴകം*, ഒട്രുമൈ ഓഫീസ്, മദ്രാസ്, പുറം. 71.
2. – – –., പുറം.71
3 – – –., പുറം.72
4. രാജരാജവർമ, എ.ആർ., (2007) *കേരളപാണിനീയം*, ഡി.സി.ബുക്സ്, കോട്ടയം, പുറം.12
5. സോ.മ.ഇലവരസൻ നന്നൂൽ വ്യാഖ്യാനം-ചൊല്ലധികാരം,(2004) മണിവാസകർ പതിപ്പകം, ചെന്നൈ.
6. പിള്ള, എൻ.എസ്., (1934) *തമിഴകം*, ഒട്രുമൈ ഓഫീസ്, മദ്രാസ്, പുറം.78
7. ദക്ഷിണേന്ത്യയിലെ തമിഴിനെ ഭൂപരമായ വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ അഞ്ച് ഉപഭാഷകളായി ആധുനികഗവേഷകർ വിഭജിച്ചിട്ടുണ്ട്. അവ;
    1. കിഴക്കൻ ഉപഭാഷ; തഞ്ചാവൂർ, തിരുച്ചിറപ്പിള്ളി ജില്ലകളിലും മധുര ജില്ലയുടെ വടക്കുകിഴക്കൻ ഭാഗത്തും പ്രചാരമുള്ളവ.
    2. വടക്കൻ ഉപഭാഷ: മദിരാശിനഗരവും ചെങ്കൽ പേട്ട്, വടക്കേ ആർക്കാട് തെക്കേ ആർക്കാട് ഭാഗങ്ങളിലുമുള്ളവ.
    3. തെക്കൻ ഉപഭാഷ; നീലഗിരിയും കോയമ്പത്തൂരും സേലവും അടങ്ങിയ ദേശത്തുള്ളവ.
    4. പടിഞ്ഞാറൻ ഉപഭാക്ഷ; നീലഗിരിയും കോയമ്പത്തൂരും സേലവും അടങ്ങിയ ദേശത്തുള്ളവ.
    5. ശ്രീലങ്കയിലെ ഉപഭാഷ; ഇവയിൽ കിഴക്കൻ ഉപഭാഷയുടെയും വടക്കൻ ഉപഭാഷയുടെയും കലർപ്പാണ് തമിഴകത്തെ വാമൊഴിത്തമിഴിൽ കാണുന്നത്. ചെന്തമഴിൽ നിന്നു വികസിച്ചുകിഴക്കൻ ജില്ലകളിൽ വളർന്ന ഭാഷയാണ് മുന്തിയ സാഹിത്യഭാഷ. പ്രസ്തുത വാമൊഴിയും വരമൊഴിയും തമ്മിൽ വലിയ അന്തരമുണ്ടെന്നു പറഞ്ഞല്ലോ. വാമൊഴി ഏക രൂപമല്ല. പ്രാദേശികവും സാമൂഹ്യവും വർഗ്ഗപരവുമായ പല ഉപഭാഷകളും അതിൽപ്പെടുന്നു. മൈസൂർ, കർണാടകയടക്കം ഇപ്രകാരമുള്ള മൂന്നുതരം ഭാഷകൾ എടുത്തുപറയാവുന്നതാണ്. ബ്രാഹ്മണർ തുടങ്ങിയ മേൽജാതിക്കാരുടെ സംസാരഭാഷ, ഇടത്തരക്കാരുടേത്, കീഴെക്കിടക്കാരുടേത് എന്നീ വ്യത്യാസം ദൃശ്യമാണ് – നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യ ചരിത്രം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 66–67
8. തമിഴ്, മലയാളം, കന്നട, തെലുഗു എന്നീ പുഷ്ടഭാഷകളും, ഇരുപത്തിരണ്ടോളം അപുഷ്ടഭാഷകളും ദ്രവിഡഗോത്രത്തിന്റെതായി തനിമയേവാടെ നിലനിൽക്കുന്നു. പ്രധാനപ്പെട്ട അപുഷ്ടഭാഷകൾ;

    **തുളു:** പത്തരലക്ഷത്തോളം ജനങ്ങൾ സംസാരിക്കുന്ന ഭാഷയാണിത് ദക്ഷിണകർണ്ണാടകജി ല്ലയിലും കേരളത്തിലെ കാസർകോഡ് ജില്ലയുടെ പടിഞ്ഞാറൻ തീരത്തുള്ളവരുമാണ് സംസാരിക്കുന്നത്.

    **കൊടക്:** മൈസൂരിനും വടക്കേ മലബാറിനും ഇടക്കുള്ള കൂർഗിൽ ഏകദേശം 93000 പേർ സംസാരിക്കുന്ന അപുഷ്ടഭാഷയാണിത്.

**ഇരുള** : നീലഗിരിക്കുന്നുകളിൽ ജീവിക്കുന്ന ഏകദേശം അയ്യായ്യിരത്തി ഇരുനൂറോളം പേർ സംസാരിക്കുന്ന ഭാഷയാണിത്.

**കുറുംബ**: നീലഗിരിക്കുന്നുകളിൽ താമസിക്കുന്ന അയ്യായിരത്തോളം ആദിവാസികൾ സംസാരിക്കുന്ന ഭാഷയാണിത്.

**തോട** : നീലഗിരിയിലെ ആയിരത്തറുനൂറോളം വരുന്ന ആട്ടിടയന്മാർ സംസാരിക്കുന്ന ഭാഷയാണ് തോട.

**കോദ** : നീലഗിരിയിലെ ശില്പവൃത്തിയിലേർപ്പട്ടിരിക്കുന്ന ആയിരത്തിനാനൂറോളം സംസാരിക്കുന്ന ഭാഷയാണിത്.

**ബദഗ** : കന്നടയുടെ ഭാഷാഭേദമെന്ന് കരുതാവുന്ന ബദഗ നീലഗിരി കുന്നുകളിൽ താമസിക്കുന്ന 125000 പേർ സംസാരിക്കുന്നു.

**കോർഗ**:തുളുഭാഷസംസാരിക്കുന്ന ദക്ഷിണകർണാടക ജില്ലയിലെ ആയിരത്തോളം കുട്ട നിർമ്മാണക്കാർ സംസാരിക്കുന്ന ഭാഷയാണിത്.

**ഗോണ്ടി**:മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ്സ്, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലായി 2,395507 പേർ സംസാരിക്കുന്നു.

**കുയി** : ഒറീസ്സയിലെ ഗജ്ജം, പുൽഭാനി ജില്ലകളിലായി 641662 പേർ സംസാരിക്കുന്ന ഭാഷയാണിത്.

**കുവി** : ഒറീസ്സയിലെ ഗജ്ജം, കലവാന്ദി, കോർപുട് തുടങ്ങി ജില്ലകളിലായി 246513 പേർ സംസാരിക്കുന്നു. കൂടാതെ ആന്ധ്രപ്രദേശിലെ വിശാഖപട്ടണം, ശ്രീകാകുളം ജില്ലയിലും ഈ ഭാഷ സംസാരിക്കുന്നുണ്ട്.

**കൊണ്ട**:ആന്ധ്രയുടെ വടക്ക് കിഴക്ക് മലനിരകളിൽ താമസിക്കുന്നവരുടെ ഭാഷയാണിത്. 17864 പേർ സംസാരിക്കുന്നു.

**പെങ്ഗോ**:ഒറിസ്സയിലെ നവ്റാങ്പൂർ ജില്ലയിലായി ആയിരത്തിമൂന്നൂറ് പേർ സംസാരിക്കുന്നു.

**മന്ദാ** : പെങ്ഗോ ഭാഷയുമായി ബന്ധമുള്ള മന്ദാ ഒറീസ്സയിലെ നവ്രംഗാപൂർ ജില്ലയിലുള്ളവർ സംസാ രിക്കുന്നു.

**കൊലാമി**:ആന്ധ്രപ്രദേശീലെ അസിലബാദ്, യോത്മാൻ, മഹാരാഷ്ട്രയിലെ വാർദജില്ലയിൽ താമസിക്കുന്നവരായി ഏകദേശം 99281 പേർ സംസാരിക്കുന്നു.

എ)**നൈക്രി**: കൊലാമിയോട് ബന്ധമുള്ള ഈ ഭാഷ ആന്ധ്രപ്രദേശിലും മഹാരഷ്ട്രയിലുമായി ആയിരത്തഞ്ഞൂർറ് പേർ സംസാരിക്കുന്നു.

ബി)**നൈക്രി**:മദ്ധ്യപ്രദേശിലെ ചന്ദ ജില്ലയിലുള്ള 54000 പേർ ഈ ഭാഷ സംസാരിക്കുന്നു.

**പർജി**: മദ്ധ്യപ്രദേശിലെ ബാസ്താർ ജില്ലയിലും ഒറീസ്സയുടെ അടുത്തുകിടക്കുന്ന മലനിരകളിലുള്ള 440001 പേർ സംസാരിക്കുന്നു.

**ഒല്ലാരി**: 9100 പേർ സംസാരിക്കുന്ന ഈ ഭാഷയെക്കുറിച്ച് വിശദമായി പഠിച്ചത് ബറോയും, എമിനിയുമാണ്.

**ഗദബ**: ആന്ധ്രപ്രദേശിലെ ശ്രീകാകുളം ജില്ല, ഓറിസ്സയിലെ കോരപുട്ട് ജില്ല എന്നിവിടങ്ങളിലായി 54000 പേർ ഈ അപുഷ്ടഭാഷ സംസാരിക്കുന്നു.

**കുറുക്സ്**: ബീഹാറിലെ ഭതലാപൂർ, ഛോട്ട നാഗ്പൂർ മദ്ധ്യപ്രദേശിലെ റായ്ഘർ, സർഗുജ ഒറീസ്സയിലെ സുന്ദർ, സബൽപൂർ എന്നീ ജില്ലകളിലായി 1,426,618 പേർ സംസാരിക്കുന്നു. ഈ ഭാഷയ്ക്ക് ഇന്തോ-ആര്യൻ, ഭാഷകളോടും അടുത്തബന്ധമുണ്ട്.

**മാൾട്ടോ**:രാജ്മഹൽ ഹില്ലിലായി ഏകദേശം 108148 പേർ സംസാരിക്കുന്നു.


**ബ്രാഹുയി**: ഇന്ത്യയ്ക്ക് പുറത്ത് സംസാരിക്കുന്ന ദ്രാവിഡഭാഷയാണിത്. പാക്കിസ്ഥാനിലും ബലൂചിസ്ഥാനിലു ഇറാനിലുമായി 1.7 മില്ല്യൻ ജനങ്ങൾ ബ്രാഹുയി സംസാരിക്കുന്നു-Bhabraraju Krishnamurthi, (2003) *The Dravidian Languages, Cambridge University Press, Cambridge, pp.24-27*,

9. നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം, പുറം. 66.

10. ചെല്ലം, വേ.തി., (2013) *തമിഴക വരലാറും പൺപാടും*, മണിവാസകർ പതിപ്പകം, ചെന്നൈ, പുറം.75

11. (i) The study of inscribed potsherds from the sangam age sites like Arikamedu, Kodumanal, Uraiyur Karur and Alagankulam and from the inscriber coins issued by the cera kings Kolliporai and Makotai and pandya king peruvazhuthi and from the cave inscriptions found throughout Tamil Nadu with much concentration in and around Madurai, clearly demonstrate that the script used during the sangam period is certainly of Tamil Brahmi. The occurrence of Tamil-Brahmi inscription at Jambai belonging to sangam Chief Adiyaman, and of Coins of sangam Kings with tamil brahmi script found in the memorial stone yielding area clearly establishes the fact that this area, like any other area of Tamilnadu. Must have used the Tamil brahmi script for their writing during the Sangam Age-Rajan,K., (2000) *South Indian Memorail Stones*, Manoo Pathippagam, Thanjavur, pp.23-24

(ii) Evolution and chronology of South Indian Scripts:
The evolution and approximate chronology of the South Indian scripts are summarised in Table:




Iravatham Mahadevan, (2014) *Early Tamil Epigraphy from the earliest times to the Sixth Century C.E.* Central Institute of Classical Tamil, Chennai, p.254

12. നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂറ്റ്, തിരുവനന്തപുരം, പുറം.86-87
13. പിള്ള,എൻ.എസ്., (1934) *തമിഴകം,* ഒട്രുമൈ ഓഫീസ്, മദ്രാസ്, പുറം.78
14. നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.90
15. Aiyankar.S.K., (2010) *The Beginnings of South Indian History*. General Boks LLc, USA, P.39
16. Sivasankara Pillai, K.N., (2011) *The Chronology of Early Tamils,* Bublis Bazar Books, USA, p.145.
17. പിള്ള, എൻ.എസ്., (1934) *തമിഴകം*, ഒട്രുമൈ ഓഫീസ്, മദ്രാസ്, പുറം.78
18. ഗോപലാകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്ക്കാരികചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.114
19. Sivasankara Pillai.K.N., (2011) *The chronology of Early Tamils,* Biblio Bazaar Books, USA, p.145
20. Arokyaswami., (1950) *The Kongucountry*, University of Madras, Chennai, p.101
21. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സംസ്ക്കാരികചരിത്രം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.120
22. Arokyaswami., (1950) *The Kongucountry*, University of Madras, Madras, p.75
23. ചെല്ലം, വേ.തി., (2013) *തമിഴകവരലാറും പൺപാടും*, മാണിക്കവാസകർ പതിപ്പകം, ചെന്നൈ, പുറം.101
24. – – –., പുറം.102
25. – – –., പുറം.103
26. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപരും, പുറം. 125
27. – – –., പുറം.124
28. – – –., പുറം.126
29. ചെല്ലം, വേ.തി., (2013) *തമിഴകവരലാറും പൺപാടും*, മാണിക്കവാസകർ പതിപ്പകം, ചെന്നൈ, പുറം.67
30. ഗോപാലകൃഷ്ണൻ,പി.കെ., (2008) *കേരളത്തിന്റെ സാംസ്ക്കാരികചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.127
31. ചെല്ലം, വേ.തി., (2013) *തമിഴകവരലാറും പൺപാടും*, മാണിക്കവാസകർ പതിപ്പകം, ചെന്നൈ, പുറം.67
32. – – –., പുറം.67
33. ഗോപാലകൃഷ്ണൻ.പി.കെ., (2008) *കേരളത്തിന്റെ സാംസ്കാരികചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.126
34. ചെല്ലം, വേ.തി., (2013) *തമിഴകവരലാറും പൺപാടും*, മാണിക്കവാസകർ പതിപ്പകം, ചെന്നൈ, പുറം.67
35. – – –., പുറം.67
36. – – –., പുറം.67
37. – – –., പുറം.68
38. – – –., പുറം.128
39. നിക്കാം, എൻ.എ, & റിച്ചാർഡ്മെക്കിയോൻ., (1967) *അശോകശാസനങ്ങൾ*, നാഷ്ണൽ ബുക്ക്ട്രസ്റ്റ്, ന്യൂദൽഹി, പുറം.74

40. ധർമ്മരാജ്, ജാ., (2013) *തമിഴകവരലാറ്*, ടെൻസി പബ്ലിക്കേഷൻസ്, ശിവകാശി, പുറം.29

41. Mahadevan, Iravatham., (2014) *Early Tamil Epigraphy from Earliest Times to the Sixth Century C.E.* , Central Institute of Classical Tamil, Chennai, p.21

42. പുരുഷോത്തം, വി.പി., (1989) *സംഘകാലമന്നർ കാലനിലൈ വരലാറ്*, ഐന്തിണൈ പതിപ്പകം, ചെന്നൈ, പുറം.63

43. Sitram, Gourumurthi., (2008) *Excavation of Archeological sites in Tamil Nadu: Mankulam, 2006-2007,* Dept. of Archeology, Govt. of Tamilnadu, Chennai, p.05

44. "Kani is transofrmed word from Prakrit and Sankrit Gani, Meaning, A senior Jain monk, who was head of group of monks known as Gan." Sitharam Gurumurthi., (2008) *Excavation of Archeological sites in Tamil Nadu: Mankulam,2006-2007,* Dept. of Archology, Govt of Tamil Nadu, Chennai, p.05

45. ശ്രീധർ., (2006) *തമിഴ് ബ്രാഹ്മി കൽവെട്ടുകൾ,* തമിഴ്നാട് അരസു കൊല്ലിയത്തുറൈ, ചെന്നൈ, പുറം.51

46. പുരുഷോത്തം.വി.പി., (1989) *സംഘകാലമന്നർ കാലനിലൈ വരലാറ്*, ഐന്തിണൈ പതിപ്പകം, ചെന്നൈ, പുറം.34

47. – – –., പുറം.52

48. ധർമ്മരാജ്,ജാ., (2013) *തമിഴകവരലാറ്*, ടെൻസി പബ്ലിക്കേഷൻസ്, ശിവകാശി, പുറം.29

49. നാരായണൻ, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.76

50. അറുമുഖസീതാരാമൻ, അളക്കുടി., (2002) *തമിഴക കാശുകൾ,* ധനലക്ഷ്മി പതിപ്പകം, തഞ്ചാവൂർ, പുറം.28

51. Rajan,K., (2000) *South Indian Memorial Stones*, Manoo Pathippakam, Thanjavur, p.3

52. ഗോപാലകൃഷ്ണൻ, പി.കെ, (2008) *കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.46–47

53. Rajan,K., (2000) *South Indian Memorial Stones*, Manoo Pathippakam, Thanjavoor, p.6.

54. – – –., p.11.

55. The context is the description of the great necropolis of the port city of Puhar or Kaverippattinam that adjoined the Cakkaravalakkottam, outside the city on the sea-shore. The lines quoted enumerate the different sets of people who came there for disposing of the dead with due rites and ceremonies, names, those who cremated (Suduvor), those who cast the Cadaver or laid it for exposure to the elements for excanation (Iduvor), those who laid the body or mortal remains in pits dug in to the ground for the purpose (todu-kuli paduppar), those who interred in subterranean cellars or cists (tal vayen adaipoor) and those who placed the body or the remains thereof inside a burial urn and inverted alid over it (talyilkavippor). The first two modes hardly need any explanation. The third perhaps refors to total inhumation (if not partial), the fourth to cellars or tombs (vayin) let in to the ground (tal), i.e., the stone cists and the like, in which the body or the remains of the exposure or cremation are interred, and the last mode, which though brief yet descriptive, refers to the placing of the corpse (total inhumation) or remains, therof, into burial urns or sacrophagi (tali) the mouth of which was covered by the inverted lid (kavi). This is actually what one finds in the literary descriptions found in the sangam works, and from the abundance of reference to their method, particularly the last perhaps the

most general or dominant custom in the delta area (Purananuru 238). The rason for the citation of large number of urn barrials is not due to its popularly is the delta region, rather the majority of the sangam works deals with the on fertile region namely Marutam. The recent exploration evidently shors that other types like cist and dolmens are extensively found in mountainous region where the pastoral economy was predominant-Rajan,K., (2000) *South Indian Memorial Stones,* Manoo Pathippakam, Thanjavur, pp.11-12

56. - - -., p.24

57. പുരുഷോത്തം, വി.പി., (1989) *സംഘകാലമന്നർ കാലനിലൈ വരലാറ്*, ഐന്തിണൈ പബ്ലിക്കേഷൻസ്, ചെന്നൈ, പുറം 56

58. - - -., പുറം.56

59. - - -., പുറം.57

60. - - -., പുറം.58

61. - - -., പുറം.58

62. - - -., പുറം.58

63. - - -., പുറം.58

64. - - -., പുറം.58

65. - - -., പുറം.59

66 ചിറുപാണാറ്റുപടയിൽ പറയുന്ന *എയിൽ* പട്ടണമാണിത്.

67. പുരുഷോത്തം, വി.പി., (1989) *സംഘകാലമന്നർ കാലനിലൈ വരലാറ്,* ഐന്തിണൈ പബ്ലിക്കേഷൻസ്, ചെന്നൈ, പുറം.54

68. കന്യാകുമാരി മുതൽക്ക് പാലൂർ (കലിംഗപട്ടണം) വരെയുള്ള ദക്ഷിണേന്ത്യയുടെ പൂർവ്വതീരദേശത്ത് തെക്കുനിന്ന് വടക്കോട്ടായി, തമിഴ്നാട്ടിൽ അഞ്ചു രാജവംശങ്ങളുടെ രാജ്യങ്ങളെ ടോളമി വിവരിക്കുന്നുണ്ട്, കരൈയോയ് (കരയൻ), പണ്ഡിയോയ് (പാണ്ഡ്യൻ) ബടോയ് (വടവംശക്കാർ) ഡോർ നാഗോസ് (ചോഴനഗരം) ബസ്സരോനാഗോസ് (വജ്രനാഗർ) ഇവയത്രേ പ്രസ്തുത രാജസ്വരൂപങ്ങൾ. ഇവയുടെ രാജധാനികൾ മുറയ്ക്ക് കോൺകോയ് (കൊർക്കൈ) മൊദുര (മധുര), നികാമ (നാഗപട്ടണം), ഒർത്തര (ഉറൈയൂർ) മാലംഗ (കാഞ്ചിവരം) എന്നിവയും ആയിരുന്നു. കൂടാതെ പാണ്ഡ്യരുടെ കടലോരനഗരങ്ങളായി ചാലൂർ (ചായൽകുടി) അർഗൈരോൻ (കിഴക്കരൈ) മുതലായവയും ടോളമി പറയുന്നുണ്ട്. ഉൾനാടുനഗരങ്ങളായ പെരിങ്കരൈ (പെരുംകരുണൈ) തങ്കല (ശിവകാശിക്കുസമീപമുള്ളതിരുത്താങ്കൽ) എന്നിവയെയും ടോളമി വിവരിച്ചിരിക്കുന്നു.

69. നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യ ചരിത്രം*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 40–41

70. പ്യൂട്ടിംഗർ ടേബിൾ (Tabula Pentingeriana) വിയന്നയിലെ നാഷ്ണൽ മ്യൂസിയത്തിലാണുള്ളത്. രണ്ടാം നൂറ്റാണ്ടു മുതൽ ഇത് യാത്രാസഹായ പുസ്തകങ്ങൾക്കൊപ്പം പ്രചരിച്ചിരുന്നിരിക്കാം എന്നു കരുതുന്നു. യൂറോപ്പ്, ഏഷ്യ, ആഫ്രിക്കയുടെ വടക്കൻ പ്രദേശങ്ങൾ എന്നീ ഭൂഭാഗങ്ങളുടെ വിവരങ്ങൾ ഇതിലുണ്ട്. 15–ാം നൂറ്റണ്ടിൽ കോൺറോസ് സെൻറ്റൈസ് (Conrad celtes) ആണ് ഇത് കണ്ടെടുത്തത്. അദ്ദേഹത്തിന്റെ മരണശേഷം 16–ാം നൂറ്റാണ്ടിൽ കോൺറാസ്പ്യൂട്ടിംഗർ (Conrad Peutinger) എന്ന പുരാവസ്തു പണ്ഡിതനാണ് ഇത് പ്രസിദ്ധീകരിച്ചത്- ആദർശ്.സി., (2013) *വിഭാവനകൾ വിനിമയങ്ങൾ കൊടുങ്ങല്ലൂരിന്റെ വ്യവഹാരിക ഭൂമിശാസ്ത്രം,* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം.63

71. ആദർശ്.സി., (2013) *വിഭാവനകൾ വിനിമയങ്ങൾ കൊടുങ്ങല്ലൂരിന്റെ വ്യവഹാരിക ഭൂമിശാസ്ത്രം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം.63

72. അഗസ്റ്റസിന്റെ ആരാധനാലയത്തിന്റെ സൂചനയാണ് ഇതുതരുന്നത് എങ്കിലും മുസിരിസിലാണ് ഈ ക്ഷേത്രം നിലക്കുന്നത് എന്ന് പറയാൻ ഭൂപടത്തിൽ സ്ഥലങ്ങൾ അടയാളപ്പെടുത്തുന്നതിലെ കൃത്യതക്കുറവുമൂലം സാധിക്കുന്നില്ല. Gurukkal, Rajan., Wittaker, C.R., (2002) *In Search of Muziris*, Journal of Roman Acheology, പുറം.337

73. പോൾ, എം.പി., (2005) *സാഹിത്യവിചാരം*, ലിപി. പബ്ലിക്കേഷൻസ്, കോഴിക്കോട്, പുറം.09

74. ഗോപാലകൃഷ്ണൻ, പി.കെ., (2008) *കേരളത്തിന്റെ സാംസ്ക്കാരികചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, പുറം.105

75. സുബ്രഹ്മണ്യൻ,എൻ., (2003) *സംഘകാല ഭരണ സംവിധാനം സംഘം തമിരുടെ ഭരണവും സാമൂഹിക ജീവിതവും*, ഡി.സി. ബുക്സ്, കോട്ടയം, പുറം.36

76. മീനാക്ഷി സുന്ദരം, ടി.പി., (1999) *തമിഴ് സാഹിത്യചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.12

77. സുബ്രഹ്മണ്യൻ,എൻ., (2003) *സംഘകാല ഭരണ സംവിധാനം സംഘം തമിരുടെ ഭരണവും സാമൂഹിക ജീവിതവും*, ഡി.സി. ബുക്സ്, കോട്ടയം, പുറം.36

78. (i) ഗോപിനാഥൻ,ആർ., (2013) *കേരളത്തനിമ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.293

(ii) Radio Carbon Result- " Pattanam Excvavations Interm Report of thje Eighth season 2014", Radio Carbon Results for Examples 1. PT 14 LI CHA1338
2. PT14LIICHA1311
3. PT14LIICHA1312
Kerala Council for Historical Research, Thiruvananthapuram,pp.83-87

79. ശ്രീധരമേനോൻ, എ., (2008) *കേരളചരിത്രം,* ഡി.സി ബുക്സ്, കോട്ടയം, പുറം.26

80. പരമേശ്വരയ്യർ.എസ്, ഉള്ളൂർ., (1753) *കേരളസാഹിത്യ ചരിത്രം, വാല്യം 1*, കേരളസർവ്വകലാശാല, തിരുവനന്തപുരം, പുറം.55

81. പണ്ട് ലോകമാകെ പ്രചരിച്ചിരുന്നതും ഇന്ന് പെറുവിലെ ജനങ്ങൾക്കിടയിൽ നിലനിന്നുവരുന്നതുമായ ശുക്രവർഷമാണ് കല്പഗണിതത്തിനടിസ്ഥാനം. ഇരുപതു ദിവസം വീതമുള്ള 13 മാസങ്ങളടങ്ങിയ (260) വർഷമാണിത്. പ്രസ്തു 6000 വർഷം, സൂര്യവർഷത്തിലെ 365 1/4 ദിവസ് വച്ചു കണക്കാക്കുമ്പോൾ 4271 സാധാരണവർഷം കിട്ടുന്നു. ഇത്തരം ഒരു ബ്രഹ്മകല്പത്തിൽ 35 ശുക്രഗ്രഹണം എന്നാണ് ഭാരതീയ പുരാണങ്ങളിൽപറഞ്ഞിരിക്കുന്നത്. ശുക്രഗ്രഹണം (ശുക്രൻ സൂര്യനെ മറയ്ക്കുന്നത്) 122 വർഷത്തിൽ ഒരിക്കൽ ആകുന്നു. അമേരിക്കൻ ഇന്ത്യൻസ് ശുക്രനക്ഷത്രത്തെ കൊറ്റ്സ് കൊറ്റൻ എന്നു വിളിക്കുന്നു. കൊമ്പുള്ള (കലി) കൊറ്റൻ എന്നർത്ഥം. ഈ ജനത മംഗോളിയൻ വർഗ്ഗമാണ്. ദ്രാവിഡർ ശുക്രനെ കൊറ്റിയെന്നു പറയുന്നു. മലയാളത്തിലും കൊറ്റിക്ക് വെള്ളിനക്ഷത്രം എന്നർത്ഥമുണ്ട്. ശുക്രഗണിതവർഷം ഈജിപ്തിലും പുരാതന അറേബ്യയിലും വ്യാപിച്ചിരുന്നു. അറബികൾ ഉപയോഗിച്ചിരുന്ന ഈ കണക്കുകൂട്ടൽ സമ്പ്രദായമാണ് തെക്കൻ അമേരിക്കയിലെ പെറുനിവാസികൾ ഇപ്പോഴും നിലനിർത്തി പോരുന്നത്. ഇപ്രകാരം തന്നെ മാസത്തിൽ മുപ്പതര ദിവസം വച്ച് 360 ദിവസം വരുന്ന സംവത്സര (സൗരവർഷവും 30 ദിവസംവച്ച്) 360 ദിവസം അടങ്ങുന്ന പരിവത്സരവും (സാവനിവർഷവും 29 1/2 ദിവസംവച്ച് 354 ദിവസമടങ്ങുന്ന ഇന്ദ്രവത്സരം അഥവാ ചന്ദ്രവർഷവും (നക്ഷത്രവർഷം) 27 1/2 ദിവസമടങ്ങുന്ന 328 ദിവസം അടങ്ങുന്ന സവത്സരവും, മുൻപറഞ്ഞ 260 ദിവസവുമുള്ള ശുക്രവർഷത്തോടൊപ്പം 10 ദിവസവർഷവും, 15 ദിവസവർഷം, കൺവ്യൂഷസിന്റെ അരദിവസവർഷം എന്നിവയും പ്രചാരത്തിലിരുന്നു – നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.19.

82. നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.190

83. വരദരാജൻ, മു., (2000) *തമിഴ് സാഹിത്യ ചരിത്രം*, കേന്ദ്രസാഹിത്യ അക്കാദമി, ന്യദൽഹി, പുറം.35

84. കലാസൃഷ്ടിയുടെ രൂപഭാവങ്ങളെ ആസ്വദിച്ചുള്ള പൊതുലക്ഷണങ്ങളെ സാങ്കേതികമായി തിണൈയെന്നും, തുറൈയെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. അകത്തിണയിലും പുറത്തിണയിലുമായി ആകെപതിനൊന്ന് തിണകളാണുള്ളത്. ഓരോ തിണയ്ക്കും അടയാള പുഷ്പങ്ങൾ വെവ്വേറെയുണ്ട്.

1. കരന്തൈ - ശത്രുക്കൾപിടിച്ചെടു പശക്കൂട്ടങ്ങളെ വീണ്ടെടുക്കാൻ പുറപ്പെടുമ്പോൾ ചൂടുന്നത്.
2. കാഞ്ചി - ശത്രുരാജാവ് പോരിനുവരുമ്പോൾഒരു രാജാവ് കാഞ്ചിപ്പൂ ചൂടി തന്റെ ദേശം കാക്കുന്നത് (പ്രതിരോധം)
3. തുമ്പൈ - ശത്രുക്കളുമായി പോരാടാൻ നിശ്ചയിച്ച് തുമ്പപ്പൂ ചൂടുന്നത്.
4. നൊച്ചി - കോട്ടമതിൽ കാക്കുന്ന വീരന്മാർ ചൂടുന്ന നൊച്ചിപ്പൂവിനെ പുകഴ്ത്തുന്നത്.
5. വഞ്ചി - രാജാവ് തലയിൽ വഞ്ചിപ്പൂ ചൂടി ശത്രുദേശം പിടിക്കുവാൻ ശപഥം ചെയ്തിറുങ്ങുന്നത്.
6. വാകൈ - ശത്രുക്കളെക്കൊണ്ട് കോലാഹലം കൂടുമ്പോൾ ചൂടുന്നത്
7. വെട്ച്ചി - വീരന്മാർ രാജാജ്ഞയോടുകൂടിയോ അല്ലാതെയോ ചെത്ത് ശത്രുക്കളുടെ ആടുമാടുകളെ കവരാൻ ഇറങ്ങുമ്പോൾ ചൂടുന്നു.
8. കൈക്കിളൈ - ഏകപക്ഷീയമായ കാമം ആണിനൊസംബന്ധിച്ചതും പെണ്ണിനെ സംബന്ധിച്ചതുമായി രണ്ടുവിധം.
9. പാടാണ്ടിണൈ -ഒരുവന്റെ കീർത്തി, ശക്തി, വദാന്യത, കൃപ എന്നിവയറിഞ്ഞു പറയുന്നത്.
10. പെരുന്തിണൈ - യോജിക്കാത്ത കാമം, പൊരുത്തമറ്റ കാമം
11. പൊതുവിയൽ - എല്ലാത്തിണകൾക്കും പൊതുവായ ലക്ഷണങ്ങൾ സംഗ്രഹിച്ചു പറയുത്.

തുറകൾ അറുപത്തിമൂന്നുണ്ട്, തമിഴിൽ തുറൈ എന്നാൽ കടവെന്നാണർത്ഥംക്ക ശ്യബ്ദല ക്ഷണശാസ്ത്രമായ ജലാശയത്തെ സമീപിച്ച് ആവിഷ്ക്കരിക്കാനുള്ള മാർഗ്ഗങ്ങൾ (കടവുകൾ) ഇതിൽ നിർദ്ദേശിക്കുന്നു. ഇവ അറുപത്തി മൂന്നുവിധമുണ്ട്:

1. അരചവാകൈ - രാജാവിന്റെ പ്രകൃതി പറയുന്നത്, നായകന്റെ വിജയം വാഴ്ത്തുന്നതുമാകാം.
2. ആനന്തപ്പെയൾ - ഒരാകുലസ്ത്രി ഭർതൃചരമത്തിൽ ദു:ഖിക്കുന്നത്. ഒരാളുടെ ചരമത്തിൽ ബന്ധുക്കൾ അനുശോചിച്ചു വലിപിക്കുന്നതുമാവാം.
3. ഇയൻമൊഴി - സ്വഭാവകഥനം, നായകന്റെ മുമ്പിൽ ചെന്ന് അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും മേന്മകൾ അദ്ദേഹത്തിൽ ആരോപിച്ചുവർണ്ണിക്കുന്നത്.
4. ഉടനിലൈ - ഒരുമിച്ചിരിക്കുന്ന രണ്ടോ അധികമോ പേരെപ്പറ്റിപറയുന്നത്.
5. ഉണ്ടാട്ട് - യുദ്ധവിജയാനന്തരംവീരന്മാർ മദ്യാപാനം ചെയ്തു സന്തോഷിക്കുന്നതിനെ വർണ്ണിക്കുന്നത്.
6. ഉപകൈക്കലുഴ്ചി- വാൾകൊണ്ട് ആഴത്തിലേറ്റ പരിക്കോടുകൂടിയ ഭർത്താവിനെ ക്കണ്ട് വീരപത്നി സന്തോഷാശ്രു പൊഴിക്കുന്നത്.
7. എരുമൈമറം - തന്റെ സേന പിന്തിരിഞ്ഞിട്ടും ശത്രു സേനയെ ഭയപ്പെടാതെ ഒറ്റക്ക് എതിർക്കുന്നത്.

8. ഏർകളവുരൂവകം- പോർക്കളത്തെ ഉഴുതനിലത്തോട് ഉപമിക്കുന്നത്.
9. ഏറാൺമുല്ലൈ - എതിരറ്റപൗരഷ പാരമ്പര്യത്തെ പുകഴ്ത്തുന്നത്.
10. കടവുൾവാഴ്ത്ത് - ത്രിമൂർത്തികളിൽ ഒന്നിനെ സ്തുതിക്കുന്നത്.
11. കടൈനിലൈ - തന്റെ ആഗമനം രാജാവിനെ അറിയിക്കാൻ പണ്ഡിതൻ ദ്വാരപാലകനോട് പറയുന്നത്.
12. കടൈനിലൈവിടൈ- ഒരു പണ്ഡിതൻനായകന്റെ സന്നിധാനത്തിലെത്തി ഉത്തരം പറയുന്നത്. ഉത്തരം കേൾക്കുകയുമാകാം
13. കളിറ്റുനിലൈ - ഒരു വീരൻ കൊന്ന ആനയൊടൊപ്പം വീണ് മരിച്ചതിനെ വർണ്ണിക്കുന്നത്.
14. കുടിനിലൈയുരത്തൻ- പഴമ, വീരത്വം എന്നിവയിൽ പ്രശസ്തിനോടിയ കുടുംത്തിന്റെ ചരിത്രം പ്രസ്താവിക്കുന്നത്.
15. കുടൈമംഗലം - രാജാവിന്റെ കൊറ്റക്കുടയെ വർണ്ണിക്കുന്നത്
16. കുതിരൈമറം - ഒരു വീരന്റെ കുതിരയുടെ വീരത്വം പറയുന്നത്.
17. കുറുംകലി - പരസ്ത്രീരതന്റെ കാമം നശിക്കട്ടെ എന്നു പറയുന്നത്.
18. കൈ അറുനിലൈ- രാജാവിന്റെയോ, നായകന്റെയോ, നായികയുടേയോ ചരമത്തിൽ സങ്കടപ്പെടുന്നത്.
19. കൊറ്റവളൈ - രാജാവിന്റെ ശത്രുക്കളുടെ ദേശം നശിക്കുന്നതിൽ അനുശോചിക്കുന്നതോടൊപ്പം അദ്ദേഹത്തെ പ്രശംസിക്കുന്നത്.
20. മെരുമലൈതൻ - കന്നുകാലികളെ കവർന്നവരെ വെല്ലുവിളിച്ചു ഭീഷണിപ്പെടുത്തി യുദ്ധം ചെയ്യുന്നത്.
21. ചെറുവിടൈവീഴ്തൻ- കിടങ്ങും കാവൽക്കാടും കാത്തുകൊണ്ട് പോരാടി മരിച്ച വീരന്മാരുടെവിജയം വാഴ്ത്തുന്നത്.
22. ചെറിയറിവൂറൂ - മാത്സര്യവും നാശവുമില്ലാത്ത മഹത്തായ ലക്ഷ്യം രാജാവിനോട് പറയുന്നതും രാജധർമ്മം ഉപദേശിക്കുന്നതും.
23. തലൈത്തോറ്റം - ഒരു വീരൻ ശത്രുക്കളുടെ പശുക്കളെ കവർന്നു കൊണ്ടുവരുന്നത് അറിഞ്ഞ് സന്തോഷിക്കുന്നത്.
24. താപതനിലൈ - ഭർത്താവ് മരിച്ചവളുടെ വൈധവ്യാവസ്ഥ പറയുന്നത്.
25. താപതവാകൈ - താപസചര്യയെ പറയുന്നത്.
26. താനൈനിലൈ - രണ്ടു സൈന്യവും തന്റെ വീരത്വം കൊണ്ടാടത്തക്ക വിധം പോർക്കളത്തിൽ ഒരു വീരൻ മേന്മനേടുന്നത്.
27. താനൈമറം - പോരിനിറങ്ങിയ രണ്ടുസേനകളും പൊരുതി നശിക്കാൻ ഇടവരാത്തവിധം ഒരു വീരൻ രക്ഷിച്ചതിന്റെ മേന്മയെ പറയുന്നത്.
28. തുണൈവഞ്ചി - അന്യരെ ജയിക്കാനോ, കൊല്ലാനോ തുനിഞ്ഞു നിൽക്കുന്ന ഒരുവനെ സന്ധിപറഞ്ഞ് പിന്തിരിപ്പിക്കുന്നത്.
29. തൊകൈനിറയെ- പോർക്കളത്തിൽ സകലരും ഒന്നിച്ച് നശിച്ചതിനെ പരാമർശിക്കുന്നത്.
30. നല്ലിചൈവഞ്ചി - ശത്രുക്കളുടെ സ്ഥലങ്ങൾ നശിക്കത്തക്കവണ്ണംകടന്നുകേറിയ വീരന്റെ വിജയത്തെ പ്രകീർത്തിക്കുന്നത്.
31. നീൺമൊഴി - ഒരു വീരൻ പോർക്കളത്തിൽ വച്ച് ചെയ്ത ശപഥം പ്രസ്താവിക്കുന്നത്.
32. ആഴിലാട്ട് - തന്റെ മാറിൽ തറച്ച കുന്തം പറിച്ചെറിഞ്ഞ് ഒരുവീരൻ ശത്രുവിനെ ഹനിക്കുന്നത്.
33. നെടുംമൊഴി - വാശി, ശ്രേഷ്ഠനായ രാജാവിന്റെ മുമ്പിൽ ഒരുവീരൻ ശത്രുവിനെ

ഹനിക്കുന്നത്.

34. പരിചിൻ കടാനിലൈ- സമ്മാനത്തിനുവന്ന ഒരാൾ അതുകിട്ടിയിട്ടോ അല്ലാതെയോ ദാതാവിനോട് പറയുന്നത്.

35. പരിചിറ്ററൈ - രാജസന്നിധിയിൽ ചെല്ലുന്ന അർത്ഥി, താൻ ആഗ്രഹിച്ച സമ്മാനം ഇന്നതെന്നു പറയുന്നത്.

36. പഴിച്ചുതൻ - സ്തുതൽ

37. പാൺപാട്ട് - ഘോരസമരത്തിൽ മരിച്ചുവീണ വീരയോദ്ധാവിനെ, മരണരാഗം പാടി പാണന്മാർ കടമ നിർവ്വഹിക്കുന്നതിനെ പറയുന്നത്.

38. പാണാറ്റുപ്പടൈ - മലമ്പാതയിൽ വച്ചു കണ്ടുമുട്ടിയ പാണനു സഹായമാർഗ്ഗം പറഞ്ഞുവിടുന്നത്.

39. പാർപ്പനവാകൈ - ഓർത്തു പഠിച്ചു സമർത്ഥനായ ബ്രാഹ്മണന്റെ വിജയം യാഗം കൊണ്ടു വർദ്ധിപ്പിക്കുന്നത്.

40. പിചൈപെയർച്ചി- കാരിയെന്ന ശകുനപ്പക്ഷിയുടെ ദു:ഖസൂചന വകവയ്ക്കാതെ ചെന്നു പോരാടിയ വീരന് രാജാവ് സമ്മാനം നൽകുന്നത്.

41. പുലവരാറ്റുപ്പടൈ- ഒരു രാജാവിന്റെയോ പ്രഭുവിന്റെയോ സദസ്സിൽ തന്റെ മികച്ചകലാപ്രകടനം നടത്തി സമ്മാനം വാങ്ങിവരുന്ന വിദ്വാൻ, മറ്റൊരു ദരിദ്രകലാകാരന് അങ്ങോട്ടുള്ളവഴിയും അവിടത്തെ ഐശ്വര്യവും പറഞ്ഞുവിടുന്നത്. ദേവസന്നിധിയിലേക്കുള്ള മാർഗ്ഗനിർദ്ദേശവുമാകാം.

42. പൂവൈനിലൈ - മഹാവിഷ്ണുവിന്റെ ശരീരത്തോടുപമിച്ച് കായാംപൂവിനെ പ്രശംസിക്കുന്നത്.

43. പെരുകാഞ്ചി - ഐശ്വര്യത്തിന്റെ അസ്ഥിരനിലപറയുന്നത്.

44. പെരുഞ്ചോറ്റുനിലൈ- യുദ്ധസന്നദ്ധനായ രാജാവ് വീർന്മാർക്ക് വിഭവപൂർണ്ണമായ സദ്യ നൽകുന്നത്.

45. പേയ്ക്കാഞ്ചി - പോർക്കളത്തിൽ വീണവരെ പിശാചുക്കൾ പേടിപ്പിക്കുന്നത്.

46. പൊരുൺമൊഴിക്കാഞ്ചി-ജനങ്ങൾക്ക് ഇഹത്തിലും പരത്തിലും ശക്തിനൽകുന്ന തത്ത്വങ്ങൾ മുനിമാർ ഉപദേശിക്കുന്നത്.

47. മകട് പാർക്കാഞ്ചി - നിങ്ങളുടെ മകളെത്തരിക എന്നാവശ്യപ്പെടുന്ന രാജാവിന് വഴങ്ങാതിരിക്കുക.

48. മകൺമറുത്താൻ- ഒരു ശത്രുവീരൻ വിവാഹത്തിനു മകളെ ആവശ്യപ്പെടുമ്പോൾ പിതാവായ ചെറുനാടുവഴി എതിർത്തുപറയുന്നത്.

49. മഴപുലവഞ്ചി - ശത്രുക്കളുടെ ദേശം കൊള്ളിയിട്ട് വീടും കുടിയും നശിച്ചതിനെ പറയുന്നത്.

50. മറക്കളവഴി - രാജാവിനെ ഉഴവുനടത്തുന്ന വേളാളനായി വിശേഷിപ്പിച്ചു വർണ്ണിക്കുന്നത്.

51. മറക്കളവേൾവി - പിശാചുക്കൾ വയറുനിറച്ച് തിന്നത്തക്കവിധം വീരൻ പോർക്കളബലി നടത്തുന്നത്.

52. മനൈയറംതുറവറം- ഗൃഹസ്ഥധർമ്മം, സന്യാസധർമ്മം ഇവ തമ്മിലുള്ള ഭേദം പറയുന്നത്.

53. മുതൽ സഞ്ചി - പാരമ്പര്യമുള്ള പൂർവ്വകരുടെ നിലപറയുന്നത്.

54. മുതുപാലൈ - വനത്തിൽവച്ച് ഭർത്താവ് നഷ്ടപ്പെട്ട ഭാര്യയുടെ ഏകാന്താവസ്ഥ പറയുന്നത്.

55. മുതുമൊഴിക്കാഞ്ചി- അറിവുള്ളവർ ധർമ്മാർത്ഥകാമങ്ങൾ വ്യക്തമായി ഉപദേശിക്കുന്നത്.

56. മുതിൻ മുല്ലൈ - മറവക്കുടിയിൽ പിറന്ന സ്ത്രീകൾക്കും ശൂരതകൂടും എന്ന് സോദാഹരണം പരാമർശിക്കുന്നത്.

57. വഞ്ചിനക്കാഞ്ചി - രാജാവ് ശത്രുക്കളെ അടിച്ചമർത്താൻ വേണ്ടി ഇന്നതുചെയ്തില്ലെങ്കിൽ ഇന്നവിധമായേനെഎന്നു പറയുന്നത്.

58. വല്ലാൺമുല്ലൈ - ഒരു വീരന്റെ വീടിനെയും നാടിനെയും പ്രൃതിയേയും വാഴ്ത്തിപ്പറഞ്ഞിട്ട് അദ്ദേഹത്തിന്റെ പൗരഷത്തെ ഉദ്ദീപിപ്പിക്കുന്നത്.

59. വാൺമങ്കലം - രാജാവിന്റെ വാളിനെ വാഴ്ത്തുന്നത്

60. വാഴ്ത്തിയൽ - തലവനെ വാഴ്ത്തുന്നത്

61. വാഴ്ത്ത് - ഒരു നായകന്റെ ഔദാര്യവും വിജയവും പ്രശംസിക്കുന്നത്.

62. വിറലിയാറ്റുപ്പടൈ- രാജാവിന്റെ കീർത്തിയെ വാഴ്ത്തി സമ്മാനം നേടിയ വൃഷലി മറ്റൊരു വൃഷലിയെ രാജസന്നിധിയിലേക്കു പറഞ്ഞുവിടുന്നത്.

63. വേത്തിയൻ - വീരന്മാർ രാജാവിന്റെ മേന്മകൾ വർണ്ണിക്കുന്നത്.

85. വരദരാജൻ, മു., (2000) *തമിഴ്സാഹിത്യചരിത്രം*, സാഹിത്യഅക്കാദമി ന്യദൽഹി, പുറം.35

86. – – –., പുറം.36

87. നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.393

88. അകവൽ; തമിഴിലെ നാലുതരം പാട്ടുകളിൽ ഒന്നാണ് ഇടയ്ക്കിടെ നിർത്തിപ്പാടുന്ന ചെപ്പൽ. നിർത്താതെ പാടുന്നത് അകവൽ.

89. – – –., പുറം.400

90. നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.393

91. വരദരാജൻ, മു., (2000) *തമിഴ് സാഹിത്യചരിത്രം*, സാഹിത്യ അക്കാദമി, ന്യൂദൽഹി, പുറം.67

92. നാരായണൻകുട്ടി, മേലങ്ങത്ത്., (2003) *സംഘസാഹിത്യചരിത്രം*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.400

Midhun K.S. “The attributes of the Chera culture as engraved in sangam literature : A study through ‘ettuthokai' “ Thesis. Department of Malayalm of Sree keralavarma college, University of Calicut, 2015.

# അദ്ധ്യായം 4
# സംഘകാല ചേരസംസ്ക്കാരം

സാഹിത്യകൃതികളിൽ പ്രകടമാകുന്ന സാംസ്ക്കാരിക ചരിത്രാംശങ്ങൾ വിശ്വാസയോഗ്യമാകുന്നത് സമൂഹവുമായും സംസ്ക്കാരവുമായും അവയെ താരതമ്യം ചെയ്ത് അടയാളപ്പെടുത്തി കണ്ടെത്തുമ്പോഴാണ്. സാഹിത്യകൃതികളിൽകടന്നുവരുന്ന സംസ്ക്കാരിക സൂചനകൾ ഭാവനവിലാസംകൊണ്ട് അതിശയോക്തി നിറഞ്ഞതാകാമെങ്കിലും അവ സംസ്കാരികതലത്തിൽ നിന്ന് അകന്നുനിൽക്കുന്നില്ല. കാരണം, സാഹിത്യകൃതികളുടെ അസംസ്കൃതവസ്തു സമൂഹവും സമൂഹമാറ്റങ്ങളുമാണ്. സംഘസാഹിത്യവും സംസ്ക്കാരവും തമ്മിലുള്ള ഇഴപിരിക്കാൻ കഴിയാത്ത ബന്ധം കാണുന്നത് അതുകൊണ്ടാണ്. ഏതൊരു നാടിന്റെയും സംസ്ക്കാരിക വൈവിദ്ധ്യത്തിന് നിധാനം ആ നാട് ഉൾക്കൊള്ളുന്ന ഭൂമിശാസ്ത്ര പരിസരമായിരിക്കും. ചേരനാടിന്റെ ഭൂമിശാസ്ത്ര അതിരുകളെയും പ്രാചീനതയുടെ സൂചനകളെയും ചേരനാടിന്റെ പേരിനെപ്പറ്റിയും വിവരിച്ചുകൊണ്ട് സാംസ്ക്കാരിക സൂചനകളെ പ്രകൃതി, സംസ്ക്കാരം, ഭാഷ എന്നിങ്ങനെ തരംതിരിച്ച് അടയാളപ്പെടുത്തുകയാണ് തുടർന്ന് ചെയ്യുന്നത്.

**4.1.അതിരുകൾ**

തമിഴകം പണ്ടുമുതൽക്കേ ചേര ചോഴ പാണ്ഡ്യ രാജവംശങ്ങളാൽ ഭരണം നടത്തിയിരുന്നുവെന്ന്

"വൻ പുകഴ് മൂവർതകൻ പൊഴിൻ വരൈപ്പിൻ"

എന്ന തൊല്ക്കാപ്പിയ സൂത്രത്തിൽ നിന്നു മനസ്സിലാക്കാം. ഈ മൂവേന്തരന്മാരുടെ നാടുകളെ യഥാക്രമം കുടപുലം, കുണപുലം, തെൻപുലം എന്ന് അറിയപ്പെട്ടിരുന്നു.

"കുട പുലങ് കാവലർ മരുവാൻ" (ചിറു.47)
"കുട പുലങ് കാവലർ മരുവാൻ" (ചിറു.79)
"തെൻ പുലങ് കാവലർ മരുവാൻ" (ചിറു.63)

ഇതിൽ *'കുടപുലം'*എന്നത് കൊല്ലിമല അടങ്ങിയ തമിഴകത്തിലെ പാഴ്നിലഭാഗവും. '*കുണപുലം'* എന്നത് ആ മലയ്ക്കും ആ മലയിൽ നിന്ന് ഉത്ഭവിക്കുന്ന *കരൈ പോത്താറിന്* താഴെയുള്ള ഭാഗവും *തെൻ ഭാഗം* എന്നത് പഴനി മലയെത്തുടർന്ന് തെക്കുള്ള നിലഭാഗവുമാണ്. ഈ വിവരണങ്ങളിൽ നിന്ന് ചേരനാട് കോയമ്പത്തൂർ, ശേലം, നീലഗിരി ജില്ലകളും പഴയ മലനാടായ മലയാളവും (Malabar) അടങ്ങിയ പ്രദേശവുമാണെന്ന് കരുതാം.[1] കൂടാതെ ചേരനാടിന്റെ അതിരുകളെ പറ്റി ഒരു പഴയപാട്ടിൽ ഇപ്രകാരം പാടുന്നു;

"വടക്കുതിചൈ പഴനിവാൻ കീഴ്തെൻകാചി
കുടകു തിചൈ കോഴിക്കോടാം കടർക്കരൈയിൻ
ഓരമോതെക്കു മുള്ളെൺപതിൻകാതം
ചേരനാട്ടെല്ലൈ"

*ദേവനേയപ്പാവനാരു*ടെ ഈ പഴന്തമിഴ് പാട്ടനുസരിച്ച് ചേരനാടിന്റെ അതിർത്തികൾ വടക്കു പഴനിയും കിഴക്ക് തെങ്കാശിയും തെക്ക് സമുദ്രവും പടിഞ്ഞാറ് കോഴിക്കോടുമടങ്ങുന്ന

എൺപതുകാതം വിസ്തൃതിയുള്ള പ്രദേശമാണ്.[2] '*കേരളോത്പത്തി*' പ്രകാരം കന്യാകുമാരി മുതൽ ഗോകർണ്ണം വരെയുള്ള നൂറുയോജന നീളവും പത്തുയോജന വീതിയുമുള്ള പ്രദേശമാണ് കേരളത്തിന്റെ അതിരായി പറയുന്നത്.[3] ഈ കേരളോൽപത്തി പരാമർശത്തെ, രത്നഗിരി ജില്ലയിലെ ജയഗാർവരെയുള്ള പ്രദേശത്തിന്റെ നീളമാണ് 160 കാതം എന്ന് കേസരി ബാലകൃഷ്ണപിള്ള പറയുന്നു.[4] പഴന്തമിഴ് പാട്ടിൽ പറയുന്ന ചേരനാട്ടതിരായ കോഴിക്കോട് ഇന്നത്തെ കോഴിക്കോട് നഗരമല്ല. *അചലൻ* എന്ന മൂഷക രാജാവ് സ്ഥാപിച്ചതായി '*മൂഷകവംശ*' കാവ്യത്തിൽ വിവരിച്ചിട്ടുള്ള 'അചലപട്ടണം'ആണ്. കേരളോത്പത്തി ഈ നഗരത്തെ കോലത്തിരി സ്വരൂപത്തിന്റെ ഉത്ഭവകഥ വിവരിക്കുന്ന സമയത്ത് വളർഭട്ടത്തു കോട്ട എന്ന് പറഞ്ഞിരിക്കുന്നു.[5]

**4.1.1 തെക്ക്**

സംഘം കൃതികളിൽ നിന്ന് ചേരനാടിന്റെ തെക്കേ അതിര് കുമരിയാണെന്ന് വ്യക്തമാണ്.

"തെൻ കുമരി വട പെരുങ്കൽ
കുണകുട കടലാവെല്ലൈ"
(പുറം.17:2)

"തെൻങ്കുമരിയൊടായിടൈ
മൻമീക്കൂറുതർ മറന്തപക്കടന്തേ"!
(പതി. 2:1 : 24-25)

"വടതിചൈ യെല്ലൈ ഇമയ മാകത്
തെന്നങ്കുമരി യൊടായിടൈ അരചർ"
(പതി. 4:3 : 7-9)

"വടതിചൈയതുവേ വാൻറോയിമയം
തെൻറിചൈയാ അയ്കുടിയിൻറായിർ
പിറഴ് വന്തു മന്നോവിമ്മലർ തലൈയുലകേ";
(പുറം. 132 :7-9)

എന്നീ പാട്ടുകളിൽ നിന്ന് ചേരനാടിന്റെ തെക്കേ അതിര് കുമരിയാണെന്ന് മനസ്സിലാക്കാം. ഉത്തരദിക്കിൽ ആകാശത്തോടുരുമ്മുന്ന ഹിമാലയവും തെക്കേദിക്കിൽ ആയ്ക്കുടിയും ഇല്ലാത്തപക്ഷം ഈ വിശാല ലോകം കീഴ്മേലായ്ത്തീർന്നുനശിക്കും എന്ന് പാടുന്നു. ഈ പാട്ടിൽ നിന്ന് തെക്കേ അതിരായ കുമരിയോടടുത്തു സ്ഥിതിചെയ്യുന്ന ചേരനാട്ടു പ്രദേശത്താണ് ആയ്ക്കുടിയെന്ന് വ്യക്തമാണ്. ചോള പാണ്ഡ്യ രാജാക്കൻമാരുടെ അധിനിവേശം കുമരിയിൽ അവർക്ക് പല കാലങ്ങളിൽ ഉണ്ടായിരുന്നതുകൊണ്ട് ആ സമയത്ത് ചേരനാടിന്റെ തെക്കേ അതിര് ആയ്ക്കുടിയായിരുന്നുവെന്ന് ഊഹിക്കാം.[6]

#### 4.1.2 വടക്ക്

സ്തുതിപാടകരായ കവികൾ ചേരനാടിന്റെ അതിര് തെക്ക് ഹിമാലയം വരെ കല്പിച്ചു നൽകിയിട്ടുണ്ട് (പുറം.17:2, പതി:2:1:24-25, പതി :4:3 7-9) എന്നാൽ ഈ വിവരണങ്ങൾ അതിശയോക്തിയാണെന്ന് വ്യക്തമാണ്, തൊൽക്കാപ്പിയം ചിറപ്പുപ്പായിരത്തിലെ

"വടവേങ്കടം തെൻകുമരി
ആയിടൈത്തമിഴ്കൂറും നല്ലുലകത്തു"
(തൊൽ.ചിറപ്പു. 1-3)

എന്ന പാട്ടിൽ നിന്ന് വടവേങ്കടം മുതൽ തെൻകുമരി വരെയുള്ള പ്രദേശമാണ് തമിഴകമെന്ന് വ്യക്തമായി പറയുന്നുണ്ട്.

"പൊൻപടു, കൊൺകാന നന്നൻ നൽനാട്ടു
എഴിർ കുൻറം മെറിനും പെരുൾവയിൻ"
(നറ്റി.391:6-7)

"പാരത്തുത് തലൈവൻ, ആര നന്നൻ"
(അകം.152:12)

എന്നീ പാട്ടുകളിൽ നിന്ന് നന്നൻ എന്ന കുറുനില മന്നന്റെ സ്വാധീനത്തിലുള്ള പ്രദേശങ്ങളാണ് എഴിൽ മലയും പാരവും കൊങ്കാണവുമെന്ന് മനസ്സിലാക്കാം. നന്നനെ ചില പാട്ടുകളിൽ നന്നൻ ഉതിയനെന്നും വിളിക്കുന്നുണ്ട്;

"നന്നൻ ഉതിയൻ അരുങ്കടിപ് പാഴി"
(അകം.258:1)

"ഉതിയൻ"എന്നത് ചേരനാട്ടു രാജാക്കൻമാരുമായി ബന്ധപ്പെട്ട പേരാണ്. അതു കൊണ്ടു തന്നെ നന്നന് ചേരനാടുമായി ബന്ധമുണ്ടായിരുന്നെന്ന് വ്യക്തമാണ്. കൂടാതെ "കട്ടി" എന്ന കുറുനില മന്നനും ചേരനാടിന്റെ സാമന്തനായിരുന്നുവെന്ന് *യു.വി.സ്വാമിനാഥയ്യർ* കുറുന്തൊകയിലെ പതിനൊന്നാം പാട്ടിന് വ്യാഖ്യാനം ചെയ്തു പറയുന്നുണ്ട്.

"വിഴൈ തക ഓങ്കിയ കഴൈത്തുഞ്ചു മരുങ്കിൻ
കാൻ അമർ നന്നൻ പോല"
(അകം.392:26-27)

"ഈ മഴൈ തമഴും എഴിൻ കുൻറത്തു"
(അകം.345:8)


എന്നീ പാട്ടുകളിൽ നിന്ന് നന്നന്റെ ദേശത്തു ധാരാളം മഴപെയ്യുകയും മുളങ്കൂട്ടങ്ങൾ കൊണ്ട് സമൃദ്ധമാണെന്നും പറയുന്നു. ഈ വിവരങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ നന്നന്റെ ഭൂപ്രദേശം വയനാട്ടിലായിരുന്നുവെന്നും ഇന്നത്തെ കേരള-മൈസൂർ അതിരിലായിരിക്കാമെന്നും ,ഇന്നത്തെ കേരളത്തിന്റെ വടക്കേ അതിര് തന്നെയായിരിക്കാം ചേരനാടിന്റെ വടക്കേ അതിരെന്ന് മാണിക്യവാസകം അനുമാനിക്കുന്നു.[7]

#### 4.1.3 പടിഞ്ഞാറ്

കുറുങ്കോഴി കീഴാരുടെ പുറം. 17-ാം പാട്ടിൽ ചേരനാടിന്റെ പടിഞ്ഞാറെ അതിര് കടലാണെന്ന് പറയുന്നു. തെക്കു കന്യാകുമാരിയും വടക്കു ഹിമാലയവും കിഴക്കും പടിഞ്ഞാറും കടലും അതിരായിട്ടുള്ള നാടെന്ന് പറയുന്നു. ഈ വിവരണവും ചേരാനാട്ടിലെ കടൽ വാണിജ്യ ചരിത്രവും പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ് ചേരാനാട്ടിലെ പടിഞ്ഞാറേ അതിര് ഇന്നത്തെ കേരളത്തിന്റെ പടിഞ്ഞാറെ അതിരായ അറബിക്കടൽ തന്നെയാണ്.[8]

#### 4.1.4. കിഴക്ക്

സ്തുതിപാഠകരായ ചില കവികൾ ചേരനാടിന്റെ കിഴക്കേ അതിര് കടലാണെന്ന് പാടുന്നുണ്ട്. പക്ഷേ അത് ശരിയല്ല, ചേരനാടിന്റെ കിഴക്കേ അതിര് കൂടിയും കുറഞ്ഞും നിന്നിരുന്നു. ചേരനാടിന്റെ കിഴക്കേ ഭൂവിഭാഗങ്ങൾ അതിയാമന്റ കൊങ്ങുനാട് കീഴടക്കിയ ശേഷം വികസിച്ചിരുന്നു. ധർമ്മപുരി ജില്ലയിലെ തകടൂർ എന്ന സ്ഥലവും ചേരനാടിന്റെ ഭാഗമായിരുന്നു. കരൂർ, പഴനി തുടങ്ങിയ പ്രദേശംവരെ ചേരനാടിന്റെ കിഴക്കു വടക്കു അതിരുകളുടെ അറ്റമായിരുന്നു. കുറിഞ്ചി ദേവനായ മുരുകന്റെ വാസസ്ഥാനമായ പഴനിക്കുന്ന് ഈ വിധം ചേരനാടിന്റെ കിഴക്കേ അതിരിനെ സൂചിപ്പിക്കുന്ന ഒന്നാണ്. ചേരാരാജാക്കന്മാരാൽ നിർമ്മിതമായ ഈ ക്ഷേത്രശ്രീകോവിലിന്റെ ഇടതുവശ ചുമരിൽ കല്ലിൽ കൊത്തിയ ചേരരാജാവിന്റെ ചിത്രം കാണാവുന്നതാണ്. കൂടാതെ ചേരനാടിന്റെ കിഴക്കേ അതിരിൽ നിന്ന് ചേരനാടിനെ നോക്കി നിൽക്കുന്നതായാണ് ശ്രീമുരുകന്റെ വിഗ്രഹവും നിലകൊള്ളുന്നത്. ഇതും ചേരനാടിന്റെ അതിരിനെക്കുറിക്കുന്നതായി വ്യാഖ്യാനിക്കാം. (ചിത്രം. 4)




*(കൃത്യമായ തോത് കണ്ക്കാക്കാതെ നിർമ്മിച്ച ഭൂപടം)*

**ചിത്രം. 4 ചേരനാടിന്റെ അതിരുകൾ**

ചെന്തമിഴ് നാടിനെ ചുറ്റിയിരുന്ന നിലങ്ങളായ പന്നിരു നിലങ്ങളിൽ കുട്ടം, കുടം, കർക്കാ, പൂഴിമലാട് എന്നീ നാടുകൾ ചേരനാട്ടിൽ ഉൾപ്പെട്ടിരുന്നു. കുട്ടുവൻ,കുടക്കോപൂഴിയൻ, മലയൻ എന്ന് ചേരരാജാക്കന്മാരെ വിളിച്ചിരുന്നത് ഈ നാടുകൾ ഭരിച്ചതുകൊണ്ടാണ്. ഈ ചേരനാട്ടിൽ ഉൾപ്പെട്ട ശേലം,കോയമ്പത്തൂർ ജില്ലകൾ കൊങ്കുനാടുകൾ എന്ന് സംഘകാലത്ത് അറിയപ്പെട്ടിരുന്നു. ഈ കൊങ്കു നാടിന്റെ പാരമ്പര്യത്തെപ്പറ്റി കൊങ്കർ കോ തുടങ്ങി വിശേഷണങ്ങളിലൂടെ സാഹിത്യകൃതികളിൽ പരാമർശിക്കപ്പെടുന്നുണ്ട്.[9] ചേരനാട്ടിലെ മലകളിൽ കൊല്ലിയും അയിരയും പഴനിയും പ്രധാനപ്പെട്ടതായിരുന്നു. പൊറൈയൻ കൊല്ലി,[10] അയിരൈ പൊരുന[11] എന്നിങ്ങനെ പരാമർശങ്ങൾ ചേരരുടേതായി പരാമർശിക്കപ്പെടുന്നുണ്ട്. കൂടാതെ "ചേരർ കൊങ്കു വൈകാവൂർ നന്നാട്"എന്ന് അരണങ്കിരിനാഥൻ പാടുന്നു[12]. അയിരൈ മല എന്നത് പഴനിമലയോട് തുടർന്നുള്ള ആനമലയോട് ചേർന്ന ഭാഗമാണ്. ഈ മലയിൽ ആൻപൊരുനൈ, കുടവനാട്, കാഞ്ചി, കാരിയാറ്, പേരിയാറ്, ചുള്ളിയം പേരിയാറ് മുതലായ നദികളും ചേരനാട്ടിലൂടെ ഒഴുകിയിരുന്ന പ്രധാന നദികളാണ്. ഇതിൽ പഴനിമല എന്ന് വ്യവഹരിക്കുന്നത് ഇന്നത്തെ പഴനിമലയല്ല. പഴനിമല പഴനിക്കുന്നാണ്, സംഘകാലത്ത് പരാമർശിക്കുന്ന പഴനിമല കൊടൈക്കനാൽ മലനിരകളാണ്. മലകളും ആറുകളുംകൊണ്ട് നിറഞ്ഞ ചേര മണ്ഡലത്തിന്റെ വിസ്തൃതി കൂടിയും കുറഞ്ഞും ഇരുന്നിരുന്നു. അതുകൊണ്ട് തന്നെ ചേരനാടിന്റെ അതിരുകൾ വ്യക്തമായി അടയാളപ്പെടുത്താൻ പ്രയാസമാണ്. ചെങ്കുട്ടുവൻ ചേരനാട് ഭരിക്കുമ്പോൾ ചേരനാട് വിസ്തൃതി പ്രാപിച്ച് മൈസൂരിന്റെ തെക്കുഭാഗത്തുള്ള കൊടുംകൂരെ എന്ന നാടുവരെയുണ്ടായിരുന്നു. ഈ നാടിനെ ചേര രാജാവ് കയ്യടക്കിയെന്നുള്ള ശാസനവും നിലവിലുണ്ട്.[13]

ചെന്തമിഴ് രാജാക്കന്മാരായ ചേര, ചോഴ, പാണ്ഡ്യരുടെ പൂർവ്വികരെ പറ്റിയുള്ള ഒരു ഐതിഹ്യം ഇപ്രകാരമാണ്; "തുർവസുവിന്റെ വംശാവലിയിൽ ആറാം തലമുറയിലെ മരുത്തൻ എന്ന രാജാവിന് സന്തതിയില്ലായ്കയാൽ പൂരുവംശത്തിലെ ഐലീത പുത്രനായ ദുഷ്യന്തനെ ദത്തെടുത്തു. ദുഷ്യന്തന് വിശ്വാമിത്രപുത്രി ശകുന്തളയിൽ പാഞ്ചാലരാജാവായ ഭരതനും, വിരാടനൃപനായ ആസ്രഡനും പുത്രന്മാരായി ജനിച്ചു. ഇതിൽ ആസ്രഡന്റെ മക്കളാണ് പാണ്ഡ്യൻ,ചോളൻ,കേരളൻ,കർണ്ണാടകൻ എന്നിവർ. ഇവർ തങ്ങളുടെ പേരുകളെ ആസ്പദമാക്കി സ്ഥാപിച്ചവയാകുന്നു. പശ്ചിമോത്തര ഭാരതത്തിലെ ദക്ഷിണ പാഞ്ചാല ദേശത്തെ ആദി ദ്രാവിഡദേശങ്ങളായ പാണ്ഡ്യ, ചോള, കേരള, കർണാടക രാജ്യങ്ങൾ ഇതിഹാസ കാലങ്ങൾക്കുമുമ്പേ സ്ഥാപിക്കപ്പെട്ടവയാണ്.[14] ചോഴർ സൂര്യവംശത്തിലും പാണ്ഡ്യൻ ചന്ദ്രവംശത്തിലും എന്ന് പുരാതനകൃതികൾ പറയുന്നതുപോലെ ചേരവംശത്തെക്കുറിച്ച് വ്യക്തമായൊന്നും പറയുന്നില്ല. പില്ക്കാല പണ്ഡിതർ ചേരരാജാക്കന്മാർ അഗ്നികുലത്തിലുള്ളവർ എന്നു പറയുന്നുണ്ടെങ്കിലും ഇതിന് വേണ്ടത്ര തെളിവുകളില്ല. ചോഴ പാണ്ഡ്യവംശങ്ങളുടെ ഉത്പത്തിയെപറ്റി പറയുന്ന കൃതികളിൽ ചേരവംശത്തിന്റെ ഉത്ഭവത്തെപ്പറ്റിമാത്രം അറിയാൻ കഴിയുന്നില്ല എന്ന് പറയുമ്പോൾ മറ്റ് രണ്ടുരാജവംശങ്ങളേക്കാളും പഴക്കമുണ്ട് ഇതിന് എന്ന് ഊഹിക്കാം. മൂവേന്തരന്മാരെക്കുറിച്ച് പറയുമ്പോൾ ചേരരെ പറ്റിയാണ് ആദ്യം പരാമർശിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.[15]

പുറനാനൂറ് ശേഖരിച്ച കവി മൂവേന്തരിൽ ചേരരെ പറ്റിയുള്ള പാട്ടുകളെ മുന്നിലും ബാക്കിയുള്ളവരെ പിന്നിലും വച്ച് സമാഹരിച്ചിരിക്കുന്നു. ചിറുപാണാറ്റുപ്പടയിലും ഇതുപോലെ

കൂട്ടുവൻ(ചേരൻ), ചെഴിയൻ, ചെമ്പിയൻ എന്ന് യഥാക്രമം ചേര, ചോഴ, പാണ്ഡ്യ രാജാക്കൻമാരെക്കുറിച്ച് പറയുന്നു.[16] തൊല്ക്കാപ്പിയത്തിൽ മൂവർ എന്നാണ് സൂചിപ്പിക്കുന്നത്. ഒരു രാജവംശത്തിന്റെയും പേര് തൊല്ക്കാപ്പിയത്തിൽ സൂചിപ്പിക്കുന്നില്ല എങ്കിലും "പോന്തൈ, വേംപേആർ എനവരും" എന്ന തൊല്ക്കാപ്പിയത്തിൽ തമിഴകരാജാക്കന്മാരുടെ അടയാളങ്ങളെ കുറിച്ച് പറയുമ്പോൾ ചേരരുടെ അടയാളമായ പോന്തൈ അഥവാ പനയെയാണ് ആദ്യം സൂചിപ്പിക്കുന്നത്.[17] കൂടാതെ തമിഴകത്തിലെ അഞ്ചുനില വ്യവസ്ഥകളെ തരം തിരിക്കുമ്പോഴും ചേരനാടിനെ കുറിക്കുന്ന കുറുഞ്ഞിനിലമാണ് ആദ്യം വരുന്നത്. ഈ വിധം പരിശോധിക്കുമ്പോൾ ചേരനാടിന് തമിഴകത്തുള്ള പ്രാധാന്യം എത്രത്തോളമാണെന്ന് വ്യക്തമാണ്. കുറിഞ്ഞിനിലത്തെ ഭരിച്ചവരാണ് ചേരരും ചേരരുടെ ചിറ്ററജരും. ചേരനാടിനെ *പന്ത്രണ്ടു തിരുമുറകളിലും* 'മലനാട്ടുതലങ്ങൾ' എന്നാണ് വിളിക്കുന്നത്.

"മാവീറ്റിരുന്ത പെരുഞ്ചൊരുപ്പിൻ മണ്ണും തൊൺമൈ
മലനാട്"
(തിരു.തൊ.പുകഴറിറ്ററിവാർ നയനാർ പുരാണം.പാട്ട്-1)

എന്ന് തിരുതൊണ്ടാർ പുരാണം മലനാടിനെ വാഴ്ത്തുന്നു. ഒന്നാം രാജരാജന്റെ ശാസനത്തിലും 'കൂടൈ മലൈനാട്' എന്നാണ് ചേരനാടിനെ പരാമർശിക്കുന്നത്. 'കുടമലൈയാട്ടി' എന്ന് ഇളങ്കോ അടികളും ചേരനാടിനെ പറ്റിപാടുന്നു.[18] കോട്ടമ്പലത്ത് തുഞ്ചിയ അതിയാമാൻ[19] എന്ന രാജാവിന്റെ പേരിലുള്ള 'കോട്ടം'മലനാട് എന്നർത്ഥത്തിലാണ് സൂചിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം കുറിഞ്ഞി നാട് മലനാടാണെന്നും ആ മലനാട് ചേരനാടാണെന്നും വ്യക്തമാക്കുന്നു.

ചേര, ചോഴ, പാണ്ഡ്യ എന്ന ക്രമം തെറ്റിയുള്ള പരാമർശങ്ങളും കാണുന്നുണ്ട്. മധുരക്കരികിലുള്ള തിരുഭൂവനം ശിവക്ഷേത്രത്തിലേക്ക് വന്ന *തിരുജ്ഞാനസംബന്ധം* ശിവപെരുമാളിനെ പാടിപുകഴ്ത്തുമ്പോൾ

"മുറൈയാർ മുടിചേർ തെന്നർ ചേരർ
ചോഴർകൾ താം വണങ്കും" എന്നും
"ആരാ അൻപിൽ തെന്നർ ചേരർ
ചോഴർകൾ പോറ്റി ഇറൈചെപ്പ"[20]

എന്നും പാടുന്നു. ഈ പാട്ടുകളിൽ *തെന്നർ* എന്ന പാണ്ഡ്യ രാജാവിനെയാണ്, ആദ്യം പരാമർശിക്കുന്നത് പാണ്ഡ്യനാട്ടിൽ വച്ച് പാടിയതുകൊണ്ടായിരിക്കണം തിരുജ്ഞാന സംബന്ധം ഇപ്രകാരം പറയുന്നത്.

ചേരരാജാക്കന്മാരെ ചേരൻ, ചേരമാൻ, എന്ന് പൊതുവായി വിളിക്കുകയും ഉതിയൻ, കുട്ടുവൻ, വാനവൻ, വില്ലവൻ, മലയൻ, പൊറയൻ, കോതൈ, ചേരളൻ, കുടകൻ, പൂഴിയൻ എന്നിങ്ങനെ നാടിന്റെ പ്രത്യേകതയനുസരിച്ച് അറിയപ്പെടുകയും ചെയ്തിരുന്നു. ചേരരാജാക്കന്മാർ കുടനാടിനെ ഭരിച്ചിരുന്നതുകൊണ്ട് കുടക്കോ, കുടവൻക്കോമൻ, കുടവർക്കോ എന്നും കുട്ടനാടിനെ ഭരിച്ചിരുന്നതു കൊണ്ട് കുട്ടുവനെന്നും പൊറൈ (മല) നാടിനെ വാഴുന്നത് കൊണ്ട് പൊറൈയനെന്നും അറിയപ്പെട്ടു.[21] കുടമലക്ക് (പശ്ചിമഘട്ടം) പടിഞ്ഞാറുള്ള നാടിനെ

കടൽ മലൈ നാടെന്നും (ചേരനാട്) കിഴക്കിൽ ഉള്ളത് കൊങ്കു നാടെന്നും അറിയപ്പെട്ടിരുന്നു. കടൽ മലനാട്ടിൽ വടക്കുഭാഗം കുട്ടനാട്,തുളുനാട്,കൊങ്കണനാട് എന്നും കൊങ്കു നാടിന്റെ മേല്ഭാഗത്തുള്ള പ്രദേശം കുടകൊങ്കു, കുടകനാട്, കരുനാട്, കങ്കനാട്, കട്ടിയനാട് മുതലായ പലനാടുകൾ ചേർന്നതാണെന്നും പറയുന്നു. 9-ാം നൂറ്റാണ്ടോടെ കരുനാട്, കങ്കനാട്, കട്ടിയനാട് എന്നിവ മുഴുവനും കന്നടനാടായി.[22]

മലകളും കാടുകളും നദികളും നിറഞ്ഞ ഈ നാടിന്റെ പാരമ്പര്യത്തെക്കുറിച്ച് നിരവധി കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**4.2. ചേരനാടിന്റെ പ്രാചീനത**

സനാതന നിയമങ്ങളിൽ ചിലതിനെ ധിക്കരിച്ച മൂന്നു ജനവിഭാഗങ്ങളിൽ ഒരുകൂട്ടരെന്ന നിലയിൽ ചേരപാദരെ പരാമർശിക്കുന്ന 'ഐതരേയ ആരണ്യകം'എന്ന സംസ്കൃത കൃതിയാണ് കേരളം എന്ന നാടിനെക്കുറിച്ചു സൂചന നല്കുന്ന ഏറ്റവും പഴക്കമേറിയ കൃതി[23]. പുരാണങ്ങളിലും ചേരനാടിനെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്, സനാതനവും പരമവുമായ ബ്രഹ്മവിദ്യയെ കുറിച്ച് പ്രതിപാദിക്കുന്ന *അഗ്നിപുരാണ*ത്തിൽ കാർത്തവീര്യാർജ്ജുനന്റെ സാമന്തരാജാക്കന്മാരിൽ ചോള, കേരള പാണ്ഡ്യരാജാക്കന്മാർ ഉൾപ്പെട്ടിരുന്നുവെന്നും കൂടാതെ അഗ്നിപുരാണം 277-ാം അധ്യായത്തിൽ യദുവിന്റെ സഹോദരനായ തുർവസുവിന്റെ വംശത്തിൽ പിറന്ന ഗാന്ധാരനിൽ നിന്ന് ഗാന്ധാരർ, കേരളർ, ചോളർ, പാണ്ഡ്യർ, കോലർ എന്നിങ്ങനെ അഞ്ചു ദേശക്കാർ ഉണ്ടായതായും പറയുന്നുണ്ട്.[24] ദേവിഭാഗവതം മൂന്നാം സ്കന്ദത്തിൽ കാശി രാജാവിന്റെ പുത്രി ശശികലയുടെ വിവാഹത്തിൽ 'കേരളനും' പങ്കെടുത്തതായി പറയുന്നു. ഈ കൃതിയിൽ തന്നെ എട്ടാമത്തെ സ്കന്ദത്തിൽ സ്വർഗ്ഗം, ഭൂമി, പാതാളം എന്നീ മൂന്ന് ലോകങ്ങളെ വിവരിക്കുന്നു. ഇതിലെ പാതാളം വിന്ധ്യാപർവ്വതത്തിന് തെക്കാണെന്നും നാഗന്മാരാണവിടെ താമസിക്കുന്നതെന്നും വിവരിക്കുന്നു. ചന്ദനം, അകിൽ തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ ഇവിടെ ധാരാളം വിളയുന്നതായും വർണ്ണിച്ചിരിക്കുന്നു.[25] *കൃതമാലാ മലയാചല പശ്ചിമാം ബോധിമധ്യേ*യാണ് കേരളം സ്ഥിതിച്ചെയ്യുന്നതെന്ന് *മത്സ്യപുരാണത്തിൽ* വർണ്ണിക്കുന്നു. വായു പുരാണത്തിലും വിഷ്ണു പുരാണത്തിലും കേരളത്തെക്കുറിച്ച് പരാമർശങ്ങളുമുണ്ട്. രുക്മിണി സ്വയംവരത്തിൽ പങ്കെടുത്ത രാജാക്കന്മാരിൽ കേരളനും ഉണ്ടായിരുന്നതായി ഭാഗവതം ദശമസ്കന്ദത്തിലെ താഴെ കാണുന്ന വരികളിൽ നിന്ന് മനസ്സിലാക്കാം;

> "വംഗനും സിന്ധുരാജൻ സൗവീരൻ മദ്ധ്യന്മാരും
> ശങ്കര ഭക്തൻ ചോളൻ പാണ്ഡ്യനും കേരളനും
> സൗരാഷ്ട്ര നൃപൻ മറ്റുമിങ്ങനെ നൃപജനം
> ഓരോരോപ്രകാരേണ സേനയോടൊരുമിച്ചു
> വാദ്യങ്ങൾ ഘോഷങ്ങളുമായവർക്കാകും വണ്ണം
> ആദ്യസ്ഥാനവും നടിച്ചെത്തിനാൻ കുണ്ഡിനത്തിൽ"[26]

മഹാഭാരതം രാമായണം എന്നീ ഇതിഹാസങ്ങളിലും കേരളപരാമർശങ്ങൾ കാണാം. സുഗ്രീവൻ വാനരന്മാർക്ക് സീതയെ അന്വേഷിക്കാനായി പറഞ്ഞുകൊടുക്കുന്ന ദക്ഷിണദിക്കിലെ പ്രദേശങ്ങളെക്കുറിച്ച് ഇപ്രകാരം പറയുന്നു.

'നദീം ഗോദാവരിം ചൈവ
സർവ്വമേവാഥ പശ്യത
തഥൈവാന് ധ്രാംശ്ച പൗണ്ഡ്രാശ്ച
ചോളാൻ പാണ്ഡ്യാംശ്ച കേരളാൻ'[27]

സീതാദേവിയെ ഗോദാവരി, ആന്ധ്യ, പാണ്ഡ്യം, ചോളം, കേരളം എന്നിവിടങ്ങളിൽ ചെന്നു അന്വേഷിക്കണം എന്ന് പറയുന്നു.

മഹാഭാരതത്തിൽ മൂന്നിടത്ത് കേരളത്തെ പരാമർശിക്കുന്നുണ്ട്. നന്ദിനിയെ അപഹരിക്കാൻ വിശ്വാമിത്രൻ, വസിഷ്ടാശ്രമത്തിൽ എത്തുമ്പോൾ വിശ്വാമിത്രനെ നേരിടാൻ പശുവിന്റെ നുരയിൽ നിന്നുണ്ടായ മ്ലേച്ഛൻമാരിൽ കേരളവുമുണ്ട്;[28] ധർമ്മപുത്രർ നടത്തിയ രാജസൂയത്തിൽ ദക്ഷിണദിക്ക് കീഴടക്കാൻ പോയ സഹദേവൻ കേരളരെ ജയിച്ച് കപ്പം വാങ്ങിയതായി പറയുന്നു.[29] ഈ അദ്ധ്യായത്തിൽ തന്നെ 66-ാം ശ്ലോകത്തിൽ സഹദേവൻ "ശൂർപ്പകാരത്തെ"പാട്ടിലാക്കി എന്നു കാണുന്നു. കേരളത്തെ ശൂർപ്പകരകം എന്നർത്ഥത്തിൽ സൂചിപ്പിച്ചിരിക്കുകയാണിവിടെ. കർണ്ണന്റെ ദിഗ്വിജയത്തിൽ കേരളനെ ജയിച്ച് കപ്പം വാങ്ങിയതായി വനപർവ്വം, അദ്ധ്യായം 254 ൽ നിന്ന് വ്യക്തമാണ്. കൂടാതെ വാല്മീകിരാമായണം കിഷ്കിന്ദകാണ്ഡത്തിലും, കേരള വർണ്ണനകളുണ്ട്.

'കാളിദാസന്റെ രഘുവംശം നാലാം സർഗ്ഗത്തിൽ രഘുവിന്റെ മഹത്വം പ്രശംസിക്കുമ്പോൾ അദ്ദേഹം ദക്ഷിണേന്ത്യയിൽ ദിഗ്വിവിജയം നടത്തിയതായി വിവരിക്കുന്നു. അപ്പോൾ രാജാവ് സഹ്യപർവ്വതം കടന്ന് കേരളത്തിൽ എത്തിച്ചേർന്ന പരശുരാമ സൃഷ്ടിയാണ് കേരളം എന്ന ഐതീഹ്യം പരാമർശിക്കുന്നതോടൊപ്പം കേരളസ്ത്രീകളെയും മുരചീനദിയെയും (പെരിയാർ) കവി വർണ്ണിക്കുന്നുണ്ട്.

"അസഹ്യവിക്രമ: സഹ്യാദുരാത്മുക്തമുദന്വതാ
നിതംബമിവ മേദിന്യാ: സ്രസ്താംശു കമലംഘയൽ"

'തടങ്ങളിൽ ചന്ദനമിണങ്ങിയ മലയ, ദർദുരം എന്നീ മലകളെ ആ പ്രദേശത്തിന്റെ മുലകളെ എന്ന പോലെ കാമംപോലെ അനുഭവിച്ചതിനുശേഷം സമുദ്രത്തിന്റെ അകന്നൊഴിഞ്ഞു കിടക്കുന്ന സഹ്യനെ ഭൂമിയുടെ ഉടയാട കഴിഞ്ഞകന്ന നിതംബത്തെ എന്ന പോലെ ആക്രമിച്ചു.

"തസ്യാനീകൈ വിസർപദ്ഭീരപരാന്തജയോദ്യതൈ:
രാമാസ്ത്രോത്സാരിതോവ്യാസീൽ സഹ്യലഗ്ന ഇവാർണ്ണവ"[30];

പടിഞ്ഞാറുള്ളവരെ ജയിപ്പാനൂന്നി പരന്നു കേറുന്ന അദ്ദേഹത്തിന്റെ പടകളെ കൊണ്ട് പരശുരാമന്റെ അസ്ത്രത്താൽ അകറ്റി നിർത്തപ്പെട്ടിട്ടും സമുദ്രം വീണ്ടും സഹ്യനോട് പറ്റിച്ചേർന്നതു പോലെയായി.

"ഭയോത്സുഷ്ട വിഭൂഷാണാം തേത കേരളയോഷിതാം
അളകേഷു ചമൂരേണു ശ്ചൂർണ്ണ പ്രതിനിധീകൃത:
മുരചീമാരുതോദ്ധു തമഗമത് കൈതകം രജ:
തദ്യോധ പാരവാണാനാമയത്ന പടവാസതാം"[31]

രഘുവിന്റെ ഭടന്മാർ കേരളത്തിലും എത്തി. ഭയം കൊണ്ട് ആഭരണങ്ങൾ അണിയൽ വെടിഞ്ഞ കേരള സ്ത്രീകളുടെ കുറുനിരകളിൽ പടയോട്ടത്തിൽ നിന്നുയർന്ന പൊടി ചൂർണ്ണം ചാർത്തി. മുരചീ നദിയിൽ നിന്നുള്ള കാറ്റേറ്റ് പാറിച്ചെന്ന കൈതപ്പൂമ്പൊടി രഘുവിന്റെ പടയാളികളുടെ കുപ്പായങ്ങൾക്ക് പണിപ്പെടാതെ കിട്ടിയ സുഗന്ധചൂർണ്ണമായിത്തീർന്നു.

മുത്തുകൾ ധാരാളം വിളയുന്ന നദികളിലൊന്നായി ചൂർണ്ണിയെ (പെരിയാർ) കൗടല്ല്യൻ (ബി. സി.നാലാം ശതകം) അർത്ഥശാസ്ത്രത്തിൽ വർണ്ണിക്കുന്നു. കൂടാതെ വായു, പത്മം, മാർക്കണ്ഡേയം എന്നീ പുരാണങ്ങളിലും അശോകശാസനത്തിലും ഗ്രീക്കു സഞ്ചാരിയായ മെഗസ്തനീസിന്റെയും ടോളമി പ്ളിനി എന്നിവരുടെ കൃതികളിലും പെരിപ്ലുസിലും കേരളപരാമർശങ്ങളുണ്ട്. ഈ വിധം നിരവധി ചരിത്ര പുരാണാതിഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ട ഭൂപ്രദേശമാണ് കേരളം. ഈ ദേശനാമത്തിന്റെ നിരുക്തിയെ പറ്റി പണ്ഡിതന്മാർക്കിടയിൽ നിരവധി അഭിപ്രായങ്ങൾ ഉടലെടുത്തിട്ടുണ്ട്;

**4.3. കേരളമെന്ന പേര്**

കേരളൻ എന്നൊരു രാജാവ് ഇവിടം ഭരിച്ചിരുന്നതുകൊണ്ടാണ് കേരളം എന്ന പേര് സിദ്ധിച്ചതെന്നും കേരവൃക്ഷങ്ങൾ ധാരാളം വളരുന്നതിനാൽ കേരളമെന്ന പേരുണ്ടായി എന്നുള്ള അഭിപ്രായങ്ങൾ കെട്ടുകഥകൾ പോലെ അവിശ്വസനീയമാണ്. ഇതിനു വേണ്ട യാതൊരു തെളിവുകളും ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ 'കേരളൻ'എന്ന രാജാവേ ഇവിടം ഭരിച്ചിരുന്നില്ല എന്ന് ചരിത്രകാരന്മാർ പറയുന്നു. 'കേരള' ശബ്ദം പ്രചാരത്തിൽ വന്നതിനുശേഷമാണ് തെങ്ങുകൾ ഇവിടെ വരുന്നത് അതിനാൽ ഈ അഭിപ്രായത്തിനും ചരിത്രപരമായ സാധുതയില്ല. സഹ്യപർവ്വതത്തിന് പടിഞ്ഞാറുള്ള സ്ഥലം പണ്ട് ദ്വീപുകളും ചതുപ്പു തടങ്ങളുമായി ചേറുനിറഞ്ഞു കിടന്നിരുന്നു. പുരാതനകാലത്ത് അറബിക്കടൽ സഹ്യപർവ്വതനിരവരെ വ്യാപിച്ചുകിടന്നതായി ഭൂവിജ്ഞാനീയരും ഭൂമിശാസ്ത്രജ്ഞരും അഭിപ്രായപ്പെടുന്നു. ക്രമേണ കടൽ പടിഞ്ഞാറേക്ക് നീങ്ങുകയും അപ്പോഴുണ്ടായ തടങ്ങളും, ദ്വീപുകളും ചളിപ്രദേശങ്ങളുംനിറഞ്ഞ പ്രദേശത്തെ ചേറളം (ചേറ്+അളം) എന്നു വിളിച്ചു പോന്നു. *അള*ത്തിന് പ്രദേശമെന്നാണർത്ഥം. ഈ ചേറളം കാലക്രമേണ ചേരളമായി മാറിയതാകാം. 'ച'കാരത്തിന് സംസ്കൃതത്തിൽ 'ക'കാരാദേശം വന്ന് ചേരളം കേരളം ആയി മാറിയതായി അഭ്യൂഹിക്കുന്നു. തമിഴിൽ 'ചാരൽ'എന്ന പദത്തിന് മലഞ്ചെരിവ് എന്നാണർത്ഥം. ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഈ 'ചാരൽ' ഉച്ചാരണഭേദത്താൽ ചേരൽ എന്നായിമാറുകയും അതു കേരളം അഥവാ ചേരനാടിന്റെ പേരായിത്തീരുകയും ചെയ്തു. കേരളത്തിന്റെ പേരിനടിസ്ഥാനമായി അതിലെ മലകളുടെ ആധിക്യത്തിന് പ്രാധാന്യം കൊടുക്കുന്നു ഈ നിരുക്തി. ഏതായാലും ചേരം അഥവാ കേരളം എന്ന പേരിന്റെ നിഷ്പാദനം 'ചാരലി'ൽ നിന്ന് നിഷ്പാദിപ്പിക്കുന്നത് അല്പം വളഞ്ഞവഴിയാണ്. ചേര രാജാക്കന്മാരാണ് പ്രാചീന കാലത്ത് കേരളം ഭരിച്ചിരുന്നത് അതിനാൽ 'ചേര' രാജ്യമെന്ന പേര് സ്വാഭാവികമായി വന്നു ചേർന്നതായി ചിലർ അഭിപ്രായപ്പെടുന്നു. പ്രാചീന കൃതികളിൽ ഈ രാജ്യത്തെ ചേരനാടെന്നും ഇവിടുത്തെ രാജാവിനെ ചേരൽ എന്നുമാണ് മാറാതെ പരാമർശിച്ചുകാണുന്നത്, ചാരൽ എന്ന സൂചനേയില്ല. ചേർ(ചെളി), അളം(സ്ഥലം) എന്ന രണ്ടു ശബ്ദങ്ങൾ ചേർന്നാണ് കേരള (ചേരള) പദം ഉണ്ടായതെന്നും അതിനർത്ഥം ചതുപ്പു നിലമാണെന്നും മറ്റൊരു വാദവുമുണ്ട്. 'ചേർ' അഥവാ 'ചേർന്ത' എന്നതിനു കൂടിച്ചേർന്നത് എന്നർത്ഥം അപ്പോൾ 'ചേരള'പദത്തിന്

കൂടിച്ചേർന്ന ഭൂഭാഗം, നേരത്തെ തന്നെ ഉണ്ടായിരുന്ന പർവ്വതദേശത്തോടു പിന്നീടു കൂടി ച്ചേർന്ന ഭൂഭാഗം എന്നർത്ഥം പറയാം.[32]

സിന്ധുനദീതട നഗരങ്ങളിൽ വലിയ നെൽപ്പത്തായങ്ങളെ സംരക്ഷിച്ചവരുടെ പിന്മു റക്കാരാകാം ചേരർമാർ, കാരണം *ആദിദ്രാവിഡ* ഭാഷയിൽ ഈ പത്തായ പുരകളെ 'ചേർ' എന്നാണ് വിളിക്കുന്നത്. ഈ 'ചേർ' എന്ന പദത്തിൽ നിന്നാകാം ചേരളം, കേരളം എന്ന പദം ഉണ്ടായത്.[33] ബി.സി. നാലാം ശതകത്തിൽ ഭാരതത്തിൽ സന്ദർശനം നടത്തിയ മെഗസ്ത നീസ് എന്ന ഗ്രീക്കു സഞ്ചാരി രേഖപ്പെടുത്തിയിട്ടുള്ളത്, കേരളത്തിലെ (പശ്ചിമ തീരത്തെ) ജനങ്ങൾ 'ചേർമേയ്'(chermae) എന്ന വർഗ്ഗക്കാരാണെന്നാണ്. നാടിന്റെ പേര് 'ചേർമേയ്' എന്നുതന്നെയാണ് കാണുന്നത് ലോഗന്റെ അഭിപ്രായത്തിൽ ചെർമെയ് എന്നത് ചെറുമർ എന്ന പദത്തിന്റെ ഗ്രീക്കുരൂപമാണ്. ഈ നാട് വളരെക്കാലം ചെറുമരുടെ ആധിപത്യത്തിൻ കീഴിലായിരുന്നുവെന്നത് നേരാണ്. *ചെർമേയ്* എന്ന് മെഗസ്തനസ് രേഖപ്പെടുത്തിയിട്ടുള്ള ഇവരുടെ പേരിൽ നിന്നും ഈ നാടിന് 'ചേരരാജ്യം' എന്ന പേര് ലഭിക്കുകയോ ഈ രാജ്യ ത്തിന്റെ പേരിൽ നിന്നും ഈ നാട്ടിലെ നിവാസികൾക്ക് 'ചെറുമർ' എന്നു ലഭിക്കുകയോ ചെയ്തിരിക്കണം എന്ന് ഇൻഡ്യൻ ആന്റക്വറിയെയും കൊച്ചിൻ സ്റ്റേറ്റ് മാന്വലിനെയും ഉദ്ധ രിച്ചുകൊണ്ട് ചെന്തേര രേഖപ്പെടുത്തുന്നു.[34] ഈ നിരുക്തികളെല്ലാം കേരളത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതയിലേക്കാണ് നയിക്കുന്നത്. വ്യക്തമായ ഒരു നിഗമനത്തിലേ ക്കെത്തിച്ചേരാനുള്ള തെളിവുകളൊന്നും ഇതുവരെയും കണ്ടുകിട്ടിയിട്ടില്ല. പക്ഷേ കേരളം, ചേരനാട് എന്നീ പദങ്ങൾക്ക് ഇവിടെ ഭരിച്ചിരുന്ന രാജവംശവുമായി ബന്ധമുണ്ടായിരുന്ന തായി ശാസനങ്ങൾ തരുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽനിന്നു വ്യക്തമാണ്.

സംഘം കൃതികളിൽ പൊറയർ (മലയിൽ വസിക്കുന്നവർ) കുടവർ(പടിഞ്ഞാറു ഭാഗ ത്തുള്ളവർ), വില്ലർ (വില്ല് ആയുധമാക്കിയവർ) പൂഴിയർ (പൂഴിനാടിന്റെ അധിപർ), വാനവർ (ഉയരത്തിൽ താമസിക്കുന്നവർ), കുട്ടവർ (കുട്ടനാട്ടിൽ പാർക്കുന്നവർ), മലൈയർ (മലയിൽ താമസിക്കുന്നവർ എന്നിങ്ങനെ പരാമർശിക്കപ്പെടുന്ന ഈ നാടിനെ അശോകശാസനം, സഞ്ചാ രികളുടെ കുറിപ്പുകൾ എന്നിവയെല്ലാം *കേ പുത്തയെന്നോ, കോല* അഥവാ *കേരബത്രോസ്* എന്നും പുരാണേതിഹാസങ്ങളിൽ കേരളം എന്നുമാണ് പരാമർശിച്ചുകാണുന്നത്. അതായത് സംഘസാഹിത്യത്തിൽ 'ച'കാരത്തിൽ ആരംഭിക്കുന്ന പദവും മറ്റുള്ളവയിൽ 'ക'കാരംഭവു മാണ് കാണുന്നത്. ചേരം-കേരമായതാണെന്ന വാദം കേരളപരാമർശത്തിന്റെ പഴക്കം വച്ചു നോക്കുമ്പോൾ വിപരീത രീതിയിലാണ്. അശോകശാസനങ്ങളിൽ കാണുന്ന ചോഡ പാഡ സതിയപുത എന്നിവയോടൊപ്പം കേതലപുതയും കാണുമ്പോൾ ചേരമോ ചേരമാനോ കാണു ന്നില്ല. കേരളപുത്ര എന്ന പ്രയോഗത്തിന്റെ പാലിരൂപമാണ് 'കേതലപുത'. അതിയമാനാണ് സതിയപുതനായത് *ചോഡ* ചോളദേശവും, *പാഡ* പാണ്ഡ്യദേശവുമാണ്. സംസ്കൃതത്തിലും പാലിയിലും പ്രാകൃതത്തിലും 'ക'കാരവും 'ച'കാരവുമുണ്ട്. ചോള ശബ്ദത്തിലെ 'ച'കാരം അശോകന്റെ ശാസനത്തിൽ കാണുന്നുവെന്നിരിക്കെ ചേരം എന്ന ശബ്ദം അന്ന് പ്രചാരത്തി ലുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ശബ്ദമാറ്റം കൂടാതെ അശോകന്റെ ശാസനത്തിൽ ചോഡപാഡകളോടൊപ്പം ചേരവും വരുമായിരുന്നു. കൂടാതെ വാല്മീകിയും വ്യാസനും ഗുണാ ഢ്യനും കൗടല്ല്യനും പതഞ്ജലിയിലും 'ക'കാരഘടിതമായ 'കേര'ശബ്ദമാണ് പ്രയോഗിച്ചി ട്ടുള്ളത്. വിദേശ സഞ്ചാരികളുടെ *കേരബത്രോസ്, കോലിബത്രോസ്* എന്നീ വാക്കുകളുടെ

ശബ്ദസാമ്യം പരിഗണിച്ചാൽ ഇൻഡോ ആര്യൻ ഭാഷകളിലെ കേരളപുത്രൻ തന്നെയാണ് വിദേശ സഞ്ചാരികളുടെ കേരബത്രോസ് എന്നു കാണാം. അതായത് 'ക'കാര 'ച'കാര പരി ണാമം ആദി തമിഴിൽ സംഭവിക്കുന്നതിനുമുമ്പുതന്നെ ഉടലെടുത്ത പദമാണ് കേരളം. ഭാഷാശാസ്ത്രപരമായി പരിശോധിക്കുമ്പോൾ ഒരു വാക്കിന് 'ക'കാരഘടിതവും 'ച' കാര ഘടിതവുമായ രണ്ടുരൂപങ്ങളുണ്ടെങ്കിൽ പൂർവ്വരൂപം 'ക' കാരഘടിതമായിരിക്കുമെന്നതാണ് ശാസ്ത്രസമ്മിതി. താലവ്യാദേശം കൊണ്ടാണ് 'ക' കാരം'ച'കാരമാകുന്നത്. കേര ശബ്ദ ത്തിലെ താലവ്യസ്വരമായ 'ഏ'കാരം. പരമായതിനാൽ സ്വനപരിണാമവിധിയനുസരിച്ച് 'ക'കാരം 'ച'കാരമാകുകയും ചേരമെന്ന ശബ്ദം തമിഴിൽ ഉണ്ടാവുകയും ചെയ്തു. മറിച്ച് 'ച'കാരം 'ക' കാരമാകുന്നതിന് ഭാഷശാസ്ത്ര യുക്തികളില്ല. തമിഴ് മലയാള ഭാഷകളിൽ മാത്രമേ ചേരം, ചേരമാൻ, ചേരലം, ചേരലാതൻ എന്നീ പദങ്ങളൊള്ളൂ. മറ്റൊരു ദ്രാവിഡ ഭാഷയിലും കേരളത്തെ ചേരമെന്ന് പരാമർശിച്ചിട്ടില്ല. തമിഴ് മലയാള ഭാഷകളിൽ കാണുന്ന 'ച' കാരാദിപദങ്ങളിൽ ഭൂരിഭാഗവും ഇതരദ്രാവിഡ ഭാഷകളിൽ 'ക' കാരാദിയാണ്.[35] അതുകൊണ്ട് സംഘസാഹിത്യത്തിൽ പരാമർശിക്കപ്പെടുന്ന 'ചേര'ശബ്ദത്തിനേക്കാൾ പഴക്കമുണ്ട് 'കേരള'ശബ്ദത്തിന് എന്ന് വ്യക്തമാണ്.[36] ഇപ്രകാരമാണെങ്കിലും അശോകശാസനകാലത്തും മറ്റ് വിദേശകുറിപ്പു കളിലും 'ക'കാരഘടിതമായ കേരളരൂപം പ്രയോഗിക്കുന്ന കാലത്തുതന്നെ തമിഴിൽ ച കാര ഘടിത രൂപമാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് പുകഴൂർ ശാസനം, മറ്റ് സംഘം കൃതികൾ എന്നിവയിൽ നിന്ന് സുവ്യക്തവുമാണ്. അതുകൊണ്ട് ഈ 'ക'കാര 'ച'കാര മാറ്റം തമിഴക ത്തിൽ വളരെ പതിയെയാണ് നടന്നതെന്ന് അനുമാനിക്കാം. ഇന്നും 'ച'കാരം പരമായുള്ള പദമാണ് തമിഴിലും മലയാളത്തിലും കൂടുതലായി നിലവിലുള്ളത്. സംസ്കൃതാധിനിവേശ ത്തിനുശേഷമാണ് ചേരം മാറി ഇവിടെ *'കേരളം'* എന്ന പ്രയോഗത്തിൽ വന്നതെന്ന് വ്യക്ത മാണ്.

ഇപ്രകാരം ശ്രേഷ്ഠകൃതികളിലെല്ലാം പരമാർശിപ്പിക്കപ്പെട്ട പുരാതനമായ ഈ ദേശം മറ്റ് ദേശങ്ങളിൽ നിന്ന് സാമ്പത്തിക സാംസ്ക്കാരിക കാര്യങ്ങളിൽ മികച്ചുനിന്നിരുന്നു. ചേര നാടിനെ മറ്റ് നാടുകളിൽ നിന്ന് വ്യത്യസ്തമായി സവിശേഷമാക്കി നിലനിർത്തുന്ന പ്രധാന ഘടകങ്ങളെ വിശദീകരിച്ചു വിശകലനം ചെയ്യുകയാണ് തുടർന്ന് ചെയ്യുന്നത്. *സാംസ്ക്കാ രികചരിത്രത്തിന്റെ പ്രകൃതിഭൂമിക, സംഘകാല ചേരസംസ്ക്കാരം, മലനാട്ടുഭാഷ* എന്നിങ്ങനെ മൂന്നായി വിഭജിച്ചാണ് പഠനം നടത്തുന്നത്. സാംസ്ക്കാരിക ചരിത്രത്തിന്റെ പ്രകൃതി ഭൂമിക എന്ന ആദ്യ ഭാഗത്തിൽ ചേരനാടിന്റെ പ്രകൃതി സവിശേഷതകളും തമിഴകത്തിലെ മറ്റ് ദേശ ങ്ങളിൽ നിന്ന് ചേരനാട്ടിലെ പ്രകൃതി എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും പഠിക്കാൻ ശ്രമിച്ചിരുക്കുന്നു. *സംഘകാല ചേര സംസ്ക്കാരം* എന്ന രണ്ടാം ഭാഗത്തിൽ ചേരനാട്ടിലെ സാംസ്ക്കാരികഘടകങ്ങളെയും സാമൂഹ്യജീവിതവും അതിന്റെ തുടർച്ചയുമാണ് പരിശോധി ക്കുന്നത്. *മലനാട്ടുഭാഷ* എന്ന അവസാനഭാഗത്ത് സംഘസാഹിത്യത്തിൽ ഉപയോഗിച്ചിരി ക്കുന്ന ഭാഷാപ്രത്യേകതകളെ സ്വനിമതലം, രൂപിമതലം, വ്യാകാരണതലം എന്നിങ്ങനെ തരംതിരിച്ച് വിശദീകരിക്കുന്നതോടൊപ്പം ഭാഷയുടെ തുടർച്ചയെയും പരിശോധിക്കുന്നു.

### 4.4. സാംസ്ക്കാരിക ചരിത്രത്തിന്റെ പ്രകൃതി ഭൂമിക

ഒരു നാടിന്റെ/ദേശത്തിന്റെ സംസ്ക്കാരികമായ എല്ലാവിധ ഉയർച്ചയ്ക്കും നിദാനം ആ നാടിന്റെ പ്രകൃതിയുടെ സവിശേഷതയാണ്. പ്രകൃതി വിഭവങ്ങളുടെ ആവശ്യാനുസരണ

മുള്ള ലഭ്യതയും കാലാവസ്ഥയുടെ അനിയോജ്യമായ വരവുമെല്ലാം ഒരു നാടിനെ സംബന്ധിച്ചിടത്തോളം വളരെ വിലപ്പെട്ട സംഗതികളാണ്, 'തിരുക്കുറൾ' എന്ന നീതികാവ്യത്തിൽ നല്ല നാട് എങ്ങനെയിരിക്കണമെന്ന് ഇപ്രകാരം പറയുന്നു:

"ഇരു പുനലും വായ്ന്ത തലൈയും തരുപുനലും
വൽ അരണം നാട്ടിർക്കു ഉറുപ്പു"

(കുറൽ. 74. നാട്-7)

ഈ പാട്ട്പ്രകാരം മഴയും ജലാശയങ്ങളും മലയിൽ നിന്നുള്ള വിഭവങ്ങളും ചേർന്നുള്ളതാണ് നല്ല നാടിന്റെ ഗുണങ്ങൾ. ഈ പാട്ടു പറയും പോലെ പ്രകൃതി വിഭവങ്ങൾ കൊണ്ട് അനുഗ്രഹീതമായ നാടാണ് ചേരനാട്. കുറിഞ്ചി, മുല്ലൈ, മരുതം, നെയ്തൽ എന്നീ നാലു നിലങ്ങൾ ചേർന്നുള്ള വിഭവസമൃദ്ധമായ ദേശമാണിത്. *മുതുക്കൂത്തനാരു*ടെ നറ്റിണപ്പാട്ടിൽ നീലമണി പോലെ ഒഴുകി ഒലിക്കുന്ന അരുവികളും ആകാശത്തോളം പാറിനടക്കുന്ന മേഘങ്ങളോളം ഉയർന്ന മലകളോട് ചേർന്നനാടാണ് ചേരനാടെന്ന് ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു;

"മണി എന്ന ഇഴിതരും അരുവിപ് പൊൻ എന
വേങ്കൈ തായ ഓങ്കുമലൈ അടുക്കത്തു,
അടുകഴൈ നിവന്ത പെങ്കൺ മൂങ്കിൽ
ഒടുമഴൈ കിഴക്കും ചെന്നിക്-
കോടുഉയർ പിറങ്കൽ മലൈകിഴ വോനേ"
(നറ്റി. 28: 5-9)

### 4.4.1. തിണവ്യവസ്ഥ

ഭൂമിയുടെ പ്രത്യേകതയ്ക്കനുസരിച്ച് തമിഴകത്തെ കുറിഞ്ഞി, മുലൈ, പാലൈ, മരുതം, നെയ്തൽ എന്നിങ്ങനെ അഞ്ച് നിലങ്ങളായി തരംതിരിച്ചിരിക്കുന്നു. കൂടാതെ ഓരോ രാജ്യത്തെയും പഞ്ചനിലങ്ങളായി വിഭജിച്ചിരുന്നു. ചേരനാടിനെ സാധാരണയായി കുറിഞ്ഞി നിലമായാണ് വ്യവഹരിച്ചിരുന്നത്. ചേരനാട്ടിൽ കാടും മേടും കുന്നും മലകളും അധികമായതുകൊണ്ടാകാം ഇത്. പക്ഷെ ചേരനാട്ടിലുൾപ്പെടുന്ന തിണകളെ പറ്റിയും അവിടത്തെ വിഭവ സമൃദ്ധിയെപ്പറ്റിയും നിരവധി പരാമർശങ്ങൾ അവിടെ കാണുന്നുണ്ട്.

കുറിഞ്ചി എന്ന തിണ വ്യവസ്ഥയാണ് സംഘംകൃതികളിൽ ചേരനാടിനെ കുറിക്കുന്നതെങ്കിലും നാല് തിണകളും ചേരനാട്ടിൽ ചേർന്നിരുന്നു. കുറുഞ്ഞി, മുല്ലൈ, നെയ്തൽ എന്നീ ചേരനാട്ടിലെ നിലങ്ങളുടെ വിഭവസമ്പുഷ്ടിയെ പറ്റി *പാലൈ ഗൗതമനാർ* ഇപ്രകാരം പാടുന്നു;

"ഇണർ തഴൈ ഞായർ കരൈകെഴു പെരുന്തുറൈ
മണിക്കലത്തന്ന മായിതഴ്നെയ്തർ
പാചടൈപ്പനിക്കഴി തുഴൈ ഇപ്പുന്നൈ
വാലിണർപ്പുടുചിനൈക്കരുകിറൈകൊള്ളും
അല്കറുകാനൽ ഓങ്കു മണലടൈ കരൈ
താഴ്ടുപുമ്പു മലൈന്ത പുമരിവളൈ ഞരല

ഇലങ്കുനീർ മുത്തമൊടു വാർതുകിരെടുക്കും
തൺകടർ പടപ്പെമെൻ പാലനവും
കാന്തളങ് കണ്ണി ക്കൊലൈ വിൽ വേട്ടുവർ
ചെങ്കോട്ടാ, മാന്തനൊടുക്കാട്ട
മതനുടൈ വേഴത്തു വെൺകോടുകൊണ്ടു
പൊന്നുടൈ നിയമിത്തുപ്പിഴിനൊടൈകൊടുക്കും
കുൻറുതലൈ മണന്ത പുൻപുല വൈപ്പും
കാലമൻറിയും കരുമ് പറുത്തൊഴിയാതു
അരികാല വിത്തുപ്പലപൂവിഴവിൻ
തേമ്പായ് മരുത മുതൽ പടക്കൊൻറു-
വെണ്ടലൈചെമപുനൽ പരുന്തവായ് മികുക്കും
പലചൂഴ്പതപ്പർ പരിയ വെള്ളത്തുച്
ചിറൈകൊൾ പൂചലിർ പുകൻറവായം
മുഴവിമിഴ് മുതൂർ വിഴുക്കാണു ഉപ്പെയരും
ഏനൽ ഉഴവർ വരകുമീ തിട്ട
കാൻ മികുകുളവിയ വമ്പുചേരിരുക്കൈ
മെൻറിനൈ നുവണൈ മുറൈ മുറൈ പകുക്കും
പുൻ പുലന്തഴീ ഇയ പുറവണി വൈപ്പും
പൽ പൂഞ്ചെമ്മർ കാടുപയമാറി
അരക്കത്തന്ന നുൺ മണർ കോടു കൊണ്ടു
ഒണ്ണുതൽ മകളിർ കഴലൊടു മറുകും
വിണ്ണുയർന്തോങ്കിയ കടയറ്റവും പിറവും
പണൈകെഴു വേന്തരും വേളിരുമൊൻറു മൊഴിന്തു''
(പതി. 3. 10)

-വലിയ തുറകളിലെ കരകളിൽ പൂങ്കുലകൾ നിറഞ്ഞ ഞാവൽ മരങ്ങൾ തിങ്ങിനില്ക്കും. അവയുടെ ചുവട്ടിൽ ചുറ്റും പൂക്കൾ ധാരാളമായി കൊഴിഞ്ഞു വീണു കിടക്കുന്നുണ്ടാകും. നീലമണിപോലുള്ള നെയ്തലിന്റെ പൂവും ഇലയും ഇടതൂർന്നു കിടക്കുന്ന 'കഴി'ക്കരകളിലെ ചോലകൾ ഞെരുങ്ങി വളർന്നു നില്ക്കുന്ന പുന്നമരങ്ങളുടെ വെൺ പൂമണിഞ്ഞ ചില്ലകൾക്കിടയിൽ മീൻവേട്ടനടത്തി ക്ഷീണിച്ച പക്ഷികൾ തങ്ങിയിരുന്നു വിശ്രമിക്കും. കുട്ടികൾ ചെന്നു നിന്നു പതിവായി ഉലച്ചുകൊണ്ട് തിരകൾ അരിച്ചു കയറ്റുന്ന ശംഖുകൾ കരയിൽക്കിടന്നുരുണ്ട് ഈറ്റു നോവു സഹിക്കവയ്യാതെ ഞെരുങ്ങി ദീനസ്വരം മുഴക്കും. ആ ശബ്ദം കേട്ട് മുത്തുകിട്ടുമെന്ന മോഹത്തോടെ ഓടിയടുക്കുന്നവർ മുത്തുകൾക്കു പുറമേ പവിഴവും ലഭിച്ചു സന്തുഷ്ടരായി മടങ്ങും. ഇങ്ങനെ കടൽത്തീരങ്ങളാൽ മേന്മ കലർന്നു ശോഭിക്കുന്ന *നെയ്തൽ* നിലങ്ങളും കന്തൾപൂവുകോർത്തുകെട്ടിയ മാലയണിഞ്ഞവരും കൈയിൽ കൊലവില്ലുധരിച്ചവരുമായ നായാടികൾ കൊണ്ടു വന്നു കൊടുക്കുന്ന ചുവന്ന കൊമ്പുകളുള്ള കാട്ടു പശുക്കളുടെ മാംസവും ബലമേറിയ കാട്ടാനകളുടെ ദന്തങ്ങളും വാങ്ങിക്കൊണ്ട് അവയ്ക്കു പകരം കള്ള് കൊടുത്ത് ധനികരായി തീർന്നിട്ടുള്ളവരുടെ വസതികളും മറ്റും സ്ഥിതിചെയ്യുന്നു കുന്നിൻ പുറങ്ങളോടുകൂടിയ *മുല്ല, കുറിഞ്ഞി* എന്നീ നിലങ്ങളും, കുലുങ്ങെ പൂത്തു തേൻ ചൊരിഞ്ഞു

നിലക്കുന്ന മരുത മരങ്ങളെ ചുവടോടെ പിഴുതുമറിച്ചു കൊണ്ട് നുരയും പതയുമായി ചെന്നി റത്തിൽ പാഞ്ഞുവരുന്ന പെരുവെള്ളം അണക്കെട്ടുകളെ നശിപ്പിക്കാതിരിക്കുന്നതിനു വേണ്ടി യത്നിക്കുന്നവരുടെ ആരാവാരത്തിൽ ചേർന്ന് ഉത്സാഹം പ്രകടിപ്പിക്കുകയും'മുഴാ'വിന്റെ നാദം മുഴങ്ങുന്ന വലിയ ഗ്രാമങ്ങളെ ഉത്സവങ്ങളിൽ പങ്കുകൊണ്ടു മടങ്ങുമ്പോൾ സസ്യസമൃദ്ധങ്ങ ളായ മറ്റു പല പഴയഗ്രാമങ്ങളെയും, കാലമല്ലാത്ത കാലത്ത് മുറ്റി നില്ക്കുന്ന കരിമ്പുകളെ വെട്ടിയും അവയുടെ തടങ്ങളിൽ വിടർന്നു നില്ക്കുന്ന പലയിനം പൂക്കളെ ഇറുത്തും നട ത്തുന്ന ആഘോഷങ്ങളെയും കണ്ട് സന്തോഷിക്കുകയും ചെയ്യുന്ന ജനങ്ങൾ പാർക്കുന്ന *മരു തനിലങ്ങളും*, തിനപ്പുനങ്ങൾ കൃഷി ചെയ്തു വരകിൻ വയ്ക്കോൽ മേഞ്ഞതും മുല്ലവള്ളി പടർത്തിയിട്ടുള്ളതുമായ കുടിലുകളിൽ കുടികൊള്ളുന്ന മലവാസികൾ വിരുന്നുവരുന്നവരു മായി ചേർന്ന് തിനമാവു തിന്നു കഴിയുന്ന *കുറിഞ്ഞി* പകുതികളും, പഴയനിലയെല്ലാം മാറി പൂക്കളെല്ലാം വാടി കരിഞ്ഞു വീണു ചുവന്ന അരക്കിന്റെ നിറംകലർന്ന മണൽത്തരികൾ കുന്നുപോലെ കൂടിക്കിടക്കുന്നതും, ഒളിചിതറുന്ന നെറ്റിത്തടം കൊണ്ടു ശോഭിക്കുന്ന യുവ തികൾ പാദങ്ങളിൽ ചെരിപ്പുകളിട്ടു നടക്കുന്നതും, ആകാശചുംബികളായ മരങ്ങൾ മറിഞ്ഞു വീണു കിടക്കുന്നതുമായ കാടും അതിനോടുതൊട്ടുള്ള കാടല്ലാത്ത പ്രദേശങ്ങളും മറ്റും പരി പാലിച്ചരുളുന്ന പാണ്ഡ്യ ചോളരാകുന്ന രാജാക്കന്മാരും അവരുടെ സഹായികളും നാടുവാഴി കളും അഭിപ്രായഭേദം കൂടാതെ ഏകമനസ്ക്കരായി ഏതു രാജ്യത്തിലും ഒന്നു ചേർന്നു പ്രവർത്തിക്കുമെന്ന്ഘോഷിക്കും. ഇപ്രകാരം നാലുനിലങ്ങളും ചേർന്ന സമൃദ്ധിയുടെ നാടാണ് ചേരന്റേതെന്ന്, ഈ വിവരണത്തിൽ നിന്ന് വ്യക്തമാണ് ചേരരാജ്യം പലതരം നിലങ്ങൾ കൂടിച്ചേർന്നതാണ് എന്ന് പൊയ്കയാർ പാടുന്നത് ഇങ്ങനെയാണ്;

"നാടനെൻ കോവൂരനെൻ കോ
പാടിമിഴ് പനിക്കടർ ചേർപ്പനെൻ കോ
യാങ്കനമൊഴി കോ വോങ്കുവാട് കോതൈയൈപ്"

(പുറം. 49: 1-30)

അതായത്, കുറുഞ്ഞി നിലമുള്ളതു കൊണ്ട് നാടൻ എന്ന് പറയെട്ടയോ? മരുതനിലം ഉള്ളതുകൊണ്ട് ഊരൻ എന്ന് വിളിക്കട്ടെയോ? നെയ്തൽ നിലമുള്ളതുകൊണ്ട് ഒലിമുഴങ്ങുന്ന കുളിർന്ന കടലോടു കൂടിയ ചേർപ്പൻ എന്ന് പറയട്ടെയോ? എന്ന് പൊയ്കയാർ ചേരമൻ കോക്കോതൈമാർ മാർപനെപറ്റി പാടുന്നു.

ഈ വിധം ഭൂമിയുടെ വൈവിധ്യത്താലുള്ള തിണകളിൽ നിന്നുള്ള പ്രകൃതി വിഭങ്ങ ളാണ് ഒരു നാടിനെ വ്യത്യസ്തമാക്കുന്ന പ്രധാന ഘടകങ്ങൾ. ചേരനാട്ടിലെ പ്രകൃതി വിഭവങ്ങ ളെപ്പറ്റി *കുമട്ടൂർ കണ്ണനാർ* ഇങ്ങനെ പാടുന്നു.

"കടലവും കല്ലവും യാറ്റവും പിറവും
വളം പല നികഴ് തരുനനന്തലൈ നന്നാട്ടു
വിഴവറു പറിയാ മുഴവിമിഴ് മൂതൂർ"

(പതി.2:5: 16-18)

ചേരനാട് കടൽ വിഭവങ്ങൾ കൊണ്ടും മലവിഭവങ്ങൾ കൊണ്ടും നദീവിഭവങ്ങൾകൊണ്ടും സുന്ദരമായും വിദേശസമ്പത്തുകൊണ്ട് നാട്ടിലെ അങ്ങാടികൾ ഐശ്വര്യ പൂർണ്ണമായെന്നും ഈ പാട്ടിൽ വിവരിക്കുന്നു. കൂടാതെ ചേരമാന്റെ നാട് മികച്ചതാണെന്നതിനെ പറ്റി ഇപ്രകാരമാണ് *കുമട്ടൂർ കണ്ണനാർ* പാടുന്നു;

"കൊടി നിഴർ പട്ട പൊന്നുടൈ നിയമത്തുച്
ചീർ പെറു കലിമകിഴിയമ് പു മുരചിൻ
വയവർവേന്തേ! പരിചിലർ വെറുക്കൈത!
താരണിഞ്ഞെഴിലിയ തൊടിചിതൈ മരുപ്പിൻ
പോർ വലിയാനൈച്ചേരലാത
നീ വാഴിയരിവുലകത്തോർക്കെന
ഉണ്ടുരൈമാറിയ മഴലൈ നാവിൻ
മെൻചൊർ കലപ്പെയർ തിരുന്തുതൊടൈ വാഴത്ത
വെയ്തുറവറിയാതു നന്തിയ വാഴ്ക്കൈച്
ചെയ്ത മേവലമർന്ത ചുറ്റമോടു
ഒൻറു മൊഴിന്തടങ്കിയ കൊൾകൈയെൻറും
പതിപിഴൈപ്പറിയാതു തുയ്ത്തലെയ്തി
നിറമൊരീഇയ വേട്കൈ പ്പുരൈയോർ
മേയിനരുറൈയും വലർ പുകഴ്പൺപിൻ
നീ പുറന്തരുതലിൻ നോയി കന്തോരീഇയ
യാണർ നന്നാടുങ്കണ്ടു മതി മരുണ്ടനെൻ"
(പതി.2:5:19-34)

നാടിനുള്ളിലുള്ള പല പഴയ സ്ഥലങ്ങളും ഇടവിടാതെ നടക്കുന്ന ഉത്സവാഘോഷങ്ങളിലെ മുരശു തുടങ്ങിയ വാദ്യവിശേഷങ്ങളുടെ മുഴക്കത്താലും കൊടിത്തഴകളുടെ തണലിനാലും ആകർഷകങ്ങളാണ്. വിലയേറിയ വിവിധ സാമാനങ്ങൾ നിറഞ്ഞ ആപണവീഥികളാൽ മനോഹരങ്ങളാണ് മിക്കനഗരങ്ങളും. ഇങ്ങനെ വിജയംകൊണ്ടും ഔദാര്യംകൊണ്ടും സർവ്വാൽകർഷേണ വർത്തിക്കുന്ന വീരാധിവീരനായ രാജശ്രേഷ്ഠനായ അങ്ങ്, വയറ് നിറയെ ഭക്ഷണം കഴിക്കാൻ കഴിഞ്ഞതു കൊണ്ടുള്ള സന്തോഷം കൊണ്ട് ഉഴറിയ മൊഴികളോടെ സംഭാഷണം ചെയ്യുന്ന 'കൂത്ത'രുടെയും മറ്റും പ്രജകളുടെയും നന്മക്കുവേണ്ടി നീണാൽവാണാലും ഉത്സാഹത്തോടും ഉന്മേഷത്തോടുംകൂടിയ കൂത്തർ *വീണ* തുടങ്ങിയ വാദ്യങ്ങളിലൂടെ അങ്ങയുടെ കീർത്തിയെ ചൊല്ലി ഗാനം പാടുമ്പോൾ അങ്ങു കോപം തണുത്ത് ജനങ്ങളുടെ നന്മയിലും രാജ്യത്തിന്റെ ക്ഷേമത്തിലും ദൃഢവൃതനായിത്തീരുന്നു. ഒരു പ്രകാരത്തിലും ദോഷഹേതുവാകാതെ യജമാനന്റെ ഹിതത്തിനുവഴങ്ങി, നരക ദു:ഖത്തിന് വഴി തെളിയിക്കുന്ന വിഷയങ്ങളിൽ കുടുങ്ങാതെ പ്രവർത്തിക്കുന്നവരെല്ലാം അങ്ങയുടെ ഗുണങ്ങളെ വാഴ്ത്തി സന്തോഷിക്കുന്നു. ഇങ്ങനെ ഭരണമഹിമയുടെ ഫലമായി അങ്ങയുടെ നാട് നന്മകളുടെയെല്ലാം ഇരിപ്പിടമായിട്ടു ശോഭിക്കുന്നതുകൊണ്ട് ഞാൻ ആശ്ചര്യത്തിൽ മുഴുകി നിന്നു പോയി' എന്ന് കവി പാടുന്നു. പ്രകൃതി വിഭവങ്ങളാൽ സമൃദ്ധമായ ചേരനാടിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെട്ടതുകൊണ്ടാണ് ഈ വിധമുള്ള ഭരണമികവ് ചേരന് നേടാൻ കഴിഞ്ഞതെന്ന് ഈ പാട്ട് വ്യക്തമാക്കുന്നു.

*കുമട്ടൂർ കണ്ണനാർ* ഇമയ വരമ്പൻ നെടുഞ്ചേരലാതനെ പറ്റി പാടുന്ന മറ്റൊരു പാട്ടിൽ അസുഖവും വിശപ്പും ഇല്ലാതെ സന്തോഷം മാത്രമുള്ള നാടാണ് ചേരനാടെന്ന് ഈവിധം പാടുന്നു;

"നോയൊടും പചിയികന്തൊരീ ഇപ്-
പൂത്തൻറു പെരുമ നീകാത്ത നാടേ"
(പതി. 2:3:27–28)

ഇതേപോലെ *പാലൈ ഗൗതമനാരും* ചേരനാടിനെ പറ്റി പാടുന്നുണ്ട്. അത് ഇങ്ങനെയാണ്;

"മുല്ലൈ അണ്ണിപ്പല്ലാൻ കോവലർ
പുല്ലുടൈ വിയർപുലം പല്ലാപരിപ്പിക്
കല്ലുയർ കടത്തിടൈ ആതിർമണി പെറൂഉ്മ
മതിയർ ചെരുപ്പിർ പൂഴിയർ കോവേ!
കുവിയർ കണ്ണി മഴവർ മെയ്മ്മറൈ
പൽപയന്തഴീ ഇയ പയങ്കെഴുനെടുങ്കോട്ടു
നീരറൻ മരുങ്കു വഴിപ്പടാപ്പാകുടിപ്
പാർവർ കൊക്കിൻ പരിവേട്പഞ്ചാച്
ചീരുടൈതേ എത്ത മുനൈ കെട വിലങ്കിയ
നേരുയർ നെടുവരൈ അയിരൈ പൊരുന!
യാണ്ടു പിഴൈപ്പറിയാതു പയമഴൈ ചുരന്തു
നോയിൽ മാന്തർക്കൂഴിയാക
മണ്ണാവായിൽ മണങ്കമഴ്കൊണ്ടു
കാർമലർ കമഴുന്താഴിരുങ് കൂന്തൽ
ഒരീഇയിന പോല ഇരവുവലർ നിൻറു
തിരുമുകത്തലമരും പെരുമതർ മഴൈക്കൺ
അലങ്കിയ കാന്തൾ ഇലങ്കു നീരഴുവത്തു
വേയുറഴ് പണൈത്തോൾ ഇവളോടു
ആയിരവെള്ളം വാഴിയ പലവേ."
(പതി. 5:1: 20–35)

"മുല്ലപ്പൂമാല ചൂടിയ ഗോപന്മാർ പുല്ലുകൾ ധാരാളമുള്ള മേച്ചിൽ സ്ഥലങ്ങളിൽ തങ്ങളുടെ പശുക്കളെ മേയാൻ വിട്ടിട്ട് പാറക്കെട്ടുകളുള്ള പരപ്പേറിയ കാടുകളിൽ നിന്ന് ഒളിതിരളുന്ന രത്നങ്ങൾ പെറുക്കിയെടുക്കാറുള്ള, ചെരുപ്പില്ലാത്ത ചെരിപ്പുകളാർന്ന പൂഴി നാട്ടിനുനാഥനായുള്ളോനേ, പലതരം കനികൾ ധാരാളം ഉണ്ടാകുമാറ് ജലം കെട്ടിനില്ക്കുന്ന ശിഖിരങ്ങളോടുകൂടിയതും, വിസ്താരമേറിയ നാടുകൾക്കു നാഥരായ ശത്രുക്കളുടെ മുന്നേറ്റത്തെ തടഞ്ഞു നിർത്തുമാറ് നീളത്തിൽ വിലങ്ങെ സ്ഥിതിച്ചെയ്യുന്നതും ആർക്കും കയറാൻ കഴിയാത്ത വിധം കിഴക്കാം തൂക്കായ പക്കമലകളുള്ളതും വെള്ളം വറ്റിവരണ്ടുകിടക്കുന്ന സ്ഥലങ്ങളിൽ ചെല്ലാറില്ലാത്ത സൂക്ഷ്മദൃഷ്ടിയുള്ള കൊക്കുകൾക്ക് നുരയാകുന്ന ഭയം ഇല്ലാത്തതുമായ ആയ 'അയിരി' മലയ്ക്കു നാഥ, ശുശ്രീഷിക്കാഞ്ഞാൽ നറുമണവും ശുശ്രൂഷിച്ചാൽ മുല്ലപ്പൂമണവുമാർന്ന നീണ്ട കാർക്കൂന്തലും രാത്രിയിൽ വിടരുന്നനീലത്താമര

കൾപോലെ ശോഭ നൽകിക്കൊണ്ടും കളിയാടുന്ന കുളിർ നേത്രങ്ങളും , കാന്തൾപ്പൂക്കൾ കാറ്റിലുലഞ്ഞാടുന്ന ആറ്റിൻ കരകളിൽ വളരുന്ന മൂങ്കിലിനൊത്ത തോളുകളുമുള്ള പെരുംദേവി യൊത്ത് ആണ്ടുതോറും മുടങ്ങാതെ യഥാകാലം മഴപ്പൊഴിച്ച് പ്രജകൾക്കു സുഖം വളർത്തി ക്കൊണ്ട് അനേകായിരം വർഷം അങ്ങു നാടുവാണാലും. വന നിബിഡവും ജലസമൃദ്ധവും മലകൾ നിറഞ്ഞതുമായ ചേരദേശത്തെയാണ് ഈ പാട്ടിൽ വർണ്ണിക്കുന്നത്. കൂടാതെ കടലും കാടും നൽകുന്ന വിഭവങ്ങൾ സ്വീകരിക്കുന്ന നാടാണ് ചേരനാടെന്നും ഈ കവി പാടുന്നു;

"കടലും കാനമും പല പയമുതവ"

(പതി: 3:2:6)

'മഴക്കാലത്ത് മഴപെയ്തില്ലെങ്കിലും അതിനുചിതമായി പശുക്കൾക്ക് മേയാനാവശ്യമായ പുല്ലു കളെ വളർത്താൻ കഴിയുന്നതരത്തിലുള്ള വിശാലമായ നദി കുലംകുത്തി മറിഞ്ഞു പ്രവഹി ക്കുന്നു. അതുകൊണ്ട് ചേരനാട്ടിലെ ജനങ്ങൾക്ക് വേനലിന്റെ കാഠിന്യം ലേശംപോലും അറി യേണ്ടി വരുന്നില്ല എന്ന് *പാലൈ ഗൗതമനാർ* ഇങ്ങനെ പാടുന്നു;

"തിരിവുടൈത്തമ്മ പെരുവിറർ പകൈവർ
പൈങ്കൺ യാനൈപ്പുണർ തിരൈതുമിയ
ഉരന്തുരന്നെറിന്ത കറൈയടിക്കഴർ കാർ
കടുമാ മറവർ കതഴ് തൊടൈ മറപ്പ
ഇളൈയിനിതു തന്തു വിളൈവു മുട്ടുറാതു
പുലംപാവുറൈയുൾ നീ തൊഴിലാറ്റലിൻ
വിടുനിലക്കരമ്പൈ വിടരളൈ നിറൈയക്
കോടൈ നീടക്കുൻറം പുല്ലെന
അരുവിയറ്റ പെരുവിറർ കാലൈയും
നിവന്തുകരൈ യിഴിതരു നനന്തലൈപ്പേരിയാനുച്
ചിരുടൈ വിൻപുലം വായ് പരന്തുമികീഇയർ
ഉവലൈ ചൂടി ഉരുത്തുവരു മലിർ നിറൈച്
ചെന്നീർപ്പൂചലല്ലതു
വെമ്മൈയരിതു നിന്നകൻറലൈ നാടേ"

(പതി.3:8:1-14)

ചേരനാട് മരുതവിഭവങ്ങളാൽ സമൃദ്ധമായിരുന്നു. *പല്യാനൈ ചെലകെഴുക്കുട്ടുവന്റെ* നാട്ടിലെ സ്ത്രീകൾ അവൽ ഇടിച്ചതിനുശേഷം ആ ഉലക്ക വാഴയിൽ ചാരിവച്ച് *പളൈള* പൂക്കൾ പറി ക്കാൻ പാടത്ത് ഇറങ്ങുന്നു. ആ വയലുകൾ പാകമായ കതിരുകൾ വളർന്നു താഴ്ന്ന ചാഞ്ഞ് കിടക്കുന്നു. ഇത്തരത്തിലുള്ള ചേരനാട്ടിലെ മരുതനിലത്തെ പതിറ്റുപ്പത്തിൽ ഇങ്ങനെ വിവ രിക്കുന്നു;

"അവലെറിന്ത ഉലക്കൈ വാഴൈച്ചേർത്തി
വളൈക്കൈ മകളിൽ പളൈളകൊയ്യും
മുടന്തൈ നെല്ലിൻ പിളൈ വയർ പരന്ത

തടന്താൾ നാരൈയിരിയ അയിരൈ ക് "എന്നും,

(പതി.3:9:1–4)

ചേരനാട്ടിൽ എല്ലാകാലങ്ങളിലും കരിമ്പ് വിളഞ്ഞ് കൊയ്തെടുക്കുന്നുവെന്ന് *പാലൈഗൗത മനാർ* ഇപ്രകാരവും പാടുന്നു;

"കാലമെൻറിയും കരുമ്പറുത്തൊഴിയാതു"

(പതി.3:10:14)

പുഞ്ചനിലങ്ങൾ ഉഴുത് വിളവുകൾ നടത്തുന്ന കൃഷിക്കാരുടെ കഴുത്തിൽ കെട്ടിയ മണിയിൽ നിന്നു ശബ്ദം വരുമാറ് മാടുകളെക്കൊണ്ട് നിലംപൂട്ടി കാറ്റിലുലഞ്ഞാടുന്ന നെൽക്കതിരുക ളാൽ തിങ്ങി വിളങ്ങുമാറ് നെൻമണികൾ വിളയുന്ന നിരവധി പ്രദേശങ്ങൾ ഉൾക്കൊണ്ട നാടാണ്ചേരനാട് എന്ന് പതിറ്റുപ്പത്തിൽ നച്ചെള്ളൈയാർ ഈ വിധം പാടുന്നു;

"വാനവരമ്പ നെൻപ കാനത്തുക്
കറങ്കിചൈച്ചിതടി പൊരിയരൈ പ്പൊരുന്തിയ
ചിറിയിലൈ വേലം പെരിയ തോൻറും
പുൻപുലം വിത്തും വൻകൈ വിളൈഞർ
ചിരുടൈ പല്പകടൊലിപ്പപ്പൂട്ടി
നാഞ്ചിലാടിയ കൊഴുവഴി മരുങ്കിൻ
അലങ്കു കതിർ ത്തിരുമണി പെറു ഉമ്
അകൻകൺ വൈപ്പിൻ നാടുകിഴ വോനേ"

(പതി.6:8:12–19)

കൂടാതെ വിളവിന് ഒരുകാലത്തും കുറവുവരാത്ത നല്ല നിലങ്ങളുള്ള നാടാണ് ചേര നാടെന്നും ഈ നിലങ്ങളിൽ നിന്ന് എന്നും മുടങ്ങാതെ വരുമാനം കിട്ടികൊണ്ടിരിക്കുന്നു വെന്നും നച്ചളൈമാർ വിവരിക്കുന്നതിങ്ങനെയാണ്;

"മാറാ അവിളൈയുൾ ആറാ അയാണർ"

(പതി.6:10:8)

*കാക്കൈ പാടിയിനാർ നാച്ചെള്ളൈയാർ* പതിറ്റുപ്പത്തിലെ ആറാംപത്തിൽ ചേരലാതന്റെ നാട് അഴകുള്ളതാണെന്ന് താഴെ കാണുംവിധം പാടിയിരിക്കുന്നു;

"തുളങ്കുനീർപ്പിയല കങ്കലങ്കക്കാല് പൊര
വിളങ്കിരും പുണരി ഉരുമെന മുഴങ്കും
കടൻ ചേർ കാനർ കുടപുല മുന്നിക്
കൂവറ്റുഴന്ത തടന്താൾ നാരൈ
കുവിയിണർ ഞാഴൻ മാച്ചിനെച്ചേക്കും
വണ്ടിറൈകൊണ്ട കൺകടർപരപ്പിൽ
ആടുമ്പമൽ അടൈകരൈ അലപനാടിയ
വടുവടുനുണ്ണിയർ ഊതൈ ഉണറ്റും
തൂവിരും പോന്തൈപ്പൊഴിലണിപ്പൊലിതന്തു

(പതി.6:1.1–9)

ചേരലാത, ചെറുതിരകളിളക്കി മെല്ലെ മെല്ലെ അലയുന്ന വിശാലമായ നീർപ്പരപ്പ് ശക്തിയായി വീശിയ കാറ്റേറ്റ് കലങ്ങി മറഞ്ഞതോടെ, കടലിൽ തടിച്ചുയർന്ന തിരമാലകളോടെ ഇടിമുഴക്കത്തോടൊത്ത ആരവത്താൽ മുഖരിതമായ ചോലകൾ ധാരാളമുള്ള നഗരത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലേക്കു ചെല്ലാൻ ഉദ്ദേശിച്ചു യാത്രയായ അങ്ങ് മീൻ കവരുന്നതിനായി വള്ളങ്ങൾ തോറും അലഞ്ഞു തിരിഞ്ഞു ക്ഷീണിച്ച നീണ്ട കാലുകളോടു കൂടിയ ഞാറകൾ, വണ്ടുകൾ മുരണ്ടു കൊണ്ടിരിക്കുന്ന പൂങ്കുലകൾ നിറഞ്ഞ ഞാഴൽ മരത്തിന്റെ കൊമ്പുകളിൽ ചെന്നിരുന്നു വിശ്രമിക്കാറുള്ളതും, വിടരാറായ മൊട്ടുകളോടെ അടമ്പിൻ വളളികൾ ഞെരുങ്ങി വളർന്നു കിടക്കുന്നതും ഈർപ്പമുള്ള കരയിൽ ഞണ്ടുകൾ ഇരതേടി ഞരങ്ങവേ പതിഞ്ഞ കാല്പാടുകളെ മണൽ വാരിയെറിഞ്ഞു പാടേ മായ്ക്കുമാറു കാറ്റ് വീശികൊണ്ടിരിക്കുന്നതും ആയ കടൽക്കരയിലെ മോഹനമായ കരിമ്പനഞ്ചോലയിൽ എഴുന്നരുളിയിരിക്കുമെന്ന്, ചേരനാട്ടിലെ നെയ്തൽനില സമൃദ്ധിയെ പറ്റി വർണ്ണിക്കുന്നു.

കൂടാതെ ഇദ്ദേഹം തന്നെ മറ്റൊരു പാട്ടിൽ തഴപ്പൂവ് പൂത്ത് സുഗന്ധം പരത്തുന്ന കടലോരമുള്ളതും കുളിരണിഞ്ഞ കടൽ പരപ്പുമുള്ള ഐശ്വര്യത്തോടുകൂടിയ പുഷ്ടിനിറഞ്ഞ *ആട്കോട്പാട് ചേരലാതന്റെ* ചേരനാടാണെന്ന് മനസ്സറിഞ്ഞ് പാടിയിരിക്കുന്നു.

“നൻകലപെറുക്കൈ തുഞ്ചും പന്തർക്
കമഴുന്താഴൈക്കാനലം പെരുന്തുറൈത്
തൺകടർ പടപ്പൈ നന്നാട്ടുപൊരുന”
(പതി.6:5:4–6)

ചേരനാട്ടിലെ കാട്, താഴ്വാരം, മല എന്നീ ഭൂവിഭാഗങ്ങളിൽ നിന്ന് ധാരാളം വിഭവങ്ങൾ ലഭിക്കുന്നുവെന്ന് പതിറ്റുപ്പത്തിലെ ആറാം പത്തിൽ ഇപ്രകാരം പാടപ്പെടുന്നു.

“പല്വേറുവകൈയ നനത്തലൈ യീണ്ടിയ
മലൈയവും കടലും പണ്ണിയം പകുക്കും”
(പതി.6:9:14–15)

സമൃദ്ധി നിറഞ്ഞ കാടുകളിൽ ഒളിതിരളുന്ന പളുങ്കുകളോട് ചേർന്ന് ചുവന്ന പരുപരുപ്പൻ കല്ലുകൾ നിറഞ്ഞ മേടുകൾ അനേകം ഉള്ള നാടുകളാണ് ആഴിയാതന്റെ ചേരനാടെന്ന് കപിലർ ഈ വിധം വർണ്ണിക്കുന്നു;

“വാൻ പളിങ്കുവിരൈ ഇര ചെമ്പരൻ മുരമ്പിൻ
ഇലങ്കതിർത്തിരുമണി പെറൂഉമ്
അകൻകൺ വൈപ്പിൻ നാടുകിഴവോനേ”
(പതി.7:6:18–20)

മറ്റൊരു പാട്ടിൽ സമൃദ്ധിയുടെ നാടിന് നാഥനായാണ് *തകടൂർ എറിന്ത പെരും ചേരലിരുമ്പൊറൈയെന്ന്* *അരിചിൽ കിഴാർ* പാടുന്നു;

“കണ്ടനെൻ ചെലുകുവന്തനെൻ കാൽ കൊണ്ടു
കരുവി വാനന്തങ്ങളി ചൊരിന്തെന
പരല്വിതൈ യുഴവിർ ചില്ലോരാളർ
പനിന്തുറൈ പകൺറെപ്പാങ്കുടൈത്തെരിയല്

കഴുവുറു കലിങ്കൺകടപ്പച്ചൂടി
അകൻ കൺ വൈപ്പിൻ നാടുകിഴവോയേ"
(പതി.8:6:9–15)

കാറ്റടിച്ചുയർത്തുന്ന തിരമാലകൾ തള്ളിയലച്ചു കൊണ്ടുവന്ന് അടിയിക്കുന്ന മണൽ നിരന്നതും കുളിർമ്മയാർന്നതുമായ നാടുകൾക്കെല്ലാം നാഥനായുള്ളവനാണ് *ഇളഞ്ചേരലിരുമ്പൊറൈ*യെന്നും അദ്ദേഹത്തിന്റെ നാട് വിന്ധ്യപർവ്വതത്തിനും തെളിനീർ നിറഞ്ഞ കടലാലും ചൂഴപ്പെട്ട വിസ്താരമേറിയ ദേശമാണെന്നും *പെരുംകുന്റൂർ കിഴാർ* പാടുന്നത് ഇങ്ങനെയാണ്;

"നൂൺമണല് അടൈകരൈ ഉടൈ തരുമ്
തൺ കടർ പടപ്പൈ നാടു കിഴവോയേ"
(പതി.9:8:40–42)

"വൈയകമ് മലർന്ത തൊഴിൻ മുറൈ യൊഴിയാതു
കടവുട് പെയറിയ കാനമൊടു കല്ലുയർത്തു
തെൻ കടല് വളൈ ഇയ മലർതലൈ യുലക്ത്തുത്
തമ്പെയർ പോകിയ ഒന്നാർ തേയത് "
(പതി.9:8:1–4)

കാലം തെറ്റാതെ മഴപെയ്യുകയും, കാടുകളിൽ പേടമാനുകൾ കൂട്ടം കൂട്ടമായി ആൺമാനുകളോടു ചേർന്നു നടക്കുകയും പറവകളും വണ്ടിനങ്ങളും മരക്കൊമ്പുകളിലിരുന്ന് കോലാഹലത്തോടെ ശബ്ദം മുഴക്കുകയും കനികളും കിഴങ്ങുകളും ആളുകൾ എത്ര തിന്നാലും തീരാത്തവിധം എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയും പശുവർഗ്ഗങ്ങൾ ഇളം പുല്ലുമേഞ്ഞു തുള്ളിച്ചാടി കളിക്കുകയും വരൾച്ചയറിഞ്ഞിട്ടില്ലാത്ത നിലങ്ങൾ പലതരം ധാന്യങ്ങൾ വേണ്ടതിലധികമുള്ള സമൃദ്ധിയുടെ നാടാണ് ചേരനാടെന്ന് പതിറ്റുപ്പത്തിൽ വിവരിക്കുന്നത് ഇങ്ങനെയാണ്;

"വാനമ്പൊഴുതൊടുചുരപ്പക്കാനമ്
തോടുറു മടമാൽ ഏറു പുണർന്തിയലപ്
പുള്ളുമ് മിഞിറുമ് മാച്ചിനൈ യാർപ്പപ്പ
പഴനുമ് കിഴങ് കുമ് മി-ചൈയറ വറിയാതു
പുല്ലാൽ നിന്നിരൈ പുല്ലരുന്തു കളപ്പ്
പയങ്കടൈയറിയാ വളങ്കെഴുചിറപ്പിർ
പെരുപല്യാണർക്കൂലങ് കെഴുമ
നൻ പല്ലുഴി നടുവു നിന്റൊഴുകപ്
പല്വേലിരുമ്പൊറൈ!"
(പതി.9:9:1–9)

ഈ പാട്ടുകളിൽനിന്ന് ചേരനാട് പഞ്ചനിലവ്യവസ്ഥയിലെ നാലു തിണകളുൾക്കൊള്ളുന്ന നാടാണ് എന്ന് വ്യക്തമാണ്. ഈ തിണകളിലെ വിഭവങ്ങളാണ് ചേരനാടിനെ സാമ്പത്തികമായി ഉയർത്തിയതിൽ പ്രധാന പങ്കുവഹിച്ചത്. പ്രകൃതിവിഭവങ്ങളാൽ സമ്പുഷ്ടമായ ഈ ചേരനാടിനെ കാണാൻ ചെല്ലുകയാണെങ്കിൽ മരുത വയലുകളിൽ വിടർന്നു നില്ക്കുന്ന താമ

രപൂക്കളെയും നെയ്തൽ പൂക്കളേയും അതിനോട് തൊട്ടുകിടക്കുന്ന വിളവേറിയ കാടുകൾ നിറഞ്ഞ മുല്ലനിലങ്ങളെയും അരുവികളുള്ള മലകളെയും കാണാമെന്ന് *പെരും കുൻറൂർ കിഴാർ* പതിറ്റുപത്തിൽ താഴെകാണും വിധം വർണ്ണിച്ചിരിക്കുന്നു;

"ചെല്കുവൈയായിൻ
വള്ളിതഴ്ത്താമരൈ നെയ്തലൊടരിന്തു
മെല്ലിയല് മകളിരൊല് കുവനരിയലിക്
കിളികടി മേവലർ പുറവുതൊറുനു വലപ്
പല്പയ നിലൈ ഇയ കടറുടൈ വൈപ്പിൻ
വെല്പോരാടവർ മറമ്പുരിന്തു കാക്കും
വില്പയിലിറുമ്പ്പിറ്റ കടൂർ നൂറി
പേ എമ്മന്റെ പിറഴനോക്കിയവർ
ഓടറു കടുമുരൺ തുമിയച്ചെൻറു
വെമ്മുനൈതപുത്തകാലൈത്തന്നാട്ടു
യാടു പരന്തന്ന മാവിൻ
ആ പരന്തന്ന യാനൈയോൻ കുൻേറ"
(പതി.9:8:3–15)

ചേരനാടിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളെയാണ് കവികൾ ഓരോ നിലങ്ങളുടെ പ്രത്യേകതകളിലൂടെ വിശദമായി പ്രതിപാദിച്ചിരിക്കുന്നത്. ഈ ഭൂമിശാസ്ത്രപരമായ സവിശേഷതയക്ക് കാരണം ചേരനാട്ടിലെ സവിശേഷമായ മഴയുടെ വരവാണ്. ഇന്നും ഈ നാടിനെ പ്രത്യേകമായി സ്വാധീനിക്കുന്ന ഈ മഴയുടെ വരവിനെ പറ്റി സംഘം കൃതികളിലും പരാമർശിച്ചിട്ടുണ്ട്.

**4.4.2 മഴ**

*പെരുംകുൻറൂർ കിഴാർ* എന്ന കവി മഴയെ പറ്റിപ്പാടുന്നതിങ്ങനെയാണ്;

"മീൻവയിൻ നിർപ വാനവ് വായ്പ്പ
അച്ചറ്റേമ മാകിയിരുന്തീർന്തു
ഇൻപമ് പെരുകത്തോൻറി ത്തരതുണൈത്
തുറൈയിൻ എഞ്ചാമൈ നിറൈയക്കറ്റുക്"
(പതി.9:10:1–4)

അതായത് മഴ പെയ്യേണ്ട കാലത്തു മഴ പെയ്യുമ്പോൾ ജീവരാശികൾക്ക് തുമ്പങ്ങൾ (വേദനകൾ) അകലുന്നു. ഈ പാട്ടുപാടുപോലെ ജീവരാശികൾക്കാനന്ദമുണ്ടാകുന്ന നാടാണ് ചേരനാട്. കാലപ്പിഴകൂടാതെ കാർക്കൊണ്ടൽ മാസംതോറും മുമ്മൂന്നു മഴ വീതം പൊഴിക്കുകയും നിലങ്ങളെല്ലാം വിളവ് സമൃദ്ധി നേടിയിരിക്കുകയും ചെയ്തിരിക്കുന്നുവെന്ന് ചേരനാടിനെക്കുറിച്ച് *കപിലർ* ഇപ്രകാരം പാടുന്നു;

"അചൈവിൽ കൊൾകൈയ രാകലിന ചൈയാതു

ആൺടോർ മൻറവിമ് മൺകെഴുഞാലം
നിലമ്പയമ് പൊഴിയച്ചുടർ ചിനന്തണിയ"
(പതി.7:9:10:12)

മഴ നന്നായി പെയ്യുന്നതുകൊണ്ട് മരങ്ങൾ തിങ്ങി നിറഞ്ഞ് വളർന്നിരിക്കുകയും കൃഷിയിടങ്ങൾ നൂറുമേനി വിളഞ്ഞിരിക്കുകയും ചെയ്തിരിക്കുന്നുവെന്ന് *നറ്റിണെയിലെ കുറിഞ്ഞിപ്പാട്ടിൽ* പാടിയിരിക്കുന്നതിങ്ങനെയാണ്;

"...പെരുമ്പുയൽ മൊഴിന്ത തൊഴില എമിലി
തെർകു എർപ്പുതുറങ്കും അർചിറക് കാലൈയും
അരിതേ, കാതലർപ് പിരിതൽ ഇൻറുചെൽ
ഇളൈയാർത് തരൂഉമ് വാടൈയൊടു
മയങ്കു ഇതഴ് മഴൈക്കൺപയത്തദൂതേ"
(നറ്റി.5:5–9)

മറ്റൊരു പാട്ടിൽ, ശത്രുക്കളുടെ മേൽക്ക് അമ്പ് എയ്യുന്നതു പോലെ കൃഷിയിടത്തിൽ ശക്തിയായി മഴത്തുള്ളികൾ വന്നു പതിക്കുന്നുവെന്ന് കപിലർ പാടുന്നു;

"എഴാഅ അകലിൻ എഴിൽനലൻ തൊലൈയ
അഴാഅ തീമോ നൊതുമലർ തലൈയേ!
എനൽ കാവലർ മാ വീഴ്ത്ത്പ് പറിത്ത
മകഴി അന്നചേയരി മഴൈക്കൺ"
(നറ്റി.13:1–4)

*നൊച്ചി നിയമങ്കീഴാരുടെ* കുറിഞ്ഞിപ്പാട്ടിൽ പുലർക്കാലത്തിൽ പെയ്ത മഴയിൽ കാട്ടാറുകളെല്ലാം നിറഞ്ഞ് കവിഞ്ഞൊഴുകുന്നുവെന്ന് പാടിയിരിക്കുന്നു;

"നാൾമഴൈ തലൈഇയ നൽനെടുങ്ങ് കുൻറത്തു,
വാൽ കടൽ തിരൈയിൻ ഇഴിതരും അരുവി"
(നറ്റി.17:1–2)

മറ്റൊരു കുറിഞ്ഞിപ്പാട്ടിൽ വൈകുന്നേരം പെയ്യുന്ന വേനൽ മഴയെ, നെൽ ചെടികൾ വാടി നിൽക്കുന്ന സമയങ്ങളിൽ പെയ്യുന്ന വൈകുന്നേര മഴ എന്ന് പാടിയിരുന്നു;

"പീളൊടു തിരങ്കിയ നെല്ലിർക്കു
നൾ എൻ യാമത്തു മഴൈതൊഴിന് താങ്കേ."
(നറ്റി.22:10–11)

*ഐയ്യൂർ കുമാരനാർ* പാടിയ കുറിഞ്ഞിപ്പാട്ടിൽ ചേരനാട്ടിലെ ദിവസം മുഴുവൻ പെയ്തുകൊണ്ടിരിക്കുന്ന മഴയെപ്പറ്റി പരാമർശിക്കുന്നതിങ്ങനെയാണ്.

"മാരി നിൻറ ആർതുരുൾ നടുനാൾ
അരുവി ഇടുക്കത്തു ഇരുവേൽ എന്തി"
(നറ്റി. 334:6-7)

*കൂറ്റങ്കുമാരനാർ* പാടിയ കുറുഞ്ഞിപ്പാട്ടിൽ മഴ പെയ്ത് കുതിർന്ന മണ്ണിൽ പൊഴിഞ്ഞു വീണുകിടക്കുന്ന പൂക്കളെയും മറ്റും വർണ്ണിച്ചിരിക്കുന്നു;

"വിഴുന്ന്ത മാരിപ് പെരുൻതൺ ചാറൽ
ചൂതിർക് ചൂതഇത്തു അലറി നാറും
മാതർ വൺടിൻ നയവരും തീമ്കുറൽ"
(നറ്റി.224:1-3)

ഈ വിവരണങ്ങളിൽ നിന്ന് ചേരനാട്ടിലെ മഴയുടെ പ്രത്യേകതകളെയും സൗന്ദര്യത്തെയും വിശദമായി വ്യക്തമാകുന്നു. കുറുന്തൊകൈയിലെ 47, 72 എന്നീ പാട്ടുകളും ഐങ്കുറുനൂറിലെ 207, 220 എന്നീ പാട്ടുകളും കലിത്തൊകൈയിലെ 39, 48, 59 എന്നീ പാട്ടുകളും അകനാന്നൂറിലെ 12-ാം പാട്ടും ഈ വിധം ചേര നാട്ടിലെ മഴയുടെ പ്രത്യേകതകളെ പറ്റി സമാന സൂചനകൾ നൽകുന്നവയാണ്. പ്രകൃതിയുടെ അനുകൂലാവസ്ഥയിൽ നിന്നുടലെടുത്ത കാർഷിക വ്യവസ്ഥയാണ് ചേരനാട്ടിലുണ്ടായിരുന്നത് കാലം തെറ്റാതെയും നല്ലവണ്ണം പെയ്യുന്ന മഴയായിരുന്നു ചേരനാടിന്റെ കാർഷിക സംസ്ക്കാരത്തിന്റെ ആധാരശിലകളിൽ ഒന്ന്.

### 4.4.3 കൃഷി

ഈ വിധമുള്ള പ്രകൃതിയുടെ അനുകൂലമായ അവസ്ഥയാണ് ചേരനാട്ടിലെ പ്രധാനപ്പെട്ട സാമ്പത്തിക ഉറവിടം കൃഷിയായതും കാർഷിക സംസ്കൃതിയിലധിഷ്ഠിതമായ ഒരു ഭരണം ചേരനാട്ടിലുണ്ടായതും ജനങ്ങളുടെ ജീവിതമാർഗ്ഗോപാദി എന്ന നിലയിൽ നിന്ന്കവിഞ്ഞ് കൃഷി രാജ്യസമ്പത്തായി മാറിയിരുന്നു. "സേനയെ കലപ്പയാക്കിക്കൊണ്ട് ശത്രു സൈന്യമാകുന്ന നിലത്തെ ഉഴുതു ശരിപ്പെടുത്തുന്ന ഉഴവനേ"എന്ന് കവിയെക്കൊണ്ട്;

"പല്കളിറ്റുത്തൊഴുതിയൊടു വെല്ക്കൊടിനുടങ്കും
പടൈയേരുഴവാ"
(പതി.2.4:14-17)

എന്ന് പാടിക്കണമെങ്കിൽ കൃഷിക്ക് ചേരനാട്ടിൽ അത്രയും പ്രാധാന്യം കൈവന്നിരിക്കണം.

വനം വെട്ടിമാറ്റി ചുട്ടുകരിച്ചാണ് കൃഷിയിടം ഒരുക്കിയിരുന്നത്. വേടന്മാർ ചുട്ടുകരിച്ച സ്ഥലത്ത് നല്ല പോലെ ഉഴുതുമറിച്ച വിശാലമായ കൊല്ലിയിൽ മലനെല്ല് വിതക്കുന്നുവെന്ന് *പെരുഞ്ചിത്തിരനാർ* പാടുന്നത് ഇപ്രകാരമാണ്;

"കരിപുനമയക്കിയ വകൽ കട് കൊല്ലൈ
ഐവനം വിത്തിമൈയുറക്കവിനി"
(പുറം. 159:16-17)

ഇങ്ങനെ വെട്ടിത്തെളിച്ച ഭൂമിയിൽ വിത്തു പാകാനായി ഉത്സാഹിക്കുന്ന ഉഴവർ കഴുത്തിലെ മണികൾ കിലുങ്ങുമാറ് കൊഴുത്ത കിടാക്കളെ പൂട്ടി ഉഴുന്നു;

"ചീരുടെ പല്പകടൊലിപ്പപ്പൂട്ടി
നാഞ്ചിലാടിയ കൊഴു വഴി മരുങ്കിൻ"

(പതി.6:8:16–17)

കൂടാതെ പന്നിക്കുട്ടികൾ തേറ്റകൾ കൊണ്ടു കുത്തിയളക്കി ചേറാക്കിയതിനാൽ ഉഴവൽ നടത്തേണ്ട ആവശ്യമില്ലാതെ വിത്തുപാകിയ നിലങ്ങളെ പറ്റിയും വിവരിച്ചിരിക്കുന്നു;

"ഏറുപൊരുത ചെറിവുഴാതു വിത്തുന്നു"

(പതി.2:3:2)

നെല്ലുമാത്രമല്ല തിനയും അവരയും കൃഷിചെയ്തിരുന്നതായി,

"ചിറുതിനൈ കൊയ്ത ഇരുവിവെൺകാൽ
കായ്ത്ത അവരൈപ് പരുകിളി കടിയും
യാണർ"

(ഐങ്കു. 286:1–3)

എന്ന പാട്ടിൽ നിന്നും മനസ്സിലാക്കാം, തിനകൃഷി ചെയ്ത് ബാക്കിയുള്ളക്കറ്റയിൽ പടർന്നിരിക്കുന്ന അവര കായ് കൊത്തിതിന്നുന്ന കിളികളുള്ള മലനാട്ടുനാഥ എന്ന് ചേരാനാട്ടിലെ കൃഷിരീതിയെ പറ്റിപാടുമ്പോൾ, തിനകൃഷിചെയ്ത സ്ഥലത്ത് കറ്റമാറ്റതെ അമരകൃഷി ചെയ്യുന്നുവെന്നും ഇത് രണ്ടും മാറി മാറി കൃഷിചെയ്യുമ്പോൾ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിക്കുകയും അതോടൊപ്പം വിളവ് കൂടുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കാം.

നല്ല വിളകൾക്കുവേണ്ടി ജലസേചനവും നടത്തിയിരുന്നു. കൃഷിക്കുവേണ്ടി ജലസേചനവും വെള്ളം കെട്ടി വെള്ളം തടഞ്ഞു നിറുത്തി ചെറിയ ചിറകൾകെട്ടിനിർത്തുകയും ചെയ്തിരിന്നുവെന്ന് അകനാനൂറിലെ കുറിഞ്ഞി തിണയിലെ ഈ പാട്ടിൽ നിന്നു വ്യക്തമാണ്.

"ഉപ്പ്ച്ചിറൈ നില്ലാ വെള്ളം പോൽ"

(അകം.208:19)

കൂടാതെ പതിറ്റുപ്പത്തിലെ മരുതമരങ്ങളെ ചുവടോടെ പിഴുതു മറിച്ചുകൊണ്ട് നുരയും പതയുമായി ചെന്നിറത്തിൽ പാഞ്ഞുവരുന്ന പെരുവെള്ളം അണക്കെട്ടുകളെ നശിപ്പിക്കാതിരിക്കുന്നതിനു വേണ്ടി യത്നിക്കുന്നവരുടെ ആരാവാരത്തിൽ ചേർന്ന് ഉത്സാഹം പ്രകടിപ്പിക്കുകയും ചെയ്യുന്ന ചേരരാജാവ് എന്ന്

"...മരുതമുതൽ പടക്കൊൻറു-
വെണ്ടലൈച്ചെമപുനൽ പരന്തുവായ് മികുക്കും
പല ചൂഴ്പതപ്പർ പരിയ വെള്ളത്തുച്
ചീറൈകൊൾ പൂചിലർ പുകൻറ വായം"

(പതി.3:10:16–19)

എന്ന് ഈവിധം പാടുമ്പോൾ ജലസേചന സൗകര്യത്തെകുറിച്ചുള്ള ചിത്രം കൂടുതൽ വ്യക്തമാകുന്നു. കൂടാതെ പൊയ്കളിലെ ചീപ്പുകൾ വഴിയായി വെള്ളമൊലിച്ചുണ്ടാകുന്ന ചാലുകളിൽ ഞെരുങ്ങി നിൽക്കുന്ന നൈൽപ്പുക്കൾ എന്ന വർണ്ണനയിൽ നിന്ന് വെള്ളം തടഞ്ഞുനിർത്തി ജലസേചനത്തിനുപയോഗിച്ചിരുന്നുവെന്ന് വ്യക്തമാണ്;

"പൊയ്കൈ വായിർ പുനൽപൊരു പുതവിൻ"

(പതി. 3:7:9)

പൊരുനൈ നദിയിൽ നിന്നുള്ള ജലം കൃഷിയോഗ്യമായ ഭൂമിയിലേക്ക് തിരിച്ചു വിടുന്നതുകൊണ്ടുണ്ടാകുന്ന കൃഷിയുടെ വളർച്ച ചേരനാടിന്റെ സാമ്പത്തിക ഭദ്രതയെ സ്വാധീനിച്ചിരുന്നുവെന്ന് പുറനാനൂറിലെ ഈ പാട്ടിൽ നിന്നും വ്യക്തമാണ് ;

"കല്ലെൻ പൊരുനൈ മണലിനു മാങ്കട്
പല്ലുർ ചുറ്റിയ കഴനി
എല്ലാം വിളൈയുനെല്ലിനു പലവേ"

(പുറം. 387:34-36)

ഇപ്രകാരം വിളഞ്ഞുനിൽക്കുന്ന വയലുകളിലെ നെല്ല് കൊയ്തെടുത്ത് ചുറ്റും ഞെരുങ്ങി വളർന്നു നില്ക്കുന്ന കരിമ്പുകൾ വെട്ടി അവയുടെ ചാറും പാകപ്പെടുത്തിയ രുചികൂടിയ പാക്കും കഴിക്കുന്നവരെ പതിറ്റുപ്പത്തിൽ ഇങ്ങനെ വർണ്ണിക്കുന്നു;

"... നെല്മിക്കു
അറൈയുറു കരുമിപിൻ തിയേറ്റിയാണർ"

(പതി. 8:5:5-6)

"നെൽ അരി തൊഴുവർ കൂര്വാൾ ഉനൈ"

(നറ്റി. 2:9:22)

സ്ത്രീകളും പുരുഷന്മാരും പാടത്ത് പണിയെടുത്തിരിന്നുവെന്നും കൊയ്ത നെൽകറ്റയിൽനിന്ന് അരിമണികളെ വേർതിരിച്ചെടുക്കാൻ കാളകളെ ഉപയോഗിച്ചിരുന്നുവെന്നും ഈ പാട്ടിൽ നിന്ന് വ്യക്തമാണ്;

"...അരിന്തു
ചെറുവിനൈ മകളിർ മലിന്തവൈവെക്കൈപ്
പരൂ ഉപ്പകടുതിർത്തമെൻ ചെന്നെല്ലിൻ"

(പതി.8:1:2-4)

വിളവെടുപ്പ് ആഘോഷമാക്കി മാറ്റിയിരിക്കുന്നു. കരിമ്പുകളെ വെട്ടിയും അവയുടെ തടങ്ങളിൽ വിടർന്നു നില്ക്കുന്ന പലതരം പൂക്കളെ ഇറുത്തും നടത്തുന്ന ആഘോഷങ്ങളെ പറ്റി പാട്ടുകളിൽ സൂചനയുണ്ട്;

"കാലമൻറിയും  കരുമ് പുറത്തൊഴിയാതു
അരികാല വിത്തുപ്പലപൂവിഴവിൻ"
(പതി.3.10:14-15)

വിളഞ്ഞുനില്കുന്ന പാടത്തുനിന്ന് കിളിയെ ഓടിക്കാനായി പാട്ടു പാടിയും *തട്ടൈ* എന്ന ഉപകരണം വായിച്ചുകൊണ്ടും നടക്കുന്ന പെണ്ണുങ്ങളും ഉഴവരും ഈ കാർഷിക വ്യവസ്ഥയുടെ ഭാഗമാണ്;

"മെല്ലിയല് മകളിരൊല്കുവനരിയലിക്
കിളികടി മേവലർ പുറവുതൊനുപലവ്"
(പതി.8:8:5-6)

"പുനവർ തട്ടൈ പുടൈപ്പിനയല
തിറ കതിരലമരു കഴിനിയും
പിറങ്കുതീച്ചേർപ്പിനും പുള്ളൊരുങ്കെഴുമേ"
(പുറം. 49:4-6)

കൂടാതെ നെല്പാടങ്ങളെ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കാൻ വേണ്ടി തീകാണിച്ചു അവയെ നെല്പാടത്തു നിന്നു അകറ്റുകയും കാട്ടിൽ നിന്നും പാടങ്ങളിലേക്ക് വരുന്ന ആനകളെ കവണവെച്ച് കല്ലെറിഞ്ഞ് ഓടിച്ചിരുന്നതായും ഈ പാട്ടുകൾ പറയുന്നു;

"ഐവനങ്കാവലർ പെയ്തീനന്തിൻ"
(പുറം. 172.6)

"ഏറ്റുക പുകലെയേയാക്കുക ചോറേ
കള്ളുങ്കുറൈ പടലോമ്പുക വെള്ളിഴൈവ്"
(പുറം.172:1-2)

ഇപ്രകാരം ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും അനിയോജ്യതക്കനുസരിച്ച് വ്യവസ്ഥാപൂർണ്ണമായ കാർഷിക വ്യവസ്ഥ സംഘകാലജനങ്ങൾ രൂപം നൽകിയിരുന്നു. മറ്റ് തമിഴകദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി പ്രകൃതി ഒരുക്കിയ സാഹചര്യം ചേരനാട് മികച്ച രീതിയിൽ ഉപയോഗിച്ചു എന്നാണ് ഈ പാട്ടുകൾ നല്കുന്ന സൂചന. കൂടാതെ കാർഷികേതരമായ വിളവുകൾ ചേരനാടിനെ പ്രത്യേകതയായിരുന്നു. ചേരനാട്ടിൽ എങ്ങുനിന്നും ചക്കയും പഴങ്ങളും (myrobalan) കിട്ടുമെന്ന് ഐങ്കുറുന്നൂറിൽ ഈ വിധം പാടുന്നു:

"അത്തപ്പലവിൻ വെയില്തിൻ ചിറികായ്
അരുഞ്ചുരഞ്ഞ് ചെൽവോൽ അരുൻതിനർ കഴിയൂ."
(ഐങ്കു.351:1-2))

കൂടാതെ ചേരനാട്ടിൽ, ആകൃതിയിൽ മുട്ടപോലെ നീണ്ടതും ഉള്ളിൽ മധുരരസവും നിറഞ്ഞ

മരത്തിന്റെ തടിയിലും കൊമ്പുകളിലും ചേർന്ന് തൂങ്ങിക്കിടക്കുന്നതുമായ ഫലങ്ങൾ വഴിയാത്രക്കാരായ നമ്മുടെ വിശപ്പും ദാഹവും തീർത്ത് നമ്മളിൽ ഉന്മേഷം ഉളവാക്കുമെന്ന് ചക്കയെ പറ്റി *കാക്കപ്പാടിനിയാർ നച്ചെള്ളെയാർ* പതിറ്റുപ്പത്തിൽ ഇപ്രകാരം പാടുന്നു;

"അഞ്ചേറമൈന്ത വുൺടൈ വിളൈ പഴമ്
ആറുചെല്മാക്കാട്ട് കോയ്തകൈ തടുക്കുമ്"
(പതി.6.10:5-6)

കൂടാതെ ചാഞ്ഞ പ്ലാവിന്റെ മൂട്ടിൽ തൂങ്ങുന്ന ചെറുചുളകളുള്ള വലിയ ചക്കക്കുലകളെയും കുരുമുളകിനെയുംപറ്റി പെരുമ്പാണറ്റുപ്പടയിൽ വർണ്ണിക്കുന്നതിങ്ങനെയാണ്;

"തടവുനിലൈപ് പലവിൻ മുഴുമുതർ കൊണ്ട
ചിറചുളൈപ്പെരുമ് പഴങ്ങ് കടുപ്പ മിരിയർ
പുണർപ്പൊറൈ താങ്കിയ വടുവാഴ്നോർപുറത്"
(പെരു. 112-114)

മറ്റൊരു പാട്ടിൽ ഉരലൊത്ത കാലും മലയൊത്ത വണ്ണവുമുള്ള ആനയുടെ ഉടൽപോലെ ഉരുണ്ട കടയോടുകൂടിയ തെങ്ങിന്റെ ഉണങ്ങിയ മടലോല പാകപ്പെടുത്തി മിടഞ്ഞു കെട്ടിമേഞ്ഞ കുടിയിടങ്ങൾ. മുറ്റത്തിനുചുറ്റും മഞ്ഞൾ വച്ചുപിടിപ്പിച്ചിരിക്കുന്നു. പരിമളം പരത്തുന്ന പൂന്തോട്ടവും പച്ചിലപ്പടർപ്പുകളും. ഓരോ തോപ്പിനിടയിക്കും പ്രത്യേകം വളപ്പുകൾ. തെങ്ങിൻ കൃഷിയുള്ള ഈ കർഷകരുടെ ഭവനത്തിൽ ചെന്നുകയറുകയാണെങ്കിൽ കടക്കൊമ്പിൽ കായ്ചപ്ലാവിന്റെ ചുളമുറ്റിയ വലിയ ചക്കപ്പഴവും താഴെ വീഴാതെ പിരിച്ചെടുത്ത തൈത്തെങ്ങിന്റെ ഇളനീരും ആദ്യമേകിട്ടും. പിറകേ ആനകൊമ്പിനു സാദൃശവും കുലയിൽ നിന്നുതന്നെ മൂത്തുവിളഞ്ഞതും തൊലി ഉരിഞ്ഞതുമായ ഏത്തപ്പഴവും പനങ്കരിക്കും മറ്റുമധുരഭോജ്യങ്ങൾ തിന്ന് തിന്ന് മതിയാകുമ്പോൾ മുളവന്ന മൂത്തകണ്ടിച്ചേമ്പും കിഴങ്ങുകളും പുഴുങ്ങിയത് വേറെയും കഴിക്കാം. പകൽ തകർത്തുപെയ്യുന്ന മഴയെപ്പോലെ തടിയുരുണ്ട കമുകിൻ തോട്ടം അതിനു സമീപം തെങ്ങുംകൂട്ടും അതിന്മേൽ മൂത്തു മുഴുപ്പുള്ള നാളികേരങ്ങൾ കുലകുത്തിക്കിടക്കുന്നു. പുതിയ പാന്ഥന്മാരുടെ കൊടിയ വിശപ്പകറ്റാൻ, ചോറ്റുകലം കുലങ്ങുമാറ് കരിക്കിൻ കുല വെട്ടിയിടുന്നു. എന്ന് ചേരനാടിനെപ്പറ്റി ഇപ്രകാരം *കടിയലൂർ രുദ്രൻകണ്ണനാർ* പാടുന്നു;

"കുൻറുഴ്യനൈ മരുങ്കുലേയ്ക്കുമ്
വണ്ടോട്ടുത്തെങ്കിന് വാടുമടല് വേയ്നത
മഞ്ചൂള് മുന്റില് മണനാറു പടപ്പൈത്
തണ്ടലൈയുഴവർ തനിമനൈച്ചേപിന്
വീഴിൽ താഴൈക്കുഴവിത്തീനീർക്
കവൈമുലൈയിരുമ്പിടിക്കവുള് മരുപ്പേയ്കുവ്
കുലൈ മുതിർ വാഴൈ ക്കൂനിവെണ് പഴമ്

തിരളരൈവെണ്ണൈനുങ്കൊടു പിറവുമ്
തീപ്പല് താരമുനൈയിറ് ചേമ്പിൻ
മുളൈപ്പുറമുതിർ കിഴങ്കാർ കുവിറ് പകർപെയ്ല്
മഴൈ വീഴ്തന്നവാത്താട് കമുകിന്
പുടെ ചൂഴ്തെങ്കിൻ മുപ്പുടൈത്തിരള്കായ്
ആറു ചെലവ്മ്പലർ കായ്പചിതിരച്
ചോറടുകുഴിചിള്ളക വീഴും
വീയായാണർ വളങ് കെഴു പാക്കത്തുപ്പ്
പന്മരനീളകെടപ് പോകിനന്നകർ"

(പെരു.352–366)

ഈ പാട്ടിലെ വിവരണത്തിൽ നിന്ന് സംഘകാല ചേരനാടും കേരളവും തമ്മിലുള്ള ബന്ധം എപ്രകാരമെന്ന് വ്യക്തമാണ്. ഈ വിവരണങ്ങൾ ഒട്ടും തന്നെ നമുക്ക് അന്യമല്ല. ചന്ദനമരങ്ങൾ ഇടതൂർന്ന് വളരുന്ന നാടാണ് ചേരനാടെന്ന് പതീറ്റുപ്പത്തിൽ വ്യക്തമാക്കുന്നതിങ്ങനെയാണ്;

"ചന്തം പൂഴിലൊടുപൊങ്കുനരൈ ചുമന്തു"

(പതി. 9:7:2)

കൂടാതെ ചേരനാടിന്റെ പ്രത്യേകതയായ മലകളിൽ നിന്നും സമ്പത്ത് ലഭിച്ചിരുന്നുവെന്ന്, 'പാറക്കെട്ടുകളുള്ള പരപ്പേറിയ കാടുകളിൽ നിന്ന് ഒളിതിരളുന്ന സ്വർണ്ണം, വജ്രം എന്നിവ പെറുക്കിയെടുക്കാറുള്ള നാടാണ് ചേരനാട്' എന്ന് *പാലൈ ഗൗതമനാർ* ഇങ്ങനെ പാടുന്നു;

"കല്ലുയർ കടത്തിടൈക്കതിർമണി പെറുഉമ്"

(പതി.3:1:22)

"പൊൻപടു മരുങ്കിൻ മലൈഇറൻ തോരേ"

(അകം. 3:1:22)

സമുദ്രവിഭവംകൊണ്ടും ചേരരാജ്യം സമ്പുഷ്ടമായിരുന്നുവെന്ന് നിരവധി പാട്ടുകളിൽ പരാമർശിക്കുന്നുണ്ട്. പരതവർ മീൻ പിടിക്കുന്നതിനെപറ്റിയും ശംഖ് മുത്ത് എന്നിവ വ്യാപാരം ചെയ്യുന്നതിനെ പറ്റിയും

"പഴന്തിമിൽ കൊൻറ പുതുലൈപ് പരതവർ"

(അകം.10;10)

"മീൻകൊൾ പരതവർ കൊടുൻതിമിൽ നളിചുടർ"

(അകം.65:11)

"വളൈപടു മുത്തം പരതവർ പകരും"

(ഐങ്കു.195.1)

എന്നീ പാട്ടുകളിൽ നിന്ന് വ്യക്തമാണ്. ഇതുമാത്രമല്ല അഭ്യന്തര വാണിജ്യത്തിൽ ഉപ്പ് പ്രധാന ഉൽപ്പന്നമായിരുന്നുവെന്നും നീണ്ടനെയ്തൽനിലത്തോടുകൂടിയ ചേരനാട്ടിൽ സുലഭമായിരുന്ന ഉപ്പ് കൊടുത്ത് നെല്ല് വാങ്ങുകയും ചെയ്തിരുന്നു. കൂടാതെ മറ്റ് വിഭവങ്ങൾ വാങ്ങുന്നതിനു വേണ്ടി ഉപ്പ് ഉപയോഗിച്ചിരുന്നു.

"തിമ്പൊഴി വെൾ ഉപ്പുച് ചിതൈതെലിൻ,ചിനൈഇ
കഴനി ഉഴവരൊടു മാറു എതിർത്തു മയങ്കി"
(അകം. 366:7-8)

"തെൺകഴി വിളൈൻത വെൺകൽ ഉപ്പിൻ
കൊളൈ ചാറ്റിയ കൊടുനുക ഒഴുകൈ"
(അകം. 159:1-2)

സമുദ്രവാണിജ്യത്തിലൂടെ കയറ്റുമതിചെയ്തിരുന്ന സുഗന്ധദ്രവ്യങ്ങളിലൂടെയാണ്, പ്രകൃതിയുടെ സവിശേഷമായ അനുകൂലവസ്ഥകളാൽസമൃദ്ധമായ ചേരനാട് ലോകമെമ്പാടും അറിയപ്പെട്ടിരുന്നത്. സമുദ്രവാണിജ്യം ചേരനാടിന്റെ പ്രധാന വരുമാനമാർഗ്ഗമായിരുന്നു. ഇതേപ്പറ്റിയും നിരവധി പരമർശങ്ങൾ പഴന്തമിഴ് പാട്ടുകളിൽ കാണാം. ചേരനാട്ടിലെ കുരുമുളകും ദന്തനിർമ്മിത വസ്തുക്കൾക്കും പാശ്ചാത്യ നാടുകളിൽ നല്ല വില ലഭിച്ചിരുന്നുവെന്ന്;

"ഇരങ്കുനീർപ്പ് പരപ്പിൻ കാനൽ അമ്പെരുന്തുറൈ
തന്മകരു നൻകലം ചിതൈയന്താക്കും"
(അകം 152:6-7)

സ്വർണ്ണമായിരുന്നു പ്രധാനപ്പെട്ട അന്തർദേശീയ വ്യപാരത്തിന് ഉപയോഗിച്ചിരുന്നവസ്തു. തദ്ദേശീയമായിനിർമ്മിച്ച കപ്പലുകളും വിദേശവ്യാപാരത്തിൽ പങ്കെടുത്തിരുന്നുവെന്ന് പാട്ടുകളിൽ സൂചനകളുണ്ട്;

"പെരുങ്കടല് നീന്തിയ മരമ്ലിയുറുക്കും
പണ്ണിയ വിലൈഞർപോലെപ്പുണ്ണാരീളവ്"
(പതി. 8:6:4.5)

"...ചേരലർ
ചുള്ളിയും പോരിയാറ്റ് വെൺനുരൈ കലങ്ക
യവനർ തന്ത വിനൈ മാൺ നൻകലം
പൊന്നൊടു വന്തു കറിയൊടു പെയറും
വഴം കെഴും മുസിരി"
(അകം.149:7-11)

കൂടാതെ കാനലം പെരുംതുറൈ എന്ന ചേരതുറമുഖത്ത് വിദേശകപ്പലുകൾ വന്ന് സ്വർണ്ണം കൊടുത്തുകൊണ്ട് കുരുമുളകും മറ്റ് വിഭവങ്ങളും കൊണ്ടും പോകുന്നതിനെപറ്റി *അക*ത്തിൽ ഇപ്രകാരം പരാമർശിക്കുന്നു;

"ഇരങ്കുനീർപ് പരപ്പിൻ കാനൽഅമ് പെരുന്തുറൈ
തന്മതരു നൻകലക് ചിതൈയത് താക്കുമ്"
(അകം. 152:6-7)

പരണരുടെ പാട്ടിൽ നിന്ന് ഇതിന്റെ ചിത്രം കുറച്ചുകൂടി വ്യക്തമാകും, കപ്പലുകൾ കൊണ്ടുവന്ന പൊൻ പൊരുളുകളും തോണികൾ വഴി കിട്ടുന്ന വിഭവങ്ങളും കരയിൽ നിന്നു കിട്ടുന്ന വിഭവങ്ങളും ചേർത്ത് പൊൻമാലയണിഞ്ഞ കുട്ടുവന്റെ മുഴങ്ങുന്ന കടലാകുന്ന മിഴാവോടു കൂടിയ മുചറി നഗരത്തിനു തുല്യമായ ശ്രേയസ്കരമായ പദാർത്ഥങ്ങൾ കൊണ്ടുവന്നു സന്തോഷപൂർവ്വം കൊടുത്താലുംമെന്ന് *പരണർ* വിവരിക്കുന്നതിങ്ങനെയാണ്;

"കലന്തന്ത പൊർ പരിചം
കഴിത്തോണിയാർ കരൈ ചേർക്കുന്നു
മലൈത്താരവും കടറ്റാരവും
തലൈ പ്പെയ്തുവരുനർക്കീയും
പുനലങ്കള്ളിൻ പൊലന്താർക്കുട്ടവൻ
മുഴങ്കുകടൻ മുഴുവിൻ മുചിറിയിന്ന
നലഞ്ചാൽ വിഴുപ്പെറ്റുകൾ പണിന്തുവന്തുകൊടുപ്പിനം"
(പുറം. 343:5-11)

"അരുങ്കലി വങ്കം തിചൈതിരിന്താങ്കു
മൈയണിന്തെഴു തരുമായിരും പറ്റോൽ"
(പതി.6:2:3-4)

വിദേശ രാജ്യങ്ങളുമായുള്ള വാണിജ്യം വഴി ഏതൊക്കെ ഉത്പന്നങ്ങളാണ് കൈമാറ്റം ചെയ്തിരുന്നുവെന്ന് വ്യക്തമായ സൂചനകളൊന്നും ലഭിക്കുന്നില്ലെങ്കിലും പാവവിളക്കുകൾ, മദ്യം,കുതിര,എന്നിവ പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തിരുന്നുവെന്ന് പത്തുപാട്ടിൽ നിന്ന് വ്യക്തമാണ്.

"യവനർ ഇയറ്റിയ വിനൈമാണ് പാവൈ"
(നെടു.101)

"പാവൈ വിളക്കാർ പരൂ ഉച്ചുടർ അഴൽ"
(മുല്ലൈ.45)

"വേണ്ടിടം തോറും തുണ്ടു തിരിക്കൊളിള
കൈവയിർ കൊണ്ട നെയകർ ചൊരിയും
യവനനപ്പാവൈ അണിവിളക്കഴൽ"
(പെരുങ്കഥ. 47:173-175)

"നീരിന്വന്ത നിമിർ പരിപ്പുരവിയുമ്"
(പട്ടിന.185)

"നനന്തലൈത്തേ എത്തുനന് കലന്ന് ഉയ്മാർ
പുണർത് തുടൻകൊണർന് തപുതവിയെർ ടനൈത്തുമ്"
(മധു.21-22)

"യവനർ, നൻ കലം തന്ത തൺകമഴ് തേറൽ"
(പുറം. 56:18)

ഇപ്രകാരം ഭൂമിയും, മഴയും സസ്യജാലങ്ങളുമെല്ലാം ഒന്നിക്കുന്ന പ്രകൃതിയുടെ സമ്പത്താണ് ചേരനാടിനെ മറ്റ് ദേശങ്ങളിൽ നിന്ന് വ്യത്യസ്തമാക്കി നിർത്തിയിരുന്നത്. ചേര നാടിന് പ്രകൃതി കനിഞ്ഞ് നല്കിയിരിക്കുന്ന പ്രകൃതിസമ്പത്തുണ്ടായിരുന്നു. എങ്ങും നോക്കിയാൽ ഇടതൂർന്ന പച്ചപ്പും അതെല്ലാം തരുന്ന കായ്കളും പൂക്കളുമെല്ലാം മലനാടിനെ വ്യത്യസ്മാക്കിയ ഘടകങ്ങളാണ്. ഇന്നും ഈ പ്രത്യേകതകൾ നമ്മോടൊപ്പമുള്ളതുകൊണ്ട് അതിന്റെ വിവരണങ്ങൾ ഒട്ടും അന്യമാകുകയില്ല. വരൾച്ചയും ചൂടും ക്ഷാമവും ചേരനാടിനെ സംബന്ധിച്ചിടത്തോളം അന്യമായിരുന്നുവെന്നുവേണം കരുതാൻ. പ്രകൃതിയുടെ ഈയൊരു സവിശേഷ സാഹചര്യമാണ് തമിഴകത്തിലെ പ്രധാന ശക്തിയാക്കി ചേരനാടിനെ മാറ്റിയത്. "മലയാളത്തുകാരായ നമുക്ക് പ്രകൃതി കനിഞ്ഞുനൽകിയ ഒരു തനിച്ചന്തമുണ്ട്. അത് ഇന്ത്യ ഉപഭൂണ്ഢത്തിലെന്നല്ല മറ്റെവിടെയും കാണാനാവുമെന്ന് തോന്നുന്നില്ല. *ഈ ഭൂമി മലയാളത്തിൽ* എന്ന നമ്മുടെ ശീലിന്റെ ഊറ്റവും അതുകൊണ്ടാകാം. ഇവിടത്തെ കാഴ്ചകൾക്കത്രയും ഒരു അനന്യതയുണ്ട്. ഈ അനന്യതയാകട്ടെ ഇവിടത്തെ ഭൂമിയും ജലവും വായുവും ചേർന്ന് നമുക്ക് സമ്മാനിച്ചതാണ്. എന്നുവച്ചാൽ മലയാളി എന്ന സ്വത്വത്തിന്റെ ആധാരം ഇവിടത്തെ ആവാസവ്യസ്ഥയുടെ സവിശേഷതയാണ്.[37] ഇങ്ങനെയുള്ള പ്രകൃതിഭൂമികയാൽ സൃഷ്ടിക്കപ്പെട്ട സാംസ്ക്കാരിക സവിശേഷതകളിൽ പ്രധാനപ്പെട്ടവയെ വേർത്തിരിച്ച് പഠിക്കുകയാണ് *സംഘകാല ചേരസംസ്ക്കാര*മെന്ന അടുത്തഭാഗത്ത് .

### 4.5. സംഘകാല ചേരസംസ്ക്കാരം

പ്രകൃതിയുടെ സവിശേഷസാഹചര്യങ്ങിൽ രൂപപ്പെട്ട ചേരനാട്ടിലെ സംസ്ക്കാരികഘടകങ്ങളെ *ജനവിഭാഗങ്ങൾ, സാമൂഹ്യജീവിതം* എന്നിങ്ങനെ പ്രധാനമായും രണ്ടായി തരംതിരിച്ച് പഠിക്കാനാണ് ശ്രമിച്ചിരിക്കുന്നത്. *ജനവിഭാഗങ്ങൾ* എന്ന ഭാഗത്ത് സംഘകാലത്ത് ചേരനാട്ടിലുണ്ടായിരുന്ന ജാതിസമൂഹങ്ങളെയും *സാമൂഹ്യജീവിതം* എന്ന ഭാഗത്ത് സംസ്ക്കാരചടങ്ങുകൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, ഉത്സവങ്ങൾ, നൃത്തങ്ങൾ,

വാദ്യങ്ങൾ, വിനോദങ്ങൾ എന്നീ സാംസ്ക്കാരികാംശങ്ങളെയും പഠിച്ചിരിക്കുന്നു. സംഘകാലത്ത് ജാതിവിഭാഗങ്ങൾ നിലനിന്നിരുന്നത് തൊഴിലിനെ അഥവ അവർചെയ്യുന്ന പ്രവർത്തിയെ അടിസ്ഥാനമാക്കിയാണ്. ചേരദേശത്തുണ്ടായിരുന്ന ജനവിഭാഗങ്ങളെ താഴെ പറയുംവിധം തരംതിരിക്കാം:

#### 4.5.1. ജനവിഭാഗങ്ങൾ

സംഘം കൃതികളിൽ നിന്ന് ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ജനവിഭാഗങ്ങളെ തൊഴിലിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കാം:

#### 4.5.1.2 ഉഴവർ

സംഘകാലത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ട ജനവിഭാഗമാണ് ഉഴവർ. നിലങ്ങളിൽ വിളയുന്ന എൺ വക ധാന്യങ്ങളെ വിക്രയം ചെയ്യുകയും ചെയ്തിരുന്നു ഇവർ പനയുടെ അരിയോടു കൂടിയ വലിയ മടലിൽ നിന്നു ഉരിച്ചെടുത്ത നാരും പനം കുരുന്നും കണിപ്പറയോടു ചേർത്ത് കെട്ടി കലപ്പകൊണ്ട് ഉഴുന്ന് കൃഷിചെയ്ത് ജീവിക്കുന്നവരാണ് ഇവരെന്ന് ഇ ൗവിധം *പുറം* പാട്ടിൽ വിവരിക്കുന്നു;

“മുഴ അരൈപ്പോന്തെയരവായ് മാമടൽ
നാരും പോഴുങ്കിണൈയൊടു ചുരുക്കി
ഏരിൻ വാഴ്നർ കുടിമുറൈ പുകാ അ”
(പുറം. 375:4–6)

കാർഷികവ്യവസ്ഥിതിയിലുണ്ടായ ഈ സംസ്ക്കാരികാന്തരീക്ഷത്തിൽ ഉഴവർക്കു പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു. അതുകൊണ്ടാണ് *കഴാത്തലൈയാർ* ഉഴവരുടെ മഹത്വത്തെപ്പറ്റി കാലാളുകളാകുന്ന വൈയ്ക്കോലിനെ കിടാവിനു കൂട്ടിയിട്ടു ഊരിയ വാളാകുന്ന കലപ്പയോടുകൂടിയ ഉഴവനേ,

“വാളേരുഴവ
കടാഅയാനൈക്കാൽ വഴിയന്നവെൻ” എന്ന് പാടുന്നത്
(പുറം. 3618:13–14)

സമയാസമയം വിത്തുവിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്ന ഉഴവർ സംഘം കൃതികളിൽ അനവധിതവണ പരാമർശിക്കപ്പെട്ടിട്ടുണ്ട്;

‘ ‘വിത്തിയ ഉഴവർ നെല്ലൊടു പെയരുമ”
(ഐങ്കു. 3:4)

‘ ‘...നെല്മിക്കു
അറൈയുറു കരുമ്പിൻ തീഞ്ചേറ്റിയാണർ”
(പതി.8:5:5–6)

‘ ‘നെല് അരി തൊഴുവർ കൂർവാൾ ഉറൈനെ”
(ഐങ്കു.195:6)

സമ്പദ്വ്യവസ്ഥയിലെ അടിസ്ഥാനവർഗ്ഗമെന്നനിലയിൽ സമൂഹത്തിൽ ഉന്നതസ്ഥാനം അലങ്കരിച്ചിരുന്നവരാണ് ഉഴവർ. ഉഴവർ തൊഴിലെടുക്കുന്ന ശബ്ദം കവി അഭിമാനപൂർവ്വം വിവരിക്കുന്നതിങ്ങനെയാണ്;

' 'ഉഴവരോതൈ മറപ്പവിഴവും"

(പുറം. 65:4)

**4.5.1.2 ഗോസമുദായങ്ങൾ**

കോവലർ, ഇടയർ, അൺടർ എന്നീ മൂന്ന് ഗോസമുദായങ്ങൾ സംഘകാല ചേരനാട്ടിലുണ്ടായിരുന്നു. പാലും പാലുൽപന്നങ്ങളും ഉണ്ടാക്കി ജീവിച്ചിരുന്ന ജനവിഭാഗമാണ് കോവലർ. ഇവരുടെ പ്രവൃത്തിയെപ്പറ്റി സംഘംപാട്ടുകളിൽ ഇപ്രകാരം വർണ്ണിക്കുന്നു;

"കല്ലാക് കോവലർ കോലിൽ തോൺടിയ
ആൻനീർപ് പത്തൽ യാനൈവെളവുങ്"

(ഐങ്കു.304:1-2)

"നെടു വിളിക് കോവലർ ചൂവൽ തോണ്ടിയ"

(അകം. 155:8)

പാലിൽ നിന്നു നെയ്യുണ്ടാക്കുന്ന വിഭാഗമാണ് അണ്ടർ;

' '...അണ്ടർ
പല് ആ പയന്ത നെയ്യിൽ......."

(കുറു.210:1-2)

**4.5.1.3 വേട്ടയാടുന്ന സമുദായങ്ങൾ**

എയ്നർ, വേട്ടുവർ, കാനവർ, കുറവർ എന്നീ ജനവിഭാഗങ്ങളാണ് സംഘകാലചേരനാട്ടിൽ വേട്ടയാടി ജീവിച്ചിരുന്നവർ. കുടനാട്ടിൽ ജീവിച്ചിരുന്ന എയിനർ *എയ്മാൻ* എന്ന പന്നികളെയും മുളാവുമാനെയും വേട്ടയാടിജീവിച്ചിരുന്നു.

"........കുടനാട്ടു
എയിനർ തമ്ന്ത എയ്മാൻ എറി തചൈ
മുഴാവു മാ വല്ചി എയിൻ"

(പുറം.177:1213)

സംഘംകൃതികളിൽ മറവരെ എയിനാരായാണ് വ്യാഖ്യാനിച്ചിരുക്കുന്നത്. മൃഗങ്ങളെ അമ്പും വില്ലുകളും ഉപയോഗിച്ച് വേട്ടയാടിയിരുന്ന മറ്റൊരു വിഭാഗമാണ് വേട്ടുവർ;

"...കൊലൈ വിൽ വേട്ടുവർ
ചെംകോട്ടു ആമാൻ ഊൺടു..."

(പതി.3.10.9-10)

കാട്ടിൽ ജീവിച്ചിരുന്ന കാനവർ എന്ന ജനവിഭാഗം അമ്പും വില്ലും ഉപയോഗിച്ച് പന്നികളെയും ആനകളെയും വേട്ടയാടിയിരുന്നു;

"..........കാനവർ
പൊൻ പുനൈ പകഴി ചെപ്പൻ കൊൺമാർ"
(കുറു.16:1-2)

"വാഴവരി വായപ്പുലി കലമുഴൈയുരകെ
കാനവർ മടിന്ത"
(അകം.168:12-13)

കാനവർ വേട്ടയാടലിനുവേണ്ടി കുന്തങ്ങൾ ഉപയോഗിച്ചിരുന്നു;

"...എവ്കു ഉറു മുള്ളിൻ
ഇഴുക്കിയ കാനവർ"
(മലൈ.300-301)

വീര്യംകുറഞ്ഞ മദ്യം കുടിച്ച് കുരവൈ നൃത്തം ചെയ്യുന്ന കുറവർ കാട്ടിൽ പ്രധാനമായും കൃഷിയാണ് ചെയ്തിരുന്നത്,എങ്കിലും അമ്പും വില്ലുമായി ഇവർ വേട്ടയാടുന്ന ചിത്രവും സംഘംപ്പാട്ടുകളിൽ നിന്ന് വ്യക്തമാണ്;

"...കുറവർ
ഉഴാഅതു വിത്തിയ"
(പുറം.168:5-6)

"മലൈയുറൈക് കുറവൻ"
(നറ്റി.201:1)

"കുറൈ ഇറൈ ക്കുരവ്പെക് കുവർ മക്കൾ"
(പുറം.129.1)

**4.5.1.3.1 വേട്ടയാടൽ**

ഇടതൂർന്ന കാടുകളിൽ വന്യജീവികളെ വേട്ടയാടിയിരുന്നത് ചേരനാട്ടിലെ പ്രധാന തൊഴിലായിരുന്നു. 'ആനയെക്കൊന്നു വീഴ്ത്താൻ തക്ക ശ്രേഷ്ഠമായ ഗതിവേഗമുള്ള അമ്പ്, വലിയവായുള്ള പുലിയെക്കൊന്നിട്ടുദ്വാരമുള്ള കൊമ്പോടു കൂടിയ തലയുള്ള പുള്ളിമാനിനെയുരുട്ടി ഉരലിനു തുല്ല്യമായ തലയുള്ള പന്നിയെ നിലംപതിപ്പിച്ചശേഷം അതിനടുത്തുള്ള വലിയ പുറ്റിൽ കിടക്കുന്ന ഉടുമ്പിന്മേൽ പാഞ്ഞു' എന്നത് കണ്ടു നിന്ന വൻപരണർ ഇപ്രകാരം പാടുന്നു;

"വേഴം വീഴ്ത്ത വിഴുത്തൊടൈപ്പകഴി
പേഴ്വായുഴു വൈയൈപ്പെരും പിറിതുറീഇപ്
പുഴറ്റലൈപ്പുകർക്കലൈ യുരുട്ടിയിരുറ്റലൈക്
കേഴർ പൻറിയിവീഴവയല

താഴർ പുറ്റത്തുടുമ്പിർ ചെറ്റും"
(പുറം.152:1-5)

മറ്റൊരു പുറം പാട്ടിൽ വേടന്മാർ കാടിന്റെ നടുവിൽ വിരട്ടിയോടിച്ച ആൺമാനിനെപറ്റി ഇപ്രകാരം *കപിലർ* പാടുന്നു;

"വെട് ചിക്കാനത്തു വേട്ടുവരാട്ടക്
കട് ചികാണാക്കടമാനല്ലേറ്റു"
(പുറം.202.1-2)

*ആലത്തൂർ കിഴാരുടെ* പുറംപാട്ടിൽ വേടക്കുട്ടികൾ പക്ഷിമാംസം തിന്നു കൊണ്ടു കാട്ടെലിയെ വേട്ടയാടാൻ പോകുന്നതും വില്ലും അമ്പും ഉണ്ടാക്കാൻ ഊക്കം പുല്ലും വളാരും ഉടമുള്ളും ഉപയോഗിച്ചിരുന്നുവെന്നു ഇങ്ങനെ വർണ്ണിക്കുന്നു;

"വെരുക്കുവിടൈയന്ന വെരുണോക്കുക്കയന്തലൈപ്
പുള്ളൂൻറിന്റ പുലവുനാറുകയവായ്
വെൾവോയ് വേട്ടുവർ വീഴ്തുണൈ മകാഅർ
ചിറിയിലൈയുടൈയിൻ ചുരൈയുടൈ വാൻ മുൾ"
(പുറം.324:1-4)

മുഞ്ഞക്കൊടിയും മുചുണ്ടക്കൊടിയും പടർന്നു പന്തലിച്ചുനില്ക്കുന്ന മുറ്റത്തുള്ള പിലാവിൻ താഴെ ആനവേട്ടകഴിഞ്ഞുവന്ന വേട്ടുവൻ തളർന്നു കിടന്നുറങ്ങുന്നുവെന്നും, അതിനടുത്ത് പകൽ സമയത്തും ഇണപിരിയാത്ത മാൻ അവിടെ സംഭോഗസുഖമനുഭവിക്കുന്നു വെന്നും *വിരൈ വെളിയനാർ* ഈവിധംപാടുന്നു;

"മുൻറിൻ മുഞൈയോടു മുചുണ്ടൈ പച്ചിപ്
പന്തർ വേണ്ടാപ്പലാത് തൂകുനീഴർ
കൈമ്മാൻ വേട്ടവാൻ കനൈതുയിൻ മടിന്തെനപ്
പാർവൈ മടപ്പിണൈ തഴീഇപ്പിറിതോർ"
(പുറം.320.1-4)

ഈ പാട്ടിൽ നിന്ന് കാട്ടിൽനിന്ന് വളരെ അകന്നല്ല ഇവരുടെ വീട് നിലനിന്നിരുന്നതെന്ന് മാൻപേടകളുടെ സാന്നിദ്ധ്യത്തിൽ നിന്ന് മനസ്സിലാക്കാം. കൂടാതെ വേട്ടുവന്റെ വീടിന്റെമുറ്റത്തെ പിലാവ് ഇന്നത്തെ കേരള ഭവനത്തിൽ നിന്ന് ഒട്ടും അകലെയല്ലെന്നും ഇത് വ്യക്തമാക്കുന്നു.

ഉടുമ്പിനെയും, മുയലിനെയും പുറ്റിൽ നിന്നുയരുന്ന ഈയലിനെയും വേട്ടയാടുന്ന വേട്ടുവനെ *കപിലർ* ഇങ്ങനെ വർണ്ണിക്കുന്നു;

"ഉടുമ്പു കൊലീഇ, വാരിനുണൽ അകഴന്തു
നെടുങ്കോട്ടുപ്പുറ്റത്തു ഈയൽ കെൺടി
എല്ലുമുയൽ എറിന്ത വേട്ടുവൻ ചുവല"
(നറ്റി.59.1-3)

#### 4.5.1.4 തച്ചൻ

മരപ്പണികൾ ചെയ്യുന്നവരെ പൊതുവായി സംഘകാലത്ത് അറിയപ്പെട്ടിരുന്നത് തച്ചൻ എന്നാണ്. മരം മുറിക്കുന്ന തച്ചൻ കൊടുത്ത മഴുവിനെ പറ്റി പുറം പാട്ടിൽ ഈവിധം വർണ്ണിക്കപ്പെടുന്നു;

"മരങ്കൊഹ്റച്ചൻ കൈവൽ ചിനഅർ"

(പുറം.206:11)

കൂടാതെ ഒരു ദിവസം എട്ടു തേരുവരെ ഉണ്ടാക്കുന്ന തച്ചനെ പാടി പുകഴ്ത്തുന്ന പാട്ടും *പുറത്തിണ*യിൽ കാണാം;

"എണ്ടേർ ചെയ്യുന്തച്ചൻ"

(പുറം.87:3)

#### 4.5.1.5 കൊല്ലൻ

ഇരുമ്പുലോഹവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്തിരുന്നവരാണ് സംഘകാലത്ത് കൊല്ലന്മാർ എന്നറിയപ്പെട്ടിരുന്നത്. പുതിയ ഇരുമ്പായുധങ്ങൾ ഉണ്ടാക്കുന്നതിനെപ്പറ്റിയും പഴയവ ശരിയാക്കുന്നതിനെ പറ്റിയും *പുറ*ത്തിൽ ഇങ്ങനെ പാടിയിരിക്കുന്നു;

"ഇരമ്പുപയൻ പടുക്കുങ്കരുങ്കൈക്കൊല്ലൻ"

(പുറം.170:15)

"പകൈവർക്കുത്തി ക്കോടുനുതിയിരൈന്തു
കൊറ്റുറൈക്കുറ്റില മാതോവെൻറും"

(പുറം.95:4–5)

#### 4.5.1.6. പരതവർ

ചേരനാടിന്റെ വിശാലമായ നെയ്തൽ പ്രദേശത്ത് മത്സ്യബന്ധനം നടത്തി ജീവിച്ചിരുന്നവരാണ് പരതവർ. വലകളും വഞ്ചികളും ഉപയോഗിച്ച് രാത്രിയിൽ വിളക്കുകൾ നാട്ടിയും പരതവർ മീൻ പിടിക്കുന്നതിപറ്റി *അകം* പാട്ടിലുള്ള വിവരണം ഇങ്ങനെയാണ്;

"പഴന്തിമിൽ കൊൻറ പുതുവലൈപ് പരതവർ"

(അകം.10:10)

"മീൻ കൊൾ പതവർ കൊടുന്തിമിൽ നളിചുടർ"

(അകം.65:11)

പരതവിഭാഗത്തിലെ സ്ത്രീകളും മത്സ്യം തെരുവോരങ്ങളിൽ ചെന്ന് വിറ്റിരുന്നു. ഇതോടൊപ്പം തന്നെ ഇവർ മുത്തുകളും വിറ്റിരുന്നു, ഇതൈപറ്റി *ഐങ്കുറുന്നൂറി*ലുള്ള പരാമർശം ഇതാണ്;

"വളൈ പടു മുത്തം പരതവർ പാർക്കും"

(ഐങ്കു.195:1)

#### 4.5.1.7 വേളിർ

രാജകുടുംബങ്ങളുമായി വളരെ അടുത്ത ബന്ധമുള്ള വംശമാണ് വേളിറുകൾ. പണ്ടുമുതലേ വേളിറുകൾ ചേരനാട്ടിലുണ്ടായിരുന്നെന്ന്;

"തൊൽ മുതിൽ വേളിർ ഓമ്പിനാർ വൈത്ത
പൊന്നിനും അരുമൈതൻകു അറിന്തും"
(അകം.135:12–13)

എന്ന പാട്ടിൽ നിന്നും വ്യക്തമാണ്. വേന്തിരും വേളിരും എന്ന പ്രയോഗത്തോടെയാണ് സംഘം കൃതികളിൽ വേളിർ വിഭാഗം പരാമശിക്കപ്പെടുന്നത് അതുകൊണ്ടുതന്നെ രാജഭരണവുമായി അടുത്ത ബന്ധം ഇവർക്കുണ്ടായുരുന്നുവെന്നും നാടുവാഴികളായി ഭരണം നടത്തിയിരുന്നുവെന്നും മനസ്സിലാക്കാം. *പതിറ്റുപത്തി*ലെ ഈ പാട്ടുകളിൽനിന്ന് ഇത് വ്യക്ത മാണ്;

"വെൽപോർ വേന്തരും വേളിരും ഒൻറുമൊഴിന്തു"
(പതി.5;9;7)

"വേന്തരും വേളാരും പിററുമ് കിഴ്പ്പണിന്തു":
(പതി.8:5:4)

"വേന്തരുവമ് വേളിരുമ് പിൻവന്തു പണിയക്"
(പതി.9:8:13)

കരുത്തരായ പടയാളികളായ ഇവർക്ക് രാജാക്കന്മാരോളം പ്രാധാന്യം ഉണ്ടായിരുന്നുവെന്ന് ഏണിച്ചേരിമുടാമോചിയാർ "...മലയിലൂടെ വീശുന്ന കാറ്റ് ചലനമുണ്ടാക്കുമ്പോൾ പീലിയുള്ള മയിലുകളാണ് എന്ന് തോന്നത്തക്കവണ്ണം നടന്ന് മലയ്ക്ക് വദാന്യതയുള്ള തേരോടു കൂടിയ വേൾ ആയെ കാണൻ "എന്ന് ഇപ്രകാരം പാടുന്നു;

".......തേർ വേ ളായെക്കാണിയ ചെൻമേ"
(പുറം. 133:7)

#### 4.5.1.8 മറവർ

യുദ്ധവുമായി ബന്ധപ്പെട്ട കാവ്യഭാഗങ്ങളിലാണ് മറവരെ പരാമശിച്ചുകാണുന്നത്. പ്രധാനമായും സംഘകാലത്തെ പോരാളികളാണ് മറവർ. "ബുദ്ധിശാലികളായ ശത്രുക്കളുടെ സൈന്യത്തിൽപ്പെട്ട ഗജായൂഥത്തെ വെട്ടിവീഴ്ത്തികെണ്ട് വേഗമേറിയ കുതിരകളിൽ സഞ്ചരിക്കുന്നവരും സദാ കുരുതിക്കറ കാലിലണിഞ്ഞിരുന്നവരുമായ മറവരെന്ന് പോരാളികളായ മറവരെപ്പറ്റി *പതിറ്റുപ്പത്തിൽ* വിവരിക്കുന്നത് ഇങ്ങനെയാണ്;

"കടുമാ മറവർ കതഴ് തൊടൈ മറപ്പവർ"
(പതി.3:8:4)

പോരിൽ പരാജയം അറിയാത്തവരും ശത്രുക്കളെ നിലംപരിശാക്കുന്നവരുമായ മറവരുടെ പൗരുഷത്തെ പുകഴ്ത്തിക്കൊണ്ട് ;

"പെരുഞ് ചമം തതൈന്ത ചെരുപ്പുകൽ മറവർ"
(പതി.3:10:4)

എന്ന് പാടുന്നു. ഒപ്പം ഏറ്റകാര്യം ശരിക്കും നിറവേറ്റുന്നവരും പറഞ്ഞവാക്കു പാലിക്കുന്നവരുമായ മറവരെപ്പറ്റിയുള്ള പരാമർശങ്ങൾ ഇവ്വിധമാണ് ;

"....താവലുയ്യുമോ മറ്റേതാവാതു
വഞ്ചിത മുടിത്ത ഒൻറുമൊഴി മറവർ"
(പതി.5.1;18–19)

"നെയ്ത്തോർ തൊട്ട ചെണൈ്ക മറവർ"
(പതി 4:9:10)

തൊടൈമടി കളൈന്ത ചിലൈയുടെ മറവർ"
(പതി 6:10:9)

"ചെല്ലുറഴ് മറവർ തങ് കൊല് പടൈത്തരീഇയർ"
(പതി.6:8:3)

എന്നീ പാട്ടുകളിൽ നിന്ന് മറവർ അമ്പും വില്ലുമാണ് ആയുധങ്ങളായി ഉപയോഗിച്ചിരുന്നുവെന്നും വ്യക്തമാണ്.

**4.5.1.9 മള്ളർ**

ഉഴിഞ്ഞ മാലയും ചൂടി പോരിൽ സദാജയം നേടുന്നവരും ശത്രുക്കളുടെ മനസ്സിൽ ഭയം വളത്തുന്നവരും ശത്രുക്കളുടെ നാടുകൾ കൊള്ളയടിച്ചും ജീവിക്കുന്ന ജനവിഭാഗമാണ് മള്ളരെന്ന് പതിറ്റുപ്പത്തിൽ *പരണർ* ഇപ്രകാരം പാടുന്നു;

"വെൽറി മേവല് ഉരുകെഴു ചിറപ്പിർ
കൊണ്ടി മള്ളർ കൊൽ കളിറുപെറുക
മൻറമ് പടർന്തു മറുകുചിറൈ പൂക്കു"
(പതി.5:3:24–26)

യുദ്ധം ജയിച്ച മള്ളർ ആനന്ദിക്കുന്നതിനെ പറ്റി സൂചനകളുണ്ട്. 'കുളിരീർനീരിൽ കുളിക്കുന്നവരുടെ, ആരാവാരത്തോടു കലർന്ന് മള്ളരുടെ 'തടാരിപ്പറ' തെളിഞ്ഞു മുഴങ്ങുന്നുവെന്നു ഇപ്രകാരം പാടുന്നു;

"തൺപുനലാടുനർ ആർപ്പൊടു മയങ്കി
വെൺമ് പോർ മള്ളർ തെൺകിണൈ കറങ്ക"
(പതി.9.9:45)

"പോർ പടുമള്ളർ പോന്തൊടു തൊടുത്ത"
(പതി.7:6:14)

ഇതോടൊപ്പം തന്നെ യുദ്ധവിജയാഘോഷത്തിൽ ആർത്ത് ആർപ്പു വിളിച്ചു സന്തോഷിക്കുന്ന മള്ളർക്കൂട്ടത്തെ *കുറുന്തൊകയി*ലും കാണാം;

"മള്ളർ കുഴീഇയ വിഴവിനായും"
(കുറു.31:1)

"അട്ട മള്ളർ ആർപ്പുഇസൈ പെരുവും"
(കുറു.34:5)

#### 4.5.1.10 മഴവർ

'സേനഗണത്തിലുൾപ്പെടുന്ന മറ്റൊരു വിഭാഗമാണ് മഴവർ. വെച്ചിമാലയും വാകമാലയും തലയിൽ അണിഞ്ഞിരുന്ന മഴവരുടെ വിരത്തെപ്പറ്റി 'ഇറച്ചികൂട്ടാതെന്നു തോന്നാത്തവിധം തുവരയരച്ചുകലക്കി പാകം ചെയ്ത തുവയലും മാംസം ചേർത്തുവേവിച്ച വെളുത്ത ചോറും വേണ്ടുവോളം കഴിച്ച വീരരായ മഴവർ എന്ന് ' ചേരപ്രശസ്തി കാവ്യത്തിൽ ഇപ്രകാരം പാടുന്നു;

"ചെയ്യാൻ തോൻറാ വെൺതുവൈ മുതിരൈ
വാലൂൻ വല്ചിമഴവർ മെയ്യുറൈ"
(പതി.6:5:9)

നല്ലശക്തിയുള്ള നെടുവേലുള്ള യുവനേതാക്കളായ ഇവർ കുതിരപ്പടയോട്ടത്തിലും പ്രസിദ്ധരായിരുന്നുവെന്ന് താഴെകൊടുത്തിരിക്കുന്ന പാട്ടിൽ നിന്ന് വ്യക്തമാണ്;

"ഉരുവാക്കുതിരൈ മഴവർ ഓട്ടിയ"
(അകം.1:2)

"തെമ്മുണൈ ചിതൈത്ത കടുപരിവ് പുരവി
വാർ കഴർ പൊലിമ്ത വങ്കൻ മഴവർ"
(അകം.187:6-7)

കൂടാതെ ശത്രുക്കളെ പോരാടി ജയിച്ച ഇവർ അവരുടെ കന്നുകാലികളെയും മറ്റും തട്ടിയെടുത്തിരുന്നുവെന്ന് അകത്തിണയിലെ ഈ പാട്ടിൽ നിന്ന് വ്യക്തമാണ്;

"വയ വാൾ എറിമ്തു വില്ലിൻ നീക്കി
പയറ നിരൈ തഴീഇയാ കടുംങ്കാൻ മഴവർ

അപുചേൺ പടു ഉത്തുവൻ പുലത്തു ഉയ്ത്തെന്ന"
(അകം.309:1-3)

### 4.5.1.11 പാണർ

സംഘകാല ചേരനാട്ടിലെ പ്രധാനപ്പെട്ട വിഭാഗങ്ങളിലൊന്നാണ് പാണർ. *പതിറ്റുപ്പത്തിൽ*, 'പാണർ സദാ കൈയ്യിൽക്കൊണ്ടു നടക്കുന്നതും വളരെക്കാലം കൈവിരലുകളാൽ മീട്ടി വായിച്ചു പഴക്കം ചെന്നിട്ടുള്ളതുമായ പേരിയാഴിന്റെതന്ത്രികളെ ശ്രുതിക്കു ചേരും വിധം മുറുക്കി പലരാഗം ആലപിച്ചുകൊണ്ട്...'എന്ന് വിവരിച്ചുകൊണ്ട് ഇങ്ങനെ പരാമർശിക്കപ്പെടുന്നു;

"പാണർ കൈയതു പണിതൊടൈ നരമ്പിൻ
വിരല്കവർ പേരിയാഴ് പാപൈണ്ണിക്
കുരല് പുണർ ഇത്തിചൈത്തഴിഞ്ചിപാടി"
(പതി.6:7:6-9)

ഈ പാട്ടിൽ നിന്ന് പാണരുടെ തൊഴിൽ പ്രധാനമായും പാട്ടുപാടലാണെന്ന് വ്യക്തമാണ്. ഈ പാട്ടു പാടാനായി അവർ 'യാഴ്' എന്ന ഉപകരണമാണ് ഉപയോഗിച്ചിരുന്നതെന്ന്, 'രാഗമിണങ്ങിയ നല്ല യാഴുള്ള പാണൻന്മാർ യാഴ് വായിക്കുന്നതിൽ നിപുണനായ പാണാ' എന്നീ വിവരണങ്ങളിൽ നിന്ന് മനസ്സിലാക്കാം.

"പണ്ണമൈനൽ യാഴ്പ്പാൺ  കടുമ്പരുത്തി"
(പുറം.170;13)

"കടനറിമരപിർ കൈവല്പാണ"
(പതി.7.:7:3)

സമൂഹത്തിൽ ആദരണീയമായ സ്ഥാനം പാണർക്കുണ്ടായിരുന്നുവെന്നതിനെ കുറിക്കുന്ന *പുറം*പാട്ടാണിത്;

"പുലവുനാറുമെൻറലൈ തൈ വരുമനേ
അരുന്തലൈയിരും പാണരകൻ മണ്ടൈത്തുളൈയുരീഇ"
(പുറം.235:9-10)

പ്രണയിനികളുടെ സന്ദേശവാഹകരായും പ്രവർത്തിച്ചിരുന്ന ഇവർക്കു രാജസന്നിധിയിൽ സ്തുത്യർഹ്യമായ സ്ഥാനം ലഭിച്ചിരുന്നു. കൂടാതെ പാണർക്കു കുതിര, ആന എന്നിവയും വിവിധതരത്തിലുള്ള ആഭരണങ്ങളും  സമ്മാനമായി രാജാക്കൻമാരിൽ നിന്നു ലഭിച്ചിരുന്നു. പാണർക്ക് ചൂടാൻ *ചെങ്കുട്ടുവൻ* പൊൻ താമരപ്പൂ നൽകിയെന്ന്;

"പൈവ്പൊറ്റാമരൈ വാൺ ച് ചൂട്ടി"
(പതി.5:8:1)

പലതരം വിനോദങ്ങൾ കൊണ്ടും സകലർക്കും സന്തോഷമരുളിയ പാണർക്കും കൂത്തർക്കും ചെങ്കുട്ടുവൻ പൊൻപണങ്ങൾ കണക്കറ്റുനൽകിയെന്ന് *പരണർ* ഇങ്ങനെ പാടുന്നു;

"നകൈവരാര നൽകലഞ്ചിതറി
അടുചിറൈയറുത്ത നരമ്പുചേരിൻ കുരമ
പാടുവിറലിയർ പല്പിടിപെറുക"
(പതി.5.3:20-23)

കൂടാതെ പാണർ സ്വർണ്ണത്താമരപ്പൂ ചൂടുന്നതിന് *പെരുവഴുതി* ഇടയാക്കി എന്ന് *നെട്ടിമൈയാർ* പാടുന്നത് ഇപ്രകാരമാണ്;

"പാണർ താമരൈ മലൈയവും പുലവർ"
(പുറം.12:1)

പൊറൈയാൻ രാജാവ് പാണനുകൊടുത്ത സ്വർണ്ണസമ്മാനങ്ങളെപ്പറ്റി *നറ്റിണ*യിലുള്ള പരാമശം ഇങ്ങനെയാണ്;

"കാണവും നൽകായ് ആയിൻ പാണർ
പരിചില് പെറ്റ വിരിഉഴൈ നൽമാൻ"
(നറ്റി:185:3-4)

ഈവിധം സമൂഹത്തിൽ ഉയർന്ന സ്ഥാനം കൈവരിക്കച്ചവരും, സമ്മാനങ്ങൾ നിറയെക്കിട്ടിയവരാണ് പാണർ,എങ്കിലും സാമ്പത്തികമായി താഴെ ക്കിടയിലായിരുന്നു അവർ. പാണരുടെ ജീവിത സ്ഥിതിയെപറ്റി പുറം പാട്ടിൽ ഇപ്രകാരം പാടിയിരിക്കുന്നു. പശുക്കുട്ടം നിറഞ്ഞ വഴികൾ പലതും കടന്ന് മാൻകൂട്ടം നിറഞ്ഞ മലയിൽ കൂടി മീൻ കൂട്ടം നിറഞ്ഞ തുറകൾ പലതും നീന്തിക്കടന്നു വരുന്ന ചെറിയയാഴും പഴത്തുണി ഉടയുമുള്ള മൂത്തപണാ;

"മാതിനങ്കലിത്ത മറൈല വിന്നൊഴിയ
മിനിനങ്കലിത്ത തുറൈ പലനീന്തി
ഉള്ളിവന്ത വള്ളുയിർ ച്ചീറിയഴ്
ചിതാഅരുടക്കൈ മുതാ അരിപ്പാണ"
(പുറം.138:2-5)

കൂടാതെ,സമൂഹത്തിലെ താഴെക്കിടയിലുള്ള വരായിരുന്നു പാണർ എന്ന് *കലിത്തൊക*യിൽ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു;

"പൊയ്പോർത്തുപ് വാൺതലൈയിട്ട പലവൽ"
(കലി.85:22)

"പരിയാക് കവികൈപ് പുലൈയൻ തൻ യാഴിൻ"
(കലി.95:10)

പാണാരെ പില്ക്കാല തമിഴ് സാഹിത്യങ്ങളിൽ മാദംഗർ എന്നാണ് വിളിച്ചിരുന്നുവെന്നും രാജാവ് എഴുന്നുള്ളുന്നത് അറിയിക്കാനായി ഇവർ മുളവടി കൊട്ടികൊണ്ട് സൂചന നല്കിയിരുന്നതായി ഫാ.ഹെയ്ഗൽ സൂചിപ്പിക്കുന്നതായി എം.രാഘവയ്യങ്കാർ രേഖപ്പെടുത്തുന്നു.[38] ഇതിനു സമാനമായ തെളിവുകൾ *കുറുന്തൊക*യിൽ കാണാം;

"വെൺ കടൈയ് ചിറുകോല് അകവൻ മകളിർ
മടപ്പിടിപ് പരിചില്..."

(കുറു.298:6-7)

യാഴ്പാണർ, ഇസൈപാണർ,മണ്ണൈപ്പാണർ എന്നിങ്ങനെ പല തരത്തിലുള്ള പാണ വിഭാഗക്കാരുണ്ടായിരുന്നു. പാണരുടെ മുഖ്യതൊഴിൽ മീൻ പിടുത്തമായിരുന്നുവെന്ന് കാണിക്കുന്ന പാട്ടുകളും സംഘം പാട്ടുകളിൽ കാണാം. പാണസ്ത്രീകൾ മീൻ വിറ്റ് അരി വാങ്ങുന്നതിനെപറ്റി ഈവിധം വർണ്ണിക്കുന്നു;

"അഞ്ചില് ഓതി അചൈനടൈ പാൺമകൾ
ചീൻമീൻ ചൊരിന്തു, പല്നെല് പെറൂഉമ്
യാണർ ഊരനിൽ പാൺമകൻ
യാർനലം യിതൈയപ് പൊയ്ക്കുമോ ഉനിയേ?"

(ഐങ്കു.49)

പച്ചമാംസമിട്ടുനാറുന്ന തോൽസഞ്ചി തോളിൽ തൂക്കിയവനും മീൻ വിട്ടു പോകാതെ പിടിക്കാൻ സമത്ഥനുമായ പാണക്കുട്ടി ചൂണ്ടയിടുന്നതിനെപറ്റി *പെരുമ്പാണാറ്റുപ്പട*യിൽ ഇങ്ങനെ പാടുന്നു;

"പച്ചൂൻ പെയ്ത ചുവല്പിണിപൈന് തോറ്
കോള്വല് പാൺമകന് തലൈവലിത്തിയാത്ത
നെടുങ് കഴൈത്തുണ്ടി നടങ്കനാണ് കൊളിളക്"

(പെരു.282-284)

ഇപ്രകാരം സാമ്പത്തികമായി താഴെക്കിടയിലായിരുന്നു പാണരെങ്കിലും സമൂഹത്തിലെ എല്ലാവരാലും അംഗീകരിക്കപ്പെട്ടവരും രാജസന്നിധിയിൽ പ്രത്യേക പരിഗണനയും അവർക്കു ലഭിച്ചിരുന്നു. അതു കൊണ്ടാണ് പാണർകുലത്തെ കാത്തുരക്ഷിക്കുന്ന രാജാവാണ് ചെൽവകടും കോവാഴിയാതനെന്ന് *കപിലർ* ഇപ്രകാരം പാടുന്നത്;

"പാണർ പുരലവി പരിചിലർ വെറുക്കൈ"

(പതി.7:5:11)

പാണ വിഭാഗത്തോടു ബന്ധമുള്ള ജനവിഭാഗമാണ് *കോടിയർ*. തൊടരിപ്പറ മുഴക്കുന്ന കോടിയരെ പറ്റിയും നാടുകളിൽ ചെന്ന് പാട്ടുപാടുകയും ഉത്സവങ്ങളിൽ മിഴാവു മീട്ടുകയും ചെയ്തിരുന്ന കോടിയരെ പറ്റി സംഘ പാട്ടിൽ ഇപ്രകാരം പാടുന്നു;

"തൊടരിത്തെൺ കൺടെളിർ പ്പവൊറ്റിപ്"
(പുറം.368:15–16)

കോടിയർ ഒരു സ്ഥലത്തുന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്ന നാടോടികളായിരുന്നുവന്ന് ഈ പാട്ടുകളിൽ നിന്ന് വ്യക്തമാണ്;

"പാടിവന്തതു എല്ലാം കോടയിർ "
(പുറം.368:16)

"കോടിയർ പെരുങ്കിളൈ വാഴ ആടിയൽ"
(പതി.5.2:14)

പൊതു സ്ഥലങ്ങളിൽ *മറുകുചിറൈ* എന്ന വാദ്യം കൊണ്ടു സുന്ദരഗീതം ആലപിക്കുന്ന മറ്റൊരു വിഭാഗമാണ് *വൈരിയർ*;

"മൻറം പോന്തുമറുകുചിറൈ പാടും
വയിരിയ മാക്കൾ കുടുംപ ചിനീങ്ക"
(പതി.3:3:5–6)

കൂത്തരുടെ വിഭാഗത്തിലുൾപ്പെടുന്ന ഗണങ്ങളാണ് *അകവലൻ, പൊരുനർ*. ഗാനങ്ങൾ പാടി രാജാക്കൻമ്മാരിൽ നിന്ന് നിരവധി ഉപഹാരങ്ങളും ഈ വിഭാഗത്തിലുള്ളവർ നേടിയിരുന്നു;

"തോഴ്മുതിർ ചിമൈയക് കുൻറം പാടും
നൂൺ കോൽ അങ്കവനർ വേൺടിൻ വേൺ കോട്ടു
അണ്ണൽ യാനൈ ഈയും വൺ മകിഴ്
വെളിയൻ വേൺമാൻ ആ അയ് എയിനൻ"
(അകം.208;2–5)

കൈയ്യിൽ കമ്പ് വച്ച് പാട്ടു പാടുന്ന അകവലർക്ക് *എയിനൻ* ആനയെ സമ്മാനമായി കൊടുക്കുന്നതിനെപറ്റി പാടിയ അകം പാട്ടിലെപ്പോലെ,പാട്ടുപാടുമ്പോൾ അതിനൊപ്പം താളം പിടിക്കുന്നതിനായി കൊട്ടുന്ന ചെണ്ടക്കോലും അവരുടെ കൈയ്യിൽ എപ്പോഴും കാണാമെന്ന് പതിറ്റുപ്പത്തിലെ ഈ വരികളിൽ നിന്ന് വ്യക്തമാണ്;

"അകവലൻ പെറുക മാവേ എൻറും
ഇകല്വിനൈ മേവലൈ യാകലിൻ കൈവരും"
(പതി.5:3:28:29)

പാട്ടു പാടുന്ന സ്ത്രീകളെ പാടിനിയെന്നും,വിറലികളെന്നും വിളിച്ചിരുന്നു. പാട്ടു പാടുന്നതോടൊപ്പം നൃത്തം ചെയ്യലിലും ഇവർ സമർത്ഥകളായിരുന്നുവെന്ന് *പതിറ്റുപ്പത്തിൽ* ഇപ്രകാരം വർണ്ണിക്കുന്നു;

"പാടു വിറലിയർ പല് പിടിപെറുക"
(പതി.5:3:22)

"മറം പാടിയ പാടിനിയുമ്മേ"
(പുറം.11:11)

കൂടാതെ വിളങ്ങുന്ന നെറ്റിത്തടത്തോടു കൂടിയ സുന്ദരികളായ വിറലികളുടെ നൃത്തം കൊണ്ടും,ആട്ടവും പാട്ടും കുരവയും കൊണ്ട് നഗരങ്ങൾ വിലസുന്നുവെന്നു *പതിറ്റുപ്പത്തിൽ* ഈവിധം പാടുന്നു;

"നന്നുതല് വിറലിയർ ആടും
തൊണകർ വരൈപ്പിനവർ ഉരൈയാനാവേ"
(പതി.5:7:7-8)

"വിളവു കൊൾ മൂതുഉർ വിറലി പിൻറൈ
മുഴവൻ പോല"
(അകം.352:5-6)

ഇവർക്കും രാജസന്നിധിയിൽ നിന്ന് സമ്മാനങ്ങൾ ലഭിച്ചിരുന്നു. പാണർക്കു ചൂടാൻ പൊൻതാമരപ്പൂവും അഴകറ്റനെറ്റിത്തടത്തോടും കൂടിയ വിറലികൾക്കു മാറിലണിയാൻ പൊന്നരിമാലയും ചെങ്കുട്ടുൻ സമ്മാനിച്ചതായി *പതിറ്റുപ്പത്ത്* അഞ്ചാം പതികത്തിൽ ഇപ്രകാരം പാടുന്നു;

"വൈമ്പൊറ്റാമരൈ പാണർ ച്ചൂട്ടി
ഒണ്ണുതൽ വിറലിയർ ക്കാരം പൂട്ടി"
(പതി.5:8:1-2)

#### 4.5.1.12 വേലൻ

സംഘകാല ചേരനാട്ടിലെ പ്രബലമായ ജനവിഭാഗമായിരുന്നു വേലൻ. ശ്രീമുരുകന്റെ പൂചാരിയായ വേലൻ ശ്രീമുരുകന്റെ ആയുധമായ വേൽ പിടിച്ച് ആടുന്നതുകൊണ്ടാണ് (തുള്ളുന്നതുകൊണ്ടാണ്) വേലൻ എന്നുവിളിക്കുന്നത്.[39] ശ്രീമുരുകന്റെവെളിച്ചപാട് നടത്തുന്ന ഈ തുളളലിനെ വെറിയയർതൽ, വെറിയാടൽ, വെറിയാട്ടു എന്നിങ്ങനെ സംഘ സാഹിത്യത്തിൽ പരാമശിക്കപ്പെടുന്നു. പെൺകൊടികൾ വിരഹദു:ഖത്താൽ വിഷമിച്ചിരിക്കുന്നതു കാണുന്ന മാതാപിതാക്കൾ കാര്യം മനസ്സിലാകാതെ തന്റെ മകൾക്ക് മുരുകദോഷം ഉണ്ടെന്ന് കരുതി വേലന്റെ അരികിൽ വന്ന് ദോഷപരിഹാരങ്ങൾ ചെയ്യുന്നു. ഇങ്ങനെ ശ്രീമുരുകന്റെ വെളിച്ചപാടായി വരുന്ന കർമ്മികളാണ് വേലന്മാർ. *വെറി* എന്ന പദത്തിന് 'മണം'(കല്ല്യാണം) എന്ന പഴന്തമിഴ് പദവുമായി ബന്ധമുണ്ട്. ശ്രീമുരുകൻ കല്ല്യാണം കഴിക്കാത്ത പെൺ കൊടികൾക്ക് ദോഷം ചെയ്യുന്നുവെന്ന് വിശ്വാസം പഴന്തമിഴ്

നാട്ടിലുണ്ടായിരുന്നു.[40] സംഘകവിതകളിൽ വെറിയാടുമായി ബന്ധപ്പെട്ടാണ് വേലന്മാരെക്കുറിച്ച് പരാമർശങ്ങളുള്ളത്. പെൺകുട്ടിയുടെ വീടിന്റെ മുറ്റത്താണ് വെറിയാടലിന്റെ കളങ്ങൾ ഒരുക്കുന്നത്. കോമരം തുള്ളുന്നതുപ്പോലെ വേലൻ തുള്ളുന്നു. ആടിനെ അറുത്ത് തിനയരിയോട് ചേർത്ത് അതിനെയവിടെ തൂക്കുന്നു;

"അരുമ്പുമുതിർ വേങ്കൈ അലങ്കൽ മെൻ ചിനൈച്
ചുരുമ് പുവായ് ചിറന്ത പൊൻപുരൈ നൂൺ താതു
മണിമരുൾ കലവത്തു ഉറൈപ്പ, അണിമിക്കു
അവിർ പൊരി മഞ്ഞൈ ആടുമ് ചോലൈപ്
പൈന്താട് ചെന്തിനൈക് കൊടുങ്കുരൽ വിയൻപുനമ്
ചെന്താർക കിളൈള നമ്മൊടു അകടിന്തോൻ
പൺപുതാ വന്തമൈ അറിയാൾ,നൂൺകേഴ്
അറിപുരൈ എഴിൽ നലത്തു എൻമകൾ തുയാമ്രുങ്കു
അറിതൽ വേൺടും എന, പല്പിരപ്പു ഇരീഇ,
അറിയാ വേലൻ തരീഇ അനൈനൈ,
വെറി അയർ വിയൻ കള പൊലിയ എത്തി,
മറിഉയിർ പഴങ്കാ അളവൈ, ചെൻറുയാമ്,
ചെലവരത് തുണിന്ത, ചേൺ വിളങ്കു എൽവളൈ
നെകിഴന്തു മുൻകൈ നേർ ഇറൈപ് പണൈത്തോൾ
നൽഎഴിൽ അഴിവിൻ തൊല്കവിൻ വെറിഇയ
മുകിഴ്ത്തുവരൽ ഇളമുലൈ മൂഴ്ക, പൽഊഴ്
ഇയങ്കൽ ഇയൈവതു മൻനോ-തോഴി
നറൈകാൽ യാത്ത നളിർ മുചൈച് ചിലമ്പിൽ
പെരുമലൈ വിടരകമ് നീടിയ ചിറിയിലൈച്
ചാന്ത മെൻചിനൈ തീണ്ടി,മേലതു
പിരചമ് തൂങ്കും ചേൺ ചിമൈ
വരൈയക വെറ്പുൻ മണന്ത മാർപേ !"

(അകം.242)

മുടി കെട്ടാതെയും കൈയ്യിലെ വള ഊരി പോകുംവിധം ശോഷിച്ചതുമായ മകളുടെ അവസ്ഥ കണ്ട് മുരുകന്റെ ദോഷം കൊണ്ടാണെന്ന് കരുതി വെറിയാടലിനുവേണ്ടി ഒരുക്കങ്ങൾ ചെയ്യുന്നു. പന്തലിൽ കടമ്പ് പൂക്കൾ കൊണ്ടു അലങ്കരിക്കുകയും മുരുകനെ സ്തുതിച്ച് പാട്ടു പാടുകയും വേലൻ വെറിയാടുകയും ചെയ്യുന്നതിനെ പറ്റി ഇതേപോലെ അകം 98-ാം പാട്ടിലും വർണ്ണിക്കുന്നുണ്ട്.

വെറിയാട്ടം കഴിഞ്ഞ കളം പൂക്കളെല്ലാം വീണുകിടക്കുന്ന മുല്ലനിലത്തെപോലെയും, കുരങ്ങൻ പൂമരത്തിൽക്കയറി കളിക്കുമ്പോൾ പൂക്കൾ ഉതിർന്നു വീണു കിടക്കുന്നതു പോലെയാണ് എന്നും; ഇപ്രകാരം വർണ്ണിക്കുന്നു.

"വേറിയയർ കളത്തുച് ചിറുപല താ അയ"

(അകം.114:2)

"അതിർ കുറൽ മുതുകലൈ കറി മുറി മുലൈ ഇ
ഉയർ ചിമൈ നെടുങ് കോട്ടുകള ഉതക്ക
കമഴിതഴ് അലറിതാ അയ് വേലൻ
വെറിയയ പിയൻ കളം കടുക് കുക്
പെരുവരൈ നൺണിയ ചരാലാനേ"
(അകം.182;14-15)

ഈ വിധം വെറിയാടലുമായി ബന്ധപ്പെട്ട് സംഘ സാഹിത്യത്തിൽ ഉടനീളം കടന്നുവരുന്ന ജനവിഭാഗമാണ് വേലന്മാർ.

**4.5.1.13 അന്തണർ**

സംഘ സാഹിത്യത്തിൽ അന്തണർ, പാർപ്പർ എന്നീ പേരുകളിലാണ് ബ്രഹ്മണർ അറിയപ്പെട്ടിരുന്നത്. സമൂഹത്തിൽ എല്ലാവരാലും അംഗീകരിക്കപ്പെട്ടവരായിരുന്നു ഇവർ. മലൈമാൻ തിരുമുടിക്കാരിയെപറ്റി *മാറോക്കത്തു നപ്പചാലൈയാർ* പാടിയ പുറം. 126-ാം പാട്ടിൽ അന്തണരുടെ പ്രാധാന്യത്തെപറ്റി ഇങ്ങനെ പാടുന്നു;

"പുലപഴുക്കാറ്റവന്തണാളൻ"

'ഭൂമിയിൽ വസിക്കുന്ന സമുന്നതരായ ജനങ്ങളേക്കാളും അറിവിനെ സംബന്ധിച്ചിടത്തോളം കളങ്കമറ്റ അന്തണനാണ് കപിലൻ' എന്ന് വ്യാഖ്യാനം. ഈ പാട്ടിൽ നിന്ന് അറിവിനെ സംബന്ധിച്ചിടത്തോളം അന്തണർ അവസാന വാക്കായിരുന്നുവെന്നും,സമൂഹത്തിൽ പ്രാധാന്യം ലഭിച്ചിരുന്ന വിഭാഗമായിരുന്നുവെന്നും, വ്യക്തമാണ്. മറ്റൊരു പുറം പാട്ടിൽ 'മോഷം ആഗ്രഹിച്ചു ഇന്ദ്രിയങ്ങളിന്മേൽച്ചെല്ലുന്ന അഭിലാഷത്തെ നിയന്ത്രിച്ച അന്തണർ എടുത്ത മുത്തീപ്പോലെ.....' എന്ന് പറയുന്നു.

"ഒൻറു പുരന്തടങ്കിയ വിരുപിറപ്പാളർ
മുത്തീ പ്പുരൈ ക്കാണ്ടകവിരുന്തു"
(പുറം.367:11-12)

ഈ പാട്ടിൽ നിന്നും അന്തണർ മുത്തിയെ ആരാധിച്ചിരുന്നുവെന്നും വ്യക്തമാണ്. വേദപാരായണവും വേദോപദേശവും ചെയ്ത് പരിശുദ്ധിയാർന്ന നാവോടുകൂടിയവരും കീർത്തിയേറിയ മഹായജ്ഞങ്ങൾ പലതും മുടങ്ങാതെ നടത്തിയിട്ടുള്ള അന്തണർ എന്നും പതിറ്റുപ്പത്ത് ഇങ്ങനെ പാടുന്നു;

"ഉരൈ ചൊല് വേൾവി മുടിത്ത കേൾവി
അന്തണർ അരുങ്കല മേർപ നിർ പട്ടു"
(പതി.7:4-5)

ഐങ്കറുനൂറിലും സമാനമായൊരു പാട്ടുണ്ട്;
"പകൈവർ പുൽ ആമക ! പാർപ്പർ ഓതുക"
(ഐങ്കു.4:2)

ഈപാട്ടുകളിൽ നിന്ന് ബ്രാഹ്മണർ വേദപാരായണവും വേദോപദേശവും സ്ഥിരമായി ചെയ്തു പോന്നിരുന്നുവെന്ന് മനസ്സിലാകുന്നു. മറ്റൊരു പാട്ടിൽ ബ്രാഹ്മണരുടെ കർമ്മങ്ങൾ 'അദ്ധ്യയനം, യജ്ഞം, യാജനം, ദാനം, പ്രതിഗ്രഹണം തുടങ്ങി ആറ് കർമ്മങ്ങൾക്കും അധികാരികളായ അന്തണർ' ഇപ്രകാരം പാടുന്നു;

"ഓതൽ വേട്ടൽ അവൈ പിറർച്ചെയ്തൽ
ഇതൽ ഏറ്റൽ എൻറാറു പുരിഞ്ഞൊഴുകും
അറം പുരിയന്തണർ വഴി മൊഴിന്തൊഴുകി"
(പതി.3:4:6-8)

അന്തിവേളയിൽ അന്തണരുടെ കഠിനകർത്തവ്യമായ ആഹുതി ചെയ്യുന്ന അഗ്നിത്രയ ത്തോടുകൂടി എന്ന് പുറപ്പാട്ടിൽ ഇപ്രകാരം വർണ്ണിക്കുന്നു;

"അന്തിയന്തണരരുങ്കട നീറുക്കും"
(പുറം.2:22)

സൽസ്വഭാവങ്ങളുടെ അധിപന്മാരായിട്ട് കണ്ടിരുന്ന ബ്രഹ്മണരുടെ യാത്രകളിൽ സൂര്യന്റെ ചൂടിൽ നിന്ന് രക്ഷനേടാനായി കുടയും അതോടൊപ്പം ഒരു പെണ്ണാടിനെയും അവർ തോളിൽ ക്കയറ്റി പോയിരുന്നതായി *കലിത്തൊകയിൽ* ഈവിധം വിവരിക്കുന്നു;

"എറിത്തരുകതിർതാങ്കി ഏന്തിയ കുടൈനീഴൽ
ഉറിത്താഴ്ന്ത കരകമ്യം ഉരൈ ചാൻറ മുക്കോലും
നെറിപ്പടച് ചുവല്ആസൈ ഈ വേറുഓരാനെഞ്ചാത്തുക്ക്
കുറിപ്പുഏവൻ ചെയല് വാലൈക് കൊളൈനടൈ
അന്തണീർ"
(കലി.9:1-4)

സമൂഹത്തിൽ നിന്ന് ബ്രാഹ്മണർക്ക് അംഗീകാരം ലഭിച്ചതിന് ഉദാഹരണമാണ് ചെൽവകടും വാഴിയാതൻ വേദജ്ഞരല്ലാത്ത ബ്രാഹ്മണരല്ലാതെ മറ്റാരെയും വണങ്ങുന്നവനല്ല എന്ന് *പതിറ്റുപ്പത്തിൽ* ഈവിധം വർണ്ണിക്കുന്നു;

"പാർപ്പാർക്കല്ലതു പണിപറിയലൈയേ"
(പതി.63:3:1)

ഇങ്ങനെ സമൂഹത്തിൽ അംഗീകരിക്കപ്പെട്ടതും നല്ല സ്ഥാനവുമുണ്ടായിരുന്ന ജനവിഭാഗമായിരുന്നു അന്തണരെന്ന് ഈ പാട്ടുകളിൽ നിന്ന് വ്യക്തമാണ്.

സമൂഹത്തിലെ വിവിധ തൊഴിലുകളുമായി ബന്ധപ്പെട്ടു ജീവിച്ചിരുന്ന ഈ ജനവർഗ്ഗങ്ങൾ അവരുടെ ജീവിതരീതിക്കനുസൃതമായി സമൂഹത്തിൽ അറിയപ്പെട്ടിരുന്നുവെന്ന് മേൽപ്രസ്താവിച്ച പാട്ടുകളിൽ നിന്ന് വ്യക്തമാണ്. ഈ ജനവിഭാഗങ്ങളിൽ പ്രധാനമായും പാണൻ, വേലൻ, തച്ചൻ എന്നിവ ഇന്നും കേരളത്തിൽ സംഘകാലത്തുണ്ടായിരുന്ന അതേ തൊഴിലുകളുമായി ബന്ധപ്പെട്ടു ജീവിച്ചുവരുന്നുണ്ട്. ഇന്നത്തെ തമിഴ്നാട്ടിൽ പാണൻ എന്ന ജനവിഭാഗമില്ല, വേലൻ എന്ന ജനവിഭാഗം ഉണ്ടെങ്കിലും പാരമ്പര്യമായ ചാത്തൻ പൂജയും, മുരുകൻ പൂജയും അവർ പിൻന്തുടർന്നില്ല.സംഘകാലകൃതികളിൽ പരാമശിക്കുന്നതുപോലെ 'തച്ചൻ' എന്ന പേരിലല്ല 'തച്ചെർ' എന്ന പേരിലാണ് 'വിശ്വകർമ്മ'വിഭാഗം ഇപ്പോൾ അവിടെ അറിയപ്പെടുന്നത്. എന്നാൽ ഇന്നും കേരളത്തിൽ 'തച്ചൻ' എന്ന പ്രയോഗം നിലവിലുണ്ട്. 'പാണൻ'വിഭാഗം കേരളത്തിൻെറ സാംസ്ക്കരികചരിത്രത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണ്. വടക്കൻ പാട്ടുകളിലും മറ്റ് ഐതീഹ്യങ്ങളിലും സംഘകാലത്തെ പാട്ടുകാരെന്ന പോലെ അവർ കടന്നുവരുന്നു. ഇന്നും കർക്കിടക മാസത്തിൽ വീടു വീടാന്തരം കയറി പാട്ടു പാടുന്ന പുള്ളുവൻ സംഘം പാണൻന്മരുടെ വിഭാഗമാണെന്ന് *'കാസ്റ്റസ് ആന്റ് ട്രൈബ്സ് ഓഫ് സൗത്ത് ഇന്ത്യ'* എന്ന ഗ്രന്ഥത്തെ ഉദ്ധരിച്ചുകൊണ്ട് *എം.രാഘവയ്യങ്കാർ* രേഖപ്പെടുത്തുന്നു.[41,42,43] വേലന്മരുടെ ആചാരങ്ങളും, വേലൻ തുള്ളലും,വെറിയാടലും ഇന്നും കേരളത്തിലെ വേലൻമ്മാർ അനുഷ്ഠിച്ചു പോരുന്നുണ്ട്. കേരളത്തിലെ കാസർഗോഡ് തുടങ്ങിയ മലബാർ ജില്ലകളിൽ പഴന്തമിഴിൽ പറയുന്ന വേലൻ അവരുടെ ആചാര പ്രകാരം ഇന്നും നിലനിൽക്കുന്നു. ഇന്നും ഇവരുടെ ഉത്സവങ്ങളിൽ വേലാട്ടം അഥവാ തെയ്യം കാണുന്നുണ്ട് എന്നും ഭക്തവത്സലഭാരതി പറയുന്നു.[44]

ചാത്തൻ വഴിപാടിനെ പറ്റിയും സംഘകാലത്ത് നിരവധി പരാമശങ്ങളുണ്ട്. ഇന്നും വേലന്മാർ ചാത്തൻ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നത് ഈയൊരു പാരമ്പര്യ തുടർച്ചയെ ഓർമ്മിപ്പിക്കുന്നു. മത്സ്യബന്ധനം നടത്തി ജീവിച്ചിരുന്ന *പരതവർ* എന്ന സംഘകാല ചേരജനത പില്ക്കാല ചേരനാട്ടിൽ അന്യംനിന്നു പോകുകയും പരവർ എന്ന പേരിൽ തമിഴ്നാട്ടിൽ അതേ തൊഴിലോടെ ഇന്നും നിലനിൽക്കുകയും ചെയ്യുന്നുണ്ട്.[45] ഗോസമുദായങ്ങളിൽ സംഘകാലത്ത് പരാമർശിക്കുന്ന അതേ പേരോടെ ഇന്നും ഇടയർ കേരളത്തിലുണ്ടെങ്കിലും ഇവരുടെ പാരമ്പര്യ തൊഴിൽ അന്യം നിന്ന് പോയിരിക്കുന്നു. വേട്ടുവർ, കുറവർ എന്നി വിഭാഗങ്ങൾ ഇന്നും അതേ പേരിൽ കേരളത്തിൽഉണ്ടെങ്കിലും സംഘകാലതൊഴിലുകൾ അവർ പിന്തുടരുന്നില്ല. *കുറവർ* മുളകൾ കൊണ്ടുള്ള വടികളും മറ്റും ഉണ്ടാക്കി വില്ക്കുന്നുണ്ട്. എയിനർ,വില്ലർ എന്നി പോർ വിഭാഗങ്ങൾക്ക് സമാനമായ പേരോടുകൂടിയ ജാതിവിഭാഗം പില്ക്കാല ചേരനാട്ടിൽ ഇല്ലെങ്കിലും വില്ലവർ ഈഴവരാണെന്ന് പറയുന്നുണ്ട് 'കേരളത്തിലെ ആദ്യ രാജാവ് ചേരവംശജനായ ആതനാണ്. ചേരരാജാക്കൻമ്മാർ വില്ലവർ (ഈഴവർ) ആയിരുന്നു. കേരളത്തിലെ പ്രബല സമുദായം വില്ലവരായിരുന്നു. ഈഴവരെന്നും തീയരെന്നുമാണ് ഇപ്പോൾസാധാരണ പറയാറുള്ളത്. പഴയകാലത്ത്,വില്ലവർ,ചേകോൻ ഈ പദങ്ങൾക്കായിരുന്നു പ്രചാരം. വില്ല് അവരുടെ കൊടിയടയാളമായിരുന്നു. അവരുടെ ആയുധവും വില്ലുതന്നെ' എന്ന് ഇളംകുളത്തെ ഉദ്ധരിച്ചുകൊണ്ട് എൻ.ആർ.കൃഷ്ണൻ രേഖപ്പെടുത്തുന്നു. കൂടാതെ വില്ലവരും തീയരും ഈഴവരും ഒരേ സമുദായമാണെന്നു എസ്.എൻ.ഡി.പി യോഗ റൂളിലും രേഖപ്പെടുത്തിയതായി അദ്ദേഹം പറയുന്നു.[46]

ഇങ്ങനെ പ്രകൃതിയുടെയും സമൂഹത്തിന്റെയും സാഹചര്യത്തിനൊത്ത് തൊഴിലിലേർപ്പെടുകയും ചെയ്ത ഈ ജനവിഭാഗങ്ങളാൽ രൂപീകൃതമായ അവരുടെ സാംസ്ക്കാരികാംശങ്ങളെയാണ് തുടർന്ന് അടയാളപ്പെടുത്തുന്നത്.

### 4.5.2 സാമൂഹ്യജീവിതം

സംഘകാല ചേരനാട്ടു സമൂഹത്തിൽ സ്ത്രീകൾക്ക് പ്രത്യേക സ്ഥാനമുണ്ടായിരുന്നു. കായിക ജോലികളെല്ലാം പുരുഷനാണ് ഏറ്റെടുത്തു നടത്തിയിരുന്നതെങ്കിലും സമൂഹത്തിൽ സവിശേഷമായൊരു സ്ഥാനം സ്ത്രീകൾക്കുണ്ടായിരുന്നതായി പഴന്തമിഴ് പാട്ടുകൾ തെളിവുകൾ നൽകുന്നുണ്ട്. ഔവ്വൈയാർ എന്ന കവയത്രിയുടെ വരവുമായി ബന്ധപ്പെട്ട ഈ പാട്ടിൽ നിന്നു സ്ത്രീയുടെ മഹത്വത്തെ പറ്റിമനസ്സിലാക്കാം;

"ഇവ്വേ,പീലിയണിന്തു മാലൈ ചൂട്ടിക്
കണ്ടിരണോൻ കാഴ്തിരുത്തിനെയ്യണിന്തു
കടിയുടൈ വിയനകരവ്വേയ്യവ്വേ
പകൈവർക്കുത്തിക്കോടുനു തിചിതൈന്തു
കൊറ്റുറൈക്കുറ്റില മാതോ വെൻറും
ഉണ്ടായിർ പതങ്കൊടുത്
തില്ലായിനുടനുണ്ണം
ഇല്ലോരൊക്കറ്റലൈവൻ
അണ്ണലൈങ്കോമാൻ വൈന്നുതിവേലേ"

(പുറം.95)

"തൊണ്ടനാട്ടിലെ അധിപൻ അതിയമാനോടു വൈര്യമുള്ളവനായിരുന്നു. തന്റെ സൈന്യം വളരെ വലുതാണെന്ന് അഹങ്കാരവും അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ട്,യുദ്ധത്തിന്റെ തിന്മകളെ പറ്റി മനസ്സിലാക്കിക്കൊടുക്കാൻ ഔവ്വയാറെ കണ്ടപ്പോൾ *തൊണ്ടെമാൻ* തന്റെ വീരത്വത്തെ പ്രദർശിപ്പിക്കും വണ്ണം. ആയുധപ്പുര കാണിച്ചുകൊടുക്കുകയും ചെയ്തു. *തൊണ്ടമാന്റെ* ഈ മനോഭാവം ഗ്രഹിച്ച ഔവ്വയാർ *തൊണ്ടമാനെ* സ്തുതിക്കും വിധത്തിൽ, ഈ ആയുധങ്ങൾ ഭംഗിയായിരിക്കുന്നു, അതിയാമന്റെ ആയുധങ്ങൾ പലതരം കേടുപാടുകൾ നിമിത്തം കൊല്ലന്റെ പണിപ്പുരയിലാണ് എന്ന് പറഞ്ഞു യുദ്ധത്തിന്റെ മോശാവസ്ഥ പ്രകടിപ്പിച്ചുകൊണ്ട് അതിയാമനെ സ്തുതിക്കുന്നു. അതിയാമന്റെ ദൂതായി ഔവ്വയാർ തൊണ്ട നാട്ടിലേക്ക് പോകുന്നതിൽ നിന്നു തന്നെ സ്ത്രീക്ക് സമൂഹത്തിൽ കിട്ടിയിരുന്ന പ്രധാന്യം വ്യക്തമാണ്.

കുടുംബമായി ബന്ധപ്പെട്ടജോലികളിലാണ് സ്ത്രീകൾ പ്രധാനമായും ഏർപ്പെട്ടിരുന്നത്. സ്ത്രീകളുടെ പ്രധാനചുമതല അവരുടെ ഭർത്താവിനെ പരിചരിക്കുക എന്നതായിരുന്നുവെന്ന് കുറുന്തൊകൈ യിലെ ഈപാട്ടിൽ നിന്ന് വ്യക്തമാണ്;

"വിനൈയേ അടാവർക്കു ഉയിരേ വാഴ്നുടൽ
മനൈ ഉരൈ മകളിർക്കു ആടവർ ഇയിൽ എന"

(കുറു.135:1–2)

കർപ്പും കളവും എന്ന ഗാന്ധർവ്വ വിവാഹ സമ്പ്രദായ രീതികളെ പറ്റി സംഘകാല കൃതികളിൽ കാണാമെങ്കിലും ദൈവീകമായ മംഗല്ല്യചടങ്ങ് എന്ന തലത്തിൽ മാതാപിതാക്കളുടെ അറിവോടെയുള്ള കല്ല്യാണമാണ്അംഗീകരിച്ചിരുന്നത്. മാതാപിതാക്കളുടെ സമ്മതത്തോടെ കൂടി തന്നെയാണ് ഭൂരിഭാഗം കല്ല്യാണവും നടന്നിരുന്നത്. സാധാരണയായി വധുവിന്റെ വീട്ടിൽ വച്ചായിരുന്നു കല്ല്യാണം നടന്നിരുന്നത്. ഇതി 'വടുവൈ മണം' എന്നാണ് പറഞ്ഞിരുന്നത്. ചിലമ്പ് അഴിച്ചുവെച്ച് എന്റെ വീട്ടിൽ വച്ച് കല്ല്യാണം നടക്കണമെന്ന് കാമുകി പറയുന്ന രംഗം *ഐങ്കുറുന്നൂറിൽ* കാണാം;

"നൂമ്മനൈച് ചിലമ്പു കഴിഇ അയരിനു
എമ്മനൈ വതുവൈ നല്മണം കഴിക എച്"

(ഐങ്കു.399:1–2)

വധുവിന്റെ വീട്ടിൽ വച്ചു നടക്കുന്ന കല്ല്യാണചടങ്ങിൽ അമ്മയ്ക്കായിരുന്നു പ്രധാന ചുമതലകൾ നിർവഹിക്കേണ്ടിയിരുന്നത്.

"തായതൻ ചെമ്മൽ കൺടുകടൻ ഇറുപ്പ,
മുഴവുമുകം പുലരാ വിഴവുടൈ വിയല്നകർ"

(അകം.397:2–4)

വീടിന്റെ മുറ്റത്ത് ഭംഗിയായി അലങ്കരിച്ച പന്തലിലാണ് കല്ല്യാണം നടന്നിരുന്നതെന്ന് *അകത്തിണപ്പാട്ടിൽ* ഇപ്രകാരം വർണ്ണിക്കുന്നു;

"തൺപെരും പന്തർത്തരു മണൽ ഞെമിരി
മനൈവിളക് കുറുത്തു, മാലൈ തൊടരി"

(അകം.86:3–4)

വധുവിന്റെ കഴുത്തിൽ ഇലകൾകൊണ്ടും പൂക്കൾ കൊണ്ടും മുള മാലകൾ ചാർത്തിയിരുന്നവെന്നും, കാലിലെ ചിലമ്പ്അഴിച്ചു മാറ്റുന്നത് പ്രധാനപ്പെട്ട ചടങ്ങായിരുന്നവെന്നും, ഈ പാട്ടുകളിൽ നിന്ന് വ്യക്തമാണ്;

"മൺണുമണി അന്ന, താഴക്പ്പാവൈത്
തൺ നറു മുകൈയൊടു വെൺനൂൽ കൂട്ടി"

(അകം.136:13–14)

"നുമ്മനൈച് ചിലമ്പു കഴീഇ അയരിനും
എമ്മനൈ പതുവൈ നല്മണം കഴിക"

(ഐങ്കു.399:1–2)

കല്ല്യാണത്തിന് പങ്കെടുക്കാനെത്തിയവർക്കെല്ലാം പാനിയങ്ങൾ നൽകിയിരുന്നതായി കലിത്തൊകയിലെ 114:3-4 എന്നീവരികളിൽ നിന്ന് വ്യക്തമാണ്. പുറം പാട്ടിലും ഇതിനെപ്പറ്റിസൂചനയുണ്ട്:

"വടുവൈ വിഴാവിൻ പുതുപോർക്കു എല്ലാം
വെയ്യായ്പ പെയ്ത പൂഉത നീർ ചാൽക"
(പുറം .372:10-11)

അകത്തിണയിലെ പാട്ടുകളിൽ നിന്ന് കല്ല്യാണത്തിനുശേഷം പുതിയ കുടുംബം വേർപിരിഞ്ഞു അവരുടെ സ്വന്തമായ ജീവിതം കെട്ടിപ്പടുത്തുയർത്തിയിരുന്നുവെന്നു മനസ്സിലാക്കാം. നായകൻ,നായിക,നായികയുടെ തോഴി അല്ലെങ്കിൽ സഹായി എന്നിവരുള്ള ഒരു കുടുംബ വ്യവസ്ഥയാണ് അകത്തിണയിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്. നായികയുടെ മക്കളെ സംരക്ഷിക്കുക എന്നതായിരിക്കുനം മിക്കവാറും തോഴിയുടെ കർമ്മം സ്വഭാവികമായും തോഴിയുടെ മക്കളും നായികയുടെ മക്കളും തമ്മിലുളള ചങ്ങാത്തത്തിന് ഇതു വഴിയൊരുക്കുകയും ചെയ്യുന്നു. ഇങ്ങനെ ഭാര്യ,ഭർത്താവ്,ഭാര്യയുടെ തോഴി, അവരുടെ മക്കൾ ചേർന്ന ചെറിയ കുടുംബമായിരുന്നു സംഘ കാലത്തുണ്ടായിരുന്നതെന്ന് അകത്തിണയിലെ കാവ്യങ്ങളെ മുൻനിർത്തി പറയാം

കുട്ടിയുടെ ജനനം കുടുംബത്തിന് മുഴുവനും ആഹ്ളാദം നല്ക്കുന്ന മുഹൂർത്തമായിരുന്നു. കുടുംബത്തിൽ ആൺകുട്ടിയുടെ ജനനം വിശേഷമായികണ്ടിരുന്നു;

"ഒൺ ചുടർപ് പാൺടിൽ ചെഞ്ചുടർ പോല,
മനൈ ക്കുവിളക്കു ആയിനൾ മൻറ കളൈപ് പെയൽ
പൂപ്പല അണിന്ത വൈപ്പിൻ
പുറഅണിനാടൻ പുതൽ വൻ തായേ"
(ഐങ്കു.405:1-4)

അമ്മ കുട്ടിക്ക് പ്രധാനമായും മുലപാലാണ് ഊട്ടിയിരുന്നത്, കുട്ടികൾ പാലിനുവേണ്ടി കരയുന്നതിനെപറ്റി ഇപ്രകാരം ഐങ്കുറുനൂറിൽ പാടുന്നു;

"കാതല്അംപുതല് വൻ അവുമ് ,ഇനി മുലൈക്കേ"
(ഐങ്കു.424:4)

ജനിക്കുന്ന കുട്ടി ആണാണെങ്കിൽ അവർക്ക് സാധാരണയായി അച്ഛന്റെ പേരുതന്നെയാണ് വച്ചിരുന്ന തെന്ന് ഐങ്കുറുനൂറിലെ ഈ പാട്ടിൽ നിന്ന് മനസ്സിലാക്കാം;

"അകൻ പെരും ചിറപ്പിൻ തന്തൈ പെയരൻ"
(ഐങ്കു.403:3)

രാജ്യത്തിന്റെ കീർത്തിക്കു വേണ്ടിയുള്ള നല്ല പൗരന്മാരായി കുട്ടികളെ വാർത്തെടുക്കാനാണ് അക്കാലത്തെ സ്ത്രീകൾ ശ്രമിച്ചിരുന്നത്. 'മാതാവ് മക്കളെപ്പെറ്റു വളർത്തുകയും പിതാവ് അവരെ വേണ്ടവിധം വിദ്യഭ്യസിപ്പിക്കുകയും ചെയ്യണം. മക്കളുടെ കടമ യുദ്ധത്തിൽ

ചെന്ന് ശത്രുക്കളുടെ കൊലയാനകളെ കൊന്നിട്ടു മടങ്ങിവരികയെന്നാണ്, എന്ന് പുറം 312 -ാം പാട്ടിൽ ഇങ്ങനെ പാടുന്നു;

"ഇൻറു പുറന്തരു തലെൻറലൈക്കടനേ
ചാൻറോ നാക്കു തക്കന്തെ ക്കു ക്കടനേ
വേൽവടിത്തു ക്കൊടുത്തൽ കൊല്ലർ ക്കുക്കടനേ
നന്നടൈ നൽകൽ വേന്തർക്കുക്കടനേ
ഒളിറുവാളരുഞ്ചമ മുരുക്കിക്
കളിറെറിന്തു പെയർ തൽകാളൈക്കുക്കടനേ"

കുട്ടികളെ നല്ലവണ്ണം സംരക്ഷിക്കുന്നതോടൊപ്പം വീട്ടിൽ എത്തുന്ന അതിഥികളെ സത്ക്കരിക്കുകയും ചെയ്യുന്ന സ്ത്രീയെ ഐങ്കുറുനൂറിൽ ഇങ്ങനെ വിശമാക്കുന്നു;

"വിരുമ്തുതാണി പെറുതലും ഉരിയൽ മട്ടോ
കുരുമ്പൈ മണിപ്പൂൺ പുടൽ വൻ തായേ"

(ഐങ്കു.442:2–5)

കൂടാതെ പാടത്ത് പണിയെടുക്കുകയും കൊയ്യുകയും വീട്ടിൽ ഭക്ഷണം പാചകം ചെയ്യുകയും, അതിരാവിലെ തൈര് കടയുകയും സ്ത്രീയെ പഴന്തമിഴ് കൃതികൾ വിശദീകരിക്കുന്നു;

"അവൾ എറി ഉലക്കൈ വാഴൈവ് ചേർത്ത
വാളൈക് കൈ മകളിർ വല്ലൈ കൊയ്യും"

(പതി.3:9:1–2)

"മട്ടുക് കയിറു ആടാ വൈകർ പൊഴുതു
ആൻ പയം വാഴനർ..."

(പതി.8:1:16–17)

വൈകുന്നേരങ്ങളിൽ കൺമഷി ചാർത്തിയ സ്ത്രീകൾ വീടിൻ മുന്നിൽ നെയ്യ് ഒഴിച്ച വിളക്കുകൾ തെളിച്ചിരുന്നു വെന്നും, അടമ്പ്, അലറി എന്നീ പൂക്കൾ കൊണ്ട് മലക്കെട്ടി തലമുടിയിൽ ചൂടിയിരുന്നുവെന്നും ഇപ്രകാരം വിവരിച്ചിരിക്കുന്നു;

"കയല് എൻ ഉൺകൺ കനങ്കുഴൈ മകളിൽ
കൈയുറൈ യാക നെയ്പെയ്തു വാട്ടിയ
ചുടർ തൂയർ എടുപ്പും പുൻകൺ മാലൈ"

(കുറു.398:3–5)

"... മാ ഇടൽ അലറി
കൂന്തൽ മകളിൽ കുടൈക് കൂട്ടും"

(നറ്റി.145:2–3)

ചേരന്മാർക്കിടയിൽ ഏകഭാര്യാത്വവും ബഹുഭാര്യാത്വവും നിലവിലുണ്ടായിരുന്നു. പെരുംദേവിയൊത്ത് ആണ്ടുതോറും മുടങ്ങാതെ യഥാകാലം മഴപെയ്യിച്ച് അനേകായിരം വർഷം നാടുവാണാലും എന്ന കവിയുടെ അനുഗ്രഹത്തിൽ നിന്ന് ഏകഭാര്യവൃതമനുഷ്ഠിച്ചിരുന്ന രാജാവണദ്ദേഹമെന്ന് വ്യക്തമാണ്. ഇതിനു സമാനമായ കാവ്യഭാഗങ്ങളാണ്;

"വാണുതൽ കണവ! മള്ളരേറേ"

(പതി.4.8:10)

"അന്നോർ പെരുമ! നന്നുതൻ കണവ"

(പതി.5.2:7)

മംഗല്ല്യസൂത്രം മാത്രമണിഞ്ഞ യുവതികളൊന്നിച്ച് ആയ് ആണ്ടിരൻ എന്നു പാടുമ്പോൾ നിരവധി സ്ത്രീകൾ അദ്ദേഹത്തിന്റെ കൂടെയുണ്ടെന്ന് വ്യക്തമാണ്;

"ഈ കൈയരിയ വിഴൈയണി മകളിരൊട്"

(പുറം 127:5)

പരസ്പര വിശ്വാസത്തിൽ നിന്ന് ഉണ്ടായിട്ടുള്ള കടമകൾ പരസ്പരം ചെയ്തുതിർക്കാൻ ഭർത്താക്കന്മാർ ഈശ്വരന്റെ മുന്നിൽവച്ച് സ്ത്രീയുടെ ഉള്ളം കൈയ്യിൽ കൈവച്ചുകൊണ്ട് സത്യം ചെയ്തിരുന്നു;

"തെറൽ അരും കടവുൾ മുന്നർത് തേറ്റി
മെൽ ഇറൈ മുൻകൈ പറ്റിയ ചൊൻ ഇരന്തു"

(അകം.396:7-8)

"അറാവമ്ചിനം ചെയ്തോർ പിനൈ പുരിമ്ന്തു"

(അകം.267:2)

"ഇരപ്പോർ ഏമ്തുകൈ നിറൈയ പുരപ്പോർ
പുലവ്പു ഇൽ ഉള്ളമോതു പുതുവ തമ്ന്തു ഉപക്കും"

(അകം.389:11-12)

കൂടാതെ തലയിൽ കൈ വയ്ക്കുന്നത് സ്നേഹത്തിന്റെയും വാത്സല്യത്തന്റെയും സൂചകമായാണ് കരുതിയിരുന്നത്;

"നരന്തനാറുതൻ കൈയാർ"

(പുറം:235:8)

ഈ വിധം കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം കൊടുത്ത സംഘകാല ജനങ്ങൾക്കിടയിൽ നിരവധി വിശ്വാസപ്രമാണങ്ങളും നിലനിന്നിരുന്നു.

#### 4.5.2 വിശ്വാസങ്ങൾ

നിമിത്തം, ശകുനം എന്നിവയിൽ വിശ്വസിച്ചിരുന്നവരാണ് ചേരനാട്ടുകാർ. പല്ലിചില ക്കുന്നത് നല്ല ശകുനമായി അവർ കരുതിയിരുന്നതിനെപ്പറ്റി കലിത്തൊക്കയിൽ ഇപ്രകാരം വിവരിക്കുന്നു;

"..... മനൈവയിൽ
പല്ലിയും പാങ്കുംഒട്ടു ഇസൈത്തന"
(കലി.11:20–21)

സ്ത്രീകളുടെ ഇടത്തേക്കണ്ണ് തുടിക്കുന്നത് സ്ത്രീകൾക്ക് ഏതോ നല്ലതുവരാൻ പോകുന്നു വെന്നും, കാക്ക കരയുന്നത് വീട്ടിൽ വിരുന്നുകാർ വരുന്നുണ്ട് എന്ന് സൂചന നല്കുന്നതായും കലിത്തൊകൈ, കുറുന്തൊകൈ എന്നീ കൃതികളിൽ നിന്നും വ്യക്തമാണ്. കൂടാതെ കാക്ക കൾക്ക് ഭക്ഷണം കൊടുക്കുന്നത് നല്ല ജീവിതം സമ്മാനിക്കുമെന്നും അവർ കരുതിയിരുന്നു;

"നൽ എഴിൽ ഉൺകണും ആടുമാൻ ഇടനെ"
(കലി.11:22)

"വിരുന്തു വരക്കരൈന്ത കാക്കൈയാടു പലിയേ"
(കുറു.201:6)

നല്ല ദിവസങ്ങൾ നോക്കിയാണ് ശുഭകാര്യങ്ങൾക്കായി തെരെഞ്ഞെടുത്തിരുന്നത് അതു കൊണ്ടുതന്നെ ജ്യോതിഷത്തിൽ അവർ വിശ്വസിച്ചു പോന്നിരുന്നുവെന്നു വേണം കരുതാൻ;

"നാളും കോൾ മീൻത കൈട്ടലും തകൈമേ'
(കലി.5:9)

ഗ്രഹങ്ങളുടെ ചലനങ്ങളും മറ്റും മനുഷ്യന്റെ ഭാവിയെ സ്വാധീനിക്കുമെന്ന് ചേരനാട്ടു ജന ങ്ങൾ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് നക്ഷത്രങ്ങളെപ്പോലെ ഒരു പാട് കാലം രാജാവ് ജീവിക്കട്ടെ എന്ന് കവികൾ പാടിയിരുന്നത്;

"നിൻ നാൾ തിങ്കൾ അനൈയ ആക തിങ്കൾ
യാണ്ടു ഒരനൈയ ആക യാൺടേ
ഊഴി അനൈയ ആക"
(പതി.9:5)

"വയങ്കിത്തോൻറു മീനിനു മിമൈന
ഇയങ്കു മാമഴൈ യുറൈയിനും

ഉയർന്തു മേന്തോൻറിപ്പൊലികനുന്നാളേ"

(പുറം.367:16-18)

കൂടാതെ വെള്ളി നക്ഷത്രം വടക്കാണ് ഉദിക്കുന്നതെങ്കിൽ മഴപെയ്യുമെന്നും അവർ വിശ്വസിച്ചുപോന്നു;

"വറിടു വടക്കുതുറൈ മചിയ ചീർ ചാൽ വെള്ളി
പയം തെളു പൊഴുതോടു ആനിയം നിർപ"

(പതി. 34:24-25)

"കൊണ്ടൽ തൺ തഴിക കാമം ചൂല് മാ മാലൈ"

(പതി.3:4:28)

ചില ഗ്രഹങ്ങളുടെ ചലനം രാജാവിന് അനർത്ഥം ഉണ്ടാക്കുമെന്നും ചേരാട്ടുജനത വിശ്വസിച്ചിരുന്നു.

"പമ്കുണി ഉയർഅഴവമടു
തലൈനാൾ മീൻ നിലൈ തിരിയ
നിലൈ നാൾ മീൻ അടർ എതിർ ഏർ തര"

(പുറം 229:5-8)

"മേലോർ ഉലകം എയ്തിനൻ"

(പുറം 229-22)

ഈ വിധമുള്ള വിശ്വാസങ്ങൾ വെറും വിശ്വാസമല്ലെന്നും ജനങ്ങൾ പരക്കെ ഗാഢമായി ഇവയെ ഉൾക്കൊണ്ടിരുന്നുവെന്നും കൂടല്ലൂർ കിഴാർ പാടിയ പുറം 229-ാം പാട്ടിൽ നിന്നും വ്യക്തമാണ്;

മേടരാശിയിണങ്ങിയ കാർത്തിക നാളിൽ പ്രഥമ പാദത്തിൽ കൂരിരുട്ടുള്ള പാതിരാത്രി വളഞ്ഞ പനപോലെ വടിവുള്ള അനിഴനാളിൽ ആദ്യത്തെ നക്ഷത്രം ആദ്യമായി കയമുള്ള കളത്തിന്റെ രൂപം വഹിക്കുന്ന പൂയത്തിന്റെ ഒടുവിലുത്തെ നക്ഷത്രം എല്ലയായി വിളങ്ങവേ മീനമാസത്തെ ആദ്യത്തെ പകുതിയിൽ ഉച്ചമായ ഉത്രം ആ ഉച്ചിയിൽ നിന്നു ചായവേ അതിന്റെ എട്ടാം നക്ഷത്രമായ മകയിരം തുറയിൽ താഴവേ കിഴക്കേ ദിക്കിൽ പോകാതെ വടക്കു ദിക്കിലും പോകാതെ സമുദ്രവിപരീതമായ ഭൂമിക്ക് വിളക്കായി മുഴങ്ങി കൊണ്ടു തീ പരക്കത്തക്കവണ്ണം കാറ്റാൽ വിളർക്കപ്പെട്ട പോലെ ഒരു നക്ഷത്രം വാനത്തു നിന്നു വീണു. അതു കണ്ട ഞാനും മറ്റുമുള്ള അത്ഥികളും ഞങ്ങളുടെ പറയൊലിപോലെ ഒലിയുള്ള അരുവിയോടു കൂടിയ മലനാട്ടിന്റെ രാജാവ് രോഗമുള്ളവനെല്ലെങ്കിൽനന്ന് എന്ന് കരുതി സങ്കടപ്പെട്ടു മനസ്സു മടുത്തു ഭയന്നു കൊണ്ടിരുന്നു. ഭയന്നതു പോലെ ഈ കോ ചേരമാൻ യാനൈക്കൺ ചേയ് മാന്ത്രഞ്ചേലിരുമ്പൊറൈ മരിച്ചു;

"ആടിയലഴർ കുട്ടത്
താരിരുഇരൈയിരവിൻ
മുടപ്പനൈയത്തു വേർ മുതലാക്
കടൈക്കുളത്തുക്കയങ്കായപ്
പങ്കുനിയുയരഴുവത്തുത
തലൈനാണു മീനിലൈതിരിയ
നിലൈനാണു മിനതനൈതീരേർ തരത്
തൊന്നാൺ മീൻറുറൈപടിയചപ്
പാചിച്ചെല്ലാ തൂ ചിമുന്നാ
തളക്കർത്തിണൈ വിളക്കാകക്
കനൈയെരി പരപ്പക്കാലെ തിർപുപൊങ്കി
ഒരു മീൻ വിഴുന്തൻറാൽ പിചുമ്പിനാനേ
അതുകൺ, ടിയാമും പിററുംപ്പൽ വേതിരലപലർ
പറൈയിചൈയരുവി നന്നാട്ടുപ്പൊരുനൻ
നോയിലനായിനൻറു മറ്റില്ലെന
നോയിലനായിനൻറു മറ്റില്ലെന
അഴിന്തനെഞ്ചമടിയുളും പരപ്പ
അഞ്ചിനമെഴുനാൾ വന്തൻറിൻറേ"
(പുറം 229-1-17)

സംഘകാലത്ത് പ്രേത വിശ്വാസം നിലനിന്നിരുന്നു. പിശാചുകൾ ചെമ്പിൻമുടി ചികഞ്ഞിട്ടു കൊണ്ട് നൃത്തം ചെയ്യുന്നതിനെപ്പറ്റി പതിറ്റുപ്പത്തിൽ ഇങ്ങനെ പാടുന്നു;

"കവൈത്തലൈ പ്പേയ് മകൾ കഴുതൂർന്തിയങ്"
(പതി.2:3:15)

"കഴൽകടകൂകൈ കുഴറുകുരർ വാണിക്
കരുങ്കട് പേയ്മകൾ വഴങ്കും"
(പതി.3:2:35-37)

യുദ്ധക്കളത്തിൽ വീണുകിടക്കുന്ന പോരാളികളുടെ ശരീരത്തിൽ പിശാചുകൾ കടന്നു കയറുമെന്ന് സംഘകാല ജനങ്ങൾ വിശ്വസിച്ചിരുന്നു; "ശത്രുഭടന്മാരുടെ വെട്ടിയിട്ട തലകളും തലച്ചോറും ചോരയും നിമിത്തം അവിടം ഭീകരമായിമാറി പിശാചുകൾ വട്ടമിടുന്ന ശവങ്ങൾകുമിഞ്ഞു കിടക്കുന്നതിനെ നരികളും മറ്റും കടിച്ചുകീറിത്തിന്നു. ഇവയ്ക്കു കാവലെന്ന മട്ടിൽ ഭൂതങ്ങളും";

"വിഴുത്തലൈ ചായ്ത്ത വെരുവരുവെങ്കൂഴ്പ്
പേയ്മകൾ പറ്റിയ പിണം വിറങ്കുവൽ പോർപ്പൂ..."
(പുറം. 369:13-14)

വളരെ രഹസ്യമായ പലതും പ്രേതപിശാചുകൾ അറിയുമെന്നും എല്ലാമറിയുന്നവരാണവരെന്നുള്ള വിശ്വാസവും ചേരനാട്ടു ജനങ്ങൾക്കുണ്ടായിരന്നുവെന്ന് ഈ അകം പാട്ടിൽ നിന്ന് വ്യക്തമാണ്;

"പേയും അറിയാമറൈ അമൈ പുണർചി"
(അകം.62:6)

മരണാനന്തര ജീവിതത്തെക്കുറിച്ചും സ്വർഗ്ഗനരകസങ്കല്പത്തിലും ചേരനാട്ടു ജനങ്ങൾ വിശ്വസിച്ചിരുന്നു. ഭൂമിയിൽ ചെയ്ത കർമ്മങ്ങളുടെ അടിസ്ഥാനത്തിലാണ് സ്വർഗ്ഗനരകപ്രവേശനമെന്ന് പുറം 134-ാം പാട്ടിൽനിന്നും വ്യക്തമാണ്.

"ഇമ്മൈച്ചെയ്തതു മറുമൈക്കാമെന്നും"
(പുറം. 134:1)

"ഇവണിചൈയുടൈയോർക്കല്ല തവണ
തുയർ നിലൈയുലകത്തുറൈയുളിൻമൈ"
(പുറം 50:14-15)

"അരുളുമൻപും നീക്കി നീങ്കാ
ഭനിരയങ്കൊൾവ പരൊടൊൻറാതു കാവൽ"
(പുറം.5:5-6)

യുദ്ധക്കളത്തിൽ പടപൊരുതി വീണവർക്കും വീരസ്വർഗ്ഗം ലഭിക്കുമെന്നും ആകാശത്തിനുമുകളിലുള്ള ഇന്ദ്രലോകമാണ് സ്വർഗ്ഗലോകമെന്നും ചേരനാട്ടു ജനങ്ങൾ വിശ്വസിച്ചിരുന്നു;

"മുൻ ചമത്തെഴു തരും വൻ കണാടവർ
തൊലൈയാത്തൂ മ്പൈതെയ്യഴി വിളങ്ക
ഉയർ നിലൈ യുലകം എയ്തിനർ പലപട"
(പതി.6:2:7-9)

"ഇരുണ്ടു തോൻറു വടചുമ്പിൻ ഉയിർനിലൈ ഉലകത്തു"
(ഐങ്കു.442:3)

"പച്ചിരടത്തട കൈനെടിയോൻ കോയിലുട്
പോർപ്പുറമുരചങ്കരങ്ക".
(പുറം 241:3-4)

### 4.5.2 സംസ്ക്കാരചടങ്ങുകൾ

മൃതശരീരം ചാടികളിൽ കുഴിച്ചിടുന്ന രീതിയും ചിതയിൽ വച്ച് കത്തിക്കുന്ന രീതിയും സംഘകാലത്തുണ്ടായിരുന്നു. 'ഭൂമി മുഴുവൻ ഭരിച്ചുപോന്ന രാജാക്കന്മാരെ അടക്കം ചെയ്തി

ട്ടുള്ളതും വഹ്നിമരങ്ങൾ തിങ്ങിനിന്നു തണൽ നൽകുന്നതുമായ ചുടുകാട്ടിൽ അങ്ങയുടെ ശരീരം കാണാൻ വിറലികൾക്ക് ഒരിക്കലും ഇടയുണ്ടാകരുതെ' എന്ന് മൃതശരീരം കുഴിച്ചിടുന്നതിനെപ്പറ്റി പതിറ്റുപ്പത്തിൽ ഇപ്രകാരം പാടുന്നു;

'മന്നർ മത്തൈ തഴി
വന്നിമൻറത്തു വിളങ്കിയ കാടേ'
(പതി.5:4:22-23)

മൃതശരീരത്തെ ചിതയൊരുക്കി കത്തിക്കുന്നതിനെപ്പറ്റി 'കാടുവെട്ടി തീയിട്ടു ചുട്ട കൊല്ലൈ നിലത്തിൽ കുറവൻ മുറിച്ച കഷണം പോലെ പുറമുള്ള വിറകു അടുക്കിയ ചിതയിൽ എരിയുന്ന പ്രകാശമേറിയ തീയിൽ ശരീരം ചുടത്തക്ക വണ്ണം....' മെന്ന്

'കരിപുറവിറകി നീ മവൊള്ളഴർ' പാടുന്നു.
(പുറം.231:2)

ഭർത്താവിന്റെ ചിതയിലേക്ക് ചാടി സ്വയം മരിക്കുന്ന സതിപോലുള്ള ചടങ്ങ് അക്കാലത്തുണ്ടായിരുന്നു. ആയ് ആണ്ടിരൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യമാരും ചിതയിൽ ചാടി മരിച്ചതിനെപ്പറ്റി പുറം പാട്ടിൽ ഇങ്ങനെ പാടുന്നു;

'കോടേന്തൽ കുർ കുറുന്തൊടി മകളിരൊടു
കാലനെന്നും കണ്ണിലിയുയ്പ്പ
മേലോരുലകമെയ്തിനനെനാഅവ്'
(പുറം. 240:4-6)

കൂടാതെ ഭർത്താവു മരിച്ച സ്ത്രീകൾ മുടിമുറിക്കുകയും ആഭരണങ്ങൾ ഉപേക്ഷിക്കുകയും ചെയ്തിരുന്നു;

'വാലിഴൈ കഴിന്ത നറുമ് പല്പെണ്ടിർ
പല്ലിരുങ്കൂന്തൽ മുരർ ചിയാർ'
(പതി.5.11 5.16)

യുദ്ധക്കളത്തിൽ മരിച്ചുവീണ ഭർത്താക്കന്മാരെ സ്ത്രീകൾ ഭർത്തൃചരമാനന്തരം വേളൈക്കീര മുതലായവ ഭക്ഷിച്ചു വൃതം അനുഷ്ഠിച്ചിരുന്നതായി *പുറത്തിൽ* ഇങ്ങനെ പാടുന്നു;

"ഉടൻ വീഴന്തൻറാലമരേ പെണ്ടിരും
പായടകുമി ചെയാർ പനിനീർ മൂഴ്കാർ
മാർപകം പൊരുന്തിയാങ്കമൈന്തനരേ"
(പുറം. 62:13-15)

മരണപ്പെട്ട വീരന്മാരുടെ ശവകുടീരത്തിൽ അർച്ചനകൾ നടത്തുന്നതിനെപ്പറ്റി, *അതിയാമന്റെ* ശരീരം സംസ്ക്കരിച്ച സ്ഥാനത്ത് പണ്ഡിതർ നല്ല നാളിൽ നടുകൽ നാട്ടി അതിൽ മയിപ്പീലി ചൂടിച്ച് ഉത്സവം നടത്തി. നടുകല്ലായി തീർന്ന അതിയമാന് അരിച്ചെടുത്ത മദ്യം വഴിപാടായി അർപ്പിച്ചുവെന്ന് പുറത്തിണയിൽ ഇങ്ങനെ പാടുന്നു;

"ഇല്ലാകിയരോ കാലൈമാലൈ
അല്ലാകിയർയാൻ വാഴുനാളേ
നടകർ പീലി ചൂടിനാരരി
ചിറുകാലത്തു കുപ്പവുങ്കൊൾവൻ
കോടുയർ പിറങ്കുമലൈ കൊഴീഇയ
നാടുടൻ കൊടാപ്പുവുങ്കൊളളാതോനേ"
(പുറം.232)

ഇപ്രകാരം വിവിധാചാരനുഷ്ഠാനങ്ങൾ നടത്തിയിരുന്ന ഇവർക്ക് വൈവിധ്യമാർന്ന ഉത്സവാഘോഷങ്ങളും ഉണ്ടായിരുന്നു.

#### 4.5.2.3 ഉത്സവങ്ങൾ

ജനങ്ങളുടെ കൂടിച്ചേരലായിരുന്നു ഉത്സവങ്ങളുടെ മുഖ്യസ്വഭാവം. ചേരനാട്ടിലെ മിക്ക ഗ്രാമങ്ങളിലും ഉത്സവസമയത്ത് ജനങ്ങൾ ഒന്നു ചേരുകയും ആടിതിമിർക്കുകയും ചെയ്തിരുന്നുവെന്ന് ഈ പാട്ടിൽ നിന്ന് വ്യക്തമാണ്;

"ആലങ്കു ചെന്നെർ കതിർ വേയ്ന്ത
ആയ് കരുമ്പിൻ കൊടിക്കൂരൈ
ചാറുകൊണ്ടകളം പോല
വേറുവേറു പൊലിവു തോൻറക്
കറ്റാനാവുലക്കൈയാർ"
(പുറം.22.14-19)

ഈ വിധമുള്ള ഉത്സവവേളയിൽ ഭക്ഷണവും മദ്യവും ചേർന്ന സത്ക്കാരവും ഉണ്ടായിരുന്നു;

"വിഴവിൻറായിനും പടുപതം വിഴൈയാതു"
(പുറം. 96:6)

"ചുരുമ്പാർ തേറൽ ചുറ്റുമറപ്പ
ഉഴവരോണൈ മറപ്പ വിഴവും"
(പുറം 65:3-4)

കാർഷിക സംസ്ക്കാരത്തിലൂന്നിയുള്ള ചേരനാട്ടിലെ ഉത്സവങ്ങളിൽ പ്രാധാന്യം വിളവെടുപ്പുത്സവങ്ങൾക്കായിരുന്നു കരിമ്പു വിളവെടുപ്പോടനുബന്ധിച്ച് നടക്കുന്ന ഉത്സവത്തെപ്പറ്റി പരാമർശമുണ്ട്;

"കാലമൻറിയും കരുമ്പറുത്തൊഴിയാതു
അരികാല വിത്തുപ്പലപൂവിഴവിൻ"
(പതി.3:14-15)

മറ്റൊരു പ്രധാനപ്പെട്ട ആഘോഷമാണ് പടയാളികളായ മള്ളരുമായി ബന്ധപ്പെട്ടുകിടക്കുന്ന *ഓൾവാൾ* ആഘോഷം. പനമ്പൂവും വാകപ്പൂവും ചൂടി ആയുധങ്ങളോടെ *മള്ളർ* ഈ ആയുധോത്സവത്തിൽ പങ്കെടുത്തിരുന്നുവെന്ന് പതിറ്റുപ്പത്ത് ഈ വിധം വർണ്ണിക്കുന്നു;

"താർ പുരിമ്തന്ന പഴുതൈ വിളവിൻ
പോർ പടു മള്ളർ പോമ്നുർ തെടുത്ത
കടവുൾ വാകൈ"

(പതി.7:6:13-15)

ചോഴനാട്ടിലെ ഉറൈയൂരിൽ ആഘോഷിച്ചിരുന്ന പങ്കുണി ഉത്സവം പോലെ ചേരനാട്ടിലെ വഞ്ചിയിൽ കൊണ്ടാടിയിരുന്ന ഉത്സവമാണ് *ഉള്ളി*;

"പമ്കുണി വിഴവിൻ ഉറമതൈയൊടു
ഉള്ളി വിഴവിൻ വഞ്ചിയും ചിറതേ"

(നറ്റി. 234:7-8)

കൊങ്ങുനാട്ടിലെ ജനങ്ങൾ ഈ ഉത്സവസമയത്ത് തെരുവുകളിൽ അരമണികെട്ടി നൃത്തം ചെയ്തിരുന്നുവെന്ന് *അകം* പാട്ടിൽ ഇപ്രകാരം വിവരിക്കുന്നു;

"മണി അരൈയാട്ടു മരുകിൻ ആടും
ഉള്ളി വിഴവിൻ...."

(അകം. 368:16-18)

കൂടാതെ ചേരനാട്ടിലുണ്ടായിരുന്ന ഉത്സവങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജലോത്സവം നദികളാൽ സമ്പന്നമായ ചേരനാട്ടിലെ ആറാട്ടു ഉത്സവത്തെപ്പറ്റി സംഘംപാട്ടുകൾ ഇങ്ങനെ വിശദീകരിക്കുന്നു;

"ഒലിത്തലൈ വിഴവിൻ മലിയും യാണർ
നടുകെഴുതൺ പണൈ ചിറിനൈ യാതലിർ"

(പതി.3:2:30-31)

"നിനൻമനൈലപ്പിറന്തു നിൻ കടൽ മണ്ടും
മലിപുനല്നികഴ്ന്തരുന്തീ നീർ വിഴവിൻ
പൊഴില്വതി വേനിർപേരിഴില്വാഴ്കൈ
മേവരു ചുറ്റമൊടുണ്ടി നിതു നുകരും
തീമ്പുനലായ മാടും"

(പതി.5:8:13-17)

ചേരരാജ്യത്ത് ആഘോഷിച്ചിരുന്ന മറ്റൊരു പ്രധാന ഉത്സവമാണ് *വില്ലവൻ വിഴവ്* എന്നറിയപ്പെടുന്ന *കാമദേവോത്സവം.* ആടിയും പാടിയും ആഘോഷിക്കുന്ന ഈ ഉത്സവം വേനൽക്കാലത്താണ് നടക്കുന്നതെന്ന് കലിത്തൊകയിൽ വിവരിക്കുന്നു;

"കുഴവി വേനിൽ വിഴവു എതിൽ കൊള്ളു"
(കലി.36.9)

"വില്ലവൻ വിഴവിനുൾ വിളൈയൊട്ടും പൊഴുതൻറോ"
(കലി.35:14)

ഭാര്യഭർത്തൃബന്ധത്തെയും പ്രണയത്തെയെല്ലാം ഊട്ടിയുറപ്പിക്കാൻ വേണ്ടിയാണ് കാമദേവോത്സവം നടത്തിയിരുന്നതെന്ന് മറ്റൊരു *കലി*പ്പാട്ടിൽ പറയുന്നു;

"കാമവേൾ വിഴവായിൽ കലകുവൾ പെരിടു എന"
(കലി.27:24)

കാമദേവോത്സവവേളയിൽ സ്ത്രീകൾ ആഭരണങ്ങളണിയുകയും നൃത്തങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. കൂടാതെ തീരദേശവാസികൾ കാമദേവവോത്സവം വേനൽക്കാലത്താണ് നടത്തിയിരുന്നത്. മീനിന്റെ ചിത്രത്തോടുകൂടിയ കൊടിയുള്ള സ്നേഹത്തിന്റെ ഈശ്വരനായിരുന്നു ചേരനാട്ടുകാർക്ക് കാമദേവൻ;

"പെരുമതുറൈ കവിൻ പെറക
കുഴവി വേനിൽ വിഴവു...."
(കലി.36:8-9)

"ഉറൽയാമ് ഒളിവാട ഉയർന്തവൻ വിഴവിനുൾ
വിറൽ ഇഴൈ യവരോടു വിളൈയാടു വാൻമൻനോ"
(കലി.30:13-14)

"മീനേറ്റുക് കൊടിയോൻ പോൽ"
(കലി.26:3)

ഇന്ദ്രദേവനെ പ്രീതിപ്പെടുത്തി മഴപെയ്യിക്കാൻ നടത്തുന്ന ഉത്സവമാണ് ഇന്ദ്രോത്സവം. വജ്രായുധത്തോടുകൂടിയ ഇന്ദ്രദേവന് സ്വന്തമായൊരു ക്ഷേത്രവും ചേരനാട്ടിൽ ഉണ്ടായിരുന്നുവെന്ന് പരാമർശമുണ്ട്;

"ഇന്ദ്രവിഴവിൻ പൂവിൻ അന്ന"
(ഐങ്കു.62:1)

"വജ്രിട് തടക്കൈ നെടിയോൻ കോയിലുകൾ"
(പുറം. 241:3)

മുരുകനെ പ്രീതിപ്പെടുത്തികൊണ്ടുള്ള ഉത്സവങ്ങളും ചേരനാട്ടിൽ ആഘോഷിച്ചിരുന്നു. വേലന്മാരാണ് മുരുക പ്രീതിക്കുവേണ്ടി വെറിയാട്ടം എന്ന ആഘോഷം നടത്തിയിരുന്നത്.

"വെറിയറി ചിറപ്പിൻ വെവ്വായ് വേലൻ
വെറിയാട്ടു അയർന്ത കാനൂരും"
(തൊൽ.പൊരുൾ.65)

മധുരകാഞ്ചിയിൽ പാണ്ഡ്യരാജാവായ *നെടുഞ്ചെഴിയിനെ* പരാമർശിക്കുന്ന പാട്ടിൽ ഓണാഘോഷത്തെപ്പറ്റി പരാമർശമുണ്ട്. ഈ പാട്ടിൽ 'രാക്ഷസസമൂഹത്തെ സംഹരിച്ചവനും പൊൻമാലയണിഞ്ഞ കൃഷ്ണവർണ്ണമുള്ള മഹാവിഷ്ണു (മായോൻ) ഭൂമിയിൽ അവതരിച്ച സുദിനമാകുന്നു തിരുവോണം' എന്ന് ഇപ്രകാരം പാടുന്നു;

"കണങ്കൊള് അവുണർക് കടന്ത പൊലന്ന്താർ
മായോന് മേയ ഓണനന് നാട്"

(മധുര. 589-590)

ഈ ഉത്സവാഘോഷങ്ങളിൽ വിദ്യാഘോഷങ്ങളും പല സാധനങ്ങൾ വിൽക്കുന്നതിനുവേണ്ടിയുള്ള കടകളും സജീവമായിരുന്നുവെന്ന് പതിറ്റുപ്പത്ത് ഇങ്ങനെ വിവരിക്കുന്നു;

"വിഴവറുപറിയാ മുഴവിമിഴ് മുതൂർ
ക്കൊടിനിഴർ പട്ടപൊന്നുടൈ നിയമത്തു"

(പതി.2:5:18-19)

"മുഴവിൽ പോക്കിയ വെൺകൈ
വിഴവിൽ അന്ന"

(പതി. 7. 1: 17-18)

കൂടാതെ ഉത്സവത്തോടനുബന്ധിച്ച് വീഥികളിൽ വിളക്കുകൾ കൊളുത്തുകയും പാട്ടും ആട്ടവും സജീവമായിരുന്നു;

"പെരുവിഴാവിളക്കം പോല"

(അകം. 185: 11)

**4.5.2.4 നൃത്തങ്ങൾ**

ചേരനാട്ടിലെ ഉത്സവങ്ങളുടെ ഭാഗമായി നടത്തുന്ന നൃത്തങ്ങളിൽ സജീവമായി പങ്കെടുക്കുന്നവരാണ് 'വിറലി' എന്ന വിഭാഗം. പിന്നിലിരുന്ന് പറകൊട്ടി പാടുന്ന വാദ്യക്കാരന്റെ ചുവടുപ്പിടിച്ച് അവർ ആടിയിരുന്നുവെന്ന്;

"മൺമകനെ മുഴവൊടു മകിഴ് മികത് തൂമ്പ്ക"

(അകം. 76: 1)

എന്ന പാട്ടിൽ വിവരിക്കുന്നു. നാട്ടിലെ ഉത്സവങ്ങളോടനുബന്ധിച്ച് സ്ഥിരമായി ഇവർ നൃത്തം ചെയ്തിരുന്നു;

"വിഴവു ആടു മകളിരൊടു തലൂ ആണിപൊലിന്തു"

(അകം. 176.15)

പുരുഷൻ പ്രത്യേക വസ്ത്രവും കാൽചിലമ്പും ധരിച്ചാണ് നൃത്തം ചെയ്തിരുന്നത്. ഇവരെ പൊരുനൻ എന്നാണ് വിളിച്ചിരുന്നത്

"കാച്ചിനൻ, കഴലിനൻ തേമ്താർ മാർപിനൻ
വകൈ അമൈപ് പൊലിന്ത വനപ്പവു അവൈതെരിയൽ
ചുരിയൽ അമ് പൊരുനൈക് കാൺടി തൊരിയൽരോ?"
(അകം. 76: 7–9)

പടയാളികൾ യുദ്ധോപകരണങ്ങളുപയോഗിച്ച് നടത്തുന്ന ആയോധന നൃത്തവും ചേര നാട്ടില പ്രചാരത്തിലുണ്ടായിരുന്നു. ഈ നൃത്തത്തിനെ *ഓൾവാൾ അമലൈ* എന്നാണ് വിളി ച്ചിരുന്നത്. ഇതേപറ്റി അകം 14–ം പാട്ടിലും വർണ്ണിക്കുന്നുണ്ട്.

"ഒൾവാൾ അമലൈ ആടിയ"
(അകം. 142: 14)

കുരവൈക്കൂത്ത് തുണങ്കൈക്കൂത്ത് എന്നിവയും ചേരനാട്ടിൽ പ്രചാരത്തിലി രുന്നു. മരുതനിവാസികളാണ് *കുരവൈ നൃത്തം* ആടിയിരുന്നത് എന്ന് ;

"മരുതം ചാൻറ മലർ തലൈ വിഴൈ വയൽ
കുറും വല്യാണർ കുരവൈ അയറും"
(പതി. 8:3: 457)

എന്ന പാട്ടിൽ നിന്ന് വ്യക്തമാകുന്നു. തുമ്പപ്പൂവും പനമ്പൂവു കൊണ്ടുണ്ടാക്കിയ മാല യണിഞ്ഞ് നടത്തിയിരുന്ന നൃത്തമാണ് വെറിക്കുരവ എന്ന് *പുറം പാട്ടിൽ* വിവരിക്കുന്നു;

"പൊലിന്തോട്ടു പൈന്തുമ്പൈ
മിചൈയലങ്കുളൈയ പനൈപ്പോഴ് ചെരീ ഇച്
ചിനമാന്തർ വെറിക്കുരവൈ"
(പുറം 22: 20–22)

മദ്യവും മറ്റും കുടിച്ച് വേങ്കൈ മരത്തിനു മുന്നിൽ നടത്തിയ നൃത്തവും കുറവർ ചെയ്തി രുന്നുവെന്ന് *പുറംപാട്ട്* വ്യക്തമാക്കുന്നതിങ്ങനെയാണ്;

"കുറിയിറൈ ക്കുരമ്പൈക്കുറവർ മാക്കൾ
വാങ്കമൈപ്പഴുനി തേറൻ മകിഴ്ന്തു
വേങ്കൈ മുൻറിർ കുരവൈയയരും"
(പുറം. 129: 1–3)

"മരങ്കൊഹ്റമ്പൻ കൈവൽ ചിറാ അർ
മഴുവുടൈക്കാട്ടകത്തറേറ"
(പുറം. 206: 11)

പൊതുസ്ഥലങ്ങളിൽ ഒന്നിൽ കൂടുതൽ പേർ പങ്കെടുത്തിരുന്ന നൃത്തമാണ് തുണ ങ്കൈക്കൂത്ത്;

"കലികെഴു തുണങ്കൈ ആടിയ മരുകിൻ
വലൈ തലൈ നുട ആമ്പൽ ആരനപും"
(പതി. 2: 3: 5-6)

സ്ത്രീകളാണ് തുണങ്കൈ കൂത്തിൽ പങ്കെടുത്തിരുന്നതെന്ന് കുറുന്തൊകയിൽ നിന്നു മനസ്സിലാക്കാം

"മകളിൽ തഴീഇയ തുണങ്ക്കൈ യാനൂമ്"
(കുറു. 31: 2)

മാലയും, കമ്മലും, പൂമാലയും അണിഞ്ഞ സ്ത്രീകൾ നല്ല പ്രകാശമുള്ള വിളക്കിനു ചുറ്റും നടത്തിയിരുന്ന നൃത്തമാണ് തുണങ്കൈക്കൂത്തെന്ന് താഴെ കൊടുത്തിരിക്കുന്ന പാട്ടുകളിൽ നിന്നു വ്യക്തമാണ്;

"കുഴൈയൻ തോടൈയാൻ കുറം പൈംതൊടിയൻ
വിഴവും അവർ തുണങ്കൈതാഴു ഉകം ചെയ"
(നറ്റി. 50; 2-3)

"ചുടരും പാൻടിൽ തിരു നാറു വിളക്കത്തു
മുഴാ വിമിഴ് തുണങ്ക്കൈക്കൂത്തഴു ഉപ്പുണൈയാകു"
(പതി. 6: 2: 13-16)

കൂടാതെ യുദ്ധക്കളത്തിൽ അവതരിപ്പിച്ചിരുന്ന തുണങ്കൈക്കൂത്തും ചേരനാട്ടിൽ പ്രചാരത്തിലിരുന്നുവെന്ന് ഈ പാട്ടുകളിൽ നിന്ന് മനസ്സിലാക്കാം ;

"കുരുതി പനിറ്റും പുലവുക് കഴത്തോനേ
തുണങ്കൈ ആടിയ വലം വടുകോമാൻ"
(പതി. 6: 7: 3-4)

"...അരചു കളത്തു ഒഴിയക്
കൊൻറുതോളോമ്പിയ വെൻൊടു തുണങ്ക്കൈ"
(പതി. 8: 7: 3-4)

സംഘകാലചേരനാട്ടിലെ ഉത്സവാഘോഷങ്ങളിലും ആടൽപാടലുകളിലും നിരവധി വാദ്യോപകരണങ്ങൾ ഉപയോഗിച്ചിരുന്നു. അവ പ്രകൃതിയിൽ നിന്നു കിട്ടിയിരുന്ന വസ്തുക്കളെ മോടിപിടിപ്പിച്ചാണ് ഉണ്ടാക്കിയിരുന്നത്.

#### 4.5.2.5 വാദ്യോപകരണങ്ങൾ

സംഘകാലത്ത് നിരവധി വാദ്യോപകരണങ്ങൾ ഉപയോഗത്തിലുണ്ടായിരുന്നു. അതിൽ ഏറ്റവും പ്രധാനമായുള്ളത് 'മുരശ'ാണ്. ഒരു വാദ്യോപകരണം എന്ന നിലയിൽ മാത്രമല്ല മുരശ് സംഘകാലത്ത് ഉപയോഗിച്ചിരുന്നത്. രാജഭരണത്തിന്റെ അടയാളമായും അധികാര മുദ്രയായും പവിത്രതയോടുകൂടി മുരശു ഉപയോഗിച്ചിരുന്നു. മുരുശു മുഴക്കിയാണ്

പല രാജ്യ സന്ദേശങ്ങളും ജനങ്ങളിലേക്ക് അറിയിച്ചിരുന്നത്. വീരമുരശ്, ത്യാഗമുരശ്, ന്യായ മുരുശ് എന്നിങ്ങനെ മൂന്ന് തരം മുരശുകൾ ഉണ്ടായുരുന്നതായി പുറം 58-ൽ പരാമർശിക്കു ന്നതിങ്ങനെയാണ്;

"ഇമിഴ്കുരൻ മൂരചമുൻറുടനാളും
തമിഴ്കെഴു കൂടറ്റൺ കോൽ വേന്തേ"
(പുറം. 58: 12-13)

കൂടാതെ മുരശിന്റെ പ്രാധാന്യത്തെക്കുറിച്ച് മോചികീരനാർ പാടിയ പുറം പാട്ട് ശ്രദ്ധേ യമാണ്;

"പൊലങ്കുഴൈ യൂഴിഞ്ഞൈയൊടു പൊലിയച്ചുട്ടിക്
കുരുതി വേട്കൈ യുരുകെഴു മുരചം
മണ്ണിവാരാ വളവൈയെണ്ണെയ്
നുരൈ മുകന്തന്നാവെൻപൂഞ്ചോക്കൈ
അറിയാതേറിയ വെണ്ണൈത്തെറുവര
ഇരുപാർപടുക്കുന്നിൻ വാൾവായൊഴിത്തതൈ
അരുഉഞ്ചാലുനറ്റമിഴ് മുഴുതറിതൽ
അതിനൊടു മയ്യൈ യാതണുകവന്തു നിൻ
മതനുടൈ മുഴുവു ത്തോളോച്ചിഞ്ഞണ്ണെന
വിചിയോയേ വിയലിടങ്കമഴ
ഇവണിചൈയുടൈയോർക്കല്ലതവണ
തുയിർ നിലൈയുലകത്തുറൈയുളിൻമൈ
വിളങ്കക്കട്ട മാറുകൊൽ
വലംപെടു കുരുചിനീയിങ്കിതു ചെയലേ";
(പുറം. 50: 4: 17)

"വീരമുരശ് കട്ടിലിൽ നിന്നെടുത്ത് നീരാടിക്കാൻ കൊണ്ടുപോയിരുന്നു, അപ്പോൾ എണ്ണ മുകിർന്ന പോലെ മൃദുവായ പൂവിരിച്ചിരുന്ന ഈ മുരശുകട്ടിലിൽ അറിയാതെ ഞാൻ കേറിക്കിടന്നുറങ്ങിപോയി . അങ്ങു തമിഴ് നല്ലവണ്ണമറിഞ്ഞവനാകകൊണ്ട് എന്നെ രണ്ടു കഷ്ണ മാക്കാതെ അടുത്തു വന്നു വലിയ കൈ കൊണ്ടു വെഞ്ചാമരമെടുത്തു നല്ലവണ്ണം വിശി" മുരുശ് വച്ചിരുന്നീകട്ടിലിൽ അറിയാതെ കിടന്നുറങ്ങിപോയ *മോചികീരനെ* ശിക്ഷിക്കാതെ ചേരമാൻ തകടൂരറെന്ത പെറുഞ്ചേര ലിരുമ്പൊറൈ, *മോചികരനാർ* ഉണരും വരെ കൈകൊണ്ട് വീശികൊടുത്തു വീരമുരശിനു കവികൾക്കും സംഘകാലത്തുണ്ടായ പ്രാധാന്യം ഒരേ സമയം ഈ പാട്ടിൽ നിന്നു വ്യക്തമാണ്.

സംഘകാലത്ത് ഗായകർ ഉപയോഗിച്ചിരുന്ന തോൽകൊണ്ട് നിർമ്മിതമായ വാദ്യോ പകരണമാണ് മുഴാവ് അഥവാ മുഴാ (larging loud-sounding drum) പതിറ്റുപ്പത്തിലെ അഞ്ചാം പത്തിൽ വാദ്യോപകരണങ്ങളെപറ്റിയുള്ള പരാമർശത്തിൽ നിന്ന് 'പൺ' എന്ന സംഗീതം മീട്ടാൻ മിഴാവ് ഉപയോഗിച്ചിരുന്നുവെന്ന് പറയുന്നു, 'ശ്രുതിക്കിണങ്ങും വിധം ഇനിയ നാദം

പുറപ്പെടുവിക്കുമാറ് ഞരമ്പുകൾ വലിച്ചു മുറുക്കി ക്കെട്ടിയ വളഞ്ഞയാഴുകളെ വഹിച്ചുകൊണ്ട് പാണബാലർ പുറപ്പെടും. പാട്ടിനു ചേർന്ന നാദത്തോടുകൂടിയ മുഴാവും, തുമ്പിക്കൈയ്യുടെ വടിവിൽ മുളകളുടെ കണ്ണികൾ ഇടവിട്ടറുത്ത പെരുവങ്കിയം (മുളകൊണ്ടുണ്ടാക്കിയ *തുമ്* എന്ന (ഒരു തരം വാദ്യം) മറ്റുവാദ്യോപകരണങ്ങളും ചേർത്ത് ഒരു വശത്തും കലാപ്രകടനം നടത്തുന്ന സ്ഥലത്തിനു (പാടൽത്തുറ) വേണ്ടിയുള്ള എല്ലരി (ഒരുതരം പറ), ആകുളി (ചെറിയ പറ), തട്ട (മുഴക്കമുള്ള പറ), കുഴൽ തുടങ്ങിയ വാദ്യോപകരണങ്ങൾ അടങ്ങിയ സഞ്ചി മറുവശത്തും കെട്ടിത്തൂക്കിയിട്ടുള്ള കാവടിത്തണ്ടു ചുമലിൽ ഏന്തി കൂത്തർ നടക്കും' എന്ന് ഇപ്രകാരം പരണർ പാടുന്നു;

"………ഇനിയ
വണരറൈനല്യാഴ് ഇളൈയർ പൊറുപ്പപ്-
പണ്ണമൈ മുഴവും പതലൈയും പിറവും
കണ്ണറുത്തിയറ്റിയ തൂമ്പൊടു ചുരുക്കിക്-
കാവിറ്റകൈത്ത തുറൈകൂടു കലപൈയർ"

(പതി. 5: 1-5)

നൃത്തം ചെയ്യുന്നവരായ *കോടിയർ* പാട്ടു പാടുന്നതിനായി മുഴവ് ഉപയോഗിച്ചിരുന്നുവെന്ന് *പുറപാട്ടിൽ* വിവരിക്കുന്നുണ്ട്;

"കോടിയർ മുഴുവിൻ മുന്നരാടൽ"

(പതി. 6. 6:2)

തോൽകൊണ്ടുണ്ടാക്കപ്പെട്ട മറ്റൊരു വാദ്യോപകരണമാണ് *കിണൈ*. (ചെറിയ പറ). ഇതിന്റെ മുഖം മുറുക്കികെട്ടി വച്ചിരിക്കുന്ന രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. കൂടാതെ നല്ല ശബ്ദമുണ്ടാക്കുവാൻ വേണ്ടി *കിണൈ*യുടെ മുഖഭാഗം വ്യത്യസ്തമായൊരു പദാർത്ഥം കൊണ്ട് പുരട്ടിയിരിക്കുകയും ചെയ്തിരിക്കുന്നു ;

"തെൺ കൺ മാക്കിണൈ തെളിർപ്പവൊറ്റി"

(പുറം. 374: 6)

"……വിചിപിണിത്
തെൺ കൺ കിണൈയിൻ…"

(അകം. 356: 3-4)

"വെമ്പോർ മള്ളർ തെൺകിണൈ കറങ്കക് "

(പതി. 9: 10: 4)

മിഴാവിനെ പോലുള്ള മറ്റൊരു വാദ്യോപകരണമാണ് *പതല* (Broad Headed Large Drum) കാവടിയുടെ ഒരു വശത്ത് 'പതലൈ' എന്ന ചർമ്മോപകരണവും മറ്റേവശത്ത് ദ്വാരമുള്ള ചെറുമിഴാവും തൂക്കിയിട്ടുകൊണ്ട് എന്ന് പുറനാനൂറിലെപരാമർശത്തിൽ നിന്ന് മിഴാവും പതലയും ഒരുമിച്ച് വിറലികൾ ഉപയോഗിച്ചിരുന്നതെന്ന് വ്യക്തമാണ് ;

"ഒരു തലൈപ്പതലൈ തൂങ്കവൊരുതലൈത്-
തൂമ്പകച്ചിറുമുഴാത്തൂങ്കത്തൂക്കിക് "
(പുറം. 103: 1-2)

കൂടാതെ പതിറ്റുപ്പത്തിലെ പരണരുടെ പാട്ടിലും ഇതിനുസമാനമായ പരാമർശമുണ്ട് ;

"പണ്ണമൈ മുഴവും പതലൈയും പിറവും"
(പതി. 5 : 1:3)

വയലുകളിൽ ഉഴവർ വിള തിന്നാൻ വരുന്ന പക്ഷികളെ ഓടിക്കാൻ വേണ്ടി ഉപയോഗിച്ചിരുന്ന വാദ്യമാണ് *തണ്ണുമൈ* ;

"കഴനിയുഴവർ തണ്ണുമൈ യികെചപ്പിർ"
(പതി. 9: 10: 41)

കൂടാതെ പുറംപാട്ടിൽ 'പൊതുസ്ഥലത്ത് കെട്ടിത്തൂക്കിയിട്ടിരിക്കുന്ന തൊണ്ണമയിൽ കാറ്റു തട്ടി ശബ്ദമുണ്ടായാൽ യുദ്ധം വന്നു കഴിഞ്ഞുവെന്നു കരുതുന്നു' എന്ന് ഇപ്രകാരം ഔവ്വൈയാർ പാടുന്നു ;

"പൊതുവിറ്റൂങ്കും വിചിയുറുതണ്ണുമൈ"
(പുറം. 89: 7)

പൊതുകാര്യങ്ങളും മറ്റും അറിയിക്കാൻ സഹായിച്ചിരുന്ന മറ്റൊരു വാദ്യോപകരണമാണ് *പറ.* രാജസദസ്സിൽ പൊരുനർ *പറ*മീട്ടിയിരുന്നുവെന്നു *പറ*യുടെ ശബ്ദം ഉത്സാവാഘോഷങ്ങളിൽ മുഴങ്ങി ക്കേട്ടിരുന്നുവെന്നും ഇപ്രകാരം പറയുന്നു ;

"അവൈ പുകു പൊരുനർ പറയിൻ"
(അകം. 76: 5)

"ആടുകാഴപ് പറൈയിൻ അരിപ്പെന ഒലിപ്പ"
(അകം. 45: 2)

ഇന്നത്തെ കിഞ്ചിറയോട് സാമ്യമുള്ള *തുടി, തടാരി,* എന്നിവയും സംഘകാലചേര നാട്ടിൽ ഉപയോഗിച്ചിരുന്നു.

"കനൈ കുറർ കടും തുടിപ്പാണി" എന്നും
(അകം. 159 :9)

'അങ്ങനെ ശക്തിമത്തായ കവലോടുകൂടിയ വിശാലനഗരത്തിലെത്തി മലപോലെ വമ്പിച്ച ഭവനത്തിൽ പ്രതിധ്വനിക്കത്തക്കവണ്ണം തടാരിപ്പറ ശക്തിയോടെ അടിച്ചുകൊണ്ട് ഞാൻ പാടി' എന്ന് പുറം 396-ാം പാട്ടിൽ ഔവൈയാർ പാടുന്നു ;

"അരിക്കുരററടാരിയിരിയ വൊറ്റിപ് "
(പുറം. 396: 8)

നൂൽചരട്കെട്ടിയ വാദ്യോപകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് യാഴ്. വിവിധ തരത്തിലുള്ള വീണകൾ സംഘകാലത്ത് പ്രചാരത്തിലിരുന്നു ;

"പൺ അമൈനല് യാഴ്പ പാണനൊടു"
(അകം. 346: 13)

"ഏൽപുണർ ഇന്നിശൈ മുരൽ പവർ ക്കല്ലാതൈ
യാഴൂലേ പറപ്പിനും"
(കലി. 9 :18-19)

കൂടാതെ മറ്റൊരു പ്രധാനപ്പെട്ട സുഷിരവാദ്യമാണ് കുഴൽ.

"കുഴലിനും ഇന്നെ കുവൾ"
(ഐങ്കു. 306: 3)

"നരമ്പിൻ തീം കുറൽ നിറക്കും കുഴൽ പോൽ
ഇരവ്കു ഇലൈ മിനിറൊടു തുമ്പിതാതു ഊത"

**4.5.2.6 വിനോദങ്ങൾ**

ചേരനാട്ടു ജനങ്ങളുടെ പ്രധനാവിനോദമായിരുന്നു നീന്തൽ . ചേരനാട്ടിലെ പുഴകളിൽ ജനങ്ങൾ തിമർത്താടി നീന്തുന്നതിന് നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും. ആൺ പെൺ ഭേദമന്യേ നദികളിൽ നീരാടുന്നതും, നീന്തിക്കുളിക്കുന്നതും ചേരനാട്ടിലെ പ്രധാന വിനോദങ്ങളിൽ ഒന്നായിരുന്നു ;

"തൺ പുനൽ ആടുനർ ആർപ്പൊട മയങ്കി"
(പതി. 9:10 :43)

"തൺ പൊരുനൈ പുനൽ പായും
വിൺപൊരു പുകഴ് വിറൻ വഞ്ചി"
(പുറം. 11: 5-6)

"തുയിൽ ഇൻറിയാം നീമ്ന്ത തൊഴുവൈയം പുനലാടി"
(ഐങ്കു. 15: 2-3)

"പെരും പുനൽ വന്ത ഇരുമതുറൈവിരുമ്പി
യാം അകടും അയർകം ചേറും
അമചുവതു ഉടൈയാൻ ആയിൻ"
(കുറു 80: 2-4)

പെൺകുട്ടികൾ വിത്തുകൾ കരുക്കളാക്കി കളിച്ചിരുന്നു. 'കഴഞ്ചിക്കുരുകൊണ്ട് വേദിക പോലെ ഉയർന്ന മണൽക്കുന്നിലിരുന്നു പെണ്ണുങ്ങൾ കളിക്കുന്നുവെന്ന് ' *പുറത്തിൽ* ഇപ്രകാരം പാടുന്നു;

"ചെറിയരിച്ചിലമ്പിർ കുറുന്തൊടി മകളിൽ
പൊലഞ്ചയ് കഴങ്കിറെററിയാടും "
(പുറം 36: 3-4)

മണ്ണുകളിൽ കളിവീടുണ്ടാക്കിയും മുറ്റത്ത് *തെറ്റി* കളിക്കുകയും ചെയ്തിരുന്നു. വീടിന്റെ മുറ്റത്തുള്ള പറമ്പിൽ കളിക്കുന്ന കളിയാണ് *തെറ്റി.* കൂട്ടും കൂടിയുള്ള കളികളും അവർ കളിച്ചിരുന്നു;

"കോടൈ ആയാമൊടു വൺടൽ തായി
ഓറൈ ആടിനം"

(അകം. 60: 10-11)

"മണൽ കാൺ തൊറു വൺൾതായി"
(നറ്റി. 9:8)

"ഒൺ തൊടി മകളിർ വൺടലയരും"
(കുറു. 238: 3)

കൂടാതെ പാവകളുണ്ടാക്കിയുള്ള കളികളിലും അവർ ഏർപ്പെട്ടിരുന്നു ;

"പമണ്ട്യം പാവൈയും കഴമകും എമക്കു ഒളിത്തേ."
(ഐങ്കു. 377 :4)

"ഉണ്ണാവ് പാവൈയെ ഊ വാഴേ...."
(ഐങ്കു 128: 3)

ആൺകുട്ടികളും പെൺകുട്ടികളും ഒരിമിച്ചു രസിച്ചിരുന്ന വിനോദമായിരുന്നു ഊഞ്ഞാൽ ആട്ടം. 'മലയോരങ്ങളിൽ ഊഞ്ഞാലാടി രസിച്ചിരുന്ന സുന്ദരികളായ യുവതികൾ എന്ന് പുറം പാട്ടിൽ ഇങ്ങനെ വിവരിക്കുന്നു;

"ഊചൽ മേൽ ചെയിഴൈ മകളിർ"
(പതി. 5: 3: 2)

ആൺകുട്ടികൾ മരം കൊണ്ടുണ്ടാക്കിയ തേരുപോലുള്ള ചെറു വണ്ടികൾ ഉണ്ടാക്കി കളിച്ചിരുന്നു

"ചിറുതേർ ഉരുട്ടും നഴർ നടൈകൺടേ"
(ഐങ്കു. 403: 5)

ഇങ്ങനെ സമൂഹത്തിന്റെ എല്ലാ തുറകളിലും ചേരനാട്ടിലെ ജനങ്ങൾ ആസ്വാദിച്ചു ജീവിച്ചിരുന്നുവെന്ന് ഈ പാട്ടുകൾ വ്യക്തമാക്കുന്നു. ഓരോ തിണകളുടെ പ്രത്യേകതയനുസരിച്ചാണ് അവരുടെ വിനോദങ്ങളും നിലനിന്നിരുന്നതെന്ന് മുകളിൽ പറഞ്ഞ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്.

**4.5.2.7 വസ്ത്രാഭരണങ്ങൾ**

സംഘകാല ജനങ്ങളുടെ വസ്ത്രങ്ങളെപറ്റിയും വസ്ത്രധാരണ രീതികളെപറ്റിയും വളരെക്കുറച്ചു പരാമർശങ്ങളെ സാഹിത്യത്തിൽ നിന്നു ലഭിക്കുന്നുള്ളൂ. സ്തുതിഗീതങ്ങൾ പാടിവരുന്ന പാണർക്ക് സമ്മാനമായി വസ്ത്രങ്ങൾ കൊടുത്തിരുന്നുവെന്ന് സംഘം പാട്ടുകൾ സൂചന നൽകുന്നുണ്ട് ;

"മുതുനീർപ്പാ ചിയന്നവുടൈകളൈന്തു
തിരു മലരന്ന പുതുമടിക്കൊളിള"
(പുറം. 390: 14-15)

സ്ത്രീകൾ സിൽക്കുപ്പോലുള്ള വസ്ത്രങ്ങൾ ധരിച്ചിരിന്നുവെന്ന് അകം പാട്ടുകളിൽ പരാമർശമുണ്ട് ;

"നുൺ നൂൽ ആകം പൊരുമ്തിണൽ"
(അകം. 198 : 6)

"ആമ് പട്ടു ഇമൈപ്പ"
(അകം. 236 :11)

പ്രധാനമായും സംഘകാല ജനങ്ങൾ *തഴ*കൊണ്ടുള്ള വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. കുളിക്കുമ്പോഴും മറ്റും ഈ വിധം തഴകൊണ്ടുള്ള വസ്ത്രമാണ് ഇവർ ധരിച്ചിരുന്നത് ;

"മണൽ ആടു മലിർനിറൈ വിരുമ്പിയ, ഒൺ തഴൈപ്
പുതൽ ആടു മകളിർക്കുപ് പുണർതുണൈ ഉതവും"
(ഐങ്കു. 15: 1-2)

"വയറൽ മലർ ആമ്പൽ കയിൽ അമൈ നുടങ്കുതഴൈ"
(ഐങ്കു. 72 :1)

"അകൽ അറൈ മലർന്ത അരുവ്പുമുതിർ വേങ്കൈ
ഒൾ ഇലൈത് തൊടലെ തൈള, മെല്ലെന"
(അകം. 105: 1-2)

"അരിമലർ ആമ്പലൊടു ആറ്തഴൈ തൈഇ, വെല്ലെന"
(അകം. 105: 1-2)

"അരിമലർ ആമ്പലൊടു ആറ്തഴൈ തൈഇ"
(അകം .176: 14)

സ്ത്രീയും പുരുഷനും കുട്ടികളും ആഭരണങ്ങൾ അണിഞ്ഞിരുന്നു. സ്ത്രീകൾ കുഴൈ എന്ന പേരുള്ള സ്വർണ്ണം കൊണ്ടുണ്ടാക്കിയ കമ്മൽ അണിഞ്ഞിരുന്നു ;

"വിനൈയേ അടവർക്കു ഉയിരേ വാഴ്നുടൻ
മനൈ ഉറൈ മകളിർക്കു ആടവർ ഉയിർ എന"
(കുറു. 135: 1–2)

കൂടാതെ അവരുടെ മാറിലും ആഭരണങ്ങൾ അണിഞ്ഞിരുന്നു ;

"പൊന്നിൻ ഇഴൈക്കു വിഴക്കാകിയ
ആവാമ്കു ഉമ്തി"
(പതി. 4.1:25–26)

"തിറൽ വിടു തിരുമണി ഇലമ്കു മാർപിൻ"
(പതി. 5.6.3)

പുരുഷന്മാർ തോൾ വള, കൈത്തള, എന്നിവ ഉപയോഗിച്ചിരുന്നു ;

"തൊടിത് തോൾ ഓച്ച"
(പതി. 2.9.8)

കുട്ടികൾ അണിഞ്ഞിരുന്ന അരഞ്ഞാണത്തിൽ മണികൾ കെട്ടിയിരുന്നു ;

"കുരുമ്പൈ മണിപ്പൂൺ പുക്കൽവൻ"
(ഐങ്കു. 442: 5)

പുലിപല്ല് കെട്ടിയ മാലയും കുട്ടികൾക്ക് അണിയിച്ചിരുന്നു. ദുഷ്ട ശക്തികളിൽ നിന്ന് കുട്ടികളെ രക്ഷിക്കാൻ വേണ്ടിയായിരുന്നു ഇത് ;

"പുലിപ്പൂർ താലി പുമ്താലൈച് ചിറാർ"
(പുറം. 374: 9)

സ്ത്രീകൾ അവരുടെ മുടി ഭംഗിയായി കോതി പിന്നിലേക്ക് കെട്ടി വച്ചിരുന്നു ;

"തൂടാവിഴ് കമഴ് കണ്ണി കൈയുപു പുനൈവാർ കാൺ"
(കലി 28:3)

"തൊയ്യകം താഴമ്ത കടുപ്പുപ്പോൽ"
(കലി. 28: 6)

"പിൻ ഇരും കൂമ്തൽ നൽ നയമ് പുനൈയ"
(ഐങ്കു. 495. 3)

തലമുടി കെട്ടിവയ്ക്കുന്നതിനുമുമ്പ് എണ്ണ തേച്ചിരുന്നു ;

"നെയ്യിട്ഐ നീവി മണി ഒളി വിട്ടന്ന
ഐവകൈ പാരത്തിനായ്"
(കലി. 22: 12–13)

"നാറു ഐം കൂന്തൽ"

(അകം. 65: 18)

തലമുടിയിൽ പൂക്കൾക്കെട്ടി ചൂടിയിരുന്നു ;

"തകരം നീവിയ തുകരാക്ക്കൂന്തൽ"

(പതി. 9. 9. 16)

"ചാന്തു ആർ കൂന്തൽ"

(അകം. 389: 2)

"...നീൾ ഐംപാൽ അണി നകൈ ഇടൈയിട്ട"

(കലി. 32: 3-4)

**4.5.2.8 ഭക്ഷണം**

ആട്ടിറച്ചി ചേർത്ത ചോറായിരുന്നു പ്രധാന ഭക്ഷണം ;

"വാൽ നിനക് കൊഴും കുറൈ
മൈ ഊൺ പെയ്ത വെണ്ണെൻ വെൺ ചോറു"

(പതി. 2. 2. :16-17)

ചെമ്മരിയാടിന്റെ ഇറച്ചിയും എണ്ണയും ചേർത്ത് ഇറച്ചി വറുത്തുപയോഗിച്ചിരുന്നു ; കൂടാതെ ഇറച്ചിയും മുതിരപ്പയറും ചേർത്ത് കൂട്ടാൻ വച്ചിരുന്നതിനെപറ്റയും പാട്ടുകളിൽനിന്ന് സൂചനകൾ ലഭിക്കുന്നുണ്ട്;

"വാൾ നിനക് കൊഴും കുറൈ
കുയ് ഇടും തോറും ആനാടു ആർപ്പ"

(പതി. 3.1: 10-11)

'വെൺ തുവൈ മുതിരൈ
വാൽ ഊൻ വാൾചി"

(പതി. 6. 5. 7.8)

മുള്ളൻപന്നിയുടെ ഇറച്ചിയും മുയലിറച്ചിയും സാധാരണയായി ഉപയോഗിച്ചിരുന്ന മാംസമാണ്.

"ചിലൈപ്പര പട്ട മുളവുമാൻ കൊഴും കുറൈ"

(പുറം. 374: 11)

"കുറുമുയലിനിണം പെയ്തന്ത
നറുനെയ്യ ചോറെൻ കോ"

(പുറം 396: 16-17)

"മണ്ടൈയകണ്ടമാൻവരൈെക്കരുനൈ"
(പുറം. 398: 24)

*ഉണക്കമീൻ കൂട്ടാൻ* ഉണ്ടാക്കുവാൻ പുളി ചേർത്തിരുന്നു;

"അയിലൈ തുഴമ്ത അമ് പുളിച്ചൊറിമ്ഉ
കൊഴുമീൻ തടിയൊടു"
(അകം 60: 5–6)

തിനയും കാട്ടിൽ നിന്നു കിട്ടുന്ന ഒരു തരം ഐവനം എന്നു പേരുള്ള അരിയും ചേരനാട്ടുകാരുന്റെ ഭക്ഷണത്തിന്റെ പ്രധാന ഭാഗമായിരുന്നു ;

"ഒലികഴൈ നിവന്ത നെല്ലുടൈ നെണിവെതിർ"
(അകം. 185–4)

കൂടാതെ ചക്കയും മാങ്ങയുമായിരുന്നു മലനാടായ ചേരനാട്ടിലെ പ്രധാന ഭക്ഷ്യഫലങ്ങളെന്ന് മധുരൈ ക്കാഞ്ചിയിൽ ഇപ്രകാരം വർണ്ണിക്കുന്നു ;

"ചേറുമ് നാറ്റമും പലവിൻ ചുളൈയും
വേറു പടക് കവിനിയ തേ മാങ്കനിയും"
(മധുരൈ. 527–528)

സംഘകാല സാമൂഹ്യജിവിതത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അത് ഒരു കൂട്ടവ്യവസ്ഥയിൽ ഉണ്ടാക്കപ്പെട്ടു എന്നുള്ളതാണ്. എല്ലാ സാമൂഹിക സംസ്ക്കാരികാംശങ്ങളിലും മനുഷ്യന്റെ ഒന്നു ചേരലിന്റെയും കൂട്ടത്തിന്റെയും സൂചനകൾ കാണാം. സ്ത്രീകേന്ദ്രീകൃതമായ ഒരു കുടുംബവ്യവസ്ഥയാണ് സംഘകാലചേരനാട്ടിലുണ്ടായിരുന്നത്. മകളുടെ കല്ല്യാണത്തിന്റെ അവസരത്തിൽ അമ്മക്കുള്ള പ്രാധാന്യം വ്യക്തമാണ്. ഇന്നും കേരളത്തിലെ പലസമുദായങ്ങളിലും വധുവിന്റെ അമ്മയ്ക്ക് ഈ വിധം പ്രാധാന്യം കാണാം. അച്ഛൻ മകളുടെ കൈ വരന് ചേർത്തു പിടിച്ചു കൊടുക്കുക എന്ന ചടങ്ങ് ഒഴികെ ബാക്കിയെല്ലാം വധുവിന്റെ അമ്മയാണ് ഇന്നും കേരളത്തിൽ നിർവഹിക്കുന്നത് . കൂടാതെ മിക്ക ജാതിവിഭാഗങ്ങൾക്കിടയിലും വിവാഹം വധുവിന്റെ വീട്ടിൽ വച്ചുതന്നെയാണ് നടക്കുന്നത്. ഭാരതത്തിലെ മറ്റ് സ്ഥലങ്ങളിലെന്നപോലെ ആൺക്കുട്ടിയുടെ അമ്മയാകുക എന്ന വിചാരം ഇന്നും കേരളത്തിൽ പിന്തുടരുന്നു. കൂടാതെ ഇന്ന് നമ്മുടെ അബോധമനസ്സിൽതങ്ങി നില്ക്കുന്ന 'തലയിൽ കൈ വയ്ക്കുന്നത് സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും സൂചകം' ചേരനാട്ടു ജനങ്ങളുടെ പിന്തുടർച്ചയാണെന്ന് വ്യക്തമാണ്. പല്ലി, ചിലക്കുന്നതും ഇടത്തേക്കണ്ണിന്റെ തുടിപ്പും നക്ഷത്രങ്ങളുടെ സ്ഥാനം നോക്കലും എന്നിവ ഇന്നും നാം പിന്തുടർന്നു പോരുന്ന വിശ്വാസങ്ങളാണ്. ചേരനാട്ടുത്സവപറമ്പുകളുടെ ചിത്രം നമ്മുടെ ഉത്സവ പറമ്പുകളുമായി പറയത്തക്ക വ്യത്യാസമൊന്നുമില്ല എന്ന് പാട്ടുകളിലെ വിവരണങ്ങളിൽ നിന്ന് വ്യക്തമാണ്. കൂടാതെ ചേരനാട്ടിലെ പ്രധാന ഉത്സവമായ ആറാട്ടുത്സവം ഇന്നും കേരളത്തിൽ അങ്ങിങ്ങായി നടന്നുകൊണ്ടിരിക്കുന്നു പത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ടുമഹോത്സവുമായി ബന്ധ പ്പെടുത്തിയാണ് *എം.ഇ മാണിക്യവാസകം* സംഘകാല ചേരനാട്ട് ആറാട്ടുത്സവത്തെ പുനർനിർമ്മിക്കുന്നത്.[47]

കൂടാതെ കേരളത്തിലെ ഹൈന്ദവ ആചാരങ്ങളിൽ ആറാട്ടുമഹോത്സവത്തിന് പ്രത്യേക സ്ഥാനമുള്ളത് ഇതിനോട് ചേർത്ത് വായിക്കപ്പെടേണ്ട ഒന്നാണ്. മറ്റൊന്ന് കാമദേവോത്സവമാണ് ഇന്നും വടക്കൻ കേരളത്തില് പ്രത്യേകിച്ച് കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കാമദേവന്റെ പൂജയും മറ്റും കാണാം, കൂടാതെ വടക്കൻ കേരളത്തിൽ നിന്നും കണ്ടെടുത്ത രാമചരിതത്തിലും കാമദേവനെ രാമചരിതാകാരൻ വന്ദിക്കുന്നത് ഈ പാരമ്പര്യത്തെ കാണിക്കുന്നവയാണ്.[48] തിരുവോണവും, വെറിയാടലും ഇന്നും കേരളം സംഘകാലത്തെന്നപ്പോലെ പിന്തുടരുന്നവയാണ്.

പ്രധാനപ്പെട്ട സംഘകാല നൃത്തരൂപങ്ങളിൽ ഒന്നായ തുണങ്കൈക്കൂത്തിന്റെ സ്വഭാവം പരിഗണിച്ചാൽ; 'മാലയും കമ്മലും പൂമാലയും അണിഞ്ഞ സ്ത്രീകൾ നല്ല പ്രകാശമുള്ള വിളക്കിനുചുറ്റും നടത്തിയിരുന്ന നൃത്തം', അത് ഇന്നത്തെ കൈക്കൊട്ടിക്കളിയാണെന്ന് വ്യക്തമാണ്. ഓണക്കളി, ഓണത്തല്ല്, ആണ്ടിപ്പാട്ട്, കുറത്തിപ്പാട്ട്, വേലക്കളി, വെളിച്ചപ്പെടൽ (വെറിയാട്ടിന് തുല്ല്യം), കൊറ്റപൈപ്പാട്ട് (പാന), വീരാരാധന, തുണങ്കൈക്കൂത്ത് (കൈകൊട്ടിക്കളി), ആര്യസ്വാധീനമുള്ള ചാക്യാർക്കൂത്ത് ഇവ മിക്കതും തമിഴ്നാട്ടിൽ വളരെ പണ്ടേ നിലച്ചുപോയെന്നും ഇന്നും കേരളത്തിൽ നിലനില്ക്കുന്നുവെന്നു എൽ. വി. ആർ രേഖപ്പെടുത്തുന്നുണ്ട്.[49] സംഘകാല ചേര വാദ്യോപകരണങ്ങളായ 'മുഴാ' ആണ് മിഴാവായതെന്ന് എന്ന് *എം. ഇ മാണിക്യവാസകം* സംസ്ക്കാര പാരമ്പര്യ പുനർനിർമ്മിതിയിലൂടെ കണ്ടെത്തുന്നു.[50] *പറയും, കുഴലും, കൊമ്പും, വീണയും*, പാണന്റെ *യാഴെന്ന* വാദ്യവും ഇന്നും കേരളത്തിൽ പ്രചാരത്തിലുള്ളതും നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ ഭാഗവുമായ ഘടകങ്ങളാണ്. ചേരനാട്ടുവിനോദങ്ങൾ ഇന്നും കേരളത്തിന്റെ നാട്ടിൻ പുറത്തുകളിൽ നടക്കുന്നതും നമ്മുടെ പൈതൃകത്തിന്റെ ഭാഗമായതുമാണ് പുഴയിലും കുളത്തിലും ചാടിതിമർത്ത് നീന്തി കുളിക്കുന്നതും, മണ്ണപ്പം ചുട്ടും, കരുവെച്ചും, പാവയുണ്ടാക്കിയും, ഊഞ്ഞാലാടുന്നതും സംഘകാല ചേരനാട്ടുസംസ്ക്കാരത്തിന്റെ പാരമ്പര്യകണ്ണികളാണ്.

ഇപ്രകാരം പ്രകൃതിയുടെ സവിശേഷമായ സാഹചര്യത്തിൽ ഉടലെടുത്ത സാമൂഹ്യ ജീവിത സാംസ്ക്കാരിക സവിശേഷതകളോടൊപ്പം തന്നെ ഭാഷയുടെ പ്രത്യേകതയും നിലനിന്നിരുന്നു. ഇതിനെ സാധൂകരിക്കുന്നതാണ് കഴത്തലൈയാർ പാടിയ പുറംപാട്ട്, ഈ പാട്ടിൽ 'അനേകശതകങ്ങളായി കോർക്കപ്പെട്ട പതിനെട്ടു ഭാഷക്കാരായ പടകളെല്ലാം നശിച്ചു' എന്ന് ഇപ്രകാരം പാടുന്നു:

"പന്നുറടുക്കിയ വേറുപടുപൈഞ്ഞിലം
ഇടങ്കടവീണ്ടിയ വിയൻകട് പാചറൈക് "
(പുറം. 62: 10-11)

ഈ പാട്ടിൽ നിന്ന് സംഘത്തമിഴകത്തിലെ ഭാഷയിടെ വൈചിത്യം സുവ്യക്തമാണ്. ഈ വിധമുള്ള ചേരനാട്ടുഭാഷാ പ്രത്യേകതകളാണ് തുടർന്ന് അന്വേഷിക്കുന്നത്;

**4.6 മലനാട്ടു ഭാഷ**

സംഘംകൃതികളുടെ വ്യാഖ്യാതാക്കളാണ് ആദ്യമായി മലനാട്ടു ഭാഷാ പ്രത്യേകതകളെപ്പറ്റി മനസ്സിലാക്കുകയും അവയെ *മലൈനാട്ടുവഴക്കങ്ങൾ* എന്നു പേരിട്ടു വിളിക്കുകയും ചെയ്തത്. *തൊൽകാപ്പിയം, ചിലപ്പതികാരം, ജീവകചിന്താമണി* തുടങ്ങിയ കൃതികളുടെ വ്യാഖ്യാതാക്കളാണ് ആദ്യമായി മലനാട്ടുവഴക്കത്തെ പറ്റി വിശദമായി ചർച്ചചെയ്തത്. ഇന്നത്തെ തമിഴിൽ പ്രയോഗത്തിൽ ഇല്ലാത്തതും എന്നാൽ സംഘകൃതികളിൽ രേഖപ്പെടുത്തിയിട്ടുള്ളതും മലനാട്ടിൽ അതായത് ഇന്നത്തെ കേരളത്തിൽ പ്രചാരത്തിലുള്ളത് എന്നർത്ഥത്തിൽ ഇപ്പോഴും വ്യവഹാരത്തിലുള്ളതുമായ ഭാഷാസവിശേഷതക്കളെയാണ് മലനാട്ടുവഴക്കം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.[51]

മലനാട്ടു വഴക്കങ്ങളെക്കുറിച്ച് ആധികാരികമായി അന്വേഷിച്ചവരിൽ പ്രധാനികൾ, എം. രാഘവയ്യങ്കാർ, മഹാകവി ഉള്ളൂർ, നടുവട്ടം ഗോപാലകൃഷ്ണൻ എന്നിവരാണ്. റാവുസാഹിബ് എം. രാഘവയ്യങ്കാറുടെ *Some Aspects of Kerala and Tamil Literature* (1950) ഭാഗം II ൽ ഇങ്ങനെ രേഖപ്പെടുത്തുന്നു; പുരാതന തമിഴ് ഭാഷയെക്കുറിച്ചുള്ള ശ്രദ്ധേയമായ കുറച്ചുകൂടി ഉദാഹരണങ്ങളുണ്ട് സാധാരണയായി കേരള സാഹിത്യത്തിലും സംഭാഷണത്തിലും ഉപയോഗിക്കുന്നതും ഇന്നത്തെ തമിഴിൽ പ്രചാരലുപ്തമായ പദങ്ങളാണവ:[52]

**കാണം** : A coin, now equivalents to three Kalanjas or ½ fanas, in Kerala according to Dr. Gundert's Malayalam Dictionary. But the ancient Sangam coin must have been of more value.

| | | |
|---|---|---|
| ആപ്പ് | : Din of Battle | (അകം. 36) |
| പീടികൈ | : Market | (ചില. 5, വരി 41) |
| കടിഞ്ചൂൽ | : Pregnancy nearing confinement | (അകം. 304) |
| വാലാമൈ | : Pollution (due to child birth) | (ചില. 15, 1.24) |
| തറ്റ് | : Fasten (clothes strongly) | (തിരുക്കുറൾ) |
| കായന്തലൈ | : Young one | (മലൈ. 307) |
| വിളി | : Call | |
| ചവട്ട് | : Over whelm, carry the day | (അകം. 375) |
| പടൈപ്പ് | : Wealth | |
| പുഴുക്ക് | : Pudding (of Jaggary, usually) | |
| പൊൻവൺകൻ | : Gold smith | (പത്തു.287) |

മഹാകവി ഉള്ളൂർ കേരള സാഹിത്യചരിത്രത്തിൽ 'മലയാളത്തിന്റെ പഴമ; ചില പ്രാചീന പ്രയോഗങ്ങൾ' എന്ന ഭാഗത്ത് മലനാട്ടു ഭാഷയുടെ പ്രാചീനതയെ ഇപ്രകാരം വിവരിക്കുന്നു;

ഒന്ന് : 'ആതിനിൻറ അകരം ഐകരമായ് തിരിന്താതു' എന്ന തൊല്ക്കാപ്പിയം എഴുത്തധികാര സൂത്രപ്രകാരം ആദ്യകാലത്തു ശബ്ദങ്ങളുടെ ഒടുവിൽ നിന്നിരുന്ന അകാരം പിന്നീട് തമിഴിൽ ഐകാരമാറി. മലയാളത്തിൽ തല, മല,

എന്നൊക്കെയല്ലാതെ തമിഴിലെപ്പോലെ തലൈ, മലൈ എന്ന ഉച്ചാരണമില്ലാത്തതുകൊണ്ട് ഈ വിഷയത്തിൽ മലയാളം പൂർവ്വരൂപങ്ങൾ നിലനിറുത്തി പോരുന്നു. *(ഇങ്ങനെയൊരു സൂത്രം തൊൽകാപ്പിയത്തിലില്ലെന്ന് ഡോ.കെ. എം. പ്രഭാകരവാര്യർ മൊഴിയും പൊരുളും എന്ന കൃതിയിൽ പുറം. 27 ൽ പ്രസ്താവിക്കുന്നു).*

രണ്ട് : ആ, ഈ ചുറ്റെഴുത്തുകൾ തമിഴിൽ കവിതയിൽ മാത്രമേ വരൂ എന്നാണ് തൊല്ക്കാപ്പിയരുടെ മതം; മലയാളത്തിൽ അവയ്ക്കു വ്യവഹാരഭാഷയിലും പ്രവേശനമുണ്ട്.

മൂന്ന് : പൂർവ്വകാലത്ത് തമിഴിൽ ക്രിയപദങ്ങളോടു ലിംഗവചന പ്രത്യയങ്ങൾ ചേർക്കുക പതിവില്ലായിരുന്നുവെന്നും ചെന്തമിഴിൽ അങ്ങനെയൊരു പരിഷ്ക്കാരം ഇദംപ്രഥമമായി ഏർപ്പെടുകയാണുണ്ടായതെന്നും അത്രേ ചില പണ്ഡിതന്മാരുടെ മതം. മലയാളത്തിൽ 'അവൻ വന്നു', 'അവർ പോയി', എന്നും മറ്റുമല്ലാതെ 'അവൻ വന്നാൻ' 'അവർ പോയാർ' എന്നും മറ്റും വ്യവഹാര ഭാഷയിൽ പ്രയോഗിക്കാറില്ലല്ലോ. ലീലാതിലകത്തിൽ 'ക്രിയായാം കാലത്രയേ പ്രയോഗദിനം' എന്ന സൂത്രത്തിൽ ഈ പ്രയോഗം വൈകല്പികമായി വിധിക്കുന്നുണ്ടെങ്കിലും ആ ഗ്രന്ഥകാരന്റെ വ്യവസായം മണിപ്രവാളകൃതികൾക്കു ലക്ഷണ ശാസ്ത്രം നിർമ്മിക്കുക എന്നുള്ളതായിരുന്നുവെന്നും ആ കൃതികൾ ചെന്തമിഴ് വ്യാകരണ നിയമങ്ങൾക്ക് ഏറെക്കുറെ .വിധേയങ്ങളായിരുന്നു.

നാല് : സംഘകാലത്ത് 'ഉന്തു' എന്നൊരു വർത്തമാനകാല പ്രത്യയം ഉണ്ടായിരുന്നുവെന്നും, ആ പ്രത്യയം പരണർ, കോവൂർ കിഴാർ, നക്കീരർ മുതലായ പഴയ കവികൾ പ്രയോഗിച്ചിട്ടുണ്ടെന്നും അത് മലയാളത്തിൽ 'ഉന്നു' എന്ന രൂപത്തിൽ ഇന്നും നിലനിന്നു പോരുന്നുണ്ടെന്നും 'പുറനാനൂറ്റിൻ പഴമൈ' എന്ന ഗ്രന്ഥത്തിൽ അഭ്യൂഹം ഉന്നയിച്ചുകാണുന്നു. അതിന്റെ പ്രണേതാവു ചില വ്യാഖ്യാതാക്കന്മാർ പറയുന്നതുപോലെ ആ പ്രത്യയം പേരച്ചത്തിന്റേതല്ലെന്നും പൂർണ്ണ ക്രിയയുടേതാണെന്നും സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. അതു ശരിയായിട്ടു തോന്നുന്നില്ല. 'ഉന്തു' കന്നടത്തിൽ '*ഉത്ത*'യായും തെലുഗുവിൽ '*ഉതു*' '*ഉത്ചു*' എന്നീ രൂപങ്ങൾ സ്വീകരിച്ചും മാറുന്നു, 'ഇൻറു' എന്നും ഒരു രൂപമുണ്ടായിരുന്നു 'ഇറു' അതിൽ നിന്നു പിന്നീടുവന്നതാണ്. ഈ 'ഇൻറു' മലയാളത്തിൽ 'ഇന്നു' എന്ന രൂപത്തിൽ നിലനിന്നിരുന്നുവെന്നും അതാണു പിന്നീട് 'ഉന്നു' ആയിത്തീർന്നതു എന്നാണ് ഞാൻ പൂർവ്വകാരത്തെ താളിയോലഗ്രന്ഥങ്ങളുടെ നിഷ്കൃഷ്ടമായ പരിശോധനയിൽ നിന്നു ഗ്രഹിക്കുന്നത്.

അഞ്ച് : *ആയ്ത* എഴുത്ത് ചെന്തമിഴിൽ പ്രത്യേകമായി സംസ്കൃതത്തിലെ വിസർഗത്തെ അനുകരിച്ച് കൂട്ടിച്ചേർത്തതും പഴന്തമിഴിൽ ഇല്ലാത്തതുമാണ്. മലയാളത്തിൽ *ആയ്ത* എഴുത്ത് പദ്യത്തിൽ പോലും പണ്ടും ഇന്നും ഇല്ല.

ആറ് : 'ഇ' എന്ന ഭൂതകാല പ്രത്യയത്തിനു 'യ' കാരാഗമം വന്ന് 'ഇ' എന്ന പേരച്ച മല്ലാതെ നാകാരാഗമം വന്ന് 'ഈ' എന്ന മറ്റൊരു രൂപം പണ്ടു തമിഴിൽ ഇല്ലായിരുന്നു. പഴകിയ, ആക്കിയ എന്ന് മലയാളത്തിൽ പറയാറില്ലെങ്കിലും പഴകിന, ആക്കിന എന്നിങ്ങനെയാണ് ഇന്നത്തെ തമിഴിൽ പ്രായേണ പ്രയോഗിച്ചു കാണുന്നത്. വരുവാൻ, പോകുവാൻ മുതലായ പദങ്ങളിലുള്ള 'ആൽ' എന്ന പഴന്തമിഴിലെ പിൻവിനയെച്ചപ്രത്യയം ഇന്നത്തെത്തമിഴിൽ ഗ്രന്ഥഭാഷയിൽ മാത്രം അപൂർവ്വമായും മലയാളത്തിൽ സർവ്വസാധാരണമായും പ്രയോഗിക്കുന്ന 'മതി' എന്ന പദം പരണരുടെയും മറ്റും സംഘംകൃതികളിൽ കാണുന്നുണ്ടെങ്കിലും പിൽകാലത്ത് ആ ഭാഷയിൽ ലുപ്തമായിപ്പോയി എന്നാൽ അത് മലയാളത്തിൽ ഇന്നും നിലവിലിരിക്കുന്നു. തെല്ല് (തമിഴിൽ തില്) മുതലായപദങ്ങളും ഇക്കൂട്ടത്തിൽ ഉൾപ്പെട്ടതാണ്. 'മതി', 'തെല്ല് ' ഇവയുടെ അർത്ഥം തന്നെ തമിഴർക്ക് ഇക്കാലത്ത് അറിവില്ല. 'അങ്ങനെ' എന്ന പദം തമിഴിൽ കവിതകളും പണ്ഡിതന്മാരും മാത്രം ഉപയോഗിക്കുന്നു: പ്രത്യുത മലയാളത്തിൽ അതു ഇന്നും എല്ലാവരുടെയും കൈകാര്യത്തിലിരിക്കുന്നു. 'നിന്റെ' എന്ന അർത്ഥത്തില 'നിൻ' എന്നു മാത്രമേ മുൻ കാലത്തു തമിഴിൽ പ്രയോഗമുണ്ടായുരുന്നുള്ളൂ ; 'ഉൻ' എന്ന രൂപം പിന്നീടു വന്നതാണ്. മലയാളത്തിൽ നിൻ എന്ന പദം മാത്രമാണല്ലോ ഇന്നും പ്രയോഗിക്കുന്നത്. അതുപോലെ മലയാളത്തിലെ 'ആയി'; 'ആവും' ഇവയാണ് തമിഴിലെ 'ആകി' 'ആകും' ഇവയുടെ പ്രാഗ് രൂപങ്ങൾ.

ഏഴ് : കേരള പാണിനിയത്തിൽ മലയാളത്തെ തമിഴിൽ നിന്നു വേർതിരിക്കുന്ന രണ്ടുപാധികളായി നിർദ്ദേശിച്ചിട്ടുള്ള അനുനാസികാതിപ്രസരവും തവർഗോപമർദ്ദവും ആ നിലയിൽ അംഗീകരിക്കാവുന്നതാണോ എന്നുള്ളതിനെ പറ്റി പ്രബലമായ അഭിപ്രായ വ്യത്യാസമുണ്ട്. ചെന്തമിഴിന്റെ ആവിർഭാവത്തിനു മുമ്പുതന്നെ ഔദാസീന്യന്യായമനുസരിച്ച് ഈ ഭേദങ്ങൾ ദക്ഷിണ ദ്രാവിഡഭാഷയിൽ വന്നു ചേർന്നിരുന്നുവെന്നും അനുനാസിക പ്രധാനമായിരുന്ന ആ ഭാഷയിലെ പൂർവ്വ രൂപങ്ങളെയാണ് മലയാളം പ്രദർശിപ്പിക്കുന്നതെന്നുമാകുന്നു എന്നാണ് കനകസഭയുടെ അഭിപ്രായം. ഞണ്ടു, ഞാൻ, ഞായിറു മുതലായ പദങ്ങൾ ഇന്നും തമിഴിൽ നടപ്പുണ്ട് . അതുകൊണ്ട് ഐന്തു; അഞ്ചു, കുൻറു; കുന്ന്, നരമ്പു; ഞരമ്പു; ഇവയാണ് പ്രാചീന പദങ്ങളെന്ന് ഖണ്ഡിച്ചു പറയാവുന്നതല്ല.

എട്ട് : 'ററ' എന്ന വർണ്ണത്തിന്റെ പഴയ ഉച്ചാരണം ഇന്നും ശരിയായി നിറുത്തിപ്പോരുന്നതു മലയാളമാകുന്നു. തമിഴിൽ അത് *റ്റ* എന്നുമാറിയിരിക്കുന്നു. നിലാ, മഴൈ, വെയിൽ, ഇരുൾ, എന്നീ പദങ്ങളോട് 'അത്തു' എന്ന ചാരിയെ ഇട നിലാചേരുമെന്നു തൊല്ക്കാപ്പിയത്തിൽ വിധിയുണ്ടെങ്കിലും ആവിധിക്കനുസരിച്ചുള്ള പ്രയോഗങ്ങൾ ഇന്നു പ്രത്യക്ഷീഭവിക്കുന്നതു മലയാളത്തിൽ മാത്രമാണ്. തുടർന്നു, തമിഴർക്കു കേട്ടാൽ പലപ്പോഴും നിഘണ്ടുവിന്റെ സഹായം കൂടാതെ മനസ്സിലാകത്തവയും എന്നാൽ കേരളീയർക്കു നിത്യോപയോഗ

ത്തിലിരിക്കുന്നവയും തന്നിമിത്തം അനായാസേന ശ്രവിക്കുന്നവയുമായ പ്രാചീന പദങ്ങൾ പഴയചെന്തമിഴ് കൃതികളിൽ കാണുന്നുണ്ട് ; ഉദാഹരണത്തിന് ;

**ചിലപ്പതികാരം** : പടുകാലൈ (പടുകാലം), തുന്നക്കാരൻ (തുന്നൽക്കാരൻ), പീടികൈ (പീടിക), അങ്കാടി (അങ്ങാടി), പിഴൈ (തെറ്റ്), മാണി (ബ്രഹ്മചാരി), പൊതി (ഭാണ്ഡം), എക്കൽ, കുവനീറു, അടയ്ക്ക, വാലാമൈ (വാലായ്മ), പട്ടാങ്ക് (പട്ടാങ്ങ്, അളിയൻ), ആചാൻ (ആശാൻ), ചാന്തി (ശാന്തി), പറ്റായം (പത്തായം), ഈടു (പണയം), പിണക്കം, കരയാമൽ (കാരാതെ), പടുഞായിറു (പടിഞ്ഞാറ്)

**പുറപ്പൊരുൾ വെൺപാമാല**: ആൾ (ശക്തൻ), ഊഴം, കണി (ജ്യോത്സ്യൻ), കളരി, കൂറു (പങ്ക്), തോണി, പാണി (ഒരു വക താളം), കളരി

**മണിമേഖല**: കാവ്, തൊഴുതു, ഊൺ

**നാലായിരപ്രബന്ധം**: അത്താണി, അറ്റകുറ്റം, ആലി (മഴത്തുള്ളി), ഒരുപാട് (വളരെയധികം), കിളിപൈതൽ, ഉഴല്വാൻ, കുട്ടൻ, അടിയുനൈ (അടിയറ), മൂരി, മടി (ആലസ്യം), പാവ, കവളം, കരവൈ, ചിക്കെന (ചിക്കെന്ന്), ചിറുക്കൻ (ചെറുക്കൻ), നിശ്ചലം (നിത്യം), പണി (വയിറു), പയലുതൽ (പയറ്റ്), പളളി (നിദ്ര-പള്ളിക്കൊളളുക), നോക്കുക, പറൈൽ (പറയുക), പുലരി, പൈയ (പയ്യെ), വാൽ ഓതുതുൽ (വാരം ഇരിക്ത), എന്നി പദങ്ങളെയും മറ്റ് സംഘം കൃതികളിൽ നിന്ന് കടവ്, കുപ്പായ്, ചിതൽ, ചോറൈ, തീറ്റി, പണിക്കൻ, പായൽ, പൂചൈ (പൂച്ച), മിടുക്ക്, വിഴ്പാട് എന്നീ പദങ്ങളെയും മലെനാട്ടുവഴക്കളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഉദാഹരിക്കുന്നു.[53]

മലയാള ഭാഷയ്ക്കു ശ്രേഷ്ഠഭാഷാ പദവി നേടിക്കൊടുക്കുന്നതിന്റെ ഭാഗമായി നടന്ന ഗവേഷണങ്ങളുമായി ബന്ധപ്പെട്ടാണ് നടുവട്ടം ഗോപാലകൃഷ്ണൻ മലനാട്ടുവഴക്കത്തെ ക്കുറിച്ച് വിശദമായി പഠിക്കുന്നത്. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളിൽ കണ്ടെത്തിയ ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു ;

**സംഘംകൃതികൾ:** അങ്ങനെ, ആർപ്പ്, കടവ്, കുപ്പായം, ചിതൽ, ചോര, തീറ്റ, തെല്ല്, പണിക്കൻ, പുഴുക്ക്, പൂചൈ, പൂച്ച, പൂള (പഞ്ഞിമരം), മതി, മിടുക്ക്, വഴിപാട്.

**തെല്കാപ്പിയം** : അത്ത് (ഇടനില), ഉന്നം (ഇലവ്), ഉഴിന (സസ്യം), കണ്ടി (പോത്ത്), തത്ത, മൂങ്ക (മൂങ്ങാ), വളി (കാറ്റ്)

**മണിമേഖല**: ഊൺ, കാവ്, തൊഴുത

**ചിലപ്പതികാരം** : അങ്കാടി, അടയ്ക്ക, അളിയൻ (സഹോദരി ഭർത്താവ്), ആശാൻ, ഈട്, എക്കൽ, കരയാമൽ, കുവനീറ്, ചാന്തി (ശാന്തിക്കാരൻ), തുന്നൽക്കാരൻ, പടുകാലം, പടിഞ്ഞായിറ്റ്, പട്ടാങ്ങ് (സത്യം), പനി (ജ്വരം), പിണക്കം, പിഴ, പീടിക, പൊതി, മാണി, മാണിക്കായ്, വാലായ്മ.

പുറപ്പൊരുൾ വെൺപാമാല : അടിയറൈ (അടിയറ), അറ്റകുറ്റം, ഉഴവൻ, ആലി, ഒരുപാട്, കവളം, കിളിപൈതൽ, കുട്ടൻ, കുരവ, ചിക്കനൈ, ചിറുക്കൻ, നിച്ചലും (നിത്യവും), പാണ്ടി (പയർ), പലയുതൽ, പള്ളി പായൽ, പാവ പുലരി, വയ്യ, വാരാഓൽ (വേദാഭ്യാസം).[54]

എസ്. കെ. വസന്തനും ഇപ്രകാരം മലനാട്ടു വഴക്കങ്ങളെ സൂചിപ്പിക്കുന്നുണ്ട് ;സംഘ സാഹിത്യത്തിലെ നിരവധി പദങ്ങൾ മലയാളത്തിൽ ഇന്നും അതേ അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട്. താമര, ആമ്പൽ, കരികുവളം, മല്ലിക, തുമ്പ, നൊച്ചി, പയറ്, കരിമ്പ്, ആന, കുതിര, പശു, മാൻ, ഉടുമ്പ്, മുയൽ, കുരുവി, കോഴി, വവ്വാൽ, മടൽ എന്നിവയാണവ.[55]

ചേരനാടിനെപറ്റി എഴുതിയ പാട്ടുകൾ, ചേരനാട്ടു കവികളുടെ പാട്ടുകൾ എന്നിവയിൽ മലനാടിന്റെ ഭാഷാപ്രത്യേകതകൾ കാണാം. ഇന്നത്തെ തമിഴുമായും തൊല്ക്കാപ്പിയ സൂത്രങ്ങളെ മുൻനിർത്തിയും ചേരനാട്ടുകാവ്യങ്ങളിലെ മലനാട്ടുഭാഷയെ താരതമ്യം ചെയ്തുമാണ് ഈ ഭാഷാപ്രത്യേകതകളെ കണ്ടെത്താൻ ശ്രമിക്കുന്നത്. ഈ സവിശേഷതകളെ സ്വനിമതലം (phonemic), രൂപിമതലം (morphemic), വ്യാകരണതലം (gramatic) എന്നീ മൂന്നു വിഭാഗങ്ങളായി തരംതിരിച്ചാണ് പഠിച്ചിരിക്കുന്നത്.

**4.6.1 സ്വനിമതലം**

വേർതിരിച്ച് കാണിക്കാൻ കഴിയുന്ന ഭാഷണശബ്ദാഭിലക്ഷണങ്ങളുടെ ഏറ്റവും ചെറിയ മാത്രയാണ് സ്വനിമം. ഭാഷയിലെ അർത്ഥവ്യാവർത്തക ശേഷയിലുള്ള ഏറ്റവും ചെറിയ ഘടകമാണെന്ന് മറ്റൊരുതരത്തിൽ സ്വനിമത്തെ നിർവ്വചിക്കാം.[56]

"ഔ കാര ഇറുവായ്
പ്പന്നീരെഴുത്തം ഉയിരെന മൊഴിപ"
(തൊൽ. എഴു. സൂത്രം. 8)

എന്ന സൂത്രപ്രകാരം അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ, ഒ, ഓ, ഔ എന്നീ പന്ത്രണ്ട് സ്വരങ്ങളും

"ഞകാര ഇറുവായ്
പ്പതിനെൺ എഴുത്തും മെയ് എന മൊഴി"
(തൊലി. എഴു. സൂത്രം. 9)

എന്ന സൂത്രപ്രകാരം, ക്, ങ്, ച്, ഞ്, ട്, ൺ, ത്, ന്, പ്, മ്, യ്, ര്, ൽ, വ്, ഴ്, ൾ, റ്, ന് എന്നീ പതിനെട്ടു വ്യഞ്ജനാക്ഷരങ്ങളുമാണ് സംഘത്തമിഴിൽ ഉണ്ടായിരുന്നത്. തൊല്ക്കാപ്പിയ പ്രകാരമുള്ള മുപ്പത്തി ഒന്ന് അക്ഷരങ്ങളിൽ 29 അക്ഷരങ്ങളാണ് സ്വനിമമായികണക്കുകൂട്ടുന്നത്.[57]

തൊല്ക്കാപ്പിയ സൂത്രപ്രകാരമുള്ള ചില സ്വനിമങ്ങളുടെ ഉച്ചാരണശുദ്ധി ദ്രാവിഡഭാഷകളിൽ മലയാളം മാത്രമാണ് ഇന്നും സംരക്ഷിച്ചുപോരുന്നത് എഴുത്തതികാരം പിറ്റപ്പിയൽ 94-ാം സൂത്രപ്രകാരം

"അണരി നുനി നാം അണ്ണം ഒറ്റ
റനകാൻ ആയി രണ്ടും പിറക്കും"

ഇതനുസരിച്ച്, നാക്കിന്റെ അറ്റത്തെ അൽപ്പം വളച്ചുവായുടെ മുകൾ തട്ടിൽ താലുവിനും ദന്തമൂലത്തിനും ഇടയ്ക്കുസ്പർശിക്കുമ്പോൾ റ, നു, എന്നീ വ്യഞ്ജനങ്ങൾ ജനിക്കുന്നു.വർത്സ്യമായ 'റ്റ' യുടെ ഉഛാരണവും ഇതേ രീതിയിലാണ് സംഭവിക്കുന്നത്. ഈ സവിശേഷതയെയാണ് ഉള്ളൂർ *കേരളസാഹിത്യചരിത്രത്തിൽ* സൂചിപ്പിച്ചിരുന്നത്.

സംഘകാല ചേരനാട്ടു കാവ്യങ്ങളിൽ 'റ്റ' എന്ന സ്വനിമത്തിന്റെ വ്യാപനം എപ്രകാരമാണെന്ന് പരിശോധിക്കാം ; ഈ കൃതികളിൽ 'റ്റ' പദങ്ങളുടെ മധ്യത്തിലാണ് വരുന്നത് അവ ;

i) എല്ലാ ഹ്രസ്വവും ദീർഘവുമായ സ്വരങ്ങൾക്കു ശേഷം ;

| | | | |
|---|---|---|---|
| നാറ്റം | - | fragrance | (പതി. 3. 1. 14) |
| പെറ്റു | - | having got | (പതി. 4. 10. 41) |
| ഏറ്റുമിൻ | - | will mount you | (പതി. 2. 8. 2) |
| കൊറ്റ | - | victory | (പതി. 7. 2. 9) |
| പോറ്റി | - | having learned | (പതി. 3. 1. 2) |
| തൂറ്റി | - | having spread | (ഐങ്കു. 478. 1) |

ii) എല്ലാ ഹ്രസ്വദീർഘ സ്വരങ്ങൾക്ക് മുമ്പ് 'റ്റ' വരുന്നു. പക്ഷേ ഈ, ഊ, എ, ഏ എന്നീ സ്വര്യങ്ങളുടെ കാര്യത്തിൽ ഇത് വികൽപ്പമായിരിക്കും.

| | | | |
|---|---|---|---|
| ഏറ്റുമിൻ | - | will mount you (plural) | (പതി. 2. 8. 2) |
| കളിറ്റൊടു | - | with male elephant | (പതി. 9. 3. 3) |

മുകളിൽ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങളിൽ നിന്ന് *റ്റ* മലയാളത്തിൽ സാഹിത്യത്തിലും വ്യവഹാരത്തിലും സംഘസാഹിത്യത്തിലുപയോഗിച്ചിരിക്കുന്ന അതേ ഉച്ചാരണത്തോടും അർത്ഥത്തോടും ഉപയോഗിക്കുന്നവയാണ്. നാറ്റത്തെ നാറ്റ്റമായും തൂറ്റിയെ തൂറ്റ്റിയായും മലയാളികൾ ഉച്ചരിക്കാറില്ല. പക്ഷേ തമിഴിൽ 'റ്റ' -> 'റ്റ്റ' യായി മാറിയിരിക്കുകയും പെറ്റു, പോറ്റി, തൂറ്റി തുടങ്ങിയ പദങ്ങൾ തന്നെ പ്രചാരലുപ്തങ്ങളായി മാറുകയും ചെയ്തിരിക്കുന്നു.

- തൊല്ക്കാപ്പിയ എഴുത്തതികാരം. 95-ാം സൂത്രത്തിൽ

'നുനിന അണരി അണ്ണം വരുട
മകാര ഴ കാരം ആയി പറക്കും"

അതായത് നാക്കിന്റെ അഗ്രം അല്പം വളച്ച് മേൽ തട്ടിൽ തടവുന്നതുനിമിത്തം ര, ഴ എന്നീ വ്യഞ്ജനങ്ങൾ ജനിക്കുന്നു. ഈ സൂത്രപ്രകാരമുള്ള 'ര' യുടെയും 'ഴ' യുടെയും വ്യക്തതയോടുകൂടിയ ഉച്ചാരണം ദ്രാവിഡഭാഷകളിൽ ഇന്നും മലയാളം മാത്രമേ കാത്തുസൂക്ഷിക്കുന്നുള്ളൂ, മലയാളം ഒഴിച്ചുള്ള മറ്റ് ഭാഷകളിൽ ര -> റ യായും ഴ -> ള യായും പരിണമിച്ചുകൊണ്ടിരിക്കുന്നു. കന്നടയിലും തമിഴിലും ര -> റ ആയി മാറിക്കഴിഞ്ഞു. കന്നടയിൽ ഴ

-> ള യായി പൂർണ്ണമായും മാറിക്കഴിഞ്ഞു. തമിഴിൽ മാനക ഭാഷാപ്രയോഗത്തിൽ മാത്രമായി 'ഴ' ഉച്ചാരണം ചുരുങ്ങി കൊണ്ടിരിക്കുന്നു.

I. സംഘകാലകൃതികളിൽ 'ര' വാക്കുകളുടെ മധ്യത്തിലും അവസാനത്തിലും വരുന്നത് ;

i) എല്ലാ ഹ്രസ്വദീർഘ സ്വരങ്ങൾക്കു ശേഷം

| | | |
|---|---|---|
| അരചർ | king | (പതി. 5. 3. 8) |
| അൽ | a kind of fish | (പതി. 2. 3. 1) |
| ഇരണ്ട് | two | (പതി. 3. 1. 14) |
| എരി | fire | (പതി. 5. 8. 10) |
| ഒരു | one | (പതി. 4. 4. 1) |
| പോരോയേ | you (singular) of the war | (പതി. 7. 3. 12) |

ii) എല്ലാ ഹ്രസ്വ സ്വരങ്ങൾക്കും മുമ്പ് വരുന്നു ഇത് 'എ' സ്വരത്തിന്റെ കാര്യത്തിൽ വികല്പമായിരിക്കും

| | | |
|---|---|---|
| അരണം | protection | (പതി. 2. 7. 8) |
| മകളിരൊടു | with women | (പതി. 2. 3. 21) |

iii) 'ഐ' എന്ന സന്ധ്യാക്ഷരത്തിന് മുൻപ്

| | | |
|---|---|---|
| അരൈച് | sovereign | (പതി. 4. 4. 11) |

iv) വ്യഞ്ജനാക്ഷരങ്ങളായ ക,ന,ത,പ,വ, എന്നിവയ്ക്ക് മുൻപ് 'ര' വരുന്നു.

| | | |
|---|---|---|
| നുകർതേം | will enjoy -we | (പതി. 4. 8. 13) |
| ആരന | eaters | (പതി. 2. 3. 6) |
| നുകർതൽ | the act of enjoying | (പതി. 2. 2. 23) |
| അതിർപ്പ് | to tremble | (പതി. 4. 1. 29) |

v) *ച, മ* എന്നിവയ്ക്ക്മുൻപ് *ര* വരുന്നു.

| | | |
|---|---|---|
| പുണർച്ചി | association | (ഐങ്കു.407:3) |
| ഓർമാർ | they who will know | (അകം.171:9) |

vi) എല്ലാ ഹ്രസ്വദീർഘ സ്വരങ്ങൾക്കു ശേഷം അവസാനം *ര* പ്രത്യക്ഷപ്പെടുന്നു. *എ, ഒ* എന്നീ സ്വരങ്ങളിൽ ഇത് വികൽപമായിരിക്കും

| | | |
|---|---|---|
| അമർ | battle | (പതി.2.4.8) |
| കാർ | black | (പതി.2.3.18) |
| ഈർ | two | (പതി.8.4.18) |
| ഊർ | village | (പതി. 2. 5. 18) |
| തേർ | chariot | (പതി. 3. 6. 1) |

| | | |
|---|---|---|
| പോർ | war | (പതി. 2. 1. 16) |

II.പദങ്ങളുടെ മദ്ധ്യത്തിലും അവസാനത്തിലും 'ഴ' പ്രത്യക്ഷപ്പെടുന്നു ;

i). എല്ല ഹ്രസ്വദീർഘ സ്വരങ്ങൾക്കു ശേഷം 'ഴ' വരുന്നു.

| | | |
|---|---|---|
| അകഴി | moat | (പതി. 4. 3. 9) |
| താഴി | pot | (പതി. 5. 4. 22) |
| വീഴ | to fall | (പതി. 2. 2. 1) |
| ഉഴുത | which ploughed | (പതി. 8. 5. 11) |
| കൊഴു | fatness | (പതി. 5. 4. 17) |

ii). 'ഴ' മദ്ധ്യത്തിൽ വരുന്നത് എല്ലാ ഹ്രസ്വദീർഘ സ്വരങ്ങൾക്കും മുമ്പാണ് എ, ഒ എന്നീ സ്വരങ്ങളുടെ കാര്യത്തിൽ ഇത് വികല്പമായിരിക്കുന്നു.

| | | |
|---|---|---|
| ചൂഴാതു | with out consulting | (പതി. 7. 2-2) |
| എഴിൽ | beauty | (പതി. 2. 6. 8) |
| പുകഴേ | fame | (പതി. 8. 9. 19) |

iii).സ്വരസന്ധ്യാക്ഷരമായ *'ഐ'*യ്ക്കു മുമ്പ് ഴ പ്രത്യക്ഷപ്പെടുന്നു.

| | | |
|---|---|---|
| അഴൈപ്പ | to cry out | (പതി. 8. 9. 19) |

iv). ക, ത, ന, പ, വ എന്നിവയ്ക്കു മുമ്പ് ഴ പ്രത്യക്ഷപ്പെടുന്നു.

| | | |
|---|---|---|
| വാഴ്ക | let it live | (പതി. 2. 10. 15) |
| വാഴ്തി | will live you (singular) | (പതി. 4. 2. 16) |
| വാഴ്നർ | they who will live | (പതി. 4. 7. 10) |
| അവിഴ്പ് | to have affection | (പതി. 2. 10. 8) |

v). എല്ലാ ഹ്രസ്വദീർഘ സ്വരങ്ങൾക്കു അവസാനവും 'ഴ' വരുന്നു ഉ, എ,ഏ, എന്നീ സ്വരങ്ങളുടെ കാര്യത്തിൽ ഇത് വികല്പമായിരിക്കുന്നു.

| | | |
|---|---|---|
| വാഴ് | having | (പതി. 4. 8. 1) |

vi) ഉ, എ എന്നിവയ്ക്ക് ശേഷം ഴ വരുന്നു.

| | | |
|---|---|---|
| ഏഴ് | seven | (കലി. 9. 18) |

**4.6.2 രൂപിമതലം**

ഭാഷാവ്യവസ്ഥയിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് രൂപിമം (morpheme). സ്വനിമങ്ങൾ ചേർന്നാണ് രൂപിമങ്ങൾ ഉണ്ടാകുന്നതെങ്കിലും സ്വനത്തിന്റെ ഉച്ചാരണവ്യവസ്ഥയും, അടിസ്ഥാന സ്വരങ്ങളുടെ സാമ്യതയും മിക്കഭാഷകളിലും ഏകദേശം ഒരു പോലെയായിരിക്കാറുണ്ട്. പക്ഷേ സ്വനിമങ്ങൾ ചേർന്നുണ്ടാക്കുന്ന, ഭാഷയിലെ അർത്ഥ വ്യാവർത്തകശേഷിയുള്ള വിഭജിക്കാൻ കഴിയാത്ത ഏറ്റവും ചെറിയ ഘടകമായ രൂപിമം[58], ഭാഷയുടെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ്. സാംസ്ക്കാരികമായ ധാരകൂടി വാക്കു

കളിൽ അടങ്ങിയിട്ടുണ്ടാകും എന്നതാണ് ഇതിനുകാരണം. ഈ പഠനത്തിൽ രൂപിമത്തിന് ഭാഷാശാസ്ത്ര സാങ്കേതികാർത്ഥം മാത്രമല്ല, *വാക്ക്, പദം* എന്നീ അർത്ഥങ്ങളും അത് ഉൾക്കൊള്ളുന്നു. അത്തരത്തിൽ ചേരനാട്ടു കാവ്യങ്ങളിൽ പരാമശിക്കപ്പെട്ടതും ഇന്നും മലയാളത്തിൽ വാമൊഴിയിലും വരമൊഴിയിലും പ്രചാരത്തിലരിക്കുന്നതുമായ ചില വാക്കുകളെ അടയാളപ്പെടുത്തുകയാണ് തുടർന്ന് ചെയ്യുന്നത്. താഴെ വിവരിച്ചിരിക്കുന്ന വാക്കുകളെ *സംഘഇലക്കിയ ചൊല്ലടവ്*, (Sangam words dictionary) സംഘകൃതികളെ മുൻനിറുത്തി പുറത്തുവന്നിട്ടുള്ള ഇൻഡക്സുകൾ (word Index of Sangam Classics) എന്നിവയിൽ നിന്ന് കണ്ടെത്തി തമിഴ് സംസാരിക്കുന്നവരോട് അതിന്റെ ഇപ്പോഴത്തെ അർത്ഥം ചോദിച്ചറിഞ്ഞാണ് തെരഞ്ഞെടുത്തിരിക്കുന്നത് വാക്കുകളുടെ നേരെ വലയത്തിൽ *ശബ്ദതാരാവലി*യിൽ നിന്ന് ലഭിച്ച അർത്ഥവും പാട്ടിന് താഴെ അതിന്റെ സാരവും കൊടുത്തിരിക്കുന്നു.

1. **അകൽ** – (അകലുക, ദൂരെയാവുക, വിട്ടുമാറുക,നീങ്ങുക,മാറിക്കളയുക, അകൽച)

മലയാളത്തിൽ അകലം, അകലുക, അകലെ, അകലെയുള്ള എന്നീ പദങ്ങൾക്കു സമാനമാണ് സംഘംകൃതികളിൽ അകൽ എന്ന പദം. *വ്യാപ്തി* എന്നർത്ഥത്തിൽ പേരെച്ച ധാതുവായി ഉപയോഗിച്ചിരിക്കുന്നത്. തമിഴിൽ ഈ പദത്തിനു പകരം തള്ളുക എന്ന പദമാണ് വ്യവഹാരത്തിലുള്ളത്.

**അകൽ**വായ്പ് പൈഞ്ചുനൈപ് പയിർ കാൽയാപ്പ

(നറ്റി. 5:2)

(മലയിൽ നിന്ന് ഒഴുകിവരുന്ന അരുവിയിൽ നിന്ന് കൃഷി ആവശ്യത്തിന് നല്ല അകലത്തിൽ കനാൽ ഉണ്ടാക്കി ജലസേചനം നടത്തുന്നു.)

2. **അകല്പ്**

അകൽച്ച എന്ന അർത്ഥത്തിൽ കർത്താവായി ഈ പാട്ടിൽ പ്രയോഗിച്ചിരിക്കുന്നു.

"നിരമ്പു **അകൽപു** അറിയാ എറാ ഏണി"

(പതി. 5.3.33)

(യുദ്ധം ജയിച്ച വീരന്മാർ കള്ള്വയ്ക്കുന്ന കമ്പിൽ നിന്ന് അകറ്റികൊണ്ട് കള്ള് കുടിക്കുന്നു.)

ഇന്നും മലയാളത്തിൽ ഈ പദം ഇതേ അർത്ഥത്തിൽ വാമൊഴിയിൽ ഉപയോഗിക്കുന്നുണ്ട്.

3. **അകത്ത്** (ഉള്ളിൽ,മനസ്സിൽ)

തമിഴിൽ *ഉള്ളെ* എന്ന പദമാണ് അകത്തിന് സമാനമായി ഇന്നുള്ളത്. ഇന്നും മലയാളത്തിൽ ഉള്ളിൽ എന്ന അർത്ഥത്തിൽ *അകത്ത്* സർവ്വസാധാരണയായി ഉപയോഗിക്കുന്നു. അവ്യയരൂപത്തിലും നാമരൂപത്തിലുമാണ് ഇത് സംഘം പാട്ടുകളിൽ പ്രയോഗിച്ചിരിക്കുന്നത്:

"മായമ്, മരുൾവാർ **അകത്തു**"

(കലി 88:5)

(നീ പറയുന്ന കള്ളം സത്യമെന്ന് വിചാരിച്ച് പറ്റിക്കാനായി ഉള്ളിൽ ചെന്ന് പറയാം)

**4. അങ്കാടി** (വരിവരിയായ കച്ചവട സ്ഥാനം,കട,കടത്തെരുവ്)

നാൾ **അങ്കാടി** നാറും നറുമുതൽ

(അകം. 93:10)

(അങ്ങാടിയിൽ നിന്ന് വരുന്ന നറുമണം പോലെയുള്ള നെറ്റി)

ഈ പാട്ടിൽ മലയാളത്തിൽ പ്രചാരത്തിലിരിക്കുന്നതുപോലെ ചന്ത; കട, കട ത്തെരുവ് എന്നീ ,സമാനർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. അങ്ങാടിക്കട, അങ്ങാടിക്കാരൻ,അങ്ങാടിച്ചരക്ക്, അങ്ങാടിത്തെരുവ്, അങ്ങാടിപ്പാട്ട്, അങ്ങാ ടിപ്പിള്ളേർ, അങ്ങാടിപ്പീടിക, അങ്ങാടിപ്പെട്ടി, അങ്ങാടിപ്പെണ്ണ്, അങ്ങാടി മരു ന്ന് എന്നീ വിവിധ തരത്തിൽ ഉപയോഗിക്കുന്ന ഈ പദം തമിഴിൽ അങ്കാടി അരിസി (റേഷനരി) എന്നർത്ഥത്തിൽ മാത്രം ഇപ്പോൾ വ്യവഹാരത്തിലിരി ക്കുന്നു. പുറം പാട്ടിലും ഇന്നത്തെ തമിഴിലും അനുനാസികാതി പ്രസരം സംഭ വിക്കാത്ത നാമരൂപമാണ് കാണുന്നത് എന്ന വ്യത്യാസം മാത്രമേയൊള്ളൂ.

**5. അഞ്ജനം** (മഷി, കണ്ണിലെഴുതുന്നമൈ)

വിഭക്തിധാതുവായി സംഘസാഹിത്യത്തിൽ ഉപയോഗിച്ചിരിക്കുന്ന അഞ്ജനം മഷി എന്നർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. തമിഴിൽ ഇന്ന് ഇത് പ്രചാ രലുപ്തമായി *മയി* എന്ന പദത്തിലേക്ക് മാത്രം ചുരുങ്ങി പോയിരിക്കുന്നു.

"ചെറുതൊഴു മകളിൽ **അഞ്ജനം** പെയ്യും"

(ഐങ്കു : 16:2)

(ചെറിയ ജോലിചെയ്യുന്ന പെൺകൊടിയുടെ കണ്ണിൽ അഞ്ജനം എഴുതിയി രിക്കുന്നു.)

**6. അടുത്ത്** (അടുക്കൽ, പക്കൽ, തുടർച്ചയായി)

തമിഴിൽ *പക്കത്ത്* എന്ന വ്യവഹാരത്തിലുള്ള പദത്തിന് പകരമായി പഴന്തമി ഴിലുള്ള പദമാണ് അടുത്ത്. ഇന്നും മലയാളത്തിൽ സർവ്വസാധാരണയായി ഈ പദം പ്രയോഗിച്ചു വരുന്നു.

"**അടുത്തു**ത്തൻ പൊയ്യുൺടാർപ പുണർന്ത നിൻ എരു
ത്തിയകൺ"

(കലി. 71 :15)

(പിന്നീട് (അടുത്തതായി) എന്നെ ആലിംഗനം ചെയ്തപ്പോൾ വളകൊണ്ട് ഉണ്ടായ പാട് കാണുന്നു).

**7. അടുമ്പ്** (ഒരു വള്ളിച്ചെടി)

കേരളത്തിന്റെ തീരപ്രദേശത്ത് മണ്ണിൽ പടർന്നു നിൽക്കുന്നതും പൂവ്വ് വയ

ലറ്റ് നിറത്തിലുള്ളതുമായ ചെടികളുടെ പേരാണ് അടുമ്പ്. മലയാളത്തിൽ ഇത് അടമ്പ് എന്ന് പറയുന്നു.

"**അടുമ്പ**മൽ അഴൈ കരൈ അലവനാടിയ"

(പതി. 6.1.7)

(വിടരാറായ മുട്ടുകളോട അടമ്പിൻ വള്ളികൾ ഞെരുങ്ങി വളർന്നു കിടക്കുന്നു.)

**8. അടൈ** (പലഹാരം,ഇലയപ്പം (ഇലകൊണ്ട് അടച്ച് ചുട്ടെടുക്കുന്നതിൽ))

സ്വരസംവരണം സംഭവിച്ച രൂപമായ അടക്ക് മലയാളത്തിൽ ഇലയട എന്നാണർത്ഥം. പഴന്തമിഴിൽ *അട* ഇലയെന്നർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.

"**അടൈ**യൊടു വാടിയ അണിമലർ"

(കലി. 3:9)

(ഇലയോട് വാടിയ പൂവ്)

**9. അലൈപ്പ** (നിരർത്ഥകമായി ഉറക്കെ സംസാരിക്കൽ, ബഹളം)

ശബ്ദം ഉണ്ടാക്കുക എന്നർത്ഥമാണ് അലൈപ്പ എന്ന പദത്തിന് പഴന്തമിഴ് കൃതികളിലുള്ളത്.

"പല് തില കിൺകിണി ചിറു പരടു **അലൈപ്പ**"

(പതി.6.2.20)

(അടിമരുകളിലണിഞ്ഞിരിക്കുന്ന കിങ്ങിണി ചിലങ്ക കിലുങ്ങുന്നു.)

ഇന്നും മദ്ധ്യ കേരളത്തിൽ പ്രചാരത്തിലുള്ള *അലപ്പുണ്ടാക്കല്ലേ, അലമ്പുണ്ടാക്കല്ലേ* എന്ന പ്രയോഗങ്ങളിലൂടെ ഈ പ്രാചീന പദം നിലനിൽക്കുന്നു. ഇവയ്ക്ക് ആവശ്യമില്ലാതെ ശബ്ദമുണ്ടാക്കരുത് എന്നാണർത്ഥം.

**10. അത്തൻ** (അച്ഛൻ)

"അൻനൈയും **അത്തൻ** ഇല്ലരായായ്നാണ"

(കലി. 115:8)

(കാമുകൻ തലയിൽ ചൂടികൊടുത്ത പൂവ് കാമുകി ആരും കാണാതെ മുടിയിഴയിൽ ഒളിപ്പിച്ചുവയ്ക്കുന്നു. ഇത് വീട്ടിലെത്തി മുടിയഴിക്കുമ്പോൾ താഴെ വീഴുന്നു. അച്ഛനും അമ്മയും ഉണ്ടെന്നുകരുതി കാമുകിക്ക് ലജ്ജയുണ്ടാകുന്നു.)

*അച്ചൻ* എന്നർത്ഥത്തിൽ നാമരൂപമായി *അത്തൻ* എന്ന് ഈ പാട്ടിലുപയോഗിച്ചിരിക്കുന്നു. *അച്ചൻ* എന്ന പദം തിശൈ ചൊല്ല് (ഭാഷാഭേദം) ആണെന്നും അത് കുട്ടനാട്ടിലെ പദമാണെന്നും എസ്.മനോഹരൻ കണ്ടെത്തുന്നുണ്ട്.[59] തമിഴിൽ *അപ്പാ* എന്നർത്ഥത്തിൽ വ്യവഹരിക്കുന്ന ഈ പദം തവർഗ്ഗാർക്ഷരങ്ങൾക്കു മുൻ വരുന്ന സ്വരം താല്പര്യമാണെങ്കിൽ അവയും താലവ്യമാകും എന്ന നിയമമനുസരിച്ച് *ത*കാരം *ച*കാരമായി മാറിയാണ് (വൈത്തു -> വൈച്ചു)അത്തൻ -> അച്ചൻ ആയി മാറിയത്.

**11. അമ്പലം** (അൻപുന്നിടം, ക്ഷേത്രം)

മലയാളത്തിൽ ഏറെ പ്രചാരത്തിലുള്ള ഈ പദം നാമ രൂപത്തിൽ ക്ഷേത്രം എന്നർത്ഥ

ത്തിൽ പ്രയോഗിച്ചിരിക്കുന്നു:

"എഴുത ഏഴിൽ **അമ്പലം** കാമവേൾ അമ്പിൻ"

(പരി.18:28)

(കാമദേവന്റെ അമ്പിനെകുറിച്ചുള്ള ചിത്രങ്ങൾ അമ്പലത്തിൽ വരച്ചിരിക്കുന്നു.)

തമിഴിൽ ഇത് കോയിൽ, കോവിൽ എന്നർത്ഥത്തിൽ ആണ് ഉപയോഗിക്കുന്നത്.

**12. അമ്പുലി** (അമ്പിളി)

"**അമ്പുലി** കാട്ടൽ ഇനിതു മറ്റു ഇന്നാതേ"

(കലി. 80:19)

(കുട്ടിയെ നിലാവിനെ കാണിക്കുന്നതാണ് എനിക്കിഷ്ടം)

എന്ന പാട്ടിൽ ചന്ദ്രക്കല എന്നർത്ഥത്തിൽ അമ്പുലി (അമ്പുളി) നാമമായിപ്രയോഗിച്ചിരിക്കുന്നു. അമ്പുലി എന്നീ പദം പ്രചാരത്തിലുണ്ടെങ്കിലും മലയാളത്തിലുള്ളതുപോലെ *അമ്പിളിയമ്മാവൻ* തുടങ്ങി പദങ്ങളിൽ വരുന്ന സാംസ്കാരിക സവിശേഷസാഹചര്യത്തെയും നാടൻപാട്ടുകളിലും മറ്റും വ്യവഹാരത്തിലുള്ള പ്രചാരവും ഈ പദത്തിന് തമിഴിലില്ല. രാമചരിതത്തിൽ *അമ്പുലി* അമ്പിളി എന്നർത്ഥത്തിൽ ഇപ്രകാരം വർണ്ണിക്കുന്നു;

"പുരിചടയിടയിലെലുമ്പൊടമ്പുലിപുനയുമമ്മറപ്പൊരുളായമായനും"

**13. അഞ്ച്**

"**അഞ്ചായ്ക്** കൂന്തലായ് വതുകണ്ടേ"

(ഐങ്കു.383:5)

(അഞ്ച് വകയായി മുടി മെടഞ്ഞ് കെട്ടുന്നു.)

മലയാളത്തിലുപയോഗിക്കുന്ന അതേപോലെ തന്നെ അഞ്ച് എന്ന സംഖ്യാനാമം ഉപയോഗിച്ചിരിക്കുന്നു. തമിഴിൽ ഇത് *ഐന്ത്* ആണ്.

**14. ആചാൻ**

അദ്ധ്യാപകൻ എന്ന് പ്രയോഗത്തിലുള്ള ആശാൻ എന്ന പദത്തിന്റെ രൂപഭേദമാണിത്. മലയാളത്തിൽ സർവ്വസാധാരണയായി ഇത് ഉപയോഗിച്ചു വരുന്നു.

"കേൾവിയുൾ കിളന്ത ആചാൻ ഉരൈയും"

(പരി.2:61)

(വേദത്തിൽ പറയപ്പെട്ട ആശാന്റെ വ്യാഖ്യാനമാണ് ഇത്)

**15. ആലി** (മഴത്തുള്ളി, ആലിപ്പഴം)

ആലിപ്പഴം, വെള്ളം എന്നീ അർത്ഥത്തിൽ വിഭക്തിധാതുവായാണ് പഴന്തമിഴ് കൃതികളിൽ *ആലി* ഉപയോഗിച്ചിരിക്കുന്നത്.

"ഉറൈ വീഴ് **ആലി**യിൻ, തൊകുക്കും ചാറൽ"

(ഐങ്കു.213:3)

(തണുത്ത് വീഴുന്ന ആലിപ്പഴം കുറവർ പറുക്കിയെടുക്കുന്നു.)

**16. ആർക്കും**

മലയാളത്തിൽ *ശബ്ദമുണ്ടാക്കുക* എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന 'ആർക്കും' (*കാക്ക ആർക്കുന്നു*) അതേ അർത്ഥത്തിൽ പഴംതമിഴ് കൃതികളിൽ പേരച്ചമായി ഉപയോഗിചിരിക്കുന്നു

"നെറ്റുവിളൈ ഉഴിഞ്ചിൽ വറ്റൽ **ആർക്കും**"

(കുറു. 39:2)

(ഉഴിഞ്ഞിമരത്തിൽ നിന്ന് വീണ് കിടക്കുന്ന വിത്തുകൾ വേനൽ കാലത്ത് കാറ്റിൽ ശബ്ദം ഉണ്ടാക്കുന്നു)

**17. ആർപ്പു** (ആഹ്ലാദം കൊണ്ടും മറ്റും ഉച്ചത്തിൽ പുറപ്പെടുവിക്കുന്ന ശബ്ദം)

ശബ്ദമുണ്ടാക്കുക എന്നർത്ഥത്തിൽ പേരച്ചമായും ക്രിയാനാമമായും ആർപ്പ് സംഘം കൃതികളിൽ പ്രയോഗിച്ചിരിക്കുന്നു. *ആർപ്പോ ഇറ് റോ*! എന്നീ ശൈലികളിൽ വ്യവഹാരഭാഷയിൽ ഇന്നും *ആർപ്പിനു* സ്ഥാനമുണ്ട്.

"അഴുമ്തപ്പറ്റി, അകല് വിചുമ്പു **ആർപ്പ**പെഴക്."

(പുറം. 77:11)

(പടക്കളത്തിൽ വീരൻമാർ ശത്രുക്കളെ കൊല്ലുന്ന ശബ്ദം കേൾക്കുന്നു.)

**18. ആർത്തു**

*ആർത്തു വിളിക്കുക* എന്നർത്ഥത്തിൽ പദങ്ങളോടു ചേർന്നുവരുന്ന ധാതുക്കളായാണ് സംഘസാഹിത്യത്തിൽ *ആർത്തു* എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. അതേ അർത്ഥത്തിൽ തന്നെ ഇന്നും മലയാളത്തിൽ ഈ പദം ഉപയോഗിച്ചു വരുന്നു.

"നരമ്പൂ **ആർത്തു** അന്നതീമ് കിളവിയേ."

(ഐങ്കു. 185:4)

(നല്ല ശബ്ദത്തോടെ വരുന്ന സംഗീതം പോലെ സംസാരിക്കുന്ന പെണ്ണേ!)

**19. ഇരക്കും** (തെണ്ടുക, ദാനമായി തരുവാൻ അപേക്ഷിക്കുക)

ഇരുന്നു വാങ്ങുക, ഇരക്കാതെ തുടങ്ങിയ പദങ്ങൾക്ക് *യാചിച്ചു വാങ്ങുക*,*യാചിക്കാതെ* എന്നാണ് അർത്ഥം ഇതേപോലെ പഴന്തമിഴ് പദമായ ഇരക്കും എന്നത് *യാചിക്കുക* എന്ന അർത്ഥത്തിൽ പേരച്ചമായി പ്രയോഗിച്ചിരിക്കുന്നു.

"ചൊല്ലിനെൻ **ഇരക്കും** ഇവൈ

(ഐങ്കു. 364.3)

(ഒളിച്ചോടാൻ തലവിയെ കെഞ്ചികൂട്ടികൊണ്ടുവരാൻ പോകുന്ന കാമുകന്റെ തോഴൻ)

**20. ഉൺടൽ**

മലയാളത്തിൽ 'ഉണ്ണൽ' എന്ന പദത്തിനു സമാനമായ പദമാണ് പഴന്തമിഴിലെ ഉൺടൽ. ഇത് വിഭക്തിധാതുവായി സംഘം പാട്ടുകളിൽ പ്രയോഗിച്ചിരിക്കുന്നു. ഇന്നും മലയാളത്തിൽ വ്യവഹാരത്തിലുള്ള പദമാണ് ഉണ്ണുക (ഭക്ഷണം കഴിക്കുക), തമിഴിൽ ഇത് സാപ്പിടുക എന്നാണ്. ഉണ്ട (കഴിച്ച), ഉണ്ണാതു (കഴിക്കില്ല, കഴിക്കാത്) ഉൺക (കഴിക്ക) ഉണ്ടു (കഴിച്ചു) എന്നിങ്ങനെ പല രൂപത്തിൽ ഈ പദം പഴന്തമിഴ് പാട്ടിൽ പ്രയോഗിക്കുന്നുണ്ട്.

"കുരുകുഉടൈത്തു **ഉൺട** വെൾ അകട്ടുയാമൈ"

(ഐങ്കു. 81:1)

" പോകിൽപുകാ **ഉണ്ണാതു** ഇലരേ; വിരിതുപുലം പടരും"

(ഐങ്കു. 325.2)

"തമിയർ **ഉൺടലും** ഇലരേ; മുനിവുളലർ"

(പുറം. 182:3)

(അമൃതം കൊടുത്താലും ഞാൻ തനിയെ കഴിക്കില്ല. ആരോടും കോപവുമില്ല.)

"**ഉൺക** എന ഉണരാ ഉയവിറ്റു ആയിനും"

(പുറം. 333:6)

"പടുവതു **ഉൺടു** പകൽ ആറ്റി"

(പുറം 17:6)

ഉണ്ണൽ എന്ന മലയാള പ്രയോഗത്തിനു സമാനമായി അതേ അർത്ഥത്തിൽ തന്നെ കലിത്തൊകയിൽ ഈ പദം കടന്നുവരുന്നുണ്ട്.

"**ഉണ്ണലും** ഉൺണേൻ; വാഴലും വാഴേൻ"

(കലി. 23:7)

(കാമുകൻ പിരിഞ്ഞതിനുശേഷം ജീവൻ നിലനിർത്താനായി എന്തൊക്കെ വേണമോ അതൊന്നും കാമുകി കഴിക്കുന്നില്ല.)

**21. ഊക്ക്** (ശക്തി, കരുത്ത്)

ശക്തി, ആയം എന്നീ അർത്ഥങ്ങളാണ് ഊക്ക് എന്നതിന് മലയാളത്തിലുള്ളത്. ഈ

അർത്ഥത്തിൽ തന്നെ സംഘം കൃതികളിലും കർത്താവായി ഉപയോഗിച്ചിരിക്കുന്നു.

"ഒടുങ്ങ് കാത്തെവ്വർ, **ഊക്കു** അറക്ക് കടൈഇ"

(പതി.4:1:32)

(നേരിടുന്ന ശത്രുക്കളുടെ അഹങ്കാരം ശമിക്കുംവരെ അവരുമായി പോരാടും)

**22. ഊൺ** (ഭക്ഷണം, സദ്യ, ചോറ്)

ഭക്ഷണം എന്നർത്ഥത്തിൽ മലയാളത്തിലുള്ളതുപോലെ സംഘപാട്ടുകളിൽ നാമമായും, വിഭക്തിധാതുവായും *ഊൺ* എന്ന പദം ഉപയോഗിച്ചിരിക്കുന്നു.

"അൽകു അറൈക് കൊണ്ടു **ഊൺ** അമലൈ ച് ചിറുങ്ങി"

(കലി.50:13)

(ചക്കയും ഇറച്ചിയും ചോറും കഴിക്കുന്ന പെൺകൊടി)

**23. എടുത്തൽ**

മലയാളത്തിലുപയോഗിക്കുന്ന *എടുക്കൽ പോലെ* ക്രിയാനാമമായി ഈ പദം പ്രയോഗിച്ചിരിക്കുന്നത്.

"മടക്കിളി **എടുത്തൽ** ചെല്ലാത് തടക്കുരൽ"

(അകം. 38:12)

(വലിയ ചോളതണ്ട് എടുക്കാൻ കഴിയാതെ കിളി വലയുന്നു.)

കൂടാതെ *എടുക്കൽ* എന്നുതന്നെ കലിത്തൊകയിൽ ഉപയോഗിച്ചിരിക്കുന്നു;

"**എടുക്കൽ** ചെല്ലാതു ഉഴപ്പവൻ പോല"

(കലി. 38:5)

(എടുത്തിട്ടും പൊങ്ങാതെ കഷ്ടപ്പെടുന്നു.)

കൂടാതെ ഇതേ പദത്തിന്റെ മറ്റ് രൂപങ്ങളായി *എടുക്ക, എടുക്കൽ, എടുക്കല്ല,എടുക്കും, എടുത്ത, എടുത്തലിൻ, എടുത്തു* എന്നിങ്ങനെയും എട്ടുത്തൊകൈയിൽ ഉപയോഗിച്ചിരിക്കുന്നു.

**24. എറിഞ്ഞർ**

*അവർ കല്ലെറിഞ്ഞവർ* എന്ന പ്രയോഗത്തിലെ *എറിഞ്ഞവരുടെ* എന്നർത്ഥത്തിലാണ് ഈ പാട്ടുകളിൽ ഉപയോഗിച്ചിരിക്കുന്ന *എറിഞ്ഞർ* എന്ന പദം.

"കൂർ എഅകു **എറിഞ്ഞറി**ൻ അലൈത്തൽ ആനാന്തു"

(അകം. 38:5)

(കാമുകനുമായി പിരിഞ്ഞിരിക്കുന്ന കാമുകിയുടെ മനസ്സ് മഴക്കാലം വില്ല് എറിഞ്ഞപ്പോലെ വിരഹം കൊണ്ടുവരുന്നു)

**25. എറ്**

മിന്നേറ് എന്നർത്ഥത്തിൽ മലയാളത്തിൽ ഉപയോഗിക്കുന്നതിന്റെ സമാനപദമാണ് ഏറ്.

2"അതിർകുരൽ **എറൊ**ടു തുളിചൊരിൻ, താങ്ങ്കും"

(പുറം. 160:3)

(സൂര്യതാപത്താൽ ഉണങ്ങിയ കാറ്റിൽ ഇടിമിന്നലോടെ മഴപെയ്തിറങ്ങുന്നു.)

**26. എന്തിയ** (ഏന്തുക, വഹിക്കുക, പൊക്കിപിടിക്കുക)

മലയാളത്തിൽ ഇന്നും പ്രയോഗത്തിലുള്ള പദമാണ് ഇത്, വഹിക്കുക എന്നർത്ഥമാണിതിന്ന് മലയാളത്തിലുള്ളത് അതേ അർത്ഥത്തിൽ തന്നെ പേരച്ച രൂപത്തിൽ ഈ പാട്ടിലും ഉപയോഗിച്ചിരിക്കുന്നു.

"ഒളിറു നിലൈ ഉയിർമ്മരുപ്പു **എന്തിയ** കളിറു ഊർന്തു"

(പതി. 5.2.18)

(ആനയുടെ പുറത്ത് കേറിവരുന്ന രാജാക്കന്മാരും അവരുടെ കുട്ടികളും)

**27. ഒഴുകിയ**

പേരെച്ചമായി പഴന്തമിഴ് പാട്ടിൽ പ്രയോഗിക്കുന്ന ഈ പദം മലയാളത്തിൽ വാമൊഴിയിലും വരമൊഴിയിലും പ്രചാരത്തിലിരിക്കുന്നു. തമിഴിൽ ഇത് ഒഴുകിന എന്നാണ്.

"നിരൈ കളിറു **ഒഴുകിയ** നിരൈവെള്ളം"

(പതി. 2.5.4)

(ആനക്കൂട്ടം ഒഴിച്ച വെള്ളം)

**28. ഓടം** (ജലത്തിൽ സഞ്ചരിക്കുന്ന തോണി)

"അകൽ ഇരു വിചുമ്പിർകു ഓടം പോല"

(അകം. 101:12)

(ആകാശംപോലെയുള്ള വലിയ കടലിൽ വഞ്ചിപോകുന്നതുപ്പോലെ) എന്ന പാട്ടിൽ ഓടം എന്നതിന് മലയാളത്തിലുള്ളതുപോലെ വഞ്ചിയെന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. ഉദാ: പള്ളിയോടം. എന്നാൽ തിമിഴിൽ ഓടം എന്നത് സാഹിത്യമാതൃകകളിൽ മാത്രം നിലനിൽക്കുന്ന ഒന്നായി മാറിയിരിക്കുന്നു.

**29. ഓർക്കും**

*ആലോചിക്കും* എന്നർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്ന ഈ പദം മലയാളത്തിൽ സർവ്വസാധാരണമായി ഉപയോഗിത്തിലുള്ളതാണ്.

"പുലി എന്റു **ഓർക്കും**, ഇക് കലികേഴ് ഊരേ"

(കലി. 52.18)

(കുരുമുളക് വളരുന്ന മലയിൽ ചുറ്റിനടക്കുന്ന പുലിയെയാണ് നീവരുമ്പോൾ ഞാൻ ഓർത്തുപോകുന്നത്.)

കൂടാതെ *ഓർത്തത്, ഓർപ്പത്* എന്നീ പദങ്ങളും സംഘം പാട്ടുകളിൽ ഉപയോഗിക്കുന്നുണ്ട്.

**30. ഓച്ച** (ഒച്ച, ശബ്ദം)

*ഒച്ചയുണ്ടാക്കരുത്* എന്ന രൂപത്തിൽ *ഒച്ച*യുടെ അതേ അർത്ഥത്തിലുള്ള രൂപഭേദമാണ് പഴന്തമിഴ് പാട്ടിൽ കാണുന്നത് ഓച്ച.

"കടിപ്പുടൈ വലത്തർ, തൊടിത്തോൾ **ഓച്ച**"

(പതി. 2:9.8)

കൂടാതെ **ഒച്ചൈ** എന്ന രൂപവും *ശബ്ദം* എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു.

"കടിമരം തടിയും **ഒച്ചൈ**തൻ ഊർ"

(പുറം. 36:9)

(ശത്രുസൈന്യം കാവൽമരം വെട്ടുന്ന ഒച്ച ഒളിച്ചിരിക്കുന്ന മന്നന്റെ അടുത്ത് കേൾക്കുന്നു.)

**31. കടുഞ്ചൂൽ** (കനിപ്പേറ്)

*കടുഞ്ഞൂൽ കല്യാണം, കടുഞ്ഞൂൽ പ്രസവം* എന്നീ പ്രയോഗങ്ങളിൽ *ആദ്യത്തേത്* എന്നർത്ഥത്തിലുള്ള ഈ പദം ഇന്നും മലയാളം സംരക്ഷിച്ചു പോകുന്നു.

ഇടുമ്പൈ ഉറുമി! നിൻ കടുഞ്ചൂൽ മകളേ!

(ഐങ്കു.386:4)

(മകൾ ഒളിച്ചോടിയപോയതിനാൽ അമ്മ വളരെയധികം വേധനിക്കുന്നു. കാരണം ആദ്യത്തെ പ്രസവത്തിലെ മകളായിരുന്നു അവൾ)

**32. കനം** (ഭാരം)

*ഈ കല്ലിന് നല്ല കനമുണ്ട്* എന്ന പ്രയോഗത്തിൽ കനത്തിന് ഭാരം എന്നർത്ഥമാണ്. അതേ അർത്ഥത്തിൽ തന്നെ നാമമായി പഴന്തമിഴ് പാട്ടുകളിൽ കനം ഉപയോഗിച്ചിരികുന്നു.

"കയൽ എറ് ഉൺകൺ **കനങ്** കുഴൈ മകളിർ"

(കുറു. 398:3)

(മീൻ പോലുള്ള മൈപൂശിയ കണ്ണുള്ളതും നല്ല കനമുള്ള കമ്മൽ ഇട്ടിരിക്കുന്നതു മായ പെണ്ണുങ്ങൾ)

**33. കരുതി** (മുൻകൂട്ടി വിചാരിക്കുക)

"എളിയൾ അല്ലോട് **കരുതി**"

(അകം. 212:22)

(ആർഭാടങ്ങളോടുക്കൂടിയ അവളെന്ന് കരുതി)

ഈ പാട്ടിൽ വിചാരിക്കുക എന്നർത്ഥത്തിലാണ് കരുതി എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ *കരുതം* (അകം. 312:3) എന്ന ഭാവികാല രൂപവും പഴന്തമിഴ് കൃതികളിൽ ഉപയോഗിച്ചു കാണുന്നുണ്ട്.

**34. കവുൾ**

"കൺണും നുതലും **കവുളും** കവവിയാറ്ക്കു"

(കലി. 83.17)

(കണ്ണും നെറ്റിയും കവിളും അമ്മ തഴുകുന്നു.)

എന്ന പാട്ടിൽ നിന്നും *കവുൾ* എന്ന പദം മലയാളത്തിലെ *കവിൾ* എന്ന അർത്ഥത്തിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. ഇത് തമിഴിൽ *കന്നം* ആണ്.

**35. കറൈ**

"തഴിപ്പിണിക് കറൈത്തോൽ നിറൈകൺടന്ന"

(അകം. 67:13)

ഈ പാട്ടിൽ 'കറൈ' എന്നതിലെ പദാന്ത 'ഐ' കാരത്തോടുകൂടി അവസാനിക്കുന്ന പദത്തിന്റെ അർത്ഥം കറുപ്പ് എന്നാണ്. മലയാളത്തിൽ 'കറ' എന്ന പദത്തിന്റെ അർത്ഥം കൂടി ഈ വാക്കു വഹിക്കുന്നുണ്ട്. വസ്ത്രത്തിൽ 'കറപ്പറ്റി' എന്നു പറയുമ്പോൾ അഴുക്കിനെയാണ് ഉദ്ദേശിക്കുന്നത്. അഴുക്ക്, മാലിന്യം എന്നർത്ഥത്തിലും സംഘം പാട്ടിൽ 'കറൈ' എന്നപദം ഉപയോഗിക്കപ്പെടുന്നുണ്ട്.

"അവ്വരി കൊൻറൈ **കറൈ** ചേർ വൾ ഉയിർ"

(അകം. 387: 5)

(തുണികഴുകുന്ന വണ്ണാത്തിയുടെ കയ്യിൽ കറ പറ്റിയിരിക്കുന്നു.)

**36. കണ്ടു**

ക്രിയാവാക്യമായി ഉപയോഗിച്ചിരിക്കുന്ന കണ്ടു മലയാളത്തിലുള്ള അതേ അർത്ഥത്തിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. അതേ അർത്ഥത്തിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു.

"ഏകർ **കണ്ടു** നയന്തു നീ നൽകാക് കാലേ"

(ഐങ്കു. 178: 4)

(എന്നെ കണ്ട് ഇഷ്ടപ്പെട്ട് നീ (തോഴി) അനുഗ്രഹം നൽകണം)

**37. കാടി** (അരിയും മറ്റും  കഴുകിയ വെള്ളം)

മലയാളത്തിൽ ഇന്നും പ്രചാരത്തിലുള്ള പദമാണിത്. കാടി ഉദാ:കാടി വെള്ളം . ഇതേ അർത്ഥത്തിൽ പെഴന്തമിഴ് പാട്ടിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു.

"**കാടി** വെൾ ഉലൈക് കൊളീള നിഴൽ"

(പുറം. 399:3)

(ഉലക്കകൊണ്ട് കുത്തി തയ്യാറാക്കിയ അരികഴുകിയ വെള്ളം)

**38. കാവ്** ( മരക്കൂട്ടം, വൃക്ഷലതാദികൾ ഇടതൂർന്ന വളർന്നു നിൽക്കുന്ന സ്ഥലം)

"തിരുമരുതു ഓങ്കിയ വിരി മലർ**ക്കാവിൽ**"

(അകം. 36:10)

(അഴകുള്ള മരുതമരം ഉയർന്നു വളർന്ന് വിരിഞ്ഞ് പൂക്കളുള്ള കാവ്)

ഇവിടെ കാവ് എന്ന പദം ഇന്നും മലയാളത്തിൽ പ്രചാരത്തിലിരിക്കുന്ന മരങ്ങൾ ഇടതൂർന്നു വളർന്നു നിൽക്കുന്ന സ്ഥലം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ ഈ പാട്ടിലെ 'മലർക്കാവിൽ' എന്ന  പദം മലയാളത്തെ സംബന്ധിച്ചിടത്തോളം ഏറെ സുപരിചിതമാണ്.

**39. കാട്ടിയ**

അവരെ കാണിച്ചു എന്നർത്ഥത്തിലാണ് സംഘം പാട്ടുകളിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നത്.

"പെരുൻതോൾ കാവൽ **കാട്ടിയവ്വേ.**"

(ഐങ്കു. 281.4)

(തിനക്ക് കാവൽ നിൽക്കാൻ വരുന്നത് കിളികൾ കാട്ടികൊടുത്തു)

കൂടാതെ കാട്ട് എന്നും പ്രയോഗിച്ചിരിക്കുന്നു (ഐങ്കു. 384:5) സംഘം പാട്ടുകളിൽ *കാട്ടി,കാട്ടിയവൾ*, എന്നിങ്ങനെ കാല, ലിംഗ, വിഭക്തി പ്രത്യയങ്ങളോട് കൂടി ഈ ക്രിയാ രൂപം വരുന്നു.

"വടു**ക്കാട്ട**ക് കൺകാണാ കററാക, എൻ തോഴി"

(കലി. 99:19)

(നിന്റെ മനസിലെ വേദന വെളിയിൽ കാണിക്കുന്നില്ല.)

"അമ്പുലി **കാട്ടൽ** ഇനിതു; മറ്റു എന്നാതേ"

(കലി. 80:19)

**40. കൂട്ടും**

"അരിപ്പറൈ വിനൈഞർ അല്കുമിചൈക് **കൂട്ടും**"

(ഐങ്കു. 81.1)

(ആമ ഇറച്ചി ചേർത്ത് ഉണ്ടാക്കിയ കറി ചേർത്ത് കഴിക്കുന്ന വിനൈഞർ)

*ചേർക്കും* എന്നർത്ഥത്തിൽ *കൂട്ടും* മലയാളത്തിലുപയോഗിക്കുന്നതുപോലെ ഈ പാട്ടിൽ വരുന്നു.

**41. കെടൽ**

നശിക്കുക എന്നർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.

"**കെടൽ** അരുമ് തുയര നൽകിയ"

(ഐങ്കു. 195-3)

(വേദന കൊടുത്ത കാമുകി എന്റെ ഉറക്കം നശിപ്പിച്ചു)

**42. കൊടിച്ചി**

"ഓല്കു ഇയർ **കൊടിച്ചി**യൈ നൽകിനൈ ആയിൻ"

(അകം. 132:7)

(കുറവന്റെ പെങ്ങളായ കൊടിച്ചി ചുറുചുറുക്കോടെ ഓടിപായുന്നു)

ഈ പാട്ടിൽ മലമ്പ്രദേശത്തെ സ്ത്രീകളെയാണ് കൊടിച്ചി എന്ന് വിശേഷിപ്പിക്കുന്നത്. പക്ഷേ ഇന്ന് മലയാളത്തിൽ *കൊടിച്ചി*യെന്ന പദം പട്ടി എന്ന നാമപദത്തോടുകൂടിയാണ് സ്ത്രീ രൂപത്തിലാണ് ഉപയോഗിക്കുന്നത്. ആട്ടക്കാരി, വേശ്യ എന്നർത്ഥത്തിലും ഇന്ന് മലയാളത്തിൽ ഉപയോഗിക്കുന്നുണ്ട്. സംഘ കാലത്തിലും, ഇന്നത്തെ മലയാളത്തിലും 'കൊടിച്ചി' അതിന്റെ സ്ത്രീലിംഗരൂപം സൂക്ഷിക്കുന്നുണ്ട്. പക്ഷേ, ഈ പദത്തിന് അർത്ഥാപകർഷം സംഭവിച്ചിരിക്കുന്നു.

കൂടാതെ കുറവ സ്ത്രീ എന്നർത്ഥത്തിൽ കൊടിച്ചിയാർ എന്ന പദവും എട്ടുത്തൊകയിൽ കാണുന്നുണ്ട്.

"തേൻ നാറു കതുപ് പിൻ **കൊടിച്ചിയർ** തൻതൈ."

(അകം. 58:5)

(തേൻ മണക്കും കൊടിച്ചിയുടെ അച്ഛൻ)

**43. ചീത്തൈ**

'ഈത്തവൈ കൊൾവാനാമ്, ഈതുരുത്തൻ, ചീത്തൈ'

(കലി.84:18)

(ഗണികയുടെ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നതുകൊണ്ട് നിന്നിൽ എനിക്ക് കോപം ഉണ്ട്)

വിവേകമില്ലാത്ത എന്നർത്ഥത്തിലാണ് ചീത്ത എന്ന പദം ഈ പാട്ടിലുള്ളത്. ഇതേ അർത്ഥത്തിൽ ഇന്നും മലയാളത്തിൽ ഈ പദം ഉപയോഗത്തിലുണ്ട്.

**44. ചുണങ്കു**

*ചുണങ്കു* എന്ന പദത്തിന് മലയാളത്തിൽ അനുനാസികാതി പ്രസരം സംഭവിച്ച രൂപമാണ് ഉപയോഗിക്കുന്നത്. മലയാളത്തിൽ മറുക് എന്നർത്ഥത്തിൽ വ്യവഹാരത്തിലുള്ള ഈ പദം *മഞ്ഞ മറുക്* എന്ന അർത്ഥത്തിൽ സംഘപ്പാട്ടുകളിൽ ഉപയോഗിച്ചിരിക്കുന്നു.

'**ചുണങ്കും** ചില തോൻറിനവേ, അണങ്കു എന'

(കുറു. 337:4)

(പെണ്ണിന്റെ ശരീരത്തിൽ അങ്ങിങ്ങായി ചില ചുണങ്ങുകൾ ഉണ്ടായി)

**45. ചുരം** (കുത്തനേയുള്ള വലിയ കയറ്റം, ഉയർന്ന നിലം, മലയിടുക്ക്,ഇടുക്കു വഴി)

മലയിടുക്ക്, ഇടുക്കുവഴി എന്നീ അർത്ഥങ്ങളാണ് മലയാളത്തിൽ ചുരത്തിനുള്ളത്. അതേ അർത്ഥത്തിൽ തന്നെ ചുരം എടുത്തൊകെയിൽ ഉപയോഗിച്ചിരിക്കുന്നു.

"അരു**ഞ്ചുരം** ചെൽവോൽ ചെന്നികൂട്ടും"

(ഐങ്കു. 301:2)

(മലഞ്ചെരുവിലൂടെ പോകുന്നവർ ചൂടുതടുക്കാനായി പൂക്കൾ ചൂടുന്നു.)

**46. ചെന്നി** (ചെവിയുടെ മേൽഭാഗം നെറ്റിയുടെ ഇടത്തും വലത്തുമുള്ള ഭാഗം)

"പാണർ **ചെന്നി** പൊലിയത് തൈഇൗ"

(പുറം.126:2)

(സമ്മാനമായി രാജാവ് പൊൻതാമര പാണരുടെ തലയിൽ ചാർത്തി കൊടുക്കുന്നു.

തല എന്നർത്ഥത്തിലാണ് ഈ പദം പ്രസ്തുത പാട്ടിൽ ഉപയോഗിച്ചിരിക്കുന്നത്. മലയാളത്തിൽ ചെന്നിക്കുത്ത്, ചെത്തിത്തല എന്നീ പ്രയോഗങ്ങളിൽ ഇന്നും ഈ പഴയ പദം നിലനിൽക്കുന്നു.

**47. ചേർപ്പ്** (കടൽക്കര)

"ഇരു നീർ ച് ചേർപ്പിൻ ഉപ്പുടൻ ഉഴുതും"

(അകം. 280:8)

(നിറയെ വെള്ളമുള്ള കടൽക്കരയിലെ ഉപ്പുകണ്ടത്തിൽ നിന്ന് ഉപ്പു ഉണ്ടാക്കുന്നു.)

എന്ന പാട്ടിൽ 'കടൽക്കര' എന്നർത്ഥമാണ് ചേർപ്പിന് വ്യഖ്യാനിച്ചിരിക്കുന്നത്. ഇന്നും കടൽക്കര എന്നർത്ഥത്തിൽ 'ചേർപ്പ്' കേരളത്തിൽ പ്രയോഗത്തിലുണ്ട്. ഇതിനുദാഹരണമാണ് തൃശ്ശൂർ ജില്ലയിലെ 'ചേർപ്പ്' എന്ന സ്ഥലം. കടൽക്കരയുടെ തലവൻ എന്ന അർത്ഥത്തിൽ 'ചേർപ്പൻ' എന്ന പദം വ്യാപകമായി സംഘം പാട്ടുകളിൽ ഉപയോഗിക്കുന്നുണ്ട്.

"ചിറുപൽ തൊൽകുടിപ് പെരു നീർച് **ചേർപ്പൻ**"

(അകം. 290:8)

(ചെറിയ ചെറിയ പലവീടുകളിലുള്ള വലിയ കടലിന്റെ നാഥൻ)

**48. ഞണ്ട്** (മത്സ്യവർഗ്ഗത്തിൽപ്പെട്ടത്)

വേപ്പുനനൈ അന്ന നെടുങ്കൺ നീർ**ഞെണ്ടു**

(അകം 176.8)

(വേപ്പിൻ പഴംപോലെ കണ്ണുള്ള നീർ ഞണ്ട്)

മലയാളത്തിൽ ഇന്നും പ്രചാരത്തിലുള്ള കടൽ ജീവിയെ കുറിക്കുന്ന പദമാണ് ഞണ്ട്. തമിഴിൽ ഇതിൽ *നണ്ട്* ആയി മാറിയിരിക്കുന്നു. പദാദി *ഞ*കാരരൂപം മലയാളം ഇപ്പോഴും കാത്തു സൂക്ഷിച്ചിരിക്കുന്നു.

**49. തുരുത്തി** (തുരുത്ത്, ദ്വീപ്)

നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലം എന്നർത്ഥത്തിൽ ഉപയോഗിക്കുന്ന പദമാണ് തുരുത്തി. ഒറ്റപ്പെട്ട ദേശം, ദ്വീപ് എന്നിങ്ങനെ വ്യവഹരിക്കപ്പെടുന്ന ഈ പദം സംഘം കൃതികളിൽ ഉപയോഗിച്ചു കാണുന്നു;

"വിമലി കാൻയാറ്റിൻ തുറുത്തി കുറുങ്കി"

(പരി.20:2)

(കാട്ടിറൽ വെള്ളം അധികമായി വരുമ്പോൾ നടുവിലുള്ള തുരുത്ത് ചെറുതായി)

കൈമാതുരുത്തി, ഒറവൻ തുരുത്ത്, ഓച്ചൻതരുത്ത് തുടങ്ങി നിരവധി സ്ഥലപേരുകളിലും വീട്ടുപേരുകളിലും ഈ പദം മലയാള വ്യവഹാരത്തിൽ നിലനിൽക്കുന്നു.

**50. തുന്നൽ** (തയ്യൽ)

The act of pressing എന്ന അർത്ഥത്തിലാണ് തുന്നൽ എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ തുന്നത്ത് പദവും 'stitches' എന്ന അർത്ഥത്തിൽ പ്രയോഗിച്ചു കാണുന്നു.

"**തുന്നൽ** പോകിയ തുണിവി നോൻ എന"

(പുറം.23:14)

"ഇഴൈ വലന്ത വല**തുന്നത്ത്**"

(പുറം.136:2)

(പാണന്റെ പഴയ വസ്ത്രത്തിൽ കാണുന്ന തുന്നലുകൾ യാഴിന്റെ *പത്തെ*യെപ്പോലെയിരിക്കുന്നു).

51. **തൂറ്റി**

"നീടിനം എൻറു കൊടുമൈ **തൂറ്റി**"

(ഐങ്കു.78:1)

(എന്റെ കാമുകൻ ഇനിയും വരുന്നില്ലായെന്ന് സഹതപിച്ച് എല്ലാവരെയും അറിയിക്കുന്നു.)

ഇവിടെ Spread എന്ന അർത്ഥത്തിലാണ് *തൂറ്റി* എന്ന പദം ഉപയോഗിച്ചിരിക്കുന്നത് *വെള്ളം തൂറ്റി* എന്ന പ്രയോഗത്തില്ലെല്ലാം മലയാളത്തിൽ ഇന്നും ഈ ക്രിയാപദം പ്രചാരത്തിലുണ്ട്.

**52. തൊഴുതു** (വണങ്ങുക)

വണങ്ങുക എന്നർത്ഥത്തിലാണ് 'തൊഴുതു' എന്ന പദം സംഘം പാട്ടുകളിൽ പ്രയോഗിച്ചു കാണുന്നത്.

"നല്ലോർ ആങ്കൽ പരന്തുകൈ **തൊഴുതു**"

(ഐങ്കു.390:1)

(അറിവുള്ളവരെ മനസ്സിലാക്കി അവരെ തൊഴുതു)

മലയാളത്തിൽ 'തൊഴുതു' എന്ന പദം ഇന്നും പ്രചാരത്തിലിരിക്കുന്നു. ഉദാ: ' ഞാൻ അമ്പലത്തിൽ പോയി തൊഴുതു'.

**53. തോട്ടി** (അറ്റത്തു കൊളുത്തുള്ള (നീണ്ട) കോൽ, അങ്കുശം (ആനതോട്ടി))

"തൊഴിൽ മാറിത് തലൈവൈത്ത **തോട്ടി**കൈ"

(കലി.97:13)

(പാപ്പാൻ പറയുന്നത് കേൾക്കാത്ത തോട്ടിക്ക് കീഴ്പ്പെടാത്ത ആന)

മലയാളത്തിൽ ഇന്നും പ്രയോഗത്തിലുള്ള തോട്ടി എന്ന പദത്തിന്റെ അർത്ഥം തന്നെയാണ് കലിത്തൊകയിലെ തോട്ടി എന്ന നാമരൂപത്തിലുള്ള പ്രയോഗത്തിലും.

തമിഴിൽ ഇത് തൊറട്ടി, അലേക്ക്, ചല്ലൈ കൊക്കി എന്നീ അർത്ഥങ്ങളിലാണ് വ്യവഹ രിക്കുന്നത്.

**54. നാണു**

*നാണു, നാണും* എന്നിങ്ങനെ നാമരൂപമായും പേരെച്ച രൂപമായും ഉപയോ ഗിച്ചിരിക്കുന്ന ഈ പദം ലയാളത്തിൽ പ്രയോഗത്തിലുള്ള നാണം (shy) , ലജ്ജ (modesty ) എന്നീ അർത്ഥങ്ങളുള്ള നാണം എന്ന അർത്ഥത്തിലാണ് ഈ പാട്ടിൽ 'നാണു' ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് 'നാണം' എന്ന മലയാള പദത്തിന്റെ പൂർവ്വരൂപമായി ഇതിനെ കണക്കാക്കാം. കൂടാതെ തമിഴിൽ ഈ പദം പ്രചാരലുപ്ത മായെന്നു മാത്രമല്ല പകരം 'വെക്കം' എന്ന പദം ആദേശം ചെയ്തിരിക്കുന്നു.

"നകുതരം-തൻ **നാണുക്** കൈ വിട്ടു,ഇതു തരു."

(കലി.144:3)

(പെണ്ണുങ്ങൾ സഹചമായ നാണത്തെ വിട്ട് മനസ്സിലൊന്ന് വിചാരിച്ച് കരയുന്ന തലവി)

**55. പറമ്പ് (**ഉയർന്നതോ വരണ്ടതോ ആയ ഭൂമി)

മലയാളത്തിൽ സ്ഥലം എന്ന അർത്ഥത്തിൽ പ്രചാരത്തിലുള്ള പദമാണ് പറമ്പ്. സംഘം പാട്ടുകളിൽ ഈ പദം കുന്നിൽ പ്രദേശം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കു ന്നു. മലപ്പുറം ജില്ലയിലെ സ്ഥലപേരുകളുമായി കൂട്ടിച്ചേർത്തുവായിക്കുമ്പോഴേ ഈ പദത്തിന്റെ യഥാർത്ഥ അർത്ഥം വ്യക്തമാകുയുള്ളൂ. *കുന്നിൻ* പ്രദേശം എന്ന അർത്ഥം ഉണ്ടായിരുന്ന ഈ പദത്തിന് അർത്ഥ സംങ്കോചം സംഭവിച്ചാണ് പദത്തിലെ കുന്നിന് പ്രാധാന്യം കുറയുകയും പ്രദേശം എന്നർത്ഥത്തിലേക്ക് ചുരുങ്ങിയത്.

"പാരി **പറമ്പിൽ** പനിമ്ചുനൈത്തെൺന്നീർ"

(കുറു.196:3)

(പാരിയുടെ പറമ്പിലെ പാറക്കെട്ടിലെ തണുത്ത തെളിനീർ)

**56. പള്ളി**

ഗ്രാമം, കിടപ്പറ എന്നീ അർത്ഥങ്ങളിലാണ് സംഘം പാട്ടുകളിൽ പള്ളി എന്ന പദം കടന്നു വരുന്നത്.

"**പള്ളി**നം ഇരൈമാന്തിപ് പുകല്ചേര, ഒലിയാൻറു"

(അകം.107:8)

(തൈര് ഒഴിച്ച് ചോറുണ്ടാക്കുന്ന ആയർ ഗ്രാമം)

ഈ പാട്ടിൽ ഗ്രാമം എന്നർത്ഥത്തിലാണ് പള്ളി എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. വടനപ്പള്ളി, തൃച്ചിനാപ്പള്ളി തുടങ്ങിയ സ്ഥല പേരുകളിൽ ഗ്രാമം എന്നർത്ഥമാണ് ഉൾക്കൊണ്ടിരിക്കുന്നത്.

"പള്ളി പുക്കതുപോലും പരപ്പുനീർത് തൺചേർപ്പ"

(കലി.121:6)

(പക്ഷികൾ അതിന്റെ വാസസ്ഥലത്തേക്ക് ഇരതേടി തിരിച്ച് പോകുന്നു.)

ഈ പാട്ടിൽ കിടപ്പുമുറി എന്നർത്ഥത്തിലാണ് 'പള്ളി' എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ഈ രണ്ടർത്ഥത്തിലും മലയാളത്തിൽ 'പള്ളി' എന്ന പദം പ്രയോഗത്തിലിരിക്കുന്നുണ്ട്.

**57. പിടി** (പെണ്ണാന)

**"പിടി**യൂട്ടിപ്പിൻ ഉൺണൂമ് കളിറു എനവും ഉരൈത്തനറേ"

(കലി.11:9)

(പാലനിലത്തിലുള്ള ചെറിയ തടാകത്തിലെ വെള്ളം കുട്ടിയാന പോയി കുടിച്ച് കടക്കുകയും അതിന് ശേഷം ആ കലങ്ങിയ വെള്ളം കൊമ്പനാന പിടിയാനയ്ക്ക് പിടിച്ച് കൊടുക്കുകയും ചെയ്യുന്നു.)

പിടിയാന എന്നർത്ഥത്തിലാണ് ഈ പാട്ടിൽ 'പിടി' ഉപയോഗിച്ചിരിക്കുന്നത്. തമിഴിൽ ഇ ങ്ങനെ പ്രയോഗിക്കാറില്ല.

**58. പുലരി** (പ്രഭാതം)

രാവിലെ എന്നർത്ഥത്തിൽ ഉപയോഗിക്കുന്ന ഈ പദം മലയാളത്തിൽ പ്രചാരത്തിലരിക്കുന്നു;

"**പുലരി** വിടിയൽ പകടുപല വാഴ്ത്തി.'

(പുറം. 385:2)

(രാവുമാറി പുലരി വരുന്നേരം മാടുകളെ മേയ്ക്കാനായി കൊണ്ടുപോകുന്നു.)

**59. പുഴുക്ക്** (ഒരു കറി)

മലയാളത്തിൽ മാത്രം പ്രയോഗത്തിലുള്ള പദമാണിത്. പുഴുക്കൽ (cooked meat, cooked rice) പുഴുക്കിയ (which was cooked), പുഴുക്ക് (boiled dhal, cooked meat) എന്നീ അർത്ഥങ്ങളിലും സംഘം പാട്ടുകളിൽ പ്രയോഗിച്ചിരിക്കുന്നു.

"ഉപ്പു ഇലാഅ അവി**പ്പുഴുക്കൽ**"

(പുറം.363:12)

(ഉപ്പില്ലാതെ ആവിയിൽ ഉണ്ടാക്കിയ ചോറ്)

"മാൻതടി **പുഴുക്കിയ** പുലവുനാറു കഴിചി"

(പുറം.168:9)

(ആവിയിൽ വെച്ചുണ്ടാക്കിയ മാനിറച്ചി നല്ല ഗന്ധത്തോടെ പാത്രത്തിലിരിക്കുന്നു.)

"യാമൈപ് **പുഴുക്കിൻ** കാവർ വിട ആരാ"

(പുറം 212:3)

(ആമയിറച്ചി ആവിയിൽ വേവിച്ച് കള്ളോടുകൂടി കൊടുക്കുന്നു).

**60. പുറം** (മുതുക്)

"അഞ്ചിൽ ഓതി അചൈയിയൽ കൊടിച്ചി,
**പുറമ്**താഴ്"

(കുറു.214:2-3)

(നെറ്റിയിൽ നിന്ന് മുതുകുവരെ വകഞ്ഞുമാറ്റിയ കൊടിച്ചി)

മലയാളത്തിൽ ഇന്നും ഉപയോഗിക്കുന്നതുപോലെ, മുതുക് എന്നർത്ഥത്തിലാണ് ഇവിടെ "പുറം" ഉപയോഗിച്ചിരിക്കുന്നത്. 'നിന്റെ പുറം പള്ളിപ്പുറമാകും' എന്ന പ്രയോഗത്തിലെല്ലാം പുറം 'മുതുക്' എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. തമിഴിൽ ഇത് മുതുക് മാത്രമായി ചുരുങ്ങിപ്പോയി.

**61. പൊത്ത്** (മരത്തിന്റെ ദ്വാരം)

"പൊത്തുടൈ മരത്ത പുകർപടുനിഴൽ"

(അകം. 277:10)

(പൊത്തോടുകൂടിയ മരത്തിന്റെ നിഴലിൽ വിശ്രമിച്ച് പോകുന്ന വഴിപ്പോക്കർ)

*മരത്തിന്റെ പൊത്ത്* എന്നർത്ഥമാണ് ഈ പാട്ടിൽ *പൊത്ത്* എന്ന പദത്തിനുള്ളത്. എന്നാൽ തമിഴിൽ *പൊത്ത്* എന്ന പദം മലയാളത്തിലെ *പൊത്തി വയ്ക്കുക* (അടച്ചുവക്കുക) എന്നർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. മലയാളത്തിൽ മരത്തിന്റെ പൊത്ത് എന്നർത്ഥത്തിലും അടയ്ക്കുക എന്ന അർത്ഥത്തിലും ഈ പദം പ്രചാരത്തിലുണ്ട്. തമിഴിൽ *വാ പൊത്തുങ്കെ* എന്നതിന് *വായ് അടയ്ക്കൂ* എന്നാണർത്ഥം.

**62. പൈം**

"നീരപ് **പൈമ്**പോതു ഉളരി, പുതലി"

(കുറു.110.3)

(വെള്ളത്തിൽ വളരുന്ന നീലനിറത്തിലുള്ള ചെടിയുടെ ഒരു കുറവുമില്ലാത്ത ഇലകൾ കാറ്റത്താടുന്നു.)

മികച്ചത് എന്നർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. മലയാളത്തിൽ ഇന്നും '*പൈംപാൽ*' എന്ന പ്രയോഗത്തിലെല്ലാം ഈ അർത്ഥം ഉപയോഗിക്കുന്നുണ്ട്.

**63. മരുക്**

ഇന്നും കേരളത്തിന്റെ നാട്ടിൻപുറങ്ങളിൽ പ്രയോഗത്തിലിക്കുന്ന പദമാണ് 'മരുക്'. 'അവന്റെ വീട് ആ മരുകിലാണ്' എന്ന വാചകത്തിൽ 'മരുക്' തെരുവ് എന്നർത്ഥത്തിലാണ് ഉപയോഗിക്കുന്നത് സംഘം കൃതികളിൽ ഇതേ അർത്ഥത്തിൽ 'മരുക്' പ്രയോഗിച്ചിരിക്കുന്നു.

'അറികതിൽ അമ്മ, ഇവ് ഊരേ **മരുകിൽ**'

(കുറു.14:4)

(ഇതുവരെ നാടിന് അറിയാതിരുന്ന നമ്മുടെ പ്രണയകാര്യം നീ മടലെറിഞ്ഞാൽ ഈ ഊരിലെ തെരുവിലൂടെ നടക്കാൻപോലും കഴിയില്ല)

**64. മരുങ്കു**

'ആ മരിങ്ങിലാണ് പശുവിനെ കെട്ടുന്നത്' എന്ന വ്യവഹാര ഭാഷയിലെ മരിങ്ങ്, *സ്ഥലം, ഓരം, വശം* എന്നർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. ഇതേ അർത്ഥത്തിൽ സംഘം കൃതികളിലും ഇത് ഉപയോഗിക്കുന്നുണ്ട്. അനുനാസികാതി പ്രസരം നടക്കാത്ത രൂപമാണ് സംഘം കൃതികളിൽ ഉള്ളതെന്ന വ്യത്യാസം മാത്രമേയുള്ളൂ.

"ഏറയിറു കായും വെവ്അറൈ **മരുങ്കിൽ**"

(കുറു:58:3)

(പാറയുടെ മരിങ്ങിൽ അടുത്ത് വെച്ചിരിക്കുന്ന വെണ്ണ വെയിലിൽ ഉരുകി പോകുന്നത് കയ്യും സംസാരശേഷിയും ഇല്ലാത്ത ഒരാൾ എങ്ങിനെ അറിയും എന്നപോലെ നിസ്സാഹായവസ്ഥയിലാണ് ഞാനിപ്പോൾ)

**65. വളി** (ചുഴലികാറ്റ്)

ചൂരൽ ങ് കടു**വളി** എടുപ്പ ആരുറ്റു

(അകം 1:17)

(കൊടുങ്കാറ്റ് നല്ലവണം വീശുന്നു.)

ഈ പാട്ടിൽ കാറ്റ് എന്നർത്ഥത്തിലാണ് വളി എന്നപദം ഉപയോഗിച്ചിരിക്കുന്നത്. തമിഴിൽ വളി എന്ന പദം പ്രചരലുപ്തമായി ചില ഔദ്യോഗിക രേഖകളിൽ മാത്രം കടന്നുവരുന്നരീതിയിലേക്ക് ചുരുങ്ങി പോകുകയും ചെയ്തു. എന്നാൽ ഇന്നും മലയാളത്തിൽ വളി എന്നപദം പ്രചാരത്തിലുണ്ട്. അത് അർത്ഥാപകർഷം വന്ന് അധോവായു

എന്നർത്ഥത്തിലാണെന്നു മാത്രം. തൊല്ക്കാപ്പിയം 243-ാം സൂത്രത്തിൽ വളിയെന്ന പദം കടന്നു വരുന്നുണ്ട്.

"**വളിയെന** വരൂഉം പൂതക്കിളവിയും
അവ്വിയൽ നിലൈയൽ ചെവ്വി തെൻപ"

പഞ്ചഭൂതങ്ങളിൽ ഒന്നിനെ കുറിക്കുന്ന വളി എന്ന പദത്തോട് ആചാരികൈൾ (അത്ത്) ചേരും എന്ന് തൊല്ക്കാപ്പിയർ പറയുന്നു. കൂടാതെ വ്യാഖ്യാതാവ് അവിടെ പനിയത്തു ചെൻറാർ വളയത്തു ചെൻറാർ എന്നീ പ്രയോഗങ്ങൾ തമിഴിലില്ല എന്നു രേഖപ്പെടുത്തുകയും ചെയ്യുന്നു.

**66. വഴുതനൈ** (ഒരു സസ്യം)

ഇന്നും മലയാളം സംരക്ഷിച്ചു പോരുന്ന പച്ചക്കറിയുടെ പേരാണ് വഴുതനൈ അല്ലെങ്കിൽ വഴുതനങ്ങ. തമിഴിൽ ഇത് 'കത്രിക്കായ്' ആണ്.

"പിടിമിതി **വഴുതനൈ** പ് പെരുമ് പെയർത് തഴുമ്പന"
(അകം.227:17)

(പിടിയാനയുടെ ചവിട്ടേറ്റ അവന് വഴുതനങ്ങയെപ്പോലെ തഴമ്പ് വന്നു)

**67. വിളി (**ആഹ്വാനം ചെയ്യുക)

"ഈമ്തീർ പരുൻ തിൻ പുലമ്പുകൊൾ തെൾ **വിളി**"
(കുറു.207:3)

(ഇണപിരിഞ്ഞ പരുന്തിന്റെ പുലമ്പുന്ന ശബ്ദം)

ഈ പാട്ടിൽ "ശബ്ദം" എന്നർത്ഥത്തിലാണ് "വിളി" എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ഇന്നും മലയാളത്തിൽ "വിളി"എന്ന പദം പ്രചാരത്തിലുണ്ട്. വിളിക്കുക എന്നുപറയുമ്പോൾ 'ശബ്ദമുണ്ടാക്കുക' എന്ന പ്രക്രിയയാണ് നടക്കുന്നത്. ഇതേ അർത്ഥത്തിൽ തന്നെയാണ് വിളി എന്ന പദം മലയാളത്തിൽ ഉപയോഗിക്കുന്നത്. എന്നാൽ തമിഴിൽ ഇത് 'കൂപ്പിടുകൈ' എന്നായി മാറിയിരിക്കുന്നു.

**68. വെള്ളം** (നീര്)

നീര് (water) എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. തമിഴിൽ വ്യാപകമായി 'തണ്ണി' എന്നർത്ഥമാണ് വെള്ളത്തിനുപകരമായി ഉപയോഗിക്കുന്നത്.

"ഉരവുത്തിരൈ കടുകിയ ഉരുത്തു എഴു **വെള്ളം**"
(പതി.82:10)

**69. വൈകൽ** (വൈകുക)

"ഒർ ഇരാ **വൈകലു**ൾ, തമരൈവ് പൊയ്കൈയുൾ"
(കലി.5-14)

(പൊയ്കയിലെ താമര രാത്രി സമയത്തും വാടാതെ നിൽക്കുന്നു.)

സമയം എന്നർത്ഥത്തിലാണ് "വൈകൽ" എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. "വൈകിവന്നു" എന്ന പ്രയോഗത്തിൽ സമയത്തിന്റെ വ്യതിയാമാണല്ലോ കുറിക്കുന്നത്.

**70. വൈപ്പിൻ** (ഗ്രാമം, ഊര്)

സംഘകാലകൃതികളിൽ വൈപ്പ്, വൈപ്പിന, വൈപ്പിൻ എന്നീ വാക്കുകൾ ഗ്രാമം നാട് എന്നീ അർത്ഥങ്ങളിൽ ഉപയോഗിച്ചുകാണുന്നു.

"കുൻറു തലൈ മണന്ത പുൻപുല **വൈപ്പും**"
(പതി.3.10.13)

"അകൻ കൺ **വൈപ്പിൻ** നാടുകിഴവോനേ"
(പതി.6.8.19)

എൻറൂഴ നിൻറ പുൻ തലൈ **വൈപ്പിൻ**
(വേനൽ കാലത്ത് ചൂടുള്ള ചെറിയ ഗ്രാമം)
(അകം.21.14)

വിണ്ണയർ **വൈപ്പിന** കാടായിന നിൻ
(പതി.3.3.15)

തമിഴിൽ ഈ പദം പ്രചാരത്തിലില്ല പക്ഷേ ഇന്നും മലയാളം ഈ പദം കാത്തു സൂക്ഷിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ ദ്വീപായ വൈപ്പിൻകര. കൊല്ലവർഷം 1341-ൽ പെരിയാറ്റിലെ വെള്ളപ്പൊക്കത്തിൽ കിഴക്കുനിന്ന് പടിഞ്ഞാറോട്ടുള്ള കുത്തൊഴിക്കിൽ മണ്ണ് അടിഞ്ഞുകൂടിയ സ്ഥലമാണെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. വൈപ്പിൻ എന്ന പ്രദേശത്തെ പ്പറ്റി അവിടെ താമസിക്കുന്ന ജനങ്ങളിൽ നിന്നറിയാൻ കഴിയാൻ നിരുക്തി പുതിയതായി വച്ച സ്ഥലം എന്നതാണ്. പക്ഷേ സംഘ സാഹിത്യത്തിലുള്ള ഈ പ്രയോഗവും ശബ്ദതാരാ വലിയിലെ അർത്ഥവും ഗ്രാമം എന്ന അർത്ഥത്തിലാണ് പുതുവൈപ്പ് എന്ന് വൈപ്പിൻ കരയെ വിളിക്കുന്നത്. ഇവയെല്ലാം വച്ചു നോക്കുമ്പോൾ ഈ പദത്തിന്റെ പ്രാചീനതയും വ്യക്തമാണ്.

ഈ വിതം നിരവധി പദങ്ങൾ മലനാട്ടുവഴക്കങ്ങളായുണ്ട്. ഈ പദങ്ങളെല്ലാം വ്യവ ഹാരഭാഷയിലുള്ളതാണ്. കൂടാതെ ഇവയിൽ നിഘണ്ടുക്കളിൽപ്പോലും സ്ഥാനം ക്കിട്ടാത്ത് തനി നാടൻ പദങ്ങളുമുണ്ട് ചെന്തമിഴിൽ വരത്തക്കവണ്ണം പക്വതയുള്ള പദങ്ങളായിരുന്നു

ഇവയെല്ലാം. ഇവയെപറ്റിയുള്ള വിശദവിവരങ്ങൾ അനുബന്ധം 4 ൽ ചേർത്തിരിക്കുന്നു. മലനാട്ടുവ്യാകരണപ്രത്യേകതകളെയാണ് തുടർന്ന് പരിശോധിക്കുന്നത്.

### 4.6.3 വ്യാകരണതലം

സംഘം കൃതികളിലും മലയാളത്തിലും ഒരുപോലെ പ്രയോഗത്തിലുള്ളതും തമിഴിൽ പ്രചാരലുപ്തങ്ങളായതുമായ വ്യാകരണരൂപങ്ങളെ ആചാര്യന്മാർ മുന്നേ തന്നെ കണ്ടെത്തിയിട്ടുണ്ട്. അവർ കണ്ടെത്തിയ വ്യാകരണരൂപങ്ങൾക്ക് സംഘസാഹിത്യത്തിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി. ആ നിയമങ്ങളെ ന്യായീകരിക്കുകയാണ് തുടർന്ന് പ്രധാനമായും ചെയ്യുന്നത്;

i. സംഘസാഹിത്യത്തിൽ ഉപയോഗിച്ചിട്ടുള്ള പേരെച്ച പ്രത്യയങ്ങളിൽ ഇയ ഇന്ന് മലയാളത്തിൽ മാത്രമേയൊള്ളൂ. തമിഴിൽ *ഇയ*യ്ക്കു പകരം *ഇന* എന്ന പ്രത്യയമാണ്. സംഘം കൃതികളിൽ ഇയ ചേർത്തുള്ള രൂപങ്ങൾ കാണുന്നുണ്ട്[60].

"പെരുന്തോൾ കാവൽ **കാട്ടിയ**പ്പേ!"
(ഐങ്കു.281:4)

"കീഴതു **അകറ്റിയ** വിയൽ ആങ്കൺ"
(പുറം. 26:4)

"കീഴതു മുപ്പുണർ **അടുക്കിയ** മുറൈമുതർ കിട്ടിൻ"
(പുറം.6.5)

"മാൻതടി **പുഴുക്കിയ** പുലവുനാറു കഴിചി"
(പുറം.168.9)

"വങ്കൂഴ് **ആട്ടിയ** അമ്കുഴൈ വേങ്കൈ"

(അകം.378.3)

"പാൺ ഇഴൈ അരിവൈ **കാണിയ** ഒരു നാൾ"
(പതി.981.31)

"മരുതു ഇമിഴ്ന്തു **ഓങ്കിയ** നളിഇരുവരപ്പിൻ"
(പതി.3:3:18)

"നിരൈകളിറു **ഒഴുക്കിയ** നിരൈയ വെള്ളം"
(പതി.2:5:3)

ii. ആധാരികാർത്ഥത്തിൽ മലയാളത്തിൽ പ്രയോഗിക്കുന്ന 'അത്ത്' മലയാളം മാത്രമേ നിലനിർത്തിയുള്ളൂ. തൊൽക്കാപ്പിയർ 'അത്തി'നെ ചാരിയെ എന്ന നിലയ്ക്ക് പരാമർശിച്ചിട്ടുണ്ട്[61].

"**പനി**യെന്ന വരൂഉം കാല വേറ്റുമൈക്കു
അത്തും ഇന്നും ചാരിയൈ ആകും"
(തൊൽ.എഴു.243)

കാലത്തെ സൂചിപ്പിക്കുന്ന പനി എന്നപദത്തോട് 'അത്തു' 'ഇൻ' എന്നീ ചാരിയൈകൾ ചേരും. ഉദാ: *പനിയത്തു ചെൻറാൻ*

"*വളി*വെന വരൂഉം പൂതക്കിളവിയും
അവ്വിയൽ നിലൈയൽ ചെവ്വി തെൻപ"

പഞ്ചഭൂതങ്ങളിലൊന്നിനെ കുറിക്കുന്ന'വളി' എന്ന പദത്തോടും ആചാരിയൈകൾ ചേരും. ഉദാ: വളിയത്തു ചെന്റാൻ.

ആധാരിക പ്രത്യയമായി 'അകം' മാണ് പതിറ്റുപ്പത്തിലെ ചിലപാട്ടുകളിൽ കാണുന്നത്. മലയാളത്തിന്റെ ഇതിനുസമാനമായ പ്രത്യയം *അത്ത്* ആണ്. ഭാഷാശാസ്ത്രപരമായി 'അകത്ത് എന്ന വാക്കിന്റെ സങ്കുചിതരൂപമാണ് *അത്ത്*. ഇപ്രകാരം അത്ത് ആധാരികാർത്ഥത്തിൽ സംഘം പാട്ടുകളിൽ അങ്ങിങ്ങായി കാണാം. അതായത് ഒരേ സമയം അത്ത്, അകം എന്നീ രണ്ടു പ്രത്യയങ്ങളും സംഘം കൃതികളിൽ കാണുന്നുണ്ട്.

"കഴനി **മരത്തു** വിളൈന്തുളകു തീമ്പഴം"
(കുറു.8:1)

"ഞായിറു കോടപനൻ പകൽ **അമയത്ത്**"
(പതി.32:34)

"വാഴ്നാൾ അറിയും വയങ്കുചുടർ **നോക്കത്ത്**"
(പതി.9:9:18)

iii. സംഘം കൃതികളിൽ പദാദിയകാരം ഉള്ളതും ഇല്ലാത്തതുമായ വാക്കുകളുണ്ട്. മലയാളത്തിന്റെ സവിശേഷതകളിലൊന്നായ 'ആ'യിൽ ആരംഭിക്കുന്നതും എന്നാൽ ഇന്നത്തെ തമിഴിൽ'യ'ആരംഭിക്കുന്ന പദങ്ങളും കാണുന്നുണ്ട്[62].

ആ *എന്ന പദത്തിൽ ആരംഭിക്കുന്നവ:*

**ആകൽ**:- "നീടിനെ **ആകലിൻ** കാൺകുവൻ തിചിനേ!"
(പതി.2.6.9)

**ആണ്ട** :- "കടലക വരൈപ്പിൻ ഇവ് പൊഴിൻ മുഴൂതു **ആണ്ട നിൻ**"

(പതി.2.4.19)

**ആണ്ട്** :- "ഈണ്ടു നീ അരുളാതു, **ആൺടുറൈ** തല്ല്ലോ!"
(ഐങ്കു.46:4)

**ആറ്** :- "**ആറ്** ഇടൈയ് ചെൽ വോർ ആറുനനിവെറൂഉം"

(ഐങ്കു.311:2)

iv. സർവ്വനാമ ബഹുവചന പ്രത്യയമായ -ഓർ സംഘം കൃതികളിൽ ധാരാളമായി കാണുന്നുണ്ട്. തൊല്ക്കാപ്പിയകാരൻ ഈ പ്രത്യയത്തെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ലെങ്കിലും തൊല്ക്കാപ്പിയത്തിൽ ഉദ്ധരിച്ചിട്ടുള്ള (പുരൈയോർ -മഹാന്മാർ) ഉദാഹരണങ്ങളിൽ *ഓർ* പ്രത്യയമുണ്ട്. അൻ-ഓൻ ആയതുപോലെ അർ-ഓർ ആയതാണ്. ഈ സ്വനപരിണാമം തൊല്ക്കാപ്പിയത്തിന്റെ കാലത്തുണ്ടായിരുന്നു. എന്നാൽ വ്യവഹാരത്തമിഴിൽ ഇന്നും ഈ രൂപങ്ങൾക്ക് സ്ഥാനമില്ല. മലയാളത്തിലാകുന്ന വരമൊഴിയിലും -ഓൻ, -ഓർ എന്നീ പ്രത്യ യങ്ങൾ ചേർന്ന രൂപങ്ങൾക്ക് പ്രചാരമുണ്ട്. ഏകവചന പ്രത്യയമാണ് ഓൻ.[63]

ഉദാ: ഓന്റെ പേരെന്താ (ഓൻ-അവൻ)

ഓൾടെ കല്യാണം കഴിഞ്ഞോ? (ഓൾ-അവൾ)

-ഓർ ബഹുവചന പ്രത്യയം.

"മൂത്തോർ ചെല്ലും മുതുനെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും" എന്ന പഴമൊഴിയിൽ 'ഓർ' പൂജക ബഹുവചന പ്രത്യയമായി ഉപയോഗിച്ചിരിക്കുന്നു. ഉദാ:മൂത്തോർ വാഴുന്നോർ, പോകുന്നോർ. പ്രാചീനമായ ഈ പ്രത്യയങ്ങൾ ഇന്നും സാധാരണ വ്യവഹാരത്തിൽ പ്രചാ രത്തിലുള്ളത് മലയാളത്തിൽ മാത്രമാണ്. ഉദാ: "മാതോർ ഉരൈയും ഉലകമും കേട്പ" (പതി.6.10.23)

v. സംഘം കൃതികളിൽ അലിംഗ ബഹുവചന രൂപങ്ങളാണ് അവ, ഇവൈകൾ പില്ക്കാല തമി ഴിൽ ഇവ പ്രചാര ലുപ്തങ്ങളായെങ്കിലും മലയാളത്തിൽ അവയും ഇവയും ഇന്നും പ്രയോഗത്തിലുണ്ട്. തൊൽക്കാപ്പിയം അംഗീകരിച്ചിട്ടുള്ള രൂപങ്ങളാണ് അവ, ഇവകൾ[64]

ആ ആവ എന വരുഉം ഇറുതി
അപ്പാൺ മുൻറേ പലവറിചൊല്ലേ
(തൊൽ.ചൊ.9)

ഈ സൂത്രപ്രകാരം പദത്തിന്റെ ഒടുവിൽ വരുന്ന അ, ആ, വ എന്ന മൂന്നും അൽത്തിണയിലെ ബഹുവചനത്തെ കുറിക്കും.

**ഇവ:** 'നൊതും ലാളർ കൊള്ളാർ **ഇവൈയേ**"

(ഐങ്കു.187:1)

"തഴലും തട്ടെയും മുറിയും തന്തു, **ഇവൈ**"

(കുറു.223.4)

"**തുവൈ**കാൺ തോൻറും നോവർ മാതോ"

(നറ്റി:12:7)

**അവ:** "ആയ് വളൈക് ചൂട്ടും അണിയുമാർ **അവൈയേ**"

(നറ്റി.60:11)

"ഇൻറു പെരിതു എൻനും അങ്കത്തതു **അവൈയേ**"

(കുറു.146:5)

"ഐന്തുടൻ പോറ്റി **അവൈ**തുന്നൈയാക"

(പതി.21:2)

vi. പദാദിയിലെ 'ഞ'കാരം ഇന്നും മലയാളം കാത്തു സംരക്ഷിക്കുന്നുണ്ട്. തമിഴിൽ ചില പദങ്ങളിൽ ഇത് 'ന'കാരമായി മാറിയിരിക്കുന്നു.

| | | |
|---|---|---|
| ഞരളും | which will sound. | പതി. 6.1.14 |
| ഞാൺ | string. | പതി. 8.10.33 |

പദാന്തത്തിൽ 'ഞ'കാരം വരുന്ന രൂപങ്ങളും സംഘം പാട്ടുകളിൽ കാണാം. ഉദാ: മഞ്ഞൈ (ഐങ്കു.295–3)

സാഹിത്യത്തിലെ ഈ വ്യാകരണ പ്രത്യേകതകളിൽ നിന്ന് പൂർവ്വ ദ്രാവിഡഭാഷയുടെ ചില സവിശേഷതകൾ മലയാളം സംരക്ഷിച്ചു നിർത്തുന്നുണ്ട്. മലയാളഭാഷയുടെ പരിണാമത്തെയും സ്വാതന്ത്ര്യത്തെയും പറ്റി പഠിച്ച പണ്ഡിതൻമാർ മറ്റു ചില വ്യാകരണ പ്രത്യേകതകളെയും ചൂണ്ടികാണിച്ചിട്ടുണ്ട്. അതിൽ ചിലതാണ്;

- മധ്യമപുരുഷ സർവ്വനാമത്തിന്റെ ബഹുവചന രൂപത്തിൽ 'നിം'എന്ന് 'ഇ'കാരമായി തന്നെ നിലനിൽക്കുന്നു. തമിഴിൽ 'നും' എന്ന് 'ഉ'കാരമായി മാറിയിരിക്കുന്നു.
- 'ല്ക്ക്' എന്ന വ്യഞ്ജന സംഘാതത്തിന് മാറ്റമൊന്നും സംഭവിക്കുന്നില്ല. തമിഴിൽ അത് 'ർക്ക്' എന്നായി മാറിയിരിക്കുന്നു.
- പൂർവ്വദ്രാവിഡ പദമായ മുതുക്കൻ മലയാളത്തിൽ നിലനിൽക്കുന്നുണ്ട്. തമിഴിൽ മുതിയൻ, മുതുവൻ, മുതുവർ എന്നിങ്ങനെയാണ് സമാനരൂപങ്ങൾ.
- ചാവുക എന്ന ക്രിയാ രൂപത്തിന്റെ ഭൂതകാലം മലയാളത്തിലും തമിഴൊഴിച്ചുള്ള മറ്റ് ദ്രാവിഡ ഭാഷകളിലും 'ചത്തു' എന്നാണ് തമിഴിൽ 'ചെത്തു'എന്നായി മാറിയിരിക്കുന്നു.[65]

ഈ പ്രത്യേകതകളും മലയാളഭാഷയുടെ പൂർവ്വസ്വഭാവ സംരക്ഷണത്തിന് തെളിവാണ്. ഭാഷയിൽ കാണപ്പെടുന്ന പഴയ ഭാഷാരൂപങ്ങളെ അടിസ്ഥാനമാക്കി ആ ഭാഷയുടെ ചരിത്രപരമായ വളർച്ചയേയും ഭാഷാ കുടുംബത്തിൽ അതിനുള്ള സ്ഥാനത്തേയും നിർണ്ണയിക്കുവാൻ കഴിയില്ലെങ്കിലും ഭാഷാഘടനയിലെ സ്വനിമം, രൂപിമം, വ്യാകരണം എന്നീ ഘടകങ്ങളുടെ മൂന്ന് പ്രത്യേകതകളിലും മലയാളഭാഷയ്ക്ക് ഇന്നത്തെ തമിഴിൽ നിന്ന് ചില വ്യത്യാസങ്ങളും പൂർവ്വദ്രാവിഡഭാഷയോട് ചില സാമ്യങ്ങളും ഉണ്ടെന്ന് വ്യക്തമാണ്.

സംഘകാല ചേര ഭൂപ്രകൃതിയും സംസ്ക്കാരവും ഭാഷയും അവ തമ്മിലുള്ള അഭേദ്യമായ ബന്ധവും ഇന്നത്തെ കേരളത്തിന് ഒട്ടും അന്യമല്ല എന്ന് ഈ പഠനത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നു. സാധാരണ ജീവിതത്തിൽ ഇവയൊക്കെ ഇന്നും പ്രാധാന്യം അർഹിക്കു

ന്നവയായി നിലനില്ക്കുന്നു. ഈ അദ്ധ്യായത്തിലൂടെ കണ്ടെത്തിയ നിഗമനങ്ങളും കണ്ടെത്തലുകളുമാണ് ഉപസംഹാരം എന്ന അടുത്ത അദ്ധ്യായത്തിൽ ക്രോഡീകരിച്ചിരിക്കുന്നത്.

**പിൻകുറിപ്പുകൾ**

1. രാഘവയ്യങ്കാർ, മു., (2010) *ചേരൻ ചെങ്കുട്ടുവൻ*, നാം തമിഴർ പതിപ്പകം, ചെന്നൈ, പുറം.119-121
2. നാരായണൻകുട്ടി, മേലങ്ങത്ത്,(2003) *സംഘസാഹിത്യചരിത്രം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.84
3. “ദാനം ചെയ്തിട്ടുള്ള രാജ്യങ്ങൾ ഒക്കെയും പോയി; ഇനിക്കു ഇരിപ്പാൻ ഭൂമി തരണമെന്നും ചോദിച്ചാറെ, ഒരു ഭവനത്തിനു തക്കവണ്ണം ഭൂമി തരാമെന്നും പറഞ്ഞതിന്റെ ശേഷം സുബ്രഹ്മണ്യൻ കല്പിച്ചു ഒരു ഭവനത്തിനായ്ക്കൊണ്ടു തരണമെന്നില്ലാ. ഈശ്വരാനുജ്ഞ കൊണ്ടത്രെ ഞങ്ങൾ വന്നതെന്നും കല്പിച്ചാറെ സമുദ്രരാജൻ ഭയപ്പെട്ടു പടിഞ്ഞാറെ സമുദ്രത്തിൽ അങ്ങേ വെണ്മഴുവെടുത്തു കൈകൊണ്ടു കന്യാകുമാരിയിൽ നിന്നും എറിഞ്ഞാൽ എത്രദൂരം പോയി വീണാൽ അത്രയും ഭൂമിയാകുമെന്നും പറഞ്ഞു. സമുദ്രരാജൻ പോയതിന്റെ ശേഷം പരശുരാമനോടു സുബ്രഹ്മണ്യൻ ഉപായകൗശലം കൊണ്ടും വിഷ്ണുമായ ചിന്തിച്ചിട്ടും വേണമെന്നും കല്പ്പിച്ചു അതുകേട്ടു പരശുരാമൻ വെണ്മഴുകൊണ്ടു പടിഞ്ഞാറെ സമുദ്രത്തിൽ വടക്കോട്ടു എറിഞ്ഞാറെ ഗോകർണ്ണത്തു ചെന്നു വീഴുകയും ചെയ്തു. നൂറു യോജന നീളം പത്തു യോജന വീതിയോടുകൂടി ഭൂമിയുണ്ടായി. പരശുരാമൻ സന്തോഷിച്ചിരുന്ന സമയത്തു ആകാശത്തു നിന്നും ദേവകൾ പരശുരാമന്റെ ശിരസിൽ പുഷ്പം കൊണ്ടു വർഷിച്ചു സന്തോഷിച്ചു. - അച്ച്യുതമേനോൻ,സി.,(എഡി.) (1953) *കേരളോല്പത്തി*, അദ്ധ്യായം 6, മദിരാശി സർവ്വകലാശാല, മദ്രാസ്, പുറം.9
4. വിജയൻ, എം.എൻ., (2013), *കേസരിയുടെ ചരിത്രഗവേഷണങ്ങൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.184
5. - - -., പുറം.184
6. Manickavasagom, Pillai, M.E., (1970) Culture of Ancient Cheras: A study in Culture Reconstruction, Manjula Publication, Kovilpatti. p.19
7. - - -., p.20
8. - - -., p.21
9. ദിവ്യപ്രബന്ധം - പെരിയതിരുമൊഴി 6,6,6
10. “കളിറുകെഴു താറൈപ് പൊറൈയൻകൊല്ലി” - അകം. 62:13
11. “ചീരുടൈത എത്ത മുനൈകെട വില്ങ്കിയ
    നേരുയർ നെടുവരൈ അയിരൈ പെരുന!” - പതി. 21:29
12. രാഘവയ്യങ്കാർ,മു.,(2010) ,*ചേരൻ ചെങ്കുട്ടുവൻ,* നാം തമിഴർ പതിപ്പകം, ചെന്നൈ, പുറം.120
13. - - -., പുറം.120
14. നാരായണൻ, മേലങ്ങത്ത്.,(2003) *സംഘ സാഹിത്യചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.30
15. വൈദ്യനാഥയ്യർ,ജി., (1997) *പതറ്റിപ്പത്ത്* (ഭാഷാ വിവർത്തനം) സാഹിത്യ അക്കാദമി, തൃശ്ശൂർ, പുറം.8
16. ചിറുപാണാറ്റുപട :- 49,65,82
17. തൊല്ക്കാപ്പിയം, പുറത്തിണൈഇയൽ, സൂത്രം.5
18. ബാലസുന്ദരൻ, ആതി.,(2012) *ചേരലർ വരലാറും പഴനിമലൈ വാഴ് പഴങ്കുടി മക്കളും*, തമിഴ് സർവ്വകലാശാല, തഞ്ചാവൂർ, പുറം.20
19. കുറുഞ്ഞിതിണയിലുള്ള അകം 168 ാം പാട്ട് കോട്ടമ്പലത്ത് തുഞ്ചിയ അതിയാമാനാണ് പാടിയിരിക്കുന്നത്.

20. തേവാരം, തിരുമുറൈ 1-64:1:5-8, 55-8
21. ഗുരുനാഥൻ,വ.,(2001) *സംഘകാല അരചവരലാറ്,* തമിഴ് സർവ്വകലാശാല, തഞ്ചാവൂർ, പുറം.59
22. - - -., പുറം.29
23. ശ്രീധരമേനോൻ,എ.,(1988) *കേരള ചരിത്ര ശില്പികൾ,* സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, പുറം.9
24. പരമേശ്വരൻ പിള്ള, എരുമേലി., (2006) *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ,* പ്രതിഭ ബുക്സ് , മാവേലിക്കര, പുറം.22
25. - - -., പുറം.22
26. - - -., പുറം.22
27. രാമായണം.4-41-12
28. ചിമ്പുകാശ്ചപുളിന്ദാശ്ച ചീനാനന്ഹുണാൽസ**കേരളാൻ**
സസർജപുനത:സാഗൗമ്ലേച്ഛാൻബഹുവിധാനപി.
മഹാഭാരതംആദിപർവ്വം - അദ്ധ്യായം 175, വിസിഷ്ഠ വിശ്വാമിത്ര പരാഭവം - ശ്ലോകം.38
29. പാണ്ഡവാശ്ചദ്രവിഡാശ്ചൈവസഹിതാംശ്ചോണ്ഡ്ര**കേരളൈ**
ആന്ധ്രസ്ഥാലവനാംശ്ചൈവകലിംഗാനുഷ്ടാകർണികാൻ
തിമിംഗിലചസന്യപൂശേകത്വാമഹാമതി
ഏകപാധാംശ്ചപുരുഷാൻ**കേരളാൻ**വനവാസിന:
മഹാഭാരതം ആദിപർവ്വം - അദ്ധ്യായം 175, വിസിഷ്ഠ വിശ്വാമിത്ര പരാഭവം - ശ്ലോകം.66
30. പരമേശ്വരൻ പിള്ള, എരുമേലി., (2006) *മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ,* പ്രതിഭ ബുക്സ്,മാവേലിക്കര, പുറം. 23
31. - - -., പുറം. 23-24
32. ശ്രീധരമേനോൻ, എ., (2011) *കേരള ചരിത്രം*, ഡി.സി.ബുക്സ്, കോട്ടയം, പുറം.27
33. മഹാദേവൻ,ഐരാവതം., (2007) ദിനമണി(ദിനപത്രം), *'രാസമാണിക്കനാർ നിനവു കട്ടുരൈ'*, 8 നവംബർ.
34. ചെന്താശ്ശേരി ടി.എച്ച്.പി., (1970) *കേരളചരിത്രത്തിലെ അവഗണിക്കപ്പെട്ട ഏടുകൾ,* പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം, പുറം.16
35.

| തമിഴ്മലയാളം | ഇതരദ്രാവിഡഭാഷകൾ |
|---|---|
| ചെവി | കിവി (കന്നട), കെവ് (കോലാമി) കെയ്പ് (കോത), കെവ് (നായ്ക്കാ) കെവി (കുടക്), കെബി (തുളു) |
| ചേന | കേന (തുളു) |
| ചേരി | കേരി (തുളു) |
| ചെയ് | ഗെയ് (കൊടക്) |
| | കെയ് (കന്നട) |
| ചീര | കീര (കോര) |
| ചെമ്പ് | കെബി (കോത) |
| ചേമ്പ് | കെസവു (കന്നട) |
| | കിബി (പാർജി) |
| | കിസ്ഗോ (കുറുക്) |
| ചെന്നി | കെയ്ൻ (കൊടക്) |
| | കെന്നെ (കന്നട) |
| | കെന്നി (തുളു) |

| | |
|---|---|
| ചെവിടു | കെവ്റു (കോത) |
| | കിവിടു (കന്നട) |
| | ക്യൂഡ് (തോത) |
| | കെപ്പു (തുളു) |
| ചേറ് | കേറ് (കൊടക്) |
| | കോറ് (തോത) |
| | കേസറ് (കന്നട) |
| | കേസു (തുളു) |

- ഗോപാലകൃഷ്ണൻ, നടുവട്ടം,(2012), *മലയാളം ക്ളാസിക് ഭാഷ പഴക്കവും വ്യക്തിത്വ വും,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരും, പുറം.3

36. - - -., പുറം. 1-3

37. നമ്പൂതിരി, എൻ. എം, ശിവദാസ്, പി.കെ.,(എഡി.) (2009) *കേരളചരിത്രത്തിന്റെ നാട്ടുവഴി കൾ,* ഡി.സി.ബുക്സ്, കോട്ടയം, പുറം. 11

38. They are also called 'matangar', a Sanskrit word meaning those who have no access to that heart or centre of the village of a piece with this in Bank Kavi's prose romance, Kadambari,the matangi girl carrying a parrot to king Chandrapida is a distance from the king and beat the ground with a bamboo stick in order to announce her arrival at the royal presence It was in fact the practice of the panars, to have small bamboo stick with them; this is clear from the reference in Tamil classics like Kuruntokai, and Patirrippattu - Raghava Aiyangar, M.,(1950) *Some Aspects of Kerala and Tamil Literature. (Part II)*, Travancore University, Thiruvananthapuram, pp.39-40.

39. ഭക്തവത്സല. ഭാരതി., (എഡി.) (2011) *പൺപാട്ടിയിൽ നോക്കിൽ പണ്ടൈത്തമിഴർ സമയമ റപുകൾ,*പുതുച്ചേരി മൊഴിയിൽ പൺപാടു ആരാച്ചി നിരുവണം, പുതുച്ചേരി, പുറം.239

40. - - -., പുറം.239

41. Raghava Aiyangar in (1950) *Some Aspects of Kerala and Tamil literature (Part II)*, Travancore University, Thiruvananthapuram, p. 42

42. In the Tamil Nadu , the Panars do not exist today as a distinct caste following their ancient occupations probably the tailors of Madura who celebrate the festival of Panabhadra above referred to and all themselves panar, are of the old Tamil Caste.

In Kerala however the Panars live as a recognizable caste with their old functions unchanged Thurston, in his *Monumental castes and Tribes of South. India*, tells us that they are of four kinds:-*Thiruvarangap-panan, Minpidi-Panan, Kudai Kattip-Panan and Pulluvan*. They excel in dancing in music and in playing on the drum. Their occupations are fishising and making of leather instruments like the drum etc. Present day Panars of Kerala perform functions similar to those their predecessors of the Sangam age; every year in the month of *Karkkatakam*, they stand at the gate of Nayar and Brahmana houses and sing songs to wake up the inmates. It is needless to say are reminiscent of the panars of the early classics waking up the Tamil kings with their song and acting as messengers between lovers.- Raghava Aiyangar, M.,(1950) *Some Aspects of Kerala Tamil Literature* (*Part II*) Travancore University, Thiruvananthapuram, pp. 41-42

43. MANUAL UNDER RIGHT TO INFORMATION ACT, (2005) Government of Tamil Nadu Department of Backward Classes Welfare and Department of Most Backward Classes & Denotified Communities Welfare, Ezhilagam Annexe, Chepauk, Chennai-600 005.

44. ഭക്തവത്സല. ഭാരതി., (എഡി.) (2011) *പൺപാട്ടിയിൽ നോക്കിൽ പണ്ടൈത്തമിഴർ സമയമറപുകൾ*, പുതുച്ചേരി മൊഴിയിൽ പൺപാടു ആരാച്ചി നിരുവണം, പുതുച്ചേരി, പുറം.239

45. The fishermen of Kerala are not called *Paratavar* or *Paanmakan*- But In TamilNadu there is a community called *Paravar* whose occupation is fishing – Manickavasagom, Pillai, M.E.,(1969) *Culture of the Ancient Cheras: A Study in Culture Reconstruction* Manjula Publications Kovilpatti, P. 46

46. കൃഷ്ണൻ, എൻ.ആർ., (1967), *ഈഴവർ അന്നും ഇന്നും,* സീന പബ്ളിക്കേഷൻസ്, ഏങ്ങണ്ടിയൂർ,പുറം.83

47. Manickavasagom, Pillai, M.E.,(1969) *Culture of the Ancient Cheras: A Study in Culture Reconstruction* Manjula Publications Kovilpatti, P. 47

48. "... മുക്കണ്ണർ കനൽക്കണ്ണിലെഴും
കൊടിയപൈരവിയും, മാനനങ്കളാറുള്ളവനും,
**കുചുമവാണനു**മെനക്കു തുണൈയാകയിതിനേ!"
രാമചരിതത്തിലെ ഒന്നാം പടലത്തിലെ ഏഴാം പാട്ട്, 5, 6, 7 വരികൾ.

49. Ramaswami Aiyar, L. V., (2012) *Picture of Ancient Kerala Life,* IJDL, Jan. Vol 41(13), p. l33

50. Manickavasagom, Pillai, M.E.,(1969) *Culture of the Ancient Cheras: A Study in Culture Reconstruction* Manjula Publications Kovilpatti, P.49

51. ഗോപാലകൃഷ്ണൻ, നടുവട്ടം., (2012) *മലയാളം ക്ളാസിക്കൽ ഭാഷ പഴക്കവും വ്യക്തിത്വവും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.22

52. Raghava Aiyangar, M., (1950) *Some Aspects of Kerala and Tamil Literature (Part II),* Travancore University, Trivandrum pp.13-64

53. പരമേശ്വരയ്യർ, എസ്, ഉള്ളൂർ., (1953) *കേരളസാഹിത്യചരിത്രം,* തിരുവിതാംകൂർ സർവ്വകലാശാല, തിരുവനന്തപുരം, പുറം. 24–28

54. ഗോപാലകൃഷ്ണൻ, നടുവട്ടം., (2012) *മലയാളം ക്ളാസിക്കൽ ഭാഷ പഴക്കവും വ്യക്തിത്വവും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.22

55. വസന്തൻ. എസ്, കെ., (2007) *നമ്മൾ നടന്ന വഴികൾ,* മലയാളപഠന ഗവേഷണകേന്ദ്രം, തൃശൂർ, പുറം.33

56. പ്രഭാകരവാര്യർ, കെ.എം., (2013) *ഭാഷാശാസ്ത്ര വിവേകം,* വള്ളത്തോൾവിദ്യാപീഠം, ശുകപുരം, പുറം.

57. Among the 31 transcriptional units 29 are traded as phonemes. The velar nasal *ñ* and *a:ytam* are treated as allophones because these graphemes occur only as variants of the other units which may be phonetically similar to these sounds n is in complementary distribution with *m, n* and ñ because ñ occurs before *k* only and one of the above nasals occur before *k*. Even though n is in multiple complementation with *m, n* and ñ it is treated as the allophone of m because becomes ñ in sandhi *a:ytam* is treated as the allophones of *i and v*. So, there are only 29 phonemes set up based on the distribution and sandhi behaviour of the 31 transcription units – Agesthialingam. S., (1979) *A grammar of old Tamil,with special reference to Patittupathu,* Annamalai University, Annamalai Nagar, P.1

58. Midhun, K.S., P.V. Prakas Babu., (June 2015) Discoursing the linkage between Tamil and Malayalam Morphemes, Indian Journal of Research, Vol.4, Issue. 6, P.36.

59. Some of the words which have been treated by the commentators as regional words have been listed below;

| | | |
|---|---|---|
| പെറ്റം | (cow) | തെൻപാണ്ടിനോട് |
| തളൈള | (mother) | കുട്ടനാട് |
| നെളൈള | (dog) | കുട്ടനാട് |
| അച്ചൻ | (Father) | കുടനാട് |
| കൈയർ | (cheat) | കർക്കാനാട് |
| എലുവൻ | (frient) | ചീതനാട് |
| ഇരുളൈ | (believable person by a women) | ചീതനാട് |
| തന്തുവൈ | (mother's, brother's) | ചീതനാട് |
| പാഴി | (pond, small tank) | പൂഴിനാട് |
| ഞമലി | (dog) | പൂഴിനാട് |
| ചെറു | (field) | അരുവനാട് |
| കേണി | (pond, small tank) | അരുവനാട് |
| കുട്ടൈ | (a grain measurement) | അരുവനാട് |

of the above mentioned words, words like തളൈള (mother) and അച്ചൻ (Father) are still in used in Kanyakumari (Nanjilnadu) direct and the word കേണി (pond, small tank) is in used in the nothern and central dilect- Manoharan, S., (2014) *Dilects from Sangam Age to Modern Period*, IJDL, Vol.43. No.2 June, p.135

60. ഗോപാലകൃഷ്ണൻ, നടുവട്ടം., (2012) *മലയാളം ക്ളാസിക്കൽ ഭാഷ പഴക്കവും വ്യക്തിത്വവും*, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, പുറം.75

61. – – –., പുറം.74

62. – – –.,പുറം.74

63 – – –., പുറം.74

64. – – –., പുറം.74

65. ഷൺമുഖം,എസ്. വി., (1976) മലയാളഭാഷയുടെ രൂപീകരണവും വ്യാപനവും, പ്രഭാകരവാര്യർ കെ.എം., *ദ്രാവിഡഭാഷാശാസ്ത്ര പഠനങ്ങൾ,* അണ്ണാമലൈ സർവ്വകലാശാല, അണ്ണാമലൈ പുറം. 116

Midhun K.S. “The attributes of the Chera culture as engraved in sangam literature : A study through ‘ettuthokai' “ Thesis. Department of Malayalm of Sree keralavarma college, University of Calicut, 2015.

# അദ്ധ്യായം 5
# ഉപസംഹാരം

സാഹിത്യം സമൂഹം സംസ്കാരം എന്നിവ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. ഈ വിധം സമൂഹവുമായി അഭേദ്യബന്ധമുള്ള സാഹിത്യപാരമ്പര്യമാണ് സംഘംകൃതികൾ. സമൂഹം ഉൾക്കൊള്ളുന്ന എല്ലാ മേഖലകളുടെയും ഉയർച്ചയാ സാംസ്ക്കാരിക ഉന്നതിക്ക് ഉത്തമദൃഷ്ടന്തമാണ് സംഘസംസ്ക്കാരം. കണ്ടെത്തിയ തെളിവുകളുടെയും അത്യാധുനിക ശാസ്ത്രപരീക്ഷണങ്ങളുടെയും വെളിച്ചത്തിൽ ബി.സി.മൂന്നാം നൂറ്റാണ്ടുമുതൽ എ.ഡി. മൂന്നാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടമാണ് സംഘകാലഘട്ടം. ഈ കാലഘട്ടത്തിലെഴുതപ്പെട്ട കൃതികളാണ് സംഘം കൃതികൾ. മനുഷ്യജീവിതവും പ്രകൃതിയും തമ്മിലുള്ള ഇഴപിരിക്കാൻ കഴിയാത്തവിധമുള്ള ഒരുസവിശേഷസാഹചര്യം ഈ കലാഘട്ടത്തിലുണ്ടായിരുന്നു.

സംഘകാലകൃതികളുടെ രചന തമിഴ്ബ്രാഹ്മി അഥവാ *തമിഴി* ലിപിയിലായിരന്നു. അക്കാലത്തിന്റേതായ എല്ലാ തെളിവുകളിലും തമിഴ് ബ്രാഹ്മി ലിപികൾ കണ്ടെത്തിയിട്ടുണ്ട്. ഈ ലിപിയിലെഴുതപ്പെട്ട ഈ കാവ്യങ്ങൾ ഒരു നിശ്ചിത കാലത്തിനുശേഷം നശിക്കാതിരിക്കാൻ വേണ്ടി മറ്റൊരു ഓലയിലേക്ക് പകർത്തിക്കൊണ്ടിരുന്നു. കാലന്തരത്തിൽ അവ തമിഴ്ഭാഷയുടെ അക്ഷരങ്ങൾ കടമെടുത്തത് അപ്രകാരമാണ്. ഇങ്ങനെതമിഴകത്തിന്റെ പൊതു ലിപിരൂപമായ തമിഴ്ബ്രാഹ്മിയിലെഴുതപ്പെട്ട, ഈ കൃതികൾ മലയാളത്തിനും കൂടി അവകാശപ്പെട്ടതും മലയാള സാഹിത്യ സംസ്ക്കാര പാരമ്പര്യത്തിന്റെ ആദിരൂപങ്ങൾ കൂടിയുമാണ്.

ബൃഹത്തായ സാംസ്ക്കാരിക പാരമ്പര്യം തെക്കേന്ത്യയിലെ ജനവിഭാഗത്തിനുണ്ടായിരുന്നു. ആഫ്രിക്കൻ ജനതയുമായുള്ള അവരുടെ ബന്ധം ഇതിനുദാഹരണമാണ്. കാലന്തരത്തിൽ, പ്രോട്ടോസഹാറിയൻ ജനതയുടെ പിന്തുടർച്ചക്കാരായ സൈന്ധവജനത തെക്കേ ഇന്ത്യയിലേക്ക് കുടിയേറിയതോടുകൂടിയാണ് ദ്രാവിഡ സംസ്ക്കാരപാരമ്പര്യത്തിന് നന്ദിക്കുറിക്കുന്നത്. പക്ഷേ ഇതിനുമുമ്പേ തന്നെ ആഫ്രിക്കയിൽ നിന്നുള്ള ജനവിഭാഗങ്ങൾ ഇവിടേക്ക് കുടിയേറിയെന്നും അതു ഭൂമിശാസ്ത്രപരമായ പലകാരണങ്ങൾ കൊണ്ടാകമെന്നും അഭിപ്രായമുണ്ട്. ഇപ്രകാരമുള്ള കുടിയേറ്റത്തിന്റെ ചരിത്രം തെക്കേന്ത്യയിലെ ജനവിഭാഗങ്ങൾക്കുള്ളതുകൊണ്ടാണ് ആക്രമണത്തിന്റെയും കീഴ്പ്പെടുത്തലിന്റെയും ചരിത്രം കൂടി സംഘകാല തമിഴകത്തിന്റെ ഭാഗമായി വരുന്നത്. ഇങ്ങനെ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും ചരിത്രമുള്ള ദ്രാവിഡരുടെ തെക്കേ ഇന്ത്യൻ ഭരണം ചേരചോഴപാണ്ഡ്യ ദേശങ്ങൾ കേന്ദ്രീകരിച്ചുള്ളതായിരുന്നു. മൂന്നു ദേശങ്ങളും ഒരൊറ്റ സാംസ്ക്കാരിക ഘടനയിൽ ചുറ്റപ്പെട്ടതായിരുന്നെങ്കിലും സഹ്യപർവ്വതത്തിനു പടിഞ്ഞാറുകിടന്നിരുന്ന ചേരദേശത്തിന് അതിന്റെ പ്രകൃതി സാഹചര്യങ്ങൾകൊണ്ട് തമിഴകത്തിലെ മറ്റ് രണ്ട് ദേശങ്ങളിൽ നിന്നു വ്യതൃാസമുണ്ടായിരുന്നു. സംഘകാല ചേരനാടിന്റെ സാംസ്ക്കാരിക സവിശേഷതകളെക്കുറിച്ച് അന്വേഷിച്ചിട്ടുള്ള ഈ പ്രബന്ധത്തിന്റെ പ്രധാന കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു:

- ഇന്നത്തെ കേരളത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കോയമ്പത്തൂർ, ശേലം തുടങ്ങിയ പ്രദേശങ്ങളും സംഘകാല ചേരനാടിന്റെ ഭാഗമായിരുന്നു.

- കാടും കടലും കായലും മഴയുമെല്ലാം ചേർന്ന് പ്രകൃതി വിഭവങ്ങൾകൊണ്ടു സമ്പുഷ്ടമായ നാടാണ് ചേരനാട്. മറ്റ് തമിഴകദേശങ്ങളിൽ നിന്ന് ചേരനാടിനെ വ്യത്യസ്തമാക്കുന്ന പ്രധാന ഘടകങ്ങൾ ഭൂപ്രകൃതിയുടെ ഈ സവിശേഷതകളാണ്.

- കുറിഞ്ഞി, മരുതം, മുല്ല, നെയ്തൽ എന്നീ നാല് ഭൂപ്രദേശങ്ങളും ഈ നിലവ്യവസ്ഥയ്ക്ക് അനുയോജ്യമായ കാർഷിക ജീവിത രീതികളും വിഭവങ്ങളും ചേരനാട്ടിലുണ്ടായിരുന്നു.

- നാല് പ്രദേശങ്ങളിൽ നിന്നു നാല് തരത്തിലുള്ള പ്രകൃതി വിഭവങ്ങളുടെ വരവും അതുകൊണ്ടുള്ള വാണിജ്യവും നിലനിന്നിരുന്നു. ചക്കയും, മാങ്ങയും, തേങ്ങയും മറ്റ് പഴങ്ങളും കിഴങ്ങുവർഗ്ഗങ്ങളും നെല്ലും തിനയും കരിമ്പും മത്സ്യസമ്പത്തും മുത്തും ചിപ്പിയുമെല്ലാം ഈ വിധമുള്ള പ്രകൃതി വിഭവങ്ങളായിരുന്നു.

- ആനകൾ, ചന്ദനമരങ്ങൾ എന്നിവ ചേരനാടിന്റെ പ്രത്യേകതകളായിരുന്നു.

- ഇടതൂർന്ന ഫലസമൃദ്ധമായ വൃക്ഷങ്ങളുമുണ്ടായിരുന്ന ചേരനാട്ടിൽ കൃഷിയിലൂടെ മാത്രമല്ല സമ്പദ്വ്യവസ്ഥ നിലനിന്നിരുന്നത്.

- ഓരോ തിണയ്ക്കനുസരിച്ച് ജോലിചെയ്തിരുന്ന ജനവിഭാഗങ്ങൾ ചേരനാട്ടിലുണ്ടായിരുന്നു. ഉഴവർ, മറവർ, മള്ളർ, മഴവർ, തച്ചൻ, കൊല്ലൻ, പരതവർ, പാണർ, അണ്ടർ, വേലൻ തുടങ്ങിയ ജനവിഭാഗങ്ങൾ സംഘകാല ചേരനാട്ടിലുണ്ടായിരുന്നവരാണ്. ഈ ജനവിഭാഗങ്ങളിൽ തച്ചൻ, കൊല്ലൻ, വേലൻ, പാണൻ എന്നീ ജനവിഭാഗങ്ങൾ സംഘകാല തൊഴിലുകളോടെ ഇന്നും കേരളത്തിൽ നിലനിൽക്കുന്നു. ഇതിൽ വേലൻ, പാണൻ എന്നീ വിഭാഗങ്ങൾ ഇന്നും കേരളത്തിൽ മാത്രമേ നിലവിലുള്ളൂ.

- സ്ത്രീ കേന്ദ്രീകൃത ജീവിത വ്യവസ്ഥയായിരുന്നു സംഘകാലത്തുണ്ടായിരുന്നത്. കല്ല്യാണങ്ങളിൽ വധുവിന്റെ അമ്മയ്ക്കായിരുന്നു പ്രാധാന്യം. വീടിന്റെ മുറ്റത്ത് അലങ്കരിച്ച പന്തലിലാണ് കല്ല്യാണം നടന്നിരുന്നത്. വധൂവരന്മാർ ഇലകൾകൊണ്ടും പൂക്കൾകൊണ്ടുമുള്ള മാലകൾ പരസ്പരം ചാർത്തിയിരുന്നു.

- ആൺകുട്ടിയുടെ ജനനത്തിന് പ്രാധാന്യം കൊടുത്തിരുന്നു. ആൺകുട്ടികൾക്ക് അച്ഛന്റെ പേരാണ് നൽകിയിരുന്നത്.

- ജ്യോതിഷത്തിൽ വിശ്വസിച്ചിരുന്ന ചേരനാട്ടുകാർ പല്ലി ചിലയ്ക്കുന്നത് നല്ല ശകുനമായി കരുതി. സ്ത്രീകളുടെ ഇടത്തേക്കണ്ണ് തുടിക്കുന്നത് നല്ലതുവരാനാണെന്നും കാക്കകരയുന്നത് വിരുന്നുകാർ വരാനാണെന്നും വിശ്വസിച്ചുപോന്നു.

- പ്രധാനമായും തഴകൊണ്ടുള്ള വസ്ത്രമാണ് ചേരനാട്ടുകാർ ഉപയോഗിച്ചിരുന്നത്. പരുത്തിതുണികളും സിൽക്ക് തുണികളും ഉപയോഗിച്ചിരുന്നു.

- അരിഭക്ഷണമായിരുന്നു ചേരനാട്ടിലെ പ്രധാന ഭക്ഷ്യവിഭവം, ഇറച്ചിചേർത്ത ചോറും കള്ളും ഉണക്കമീനും പച്ചമീനും ചേരനാട്ടിലെ പ്രധാന ഭക്ഷണവിഭവങ്ങളായിരുന്നു.

- ജലോത്സവങ്ങൾ, ആറാട്ടുത്സവങ്ങൾ, കാമദേവോത്സവം എന്നിവ സംഘകാല ചേരനാട്ടിലെ പ്രധാന ഉത്സവങ്ങളായിരുന്നു.

- മാലയും കമ്മലും പൂമാലയും അണിഞ്ഞ സ്ത്രീകൾ നല്ല പ്രകാശമുള്ള വിളക്കിനു ചുറ്റും കളിച്ചിരുന്ന തുണങ്കൈക്കുത്ത് ചേരനാട്ടിലെ പ്രധാന നൃത്തമായിരുന്നു.

- മിഴാവ്, പറകൾ, ചെണ്ട, വീണ, യാഴ് തുടങ്ങിയ വാദ്യോപകരണങ്ങൾ സംഘകാല ചേര ജനങ്ങൾ ഉപയോഗിച്ചിരുന്നു

- നദികളിൽ തിമർത്തിയാടിയും മൺവീടുകൾ ഉണ്ടാക്കിയും, ഊഞ്ഞാലാടിയും സംഘകാല ചേരനാട്ടിലെ കുട്ടികൾ കളിച്ചിരുന്നു.

- മൃതശരീരത്തെ ചാടികളിലാക്കി സംസ്ക്കരിച്ചിരുന്നു കൂടാതെ ശവശരീരത്തെ കത്തിക്കുകയും ചെയ്തിരുന്നു. ഭർത്താവുമരിച്ച സ്ത്രീകൾ എല്ലാ ജീവിത ആർഭാടങ്ങളിൽ നിന്നും അകന്നു നിന്നിരുന്നു.

- സംഘകൃതികളിൽ കാണുന്ന റ്റ, ര, ഴ എന്നീ സ്വനിമങ്ങളുടെ തൊല്ക്കാപ്പിയം പറയുന്നതുപോലുള്ള ഉച്ചാരണം ഇന്നും കേരളീയർ മാത്രമാണ് സംരക്ഷിക്കുന്നത്.

- സംഘകാല കൃതികളിൽ പരാമർശിക്കപ്പെടുന്ന അങ്കാടി, അളിയൻ, ആചാൻ, ഒഴുകിയ, ഓച്ച(ഒച്ച), കടുഞ്ചൂൽ, കവുൾ (കവിൾ), കാവ്, ചുരം, ചുണങ്കു, ചെന്നി, ഞണ്ട്, പറമ്പ്, പുലരി, പുഴുക്ക്, പൊത്ത്, മത്ത, തൂറ്റി, തോട്ടി, നാണു, മരുക്, മരുങ്കു, തുന്നൽ, തുരുത്തി, വഴുതനൈ, വെള്ളം, തുടങ്ങീ നിരവധി പദങ്ങൾ ഇന്നും മലയാളത്തിൽ സുപ്രചാരത്തിലിരിക്കുന്നു. പക്ഷേ തമിഴിൽ ഇവ പ്രചാരലുപ്തമായി.

- സംഘസാഹിത്യത്തിൽ ഉപയോഗിച്ചിട്ടുള്ള പേരച്ച പ്രത്യയങ്ങളിൽ *ഇയ* ഇന്ന് മലയാളം മാത്രമേ സംരക്ഷിക്കുന്നുള്ളൂ. ആധാരികാർത്ഥത്തിലുള്ള *അത്ത്* മലയാളത്തിൽ സർവ്വസാധാരണമായി ഉപയോഗത്തിലുള്ളതാണ്. സർവ്വ നാമ ബഹുവചനരൂപമായ *അർ* സംഘകൃതികളിൽ *ഓർ* ആയി മാറുന്നുണ്ട്. ആധുനിക തമിഴിൽ ഇതിന്റെ വ്യവഹാരം അപൂർവ്വമാണ്. മലയാളത്തിൽ സർവ്വസാധാരണവും.

മേൽപ്പറഞ്ഞ, ചേരനാട്ടിലെ പ്രകൃതി, സംസ്ക്കാരം, ഭാഷ എന്നീ സവിശേഷതകൾ കേരളീയർക്ക് ഒട്ടും തന്നെ അന്യമല്ലെന്നു മനസ്സിലാക്കാം. ദക്ഷിണേന്ത്യയിലെ പൊതു സംസ്ക്കാരബോധം ഇന്ന് കേരളീയർക്ക് നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ബ്രാഹ്മണ, ആര്യാധിനിവേശം നിമിത്തം കേരളീയ ജനതയിലേക്ക് കുടിയേറിയ കേരളോത്പത്തി കഥകൾ, പ്രത്യേകിച്ച് പരശുരാമകഥയും തുടങ്ങി ആര്യ സംസ്ക്കാരഘടകങ്ങൾ കേരളീയരിൽ പ്രബലമാക്കി. ആര്യ സംസ്ക്കാരമാണ് ശ്രേഷ്ടമെന്ന ബോധം ഇതിന്റെ ഫലമായിരുന്നു. കേരളീയരുടെ സാംസ്ക്കാരിക ചരിത്ര നിർമ്മാണം മിക്കപ്പോഴും ആര്യബ്രാഹ്മണരുടെ കുടിയേറ്റം മുതലാണല്ലോ ആരംഭിക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിന് സംഘകാലത്തോളം പഴക്കമുണ്ടെന്നും സംഘകാല ചേരനാട് ഇന്നത്തെ കേരളവുമായി പ്രത്യേകിച്ച് വ്യത്യാസമുണ്ടായിരുന്നില്ല എന്നും ചേരനാട്ടിലെ ഭൂപ്രകൃതിയും പ്രകൃതി വിഭവങ്ങളും നിരീക്ഷിച്ചാൽ വ്യക്തമാണ്. ചേരനാട്ടിലെ ജനവിഭാഗങ്ങളായ പാണരുടെയും, വേലരുടെയും തൊഴിൽ സംഘകാല ചേരനാടിനെയും കേരളത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന സാംസ്ക്കാരിക പാരമ്പര്യത്തിന്റെ സവിശേഷ ഉദാഹരണങ്ങളാണ്.

ഭാഷാപരമായ പ്രത്യേകതകളിൽ സംഘം കൃതികളും കേരളവും തമ്മിൽ പുലർത്തുന്ന ബന്ധം പ്രധാനപ്പെട്ടതാണ്. സ്വനിമം, രൂപിമം, വ്യാകരണം എന്നിവയിൽ മലയാളവുമായി ചെന്തമിഴിനുള്ള ബന്ധം ആദിദ്രാവിഡഭാഷയോടുള്ള അടുപ്പമാണ് കാണിക്കുന്നത്. ഇതിൽ തന്നെ രൂപിമപരമായ സവിശേഷതകളിൽ തമിഴിനേക്കാൾ കൂടുതലായി മലയാളം സംഘം കൃതികളോടു ബന്ധപ്പെട്ടുകിടക്കുന്നു. ആദിദ്രാവിഡ (Proto Dravidian) ഭാഷയോടുള്ള മലയാളത്തിന്റ ഗാഢമായ ബന്ധം മലയാളഭാഷയുടെ പാരമ്പര്യത്തെക്കുറിച്ചാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്.

സംഘകാല തമിഴകത്തിന്റെ ഭാഗമായ കേരളീയ സംസ്ക്കാരത്തിന് ചിലപ്രത്യേകതകൾ ഉണ്ടെങ്കിലും അവ ദ്രാവിഡസംസ്ക്കാരത്തിന്റെ ഭാഗമാണ് അല്ലാതെ ആര്യ സംസ്ക്കാരത്തിന്റെ ഭാഗമല്ല. ചുരുക്കത്തിൽ രണ്ടായിരത്തിൽപരം വർഷം പഴക്കമുള്ള സാംസ്ക്കാരിക പാരമ്പര്യം കേരളത്തിനുണ്ടെന്നും സംഘംകൃതികൾ തമിഴിന്റെതുമാത്രമല്ല മലയാളത്തിനു കൂടി അവകാശപ്പെട്ടതാണെന്നും ചേരസംസ്ക്കാരത്തിന് അന്നേ തനതായ വ്യക്തിത്വം ഉണ്ടായിരുന്നതായും ആ സാംസ്ക്കാരിക വ്യക്തിത്വമാണ് ഇന്നും കേരളത്തെ പിന്തുടരുന്നതെന്നും ഈ പഠനത്തെ മുൻ നിർത്തി പറയാം.

സംഘസാഹിത്യത്തിലെ ചേര സംസക്കാരസവിശേഷതകൾ അടയാളപ്പെടുത്തുന്ന ആദ്യമാതൃകയെന്ന നിലയിൽ ഈ പഠനം മുന്നോട്ടുവയ്ക്കുന്ന തുടർ പഠനങ്ങൾ ഇവയാണ്.

- സംഘകാല ചേരകൃതികളിൽ പരാമർശിക്കുന്ന സ്ഥലനാമങ്ങളെ കേരള സ്ഥലനാമ ങ്ങളുമായി താരതമ്യം ചെയ്തുള്ള സ്ഥലനാമചരിത്ര പഠനം.

- സംഘകാല ചേരഭൂപ്രകൃതിയും കേരള ഭൂപ്രകൃതിയും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തിയുള്ള സവിസ്തരപഠനം.

- സംഘകാല ചേര സംസ്ക്കാരവും കേരളസംസ്ക്കാരവും തമ്മിലുള്ള താരതമ്യപഠ നം.

- മലനാട്ടുവഴക്കങ്ങളെ മുൻനിർത്തി മലയാള ഭാഷയുടെ പ്രാക്തനതയും, അർത്ഥപരി ണാമവും മറ്റും വിശദമാക്കുന്ന രൂപിമാധിഷ്ഠിതമായ പഠനം.

- സംഘകാല വ്യാകരണരൂപങ്ങളുടെയും മലയാള വ്യാകരണരൂപങ്ങളുടെയും താരതമ്യപ ഠനം.

ഭൂരിഭാഗം സംഘം കൃതികളും തമിഴിലായതുകൊണ്ടാണ് ഇത്തരത്തിലുള്ള പഠനം മലയാളത്തിൽ തുലോം കുറഞ്ഞുപോകുന്നത്. അത് ഒഴിവാക്കാനായി സംഘം കൃതി കളെ മലയാളത്തിലേക്ക് ലിപ്യന്തരണം ചെയ്ത് വിശദീകരിക്കുന്ന വിവർത്തനകൃതികൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സംഘം കൃതികൾ മലയാളത്തിന്റെയും പൊതുസ്വത്താ ണെന്ന ബോധമാണതിനാവശ്യം. രാമചരിതത്തേക്കാളും ലളിതമായ ഈ കൃതികൾ മലയാ ളത്തിൽ വലിയൊരു പഠനമേഖലയ്ക്ക് വൈകിയാണെങ്കിലും തുടക്കം കുറിക്കട്ടെ.

Midhun K.S. “The attributes of the Chera culture as engraved in sangam literature : A study through ‘ettuthokai' “ Thesis. Department of Malayalm of Sree keralavarma college, University of Calicut, 2015.

# ഗ്രന്ഥസൂചി

### i) പ്രാഥമിക ഉപാദാനങ്ങൾ

ആലീസ്,അ., (2014) *പതിറ്റുപത്ത്*, ന്യൂ സെഞ്ചുറി ബുക്ക് ഹൗസ്, ചെന്നൈ.

ഇളയപെരുമാൾ, സുബ്രഹ്മണ്യപിള്ള (വ്യാഖ്യ.) (1989) *തൊൽക്കാപ്പിയം*, നാഷ്ണൽ ബുക്ക്സ് കോട്ടയം.

നാച്ചിനാർക്കിനിയർ, (1990) *കലിത്തൊകൈ*, തിരുനെൽവേലി തെന്നിന്ത്യ ശൈവസിദ്ധാന്ത നൂർപ്പതിപ്പുകഴകം, ചെന്നൈ.

പരമേശ്വരൻപിള്ള, വി.ആർ., (1997) *പുറനാനൂറ്*, കേരളസാഹിത്യ അക്കാദമി, തൃശൂർ.

പുലിയൂർകേസിൻ, (2009) *പരിപാടൽ*, പാരിനിലയം, ചെന്നൈ.

രാഘവയ്യങ്കാർ, രാ., (1993) *കുറുന്തൊകൈ*,അണ്ണാമലൈ പൽക്കലൈ കഴകം, അണ്ണാമലൈ.

വേങ്കടസ്വാമി നാട്ടാർ, നാ. മു.,(1969) *അകനാനൂറ്*, തിരുനെൽവേലി തെന്നിന്ത്യ ശൈവസിദ്ധാന്ത നൂർപ്പതിപ്പുകഴകം, ചെന്നൈ.

വേങ്കടരാമൻ, എച്ച്., (1989) *നറ്റിണൈ,* മഹാ മഹോദ്യായ ഡോക്ടർ ഉ.വേ.സ്വാമിനാഥയ്യർ നൂൽ നിലയം, ചെന്നൈ.

സുബ്രഹ്മണ്യൻ, ച. വേ., (2008) *തമിഴ് ചെവ്വിയൽ നൂൽകൾ, മൂലം മുഴുവതും,* മണിവാസകർപ്പതിപ്പകം, ചെന്നൈ.

സ്വാമിനാഥയ്യർ, ഉ.വേ., (1957) *ഐങ്കുറുനൂറ്*, കബീർ പ്രിന്റിംഗ് പ്രസ്സ്, ചെന്നൈ.

### ii) ദ്വിതീയ തൃതീയ ഉപാദാനങ്ങൾ

**മലയാളം**

അച്യുതനുണ്ണി, ചാത്തനാത്ത്, (2004) *കാവ്യചിന്ത*, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

അച്യുതവാര്യർ. എസ്., (2012) *കേരളസംസ്ക്കാരം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

അച്യുതമേനോൻ, സി., (എഡി.)(1953) *കേരളോത്പത്തി*, മദ്രാസ് സർവ്വകലാശാല, മദ്രാസ്.

ആദർശ്, സി., (2013) *കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

ഉണ്ണിക്കിടാവ്, കെ., (2007) *സംഘകാല കൃതികളിലെ തമിഴുസംസ്ക്കാരം*, കേരളസാഹിത്യ അക്കാദമി, തൃശൂർ.

എഴുത്തച്ഛൻ, കെ.എൻ., (1999) *കുറുന്തൊകൈ*, (വിവ.) കേരളസാഹിത്യ അക്കാദമി, തൃശൂർ.

– – – (1990) *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, കേരള സാഹിത്യ അക്കാദമി, തൃശൂർ.

എൻ. ബി, നായർ., (2002) *മലയാളം തിസോറസ്*, ഡി. സി. ബുക്സ്, കോട്ടയം.

ഐസക്, സി.ഐ., വേലായുധൻ, പണിക്കശ്ശേരി., സതീഷ്ചന്ദ്രൻ, കൂടത്തിൽ., (2011) *മുസിരിസ് അട്ടിമറിയുടെ രീതിശാസ്ത്രം*, മുസിരീസ് പൈതൃകസംരക്ഷണവേദി, കൊച്ചി.

കട്ടയ്ക്കൽ, ജെ., (1982) *ലിപികളുടെ ഉത്പത്തി*, നാഷ്ണൽ ബുക്സ്സ്റ്റാൾ, കോട്ടയം.

കാമാക്ഷിക്കുട്ടിയമ്മ., (2010) *തിരുക്കുറൾ*, കേരളസാഹിത്യ അക്കാദമി, തൃശൂർ.

കാൾഡ്വെൽ, റോബർട്ട്, (1994) *ദ്രാവിഡ ഭാഷാവ്യാകരണം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കുമാരൻ, എം.പി., (1998) *കോലോത്തുപ്പഴമ*, കേരളസാഹിത്യഅക്കാദമി, തൃശൂർ.

കുഞ്ഞൻപിള്ള,ഇളകുളം, (1959) *കേരളഭാഷയുടെ വികാസപരിണാമങ്ങൾ*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

കുഞ്ഞൻപിള്ള, ശൂരനാട്ട്, (1996) *ഉണ്ണുനീലിസന്ദേശം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ, (2008) *കേരളം*, ദേവി ബുക്സ് സ്റ്റാൾ, കൊടുങ്ങല്ലൂർ.

കുഞ്ചുണ്ണി രാജാ, കെ., (1962) *ഭാഷാഗവേഷണം*, മംഗളോദയം പ്രൈവറ്റ് ലിമിറ്റഡ്.

കൃഷ്ണവാര്യർ., എൻ. വി., (1980) *പരിപ്രേക്ഷ്യം*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

– – – (2007) *അകം കവിതകൾ*, (വിവ.) കേരള സാഹിത്യ അക്കാദമി, തൃശൂർ.

കൃഷ്ണൻ, എൻ. ആർ., (1967) *ഈഴവർ അന്നും ഇന്നും*, കറന്റ് ബുക്സ്, തൃശൂർ.

ഗണേശ്, കെ. എൻ., (1990) *കേരളത്തിന്റെ ഇന്നലെകൾ*, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.

ഗോപാലകൃഷ്ണൻ, പി. കെ., (2008) *കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗോപാലകൃഷണൻ, നടുവട്ടം., (2012) *മലയാളം ക്ലാസിക് ഭാഷ പഴക്കവും വ്യക്തിത്വും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

– – – (2009) *സംസ്ക്കാരമുദ്രകൾ*, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

– – – (2008) *സാഹിത്യമാല്യം*, ഒമ്നി ബുക്ക്സ് & പബ്ലിഷേഴ്സ്, കോഴിക്കോട്.

– – – (2014) *ശ്രേഷ്ഠഭാഷാ മലയാളം*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

– – – (2014) *മലയാളഭാഷ തൊൽക്കാപ്പിയത്തിൽ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗോപാലൻകുട്ടി, കെ., (2012) *കൊങ്ങൻപട, ഓണം, തൊപ്പി ചരിത്രത്തിലെ അടയാളപ്പെടുത്തലുകൾ*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

ഗോപിനാഥൻ, ആർ., (2013) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗോവിന്ദപിള്ള, പി., (2002) *സംസ്ക്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം*. മലയാളപഠന സംഘം, കാലടി.

ചാക്കോ, പി.ടി., (1998) *സാഹിത്യതത്ത്വം*, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.

ചെന്താരശ്ശേരി, റ്റി. എച്ച്. പി., (1970) *കേരളചരിത്രത്തിലെ അവഗണിക്കപ്പെട്ട ഏടുകൾ*, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.

ചേക്കിഴാർ സ്വാമികൾ, (2006) *പെരിയപുരാണം*, കെ.പി.കെ.മേനോൻ (വിവ.) കേരളസാഹിത്യഅക്കാദമി, തൃശൂർ

ജയകൃഷ്ണൻ, എൻ., (2014) (എഡി.) *മലയാളവും ക്ലാസ്സിക്കൽ പദവിയും,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

നമ്പൂതിരി, ഇ. വി. എൻ., (2002) *ഭാഷാവിജ്ഞാനീയം*, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

നമ്പൂതിരി, എ. പി. പി., (1987) *പ്രബന്ധങ്ങൾ*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

നാരായണൻകുട്ടി, മേലങ്ങത്ത്., (2000) *പത്തുപ്പാട്ട്* (വിവ.), കേരള സാഹിത്യ അക്കാദമി, തൃശൂർ.
– – – (2003) *സംഘസാഹിത്യചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

നാരായണൻപിള്ള, പി. കെ., ഗോപാലകൃഷ്ണൻ നായർ, എം., (1993) *സാഹിത്യപഞ്ചാനന്റെ കൃതികൾ, വോള്യം 2,* കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പരമേശ്വരയ്യർ, എസ്. ഉള്ളൂർ., (1953) *കേരളസാഹിത്യ ചരിത്രം, വാല്യം 1*, കേരള സർവ്വകലാശാല, തിരുവനന്തപുരം.

പരമേശ്വരൻപിള്ള, എരുമേലി, (2006) *മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ* പ്രതിഭ ബുക്സ്, മാവേലിക്കര.

പണിക്കർ, കെ.എൻ., (2010) തെരഞ്ഞെടുത്തപ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.

പോൾ. എം. പി., (2006) *സാഹിത്യവിചാരം*, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്

പ്രഭാകരവാര്യർ. കെ. എം., (1976) *ദ്രാവിഡഭാഷാശാസ്ത്രപഠനങ്ങൾ,* ഡിപ്പാർട്ട്മെന്റ് ഓഫ് ലിംഗ്വിസ്റ്റിക്സ്, അണ്ണാമലൈ സർവ്വകലാശാല, അണ്ണാമലൈ.

– – – (1998) *ആധുനിക ഭാഷാശാസ്ത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

– – – (2013) *ഭാഷാശാസ്ത്രവിവേകം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

– – – (1988) *മൊഴിയും പൊരുളും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പ്രഭാകരൻ, പ്രയാർ, (1999) *ഭാരതീയ സാഹിത്യശാസ്ത്രപഠനങ്ങൾ,* കേരള സാഹിത്യ അക്കാദമി, തൃശൂർ.

ബാലകൃഷ്ണൻ നായർ, പി. ചിറക്കൽ., (1996) *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, കേരള സാഹിത്യ അക്കാദമി, തൃശൂർ.

ബാലകൃഷ്ണപിള്ള, കേസരി, (2013) വിജയൻ, എം.എൻ., (എഡി.) *കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ, വോള്യം 4*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

മാധവൻ നായർ, കെ., (2011) *നായർപ്പഴമ*, കറന്റ് ബുക്സ്, തൃശൂർ.

മീനാക്ഷിസുന്ദരം, ടി. പി., (1999) *തമിഴ് സാഹിത്യ ചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

മേനോൻ, സി. എ., (1953) *കേരളോത്പത്തി*, മദ്രാസ് സർവ്വകലാശാല, മദ്രാസ്.

മുരളീധരൻ, നെല്ലിക്കൽ, (2010) *വിശ്വസാഹിത്യദർശനങ്ങൾ*, ഡി.സി. ബുക്സ്, കോട്ടയം.

രവിവർമ്മ, കെ. ടി., (2004) *മരുമക്കത്തായ ഗോത്രമരുമക്കത്തായവും*, വടക്കൻ സമ്പ്രദായങ്ങളും കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രവിവർമ്മ, എൽ. എ., (1970) *ആര്യദ്രാവിഡഭാഷകളുടെ പരസ്പരബന്ധം*, നാഷ്ണൽ ബുക്സ്സ്റ്റാൾ, കോട്ടയം.

രവീന്ദ്രൻ. പി. പി., (2002) *സംസ്ക്കാരപഠനത്തിന് ഒരു ആമുഖം*, ഡി. സി. ബുക്സ്, കോട്ടയം.

രാഘവൻ പയ്യാനാട്, (2012) *കേരള ഫോക്ക്ലോർ*, സമയം പബ്ലിക്കേഷൻസ്, കോഴിക്കോട്.

രാഘവവാര്യർ, രാജൻ ഗുരുക്കൾ., (2011) *കേരളചരിത്രം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

രാഘവവാര്യർ, എം.ആർ., (2013) *ഭാഷാപഠനങ്ങൾ*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

– – – (2009) *കേരളീയത ചരിത്ര മാനങ്ങൾ*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

രാജഗോപാലൻ, എൻ. കെ., (1993) *സംസ്കൃത നിരുക്തകോശം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാജവർമ്മ, എ.ആർ., (2007) *കേരളപാണിനീയം*, ഡി.സി. ബുക്സ്, കോട്ടയം.

രാധാകൃഷ്ണൻ, മുല്ലശ്ശേരി, (1996) *മലയാളവ്യാകരണപഠനങ്ങൾ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.

രാമചന്ദ്രൻ, പുതുശ്ശേരി, (2011) *കേരളചരിത്രത്തിന്റെ അടിസ്ഥനരേഖകൾ*, കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, തിരുവനന്തപുരം.

രാമചന്ദ്രൻ നായർ, കെ., (1970) *പാരമ്പര്യവും ആധുനികതയും ആശാന്റെ കവിതയിൽ*, എസ്. പി.സി.എസ്, കോട്ടയം.

വരദരാജൻ, മു., (2000) *തമിഴ്സാഹിത്യചരിത്രം,* (വിവ.) കേന്ദ്രസാഹിത്യ അക്കാദമി, ന്യ ദൽഹി.

വസന്തൻ, എസ്.കെ., (2006) *നമ്മൾ നടന്ന വഴികൾ,* മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ

വാലത്ത്, വി. വി. കെ., (2006) *കേരളത്തിലെ സ്ഥലനാമചരിത്രങ്ങൾ എറണാകുളംജില്ല*, കേര ളസാഹിത്യ അക്കാദമി, തൃശൂർ.

വേണുഗോപാലപ്പണിക്കർ, ടി.ബി., (2006) *ചിതറിപ്പോയ സിംഹാനാദവും ചില ഭാഷാവിചാരങ്ങളും*, കേരളസാഹിത്യ അക്കാദമി, തൃശൂർ.

വേലായുധൻ, പണിക്കശ്ശേരി, (2012) *ചരിത്രത്തിന്റെ അടിവേരുകൾ*, ഡി. സി. ബുക്സ്, കോട്ടയം.

– – –., (2010) *ഇബ്നുബത്തുത്ത കണ്ട കേരളം,* കറന്റ് ബുക്സ്, കോട്ടയം.

– – –., (2010) *കേരളോത്പത്തി*, കറന്റ് ബുക്സ്, കോട്ടയം.

വൈദ്യനാഥ അയ്യർ, ജി., (1997) *പതിറ്റുപ്പത്ത്* (വിവ.) കേരള സാഹിത്യ അക്കാദമി, തൃശൂർ.

ശങ്കരൻ നമ്പ്യാർ, പി., (2001) *മലയാളസാഹിത്യ ചരിത്രസംഗ്രഹം*, കേരളസാഹിത്യ അക്കാദമി, തൃശൂർ.

ശിവശങ്കരൻ നായർ, കെ., (2006) *പ്രാചീന കേരളം*, ഇന്ത്യ ബുക്ക്സ്, തിരുവനന്തപുരം.

ശ്രീധരൻ, എ. എം., (2014) *തൊൽകാപ്പിയവും മലയാള വ്യാകരണവും*, സമയം പബ്ലിക്കേഷൻസ്, കോഴിക്കോട്.

ശ്രീധരമേനോൻ. എ., (1978) കേരളസംസ്ക്കാരം, നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

– – –., (1998) *കേരളചരിത്രശില്പികൾ,* നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

– – –., (2008) *കേരളചരിത്രം*, ഡി. സി. ബുക്സ്, കോട്ടയം.

ഷാനവാസ്, പി. പി., (എഡി.)(2010) *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,* കെ. എൻ. പണിക്കർ, കേരള സാഹിത്യ അക്കാദമി, തൃശൂർ.

സുനീതികുമാർ ചാറ്റർജി, (2000) *ദ്രാവിഡം*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

സുബ്രഹ്മണ്യൻ, എൻ., (2003) *സംഘകാല ഭരണസംവിധാനം: സംഘം തമിഴറുടെ ഭരണവും സാമൂഹിക ജീവിതവും*, ഡി.സി.ബുക്സ്, കോട്ടയം.

**തമിഴ്**

അറമുഖ സീതാരാമൻ, അളകുടി., (2002) *തമിഴക കാശുകൾ,* ധനലക്ഷ്മി പതിപ്പകം, തഞ്ചാവൂർ.

– – – (2006) *സംഘകാല കാശുകൾ,* ധനലക്ഷ്മി പതിപ്പകം, തഞ്ചാവൂർ.

- - - (2008) *സംഘകാല മോതിരങ്ങൾ,* ധനലക്ഷ്മി പതിപ്പകം, തഞ്ചാവൂർ.

അപ്പാതുരൈ. കാ., (2010) *കൊങ്ക്കു തമിഴക വരലാറ്,* ശ്രീ ചെൺപക പതിപ്പകം, ചെന്നൈ.

ഇലവരസ്, മ., (2004) *നന്നൂൽ വ്യാഖ്യാനം,* മണിവാസകർ പതിപ്പകം, ചെന്നൈ.

കന്തൈയാ. നി. ചി., (2010) *തമിഴകം,* തിരുനെൽവേലി തെന്നിന്ത്യശൈവ സിദ്ധാന്ത നൂർപ്പതിപ്പ് കഴകം ലിമി. ചെന്നൈ.

കൃഷ്ണസ്വാമി, അയ്യങ്കാർ, (1940) *ചേരൻ വഞ്ചി,* കൊച്ചിൻ ഗവ. പ്രസ്സ്, എറണാകുളം.

ഗുണശേഖരൻ, കെ. എ., (2009) *തൊൽക്കാപ്പിയം,* സംഘ ഇലക്കിയം: പതപ്പും പതിപ്പാളരും ഇന്റർനാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തമിഴ് സ്റ്റഡീസ്, ചെന്നൈ.

ഗുരുനാഥൻ, വ., (2001) *സംഘകാല അരചവരലാറ്,* തമിഴ് സർവ്വകലാശാല, തഞ്ചാവൂർ.

ചിദംബരണാർ സ്വാമി, (2011) *പുറനാനൂറ് തമിഴർ നാഗരികം*, നാം തമിഴർ പതിപ്പകം, ചെന്നൈ.

ചെല്ലം, വേ.തി., (2013) *തമിഴക വരലാറും പൺപാടും,* മണിവാസകർ പതിപ്പകം, ചെന്നൈ.

ചേക്കിഴാർ, (1974) *പെരിയപുരാണം*, ശ്രീകുമാരഗുരുപരൻ സംഘം, ശ്രീ വൈകുണ്ഠം.

തിരുജ്ഞാനസംബന്ധം, (2010) *തേവാരം ഭാഗം 3*, നടരാസർ. പി. ര., (വ്യാഖ്യാ.) ഉമാപതിപ്പകം, ചെന്നൈ.

ദുരൈസ്വാമി, ഒവ്വൈ. സു (2002) *ചേരമന്നർ വരലാറ്,* വള്ളുവർ പണ്ണൈ, ചെന്നൈ.

ദക്ഷിണാമൂർത്തി. അ., (2011) *തമിഴർ നാഗരികമും പൺപാടും,* ഐന്തിണൈപതിപ്പകം, ചെന്നൈ.

ധർമ്മരാജ്. ജേ., (2013) *തമിഴ്‌വരലാറ് (സംഘം മുതൽ 2013 വരെ),* ടെൻസി പബ്ലിക്കേഷൻസ്, ശിവകാശി.

നാച്ചിമുത്തു. കെ., (ചീഫ്. എഡി.) (2004) *സംഘ ഇലക്കിയ ആയ്വുകൾ ചെയ്തനവും ചെയ്യ വേന്തുവനവും:* കരുത്തരങ്ക് കട്ടുരൈകൾ, കേരള സർവ്വകലാശാല, തിരുവനന്തപുരം.

നിക്കാം, എൻ.എ., & റിച്ചാർഡ്മെക്കിയോൻ, (1967) *അശോകശാസനങ്ങൾ*, നാഷ്ണൽ ബുക്ക്ട്രസ്റ്റ്, ന്യൂദൽഹി.

പശുപലിംഗം, (1984) *സംഘകാലവഞ്ചി: സംഘകാലത്തിൽ വഞ്ചിയും കരപൂരും,* ശേഖർ പതിപ്പകം, ചെന്നൈ.

പിള്ള, എൻ. എസ്., (1934) തമിഴകം, ഒട്രുമൈ പ്രസ്സ്, മദ്രാസ്സ്.

പുരുഷോത്തം.വി.പി., (1989) *സംഘകാല മന്നർ കാലനിലൈ വരലാറ് (വാല്യം 1)*, ഐന്തിണൈപതിപ്പകം, ചെന്നൈ.

ബാലസുന്ദരൻ, ആതി., (2012) *ചേരർ വരലാറും പഴനിമലൈ വാഴ്,* പഴക്കുടി മക്കളും തമിഴ് സർവ്വകലാശാല, തഞ്ചാവൂർ.

ഭഗവതി.കെ., (1980) *തമിഴർ ആടൈകൾ,* ഇന്റർനാഷ്ണൽ ഇൻസറ്റിറൂറ്റ് ഓഫ് തമിഴ് സ്റ്റഡീസ്, ചെന്നൈ.

ഭക്തവത്സല, ഭാരതി., (എഡി.) (2011) *പൺപാട്ടിയിൽ നോക്കിൽ പണ്ടൈത്തമിഴർ സമയമറപുകൾ,* പുതുച്ചേരി ആരാച്ചി നിരവണം, പുതുച്ചേരി.

മാതൈയൻ. പെ., (2007) *സംഘഇലക്കിയ ചൊല്ലാടൈവു,* തമിഴ് സർവ്വകലാശാല, തഞ്ചാവൂർ.

രാമസ്വാമി, ആ.,(2011) തമിഴുനാട്ടുവരലാർ, ന്യൂ സെഞ്ചറി ബുക്ക് ഹൗസ് ലിമിറ്റഡ്, ചെന്നൈ.

രാസമാണിക്കനാർ, മാ., (2013) *തമിഴകം,* ജെ. ബി. *പബ്ലിക്കേഷൻസ്,* ചെന്നൈ.

രാഘവയ്യങ്കാർ, മു., (2010) *ചേരൻ ചെങ്കുട്ടുവൻ,* നാം തമിഴ് പതിപ്പകം, ചെന്നൈ.

വെങ്കിടേശൻ, ക., (2011) *കറ്ക്കാല തമിഴ്നാട്ടുവരലാറു (1600–2011),* വി.സി. പബ്ലിക്കേഷൻസ്, രാജപ്പാളയം.

– – –., (2012) *മുർക്കാല തമിഴ്നാട്ടു വരലാറ് (30 ബിസി – 1600 എ.ഡി)* വി.സി. പബ്ലിക്കേഷൻസ്, രാജപാളയം.

– – –., (2012) *മുർക്കാല തമിഴ്നാട്ടു വരലാറ് (30 ബിസി – 1600 എ.ഡി)* വി.സി. പബ്ലിക്കേഷൻസ്, രാജപാളയം.

വേങ്കടസ്വാമി, മയിലൈ ചീനി, (2007) *ചേരൻ ചെങ്കുട്ടുവൻ,* നാം തമിഴർ പതിപ്പകം, ചെന്നൈ.

– – –, (2013) *ചേരൻ ചെങ്കുട്ടുവൻ,* നാം തമിഴ്പതിപ്പകം, ചെന്നൈ.

ശിവകാമി, എസ്., (2009) *തൊൽക്കാപ്പിയം, ഇലക്കിയം, പതിപ്പും പതിപ്പാളറും,* ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തമിഴ് സ്റ്റഡീസ്, ചെന്നൈ.

ശ്രീധർ, (2006) *തമിഴ്ബ്രാഹ്മി കൽവെട്ടുകൾ*, തമിഴ്നാട് അരസു കല്ലിയിൽ തുറൈ, ചെന്നൈ.

സാംരപാണി, ഇരാ., (2003) *സംഘ ഇലക്കിയ പൊരുട് കളഞ്ചിയം വാള്യം-2,* തമിഴ് സർവ്വകലാശാൽ, തഞ്ചാവൂർ.

സിർപി ബാലസുബ്രഹ്മണ്യം & നീലപത്മനാഭൻ (എഡി.) (2013) *പുതിയ തമിഴ് ഇലക്കിയ വരലാറ് (വോള്യം 1),* കേന്ദ്ര സാഹിത്യ അക്കാദമി, ന്യൂഡൽഹി.

സുബ്രവെങ്കടരാമൻ, എച്ച്., (1989) *നറ്റിണൈ മൂലവും ഉരൈയും,* മഹാമഹോപദ്ധ്യായ ഡോ. ഉ.വേ.സ്വാമി നാഥയ്യർ നൂൽ നിലയം, ചെന്നൈ.

സുബ്രഹ്മണ്യൻ, (1994) *സമൂക പൺപാട്ടു തമിഴക വരലാറ് (1565–1784)*, എന്നെസ് പബ്ലിക്കേഷൻസ്, ഉടുമലൈപ്പേട്ടൈ.

സുബ്രഹ്മണ്യൻ, സി., (എഡി.) (2006) *സംഘ ഇലക്കിയ പൊരുട്കളഞ്ചിയം വാള്യം-4,* തമിഴ് സർവ്വകലാശാല, തഞ്ചാവൂർ.

**ENGLISH**

Abrams, M.H., Geoffrey Gullt Harpham., (2012) A Glossary of Literary Terms, Cengage Learning Indian Private Ltd, Delhi.

Adler,N., (1997) *International Dimensional of Organizational Behaviour*, South-Western College Publishing, Ohio.

Aiyankar, S. K., (2010) *The beginnings of South Indian History,* General Books LLC, USA.

Ajit Kumar, (2011) *Archeology in Kerala: Emerging Trends*, Dept. of Archeology, University of Kerala, Thiruvananthapuram.

Anton Pokrivcak, (2010) *Literature and Culture*, Vydravatstvo Michalavaska, Presov.

Apte, M., (1994) *Language in Socio Cultural Context*, Asher, R.E., (Etd.) *The Encyclopedia & Language and Lingustics, Vol.5*, Pergamon Press, Oxford.

Arokya Swami, (1950) *The Kongu Country,* University of Madras, Chennai.

Avruch, K., (1998) *The Cultural Dimension of International Business*, Prentice Hall, New Jersey.

- - - (1998) *Culture and Conflict Resolution*, United States Institute of Peace Press, Washington DC.

Balasubrahmanian, C., (1991) *A Critical Study of Kuruntokai*, Narumala Pathippakam, Madras.

Bhadriraju Krishnamurithi, (2008) *The Dravidian Languages,* Cambridge University Press, Cambridge.

Bridget, Raymond Allehim, Frank Raymond, (1996) *The British of Indian Civilization,* Penguin Books, UK.

Caudwell, Christopher., (1956) *Illussion and Reality,* People Publising House, New Delhi.

Charles, Takoyah Eyoung, Millens Mufuaya, Irene, I., (2002) *Africa (Regional Substainable Development Review Vol.II, Literature and Culture the Sustainability Connection* from an African Perspective, EOLSS, UNESCO.

Danish Ministry of Foreign Affairs, (DMFA) (2002) *Culture and Development Strategy and Guidelines,* Danish Ministry of Foreign Affairs Information Office, Denmark.

Devi, G.N., (1993) *Tradition and Change in Indian Literary Criticism after Amnesia,* Overview Longman Ltd, London.

Eliot,T.S., (1963) Defenition of Culture in Selection Prose, Penguine Books, UK.

Gurumurthy. S., (2010). *The Antiquity and Chronology of the Tamil Language and The Classical Tamil Literature*, Tamil University, Thanjavur.

George Woodcock, (1967) *Kerala A Portrial of the Malabar Coast*, Faber and Faber, London.

Gustav Oppert, (2010) *On the Original Inhabitants of Bharatavarsha or India the Dravidians,* Asian Educational Services, New Delhi.

Haydenwhito, (1980) *Literature and Social Action, Reflection on Reflection Theory of Literature Art, New Literary Teories*, The John Hopkins University Press, University of Virginia, USA.

Hofstede, G., (1994) *Cultures and Organizations, Software of the Mind*, Harper Collins Business, London.

- - - (2001) *Cultures Consequences Comparing Values, Behaviours, Institution and Organizations across Nations*, Sage London.

Howells, Christina, (1988) *Sarte the Necesity of Freedom*, Cambridge, New York.

Jawaharlal Nehru, (1963) *What is literature*, Art of Reading, Orient Logman, New Delhi.

Jim Meyar, (1997) *What is Literature A Definition based on Prototypes,* work papers of the Summer Institute of the Linguistics, University of North Dakota sesion, USA.

John Ralston Marr, (1985) *The Eight Anthologies,* Institute of Asian Studies, Madras.

Kandaswami, S.N., (2010) *Foreign Notices of Tamil Classics An Appraisal*, Tamil University, Thanjavur.

Kosambi, D.D., (2001) *Culture and Civilization Ancient India in Historical* , Vikas publishing House, New Delhi.

Lenin, V.I., (1902) *What to do?,* Progress Publishers, Moscow.

Lingelbach, W.E., (1937) *Approached to American Social History,* Application Centuary Co., New York.

Mac Iver, R.M., (2001) Society: *Its Culture and Changes*, Oxford University Press, London.

Mahadevan, Iravatham., (2014) Early Tamil Epigraphy From the Earliest Times to the Sixth Century C.E., Central Institute of Classical Tamil, Chennai.

Manickavasagom Pillai, M.E., (1970) *Culture of Ancient Cheras: A study in Culture Reconstruction,* Manjula Publication, Kovilppatti.

- - -., (1986) *Dravidian Influence In Thai Culture,* Tamil University, Thanjavur.

Martin, H.Manser., (2000) *The champers the Sanrus,* Allied Champers, New Delhi.

Matsumoto, D., (1996) *Culture and Psychology,* C4 Books, Pacific Grove.

Max Schoen., (1932) *Art and Beauty,* The Mac Millan Company, New York.

Meenakshi Sundaram, T.P., (1965) *A History of Tamil Language*, Linguistics Society of India, Deccan College, Poona.

Milher, A., (1996), *Literature Culture and Society, UCGL Process,* London

Mircea Eliade, (Etd.) (1987) *The Encyclopedia of Religion, Vol.15*, Mac Millan Publishing Company, New York.

Pandit D Savariroyan, (2004) *The Tamilian Antiquary (Vol.I, No. 5)* Asian Educational Services, New Delhi.

Pillai, K.K., (1975) *A Social History of Tamils, Vol.1*, Madras University, Madras.

Plato, (1960) *The Works of Plato,* Dial Press, New York.

Rajan. K., (2000) *South Indian Memorial Stones,* Manoo Pathippagam, Thanjavur.

Raghava, Aiyangar, (1947) *Some Aspects of Kerala and Tamil Literatur,* Part I, Travancore University, Thiruvanthapuram.

---., (1950) *Some Aspect of Kerala and Tamil Literature,* Part II, Travancore University, Thiruvananthapuram.

Ramachandran, C.E., (1974) *Ahananuru In Its Historical Settings*, Univeristy of Madras, Madras.

Ram Sharan Sharma., (2001) Advent of the Aryans in India, Manohar, New Delhi.

Raymond Williams, (1963) *Culture and Societies 1780-1950*, Harper and Raw, New York.

Ravindran, P.N., (1975) *Nominal Composition in Malayalam*, Annamalai University, Annamalai Nargar.

Rogefry., (1920) *Vision and Disign,* Chatto and windus, London.

Romila Thapper, (2010) *Sakuntala Texts, Reading, Histories*, Colombia University Press, New York.

Sathianathaier. R, (1944) *Studies in the Ancient History of Tondamandalam,* Rochouse & Sons, *Ltd* Madras.

Seligan, R.A., (Etd.) (1951) Encyclopedia of Social Science, Macmillan, New York.

Seshadri. K.G., (1990) *A Concise Compendium of Cankam Literture Vol. I*, Tamil University, Thanjavur.

- - - (1996) *A Concise compendium of cankam literture Vol.II*, Tamil University, Thanjavur.

Sesha Iyengar, T.R., (2007) *Ancient Dravidians,* MJP Publishers, Chennai.

Savariroyan, D., (2004) (Etd.) *The Tamilian Antiquary, Vol.1, No.1-10, Vol.11, No.1-2, Vol.5.*, Asian Educational Services, Chennai.

Schien, E., (1990) Organizational of Culture, American Psychologist, USA.

Shelly Zion, Elizaheth Kozleski (2005) *Understanding Culture, National* Institute for Urban School Improvement, Arizona State University, Arizona.

Selvakumar,V.G. (2010) *Tamil Cultural Connection across the world (upto 1600 CE) Archacological Evidance from out gide* Tamil Nadu, Thunajvur.

Singh, K.S., (1998) *People of India, Indias Communities*, National Series Vol.5, Anthropological Survey of India, Oxford University Press, New Delhi.

Sitharam Gourumurthi, (2008) *Excavation of Archeological Sites in Tamil Nadu: Mankulam 2006-2007*, Dept. of Archaeology, Govt of Tamil Nadu, Chennai.

Sivasankara Pillai, K.N., (2011) *The Chronology of Early Tamils, Biblio Books, USA.*

Sivasankaran Nair, K., (2010) *Early History of Kerala up to AD 1500*, International Centre for Kerala Studies, University of Kerala, Thiruvananthapuram.

Slater, (1918) *Some South Indian Villages,* Oxford University, Oxford.

Slater, Gilbert., (1986) *The Dravidian element in Indian Culture,* Manohar Publishers, New Delhi.

Smith, B., & Bond, M.H., (1998) *Social Psychology Across Cultures,* Prenticeltall Europe, London.

Spencer, Oaty, H., (2008) *Culturally Speaking Culture Communication and Politeners Theory,* Continum, London.

Srinivas Iyengar, P.T., (2012) *History of the Tamils,* Asian Educational Services, Chennai.

Subrahmanian, N., (2009) *Brahmin in the Tamil Culture*, Ennes Publications, Udumelpett.

Subrahmanian, S.V., Thirunavukkarasu, (Etd.) (1983) *Megalithic Monuments and Megalithic Culture, in Tamil Nadu*, International Institute of Tamil Studies, Madras.

Terry Nardin, David R. Mapel., (1992) *Tradition of Interantioal Ethics,* Cambridge University Press, Cambridge.

Thurston. E., (1909) *Castes and Tribes of South India,* Goverment Press, Chennai.

Triandi's, H.C., (1994) Culture and Social Behaviour,M.C Graw Hill, New York.

Tylor, Edward Burnett., (1871) *Primitive Culture*, John Murray, London.

Victor Rajamanickam, Arulraj. V. S., (1994) *Maritime History of South India,* Tamil University, Thanjavur.

Willian. R., (1976) *Key words: A Vocabulary of Culture and Society, Fontana,* Glassow.

Winters, Clyde Ahmad., (1982) *Lectures in Africa:* Kushite Diaspor Tuhman dan focio institute, Chicago,

---., (1983) The Proto-Cultural of the Dravidians, Manding and Sumerians, Historical Heritage of the Tamils (Etd.) International Institute of Tamil Studies, Madras.

iii) **ആനുകാലികങ്ങൾ**

**മലയാളം**

മാതൃഭൂമിദിനപത്രം, വിദ്യ 15 ആഗസ്റ്റ് 2014

മിഥുൻ, കെ.എസ്., (2013) *പത്തുപ്പാട്ടിലെ കാർഷിക സൂചനകൾ*, സർഗ്ഗസുധ മലയാളം മാസിക, പുസ്തകം 2, ലക്കം 5.

– – –., (2014) *പുറനാനൂറ് ചേരചരിത്രവും സംസ്ക്കാരവും*, വിജ്ഞാനകൈരളി വോള്യം 49, ലക്കം. 6.

രേഖ.പി., (2010) *സംസ്ക്കാരപഠനവും സാഹിത്യ വിമർശനവും,* സാഹിത്യലോകം, കേരള സാഹിത്യ അക്കാദമി, തൃശൂർ, ജനുവരി-ഫെബ്രുവരി.

ഷീബ. എം., കുര്യൻ (2004) *സംസ്ക്കാരപഠനവും നവമാർക്സിയൻ ചിന്തകളും,* വിജ്ഞാന കൈരളി, ലക്കം.7, ജൂലായ്.

**തമിഴ്**

മഹാദേവൻ, (2007) *ദിനമണിദിനപത്രം,* മാസമാണിക്കനാർ നിനവുകട്ടുരൈ നവംബർ-8

മിഥുൻ, കെ.എസ്., (2013) *പതിറ്റുപത്ത് ചേരമന്നർകാല സമൂഹനിലൈ*, ആയ്വ് കോവൈ, മധുരൈ കാമരാജ് സർവ്വകലാശാല, മധുരൈ.

സുബ്രഹ്മണ്യൻ.ക., (1988-1989) ചേരനാടു പറ്റിയ തമിഴ് ആയ്വുകൾ റിസർച്ച് പേപ്പർസ്, തമിഴ് വിഭാഗം, കേരളസർവ്വകലാശാല, കാര്യവട്ടം. വോള്യം.18.

**English**

Anna Boswell, (2013) *The Work of Culture*, Journal of New Zealand Literature.No.31:2.

Arivanan, K. P., (1976) *Physical and Cultural Similarities between Dravidian and African*, Journal of Tamil Studies, Chennai.

- - -., (1980) *Notable Negorid Elements in Dravidian India*, Journal of Tamil Studies, Chennai, No.17.

Asko Darpola, (2007) Study of the Indus Script, Chemozhi, CIIL Mysore.

Frothingham, Jr, A.L., (1884) Historical Sketh of Syrian Literature and Culture, The American Journal of Philosophy, The John Hopikins University Press. Vol.5, No.2.

George Herbert Clarke, (1984) *What is Literature?*, The Sewanee Review, The Johns Hopkins University Press. Vol.35, No. 1.

Hirsch, E.D.Jr, (1978) *What is Literature?*, In Hernadi.

Hohulin, E.Lou., (1987) *Concepts and Categories, when if a tree not a tree?* A Notes on Translation Journal.

Hopgood. C. R., (1948) *Language, Literature and Culture*, Journal of the International African Institute, Cambridge University Press. Vol.18, No.2.

Hyden White, (1980) *Literature and Social Action: Reflection Theory of Literary Art*, New Literary History, The John Hopkins University Press, Vol. 11, No.2.

Joe Bray and Ruth Evans, (1998) *What is Textual Culture?*, Textual Cultures, Indiana University Press, Vol.2, No.2.

John.H.Muller., (1935) *is Art the Product if its Age?*, Social Forces, oxford University Press, Oxford.

MC. Fadden, George., (1978) *Literture many Sided Process*, In Hernadi

Midhun, K. S., Prakas Babu, P. V., (2015) *Discoursing the Linkages between Tamil and Malayalam Morphemes*, Paripex-Indian Journal of Research, Ahamadabad, Vol.4, Issue 6.

Midhun, K. S., (2014) *Dulcet Dieties of Sangam Literature*, Research Articles, Sri Vasavi College, Erode, Tamilnadu.

- - - (2015) *A Comparative study of Future Tense Case Markers of Dravidian Languages*, Hans Roever College, Perambalur, Trichi, Tamil Nadu.

Milton, C. Albrecht, (1954) *The Relationship of Literature and Society*, American Journal of Sociology, The University of Chicago. Vol.59, No.5.

Nachimuthu, K., (1985-1986) *Sangam Literature and Ancient Kerala Some Geographical Questions*, Research papers Dept. of Tamils University of Kerala, Thiruvananthapuram. Vol.15.

Rajan Gurukkal, ., Wittaker, C.R., (2002) *In Search of Muziris, Journal of Roman Archeology*,

Shinu,A. Abraham., (2003) *Chera Chola, Pandyas: using Archeological Evidence to Identify the Tamil Kingdoms of Early Historic South India*, Asian Perspective, Vol.42, No.2.

Shamsasthri, R., (1930) *Dravidian Culture*, Annals of the Bhandarkar Oriental Research Institute, Vol.11, No. 4.

Swirski, Peter., (1998) Literature and Literary Knowledge, The Jounals of the Midwest Modern Language Asosciation Vol.31, No.2

Wellek, Rene., (1978) *What is Literature?*, In Hernadi.

William Peterfield Trent, A.M., (1906) T*he Relations of Historty and Literature, An Address,* The Virginia Magazine of History and Biography, Vol.13, No. 4.

Winters, Clyde Ahamd., (1980) *The Genetic Unity of Dravidian and African Languages and Cultures*, Asian Studies, Hongkong.

- - - (1981) *Are Dravidians of African Origin*, Asian Research Association, Hongkong.

- - - (1986) *The Dravidians Origin of the Mountain and Water Toponyms in Central Asia*, Journal of Central Asia.

- - - (2008) *Origin and Spread of Dravidian speakers*, International Journal of Human Genetics, No.8 (4)

**iv) ഗവേഷണ പ്രബന്ധങ്ങൾ**

**മലയാളം**

അജി, എസ്. ദാസ്., (2001) *പാരമ്പര്യം ആധുനിക മലയാളകവിതയിൽ അക്കിത്തം, അയ്യപ്പ പണിക്കർ കക്കാട് എന്നിവരുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം*, (അപ്രകാശിത പി. എച്ച്.ഡി. പ്രബന്ധം) മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം.

ഉണ്ണികൃഷ്ണൻ, എൻ. സി., (1993) *പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ സ്വാധീനം 1960 വരെയുള്ള മലയാള നോവലുകളിൽ*, (അപ്രകാശിത പി.എച്ച്.ഡി. പ്രബന്ധം) മഹാത്മഗാന്ധി സർവ്വകലാശാല, കോട്ടയം.

ബേബി സെബാസ്റ്റ്യൻ, (2003) *അസ്തിത്വവാദത്തിന്റേ സ്വാധീനം മലയാളത്തിലെ ആധുനിക നോവലുകളിൽ, ഒ.വി.വിജയൻ, കാക്കനാടൻ, മുകുന്ദൻ, ആനന്ദ് എന്നിവരെ ആധാരമാക്കി ഒരു പഠനം.* (അപ്രകാശിത പി.എച്ച്.ഡി. പ്രബന്ധം) മലയാള വിഭാഗം സെന്റ് തോമസ് കോളേജ്, പാല.

മേരിക്കുട്ടി, എം. എ., (2009) *കേരളസംസ്കൃതിയുടെ സ്വാധീനം ഇടശ്ശേരി ഗോവിന്ദൻ നായരുടെ കവിതയിൽ*, (അപ്രകാശിത പി.എച്ച്.ഡി. പ്രബന്ധം) മഹാത്മഗാന്ധി സർവ്വകലാശാല, കോട്ടയം.

ഷൈല എബ്രാഹാം, (2008) *പാരമ്പര്യവും പാരമ്പര്യ നിഷേധവും ഒ.വി.വിജയന്റെ കഥാപ്രപഞ്ചത്തിൽ*, (അപ്രകാശിത പി.എച്ച്.ഡി. പ്രബന്ധം) കാതേലിക്കേറ്റ് കോളേജ്, പത്തനംതിട്ട.

**തമിഴ്**

ഭാരതിശ്രീ, കാ., (2012) സംഘഇലക്കിയത്തിൽ ചേരമക്കളിൻ വാഴ്‌വിയൽ മറപുതുടർച്ചി, ഫോക്‌ലോർ വിഭാഗം, തമിഴ് സർവ്വകലാശാല, തഞ്ചാവൂർ.

**ENGLISH**

Andiappa, Pillai.D., (1970) *Descriptive Grammar of Kalittokai,* University of Kerala, Thiruvananthapuram.

Elayaperumal, M., (1975) *Grammar of Ainkurunuru with Indev,* University of Kerala, Thiruvananthapuram.

Kamatchinathan, A., (1964) *Gramatical Study of Narrinai with Translation and Index,* University of Kerala, Thiruvananthapuram.

Krishnambal, S. R., (1974) *Grammar of Kurunthokai,* University of Kerala, Thiruvananthapuram.

Subramanian, S. V., (1972) *Grammar of Akananuru with Index,* University of Kerala, Thiruvananthapuram.

Subramanian, V. I., (1962) *Index of Purananuru,* University of Kerala, Thiruvananthapuram.

**v) നിഘണ്ടു**

**മലയാളം**

പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം., (2013) ശബ്ദതാരാവലി, എസ്.പി.സി.എസ്, കോട്ടയം.

രാജഗോപാലൻ, എൻ. കെ., (1993) *സംസ്കൃത നിരുക്തകോശം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

**തമിഴ്**

Cre-A: Dictionery of Contemporary Tamil (Tamil-Tamil-English) (2014) Cre-A, Chennai.

## English

Illustrated Oxford Dictionary (1998), *Oxford University Press, Oxford.*

Longman Dictionary of Contemporary English (2009) Pearson Education

The Oxford English Dictionary, (1933) *Clarondam Press*

**vi) Websites**

http://artzia.com/Arts/Literature? about

http://www.biomedecentral.com/1471-2156/5/26

http:// go.warwick.ac.uk/globalpadintercultural

http://www.interscience.wiley.com

http:// journal,medical_culture.org.an/004/meaning.php.

http://journally.lib.byu.edu/spc/Index.php/CCR/article/download(13469) 13403

http://www.justor.org/stable/23724105

http://www.justor.org/stable/3180549

http://www.justor.org/stable/23724016

http://www.justor.org/stable/27534096

http://www.justor.org/stable/40478873

http://pubmedicentral.nih.gov/artielerender.fegi?artid=1534032

http://www.und.nodak.edu/liguistic/wp/1997-meyer.

http:/world culture.xtogrulxali.blogspot.in/2012/09 etymology of culture.

**vii) Software**

Arc GIS 9.3 Maping Software, Developed by ESRI (Environmental Systems Reserach Institute, California)

Midhun K.S. “The attributes of the Chera culture as engraved in sangam literature : A study through ‘ettuthokai' “ Thesis. Department of Malayalm of Sree keralavarma college, University of Calicut, 2015.

# അനുബന്ധങ്ങൾ

## അനുബന്ധം I

## സംഘസാഹിത്യ പ്രസാധന ചരിത്രം

ഒരു ജനസംസ്ക്കാരത്തെ മുഴുവൻ ഉൾക്കൊള്ളുന്ന സംഘകാവ്യങ്ങൾ തമിഴിയിൽ എഴുതപ്പെട്ടതാണെന്ന് കരുതുന്നു. അക്കാലത്തെ സാഹിത്യഭാഷയിലെഴുതപ്പെട്ട ഈ കൃതികൾ പനയോലകളിലാണ് എഴുതി സൂക്ഷിച്ചിരുന്നത്. ഈ കാവ്യങ്ങളെ ഒരു നിശ്ചിത കാലത്തിനുശേഷം നശിക്കാതിരിക്കാൻ വേണ്ടി മറ്റൊരു പനയോലയിലേക്ക് പകർത്തിക്കൊണ്ടിരുന്നു, കാലന്തരത്തിൽ അവ തമിഴ്ഭാഷയുടെ അക്ഷരങ്ങൾ കടമെടുത്തത് അപ്രകാരമാണ്. സംഘകാലത്തെ മിക്ക കൃതികളും പനയോലകൾ പകർത്തിയെഴുതുന്നവരുടെ വീടുകളിൽ നിന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇങ്ങനെ കണ്ടെത്തിയ *തിരുമുരുക്കാറ്റുപ്പട* 1851 ൽ *നച്ചനിയാർക്കിനിയരു*ടെ വ്യാഖ്യാനത്തോടൊപ്പം തന്റെ പുതിയ വ്യാഖ്യാനവും ചേർത്ത് *അറമുഖൻ നാവലർ* അച്ചടിച്ച് പുറത്തിറക്കി. തുടർന്ന് സംഘകൃതികളോരോന്നും അച്ചടിച്ച് പുറത്തിറക്കി. അവ;

| **കാവ്യം** | **പ്രസിദ്ധീകരിച്ചവർ** | **പ്രസിദ്ധീകരിച്ചവർഷം** |
|---|---|---|
| തിരുമുരുകാറ്റുപ്പട | അറമുഖൻ നാവലാർ | 1851 |
| കലിത്തൊകൈ | സി.വൈ.ദാമോദരൻപ്പിള്ള | 1887 |
| പത്തുപ്പാട്ട് | ഉ.വേ.സ്വാമിനാഥയ്യർ | 1889 |
| പുറനാനൂറ് | ഉ.വേ.സ്വാമിനാഥയ്യർ | 1894 |
| ഐങ്കുറുനൂറ് | ഉ.വേ.സ്വാമിനാഥയ്യർ | 1903 |
| മുല്ലപ്പാട്ട് | മറൈമാലെയടികൾ | 1903 |
| പതിറ്റുപ്പത്ത് | ഉ.വേ. സ്വാമിനാഥയ്യർ | 1904 |
| പട്ടിനപ്പാല | ഉ.വേ. സ്വാമിനാഥയ്യർ | 1904 |
| പൊരുനാരാറ്റുപ്പട | വാ.മഹാദേവ മുതലിയാർ | 1907 |
| കുറുന്തൊകൈ | ശൗരിപെരുമാൾ അരങ്കനാർ | 1915 |
| നറ്റിണൈ | പിണത്തൂർ നാരായണസ്വാമിഅയ്യർ | 1915 |
| പരിപാടൽ | ഉ.വേ.സ്വാമിനാഥയ്യർ | 1918 |
| അകനാനൂറ് | ഉ.വേ.രാഘവയ്യങ്കാർ | 1918 |

### 1.1 തിരുമുരുകാറ്റുപ്പട

ശ്രീലങ്കൻ തമിഴ് വംശജനായ അറമുഖൻ നാവലാരാണ് 1851 ൽ *തിരുമുരുകാറ്റുപ്പട* നാച്ചിനിയർക്കിനിയരുടെ വ്യാഖ്യാനത്തെ മുൻനിർത്തി താനെഴുതിയ വ്യാഖ്യാനത്തോടെ പ്രസിദ്ധീകരിച്ചത്. ഈ കൃതിയാണ് സംഘസാഹിത്യത്തിലേതായി അച്ചടിയിലൂടെ പുറത്തുവന്ന ആദ്യ കൃതി. ഇതിനുശേഷം 1881 ൽ *സദാശിവപ്പിള്ള അറമുഖൻ നാവലാരു*ടെ അതേ വ്യാഖ്യാനത്തോടൊപ്പം ചെന്നൈയിൽ നിന്ന് പ്രസാധനം ചെയ്തു. 1889-ൽ നച്ചിനാർക്കിനിയരുടെ വ്യഖ്യാനത്തോടെ പത്തുപ്പാട്ട് മുഴുവനും ഉ.വേ. സ്വാമിനാഥയ്യർ പ്രസാധനം ചെയ്തു. പിന്നീട് 1892 ൽ പൂവൈ കല്ല്യാണ സുന്ദര മുതലിയാർ പല താളിയോലകൾ പരിശോധിച്ച് മൂലം മാത്രം ചെന്നൈയിൽ നിന്ന് പ്രസിദ്ധീകരിച്ചു. 1996 ൽ പുഷ്പര ചെട്ടിയാർ & കമ്പനി പ്രസാധനം ചെയ്തതും മൂലം മാത്രമായിരുന്നു.

ശൈവരുടെ *പന്ത്രണ്ടുതിരുമുറൈകളിൽ* ഒന്നായ *തിരുമരുകാറ്റുപ്പട* വീടുകളിൽ പാരായണം ചെയ്തിരുന്നു. അതുകൊണ്ടുതന്നെ പാരായണ ഉദ്ദേശം മുൻനിർത്തി മാത്രം തിരുമുരുകാറ്റുപ്പടയുടെ മൂലം നിരവധി തവണ പലരാൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. 1924 ൽ അ.മഹാദേവ ചെട്ടിയാർ മൂലത്തെയും പരിമേൽ അഴകരുടെ വ്യാഖ്യാനത്തോടും കൂടി പ്രസാധനം ചെയ്തു. ഇതേ പതിപ്പ് അതേ വർഷത്തിൽ തന്നെ *കോ. വടിവേൽ ചെട്ടിയാർ* പരിശോധിച്ച് പുന:പ്രസാധനം ചെയ്തു. തിരുമുരുകാറ്റുപ്പടയുടെ കർത്താവായ നക്കീരന്റെ ചരിത്രവും മുരുകന്റെ ആറ് വീടുകളുടെ ചരിത്രവും അവയ്ക്ക് സ്തോത്രങ്ങളും രചിച്ച്പരിഷ്കരിച്ചാണ് ഈ പുതിയപതിപ്പ് ഇറങ്ങിയത്. മറ്റൊരു ശ്രദ്ധേയമായ പ്രസിദ്ധികരണം 1943 ൽ വൈയ്യാപുരിപിള്ള, പാട്ടുകളെല്ലാം താളിയോലകൾ വച്ച് പരിശോധിച്ച് പ്രസാധനം ചെയ്ത അറുപത് പുറങ്ങളുള്ള പതിപ്പാണ്. മുഖവുര, തിരുമുരുകാറ്റുപ്പടയും വ്യാഖ്യാനവും, അകാരാദിയിൽ പാട്ട്, അകാരാദിയിൽ വാക്കുകളുടെ അർത്ഥം, പിഴകളുടെ തിരുത്ത്, വിട്ടുപോയ പാട്ടുകൾ, പാഠഭേദം എന്നിവ ചേർത്താണ് ഈ പതിപ്പ് നിബന്ധിച്ചിരിക്കുന്നത്. തിരുമുരുകാറ്റപ്പടയുടെ ഏറ്റവും മികച്ച വ്യാഖ്യാനം ഇതാണ്.

### 1.2. കലിത്തൊകൈ.

*കലിത്തൊകയെ* താളിയോലകളിൽ നിന്ന് ആദ്യമായി പുസ്തകരൂപത്തിലാക്കിയത് 1887 ൽ സി.വൈ. ദാമോദരൻ പിള്ളയാണ്. ഇ.വൈ. അനന്തരാമൻ 1925-31 കാലഘട്ടത്തിനുള്ളിൽ കുറിഞ്ചികലി (1925), പാലൈക്കലി (1925) മരുതക്കലി (1925), മുല്ലക്കലി (1925) നെയ്തൽകലി (1931) എന്നിങ്ങനെ പ്രസിദ്ധീകരിച്ചു. തുടർന്ന് നിരവധിപേർ കലിത്തൊക്കെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു.

### 1.3 പത്തുപ്പാട്ട്

നാച്ചിനാർക്കിനയരുടെ വ്യാഖ്യാനത്തോടൊപ്പമുള്ള പത്തുപ്പാട്ടിൽ ആദ്യപതിപ്പ് 1889 ൽ ഉ.വേ.സ്വാമിനാഥയ്യരാണ് പുറത്തിറക്കിയത്. ദ്രാവിഡരത്നാകര പ്രസിദ്ധീകരണമാണ് മൂലവും വ്യാഖ്യാനവുമുള്ള ഈ പതിപ്പ് പുറത്തിറക്കിയത്. തുടർന്ന് 1918, 1931, 1950, 1956, 1961, 1974 എന്നീ വർഷങ്ങളിൽ ഇതിന്റെ പതിപ്പുകൾ പുറത്തിറങ്ങി. 1956 ൽ രണ്ടുഭാഗങ്ങളിലായി പത്തുപ്പാട്ടിന്റെ മുഴുവൻ വ്യാഖ്യാനത്തോടും കൂടി പോ.വേ സോമസുന്ദരനാർ ശൈവസിദ്ധാന്ത നൂർപ്പതിപ്പ് കഴകത്തിൽ നിന്നും പ്രസിദ്ധികരിച്ചു. 1962, 66, 68, 71 എന്നീ വർഷങ്ങളിൽ ഇതിന്റെ തുടർപതിപ്പുകളും ഇറങ്ങി. 1931 ൽ ഉ.വേ. സ്വാമിനാഥയ്യരും ജെ.വി.ചെല്ലിയം *Pathuppattu Ten Tamil Idylls* (1946, 1962) എന്ന പേരിലും എസ്. രാജം *പത്തുപ്പാട്ടുമൂലം* (1957) എന്ന പേരിലും എൻ.രഘുനന്ദൻ *Long Poems from Sangam Tamil* (1977) എന്ന പേരിൽ പുറത്തിറക്കി. മറ്റൊരു ശ്രദ്ധേയമായ പതിപ്പ് *പത്തുപ്പാട്ട് വചനം* (1935) എന്ന പേരിൽ ന.ചി. കന്തൈയാപിള്ള പുറത്തിറക്കിയതാണ്. ഇതിൽ പത്തുപ്പാട്ടിലെ പ്രധാനപ്പെട്ട പാട്ടുകളെ കോർത്തിണക്കിയിരിക്കുന്നു. പിന്നീട് പുറത്തിറങ്ങിയ മികച്ച വ്യാഖ്യാനത്തോടെ വന്ന പതിപ്പുകൾ 1999 പുലവർ കുഴു പുറത്തിറക്കിയ *സംഘസാഹിത്യവും പത്തുപ്പാട്ടും* എന്ന പേരിൽ സാ.ചേ.സുബ്രഹ്മണ്യൻ 2000 പുറത്തിറക്കിയതും *സംഘ ഇലക്കിയം പത്തുപ്പാട്ട്* എന്ന പേരിൽ *ന്യൂസെഞ്ചുറി* പുറത്തിറക്കിയ പതിപ്പുകളുമാണ്.

### 1.4. പുറനാനൂറ്

1894 ൽ ഉ.വേ.സ്വാമിനാഥയ്യരാണ് പുറനാനൂറ് ആദ്യമായി പ്രസാധനം ചെയ്തത്. അദ്ദേഹത്തിന് ഈ പതിപ്പ് തയ്യാറാക്കാൻ സഹായകമായ താളിയോലകളിൽ 398 പാട്ടുകളേ ഉണ്ടായിരുന്നുള്ളൂ 268, 269 എന്നീ പാട്ടുകൾ നഷ്ടപ്പെട്ടിരുന്നു. 266 വരെയുള്ള താളിയോലകളിൽ പാട്ടുകൾക്ക് വ്യാഖ്യാനങ്ങളുണ്ടായിരുന്നു. അതിൽ തന്നെ 242 മുതൽ 266 വരെയുള്ള പാട്ടുകളുടെ വ്യാഖ്യാനങ്ങൾ ഏറെ കുറയും ബാക്കിയുള്ള പാട്ടുകളുടെ വ്യാഖ്യാനങ്ങൾ പൂർണ്ണമായും നശിച്ചു പോയിരുന്നു. ഇപ്രകാരം 266 വരെയുള്ള പാട്ടുകളുടെ വ്യാഖ്യാനം ഓലയിലുള്ളതുപോലെ തന്നെയാണ് ഉ.വേ.സ്വാമിനാഥയ്യർ പ്രസിദ്ധകരിച്ചത്.

പാട്ടിന്റെ നമ്പർ, അതിനുതാഴെ പാട്ട്, അതിനുതാഴെയായി തിണയും തുറയും പാടിയ കവികളെയും ആരെക്കുറിച്ചാണ് പാട്ടിൽ പാടിയതെന്നും എന്തിനെക്കുറിച്ചാണ് പാടിയിരിക്കുന്നതെന്നുമെന്ന രീതിയിലാണ് ഈ കൃതിക്രമീകരിച്ചിരിക്കുന്നത്. പുറനാനൂറിൽ പരാമർശിച്ചിരിക്കുന്ന മലകൾ, ആറുകൾ, ജീവകിൾ, സ്ഥലങ്ങൾ, കവികളുടെ ചരിത്രം, രാജാക്കന്മാരുടെ ചരിത്രം, പാടപ്പെട്ടവരെക്കുറിച്ചുള്ള ചരിത്രം, പുറനാനൂറിലെ പ്രസിദ്ധമായ കാവ്യഭാഗങ്ങൾ എന്നിവയെക്കുറിച്ച് ആമുഖത്തിൽ തന്നെ വിശദീകരിച്ചിരിക്കുന്നു, ഈ പതിപ്പിന്റെ ഏറ്റവും മികച്ച സവിശേഷത ഇതാണ്. കൂടാതെ പാട്ടിന്റെ അകരാദിയും പുറം നമ്പരും, തിണയും തുറയുടെ വ്യാഖ്യാനവും, പാട്ടുകളുടെ അകരാദിയും അതിന്റെ അർത്ഥവും പേജ് നമ്പരും, പുറനാനൂറിലെ വരികളെക്കുറിച്ചും അവസാനമായി *തെറ്റും തിരുത്തും, പുറനാനൂറും ശാസനങ്ങളും* ചേർത്ത് വിശദീകരിച്ചിരിക്കുന്നു.

വ്യാഖ്യാനമില്ലാതിരുന്ന പാട്ടുകൾക്ക് വ്യാഖ്യാനമെഴുതിയും പുതിയ വിവരങ്ങൾ ചേർത്തും ഉ.വ.സ്വാമിനാഥയ്യരാണ് പുറനാനൂറിന്റെ രണ്ടാം പതിപ്പ് (1923) പുറത്തിറക്കിയത്. അദ്ദേഹത്തിന്റെ തന്നെ മൂന്നാം പതിപ്പിൽ (1935) ആവശ്യം വേണ്ട കുറിപ്പുകളോടും പുറനാനൂറിലെ അളവു തൂക്കങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ഉ.വേ.സ്വാമിനാഥയ്യരുടെ മരണശേഷമാണ് നാലാംപതിപ്പ് 1950 ൽ പ്രസിദ്ധീകരിക്കുന്നത്. തുടർന്ന് 1956, 1963, 1971 എന്നീ വർഷങ്ങളിൽ പുതിയ പതിപ്പുകൾ പുറത്തിറങ്ങി.

ഉ.വേ.സ്വാമിനാഥയ്യർക്കു ശേഷം പുറനാനൂറ് പ്രസിദ്ധീകരിച്ചത് തിരുനെൽവേലി ശൈവസിദ്ധാന്ത നൂർപതിപ്പകത്തിനിന്നും അവ്വൈ ദുരൈസ്വാമിപ്പിളയാണ്. ദരൈസ്വാമിക്ക് കിട്ടിയ താളിയോലകളും ഉ.വ്വേ. സ്വാമിനാഥയ്യരുടെ പതിപ്പും താരതമ്യം ചെയ്ത്, പാട്ടുകൾ പൂർണ്ണമാക്കിയുമാണ് 1947 ൽ 200 പാട്ടുകൾ ചേർത്ത് ഒന്നാം ഭാഗത്തെയും 1951 ൽ ശേഷിക്കുന്ന ഇരുനൂറ് പാട്ടുകൾ ചേർത്ത് രണ്ടാം ഭാഗത്തെയും പ്രസിദ്ധീകരിച്ചത്. വ്യാഖ്യാനം ഇല്ലാത്ത പാട്ടുകൾക്ക് ഇദ്ദേഹം തന്നെ വ്യാഖ്യാനം കൊടുത്തിരിക്കുന്നു. ഈ പതിപ്പിന്റെ പ്രധാന സവിശേഷത, ഉ.വ്വേ. സ്വാമിനാഥയ്യർക്ക് പൂരിപ്പിക്കാൻ കഴിയാത്ത കവികളുടെ പേരുകളും അപൂർണ്ണങ്ങളായ വരികളും പറ്റാവുന്നത്ര പൂർത്തികരിക്കാൻ ശ്രമിച്ചു എന്നുള്ളതാണ്. ഒന്നാം പതിപ്പിന് 1952, 1960, 1964, 1967, 1971, 1973 എന്നീ വർഷങ്ങളിലും രണ്ടാം പതിപ്പിന് 1956, 1962, 1962, 1972 എന്നീ വർഷങ്ങളിലും തുടർപ്പതിപ്പുകൾ പുറത്തിറങ്ങി.

1955ൽ ലളിത വ്യാഖ്യാനത്തോടാകൂടി പുറത്തിറങ്ങിയ പെരുമഴൈപ്പുലവൻ പോ.വേ. സേമസുന്ദരൻ പതിപ്പ്, 1958 ൽ ഗവേഷണ പ്രാധാന്യമില്ലാതെ വിദ്യാർത്ഥികൾക്കുവേണ്ടി നിർമ്മിച്ച *കേസിൻ* പതിപ്പും 1998 ൽ സ്വന്തം വ്യാഖ്യാനത്തോടകൂടി പുറത്തിറങ്ങിയ *മാണി കൃവാസകൻ* പതിപ്പും 1999 ലെ *അ.മാണിക്ക്യനാർ* പതിപ്പും, 2004 ലെ *അ.മ. പരിമണം, കു.വെ.ബാല സുബ്രഹ്മണ്യം* എന്നിവരുടെ പതിപ്പും പുറനാനൂറിന്റെ ശ്രദ്ധിക്കപ്പെട്ട പ്രസിദ്ധീ കരണങ്ങളാണ്. മലയാളത്തിൽ പുറനാനൂറിനുണ്ടായ ഏറ്റവും മികച്ച പ്രസാധനം ഗവേഷണ പ്രാധാ ന്യത്തോടെ 1969 ൽ വി.ആർ. പരമേശ്വരൻ പിള്ള ഭാഷാന്തരം ചെയ്ത് കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച പതിപ്പാണ്.

### 1.5 ഐങ്കുറുനൂറ്

1903 ൽ ഉ.വേ. സ്വാമിനാഥയ്യരാണ് ഐങ്കുറുനൂറ് ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. പല കൈയ്യെഴുത്ത് പ്രതികൾ പരിശോധിച്ചും പാഠഭേദങ്ങൾ താരതമ്യം ചെയ്തും പഴയ വ്യാഖ്യാ ന ത്തോടുകൂടിയുമാണ് ഈ പതിപ്പ് പുറത്തിറത്തിറക്കിയത്. പിന്നീട് 1920, 1944, 1949 കളിൽ വന്ന പതിപ്പുകൾ പിൽക്കാലത്തു ലഭിച്ച കൈയ്യെഴുത്ത് പ്രതികൾ താരതമ്യം ചെയ്തു പരി ഷ്കരിച്ചാണ് പുറത്തിറക്കിയത്. ആഴ്വാർ തിരുനാകരിയിലുള്ള *ശ്രീ.തേ. ലക്ഷ്മണ കവിരാ യരിൽ* നിന്ന് കിട്ടിയ മൂലവും കുറിപ്പുകളും *ജെ.എം. വേലുപ്പിള്ളയുടെ* പക്കലുണ്ടായിരുന്ന മൂലവും കുറിപ്പുകളും *തിരുനിലൈ വിദ്വാൻ ശ്രീഷൺമുഖം പിള്ള*യിൽ നിന്നുകിട്ടിയ മൂലവും കുറിപ്പുകളുമാണ് പരിശോധനയ്ക്കായി ഉ.വ്വേ. സ്വാമിനാഥൈയ്യർ ഉപയോഗിച്ചത്. ഐങ്കുറു നൂറിന്റെ കൈയ്യെഴുത്തു പ്രതികളിലെ വ്യാഖ്യാനത്തിന്റെ സ്വഭാവം കണ്ട് അത് *പേരാശ്രിയർ നച്ചിനാർക്കിനിയർ, പേരിമേഴ്അഴകർ* എന്നിവരുടെ വ്യാഖ്യാനമാകാമെന്ന് കരുതുന്നു.

### 1.6. പതിറ്റുപ്പത്ത്

ആദ്യത്തെപത്തും അവസാനത്തെ പത്തും കണ്ടുക്കിട്ടിയില്ലാത്ത പതിറ്റുപ്പത്തിന്റെ ആദ്യ പതിപ്പ് ഉ.വേ.സ്വാമിനാഥയ്യർ 1904 ലാണ് പ്രസിദ്ധീകരിക്കുന്നത്. കണ്ടുകിട്ടിയ പ്രതിയിൽ മൂലത്തിന്റെ പലഭാഗവും വ്യാഖ്യാനവും നശിച്ചരീതിയിലാണ്, ഇതേപോലെ തന്നെ യാതൊരു മാറ്റവും കൂടാതെയാണ് ആദ്യപതിപ്പ് പുറത്തിറക്കിയത്. ഈ പതിപ്പിനുശേഷം കണ്ടുകിട്ടിയ കയ്യെഴുത്തുപ്രതികളെ മുൻനിർത്തി പരിശോധിച്ച് വിട്ടുപോയ ഭാഗം പൂർത്തീകരിച്ചാണ് പുതിയ പതിപ്പുകൾ പുറത്തിറക്കിയത്. ഉ.വേ. സ്വാമിനാഥയ്യരുടെ പഴയവ്യാഖ്യാനത്തോ ടെയും കുറിപ്പുകളോടുമുള്ള *മു.രാഖവയ്യരുടെ* പതിപ്പ് (1947) *ഒ.വൈ സു. തുരൈസ്വാമിപ്പിള്ള*യുടെ വ്യാഖ്യാനത്തോടെയുള്ള പതിപ്പ് (1950) *ഈഴത്തമിഴ് പുലവർ അരളും പലവനാരു*ടെ രണ്ട് ഭാഗങ്ങളടങ്ങിയ പതിപ്പ് (1960, 1963), *മി. പൊൻരാമനാഥൻ ചെട്ടിയാരു*ടെ പതിപ്പ്. *പുലി യൂർക്കോസികന്റെ* വ്യാഖ്യാനത്തോടൊപ്പമുള്ള പതിപ്പ് (1974) *പുലവർ അ. മാണിക്കളാർ* പതിപ്പ് (1999) *കോവിലൂർ മടാലയ അതീനം പതിപ്പ്* (2003) *ന്യസെഞ്ചറി ബുക്ക് ഹൗസ്* പതിപ്പ് (2004) എന്നിവ വ്യാഖ്യാനങ്ങളോടുകൂടിയ പതിറ്റുപ്പത്തിന്റെ ഏറെ ശ്രദ്ധിക്കപ്പെട്ട പതിപ്പുകളാണ്. പതിറ്റുപ്പത്തിന്റെ മൂലം മാത്രമായി പുറത്തിറങ്ങിയ പ്രധാന പതിപ്പുകൾ ശൈവസിദ്ധാന്തകഴകത്തിന്റെ *മകാകാമരാജം പതിപ്പ്* (1940) *മറ്റേതസ് രാജം പതിപ്പ്* (1957) *പാരിനിലെയം പതിപ്പ്* (1967), *ന്യൂസെഞ്ചറി ബുക്ക് ഹൗസ് പതിപ്പ്* (1981) എന്നിവയാണ്. മലയാളത്തിൽ പതിറ്റുപത്തിലുണ്ടായ ശ്രദ്ധേയമായ വ്യാഖ്യാനം വി.ആർ. പരമേശ്വരൻ പിള്ള ലിപ്യന്തരണം ചെയ്ത് കേരള സാഹിത്യ അക്കാദമി 1997 ൽ പ്രസാധനം ചെയ്തതാണ്.

**1.7. കുറുന്തൊകൈ**

*തിരുകണ്ണപുരം ഗൗരിപെരുമാൾ അരാങ്കരനാ*ണ് 1915 ൽ ആദ്യമായി കുറുന്തൊക പ്രസിദ്ധീകരിക്കുന്നത്. തുടർന്ന് 1933 ൽ *അരുണാചൽദേശിക*രും 1937 ൽ *ഉ.വേ. സ്വാമിനാഥയ്യ*രും 1940 *വൈയ്യാപുരിപിള്ള*യും 1985 ൽ *മു.ഷൺമുഖപിള്ള*യുടെ 1993 ൽ *മാ.രാഘവയ്യങ്കരു*ടെവ്യാഖ്യാനത്തോടുകൂടിയും പുറത്തുവന്നു.

**1.8. നറ്റിണൈ**

*പിണത്തൂർനാരായണ സ്വാമി*യാണ് 1915 ൽ നറ്റിണ പുറത്തിറക്കുന്നത്. അതിനുശേഷം ശ്രീ സ്വാമി വേദാചലം, ഉ.വ്വേ സ്വാമിനാഥയ്യർ ശ്രീമാൻ തി.ത. കനകസുന്ദരം പിള്ള ഉ.വ്വെ ദുരൈ സ്വാമിപിള്ള എന്നിവർ ഒന്നാം ഭാഗവും (1966) രണ്ടാം ഭാഗവും (1968) പ്രസിദ്ധീകരിച്ചു. മധുരയിലെ *സംഘത്തമിഴി*ൽ നിന്ന് പാട്ടിന്റെ ടിപ്പണിയോട് കൂടിയാണ് *പിണത്തൂർ നാരായണസ്വാമി* നറ്റിണ പ്രസിദ്ധീകരിക്കുന്നത്.

**1.9. പരിപാടൽ**

1918 ൽ *ഉ.വെ.സ്വാമിനാഥയ്യർ* പരിമേലഴകരുടെ വ്യാഖ്യാനത്തോടൊപ്പം തന്റെ കുറിപ്പുകളോടെയും *പരിപാടൽ* ആദ്യമായി പ്രസിദ്ധീകരിച്ചു. അതിനുശേഷം ശൈവിസിദ്ധാന്ത നൂർപതിപ്പ്ക്കഴകം 1957 ൽ പ്രസിദ്ധീകരിച്ച പോ.വേ സ്വാമസുന്ദരനാരുടെ വ്യാഖ്യാനത്തോടെയുള്ള പതിപ്പാണ് പുറത്തുവന്നത്. പരിമേലഴകരുടെ വ്യാഖ്യാനവും ഇതോടൊപ്പം ചേർത്തിരുന്നു. പിന്നീട് പുലിയൂർക്കോശികന്റേതായി വന്ന (1962) (1971) (1981) *പരിപാടലി*ന്റെ കേവിലൂർ പതിപ്പുകൾ ശ്രദ്ധിക്കപ്പെട്ടവയാണ്.

**1.10. അകനാനൂറ്**

അകനാനൂറിന്റെ മൂലവും പഴയവ്യാഖ്യാനവും കൂടി 1918 ൽ *ഉ.വേ. രാഘവയ്യങ്കാരു*ടെ കുറിപ്പോടുകൂടിയാണ് പുറത്തുവരുന്നത്. രാഘവയ്യങ്കാരുടെ സംശോധനയോടുകൂടി 1923 ൽ പുറനാനൂറിന്റെ മറ്റൊരു പതിപ്പ് പുറത്തിറങ്ങി, മൂലവും പഴയവ്യാഖ്യാനവും കൂടി പേ. രാജഗോപാലയ്യങ്കരാണ് ഇത് പ്രസിദ്ധീകരിച്ചത്. 'അകം' 'പുറം' എന്തെന്ന് വിശദമാക്കിയിരിക്കുന്നു. സംസ്കൃതസാഹിത്യത്തിൽ വരുന്ന 'അകം' സാഹിത്യസിദ്ധാന്തങ്ങളുമായി താരതമ്യം ചെയ്ത് വിവരിച്ചിരിക്കുന്നു. അകനാനൂറ് എന്ന കൃതിയുടെ പേരിനെപറ്റി വിശദമാക്കിയിരിക്കുന്നു. പാടിയ കവികളെയും, പാട്ടിനെപറ്റിയും പാട്ടു സമാഹരിച്ചവരെപറ്റിയും, പാട്ടുകളുടെ എണ്ണവും തിണയും 'അകം' എന്നതിനെക്കുറിച്ച് അകനാനൂറിലെ പാട്ടുകളുടെ ഉദാഹരണത്തോടെയും, അക്കാലത്തെ ജനജീവിതത്തെപ്പറ്റിയും, പ്രസ്തുത പതിപ്പ് തയ്യാറാക്കുന്നതിനു വേണ്ടി ഉപയോഗിച്ച പുസ്തകങ്ങളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു എന്നിവയാണ് ഈ പതിപ്പിന്റെ പ്രധാനസവിശേഷതകൾ. പിന്നീട് അകനാനൂറിന്റേതായി വന്ന പ്രസിദ്ധപതിപ്പുകൾ *ന.മൂവേങ്കടസ്വാമിനാട്ടാ*രും, *രാ.വേങ്കടാചലപിള്ള*യും ചേർത്ത് അർത്ഥവും വ്യാഖ്യാനവും എഴുതി 1945 പ്രസിദ്ധീകരിച്ച പതിപ്പും 1966 ൽ *ശൈവസിദ്ധാന്തകഴകം* മൂന്നു ഭാഗങ്ങളായി പ്രസിദ്ധികരിച്ച *പെരുമാഴൈപുഴവർ പോ.ക്കേ.വേ സോമസുന്ദരനാരു*ടെ വ്യാഖ്യാനത്തോടെയുള്ള പതിപ്പുമാണ്. 1990 ൽ മൂന്നുഭാഗങ്ങളായി *ഉ.വ്വേ.സ്വാമിനാഥയ്യ*രും അകനാനൂറ് പ്രസിദ്ധീകരിച്ചു.

## അനുബന്ധം – II
## ചേരനാട്ടു കവികളും പാടപ്പെട്ട പാട്ടുകളും

| എണ്ണം | കവി | പാടപ്പെട്ട പാട്ടുകൾ |
|---|---|---|
| 1. | അമ്മൂവനാർ | നറ്റി. 4, 35, 76, 138, 275, 307, 315, 327, 395, 397. |
| | | കുറു. 49, 125, 163, 303, 306, 318, 327, 340, 351, 397, 401. |
| | | ഐങ്കു. 101 മുതൽ 200 വരെ. |
| | | അകം. 10, 35, 140, 280, 370, 390 |
| 2. | അരചിൽ കിഴാർ | കുറു. 193. |
| | | പുറം. 146, 230, 281, 285, 300, 304, 342. |
| | | പതി. 61 മുതൽ 70 വരെ. |
| 3. | ഒതലാന്തൈയാർ | ഐങ്കു. 301 മുതൽ 400 വരെ. |
| | | കുറു. 12, 21, 329. |
| 4. | ഓരംപോകിയാർ | നറ്റി. 20, 360. |
| | | കുറു. 10, 70, 122, 127, 384. |
| | | ഐങ്കു. 1 മുതൽ 100 വരെ. |
| | | അകം. 286, 316. |
| | | പുറം. 284. |
| 5. | ഔവ്വൈയാർ | നറ്റി. 129, 187, 295, 371, 381, 390, 394. |
| | | കുറു. 15, 23, 28, 29, 39, 43, 80, 91, 99, 102, 158, 183, 200, 364, 388. |
| | | അകം. 11, 147, 273, 303. |
| | | പുറം. 87 മുതൽ 104 വരെ, 140, 187, 206, 231, 232, 235, 269, 286, 290, 295, 311, 315, 367, 390, 392. |
| 6. | കപിലർ | നറ്റി. 1, 13, 32, 59, 65, 77, 217, 222, 225, 253, 267, 291, 309, 320, 336, 353, 359, 368, 373, 376. |
| | | കുറു. 13, 18, 25, 38, 42, 87, 95, 100, 106, 115, 121, 142, 153, 187, 198, 208, 225, 241, 246, 249, 264, 288, 291, 312, 355,351, 361, 385. |
| | | ഐങ്കു. 201 മുതൽ 300 വരെ. |
| | | പതി. 61 മുതൽ 70 വരെ. |
| | | പുറം. 8, 14, 105, 106, 107, 108, 109, 110, 111, 113, 114, 115, 116, 117, 118, 119, 120, 121, 122, 123, 124, 143, 200, 201, 202, 236, 337, 347. |

| | | | |
|---|---|---|---|
| | | കലി. | 37 മുതൽ 65 വരെ. |
| | | അകം. | 2, 12, 18, 42, 82, 118, 128, 158, 182, 203,218, 238, 248, 278, 292, 318, 332, 382 |
| 7. | കഴത്തലയാർ | പുറം. | 62, 65, 270, 288, 289, 368. |
| 8. | കാപ്പിയാറ്റ് കാപ്പിയനാർ | പതി. | 31 മുതൽ 40 വരെ. |
| 9. | കുണ്ടുകട് പാലിയതനാർ | നറ്റി. | 220. |
| | | പുറം. | 387. |
| 10. | കുമട്ടൂർ കണ്ണനാർ | പതി. | 11 മുതൽ 20 വരെ. |
| 11. | കുറുങ്കോഴിയൂർ കിഴാർ | പുറം. | 17, 20, 22. |
| 12. | കൂടലൂർ കിഴാർ | കുറു. | 166, 167, 214. |
| | | പുറം. | 229. |
| 13. | ചേരമാൻ കണൈക്കാൽ ഇരുമ്പൊറൈ | പുറം. | 74. |
| 14. | ചേരമാൻ കോട്ടമ്പലത്ത്തുഞ്ചിയ മാകോതൈ | പുറം. | 245. |
| 15. | നക്കീരർ | നറ്റി. | 31, 86, 197, 258, 340, 350, 367. |
| | | കുറു. | 78, 105, 143, 161, 266, 280, 368. |
| | | അകം. | 36, 57, 78, 93, 120, 126, 141, 205, 227, 249, 253, 290, 310, 346. |
| | | തിരുമുരുകാറ്റുപ്പട മുഴുവനും | |
| | | നെടുനെൽവാട മുഴുവനും | |
| 15. | പാലൈ ഗൗതമനാർ | പതി. | 21 മുതൽ 30 വരെ |
| 16. | പരണർ | നറ്റി. | 6, 100, 201, 247, 260, 265, 270 280, 300, 310, 350, 356. |
| | | കുറു. | 19, 24, 36, 60, 73, 89, 120, 128, 165, 199, 258, 259, 292, 298, 328, 393, 399. |
| | | പതി. | 41 മുതൽ 50 വരെ |
| | | അകം. | 6, 62, 76, 116, 122, 125, 135, 142, 148, 150, 162, 178, 181, 186, 196, 198, 208, 212, 222, 226, 236, 246, 258, 262, 266, 276, 322, 326, 356, 367, 372, 376, 386, 396. |
| | | പുറം. | 4, 63, 141, 142, 144, 145, 336, 341, 343, 348, 352, 354, 369. |
| 17. | കാക്കൈപ്പാടിനിയാർനച്ചെള്ളൈയാർ | കുറു. | 210. |
| | | പതി. | 51 മുതൽ 60 വരെ |
| | | പുറം. | 278. |
| 18. | പെരും ചാത്തനാർ | കുറു. | 263. |
| 19. | പൊരുന്തിൽ ഇളങ്കീരനാർ | അകം. | 19, 351. |
| | | പുറം. | 53. |
| 20. | പെരുങ്കന്നൂർ കിഴാർ | നറ്റി. | 5, 112, 119, 347. |
| | | കുറു. | 338. |
| | | പതി. | 71 മുതൽ 80 വരെ. |
| | | പുറം. | 147, 210, 211, 266, 318. |
| | | അകം. | 8. |

| | | | |
|---|---|---|---|
| 21. | പേയ് മകൾ ഇളവെയനി | പുറം. | 11. |
| 22. | പേയനാർ | കുറു. | 223, 339, 359, 400. |
| | | ഐങ്കു. | 401 മുതൽ 500 വരെ. |
| | | അകം. | 234. |
| 23. | പാലൈപാടിയ പെറും കടുംകേ | നറ്റി. | 9, 48, 118, 202, 224, 256, 318, 337, 384, 391. |
| | | കുറു. | 16, 37, 124, 135, 209, 231, 262, 283, 398. |
| | | കലി. | 2 മുതൽ 36 വരെ. |
| | | അകം. | 5, 99, 11, 155, 185, 223, 261, 267, 291, 313, 337, 379 |
| | | പുറം. | 282. |
| 24. | മുരഞ്ചിയൂർ മുടിനാകരായർ | പുറം. | 2. |
| 25. | മാങ്കുടി മരുതനാർ | | |
| 26. | മുടമോചിയാർ | പുറം. | 241, 374, 375. |
| 27. | മോചി കീരനാർ | നറ്റി. | 342. |
| | | കുറു. | 59, 84. |
| | | അകം. | 392. |
| | | പുറം. | 50, 154, 155, 156, 186. |
| 28. | പൊയ്കയാർ | നറ്റി. | 18. |
| | | പുറം. | 48, 49. |

# അനുബന്ധം III
## സംഘകാല ചേരരാജാക്കന്മാർ

സംഘപാട്ടുകളിൽ ചേരരാജാക്കന്മാർ എപ്രകാരമാണ് പരാമർശിക്കപ്പെടുന്നതെന്നും ആ പാട്ടുകൾ ഏതൊക്കെയാണെന്നും പരിശോധിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

### 3.1 കരവൂർ ഏറിയ ഒൾവാൾ കോപ്പെരുഞ്ചേരലിരുമ്പൊറൈ

എരുമയുടെ വടിവുള്ള കരിംപാറകൾ നിറഞ്ഞ വിശാലമായ സ്ഥലം തോറും ആനകൾ കൂട്ടംകൂട്ടമായി നടക്കുന്ന മഹാവനത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന നാട്ടിനു നാഥനായുള്ളവനാണ് കോപ്പെരുഞ്ചേരലിരുമ്പൊറൈ എന്ന് പുറനാനൂറ് അഞ്ചാം പാട്ടിൽ ഇപ്രകാരം പാടുന്നു;

"എരുമൈയന്ന കരുങ്കല്ലിടൈതോ
റാനിർ പരക്കും യാനൈയ മുൻപിർ
കാനക നാടനൈ നീയോംപരുമ" (പുറം 5:1-2)

കരവൂർ എന്ന നഗരത്തിലേക്ക് പടപുറപ്പെട്ട് കരവൂർ ഭരിച്ചിരുന്ന രാജാവിനെ ജയിച്ച് ചേരഭരണം കൊണ്ടുവന്നതിനാലാണ് കോപ്പെരുഞ്ചേരലിരുമ്പൊയൈരുടെ പേരിന്റെ മുമ്പിലെ "കരവൂർ ഏറിയ" എന്ന വിശേഷണം. കരിങ്കൽ പാറകളും പെരുംപാറകളും കുന്നുകളും ഉള്ള ഭാഗത്ത് വാണിരുന്നതുകൊണ്ടാണ് ഇരുമ്പൊറൈ (ഇരുമ്പൊറൈ = ഇരുപെരിയ, വലിയ; പൊറൈ - കല, പറ്റ, കുന്ന്, മല) എന്ന് പേരിനോടൊപ്പം വിശേഷണം ഇദ്ദേഹത്തിന് കിട്ടിയത്. കോപ്പെരുഞ്ചേരലിരുമ്പൊലൈയുടെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ മക്കൾ രാജ്യത്തിന്റെ വ്യാപ്തികൂട്ടാൻ ശ്രമിച്ചു. ഇത് അന്തുവൻ ചേരലും, ഉതിയൻ ചേരലുമാകാം എന്ന് വി.പി. പുരുഷോത്തം അനുമാനിക്കുന്നു.[1] അന്തുവൻ ചേരലിരുമ്പൊറൈ കരവൂരിനെ ഭരണം നടത്തുകയും ഉതിയൻചേരലാതൻ ചേരനാടിന്റെ വ്യാപ്തിക്കൂട്ടാൻ ശ്രമിക്കുകയും ചെയ്തു.

### 3.2 ഉതിയൻ ചേരലാതൻ

സംഘസാഹിത്യത്തിൽ എട്ടുപാട്ടുകളിൽ ഉതിയൻ ചേരലാതനെപറ്റി പാടുന്നു. ഉതിയൻ, ഉതിയൻ ചേരൽ, ചേരലാതൻ, പെരുഞ്ചേരലാതൻ, പെരുഞ്ചോറ്റുതിയൻ ചേരലതാൻ എന്നീ പേരുകളിലാണ് അദ്ദേഹത്തെ സംഘം പാട്ടുകളിൽ പാടിയിരിക്കുന്നത്. ഉതിയൻ ചേരലാതന്റെ ഭാര്യ നല്ലിനിയാണെന്നും മകൻ ഇമയവരമ്പൻ പെരുഞ്ചേരലാതനാണെന്നും പതിറ്റുപ്പത്ത് രണ്ടാം പതികത്തിൽ പാടുന്നുണ്ട്.

രാജ്യവിസ്തൃതി കൂട്ടാൻ നിരന്തരം പരിശ്രമിച്ച രാജാവാണ് ഉതിയൻ ചേരലാതൻ, ഇതേപറ്റി അകനാനൂറിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

"നാടുകൺ അകറ്റിയ ഉതിയൻചേരൽ
പാടിചെൻറ പരിസിലർ പോല
ഉവ!" (അകം 65: 5-7)

ശത്രുക്കളെ അടിച്ചമർത്തുന്നതിനെപറ്റിയുള്ള സൂചനയും *നറ്റിണ*യിൽ കാണുന്നുണ്ട് (നറ്റി. 113:9-11)

പശുക്കൾ, പാൽ, തൈര്, മോര്, വെണ്ണ എന്നിവയാൽ സമൃദ്ധിയായ കുഴുമൂരിലെ

ജനങ്ങൾക്ക് അദ്ദേഹം പൂർവ്വികരുടെ സ്മരണാർത്ഥം പെരുഞ്ചോർ (Big Feed)) കൊടുത്തു. അതുകൊണ്ടാണ് ഉതിയാൻ ചേരലാതന് പെരുഞ്ചോറ്റുതിയൻ ചേരലാതൻ എന്ന് പേര് വന്നത് (അകം 168: 4-8). *മാമൂലനാരു*ടെ അകംപാട്ടിൽ, മറവർ പടയും കുതിരപ്പടയും ശക്തിയും പുകഴും ഉള്ള പൂർവ്വകരെ പ്രാർത്ഥിക്കുന്നതിനുവേണ്ടി ഉതിയൻ പെരുഞ്ചോറ്റു നടത്തിയെന്ന് പാടുന്നു;

"പറപ്പടൈക്കുതിരൈ മാനമൈന്തിൻ
തുറക്കും എയ്തിയ തൊയ്യാനല്ലിചൈ
മുതിയർപ് പേണിയ ഉതിയചേരൽ
പെരുഞ്ചോറ്റു കൊടുത്ത ഞാൻറൈ ഇരുമ്പൽ
കൂളിച്ചുറ്റും കുഴിള്ള ന്താങ്കു." (അകം 233:6-11)

എന്നാൽ *മുറഞ്ചിയൂർ മുടിനാകരയാർ* എന്ന കവി ഭാരതയുദ്ധത്തിൽ കൗരവർക്കും പാണ്ഡവർക്കും ഉതിയൻ ചേരലതൻ പെരുഞ്ചോറ് കൊടുത്തു എന്ന് പാടുന്നു. (അകം: 2)

ചേരമാൻ പെരുഞ്ചേരലാതനെ പറ്റിയുള്ള ദു:ഖാർത്ഥമായ മൂന്നുപാട്ടുകളാണ് *പുറം, അകം, പുറം* എന്നീ ക്രമത്തിൽ സംഘസാഹിത്യത്തിലുള്ളത്. പെരുഞ്ചേരലാതൻ ചോഴൻ കരിങ്കാല പെരുവഴത്താനോട് വെണ്ണിയുദ്ധത്തിൽ വച്ച് മുതുകിൽ മുറിവേറ്റതിനാൽ മുതുക് കാട്ടി ഓടി അപമാനം കൊണ്ട് അദ്ദേഹം പോർക്കളത്തിൽത്തന്നെ വടക്കുനോക്കി ഉണ്ണാവ്യതമെടുത്ത് മരിച്ചു, ഇതേപറ്റി പുറംപാട്ട് 65 ലും അകപ്പാട്ട് 55 ലും പുറപ്പാട്ട് 66 ലും പരാമർശങ്ങളുണ്ട്.

ചോഴൻ കരികാല വളവനോട് വെണ്ണിയിൽ യുദ്ധംചെയ്ത് പുറത്ത് മുറിവേറ്റ് വടക്കിരുന്ന ചേരരാജാവ്, *പെരുഞ്ചേരലാതനാ*ണെന്ന് പുറം 65-ാം പാട്ടിൽ പാടുന്നു. അകം 55-ാം പാട്ടിൽ *ചേരലാതനെ*ന്നുമാണ് കാണുന്നത്. അതുകൊണ്ട് *പെരുഞ്ചേരലാതൻ, ചേരലാതൻ* എന്നിവർ രണ്ടാളാണെന്നുള്ള സംശയം വരാം. സംഘസാഹിത്യത്തിൽ ചേരലാതൻ എന്ന പേര് അഞ്ച് ചേരരാജാക്കന്മാരുടെ പേരിൽ കാണുന്നുണ്ട്:

i. ചേരമാൻ പെരുഞ്ചോറ്റുതിയൻ ചേരലാതൻ (പുറം. 2)
ii. ചേരമാൻ പെരുഞ്ചേരലാതൻ (പുറം. 65)
iii. ചേരമാൻ കുടക്കോ നെടും ചേരലാതൻ (പതി.11:20, പുറം. 62, 63, 68,അകം. 127,347)
iv. ആടുകോട് പാട് ചേരലാതൻ (പതി. 51, 61)
v. ചേരമാൻ ചെല്വകടുംകോ വാഴിയാതൻ (പുറം. 8:5)

ഇവരിൽ ചെലവകടുംകോ വാഴിയാതനെ *കടന്തടുതാനൈ ചേരലാതൻ* എന്ന് കപിലർ വിളിക്കുന്നുണ്ടെങ്കിലും വാഴിയാതൻ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നതുകൊണ്ട് അദ്ദേഹം *പെരുഞ്ചേരലാതന*ല്ലയെന്ന് മനസ്സിലാക്കാം. ചേരമാൻ കുടക്കോനെടുഞ്ചേരലാതൻ ചോഴൻ വേൽപല്ല് തടക്കൈ പെരുനെർക്കിള്ളിയോട് യുദ്ധം ചെയ്ത് രണ്ട് രാജാക്കന്മാരും യുദ്ധക്കളത്തിൽ പടവീരന്മാരോട് ഒപ്പം മരിച്ചുപോയി. ഈ സംഭവത്തെ കഴത്തലയാർ പുറം. 62 ൽ പാടുന്നുണ്ട്. ഈ കവി തന്നെ ചേരമാൻ *പെരുഞ്ചേരിലാതൻ* കരി

കാലവളത്താനോട് തോറ്റ് വടക്കിരുന്നുവെന്ന് പുറം. 65 ലും പാടുന്നുണ്ട്. അതുകൊണ്ട് നെടുഞ്ചേരലാതനും പെരുഞ്ചേരലാതനും വെവ്വേറെ രാജാക്കന്മാരാണെന്ന് വ്യക്താമാകുന്നു. കൂടാതെ ഓരേ കവി തന്നെ രണ്ടു ചേരർകളെ പറ്റി പാടുന്നതുകൊണ്ട് രണ്ടു രാജാക്കന്മാരും സമകാലീന്മാരണെന്നും മനസ്സിലാക്കാം. നെടുഞ്ചേരലാതന്റെ അച്ഛനാണ് ചേരമാൻ പെരുഞ്ചോറ്റുതിയൻ ചേരലതാൻ (പതി. പതികം.2) നെടുഞ്ചേരലാതന്റെ മകൻ ആട് കോട് പാട്ട് ചേരലാതൻ (പതി.പതികം.6) അതുകൊണ്ട് *പെരുഞ്ചേരലാതൻ* എന്ന രാജാവ് ഉതിയൻ ചേരലാതനോ ആട് കോട് പാട് ചേരലാതനോ ആകാം എന്ന് പുരുഷോത്തം ഊഹിക്കുന്നു.[2] പുറനാനൂറ് 65-ാം പാട്ടിന്റെ അടിക്കുറിപ്പിൽ *പെരുഞ്ചേരലാതൻ* എന്ന പേരിന് ബദലായി 'പെരുൻതോളാതൻ' എന്ന പേര് ചില താളിയോലകളിൽ കാണുന്നുണ്ട്[3]

ആട് കോട് പാട് ചേലാതൻ തുണങ്കൈക്കൂത്തിൽ സ്ത്രീകളോടൊപ്പം നൃത്തംചെയ്തെന്ന് പതിറ്റുപ്പത്ത് 52-ാം പാട്ടിലും പോർക്കളത്തിൽ വാളുയർത്തി ആടിയിരുന്നുവെന്ന് പതിറ്റുപ്പത്ത് 56-ാം പാട്ടിലും പാടുന്നു. ഇക്കാരണങ്ങളാൽ ആട് കോട് പാട് ചേരലതനാണ് പെരുഞ്ചേരലാതൻ എന്ന് കെ.ജി. ശേഷയ്യരും[4] കെ.എ.നീലകണ്ഠശാസ്ത്രിയും പറയുന്നു. കഴത്തലൈയാറിന്റെ കാലഘട്ടം പരിശോധിക്കുമ്പോൾ ഈ കവിയാൽ പുറം. 65-ാം പാട്ടിൽ പാടപ്പെട്ട പെരുഞ്ചേരലാതൻ നെടുഞ്ചേലാതനുമുമ്പുള്ള തലമുറയിൽ ജീവിച്ചിരുന്നുവെന്ന് മനസ്സിലാക്കാം.

നെടുഞ്ചേരലാതനും ചെൽവകടുംകോ വായിയാതനും അളിയന്മാരായതിനാൽ സമകാലീനരാണ് (പതി.പതികം 4-8) ചെൽവകടുംകോ വാഴിയാതനെ പറ്റി പാടിയ കഴത്തലയാർ കപിലരുടെ കാലഘട്ടത്തിനുശേഷവും ജീവിച്ചിരുന്നു. നെടുഞ്ചേരലാതൻ കപിലർക്കു മുമ്പും പിമ്പും ജീവിച്ചിരുന്നു. അതുകൊണ്ട് നെടുഞ്ചേരലാതൻ കഴത്തലയാരുടെ കാലഘട്ടമാണെന്ന് മനസ്സിലാക്കാം. (പതി. പതികം 2) നെടുഞ്ചേരലാതന്റെയും അദ്ദേഹത്തിന്റെ പിതാവിന്റെ തലമുറയിലും വാണിരുന്ന കഴത്തലയാർ നെടുഞ്ചേരലാതന്റെ മകനായ ആടുകോട് പാട് ചേരലാതന്റെ മരണംവരെ ജീവിച്ചിരുന്ന് അദ്ദേഹം വടക്കിരുന്നുവെന്ന് കഴത്തനയാർ പാടുന്നത് ശരിയല്ല. അതുകൊണ്ട് പെരുഞ്ചേരലാതൻ എന്ന വ്യക്തി നെടുഞ്ചേരലാതന്റെ അച്ഛനായ പെരുഞ്ചോറ്റുതിയൻ ചേരലാതനാണെന്ന് പറയാം.[5]

ചേരമാൻ അന്തുവൻ ചേരൽ ഇരുമ്പൊറൈ വഞ്ചി (കരവൂർ) യിലിരുന്ന ചേരനാട് ഭരിച്ചിരുന്നപ്പോൾ ഉതിയൻ ചേരലാതൻ കുഴുമൂരിലിരുന്ന് പെരുഞ്ചോറ്റു കൊടുക്കുന്നതിലും ചേരനാടിനെ വികസിപ്പിക്കുന്നതിലും വ്യാപൃതനായിരുന്നു. (അകം. 65:5). അദ്ദേഹം വടക്കോട്ട് പടയെടുത്ത് ചെന്ന് കൊങ്കാണത്തലവനായ നന്നനെ ജയിക്കുകയും നന്നനെ തന്റെ കീഴിലാക്കുകയും ചെയ്തു. അതുകൊണ്ട് നന്നനെ *നന്നൻ ഉതിയൻ* എന്നു അറിയപ്പെട്ടു.[6] ഉതിയൻ ചേരലാതന്റെ ദാനത്തെപറ്റിയും നിരവധി പരാമർശങ്ങൾ അകം പാട്ടുകളിൽ കാണാം (അകം 65:51, അകം 168:52, അകം 233). ചോഴൻ പോർവൈക്കോപ്പെരുനർക്കിള്ളിയുടെ മകളായ നല്ലിനിയാണ് ഉതിയന്റെ ഭാര്യ, ഇവർക്ക് പിറന്ന മകനാണ് ഇമയവരമ്പൻ നെടുഞ്ചേരലതാൻ (പതി. പതികം 2) ഇമയവരമ്പന്റെ സഹോദരനാണ് പല്യാനൈചെൽ കെഴുക്കുട്ടവൻ (പതി. പതികം.3)

### 3.3. അന്തുവൻ ചേരലിരുമ്പൊറൈ

പുറനാനൂറിലെ 13-ാം പാട്ടിലും പതിറ്റുപ്പത്തിലെ ഏഴാംപതികത്തിലും പരാമർശിക്കപ്പെടുന്ന ചേരരാജാവാണ് *ചേരലിരുമ്പൊറൈ*. പുറം 13-ാം പാട്ടിൽ; ചോഴൻ മുടിതലൈ കോപെരുനെർക്കിള്ളി ചേരമാൻ അന്തുവൻ ചേരലിരുമ്പൊറൈയെ കാണുവാനായ് വഞ്ചി നഗരത്തിലേക്ക് പരിവാരങ്ങളോടൊപ്പം വരുന്നത് മുൻകൂട്ടി അറിയിക്കാൻ ഉറൈയൂർ ഏണിച്ചേരി ഉടമോചിയാർ എന്ന കവിയെ അയച്ചിരുന്നു. അന്തുവൻ ചേരലും കവിയും ചോഴന്റെ വരിവിനെകാത്ത് കൊട്ടാരത്തിന്റെ മുകളിൽ നിന്ന് നോക്കിക്കൊണ്ടിരിക്കുമ്പോൾ ചോഴരാജാവ് കയറിവന്നയാനയ്ക്ക് മദം പിടിച്ചുകൊണ്ട് ഓടുന്നതു കാണുന്നു. അപ്പോൾ കവി അദ്ദേഹത്തിന് ഒരാപത്തും കൂടാതെ ഇവിടെ എത്തിച്ചേരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ചോഴൻ മുടിതലൈകോപെരുനർക്കിള്ളി വഞ്ചനഗരത്തിലേക്ക് വരുന്നത് തന്റെ സഹോദരിയായ നല്ലിനിയെ കാണാനാണ്. ഉതിയന്റെ ഭാര്യാസഹോദരനെ വരവേൽക്കാൻ ഉതിയൻ ചേരലാതന്റെ സഹോദരനായ അന്തുവനാണ് വഞ്ചിയിൽ പോകുന്നത്.

### 3.4. നെടുഞ്ചേരിലാതൻ

ഉതിയൻ ചേരലാതനും നല്ലിനിക്കും പിറന്ന മകനാണ് നെടുഞ്ചേരലാതൻ. നെടുഞ്ചേരലാതനെപ്പറ്റി ആകെ പതിനാറ് പാട്ടുകളാണ് സംഘസാഹിത്യത്തിലുള്ളത്. പതിറ്റുപ്പത്തിലെ 2-ാം പത്തിലെ പത്തുപാട്ടുകളും പുറം അകം എന്നിവയിലെ മൂന്നുവീതം പാട്ടുകളും (പുറം 62, 63, 38. അകം 127, 347, 396) അദ്ദേഹത്തിനെപറ്റി പാടുന്നവയിലുൾപ്പെടുന്നു. കൂടാതെ പതിറ്റുപ്പത്തിലെ അഞ്ചാം പതികത്തിൽ ഇദ്ദേഹത്തിന്റെ പേര് പരാമർശിക്കപ്പെടുന്നുണ്ട്. ഇദ്ദേഹം യുദ്ധത്തിൽ അപകടംപറ്റിയപ്പോഴോ അസുഖമായി കിടന്നപ്പോഴോ എഴുതിയ ഒരു പാട്ടും ഉണ്ട്. (അകം 30). നെടുഞ്ചേരലാതന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. *ആവിയകുടിത്തംപനിയപതുമനിൽ മകളും* ചോഴൻ മണക്കിള്ളിയുടെ മകളുമാണവർ. *ആവിയകുടിത്തം പനായ പതുമനിൻ മകളിൽ* ജനിച്ച പുത്രന്മാർ കളങ്കായ്ക്കണ്ണി നാർമുടി ചേരലാതനും ആട്കോട് പാട് ചേരലാതനുമാണ്. ചോഴൻ മണക്കിള്ളിയുടെ മകളിൽ പിറന്ന മകനാണ് ചേരൻ ചെങ്കുട്ടവൻ. നെടുഞ്ചേരലാതൻ *മാന്തൈ* നഗരത്തിലിരുന്നാണ് ഭരണം നടത്തിയിരുന്നത്.

### 3.5 പൽയാനൈചെൽകെഴുക്കുട്ടുവൻ

ആനമലയാൽ ചുറ്റപ്പെട്ട ഉമ്പർക്കാട്ടിലാണ് പൽയാനൈചെൽകെഴുക്കുട്ടുവൻ വാണിരുന്നത്. ഇദ്ദേഹത്തെപ്പറ്റി പാലൈഗൗതമനാർ പതിറ്റുപ്പത്തിന്റെ മൂന്നാം പത്തിൽ പാടിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ പേരിലെ യാനൈചെൽ എന്നത് ആനകൂട്ടത്തെയാണ് കുറിക്കുന്നത്. പല ആനകൂട്ടങ്ങൾ ഉണ്ടായിരുന്നതിനാലാണ് പൽയാനൈ ചെൽകെഴുക്കുട്ടുവനെന്ന പേര് വന്നത്. അകപ്പവൈകളെ നശിപ്പിച്ച് കൊങ്കർ നാടിനെ കൈക്കലാക്കുകയും (പതി.22) അയിരമലൈ തലവനെന്നും പൂഴിയാറിൻ തലവനെന്നും മലവരുടെ സംരക്ഷകനുമാണെന്നും ഇദ്ദേഹത്തെപ്പറ്റി പാട്ടുകളിൽ പാടുന്നു.

### 3.6 ചെൽവകടുംകോ വാഴിയാതൻ

സംഘം പാട്ടുകളിൽ ചെൽവകടുംകോ വാഴിയാതനെ നിരവധി പേരുകളിൽ പരാ

മർശിക്കുന്നുണ്ട്. ചെൽവക്കോ (പതി. 63:16) ചെൽവകോമാൻ (പതി. 67:23) ചെൽവകടുകോ (പുറം. 387:30) വാഴിയാതൻ (പതി. 67:21) കടുംകോവാഴിയാതൻ (പുറം. 8) ചിക്കർപള്ളിത്തുഞ്ചിയ ചെൽവകടുംകോവാഴിയാതൻ (പുറം. 387) ചേരലർ മരുമകൻ (പതി. 63:16) ചേരലാതൻ (പുറം.8:5-6) എന്നീ പേരുകളിൽ ഇദ്ദേഹം സംഘകാവ്യങ്ങളിൽ പരാമർശിക്കപ്പെടുന്നു. പുറനാനൂറിലെ മൂന്ന് പാട്ടുകളിലും (പുറം. 8, 14, 387) പതിറ്റുപ്പത്തിൽ 7-ാം പത്തിലും ചെൽവകടുകോവാഴിയാതനെപറ്റിപാടുന്നുണ്ട്. പതിറ്റുപ്പത്തിൽ 7, 8 പതികങ്ങളിൽ ഇദ്ദേഹത്തെപറ്റി സൂചനകളുണ്ട്. അകം. 14 ൽ പരണരാൽ 'മാന്ത്രംപൊറൈയൻ കടുകോ' എന്ന് സൂചിപ്പിക്കുന്നത് ചെൽവകടുംകോവാഴിയതാനാണെന്ന് ചില തമിഴ് പണ്ഡിതർ പറയുന്നു. പതിറ്റുപ്പത്തിലെ ഏഴാംപതികത്തിൽ ചെൽവകടുംകോ വാഴിയാതനെപറ്റി ഇപ്രകാരമാണ് പറയുന്നത്: "കുറ്റമറ്റ പൗരുഷംകൊണ്ട് ശത്രുക്കളെ മിത്രങ്ങളാക്കിയവനും ശാത്രവിധികളിൽ കറയറ്റ പരിജ്ഞാനം നേടിയവനുമായ അന്തുവൻ ചേരലിന് *തന്ത*യെന്ന നാടുവാഴിയുടെ മകളായ പൊറയൻ മഹാദേവിയിൽ ജനിച്ച്, പല പുതിയ ഗ്രാമങ്ങൾ നാടിന്റെ നാനാഭാഗങ്ങളിലും സ്ഥാപിച്ചതിനുശേഷം അനേകം പോർക്കളങ്ങളിൽ ശത്രുക്കളുമായിപ്പൊരുതി ജയം പ്രാപിച്ചു പോർപെറ്റവനാണ് ചെല്വ കടുംകോ വാഴിയാതൻ". (പതി. പതികം 7)

*ചെൽവോ കടുംകോ* വഞ്ചി നഗരത്തിലിരുന്നാണ് ചേരനാടിനെ ഭരിച്ചിരുന്നത്. (പുറം. 357) *കൊടുമണം, പന്തർ* എന്നീ ഗ്രാമങ്ങൾ ഇദ്ദേഹത്തിന്റെ നാട്ടിലുണ്ടായിരുന്നു. ഈ നാടുകൾ മുത്തിനും ആഭരണത്തിനും പ്രശസ്തി നേടിയവയായിരുന്നു. (പതി. 67) അയിരൈ മലയും നേരിമലയും പൂഴിനാടും ഇദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു (പതി. 678, 70), (പുറം 387). ചെൽവോ കടുംകോവിന്റെ വീരത്തെ സംഘപാട്ടുകൾ പൊതുവായി പ്രശംസിക്കുന്നുണ്ടെങ്കിലും യുദ്ധം ചെയ്തിരുന്നുവെന്ന് പ്രത്യേകിച്ച് തെളിവുകളില്ല.

"ഒരു മുറ്റ് ഇരുവർ ഓക്കീയ ഒൾവാൾ
ചെറ്റുമികു താനൈ ചെൽപോരോയേ" (പതി. 63:11) എന്ന പുകഴ്ത്തൽ സ്തുതിപാടൽ മാത്രമായി കാണാവുന്നതാണ്. ചോഴപാണ്ഡ്യന്മാരെയോ വേറെ രാജാക്കന്മാരെയോ അദ്ദേഹം ജയിച്ചെന്ന് സംഘസാഹിത്യത്തിൽ തെളിവുകളൊന്നുമില്ല. ചേരനാടിനു വേണ്ടി യുദ്ധങ്ങൾ ചെയ്തവൻ ചെൽവകടുംകോ വാഴിയാതന്റെ അളിയനായിരുന്ന നെടുംഞ്ചേരലാതനാണ്. തിരുമാൽ (വിഷ്ണു) ഭക്തനായ ചെൽവകടുംകോ വഴിപാടാർത്ഥം ദാനധർമ്മങ്ങൾ ചെയ്തിരുന്നുവെന്ന് പതി. 64, 70. പതികം 7 എന്നീ പാട്ടുകളിൽ നിന്ന് വ്യക്തമാണ്.

### 3.7. പാലൈപാടിയ പെരുംകടുംകോ

"തൺപൊരുനൈപ്പുനൽ പായും
വിൺപൊരുപുകഴ് വിറൽ വഞ്ചി
പാടൽ ചാൻറ വിറൽ വേന്തുനും മേ"

എന്ന് പുറനാനൂറ് 11-ാം പാട്ടിൽ പാടുന്നതിൽ നിന്ന് ചേരമാൻ പാലൈ പാടിയ പെരുകടുംകോ വഞ്ചിയിലിരുന്നാണ് ചേരനാടിനെ ഭരിച്ചിരുന്നത് മനസ്സിലാക്കാം. ഇദ്ദേഹത്തിനെ പറ്റിപാടുന്ന പുറം 11-ാം പാട്ട്ചെൽവ കടുംകോയെ പറ്റി പാടുന്ന പുറം 8-ാം പാട്ടിനുശേഷം ചേർത്തിരിക്കുന്നതിനാൽ ചെൽവകടുംകോയ്ക്ക് ശേഷമായിരിക്കും പാലൈപാടിയ പെരുംകടുംകോവിന്റെ ഭരണകാലമെന്ന് ഊഹിക്കാം. ചെൽവകടുംകോ അന്തുവിന്റെ

മൂത്ത ഭാര്യയിലും പെരുംകടുംകോ അന്തുവന്റെ രണ്ടാമത്തെ ഭാര്യയിലും പിറന്നമക്കളാണ്. ചെൽവ കടുംകോറിന്റെ മകനായിട്ടുള്ള പെരുഞ്ചേരലിരുമ്പൊറൈയുടെ ചെറുപ്പത്തിൽതന്നെ ചെൽവകടുംകോ വാഴിയാതൻ മരണപ്പെടുകയും പെരുഞ്ചേരലിരുമ്പൊറൈയ്ക്ക് പ്രായപൂർത്തിയായപ്പോൾ പെരുംകടുംകോ ഭരണം *ഇരുമ്പൊറൈക്ക്* കൈമാറുകയും അതിനുശേഷം അദ്ദേഹം കവിതയെഴുത്തിൽ മുഴുകിയിരിക്കുകയും ചെയ്തിരിക്കാം.[7] ഇദ്ദേഹം ആകെ 33 പാട്ടുകൾ സംഘസാഹിത്യത്തിൽ എഴുതിയിരിക്കുന്നു. അകം 12, കുറ്റുന്തൊകൈ-10, നറ്റിണൈ 10, പുറം-1 എന്നിങ്ങനെയാണവ,പ്രണയവിരഹത്തെ/പിരിയലിനെ സൂചിപ്പിക്കുന്ന പാലൈത്തിനെഞ്ചക്കുറിച്ച് കൂടുതൽ പാട്ട് പാടിയതുകൊണ്ടാണ് അദ്ദേഹത്തെ പാലൈ പാടിയ പെരുംകടുങ്കോ എന്ന് അറിയപ്പെട്ടിരുന്നത്.

### 3.8 മരുതം പാടിയ ഇളംകടുംകോ

ഇളംകടുംകോയുടേതായി മൂന്ന് പാട്ടുകൾ സംഘസാഹിത്യത്തിൽ കാണാം. അകം 96, 176 നറ്റിണൈ 50 എന്നിവയാണവ. കാമുകി കാമുകന്മാരുടെ പ്രണയത്തിലുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് *മരുത തിണ*യിൽ എഴുതിയതുകൊണ്ടാണ് ഇദ്ദേഹത്തിന് മരുതം പാടിയ ഇളംകടുംകോ എന്ന പേര് വന്നത്. പാലൈപാടിയ പെരുംകടുംകോയുടെ സഹോദരനാകാം ഇദ്ദേഹമെന്ന് പുരുഷോത്തം അഭിപ്രായപ്പെടുന്നു.

### 3.9. കളങ്കായ്ക്കണ്ണിനാർമുടിച്ചേരൽ

നെടുഞ്ചേരലാതനും പതുമാൻ മകൾക്കും പിറന്നവനാണ് കളക്കായ്ക്കണ്ണി നാർമുടിച്ചേരൽ. നെടുഞ്ചേരലാതന്റെ മൂന്ന് മക്കളിൽ മൂത്തവനാണിദ്ദേഹം. (പതി. പതികം 4, 5, 6). ചേരമാൻ കുടക്കോ നെടുഞ്ചേരലാതനും ചോഴൻ വേൽപൽതടക്കൈ പെരുനർക്കിള്ളിയോട് പോർചെയ്ത് രണ്ടുപേരും മരിച്ചു വീണു. (പുറം. 63) അങ്ങനെ നാഥനില്ലാതെവന്ന ചേരരാജ്യത്തിന്റെ ഒരു ഭാഗം നന്നൻ കീഴ്പ്പെടുത്തി. നാർമുടിച്ചേരൽ *നന്ന*നിൽ നിന്ന് സ്വന്തം രാജ്യം വീണ്ടെടുക്കുന്നത് വാകൈപെരുതുറയിൽ വച്ചുള്ള യുദ്ധത്തിൽ വച്ചാണ്.

നാർമുടിച്ചേരൽ ചേരപാതയിലുള്ള കള്ളന്മാരുടെ ശല്ല്യംക്കുറച്ചുവെന്നും (പതി.31) ജനങ്ങളുടെ പ്രശ്നങ്ങളെ തീർത്ത് മുന്നോട്ടുനയിച്ചുവെന്നും (പതി. 31, 32, 37) പോർ വീരന്മാരെ ചേർത്ത് ശക്തിപ്പെടുത്തി യുദ്ധങ്ങൾ ചെയ്തുവെന്നും (പതി 31, 39) ധാനധർമ്മങ്ങൾ ചെയ്തുവെന്നും (പതി 31, 40) സംഘം പാട്ടുകൾ പാടി പുകഴ്ത്തുന്നു. ചെങ്കുട്ടവന് മാതൃകയായിതീർന്നത് നാർമുടിച്ചേരലാണ്.

### 3.10 ചെങ്കുട്ടവൻ

നെടുഞ്ചേരലാതനും ചോഴൻ മനക്കിള്ളിയുടെ മകൾക്കും പിറന്നവനാണ് ചെങ്കുട്ടുവൻ (പതി. പതികം 5) ഇദ്ദേഹത്തെപറ്റി സംഘസാഹിത്യത്തിൽ പതിനൊന്ന് പാട്ടുകളിലായി (പതി. 41-50) പുറം 369) നേരിട്ടുള്ള പരാമർശങ്ങളും അകം. 212, 376. പുറം. 126, 343, നറ്റി. 375, കുറു. 34 എന്നീ പാട്ടുകളിൽ ചില സൂചനകളും കാണാം. കുട്ടുവൻ, മാനവൻ, എന്നീ പേരുകളിലാണ് ചെങ്കുട്ടവനെ ഈ പാട്ടുകളിൽ സൂചിപ്പിക്കുന്നത്. ചെങ്കുട്ടവൻ ജീവിച്ചിരുന്ന കാലഘട്ടത്തിനുശേഷം എഴുതപ്പെട്ട സാഹിത്യകൃതിയാണ് *ചിലപ്പതികാരം* എങ്കിലും അദ്ദേഹത്തെ

പറ്റി വിശദമായ വിവരങ്ങൾ ഈ കൃതിയിലുണ്ട്.

ആനപ്പടയും തേർപ്പടയുമുള്ള കുട്ടുവൻ കടലിനടുത്തു സ്ഥിതിചെയ്യുന്ന മാന്തൈ നഗരത്തിലിരുന്നാണ് രാജ്യം ഭരിച്ചിരുന്നത്. (അകം. 376, നറ്റി. 395, കുറു. 34)

### 3.11 തകടൂർ ഏറിന്ത പെരുഞ്ചേരൽ ഇരുമ്പൊറൈ

ചെൽവകടുംകോവിന് വേളാവിക്കോമന്റെ മകൾ പത്മാദേവിയിൽ ജനിച്ചവനാണ് പെരുഞ്ചേരലിരുമ്പൊറൈ. തകടൂർ ആക്രമിച്ചു കോട്ടമതിലുകൾ കൈവശമാക്കി *അതികാമനെ* കീഴ്പ്പെടുത്തിയതുകൊണ്ടാണ്, തകടൂരിനെ നശിപ്പിച്ച എന്നർത്ഥത്തിൽ 'തകടൂർ എറിന്ത' എന്ന വിശേഷണം ഇദ്ദേഹത്തിന്റെ പേരിനുശേഷമുള്ളത്. (പതി. പതികം 8) കെല്ലിമലക്കു ചുറ്റുമുള്ള നാട്ടിലെ, വെള്ളം ധാരാളമുള്ള മലമുകളിൽ വെച്ച് അവരുടെ മുരശും കിരീടവും കീഴടക്കിയ രാജാവാണ് ഇദ്ദേഹം. ഇദ്ദേഹത്തെപറ്റി *അരചിലക്കിഴാർ* പത്തു പാട്ടുകൾ പാടിയിരിക്കുന്നു (പതി. 71-80) അതിയാമൻ എഴിനിയോട് യുദ്ധംചെയ്ത് തകടൂരിൽ എഴിനിമരിച്ചതിനെപറ്റി പാടുന്ന (പുറം. 230) പാട്ടിലും പെരുഞ്ചേരലിനെ പരാമർശിക്കുന്നുണ്ട്. മുരശിൽ അറിയാതെ ഉറങ്ങിയ മോചികിരനർ എന്ന കവി ഉറങ്ങി ഉണരുംവരെ അദ്ദേഹത്തിന് വീശികൊടുത്തിരുന്നതിനെപ്പറ്റി പാടിപുകഴ്ത്തുന്നു. പുറം. 50:10 പാട്ടിലും ഇദ്ദേഹ കടന്നുവരുന്നുണ്ട്.

### 3.12 ആട്കോട് പാട് ചേരലാതൻ

കുടക്കോനെടുഞ്ചേരലാതന് വേളാവിക്കോമന്റെ മകളിൽ ജനിച്ചവനാണ് ആട്കോട് പാട്ചേരലാതൻ. ദണ്ഡകാരണ്യത്തിലെ കൊള്ളക്കാർ കവർന്നുകൊണ്ടുപോയ ആടുകളെ വീണ്ടെടുത്തു തൊണ്ടിയിൽ കൊണ്ടുവന്നവൻ, ബ്രാഹ്മണർക്ക് കപിലരോടൊത്ത് കുട്ടനാട്ടിലെ ഒരു ദേശം ദാനം ചെയ്തവൻ എന്നെല്ലാം അദ്ദേഹത്തെ പാടിപുകഴ്ത്തുന്നു (പതി.പതികം.6) സ്ത്രീകളോടൊപ്പം നൃത്തം ചെയ്തതുകൊണ്ടാണ് അദ്ദേഹത്തിന് ആട്കോട് പാട് ചേരലാതനെന്ന പേര് ലഭിച്ചത്. (പതി. 56)

### 3.13. ഇളംചേരൽ ഇരുമ്പൊറൈ

ഇളംചേരൽ ഇരുമ്പൊറൈയെപറ്റി പന്ത്രണ്ട് പാട്ടുകളാണ് സംഘസാഹിത്യത്തിലുള്ളത് പതിറ്റുപ്പത്തിലെ ഒൻപതും, പത്തും പുറം. 210, 211 എന്നീ പാട്ടുകളാണവ. മൈയൂർകിഴാർ വെൺമാൾ അന്തുവൻ ചെളൈയിൽ കുട്ടുവൻ ഇളംപൊറൈക്കും (തകടുരെറിന്ത പെരുഞ്ചേരലിരുമ്പൊറൈ) ജനിച്ച പുത്രനാണ് ഇളം ചേരലിരുമ്പൊറൈ. പുറനാനൂറിലെ 210-ാം പാട്ടിൽ കുടകോചേരൽ ഇരുമ്പൊറൈയെന്നാണ് ഇദ്ദേഹത്തെ വിളിക്കുന്നത്. പതിറ്റുപ്പത്തിലെ 8-ാം പത്തിൽ ഇദ്ദേഹത്തിന്റെ വീരാപദാനങ്ങളാണ് വർണ്ണിക്കുന്നത്.

### 3.14 യാനൈക്കൺ മാന്ത്രഞ്ചേരലിരുമ്പൊറൈ

പുറം. 17, 20, 22, 53, 125, 229 എന്നീ പാട്ടുകളിലും നറ്റിണയിലെ പതിനെട്ടാം പാട്ടിലും ഇദ്ദേഹത്തെപ്പറ്റി പരാമർശങ്ങളുണ്ട്. ഐങ്കുറുനൂറ് എന്ന ചേരകാവ്യം സമാഹരിച്ചത് ഇദ്ദേഹമാണെന്ന് അക്കാവ്യത്തിന്റെ അവസാനത്തിൽ നിന്ന് വ്യക്തമാണ്. ആനയുടെ കണ്ണിനെപ്പോലെ സൂക്ഷമദൃഷ്ടിയുണ്ടായിരുന്നതുകൊണ്ടാണ് ഇദ്ദേഹത്തിന് *യാനൈക്കൺ മാന്ത്ര*

*ഞ്ചേരലിരുമ്പൊറൈ*യെന്ന് വിളിച്ചിരുന്നത്. അതല്ല ആനയെപ്പോലുള്ള കണ്ണുകൾ ഉള്ളതിനാലാണ് ഇത്തരത്തിലുള്ള വിശേഷണം കിട്ടിയതെന്നും പറയുന്നുണ്ട്[8]. (പുറം.22) അന്തുവൻ ചേരലിരുമ്പൊറൈയും അദ്ദേഹത്തിന്റെ പിന്മുറക്കാരും വഞ്ചിയിലിരുന്നു ഭരണം നടത്തിയതുപോലെ (പുറം. 13, 387, 11, പതി. പതികം. 9) മാന്ത്രഞ്ചേരൽ തൊണ്ടിയിലിരുന്നാണ് ഭരണം നടത്തിയിരുന്നതെന്ന് താഴെ പറയുന്ന പാട്ടുകളിൽ നിന്ന് വ്യക്തമാണ്:

"തൺ തൊണ്ടിയോർ അടുപൊരനന" (പുറം. 17:13)

"കാനലഅം തൊണ്ടി പൊരുനൻ" (നറ്റി. 18:4)

കോക്കോതൈ മാർപനും മാന്ത്രഞ്ചേരലിരുമ്പൊറൈയും സമകാലീനരാണെന്ന് നറ്റിണൈയിലെ 18-ാം പാട്ടിൽ നിന്നു വ്യക്തമാണ്. ഇവരിൽ കോതൈമാർപിൻ വഞ്ചിനഗരത്തെ സംരക്ഷിച്ചുവെന്നും, ഇദ്ദേഹത്തിന്റെ കാലത്തിലാണ് വഞ്ചിക്ക് കരവൂർ എന്ന പേര് വന്നതെന്നും അറിയുന്നു. (അകം. 93, 263). അന്തുവൻ ചേരലും അദ്ദേഹത്തിന്റെ പിന്മുറക്കാരും വഞ്ചിനഗരത്തെ തലസ്ഥാനനഗരമാക്കികൊണ്ട് ചേരനാടിനെ ഭരിച്ചവരാണ്. ഉതിയൻ ചേരലും അദ്ദേഹത്തിന്റെ പിന്മുറക്കാരും യുദ്ധങ്ങൾ ചെയ്ത് ചേരനാടിന്റെ അതിരുകളെ വികസിപ്പിക്കുകയും ചെയ്തു. എന്നാൽ അന്തുവൻ ചേരന്റെ പിൻമുറക്കാരായ മാന്ത്രഞ്ചേരൽ വഞ്ചിയിൽ ഭരണം ചെയ്യാതെ തൊണ്ടിയിലിരുന്ന് പലയുദ്ധങ്ങൾ ചെയ്തു. ആദ്യം തൊണ്ടിയിലിരുന്ന ചേരമാൻ കോക്കോതൈ മാർപൻ വഞ്ചിനഗരത്തിൽ ഇരുന്ന് വഞ്ചിനഗരത്തിന് കരവൂർ എന്ന പേര് ചേർത്ത് ചേരനാടിനെ ഭരിച്ചുപോന്നു. വെറും ഭരണകാര്യങ്ങളിൽ മാത്രം കേന്ദ്രീകരിക്കാൻ തയ്യാറല്ലാതിരുന്ന മന്ത്രഞ്ചേരൽ തൊണ്ടിനഗരത്തിൽ ജീവിച്ചിരുന്ന കോതയെ വഞ്ചിയിലേക്ക് വരുത്തി അദ്ദേഹത്തിന് ഭരണം കൊടുക്കുകയും എന്നിട്ട് തൊണ്ടിയിലേക്ക് ചെന്ന് യുദ്ധങ്ങളിൽ ഏർപ്പെടുകയും ചെയ്തു.

ഇദ്ദേഹത്തിന്റെ മരണത്തെ പറ്റി പുറം 229 ൽ ഇപ്രകാരം വിവരിക്കുന്നു.; 'ആകാശത്തു നിന്നു ഒരു അഗ്നിനക്ഷത്രം ഭൂമിയിൽ വീണു. അതു കണ്ട ഞാനും മറ്റു സ്ഥാനാർത്ഥികളും ഞങ്ങളുടെ രാജാവ് അരോഗിയായിരിക്കണേ എന്ന് സംഭ്രമത്തോടുകൂടി ആഗ്രഹിച്ചു. ഞങ്ങൾ അപ്രകാരം ഉള്ളംകലങ്ങി ഭയന്നിരുന്ന ഏഴാം ദിവസവും സമാഗതമയി അദ്ദേഹത്തിന്റെ വാഴ്നാളും അവസാനിച്ചു. ശത്രുക്കളെ പിടിച്ചുകെട്ടി ജയം നേടുന്ന സമൃദ്ധിനിറഞ്ഞ മലനാടിന്റെ രാജാവായിരുന്നു അർത്ഥികൾക്കുവാരിക്കോരിദാനം ചെയ്തിരുന്ന അദ്ദേഹം.

### 3.15 കാക്കോതൈ മാർപൻ

ചേരമാൻ കോക്കോതൈ മാർപനെ സംഘസാഹിത്യത്തിൽ പത്തുപാട്ടുകളിലായിപരാമർശിക്കുന്നുണ്ട്. പൊയ്കയാറെഴുതിയ പുറനാനൂറിലെ 48, 49 എന്നീ പാട്ടുകളിൽ ഇദ്ദേഹത്തെ നേരിട്ടുപരാമർശിക്കുന്നുണ്ട്. പുറം. 36, 37, 39, 373, അകം. 93, 263, 346 മതുരക്കാഞ്ചി 523-526 എന്നീ പാട്ടുകളിലും ഇദ്ദേഹം പരാമർശിക്കപ്പെടുന്നുണ്ട്. ചോഴൻ കുളമുറ്റത്തുത്തുഞ്ചിയ കിള്ളിവളവൻ കോതൈ മാർപന്റെ കരവൂരിനെ ആക്രമിച്ചപ്പോൾ പാടപ്പെട്ടനാല് പാട്ടുകളിൽ *മാർപൻ ചേന്തൻ* (പുറം. 36) *വേന്തു* (പുറം. 37, 373) *മാനവൻ* (പുറം. 36) എന്നിങ്ങനെ പേരുകളിൽ അദ്ദേഹം പാടപ്പെടുന്നു. അകം 346-ാം പാട്ടിൽ കോതൈ മാർപൻ എന്നും പരാമർശിക്കപ്പെടുന്നുണ്ട്. മറ്റ് അകം പാട്ടുകളിലെല്ലാം 'കോതൈ' എന്നാണ് അദ്ദേഹത്തെ വിളിക്കപ്പെടുന്നത് (അകം 93, 263, മധുര. 524)

വഞ്ചിനഗരത്തെ കരവൂരെന്ന് പാടുന്ന ഒരേയൊരു സംഘം പാട്ടായ അകം 93 ൽ വലിയ ആനപ്പടയും, നീണ്ട തേർപ്പടയുമുള്ള കോതയുടെ സമ്പത്തായ വലിയ കരവൂരിന്റെ തുറമുഖത്തിൽ, ആൻ പൊരുനൈ ആറ്റിൻ കരയിൽ കുമിഞ്ഞുകിടക്കുന്ന മണലിനേക്കാൾ കൂടുതൽ കാമുകിയെ കാമുകൻ തഴുകി പ്രേമിക്കുന്നു എന്ന് നക്കീരൻ പാടുന്നു (അകം 73 : 16, 20–23) സംഘസാഹിത്യത്തിൽ വീരപദാനങ്ങൾകൊണ്ട് പുകഴ്പ്പെട്ട രാജാവ് കോക്കോതൈമാർപൻ.

### 3.16 കുട്ടുവൻ കോതൈ

കുട്ടുവൻ കോതയെ നേരിട്ട് പരാമർശിക്കുന്ന ഒരേയോരു പാട്ടാണ് സംഘസാഹിത്യത്തിലുള്ളത്. എറിച്ചൂർമാടലൻ മതുരൈക്കുമരൻ പാടിയ പുറം 54–ാം പാട്ടാണിത്. ഈ പാട്ടിൽ, രാജ്യരക്ഷയോടൊപ്പം വദാന്യതയിലും തത്പരനാണ് കടുമാൻ കോത, അദ്ദേഹം ഞങ്ങളുടെ നാഥനാണ്, അദ്ദേഹത്തിന്റെ രാജധാനിയിൽ മുൻപിൻ നോക്കി തല ഉയർത്തിചെല്ലാൻ എന്നെ പോലുള്ള യാചകർക്കു എളുപ്പംതന്നെ, ശത്രുക്കൾക്കു അപ്രകാരം സാദ്ധ്യല്ല. പുലി കിടക്കുന്ന സ്ഥലത്ത് ആട്ടിൻ പറ്റവുമായിച്ചെല്ലുന്ന ഇടയന്റെ അനുഭവമായിരിക്കും അവർക്കു ലഭിക്കുന്നത് എന്ന് പാടുന്നു. പുറം. 172 ൽ 'പിട്ടന്റെ വിജയവേലും അദ്ദേഹത്തിന്റെ തലവനായ കോതയും അദ്ദേഹത്തെ എതിർത്ത രാജാക്കന്മാരും നീണ്ടകാലം വാഴുമാറാകട്ടെ' എന്ന് *വടമവണ്ണക്കൻ താമോതരനാർ* പാടുന്നു.

### 3.17 മാരി വെൺകോ

മാന്ത്രഞ്ചേരൻ ചോഴൻ രാജസൂയം വേട്ട പെരുനെർക്കിള്ളിയോടു യുദ്ധം ചെയ്തു, മാന്ത്രഞ്ചേരലിരുമ്പൊറൈക്കുശേഷം മാരിവെൺക്കോ ചോഴരാജാവിന്റെ കീഴിൽ തന്റെ രാജ്യം ഭരിച്ചു. (പുറം 125) ചോഴൻ രാജാസൂയം യാഗം ചെയ്യുന്ന സമയത്ത് ചേരമാൻ മാരി വെൺകോയും പാണ്ഡ്യൻ കാനപേർതന്ത ഉഗ്രപെരുവഴുതിയും വന്ന് അനുഗ്രഹിച്ചു. അതുകൊണ്ട് ഇവർ മൂവരും സമകാലീനരാണെന്ന് വ്യക്തമാണ്.

### 3.18 കോട്ടമ്പലത്ത് തുഞ്ചിയെ മാകോതൈ

കോട്ടമ്പലത്ത് തുഞ്ചിയ ചേരമാനെന്നും ഇദ്ദേഹം സംഘം പാട്ടുകളിൽ അറിയപ്പെടുന്നു. (അകം 168) കോട്ടമ്പലം എന്ന സ്ഥലത്ത് മരിച്ചതുകൊണ്ടാണ് ഇദ്ദേഹത്തിന് കോട്ടമ്പലത്ത് തുഞ്ചിയ മാകോതൈ എന്ന പേര് ലഭിച്ചത്. ഈ കോട്ടമ്പലം കേരളത്തിലെ അമ്പലപ്പുഴയാണെന്നും ഇവിടെ മാകോതൈമംഗലം എന്ന സ്ഥലം ഉണ്ടെന്നും ഔ.വൈ. ദുരൈസ്വാമിപ്പിള്ള പറയുന്നു.[9] ഇദ്ദേഹത്തിന്റെ ഭാര്യമരിച്ചതിലുള്ള ദു:ഖത്തെ മുൻനിർത്തിയുള്ള പുറം. 245–ാം പാട്ട് മാകോതൈയുടെതാണ്.

### 3.19. കണൈക്കാൽ ഇരുമ്പൊറൈ

ഇദ്ദേഹത്തെ പറ്റിയുള്ള പുറം. 74–ാം പാട്ടിൽ ചേരമാൻ കണൈക്കാൽ ഇരുമ്പൊറൈ ചോഴൻ ചെങ്കാണനോട് യുദ്ധം ചെയ്തു തോറ്റു. ചോഴൻ അദ്ദേഹത്തെ ജയിലിലാക്കുകയും കാവൽക്കാരോട് നോക്കി കുടിക്കാൻ വെള്ളം ചോദിക്കുകയും കാവൽക്കാർ കുറച്ചു സമയത്തിനുശേഷം അലക്ഷ്യമായി വെള്ളം കൊടുക്കുകയും ചെയ്തു. കാവൽക്കാരുടെ അലക്ഷ്യത്തെ

പൊറുക്കാതെ അദ്ദേഹം വെള്ളം കുടിക്കാതെ മരിക്കുകയും ചെയ്തു.

### 3.20. ചേരമാൻ വഞ്ചൻ

ചേരമാൻ കണൈക്കാൽ ഇരുമ്പൊറൈക്കു ശേഷം ചേരനാടിന്റെ സമൃദ്ധിയെപ്പറ്റിയും അവിടുത്തെ രാജാക്കന്മാരെ പറ്റിയുള്ള പരാമർശങ്ങൾകുറവാണ്. കണൈക്കാലിനു ശേഷം ചേരമാൻ വഞ്ചൻ ചേരനാടിനെ ഒരു ചെറിയ ഭാഗമായ പായൽ നാടിനെ ഭരിച്ചു ഈ പായൽ നാടാണ് വൈനാട് ആയിമാറിയത്.[10] ദാനം ചോദിച്ചുവരുന്നവർക്ക് തക്കതായ ദാനം കൊടുക്കുമെന്നും ഇദ്ദേഹം പായൽ കോ എന്ന് അറിയപ്പെടുന്നുവെന്നു പുറം. 398: 7-9, 11-30 എന്നീ പാട്ടുകളിൽ പാടുന്നു.

### 3.21 ചേരമാൻ ഏന്തൈ

കുറു. 22-ാം പാട്ട് പാടിയിരിക്കുന്നു. മറ്റ് വിവരങ്ങളൊന്നും ലഭ്യമല്ല.

### 3.22. ചേരമാൻ ഇളംകുട്ടുവൻ

ഇദ്ദേഹം അകം. 153-ാം പാട്ട് പാടിയിരിക്കുന്നു. മറ്റ് വിവരങ്ങളൊന്നും ലഭ്യമല്ല.

### 3.2.1.സംഘകാല ചേരരാജാക്കന്മാരും പാടപ്പെട്ട പാട്ടുകളും

| ഏണ്ണം | രാജാവ് | പാട്ട് |
|---|---|---|
| 1. | ചേരമാൻ കരവൂർ ഏറിയ ഓൾവാൾ കോപ്പെരുഞ്ചേരൽ ഇരുമ്പൊറൈ | പുറം.5 |
| 2. | ചേരമാൻ പെരുഞ്ചോറ്റുതിയൻ ചേരലാതൻ | പുറം.2,65,66 |
| | | അകം.55,65,168,233 |
| | | നറ്റി.113 |
| | | പതി.പതികം.2 |
| 3. | ചേരമാൻ അന്തുവൻ ചേരൽ ഇരുമ്പൊറൈ | പുറം. 13 |
| | | പതി.പതികം.7 |
| 4. | ചേരമാൻ കുടക്കോ നെടുഞ്ചേരലാതൻ | പുറം.62,63,368 |
| | | അകം.30,127,347,396 |
| | | പതി.11-20. |
| | | പതി.പതികം.2-6 |
| 5. | പൽയാനൈ ചെൽകെഴുക്കുട്ടുവൻ | പുറം.366 |
| | | പതി.21-30 |
| | | പതി.പതികം.3 |
| 6. | ചേരമാൻ ചെൽവ കടുംകോ വാഴിയാതൻ | പുറം.8,14,387 |
| | | പതി.61-70 |
| | | പതി.പതികം.7-8 |
| | | അകം.142 |
| 7. | ചേരമാൻ പാലൈ പാടിയ പെരുങ്കടുകോ | പുറം.11 |
| 8. | മരുതംപാടിയ ഇളംകടുങ്കോ | അകം.96,176 |

| | | |
|---|---|---|
| | | നറ്റി.50 |
| 9. | കളങ്കായ്ക്കണ്ണി നാർമുടിച്ചേരൽ | പതി.31-40 |
| | | പതി.പതികം.4 |
| | | അകം.199 |
| 10. | ചെങ്കുട്ടുവൻ | പുറം. 126,343,369 |
| | | അകം.212,376 |
| | | നറ്റി.395 |
| | | കുറു.34 |
| | | പതി. 41-50 |
| | | പതി.പതികം. 5 |
| 11. | ആടുക്കോട്ട് പാട്ടു ചേരലാതൻ | പതി.51-60 |
| | | പതികം.6 |
| 12. | ചേരമാൻ തകടൂർ എറിന്ത പെരുഞ്ചേരലിരുമ്പൊറൈ | പുറം.50 |
| | | പതി.71-80 |
| | | പതികം.8,9 |
| 13. | ചേരമാൻ കുടക്കോ ചേരൻ ഇരുമ്പൊറൈ | പുറം.210,211 |
| | | പതി.81-90 |
| | | പതി.പതികം.9 |
| 14. | ചേരമാൻ യാനൈക്കൺചേയ് മാന്ത്രഞ്ചേരലിരുമ്പൊറൈ | പുറം. 17,20,22,53,125, 229 |
| | | നറ്റി. 18 |
| 15. | ചേരമാൻ കോക്കോതൈ മാർപൻ | പുറം. 48, 49 |
| | | മധുരൈ.523-526 |
| | | അകം. 93,263,346 |
| 16. | ചേരമാൻ മാരിവെൺകോ | പുറം. 167 |
| 17. | ചേരമാൻ കുട്ടുവൻകോതൈ | പുറം. 54,172 |
| 18. | ചേരമാൻ കോട്ടമ്പലത്ത് തുഞ്ചിയ മാകോതൈ | പുറം. 245 |
| | | അകം.168 |
| 19. | ചേരമാൻ കണൈക്കാൽ ഇരുമ്പൊറൈ | പുറം.74 |
| 20. | ചേരമാൻ വഞ്ചൻ | പുറം. 395 |

**പിൻകുറിപ്പുകൾ**

1. പുരുഷോത്തം, വി.പി, (1989) *സംഘകാലമന്നർ കാലനിലൈ വരലാറ്*, ഐന്തിണൈ പതിപ്പകം, തിരുനെൽവേലി, പുറം. 108.
2. - - - പുറം. 110.
3. സ്വാമിനാഥയ്യർ, ഉ.വേ., (1963) പുറനാനൂറ് *നൂലമും ഉറൈയും,* ആറാം പതിപ്പ്. തെന്നിന്ത്യശൈവസിദ്ധാന്ത നൂർ പതിപ്പ് കഴകം, ചെന്നൈ, പുറം.34.
4. Seshaiyyer,K.G., (1937) *Cera Kings of the Sangam Period,* Luzac & Co., London, p. 30

5. Sivaraja Pillai, K.N., (1932) *Chronology of the early Tamils,* University of Madras, Madras, pp. 103 -105

6. Samy.P.L. (1985) *Nannan of North Malabar*, Tamil Civilization, pp. 95-104

7. പുരുഷോത്തം, വി.പി., (1989) *സംഘകാലമന്നർകാലനിലെ വരലാർ*, ഐന്തിണൈ പതിപ്പകം, തിരുനെൽവേലി, പുറം. 165.

8. – – – പുറം. 255.

9. ദുരൈസ്വാമിപിള്ള, ഔ.വൈ., (1964) *പുറനാനൂറ് വ്യാഖ്യാനം രണ്ടാം വോള്യം*, തെന്നിന്ത്യശൈവസിദ്ധാന്ത നൂർ പതിപ്പ് കഴകം, പുറം.12.

10. – – – പുറം. 458.

## അനുബന്ധം IV
## മലനാട്ടുവഴക്കങ്ങൾ

സംഘ സാഹിത്യത്തിൽ പ്രയോഗത്തിലുള്ളതും സമകാല തമിഴിൽ പ്രചാരലുപ്ത മായതും എന്നാൽ മലയാളം സൂക്ഷിക്കുന്നതുമായ പ്രത്യേകതകളെയാണ് ഇവിടെ ക്രോഡീ കരിച്ചിരിക്കുന്നത്.

| പദം | ഇംഗ്ലീഷ് അർത്ഥം | വ്യാകരണരൂപം | കൃതിയും പാട്ടും വരിയും |
|---|---|---|---|
| അകല്പു | separation | കർത്താ. | പതി. 43-33 |
| അകത്ത് | inside | അവ്യ. | കലി. 23-15, 88-7, 92-13, 103-19, 120-25, 144-19, 147-71 |
| | | നാ. | കലി. 105-29, 142-21 |
| അകപ്പെട്ടു | having been caught | പേ. | കലി. 139-17 |
| അകൻറു (അകന്ന്) | having left | പേ. | അകം. 81-15, 217-12 |
| | | | പുറം. 374-10, 394-18 |
| | | | കലി. 16-14, 17-19, 28-3, 53-12, 78-5 |
| | | | കുറു. 64-1 |
| | | | പതി. 72-12 |
| | | | പരി. 3-54, |
| | | | കലി. 16-14, 17-9, 28-13 |
| അകൽ | widening | പേ. ധാതു. | ഐങ്കു. 47-2, 143-1, 220-1, 316-1, 361-1, 403-3 |
| | | | പുറം. 65-5, 77-11, 142-1, 166-15,168-13 169-10,169-4, 209-4, 228-3, 235-10 266-3,271-3, 362-18, 389-16,395-15 |
| | | | അകം. 18-16, 64-5, 68-20, 71-8, 79-8, 86-8, 96-5, 97-18, 101-12, 105-1 107-10,119-11, 122-11,141-8, 143-4, 143-14, 171-2 178-4, 186-4, 196-5 214-1, 217-3, 229-2, 235-11, 246-4 246-6, 253-15, 269-8, 275-16, 294-9, 295-11, 299-8, 299-9, 307-2, 309-6, 311-2, 315-16, 336-1, 338-14, 363-2, 365-1, 370-3, 380-4, 385-13, 390-6, 391-3 |
| | | | കുറു. 44-3, 59-2, 92-1, 233-1, 294-5, 352-3 |

| | | | |
|---|---|---|---|
| | | | പതി. 15-8, 52-28, 68-4, 83-3, 90-9 |
| | | | നറ്റി. 5-2, 8-5, 17-3, 89-6, 185-8, 200-3, 200-10, 210-1, 258-7, 283-3, 309-5, 319-3, 357-7, 365-4, 377-6, 377-7,390-5 |
| | | | പരി. 15-9 |
| അകറ്റിയ | who widened | പേ. | പുറം. 26-4 |
| | | | അകം.65-5 |
| അകറ്റും | who will make (it), vanish | പേ. | പുറം. 56-22, 172-7, 397-7 |
| | | | അകം.71-7 |
| അങ്കാടി | bazar | നാ. | അകം.93-10 |
| | | | നറ്റി. 258-7 |
| | | | പരി. 2-9 |
| അടുക്കും | who will pile upon one another | പേ. | അകം.116-4 |
| അടുക്കിയ | which was added | പേ. | പുറം. 6-5, 18-5, 62-10, 164-10, 202-7 |
| | which Someone added | പേ. | പതി. 68-6 |
| അടുത്ത് | having come near | വിന. | കലി. 68-6 |
| അടുപ്പു | the act of joining | വി.ധാ. | പതി. 63-19 |
| | oven | | പതി. 18-6 |
| അടുമ്പ് | heare leaf | കർത്താ. | പതി. 51-7 |
| | | വി.ധാ | പതി. 30-6 |
| അടൈ | leaf | നാ. | കലി. 3-9, 17-11, 59-1, 70-2, 71-7, 73-2, 74-2, 78-1, 84-10 |
| | | | നറ്റി. 11-6, 27-3 |
| | | | കുറു. 9-4, 171-2 |
| | | | ഐങ്കു.13-2, 21-1, |
| | | | പതി. 23-20, 24-20 |
| | | | പരി. 13-50 |
| | | | അകം.10-11, 30-7 |
| | | | പുറം. 90-2, 103-10 |
| അയല | of the nighbour hood | നാ.വി. | ഐങ്കു.14-1 |
| | | | പുറം. 132-5, 334-6 |
| | | | അകം.266-16 |
| | | | നറ്റി. 157-8, 243-2 |
| അയലത് | which is near | ചേ.ധാതു. | ഐങ്കു.171-1, 272-2 |
| | | | നറ്റി. 104-5, 181-6, |
| | | | അകം.2-5, 176-9 |

| | | | |
|---|---|---|---|
| | | | പുറം. 49-4, 108-2, 152-4, 322-7 |
| | | | കുറു. 36-1, 127-1 |
| | | | കലി. 28-13, 101-40 |
| അമയത്തു | time | വി.ധാ. | പതി. 22-34 |
| അയൽ | adjacent place | നാ. | അകം.119-1, 121-8, 146-12, 176-9, 235-17, 256-6, 368-6, 386-11 |
| | near by | നാ. | കലി. 3-1, 37-13, 48-14, 53-10, 120-21 |
| | adjacent place | നാ. | കലി. 31-2, 108-27 |
| അരിക്കും | which will filter | പേ. | പുറം. 348-3 |
| അരിപ്പ | to filter | വിന. | കലി. 145-5 |
| അലറി | having cried aloud | പേ. | അകം.249-17 |
| | having cried | പേ. | കലി. 51-12 |
| അലൈപ്പ | to make noise | നടു.വി. | പതി. 52-20 |
| അളപ്പു | the act of measuring | വി.ധാ. | പുറം. 301-12 |
| അളിയൻ | pity they | ധാ. | ഐങ്കു.381-3 |
| | pity I | ആഖ്യാ. | ഐങ്കു.460-5 |
| അത്തൻ | father | നാ. | കലി. 115-8 |
| അറിയാത് | without having | വിന. | ഐങ്കു.173-1 |
| അറിയാതോൻ | he who had not known | ചേ.ധാതു. | ഐങ്കു.294-4 |
| | | | കുറു. 93-3 |
| അഞ്ച് | five | ചേ.ധാതു. | ഐങ്കു.383-6 |
| അഞ്ച(ഞ്ജ)നം | coke | വി.ധാ. | ഐങ്കു.16-2 |
| അന്തി | evening | നാ. | അകം.48-23,71-6, 124-14, 201-8, 360-8, 370-11 |
| | | | കലി. 92-17, 101-24, 103-13, 119-12 |
| | | | പതി. 35-7 |
| അമ്പലം | temple | നാ. | പരി. 18-28 |
| അമ്പുളി | crescent moon | നാ. | കലി. 80-19 |
| ആകൽ | the act of becoming | ക്രി.നാ. | അകം.39-25, 132-3, 130-8, 134-14, 203-9, 206-12, 267-3, 300-12, 310-8,323-3, 337-4, 363-5, 375-12, 392-19 |
| | | | കലി. 49-3, 62-6, 93-36, 97-9,125-4, 144-48 |
| ആകുക | let(it) become | നിപാ. | പുറം. 27-18 |
| ആചാൻ | teacher | നാ. | പരി.2-61 |
| ആട്ടിയ | which moved | പേ | അകം.378-3 |
| ആരവം | sound | നാ. | കലി. 7-18, 70-14 |
| ആലി | hail | വി.ധാതു | ഐങ്കു.213-3 |
| | | വി.സമസ്ത. | ഐങ്കു.437-2 |
| | | | പതി. 50-2 |
| | | | കലി. 145-9 |

| | | | |
|---|---|---|---|
| | | | അകം.9-7, 95-7, 101-16, 108-4, 125-4 |
| ആർത്തു | if (which) sounded | ചേ.ധാതു | ഐങ്കു.185-4 |
| | | | പരി. 15-21, 18-38 |
| | | | കലി. 53-6, 102-17 |
| | | | അകം. 4-9, 138-8, 291-14, 355-5 |
| | | | പുറം. 35-24 |
| ആർക്കും | which will make sound | പേര. | പുറം. 22-6 |
| | | | കലി. 26-3, 26-13, 28-16, 30-3, 30-12, 32-9,77-17, 90-13, 98-24, 105-74,123-2 |
| | | | നറ്റി. 108-5, 147-6 |
| | | | കുറു. 39-2 |
| | | | പതി. 7-62, 10-125, 16-48 |
| | | | കലി. 26-3, 26-13, 28-16 |
| ആർപ്പ | to sound | നടു.വി. | പതി. 21-11, 67-6, 82-8, 89-3 |
| ആർപ്പു | which will sound | പേര. | നറ്റി. 167-2, |
| | | | കുറു. 34-5, 328-8 |
| | | | പുറം. 22-6, 93-12, 168-1, 338-3, 371-12 |
| | loud noise | ക്രി.നാ | ഐങ്കു.251-1 |
| | | | അകം.36-23, 45-12, 116-19, 149-11, 209-6, 226-17, 246-14, 253-7, 256-21 |
| | | | പരി. 8-30 |
| | | | കലി. 15-4 |
| ആർപ്പ് | sound | കർത്താ. | പതി. 21-18, 34-10, 41-22, 43-9, 81-15,90-34 |
| ഇട്ട | which was laid | പേര. | പുറം. 42-14, 43-23, 61-3, 137-5, 262-2, 301-3, 325-4, 360-18 |
| | | | കലി. 23-13, 32-4, 55-3, 140-5 |
| | | | പതി. 30-22 |
| ഇട്ടവൻ | he who cast | രൂപാ.ക്രി. | കലി. 136-16 |
| ഇട്ടു | having placed | പേരെ. | കലി. 55-2 |
| | | | പതി. 46-11, 88-5, 90-20 |
| ഇരക്കും | who will beg | പേര. | ഐങ്കു.364-3 |
| ഇരുത്ത് | having stayed | പേര. | പതി. 15-1, 32-11 |
| ഇലഞ്ചി | pointed leaved flower | വിഭ.സമസ്ത. | ഐങ്കു.94-3 |
| ഇല്ല | not having they | ചേ.വി. | പുറം. 3-17 |
| ഉണങ്ക | to dry | പേ. | അകം.300-2 |
| ഉണങ്കൽ | driet (millet) | വിഭ.ധാ. | ഐങ്കു.469-1 |

| | | | |
|---|---|---|---|
| | dryness | വിഭ.ധാ. | പുറം. 319-5, 321-3 |
| | dried fish and meat | ക്രി.നാ. | അകം.80-6, 107-5 |
| ഉണങ്കു | drying | പേര.ധാ. | അകം.207-2, 224-12 |
| | | | പതി. 25-8 |
| ഉണങ്കും | which will dry | പേ. | അകം.211-6, 245-17 |
| ഉരുളി | wheel | വിഭ.സമസ്ത. | പതി. 27-11 |
| ഉറങ്കും | which will sleep | പേ. | പുറം. 38-42 |
| ഉൺക | let (you) eat | ചേ.നാ. | പുറം. 319-6, 333-6 |
| ഉണ്ട | which ate | പേര. | ഐങ്കു.81-1, 324-1 |
| ഉൺടൽ | eating | വി.ധാ. | പുറം. 182-3, 234-6, 325-3 |
| ഉണ്ടു | having eaten | വിന. | പുറം. 17-6, 24-5, 24-16, 47-5, 84-1, 123-1, 166-30, 258-3, 327-4, 328-12, 360-19, 360-7, 370-2, 391-6 |
| | | ചേർന്ന.ധാ | പുറം. 17-24, 23-2, 320-13 |
| | | വിന. | പതി. 15-25, 22-9, 23-8, 36-12, 43-19, 43-35, 48-16 |
| ഉണ്ണൽ | the act of eating | വിന. | കലി. 23-7 |
| ഉണ്ണാത് | without eating | വിന. | പതി. 68-6 |
| ഉണ്ണാതു | without eating | വിന. | ഐങ്കു. 325-2 |
| | | | പതി. 68-6 |
| ഉണ്ണും | which will eat | പേ. | കലി. 11-9, 26-9, 29-16, 35-10 |
| ഉരുക്കിയ | which was melted | പേ. | കലി. 117-1 |
| ഊക്ക് | strength | കർത്താ. | പതി. 31-32 |
| ഊൺ | food | തദ്ധി.നാ. | കലി. 50-13,147-8, or 7 |
| | | നാ. | കുറു. 33-3 |
| | | വി.ധാ. | 38-15 |
| എടുക്കല്ല | which will not carry | പേ. | അകം. 109-10 |
| എടുക്കൽ | the act of lifting | ക്രി.നാ. | അകം.38-5 |
| എടുത്തൽ | the act of lifting | ക്രി.നാ. | അകം.38-2 |
| എടുത്തു | having taken | ക്രി.നാ. | അകം. 71-16, 94-13, 94-31, 99-1, 107-7,144-55 |
| | | വി.ധാ. | പതി. 32-8 |
| എണ്ണൽ | the act of counting | വിഭ.ധാ. | പതി. 77-7 |
| എതിർപ്പ് | having opposed | വി. | പുറം. 213-6 |
| എറിഞർ | thrower | ക്രി.നാ. | അകം.71-12 |
| എന്തു | ricing | പേ.ധാ. | പതി. 18-5, 90-34 |
| ഏറ് | thunder | | പുറം. 160-3, 211-1 |
| ഏന്തിയ | which held | പേ. | പതി. 42-18 |
| ഒചെ | sound | കർത്ത. | പുറം. 36-9 |

| | | | |
|---|---|---|---|
| ഒഴുകൽ | the act of flowing | വി. | കലി. 39-2 |
| ഒഴുകിയ | who had gone | പേ. | പതി. 15-4 |
| ഓച്ച | to raise | നടു.വി. | പതി. 198 |
| ഓർത്ത | who thought | പേ. | കലി. 8-2 |
| ഓർത്തത് | that which one though of | | തദ്ധി. കലി.92-21 |
| ഓർക്കും | which will listen | പേ. | കലി. 46-13 |
| | will think it | | കലി. 52-18 |
| ഓർപ്പത് | that which one will think of | | തദ്ധി. കലി.95-7 |
| കടവ് | gate | ക്രി.നാ. | അകം. 74:11 |
| കടും | difficult | നാ.വി. | പതി. 25-8, 26-11 |
| കനം | thickness | നാ. | കുറു. 398-3 |
| കരുതി | having thought | വി.ന. | അകം.212-22 |
| കരുതും | who will think | പേ. | അകം.312-3 |
| കവുൾ | cheek | വി.ധാ. | പുറം. 30-8,212-4, 195-2 |
| | | നാ. | അകം.59-8, 88-10, 132-4, 132-13, 205-17, 227-5, 245-10 |
| | | | കലി. 48-2, 83-17 |
| കഴൽ | bulging | ചേ.ധാ. | പതി.22-36 |
| കഴിയും | will pass | ആഖ്യാ. | പതി.50-22 |
| കളി | rejoicing | പേര.ധാ. | ഐങ്കു.416-3 |
| കളിത്ത(ച്ച) | which rejoiced | പേ. | ഐങ്കു.239-1 |
| കളിത്തു(ച്ചു) | having rejoised | വി. | ഐങ്കു.342-2 |
| കണ്ട | which was seen | പേ | അകം.116-18, 178-21, 303-2, 312-11 |
| കണ്ട | which one saw | പേ. | കലി. 3-16,70-24, 90-23, 92-59,108-22 |
| | who saw | പേ. | കലി. 68-19 |
| | whom one saw | പേ. | കലി. 93-27 |
| കണ്ടു | having see | വിന. | അകം.5-26, 16-6, 11-16, 22-21, 26-2, 39-18, 44-12, 48-14, 56-12, 71-8, 110-14, 261-10, 262-11, 272-12, 284-6, 318-11, 356-5, 366-9, 369-9, 386-13, 400-23 |
| കണ്ടു | having seen | വിന. | ഐങ്കു.178-4, 182-2, 284-3, 383-6, 403-5 |
| കണ്ടു | having seen | വിന. | കലി. 39-20, 39-40, 49-4, 59-8, 60-12 65-21, 70-4, 74-9, 76-10, 79-15, 84-22, 84-29, 91-11, 101-45, 102-31, 110-14 |
| | | വിന. | കുറു. 165-5, 258-8, 278-2, 287-2 |
| കണ്ടതു | that which one saw | തദ്ധി.നാ. | കലി. 90-4, 90-5, 90-21, 92-15, 93-4 |

| | | | |
|---|---|---|---|
| | | | 98-29, 126-16 |
| കണ്ടവൻ | he who saw | തദ്ധി.നാ. | കലി. 136-9 |
| കണ്ടവർ | they who saw | തദ്ധി.നാ. | കലി. 60-5, 125-1 |
| കറൈ | black | നാ. | അകം. 24-14, 67-13 |
| | Stain | നാ. | അകം.387-5 |
| കന്നി | early | വിഭ.സമസ്ത. | ഐങ്കു.68-1 |
| കാക്കും | which will protect | പേ. | കലി.25-9, 63-4 |
| | who will protect | പേ. | കലി.143-53 |
| കാടി | rice water | വി.ധാ | പുറം. 399-3 |
| കാട്ട | showed they | വി. | ഐങ്കു.394-5 |
| കാട്ടൽ | the act of showing | വിന. | കലി. 80-19 |
| കാട്ടിയ | Showed they | ആഖ്യാ. | ഐങ്കു.281-4 |
| കാട്ടിയ | to show | വിന. | കലി. 98-7, 140-11 |
| കാണും | which one will see | പേര. | കലി. 49-8, 80-12, 80-17, 80-21, 87-2, 100-10, 100-14, 100-18 |
| കാണാതു | without seeing | വിന. | കലി. 13-7, 70-3, 76-8, 81-26, 90-23 |
| | | വിന. | പതി. 17-8 |
| | the act of not seeing | വിന. | കലി. 99-19. |
| കാണിയ | to see | വിഭ.സമസ്ത. | പതു. 400-23 |
| കാൺക | Let (you) see | ഇച്ഛാ.വാ. | കലി. 84-33 |
| കാനം | jungle | വി.ധാ. | ഐങ്കു. 250-3,319-2, 357-2,425-2, 433-3, 499-2 |
| | | കർത്താ. | ഐങ്കു.465-2 |
| കാവു | grove | നാ. | അകം.15-5, 36-10, 383-3 |
| കാവ് | grove | വി.ധാ. | പതി. 27-8 |
| കുണ്ടു | hollow | വിഭ.സമസ്ത. | പുറം. 14-5 |
| | | ചേ.വി. | പതി. 20-17, 22, 24 |
| കുത്തിയ | which butted | പേ. | കലി. 38-7 |
| | | | കുറു. 396-4 |
| കുരുതി | blood | നാ. | അകം. 3-8, 22-10, 27-16, 31-10, 74-4, 111-12,144-16, 145-8, 182-7, 193-4, 210-3, 268-3, 309-5, 319-14, 332-5, 337-14, 381-91 |
| കൂവും | which will cry | പേ. | പുറം. 356-2, 362-18 |
| കൂട്ടും | who will join | പേ. | ഐങ്കു.81-2, 301-2, 476-3 |
| കൂമ്പിയ | which faded | പേ. | കലി. 121-5 |
| കൂമ്പും | which will fade | പേ. | കലി. 78-15 |
| | will fade it | പൂ.ക്രി | കലി. 130-13 |

| | | | |
|---|---|---|---|
| കെടൽ | perishing | വി.ധാ. | ഐങ്കു.195-3 |
| കെടൽ | the act of dying out | വി.ധാ. | പതി. 48-3 |
| കെടുത്ത് | having destroyed | വിന. | പതി. 15-7, 70-9 |
| കേടു | damage | കർത്താ. | പതി. 79-19 |
| കേട്ടു | having heard | വിന. | പതി. 74-1 |
| കൊടിച്ചി | kurava Woman | വി.ധാ. | ഐങ്കു.258-2, 260-2, 281-3, 289-1, 290-3, 299-4, 3001 |
| | | കർത്താ. | ഐങ്കു.56-2, 282-2, 288-3,296-1,298-2 |
| | women of the hilly tract | നാ. | അകം.102-5, 132-7 |
| | | നാ. | കുറു. 272-8, 286-4, 291-2, 335-7, 360-6 |
| കൊടിച്ചിയാൽ | kurava woman | നാ. | അകം. 58 -5 |
| കൊടുക്കും | will give he | പൂ.ക്രി. | കലി. 61-13 |
| | which will give | പേ. | കലി. 22-2 |
| കൊഴു | fatness | കർത്താ. | പതി. 44-17 |
| കോട് | peak | വി.ധാ. | പതി. 70-25 |
| ചവട്ടും | which will destroy | പേ. | പതി. 84-7 |
| ചന്തം | sandal | വിഭ.സമസ്ത. | പതി. 87-2 |
| ചന്തു | sandal paste | നാ. | അകം. 13-4, 59-12 |
| | paste | നാ. | അകം. 102-3 |
| ചാന്തം | sandal | നാ. | കലി. 9-12, 43-3 |
| ചാടാ | to jump upon | വിന. | കലി. 101-41 |
| ചാടി | having jumped upon | വിന. | കലി. 52-4, 101-22,101-28, 105-33, 105-37, 106-20 |
| ചാടിയ | which one pricked | പേ. | കലി. 91-11 |
| ചായൽ | tenderness | വിഭ.സമസ്ത. | പതി. 16-10, 16-20, 48-9, 76-20 |
| ചാലകം | window | നാ. | കലി. 83-13 |
| ചാലിയാൽ | let (it) beautiful | ആഖ്യാ. | ഐങ്കു. 312-1, 312-2 |
| ചാമ്പി | having faded | വിന. | കലി. 60-10, 147-34 |
| ചാമ്പും | who will fade | പേ. | കലി. 78-20 |
| | which will fade | പേ. | കലി. 121-17 |
| ചിതൽ | termite | നാ. | ചിറു. 133 |
| ചില | few | നാ.വി. | ഐങ്കു. 187-5, 259-2 |
| ചിലമ്പ | to sound | വി. | കലി. 90-11 |
| ചിലമ്പൽ | the act of resounding | ക്രി.നാ. | കലി. 45-6 |
| ചീത്തൈ | stupid | നാ. | കലി. 84-18, 86-30, 94-22, 96-30 |
| ചുണങ്കു | yellow spot | വിഭ.സമസ്ത. | ഐങ്കു. 76-1, 255-4, 324-4 |
| | | ആഖ്യാ. | ഐങ്കു. 363-3 |

| | | | |
|---|---|---|---|
| | | കർത്താ. | ഐങ്കു. 149-2 |
| | | നാ. | കുറു. 71-2, 337-4 |
| ചുരം | disert tract | വി.ധാ. | ഐങ്കു. 301-2, 307-2, 309-1, 317-3, 320-4, 329-2, 330-4, 331-3, 338-3, 351-2, 373-4, 382-2, 394-3, 395-3, 397-3, |
| | | കർത്താ. | 303-2, 325-3, 326-4, 352-4 |
| | | വിഭ.സമസ്ത. | ഐങ്കു 323-3 |
| | | ആഖ്യാ. | ഐങ്കു 314-4 |
| ചുമൽ | shoulder | നാ. | കലി. 1-11, 9-3, 56-4, 96-3, 101-40 |
| ചൂഴ് | sorrounding | പേ.ധാ. | പതി. 30-18, 66-16 |
| ചെയൽ | the act of doing | വി.ധാ. | ഐങ്കു. 169-5 |
| ചെന്നി | head | വി.ധാ. | പുറം. 6-19, 55-4, 244-1, 272-8, 364-2 |
| | | വിഭ.സമസ്ത. | പുറം 91-5, 150-6, 321-9 |
| | | കർത്താ. | പുറം. 126-2 |
| | | ചേ.വി. | പുറം. 27-10, 225-9 |
| | | വി.ധാ. | പതി. 27-4, 41-10 |
| ചെല്ലും | who will go | പേ. | ഐങ്കു. 22-2, 27-2 |
| | will go (he) | ആഖ്യാ. | ഐങ്കു. 214-5 |
| ചേർപ്പൻ | chief of the maritime tract | കർത്താ | ഐങ്കു. 108-2, 112-2 |
| | | നാ. | അകം. 50-6, 160-8, 290-8 |
| | | വി.ധാ | ഐങ്കു. 117-4, 157-4 |
| ചേർപ്പ | chief of the martime tract | സംബോ. | ഐങ്കു. 159-3, 179-1, 183-3, 196-4 |
| ചേർപ്പ് | seashore | നാ. | അകം. 280-8 |
| ഞരല | to sound | നടു.വി | പതി. 30-6 |
| ഞണ്ടു | crab | നാ. | അകം. 20-4, 176-8 |
| | | നാ. | കുറു. 117-2, 401-3 |
| ഞാൺ | string | വി.ധാ. | പുറം. 14-9, 55-1 |
| തപ്പൽ | the act of slipping | വി.ധാ. | ഐങ്കു. 302-1 |
| തഞ്ചം | easy | അവ്യ. | ഐങ്കു. 50-3 |
| തഴൈ | dress made of leaves | വിഭ.സമസ്ത. | ഐങ്കു. 15-1, 72-1, 256-2 |
| | | വി.ധാ. | ഐങ്കു. 147-2, 147-3, 187-3, 201-2 |
| | | കർത്താ. | പുറം. 248-2, 339-9, 340-1 |
| | | വിഭ.സമസ്ത. | പുറം. 61-1, 271-2, 341-2 |
| താലം | plate | വി.ധാ. | പുറം. 120-15 |
| താൻ | one self | കർത്താ. | പതി. 40-19 |
| തീണ്ടൽ | the act of touching | ക്രി.നാ. | കലി. 136-19 |
| തീണ്ടി | having touched | വി.ന. | കലി. 29-12 |

| | | | |
|---|---|---|---|
| തീർക്കും | which will remove | പേ. | കലി. 44-20, 63-10, 68-13 |
| തുരുത്തി | island | നാ. | കലി. 30-15, 35-13 |
| | | വി.ധാ. | പതി. 20-2 |
| | | | പരി. 10-30, 16-17, |
| | | | അകം. 224-3 |
| തുന്നൽ | the act of pressing | സംവ്യ. | പുറം. 23-14 |
| തുന്നത്ത് | stitches | വി.ധാ. | പുറം. 136-2 |
| തുമ്പി | bees | കർത്താ. | പുറം. 280-2 |
| | | നാ. | അകം. 108-16, 138-18, 223-11, 225-5 |
| | | | 246-16, 291-11, 317-12, 388-8 |
| | male bee | നാ. | കലി. 29-16, 30-4, 33-23, 36-4, 43-9, |
| | | | 46-2, 78-2, 78-9, 105-42, 123-2,127-3 |
| | | | കുറു. 2-1, 211-6, 239-4, 392-1 |
| തൂ | pure | നാ.വി.ധാ. | പതി. 27-2 |
| തൂറ്റി | having spread | വി.ന. | ഐങ്കു. 478-1 |
| തൂങ്കി | having hung | വിന. | കുറു. 18-4 |
| തെങ്കു | coconut tree | വിഭ.സമസ്ത. | പതി. 13-7 |
| തെരി | selecting | പേ.ധാ. | ഐങ്കു.54-3, 235-3, 354-4, 482-1 |
| തൊടങ്കൽ | the act of begining | ക്രി.നാ. | കലി. 2-1 |
| തൊടുക്കും | who will shoot | പേ. | കലി. 120-11 |
| തൊഴ | to whorship | വി.ന. | കുറു. 307-1 |
| തൊഴിൽ | work | വി.ധാ. | ഐങ്കു.426-1, 428-3, 442-1, 443-5, |
| | | | 446-3, 448-2, 451-4, 466-1, |
| | | | 498-3, 499-3 |
| | | വിഭ.സമസ്ത. | ഐങ്കു. 445-2, 450 |
| | | കർത്താ. | ഐങ്കു. 447-1 |
| തൊഴു | worshiping | പേ.ധാ. | അകം. 115-9, 125-14, 310-3 |
| തൊഴുതു | having worshipped | വിന. | ഐങ്കു. 390-1 |
| | | വിന. | അകം. 56-16, 138-9, 240-8, 351-17 |
| | having bowed | വിന. | കുറു. 178-5 |
| തൊഴുവൽ | will worship - I | ആഖ്യാ. | ഐങ്കു.387-2 |
| തോടു | flower petal | നാ. | അകം. 231-15, 130-6, 346-4, 368-3 |
| | petal | നാ. | കലി. 28-3 |
| | | നാ. | കുറു. 228-2 |
| തോട്ടി | elephant goad | നാ. | കലി. 97-13, 138-2 |
| | | | പരി. 8-86, 10-49 |
| | | | അകം. 286-9 |
| | | | പുറം. 14-13, 150-25 |

| | | | |
|---|---|---|---|
| നൽകിയ | which one give | പേ. | കലി. 125-13 |
| നൽകി | having given | വിന. | ഐങ്കു. 195-3 |
| | | വിന. | കലി. 80-3, 100-9 |
| നൽകു | give | പേ. | കലി. 90-26 |
| നൽകും | will bestow grace | ആഖ്യാ. | ഐങ്കു. 271-4 |
| നാടൻ | he of the land | കർത്താ. | ഐങ്കു. 183-1, 202-4, 217-3, 218-5, 219-3,228-2, 242-5, 246-6, 253-2, 258-3, 261-2, 262-3, 263-3, 267-3, 268-4, 269-2, 271-2, 272-3, 274-3, 278-3, 286-3, 498-5 |
| | | തദ്ധി. | കലി. 38-24, 39-10, 39-37, 41-23, 41-29, 42-41, 43-6, 43-14, 43-22 |
| നാണു | modesty | നാ. | കലി. 98-17, 144-3, 147-69 |
| | | കർത്താ. | പതി. 19-14 |
| നാണും | which will shy | പേ. | കലി. 15-4, 40-2 |
| നാറു | smelling badly | പേ.ധാ. | ഐങ്കു. 63-1 |
| നീക്ക | having removed | വിന. | കലി. 121-2 |
| നീക്കും | who will separate | പേ. | കലി. 10-17 |
| നുകരും | will enjoy | ആഖ്യാ. | ഐങ്കു. 407-3 |
| നോക്ക | having looked | വിന. | കലി. 143-7 |
| നോക്കത്ത് | aim | വിഭ.സമസ്ത. | പതി. 89-18 |
| നോക്കൽ | the act of looking at | ക്രി.നാ. | കലി. 49-8 |
| | | | പതി. 27-1 |
| നോക്കി | having looked at | വിന. | കലി. 4-18, 33-5, 39-22, 51-15, 57-21, 60-30, 63-1, 76-1, 82-17, 104-70, 105-51, 116-6, 120-11, 120-13, 126-1,131-1, 134-13, 134-17, 134-21, 140-13, 144-4, 147-6 |
| | | | കുറു. 44-2, 44-1, 64-2, 241-4, 287-7, 335-2, 363-3, 366-5 |
| നോക്കു | look | നാ. | കലി. 4-1, 7-12, 15-5, 27-3, 30-10, 56-17, 57-2, 58-2, 61-16, 69-4 |
| | | | കുറു. 286-5, 328-7 |
| നോക്കും | which one will see | പേര. | കലി. 63-1, 102-15, 131-5 |
| നോക്കം | look | നാ. | കലി. 10-19 |
| പടി | allowance | നാ. | കലി. 35-2 |
| പറമ്പ് | the mountain | വി.ധാ | പുറം. 110-2, 158-4, 176-9, 201-4, 337-6 |

| | | | |
|---|---|---|---|
| | | വിഭ.സമസ്ത. | പുറം. 110-3, 118-5 |
| | | കർത്താ. | പുറം. 108-4, 109-1, 113-7 |
| | the mountain land | നാ. | കുറു. 196-3 |
| പള്ളി | place | വി.ധാ. | ഐങ്കു. 68-1 |
| | village | നാ. | അകം. 107-8 |
| | bedroom | നാ. | കലി. 121-6 |
| പാണാ | Oh! bard | സംബോ. | കുറു. 61-1 |
| പാണൻ | bard | നാ. | കുറു. 85-6, 121-4 |
| പാണർ | bards | നാ. | കുറു. 19-1, 127-5, 359-1, 169-4, 323-2, 328-6 |
| പാറി | having scattered | പേര. | കുറി. 51-2 |
| പിടി | female elephant | കർത്താ. | പുറം. 40-10, 130-2, 303-8, 308-10, 369-26, 389 |
| | | വി.ധാ. | പുറം. 44-1, 151-4, 181-3, 234-2, 345-8 |
| | | നാ. | കലി. 11-9, 40-26, 41-7, 50-3, 53-13, 108-40 |
| പീലി | peacok's feather | നാ. | അകം. 15-4, 35-8, 67-10, 69-14, 119-12, 131-11, 281-4, 358-2, 378-5 |
| പുക്കാർ | entered they | പൂ.ക്രി. | കലി. 101-49 |
| പുലരി | morning | നാ. | പുറം. 385-2 |
| പുഴുക്കൽ | cooked meat | വി.ധാ. | പുറം. 363-12 |
| | cooked rice | വി.ധാ. | പുറം. 399-9 |
| പുഴുക്കിയ | which was cooked | പേര. | പുറം. 168-9 |
| പുഴുക്ക് | boiled dhal | വി.ധാ. | പതി. 18-2 |
| | cooked meat | വി.ധാ. | പുറം. 212-3, 152-26 |
| പുഴുങ്കിയ | which lay sultry | പേ. | കുറു. 392-1 |
| പുഴുങ്കൽ | the act of boiling | ചേർന്ന.നാ. | ഐങ്കു.extra 4-2 |
| പുറ | back | വി.ധാ. | പതി. 31-33 |
| | | വി.ധാ. | പതി. 39-11 |
| പുറം (മുതുക്) | back | നാ. | കുറു. 82-1, 109-1, 214-2, 308-4, 359-6 |
| പുൾ | bird | വി.ധാ. | ഐങ്കു.102-2, 333-3, 365-2, 382-1, 481-4, 486-5 |
| | | | പുറം. 15-4, 29-13, 47-1, 198-25, 199-3, 204-10, 209-10 |
| | കർത്താ. | ഐങ്കു. | 142-2, 143-1, 188-1, 398-1, 414-1 |
| | | | പുറം. 20-18, 37-5, 49-6, 173-3, 254-8, 395-15, 397-1 |
| | | ചേർന്ന.നാ. | ഐങ്കു. 453-2 |
| | | നാ. | കലി. 4-6, 35-23, 46-20, 77-5, 79-1, 89-4, 118-17, 121-4, 123-12, 126-9, 131-31, 132-3, 133-5, |

| | | | |
|---|---|---|---|
| | | | 146-53, 149-2 |
| | | നാ. | കുറു. 118-1, 191-2, 234-4, 266-4, 299-2, 310-1 |
| പൈയ | slowly | അവ്യ. | കലി. 58-2, 113-4, 143-51 |
| പൊഴിന്ത | whick showered | പേര. | അകം. 13-13, 42-10, 74-13, 92-2, 108-2, 139-5, 154-1, 163-2, 178-18 |
| പൊഴിയും | will over flow | പൂ.ക്രി. | അകം. 128-4 |
| പൊത്ത് | hole | നാ. | അകം. 277-10 |
| പോലും | will seem to be | ആഖ്യാ. | ഐങ്കു. 152-5, 286-4, 290-2 |
| മക്കൾ | children | നാ. | കലി. 25-2, 83-10 |
| മടൈ | hooking | കർത്താ. | പുറം. 25-8, 150-21 |
| മരുക് | street | നാ. | കുറു. 14-4 |
| മരുങ്കു | place | നാ. | കുറു. 58-3, 340-5, 346 |
| മത്ത | having toddy | കൃത്ത്. | പതി. 90-26 |
| മഞ്ചു | smoke | കർത്താ. | പുറം. 356-4 |
| മാറി | having ceased | വി. | കുറു. 49-3 |
| മാറു | leaving | വിധാ. | കലി. 25-28, 25-29 |
| മുഖത്തു | face | വി.ധാ. | പുറം. 3-25, 275-5, 332-10, 334-8, 336-3 |
| | | ആവ്യ. | പുറം. 12-5, 327-6, 331-11 |
| മുഴങ്കി | having roared | വി. | പതി. 39-6 |
| മെല്ല | slowly | വി. | അകം. 26-20, 134-8, 160-9, 317-18, 386-9 |
| | | വി. | കുറു. 290-6, 298-1 |
| വടു | scar | നാ. | കലി. 29-5, 66-5, 67-7, 67-15, 71-16, 72-11, 78-22, 82-30, 83-30, 90-5, 91-10, 93-1, 91-19, 136-4 |
| വട്ടി | basket | കർത്താ. | പുറം. 33-2 |
| വട്ടു | dice | നാ. | അകം. 5-10, 160-6 |
| വരമ്പ് | border | നാ. | കലി. 129-7 |
| വരൽ | the act of coming | ക്രി.നാ. | കലി. 36-16, 48-12, 69-13, 83-4, 105-74,116-9, 131-34, 141-6,or 7 |
| വരിൻ | if came | വി. | കുറു. 110-1,180-2,191-5, 231-2, 269-8, 388-7 |
| വലിതു | of the strength it | പൂ.കി. | അകം. 265-23 |
| വലിയ | they of the strength | തദ്ധി. | അകം. 191-7 |
| വഴുതണൈ | brinjal | നാ. | അകം. 227:17 |
| വഞ്ചം | fraud | നാ. | കലി. 89-9, 135-11 |
| വളം | fetility | നാ | കലി. 43-14, 71-3 |
| | | | കുറു. 116-2 |
| വൾ | fetile | നാ.വി.ധാ. | ഐങ്കു.14-2, 88-1, 310-1 |

| | | | |
|---|---|---|---|
| | | | നാ.വി.കലി.146-52 |
| വളി | wind | വി.ധാ. | പതി. 47-4 |
| | | | ഐങ്കു. 395-1 |
| | | | പുറം. 2-4, 66-2, 304-3 |
| | | കർത്താ. | പതി. 11-2, 45-2 |
| | | | ഐങ്കു. 320-2 |
| | | | പുറം. 20-3, 26-2, 30-3, 35-2, 51-3, 55-20, 89-9, 133-4, 197-1, 365-3, 368-9 |
| | | ചേ.ധാ. | പതി. 14-1, 24-15, |
| | | | പുറം. 2-3, 369-7 |
| | | നാ. | അകം. 1-17, 37-7, 39-8, 47-5, 51-3, 57-7, 71-17, 77-14, 82-2, 102-4, 121-13, 133-11, 136-22, 143-6, 146-10, 151-6, 153-9, 162-8, 199-10, 223-6,272-9, 298-6, 299-5, 302-2, 324-9, 329-8, 340-20, 340-22, 344-2, 345-18, 363-7, 384-9, 397-15 |
| | | | കുറു. 28-4, 39-1, 79-2, 195-5, 199-4, 273-2, 278-1, 329-2, 372-2 |
| വളിയേ | wind | സംബോ. | കലി. 144-40 |
| വിടൽ | the act of sending | ക്രി.നാ. | കുറു. 182-7, 300-8 |
| വിളി | sound | വി.ധാ. | പതി. 27-2 |
| | | | കുറു. 207-3 |
| വീഴും | which will fail | വി.ധാ. | ഐങ്കു. 395-3 |
| | | | കുറു. 207-3 |
| വെള്ളം | water | കർത്താവ് | പതി. 15-4, 72-10 |
| | | | പതികം.2, 4, 8 |
| | | വിഭ.സമസ്ത.. | പതി. 33-6 |
| വെമ്പൽ | the act of coming hot | വിഭ.സമസ്ത. | ഐങ്കു.325-3 |
| വേണ്ടി | having requested | വി.ന. | പതി. 2-8 |
| വൈകൽ | time | നാ. | കലി. 5-14 |
| വൈകി | staying | പേ.ധാ. | അകം. 37-5, 41-1 |
| വൈകിയ | who stayed | പേ. | അകം. 60-3 |
| വൈകിൻ | if stayed | വി. | കുറു. 166-4 |
| വൈപ്പ് | country | നാ. | അകം. 293-3, 391-14 |
| | place | നാ. | അകം. 96-14, 189-3 |

| | | | |
|---|---|---|---|
| | world | നാ. | അകം. 126-13, 186-16, 255-10, 333-8 |
| | village | വി.ധാ. | പതി. 15-8, 30-13, 30-25 |
| വൈപ്പു | village | വിഭ.സമസ്ത. | പതി. 3-5 |
| | place | വിഭ.സമസ്ത. | ഐങ്കു.313-4, 318-4, 319-1, 405-3, 407-4 |
| | | വിഭ.സമസ്ത. | പുറം. 2-11, 7-13, 42-18, 63-14, 202-21, 209-6, 341-19 |
| | village | നാ. | അകം. 21-14, 57-9, 141-29 |
| | | വി.ധാ. | പുറം. 71-10 |
| | | നാ. | കലി. 7-2 |
| | | | കുറു. 154-7, 183-7, 211-7, 314-6 |
| വൈപ്പിന | of the village | ചേർന്ന.ധാ. | പതി. 23-15 |
| വൈപ്പിനത് | of the village | വിഭ.സമസ്ത. | പുറം. 321-7 |
| വൈപ്പിൻ | village | നാ. | അകം. 21-14 |
| യാമം | midnight | നാ. | കലി. 122-21,137-3, 146-34 |
| | | നാ. | അകം. 187, 24-15, 108-12, 122-14, 142-20 170-12, 198-4, 198-11, 281-10, 328-3, 360-12 |
| | night | നാ. | അകം. 114-10, 128-3, 168-1, 305-1 |

## സംഘകാല ഉപാദാനങ്ങൾ

സംഘകാലഘട്ട ഉപാദാനങ്ങളായ സ്മാരകശിലകളു (Memorial Stones) ടെയും നാണയങ്ങളു (Coins) ടെയും സ്വഭാവപ്രത്യേകതകൾ വിവരിക്കുന്ന പട്ടികയാണ് താഴെ കൊടുത്തിരിക്കുന്നത്. സ്മാരകശിലകളുടെ പട്ടിക തയ്യാറാക്കുന്നതിനായി കെ.രാജന്റെ *ദക്ഷിണേന്ത്യയിലെ സ്മാരകശിലകൾ* എന്ന ഗ്രന്ഥവും നാണയങ്ങളെ പറ്റിയുള്ള പട്ടിക തയ്യാറാക്കുന്നതിനായി അറമുഖത്തിന്റെ *സംഘകാല നാണയങ്ങൾ* എന്ന ഗ്രന്ഥവുമാണ് പ്രധാനാമായും ഉപജീവിച്ചിരിക്കുന്നത്. ഈ പട്ടികയിൽ നിന്ന് സംഘകാലഘട്ടം ബി.സി. മൂന്നാം നൂറ്റാണ്ടിനും എ.ഡി. മൂന്നാം നൂറ്റാണ്ടിനും ഇടയ്ക്കാണെന്ന് വ്യക്തമാകുന്നു.

**പട്ടിക. 5.1. സംഘകാലഘട്ട സ്മാരകങ്ങൾ**

| സംഘം കൃതി | കവി | പാടപ്പെട്ട രാജാവ് | പാട്ടും വരിയും | പാട്ട് | കുറിപ്പ് |
|---|---|---|---|---|---|
| അകം. | കുടവായിൽ കിരട്ടനാർ | കങ്കൻ കട്ടി നന്നൻ | 35:6–8 | വിൽ ഏർ വാഴ്ക്കൈ വിഴുത്തൊടൈ<br>മറവർ വിൽ ആൺ പതുക്കൈക്<br>കടപുട് പേൺമാർ നടുകൽ പീലിചൂട്ടി | ശവക്കല്ലറ, നടുകല്ല് |
| അകം. | ചിത്തലൈ ചാത്തനാർ | നന്മാരൻ വഴുതി | 53:11 | എഴുത്തുടൈ നടുക്കൽ ഇൻനിഴൽ വതിയും | എഴുത്തുള്ള നടുകല്ല് |
| അകം. | നൊയ്മ്പാ ടിയാർ | | 67:10–14 | പീലിചൂട്ടിയ പിറങ്കുനിലൈ നടുകൽ<br>വേൽ ഊൻറു പലകൈ വേറ്റുമുനൈ കടുക്കും<br>മൊഴിപെയർ തേ എം തരുമാർ മന്നർ കഴിപ്പിണിക്<br>കറൈ തോൽ നിറൈ കൺടന്ന ഉവൽ ഇടു പതുക്കൈ | ശവക്കല്ലറ, കാലികളെ സംരക്ഷിക്കുന്നതിനു വേ ി മരിച്ച വീരന്റെ നടുകല്ല് |
| അകം. | മാമൂലനാർ | ചേരലാതൻ കുട്ടുവൻ അതിയോൻ മോരിയോർ | 91: 10 | പരൽ ഉയർ പതുക്കൈ | കുടക്കല്ലോടു കൂടിയ ശവക്കല്ലറ |
| അകം. | കരുത്തൊക്കൈ കവിനാർ | | 109 : 7–8 | അമ്പിൻ എവൽ അടവർ<br>അൾ വഴിത്തു ഉയർത്ത അഞ്ചുവരു പതുക്കൈ | കുടക്കല്ലോടു കൂടിയ ശവക്കല്ലറ |
| അകം. | കാവൻ മുല്ലൈപ്പ് പൂതരത്തനാർ | | 151:11 | പതുക്കൈത്തു ആയ ചെതുക്കൈ നീഴൽ | കുടക്കല്ലോടു കൂടിയ ശവക്കല്ലറ |
| അകം. | വേമ്പറ്റൂർ കുമാരനാർ | | 157:5 | വിൽ ഇട വീഴ്ന്തോർ പതുക്കൈ | കുടക്കല്ലോടു കൂടിയ ശവക്കല്ലറ |
| അകം. | ഇരങ്ങുക്കുടി കുൺട്രനന്തൻ | | 215:10–11 | അമ്പിൻ എവൽ അടവർ ആൾ വഴിത്തു ഉയർത്ത<br>അഞ്ചുവരു പതുക്കൈ | കുടക്കല്ലോടു കൂടിയ ശവക്കല്ലറ |
| അകം. | മധുരൈ ഏഴത്തു പൂതൻ തേവനാർ | | 231:6 | പടുകളത്തു ഉയർത്ത വയിർത്തലൈപ് പതുക്കൈ | കുടക്കല്ലോടു കൂടിയ ശവക്കല്ലറ |
| അകം. | മധുരൈ മരുതൻ ഇളനാകനാർ | | 269:7 | നട്ടപോലും നടാഅനെടുങ്കൽ | നടുകല്ല് |
| അകം. | ഇയനതൈ മകൻ ഇളങ്കീരനാർ | പൊറൈയൻ തിടിയൻ | 289:2–3 | ഉയർപതുക്കു ഇവർന്ത തന്തർകൊടി അതിരൽ<br>നെടുനിലൈ നടുകൽ | ശവക്കല്ലറയൊടുകൂടിയ നടുകല്ല് |
| അകം. | മധുരൈ മരുതൻ ഇള നാകനാർ | നന്മാരൻ വഴുതി | 297:7–8 | പേം മുതിർ നടുകൽ<br>പെയർ പയം പടാത്തോൻറും കുയിൽ എഴുത്ത് | എഴുത്തോടു കൂടിയ നടുകല്ല് |
| അകം. | മധുരൈ മരുതൻ ഇള നാകനാർ | നന്മാരൻ വഴുതി | 343:5–7 | പുൻതലൈ ചിതൈത്ത വൻ തലൈ നടുകൽ കണ്ണി<br>വാടിയ മണ്ണാ മരുങ്കുൽ | എഴുത്തോടു കൂടിയ നടുകല്ല് |
| അകം. | മധുരൈ മരുതൻ ഇള നാകനാർ | നന്മാരൻ വഴുതി | 365:4–5 | അത്ത നടുകൽ ആൾ എന ഉറൈത്ത കാനയാനൈ | നടുകല്ല് |

| | | | | | |
|---|---|---|---|---|---|
| അകം. | മധുരൈ മരുതൻ ഇള നാകനാർ | നമ്മാരൻ വഴുതി | 387:15 | നിറൈനിലൈ നടുകൽ പൊരുതി | നടുകല്ല്/വീരക്കല്ല് |
| ഐങ്കു. | ഒടലന്തൈയാർ | | 362:1 | പതുക്ക്കൈത്തു ആയ ഒതുക കരുമ് കാവലൈച് | ചായം പൂശിയ നടുകല്ല് |
| ഐങ്കു. | ഒടലന്തൈയാർ | | 352:1-2 | വിഴുത്തൊടൈ മറവർ വിൽ ഇടത് തൊലൈൻ തോർ എഴുത്തുടൈ നടുകൽ | ചായം പൂശിയ നടുകല്ല് |
| കുറു. | വിറ്റൂറ്റു മുതെയിനനാർ | | 372:5-6 | കൂഴൈപെയ് ഏക്കാർക് കുഴീഇയ പതുക്കൈ | ശവക്കല്ലറോടുകൂടിയ നടുകല്ല് |
| കുറു. | മധുരൈ മരുതാൻ ഇളനാകനാർ | നന്മാരൻ വഴുതി | 77:3-4 | ഉവൽ ഇടു പതുക്കൈ നെടുനെൽയാനൈക്കു ഇടുനിഴൽ ആകും അരിയ കാനം | കുടക്കല്ലോടുകൂടിയ ശവക്കല്ലറ |
| നറ്റി. | മധുരൈപ് പള്ളി മരുതങ്കിഴാർ മകനാർ ചൊകുത്തനാർ | | 352:8 | പതുക്കൈ നീഴൽ ഒതുക്കു ഇടമ് പെറാഅ | ചായം പൂശിയ നടുക്കല്ല് |
| പുറം. | ഇരുമ്പിടർ തലൈയർ | | 3:21 | അമ്പുവിട വിഴന്തോർ വമ്പപ് പതുക്കൈ | കുടക്കല്ലോടു കൂടിയ ശവക്കല്ലറ |
| പുറം. | പൊത്തിയാർ | കോപ്പെരും ചോഴൻ | 221:13 | നടുകലായിനൻ പുരവലനെനവേ | വീരക്കല്ല് |
| പുറം. | പൊത്തിയാർ | കോപ്പെരും ചോഴൻ | 223:3 | പെറുനടുകലാക്കിയക്കണ്ണം | വീരക്കല്ല് |
| പുറം. | ഔവ്വൈയാർ | അതിയാമൻ നെടുമാൻ അഞ്ചി | 223:3 | നടുകൽ പീലി ചൂട്ടി | നടുക്കല്ല് |
| പുറം. | അവ്വൂർ മുലങ്കിഴാർ | കിള്ളി വളവൻ വെൻവേൽ വിടലൈ | 261:15 | തിരൈയിവട്ടന്തു നടുകലാകിയ വീരന്റെ നടുക്കല്ല് | കാലികളെവീടെടുത്ത വീരന്റെ നടുകല്ല് |
| പുറം. | ഉറൈയൂർ ഇളമ്പൊൽ വാണികനാർ | | 264:1-6 | പരലുടൈ മരുങ്കിർ പതുക്കൈ ചേർത്തി<br>മരൽ വകുന്തു തൊടുത്ത ചെമ്പൂങ്കണ്ണിയൊ<br>ടണിമയിർ പീലി ചൂട്ടിപ്പെയർ പൊറിത്<br>തിനിനട്ടനാരേ കല്ലുങ്കൻറൊടു കറവൈതാന്തു പകൈ<br>വരോട്ടിയ നെടുന്തകൈ | കാലികളെവീടെടുത്ത വീരന്റെ നടുകല്ല് |
| പുറം. | അള്ളൂർ നൻമുല്ലൈയാർ | | 306:4 | നടുകർ കൈതൊഴുതു പരവുമൊടിയാതു | വീരക്കല്ല് |
| പുറം. | ഐയൂർ മുടവനാർ | കിള്ളിവളവൻ അതൻ എഴിനി | 314:3 | നടുകർ പിറങ്കിയ വുവലിടു പറന്തലൈപ് | വീരക്കല്ല് |
| പുറം. | മധുരൈ അറുവൈവാണികൻ ഇളവേട്ടനാർ | പൊറൈയൻ പാരി | 329:2 | പുതൈ നടുകല്ലിനോട് പലിയൂട്ടി | വീരക്കല്ല് |

പട്ടിക 5.2. സംഘകാല ചേരനാണയങ്ങൾ

| എണ്ണം | മുൻവശം | പിൻവശം | കാലം | ക െ ത്തി യ സ്ഥലം | ലോഹം | തൂക്കം (ഗ്രാമിൽ) |
|---|---|---|---|---|---|---|
| 1 | ആറ് വളയങ്ങൾ, സൂര്യൻ, വട്ടം, സൂത്പത്തിനുള്ളിൽ ലിംഗം, തൊട്ടിയുടെ ഉള്ളിൽ മീൻ എന്നീ 5 ചിഹ്നങ്ങൾ | ചേരരുടെ അടയാളമായ വില്ലും, അമ്പും | ബിസി 3 | കരൂർ | വെള്ളി | 3.5 |
| 2 | വലത്തോട്ട് നോക്കി നിൽക്കുന്ന കാളയുടെ മുകളിൽ ചന്ദ്രക്കല, കാളയും കലപ്പയും | വില്ല്, അമ്പ്, അങ്കുശം | ബിസി 3 | കരൂർ | ചെമ്പ് | 1.7 |
| 3 | വില്ല്, അമ്പ്, മൂന്ന് വളയങ്ങൾ മുകട്, മഴു എന്നീ ചിഹ്നങ്ങൾ | വില്ല് അമ്പ് | ബിസി 2 | കരൂർ | ചെമ്പ് | 1.4 |
| 4 | വില്ല്, അമ്പ്, അതിന് അടുത്തായി തൊട്ടിയുടെ ഉള്ളിൽ മീൻ താഴെ 3 വളമുകട്. | വില്ല്, അമ്പ് | ബിസി 2 | കരൂർ | ചെമ്പ് | 1.8 |
| 5 | വലതുഭാഗം നോക്കി നിൽക്കുന്ന കുതിരയുടെ മുന്നിൽ ശൂലം. ശൂലത്തിന്റെ താഴെ മഴു, കുതിരയുടെ മുകളിൽ കാളയുടെ തല | വില്ല്, അമ്പ്, അങ്കുശം. | ബിസി 2 | കരൂർ | ചെമ്പ് | 1.35 |
| 6 | വലതുഭാഗം നോക്കി നിൽക്കുന്ന കുതിരയുടെ മുന്നിൽ ഒരു തൊട്ടി. | വില്ല്, അമ്പ്, അങ്കുശം. | ബിസി 2 | കരൂർ | ചെമ്പ് | 1.1 |
| 7 | വലതുഭാഗം നോക്കി നിൽക്കുന്ന ആന | വില്ല്, അമ്പ്. | ബിസി 2 | കരൂർ | ചെമ്പ് | 1.1 |
| 8 | വലത്തോട്ട് നോക്കി നിൽക്കുന്ന ആന | വില്ല്, അമ്പ്. | ബിസി 2 | കരൂർ | ചെമ്പ് | 1 |
| 9 | വലതുഭാഗം നോക്കി നിൽക്കുന്ന ആനയുടെ മുകളിൽ ചന്ദ്രക്കല. | വില്ല്, അമ്പ്. | ബിസി 2 | കരൂർ | ഈയം | 540 മി. ഗ്രാം |

| എണ്ണം | മുൻ വശം | പിൻ വശം | കാലം | ക ൌ ത്തി യ സ്ഥലം | ലോഹം | തൂക്കം (ഗ്രാമിൽ) |
|---|---|---|---|---|---|---|
| 10 | വലതുഭാഗം നോക്കി നിൽക്കുന്ന കാള. | വില്ല്, അമ്പ്, അങ്കുശം | ബിസി 2 | കരൂർ | ചെമ്പ് | 1.7 |
| 11 | വലതുഭാഗം നോക്കി നിൽക്കുന്ന കാള. | വില്ല് അമ്പ് അങ്കുശം. അമ്പിന് ്ര് വശവും സ്വസ്തിക ചിഹ്നം | ബിസി 2 | കരൂർ | ചെമ്പ് | 1.9 |
| 12 | വലതുഭാഗം നോക്കി നിൽക്കുന്ന കാള. | വില്ല്, അമ്പ്, അങ്കുശം. | ബിസി 2 | കരൂർ | ചെമ്പ് | 4.6 |
| 13 | വലതുഭാഗം നോക്കി നിൽക്കുന്ന ആന. ആന യുടെ മുന്നിൽ കാള, കാള യുടെ ശൂലം, ആനയുടെ മുകളിൽ ആറ് മംഗല ചിഹ്നങ്ങൾ. | വില്ല്,അമ്പ്, അങ്കുശം. | ബിസി 2 | കരൂർ | ചെമ്പ് | 2.1 |
| 14 | വലതുഭാഗം നോക്കി നിൽക്കുന്ന ആന. ആന യുടെ മുകളിൽ 4 മംഗള ചിഹ്നങ്ങളും കാളയും . ആനയുടെ മുതുകിന്റെ അടുത്ത് ചെടി. | വില്ല്,അമ്പ് | ബിസി 1 | കരൂർ | ചെമ്പ് | 2.5 |
| 15 | സിംഹം. | വില്ല്, അമ്പ് | ബിസി 1 | കരൂർ | ചെമ്പ് | 1.2 |
| 16 | സിംഹം, സിംഹത്തിന്റെ ഇട തുവശത്ത് ചക്രം ഒന്ന്, വല തുവശത്ത് ശംഖ് ഒന്ന്. | വില്ല്, അമ്പ്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 2.1 |
| 17 | സിംഹം ഒന്ന് , ഇടതു വശത്ത് ചക്രം ചക്രത്തിന് മുകളിൽ ചന്ദ്രക്കല. വലതു വശത്ത് ശംഖ്. | അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 1.8 |
| 18 | വലതുവശം നോക്കി നിൽക്കുന്ന ആനയും കൊമ്പനാനയും. ആനയുടെ താഴെ കിടക്കുന്ന രീതിയിൽ പനമരം. ആനയുടെ പിന്നിൽ 4 മത്സ്യങ്ങൾ. ആന യുടെ മുകളിൽ ചതുരാകൃ തിയിൽ 4 പുള്ളികൾ. | വില്ല്, അമ്പ്, അങ്കുശം | ബിസി 2 | കരൂർ | ചെമ്പ് | 3.6 |
| 19 | വലതുവശം നോക്കി നിൽക്കുന്ന കൊമ്പനാനയും, ആനയുടെ താഴെ കിടക്കുന്ന രീതിയിൽ പനമരവും ആന യുടെ പിൻവശത്ത് 4 മത്സ്യങ്ങളും. | വില്ല്, അമ്പ്, അങ്കുശം | ബിസി 2 | കരൂർ | ചെമ്പ് | 4.6 |

| എണ്ണം | മുൻ വശം | പിൻ വശം | കാലം | ക െ ത്തി യ സ്ഥലം | ലോഹം | തൂക്കം (ഗ്രാമിൽ) |
|---|---|---|---|---|---|---|
| 20 | മുന്നിൽ വളയങ്ങൾ മഴു, കലപ്പ, മലർ ചിഹ്നം, വേലി ചുറ്റിയ മരം, കൊമ്പനാന ര് മത്സ്യങ്ങൾ, പാമ്പ്. | വില്ല്, അമ്പ്, കാളത്തല | ബിസി 2 | കരൂർ | ചെമ്പ് | 8.6 |
| 21 | വളയങ്ങൾ, ആയുധം, മഴു, കലപ്പ, മലർ ചിഹ്നം, വേലി ചുറ്റിയ മരം, കൊമ്പ നാന ര് മത്സ്യങ്ങൾ, പാമ്പ്. | വില്ല്, അമ്പ്, അങ്കുശം | ബിസി 2 | കരൂർ | ചെമ്പ് | 8.2 |
| 22 | വലതുഭാഗം നോക്കി നിൽക്കുന്ന ആന. ആന യുടെ മുകളിൽ സൂര്യൻ, മലർ ചിഹ്നം ശംഖ്. | വില്ല്, അമ്പ്, അങ്കുശം, സ്വസ്തിക ചിഹ്നങ്ങൾ | ബിസി 2 | കരൂർ | ചെമ്പ് | 10.7 |
| 23 | മുന്നിൽ വലതുവശം നോക്കിനിൽക്കുന്ന ആന. ആനയുടെ മുകളിൽ ഇന്ദ്ര വജ്രം, മൂന്ന് വളയങ്ങൾ | ——— | ബിസി 1 | കരൂർ | ചെമ്പ് | 6.8 |
| 24 | വലതുവശം നോക്കി നിൽക്കുന്ന ആന. ആനയുടെ മുകളിൽ, ആറു വളയങ്ങൾ, ബ്രാഹ്മി എഴു ത്തിൽ മ, ആനയുടെ പിന്നിൽ വേലി ചുറ്റിയ മരം. | വില്ല്, അമ്പ് | ബിസി 1 | കരൂർ | ചെമ്പ് | 8.1 |
| 25 | വലതുഭാഗം നോക്കി നിൽക്കുന്ന ആന. ആന യുടെ പിന്നിൽ വേലിയിട്ട മരം മുകളിൽ ആറുവളയങ്ങൾ | വില്ല്, അമ്പ് | ബിസി 1 | കരൂർ | ചെമ്പ് | 7.5 |
| 26 | വലതുവശം നോക്കി നിൽക്കുന്ന ആന. ആന യുടെ മുകളിൽ മഴു ആമകൾ അവയുടെ താഴെ മൂന്നു വളയങ്ങൾ | വില്ല്, അമ്പ് | ബിസി 2 | കരൂർ | ചെമ്പ് | 5.6 |
| 27 | വലതുവശം നോക്കി നിൽക്കും ആന, ആന യുടെ മുകളിൽ കാളത്തല ആനയുടെ പിന്നിൽ വില്ല് അമ്പ് മൂന്നു വളയങ്ങൾ | വില്ല്, അമ്പ് | ബിസി 2 | കരൂർ | ചെമ്പ് | 6.4 |

| എണ്ണം | മുൻ വശം | പിൻ വശം | കാലം | ക ൈ ത്തി യ സ്ഥലം | ലോഹം | തൂക്കം (ഗ്രാമിൽ) |
|---|---|---|---|---|---|---|
| 28 | വലതുവശം നോക്കി നിൽക്കുന്ന ആന ആന യുടെ പിന്നിൽ അമ്പ് മൂന്നു ആമകൾ, കാളത്തല, പാമ്പ് | അമ്പ്, വില്ല് | ബിസി 2 | കരൂർ | ചെമ്പ് | 7.3 |
| 29 | വലതുഭാഗം നോക്കി നിൽക്കുന്ന ആന. ആന യുടെ മുകളിൽ വിരിഞ്ഞു നിൽക്കുന്ന പൂവ്, തൊട്ടി യുടെ അകത്ത് ര് ആമ കൾ, ആറ് വളയങ്ങൾ | വട്ടത്തിനുള്ളിൽ പുള്ളികൾ, അതിനുള്ളിൽ വില്ല്, അമ്പ് | ബിസി 2 | കരൂർ | ചെമ്പ് | 7.4 |
| 30 | വലതുവശം നോക്കി നിൽക്കുന്ന ആന. ആന യുടെ മുകളിൽ തൊട്ടിക്കു ള്ളിൽ ര് മത്സ്യങ്ങളും ആനയുടെ പിന്നിൽ ചെടിയും. | വില്ല്, അമ്പ്. | ബിസി 2 | കരൂർ | ചെമ്പ് | 6.8 |
| 31 | വലതുഭാത്തേക്കു നോക്കി നിൽക്കുന്ന ആനയുടെ മുക ളിൽ ചെടി. തൊട്ടിയിൽ നാലു മത്സ്യങ്ങൾ. മൂന്നു വളയങ്ങൾ | അലങ്കരിക്ക പ്പെട്ട വട്ടത്തി നുള്ളിൽ വില്ല്, അമ്പ് | ബിസി 2 | കരൂർ | ചെമ്പ് | 7.2 |
| 32 | വലതുവശം നോക്കി നിൽക്കുന്ന ആന. ആന യുടെ മുകളിൽ തൊട്ടിക്കു ള്ളിൽ ര് മത്സ്യങ്ങൾ. | അലങ്കരിച്ച വട്ട ത്തിൽ അമ്പ്, വില്ല്. വില്ലിനുള്ളിൽ 2 കാളത്തലകൾ | ബിസി 2 | കരൂർ | ചെമ്പ് | 5.2 |
| 33 | വലതുവശം നോക്കി നിൽക്കുന്ന ആനയുടെ മുകളിൽ കാളത്തല | വട്ടത്തിനുള്ളിൽ വില്ല് അമ്പ് | ബിസി 2 | കരൂർ | ചെമ്പ് | 7.8 |
| 34 | വലതുവശത്തേക്ക് നോക്കി നിൽക്കുന്ന ആന. ആന യുടെ പിന്നിൽ മൂന്നു വളയങ്ങൾ ആനയുടെ മുക ളിൽ വില്ല് അമ്പ് മഴു. തൊട്ടിക്കുള്ളിൽ മീൻ, കാളത്തല | വില്ല് അമ്പ് | ബിസി 2 | കരൂർ | ചെമ്പ് | 7.6 |
| 35 | വലതുവശത്ത് ആനയുടെ മുകളിൽ വില്ല് അമ്പ് മഴു, മത്സ്യം, കാളത്തല എന്നിവയുടെ ചിഹ്നങ്ങൾ. ആനയുടെ പിന്നിൽ മൂന്ന് വളയങ്ങൾ | ———— | ബിസി 2 | കരൂർ | ചെമ്പ് | 7.8 |

| എണ്ണം | മുൻ വശം | പിൻ വശം | കാലം | ക ണ്ടെ ത്തി യ സ്ഥലം | ലോഹം | തൂക്കം (ഗ്രാമിൽ) |
|---|---|---|---|---|---|---|
| 36 | വില്ല്, അമ്പ്, മഴു, മീൻ, കാളത്തല എന്നീ ചിഹ്നങ്ങൾ | ———— | ബിസി 2 | കരൂർ | ചെമ്പ് | 7.5 |
| 37 | വില്ല്, അമ്പ്, മഴു, വലത് ഭാഗം നോക്കി നിർക്കുന്ന ആനയുടെ മുകളിൽ ആമകൾ | ———— | ബിസി 2 | കരൂർ | ചെമ്പ് | 6 |
| 38 | മുകളിൽ 2 മത്സ്യങ്ങൾ താഴെ ഇടതുവശത്ത് വില്ല് അമ്പും വലതുവശത്ത് പുലിയുടെ കഴുത്തുഭാഗം | വില്ല്, അമ്പ് | ബിസി 2 | കരൂർ | ചെമ്പ് | 4.6 |
| 39 | വേലിയിട്ട മരം. | വില്ല്, അമ്പ് | ബിസി 1 | കരൂർ | ചെമ്പ് | 1.5 |
| 40 | ഇന്ദ്രവജ്രം | വില്ല്, അമ്പ് | ബിസി 1 | കരൂർ | ചെമ്പ് | .85 മി. ഗ്രാം |
| 41 | മുകളിൽ ഒരു ചതുര തൊട്ടി. തൊട്ടിയുടെ കീഴേ കിടക്കുന്ന ആകൃതിയിൽ മത്സ്യം. | വില്ല്, അമ്പ്, അങ്കുശം | ബിസി 1 | മധുര | ചെമ്പ് | 1.2 |
| 42 | വലതുവശം നോക്കി നിൽക്കുന്ന ആനയുടെ മുന്നിൽ ശൂലം,മഴു. ആനയുടെ താഴെ ഏണിയുടെ ചിഹ്നം. | അമ്പ്, വില്ല്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 4.6 |
| 43 | വലതുവശം നോക്കി നിൽക്കുന്ന ആനയും ശൂലവും ശൂലത്തിനു താഴെ മഴു ഒന്ന്, ആനയുടെ മുകളിൽ മുക്കോണത്തിലുള്ള മലയും. | അമ്പ്, വില്ല്, അങ്കുശം. | ബിസി 1 | കരൂർ | ചെമ്പ് | 2.3 |
| 44 | വലതുവശം നോക്കി നിൽക്കും ആനയുടെ മുന്നിൽ ശൂലം ആനയുടെ മുകളിൽ ചക്രം ശ്രീവത്സം | അമ്പ്, വില്ല്, അങ്കുശം. | ബിസി 1 | കരൂർ | ചെമ്പ് | 2.3 |
| 45 | വലതുവശം നോക്കി നിൽക്കും ആനയുടെ മുന്നിൽ ചക്രം, ആനയുടെ പിന്നിൽ ചെടി, മുകളിൽ ശ്രീവത്സം, ചന്ദ്രക്കല, സൂര്യൻ. | വില്ല്, അമ്പ്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 2.7 |

| എണ്ണം | മുൻ വശം | പിൻ വശം | കാലം | ക ൈ ത്തി യ സ്ഥലം | ലോഹം | തൂക്കം (ഗ്രാമിൽ) |
|---|---|---|---|---|---|---|
| 46 | വലതുവശം നോക്കി നിൽക്കും ആനയുടെ മുക ളിൽ മംഗല ചിഹ്നങ്ങൾ | വില്ല്, അമ്പ് | ബിസി 1 | കരൂർ | ചെമ്പ് | 3.6 |
| 47 | വലതുവംശം നോക്കി നിൽക്കുന്ന ആനയുടെ മുന്നിൽ വേൽ, അതിന്റെ മുകളിൽ അഷ്ടമംഗല ചിഹ്നങ്ങൾ | അമ്പ്, വില്ല്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 2.8 |
| 48 | വലതുവശം നോക്കി നിൽക്കുന്ന ആനയുടെ മുന്നിൽ ശൂലം. | അമ്പ്, വില്ല്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 4.2 |
| 49 | കാശിൽ മുന്നിൽ വലതു വശം നോക്കി നിൽക്കുന്ന ആന | വില്ല്, അമ്പ്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 2.9 |
| 50 | ഇടതുവശം നോക്കി നിൽക്കുന്ന ആന. ആന യുടെ മുകളിൽ 2 മംഗല ചിഹ്നങ്ങൾ. | വില്ല്, അമ്പ്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 2.4 |
| 51 | വലതുഭാഗം നോക്കി നിൽക്കും ആനയുടെ മുക ളിൽ 2 മംഗല ചിഹ്നങ്ങൾ | വില്ല്, അമ്പ്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 2.6 |
| 52 | വലതുഭാഗം നോക്കി നിൽക്കുന്ന ആനയുടെ മുകളിൽ നാല് മംഗല ചിഹ്നങ്ങൾ | വില്ല്,അമ്പ്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 2.8 |
| 52 | ഇടതുഭാഗം നോക്കി നിൽക്കുന്ന ആനയുടെ മുകളിൽ നാല് മംഗല ചിഹ്നങ്ങൾ | വില്ല്,അമ്പ്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 2.8 |
| 53 | ഇടതുഭാഗം നോക്കി നിൽക്കുന്ന ആനയുടെ മുകളിൽ മംഗല ചിഹ്നങ്ങൾ | വില്ല്,അമ്പ്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 2.6 |
| 54 | ഇടതുഭാഗം നോക്കി നിൽക്കുന്ന ആനയുടെ മുകളിൽ മംഗല ചിഹ്നങ്ങൾ | വില്ല്,അമ്പ്, അങ്കുശം | ബിസി 1 | കരൂർ | ചെമ്പ് | 3.5 |
| 55 | ഒരു രാജാവിന്റെ ചിത്രം. അതിന് മുകളിൽ തമിഴ് ബ്രാഹ്മിയിൽ *കൊല്ലിരുമ്പുറൈ* എന്നെഴുതിയിരിക്കുന്നു | ര് ജോഡി പക്ഷികൾ പരസ്പരം നോക്കിനിൽക്കുന്നു. അതിനുചുറ്റും വേലിയും മൂന്ന് ആമകളും | എഡി 1 | കരൂർ | ചെമ്പ് | 8.2 |


| എണ്ണം | മുൻ വശം | പിൻ വശം | കാലം | കണ്ടെത്തിയ സ്ഥലം | ലോഹം | തൂക്കം (ഗ്രാമിൽ) |
|---|---|---|---|---|---|---|
| 56 | ഒരു രാജാവിന്റെ ചിത്രം അതിനു മുകളിൽ തമിഴ് ബ്രാഹ്മിയിൽ *ഇരുമ്പുറൈ* എന്നെഴുതിയിരിക്കുന്നു. | വില്ല്, അമ്പ്, ആറ് വളയങ്ങൾ, മഴു, മൂന്ന് ആമകൾ | എഡി 1 | കരൂർ | ചെമ്പ് | 5.6 |
| 57 | ഒരു രാജാവിന്റെ ചിത്രം. അതിന് മുകളിൽ തമിഴ് ബ്രാഹ്മിയിൽ *കൊല്ലിരുമ്പുറൈ* എന്നെഴുതിയിരിക്കുന്നു | വില്ല്, അമ്പ്, മൂന്ന് വളയങ്ങൾ, മഴു, മൂന്ന് ആമകൾ | എഡി 1 | കരൂർ | ചെമ്പ് | 2.8 |
| 58 | വലതുവശം നോക്കിനിൽക്കുന്ന രാജാവിന്റെ മുകളിൽ തമിഴ് ബ്രാഹ്മിയിൽ *മാകോതൈ* എന്നെഴുതിയിരിക്കുന്നു. | ———— | എഡി 2 | കരൂർ | വെള്ളി | 2.2 |
| 59 | വലതുവശം നോക്കിനിൽക്കുന്ന രാജാവിന്റെ മുകളിൽ തമിഴ് ബ്രാഹ്മിയിൽ *മാകോതൈ* എന്നെഴുതിയിരിക്കുന്നു. | ———— | എഡി 2 | കരൂർ | വെള്ളി | 1.8 |
| 60 | രാജാവിന്റെ മുകളിൽ തമിഴ് ബ്രാഹ്മിയിൽ *മാകോതൈ* എന്നെഴുതിയിരിക്കുന്നു. | ———— | എഡി 2 | കരൂർ | ചെമ്പ് | 2.2 |
| 61 | രാജാവിന്റെ ചിത്രം | ———— | എഡി 2 | കരൂർ | ചെമ്പ് | .800 മി. ഗ്രാം |
| 62 | വലതുഭാഗം നോക്കിനിൽക്കുന്ന രാജാവിന്റെ ചിത്രം. അതിന് മുകളിൽ തമിഴ് ബ്രാഹ്മിയിൽ *കുട്ടുവൻ കോതൈ* എന്നെഴുതി യിരിക്കുന്നു. | ———— | എഡി 3 | കരൂർ | ചെമ്പ് | .800 മി. ഗ്രാം |

സംഘകാലത്തിന്റേതായി പട്ടണത്തിൽ നിന്നും (എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ നിന്ന് 2 കി.മി. അകലെ സ്ഥിതിചെയ്യുന്ന സ്ഥലം). ഇതുവരെ 141 ചേരനാണയങ്ങൾ ഉൽഘനനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഡോ.പി.ജെ. ചെറിയാന്റെ നേതൃത്വത്തിൽ കണ്ടെത്തിയ ഈ നാണയങ്ങളുടെ സൂക്ഷ്മപരിശോധന നടത്തേണ്ടതാണ് ഇവയിൽ 5 നാണയങ്ങൾ നശിക്കാതെ വ്യക്തമായി ലഭിച്ചിരിക്കുന്നു; ആനയും അമ്പും വില്ലും രണ്ട് വശങ്ങളായുള്ള ചെമ്പ്, ഈയം എന്നീ ലോഹങ്ങളിൽ നിർമ്മിതമായതാണവ. ഇത്രയും നാണയങ്ങൾ സംഘകാല മുചരി നഗരവുമായി ബന്ധപ്പെട്ട് കണ്ടെത്തിയതുകൊണ്ട് കേരളസംസ്ക്കാരിക ചരിത്രത്തിന് ഇത് മുതൽകൂട്ടാണ്.

## അനുബന്ധം VI സംഘകാല ഉപാദാന ചിത്രങ്ങൾ


ചിത്രം 1

അരച്ചലൂരിലെ ശാസനം



ചിത്രം. 2

ജംബൈ ശാസനം




ചിത്രം.5

മാകോതൈ കുട്ടുവൻ കോതൈ നാണയങ്ങൾ




ചിത്രം. 3

മാങ്കുളം ശാസനം



ചിത്രം. 4

പുകളൂർ ശാസനം



പട്ടണത്തിൽ നിന്ന് ഉൽഖനനത്തിലൂടെ കണ്ടെടുത്ത പുരാവസ്തുക്കൾ
ചിത്രം 1



شكل ٥







ചിത്രം. 7




ചിത്രം. 8



# സംഘ കാല ചേര രാജ്യം (ബി. സി.3- എ.ഡി.3)



## അനുബന്ധം VIII
## സാങ്കേതിക പദസൂചി

| | | |
|---|---|---|
| Adjective | - | നാമവിശേഷണം |
| Adjective Base | - | നാമവിശേഷണ ധാതു |
| Base | - | ധാതു |
| Case Base | - | വിഭക്തി ധാതു |
| Clitic | - | യുക്തരൂപം |
| Case Compound | - | വിഭക്തി സമസ്തപദം |
| Conjugated Noun | - | രൂപാഖ്യാതക്രിയ |
| Close | - | സംവൃതം |
| Derived Noun | - | തദ്ധിതനാമം |
| Finite Verb | - | പൂർണ്ണക്രിയ |
| Hooker Base | - | ചേർന്നധാതു |
| Hooker Case | - | ചേർന്ന വിഭക്തി |
| Infinitive | - | നടുവിനയച്ചം (അപൂർണ്ണക്രിയ) |
| Noun | - | നാമം |
| Optative | - | ഇച്ഛാവാചി |
| Participle | - | നിപാതം |
| Predicate | - | ആഖ്യാതം |
| Relative Participle | - | പേരച്ചം |
| Relative Participle Base | - | പേരച്ചധാതു |
| Subject | - | കർത്താവ് |
| Verbal Participle | - | വിനയച്ചം |
| Verbal Noun (Derived Verbal Noun) | - | ക്രിയാനാമം |
| Vocative | - | സംബോധിക |